www.malankaralibrary.com




# അപ്പുണ്ണി കഥകൾ

www.malankaralibrary.com



മാതാപിതാക്കൾ - കെ. മത്തായി, മേരിക്കുട്ടി മത്തായി



കുടുംബം



ഡോ. സുകുമാർ അഴീക്കോട്



ഫാ. ആബേൽ സി.എം.ഐ.



ചെമ്മനം ചാക്കോ



മുതുകുളം ശ്രീധർ



ശ്രീകുമാരൻ തമ്പി



കുരീപ്പുഴ ശ്രീകുമാർ



പെരുമ്പടവം ശ്രീധരൻ



സി. പി. പള്ളിപ്പുറം



ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത



ശ്രീ. ഉമ്മൻചാണ്ടി, സോമൻ ബേബി



[illegible] നായർ

www.malankaralibrary.com


കെ. ജയകുമാർ


ആർട്ടിസ്റ്റ് ജോയ് കുളനട


ഡോ. ജോർജ്ജ് ഓണക്കൂർ


ജി. കാർത്തികേയൻ


കെ. സി. ജോസഫ്


മാത്യു കെ. ചെറിയാൻ കോമളം


മുതുകുളം ഗംഗാധരൻ പിള്ള


ഡോ. ടി. എം. തോമസ് ഐസക്



രമേശ് ചെന്നിത്തല


ദേവദാസ് ചിങ്ങോലി


ജി. എസ്. പ്രദീപ്



ഡോ. സമീരൻ ഐ.എ.എസ്.


കാർട്ടൂണിസ്റ്റ് കെ. പി. ...


മോറാൻ മോർ ബസേലിയോസ്


ഷെബി ഫിലിപ്പ്

www.malankaralibrary.com



അപ്പുണ്ണി കഥകളിലെ ഓരോ കഥയും പരിശോധിക്കുമ്പോൾ എല്ലാം നന്നായി എന്നുതന്നെ പറയണം. ചിലത് ഏറെ നന്നായി എന്ന് പറയാമെന്നല്ലാതെ ഒന്നും 'ഒത്തില്ല' എന്ന നിരീക്ഷണം ക്ഷണിച്ചുവരുത്തുന്നില്ല. അത്, പിന്നെ, അങ്ങനെയല്ലേ എവിടെയും?. ഒ.എൻ.വി. കവിതകൾ എല്ലാം നല്ലത്. എങ്കിലും ചിലത് ഏറെ നല്ലത്. എം.ടി.യുടെ പുസ്തകങ്ങൾ എല്ലാം നല്ലത്. എങ്കിലും ചിലത് ഏറെ നല്ലത്. കാനായിയുടെ ശില്പങ്ങൾ എല്ലാം നല്ലത് എങ്കിലും ചിലത് ഏറെ നല്ലത്. എത്ര നല്ല പാചകക്കാരനായാലും എന്നും അവിയൽ ഒരുപോലെ ഇരിക്കുമോ? എല്ലാം നല്ലത്. എങ്കിലും ചിലത് ഏറെ നല്ലത്!

ശ്രീ. സാം മുതുകുളം അനുഗ്രഹീതനായ ഒരു ശൈലിയുടെ ഉടമയാണ്. നർമ്മമധുരമാണ് ഈ കൃതിയുടെ ആദിമദ്ധ്യാന്തം.

നന്മവരട്ടെ.

ഡോ. ഡി. ബാബു പോൾ

www.malankaralibrary.com




























www.malankaralibrary.com

# അപ്പുണ്ണിക്കഥകൾ

സാം മുതുകുളം

www.malankaralibrary.com

## സാം മുതുകുളം

**1969** ഓഗസ്റ്റ് 7-ാം തീയതി ആലപ്പുഴ ജില്ലയിലെ മുതുകുളത്ത് ജനിച്ചു. പിതാവ് കുഞ്ഞുനൈനാൻ മത്തായി (മുതുകുളം 731 സഹകരണസംഘത്തിന്റെ പ്രഥമ സെക്രട്ടറി.), മാതാവ് മേരിക്കുട്ടി മത്തായി. മുതുകുളം കൊട്ടാരം സ്കൂൾ, എസ്.എൻ.എം.യു.പി.സ്കൂൾ, മുതുകുളം ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം. കേരള സർവ്വകലാശാലയിൽ നിന്നും സഹകരണം പ്രധാന വിഷയമായെടുത്ത് ബിരുദം. കമ്പ്യൂട്ടറിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ.

മാവേലിക്കര ഡേറ്റാടെക് കമ്പ്യൂട്ടേഴ്സ്, ഫരീദാബാദ് എസ്കോർട്ട്സ് ജെ.സി.ബി. എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾക്ക് ശേഷം ഹോട്ടൽ മാനേജ്മെൻറ് രംഗത്ത് ബഹറിനിൽ ആറ് വർഷം, മുതുകുളത്ത് ഇന്ത്യാ ഇൻഫോലൈൻ ഷെയർ ട്രേഡിങ് സ്ഥാപനത്തിൽ മാനേജർ, കൊശമറ്റം ഫൈനാൻസിന്റെ സീനിയർ മാനേജർ.

വൈ.എം.സി.എ. എറണാകുളം യൂണിറ്റ്, മുതുകുളം കലാവിലാസിനി വായനശാല, മുതുകുളം പാർവ്വതിയമ്മ ട്രസ്റ്റ് എന്നിവയുടെ ആജീവനാന്ത അംഗത്വം., മുതുകുളം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പൂർവ്വവിദ്യാർത്ഥി സംഘടന (**മുഖം**) യുടെ സെക്രട്ടറി. കൃതികൾ : ഗ്രാമഭംഗി, കതിരുകൾ (കവിതാ സമാഹാരം), ക്രിസ്തുഗീതം (ഖണ്ഡകാവ്യം), ബാപ്പുവിന്റെ ലോകം (ജീവചരിത്രം - മഹാത്മാഗാന്ധി), മാർ ഈവാനിയോസ് - മലങ്കരയുടെ മഹായിടയൻ (ജീവചരിത്രം - മാർ ഈവാനിയോസ്), Mar Ivanios-The Great Shepherd of Malankara (English Biography - Mar Ivanios), ബൈബിൾ കഥകൾ, അപ്പുണ്ണി കഥകൾ, അപ്പുണ്ണിയും അറബിനാടും, ബൈബിളും അത്ഭുതങ്ങളും (കഥകൾ). നിരവധി ആനുകാലികങ്ങളിൽ കവിതകളും കഥകളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാരത് സേവക് സമാജ് ദേശീയപുരസ്കാരം, മലയാളരശ്മി കവിത പുരസ്കാരം, വാത്മീകി പുരസ്കാരം, കേരളസമീക്ഷ പുരസ്കാരം, മുതുകുളം കലാവിലാസിനി പുരസ്കാരം, ചേപ്പാട് പ്രത്യാശാദീപം പുരസ്കാരം, ജില്ലാ പഞ്ചായത്ത് പ്രതിഭാപ്രണാമ പുരസ്കാരം 2017, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പുരസ്കാരം, കിളിമാനൂർ നവഭാവന ചാരിറ്റബിൾ ട്രസ്റ്റിന്റെ 2019ലെ കുഞ്ഞുണ്ണി മാഷ് പുരസ്കാരം, 2022ലെ പി. കുഞ്ഞിരാമൻ നായർ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.

ഭാര്യ : മിനി. മക്കൾ : പീറ്റർ മത്തായി സാമുവൽ, പോൾ ജോർജ് സാമുവൽ.

വിലാസം : സാം മുതുകുളം, കിഴക്കേകണ്ടത്തിൽ, മുതുകുളം തെക്ക് പി.ഒ., ആലപ്പുഴ ജില്ല. 690 506, കേരളം. ടെലഫോൺ : 9446838923, sam.muthukulam@gmail.com

www.malankaralibrary.com

# Appunnikhadhakal

**Autobiography ( Aathma Kadha)**

Author : Sam Muthukulam

First Edition : 2018

Price : 220

Cover layout : Sri. K P Muralidharan

Published By : P & P Publication, Muthukulam

No part of this publication may be reproduced or transmitted in any form or by any means without written permission of the author.

www.malankaralibrary.com

# അപ്പുണ്ണിക്കഥകൾ

(ആമുഖം)

അക്ഷയസൗഭഗ പുഷ്പങ്ങളെത്രയോ
പുഷ്പിച്ച സുന്ദരമായഭൂമി,
കാവുംകുളങ്ങളും നീളെ പരിലസി-
ച്ചൻപോടെപോറ്റുന്നതായഭൂമി,
പാടവുംതോടും കനിഞ്ഞുള്ള നൽഗുണാൽ
വാഴുംമുതുകുളം വെൽക! വെൽക!.

അപ്പുണ്ണി ജനിച്ചതും കളിച്ചുവളർന്ന് പഠിച്ചതും ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമത്തിലാണ്. ജീവിതവിജയം പലതലങ്ങളിൽ നേടിയ മഹാന്മാർക്ക് ജന്മമേകിയ നാട്. പിറന്നുവീണമണ്ണ് എന്നും അപ്പുണ്ണിക്ക് പ്രിയങ്കരമാണ്. മാതാപിതാക്കൾ, ഗുരുജനങ്ങൾ, ആത്മീയതയ്ക്ക് മാറ്റുകൂട്ടിയ മതബോധനം, സഹപാഠികൾ, കളിക്കൂട്ടുകാർ, അയൽക്കാർ, ഓലക്കുടിലുകൾ, ഓണക്കാലങ്ങൾ അങ്ങനെ എല്ലാം ചേരുന്ന അപ്പുണ്ണിയുടെ ലോകം മായ്ക്കാനാകാത്ത, മറക്കാനാകാത്ത സന്തോഷ, സന്താപ ജീവിതസാഹചര്യങ്ങളുടെ നേർക്കാഴ്ചകളാണ്.

രാപകലെന്യേ പണിയെടുത്ത് വയൽപ്പരപ്പിൽ പൊന്നുവിളയിച്ച കർഷകർ, വയലിറമ്പുകളിലെ കൊന്നത്തെങ്ങുകളിൽ ഇത്തിരിഞാത്തോടെ കൂടുകുട്ടി മുട്ടയിട്ട് വിരിഞ്ഞ് പറന്നകന്ന കുരുവിക്കൂട്ടങ്ങൾ, വാഴത്തടചങ്ങാടങ്ങളിൽ തുഴഞ്ഞുകളിച്ച കുട്ടിക്കാലം, വായനക്കൂട്ടങ്ങളുണ്ടാക്കി വായനയെ പരിപോഷിപ്പിച്ച വിദ്യാഭ്യാസകാലം, ഗ്രാമദേവീക്ഷേത്രത്തിലെ കെട്ടുകാഴ്ചയുത്സവങ്ങൾ, കാർഷികാഭിവൃദ്ധിക്കായുള്ള പൊലിയുത്സവക്കാഴ്ചകൾ, സഫലമാക്കപ്പെട്ട കുട്ടിക്കാല ആഗ്രഹങ്ങൾ, പഠനം പൂർത്തിയാക്കൽ, തൊഴിൽ തേടിയുള്ള യാത്രകൾ., കാലത്തികവിൽ മാഞ്ഞുപോയ മുതുകുളത്തിന്റെ പഴയഛായ, ഒരുകാലത്ത് ഇവിടെ ജീവിച്ചിരുന്ന, ഇപ്പോഴും ജീവിക്കുന്ന ഒരുകൂട്ടം ആൾക്കാരുമായുള്ള അപ്പുണ്ണിയുടെ ജീവിതയാത്രകൾ, അവരുടെ സാമ്പത്തിക സ്ഥാപനങ്ങൾ എല്ലാം അപ്പുണ്ണിക്കഥകളുടെ ഉള്ളറകളാണ്.

അപ്പുണ്ണി കഥകൾക്ക് അവതാരിക എഴുതിയ കേരളത്തിന്റെ മുൻ അഡീ. ചീഫ് സെക്രട്ടറി ഡോ. ഡി.ബാബു പോൾ (റിട്ട. ഐ.എ.എസ്.), ചിത്രങ്ങൾ വരച്ചുനൽകിയ ശ്രീ.കെ.പി.മുരളീധരൻ, എഡിറ്റ് ചെയ്ത് മനോഹരമാക്കിയ ശ്രീ. ആർ.മുരളീധരൻ (മുതുകുളം പാർവ്വതിയമ്മ ട്രസ്റ്റ് സെക്രട്ടറി), കഥകൾക്ക് കാരണമായ പ്രിയ മുതുകുളം ജന്മനാട്... നന്ദി.

സ്നേഹപൂർവ്വം,

അപ്പുണ്ണി
(10 ജൂലൈ 2018)

www.malankaralibrary.com

# ഉള്ളടക്കം

## വിഷയാനുക്രമണിക

1. പ്രാഥമിക വിദ്യാഭ്യാസം
2. മാങ്ങാണ്ടി അപ്പം
3. ഗ്രാമഭംഗി
4. കൂട്ടുകാർ
5. കുട്ടപ്പച്ചേട്ടൻ
6. ഓണം പൊന്നോണം
7. മഴ മഴ പെരുമഴ
8. മദ്ധ്യവേനൽ
9. ആശുപത്രിയിൽ
10. ഉത്സവം
11. പ്രിയപൂർവ്വം അച്ചമ്മയ്ക്ക്
12. അൻപൊലി ഉത്സവം
13. ഓർമ്മയിലൊരു ബുക്ക്ക്ലബ്
14. വിശപ്പും അപ്പവും
15. കൊച്ചുകൊച്ചു സന്തോഷങ്ങൾ
16. വിശപ്പ്
17. ചന്തക്കാഴ്ചകൾ
18. മെറി ക്രിസ്മസ്സ്
19. പാളയിൽനിന്നും ടയർ വഴി സൈക്കിളിലേക്ക്
20. കിങ്ങിണിക്കോപ്പം
21. ചില ഗ്രാമക്കാഴ്ചകൾ
22. ഒരു ദുരന്തം
23. ഗുരുദക്ഷിണ
24. പരീക്ഷ
25. മിലിറ്ററിയിൽ
26. ന്റെ നാട്ടിലൂടെ
27. രാജപ്പൻ കഥകൾ
28. താനാരുവാ.......?
29. സഹജീവികളും ഒറ്റമൂലിയും
30. ആദ്യ ജോലി
31. തലസ്ഥാന നഗരിയിൽ
32. അത്ഭുത കരങ്ങളിൽ
33. സാമ്പത്തിക തലസ്ഥാനത്ത്
34. പ്രവാസ ലോകത്തിലേക്ക്
35. ഗാഢനിദ്ര
36. പ്രവാസിയായ അപ്പുണ്ണിയുടെ ഓണച്ചിന്തുകൾ
37. ഒരു ദുര്യോഗം
38. അഴകിയ രാവണൻ
39. ഫാമിലി പ്ലാസ

www.malankaralibrary.com

# അവതാരിക



**അ**സാധാരണമായ ഒരു കൃതിയാണ് ഈ സമാഹാരം. ഗൃഹാതുരതയാണ് ഇതിന്റെ അടിസ്ഥാനഭാവം. മുതുകുളം ഗ്രാമത്തിലെ അന്തരീക്ഷം ആവാഹിച്ചെടുക്കുന്നതിൽ ഗ്രന്ഥകാരൻ വിജയിച്ചിട്ടുണ്ട്. അതിലേറെ വായനക്കാർക്കൊക്കെ അവരും മുതുകുളത്തുകാരാണ് എന്ന് തോന്നുകയും ചെയ്യും! ഇതിനെ രചനാവൈദഗ്ധ്യം എന്നോ കൃതഹസ്തത എന്നോ ഒക്കെ വിളിക്കാം. അലസ്ഡെയർ ഗ്രേയുടെ **എവരി ഷോർട്ട് സ്റ്റോറി 1951 – 2012** എന്ന രചനയാണ് ഇപ്പോൾ ഓർമ്മവരുന്നത്. ഗ്ലാസ്ഗോ നഗരത്തെ ചരിത്രത്തിൽ അടയാളപ്പെടുത്തുന്ന സംഗതികളാണ് ഗ്രേയെ പ്രചോദിപ്പിക്കുന്നത്. ഇവിടെ കുറേക്കൂടെ ലളിതമായ മാനുഷിക വികാരങ്ങളാണ് കഥാകാരന്റെ പ്രചോദനം. എങ്കിലും പ്രഭവകേന്ദ്രം മസ്തിഷ്കത്തിലെ ഒരേ ഇടം തന്നെആണ് എന്ന് പറയാമെന്നു തോന്നുന്നു. **മഴ, മഴ, പെരുമഴ..** എന്ന രചന ശ്രദ്ധിക്കുക. ഗ്രേയുടെ ഒരു കൃതിയിൽ നാം വായിക്കുന്നു. **'...the Scots have democratic traditions which let them forget social differences... his father was a gardener to a big house in the north and the owner was his dad's best friend. On rainy days they sat in the gardener's shed and drank a bottle of Whisky together..'** മുതുകുളത്തെ മഴയിലും മഴയാണ് പ്രധാനം. ഉച്ചനീചത്വങ്ങളോ ബന്ധങ്ങളോ ഒന്നും അതിന് മേലെയല്ല. ആ അന്തരീക്ഷം - **ambience** സൃഷ്ടിക്കുന്നിടത്താണ് നാം രചയിതാവിന്റെ സിദ്ധി തിരിച്ചറിയുന്നത്.

രാജപ്പൻ കഥകൾ പരിശോധിക്കുക. ''**കയ്യിൽ കിട്ടിയാൽ ചവിട്ടുന്നവണ്ണം സൈക്കിൾ ആഞ്ഞു ചവിട്ടി.**'' ചായവും വേണ്ട, ബ്രഷും വേണ്ട, ഇത്തരം ഭാഷ ഉണ്ടെങ്കിൽ ഒരു പടം കാണുന്ന മട്ടില്ലേ ഈ പഞ്ചപദാവലിയിൽ..?. മറ്റൊരു ചിത്രം കാണുക: ''**പടിഞ്ഞാറ് ദിക്കിലെവിടെയോ ഭയങ്കര ബഹളം. ബഹളം എവിടെ കേട്ടാലും ആ നാടിനെ നോക്കി ഓടുക എന്നുള്ളത് നാട്ടിൻപുറത്തെ ശീലം.**'' കേരളീയ ഗ്രാമങ്ങളിലെ നിത്യജീവിതത്തിന്റെ അതിമനോഹരമായ ഒരു വാങ്മയം എത്ര ലളിതമായാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് എന്ന് നോക്കുക. അപ്പുണ്ണി ഇറച്ചി വാങ്ങാൻ പുറപ്പെട്ട കഥ നല്ല ഒരു യാത്രാവിവരണമാണ്. എസ്.കെ.പൊറ്റക്കാടും അഭിനന്ദിച്ചുപോവും. രാധാകൃഷ്ണപിള്ളച്ചേട്ടന്റെ അഭ്യാസപ്രകടനം അനുകരിക്കാൻ നേരമില്ല എന്ന് പറയുന്ന അപ്പുണ്ണിയേയും രവിമുതലാളിയുടെ പീടികയിൽനിന്ന് കണക്കുപറഞ്ഞ് ബാക്കി വാങ്ങുന്ന അപ്പുണ്ണിയേയും **'കുടിച്ച് വീലായി നിൽക്കുന്ന'** നാട്ടുകാരനേയും എങ്ങനെയാണ് മറക്കുക!. അതേ അയത്നലളിതഭാവമാണ് എലിവില്ല് വച്ച് എലിയെ പിടിക്കുന്നത് എങ്ങനെയാണ് എന്ന് വിവരിക്കുന്ന ശാസ്ത്രസാഹിത്യം(**'കിങ്ങിണിക്കൊപ്പം'**)വായിക്കുമ്പോഴും നാം തിരിച്ചറിയുന്നത്.

ഇങ്ങനെ ഓരോ കഥയും പരിശോധിക്കാവുന്നതാണ്. എല്ലാം നന്നായി എന്നുതന്നെ പറയണം. ചിലത് ഏറെ നന്നായി എന്ന് പറയാമെന്നല്ലാതെ ഒന്നും **ഒത്തില്ല** എന്ന നിരിക്ഷണം ക്ഷണിച്ചുവരുത്തുന്നില്ല. അത്, പിന്നെ, അങ്ങനെയല്ലേ എവിടെയും?. ഒ.എൻ.വി. കവിതകൾ എല്ലാം നല്ലത്. എങ്കിലും ചിലത് ഏറെ നല്ലത്. എം.ടി.യുടെ പുസ്തകങ്ങൾ എല്ലാം നല്ലത്. എങ്കിലും ചിലത് ഏറെ നല്ലത്. കാനായിയുടെ ശില്പങ്ങൾ എല്ലാം നല്ലത്. എങ്കിലും ചിലത് ഏറെ നല്ലത്. എത്ര നല്ല പാചകക്കാരനായാലും എന്നും അവിയൽ ഒരുപോലെ ഇരിക്കുമോ? എല്ലാം നല്ലത്. എങ്കിലും ചിലത് ഏറെ നല്ലത്!. ശ്രീ. സാം മുതുകുളം അനുഗ്രഹീതനായ ഒരു ശൈലിയുടെ ഉടമയാണ്. നർമ്മമധുരമാണ് ഈ കൃതിയുടെ ആദിമദ്ധ്യാന്തം.

നന്മവരട്ടെ.

**ഡി ബാബു പോൾ**

16 സെപ്തംബർ 2013

ചീരോത്തോട്ടം, പിൻ 695 003

തിരുവോണം 1189.

www.malankaralibrary.com

# 1 പ്രാഥമിക വിദ്യാഭ്യാസം

അപ്പച്ചനും അമ്മച്ചിയും മൂന്ന് സഹോദരന്മാരും മൂന്ന് സഹോദരികളും അവസാനം അപ്പുണ്ണിയും ഇതാണ് അപ്പുണ്ണിയുടെ കുടുംബലോകം. അപ്പുണ്ണി നിലത്തെഴുത്ത് അഭ്യസിച്ചത് വീടിന്റെ തൊട്ടുവടക്കുവശത്തുള്ള വീടായ തുണ്ടുതറയിൽ കുഞ്ഞുപിള്ള ആശാനിൽ നിന്നാണ്. ആശാൻപള്ളിയുടെ വടക്കേവീട്ടിലെ ഉത്തമനായിരുന്നു അപ്പുണ്ണിയുടെ ആദ്യ സതീർത്ഥ്യൻ. ഹരി, ശ്രീ.., ക, ഖ.., അ, ആ.. തുടങ്ങി എല്ലാ അക്ഷരങ്ങളും എഴുതാൻ പഠിച്ചതും ചൊല്ലാൻ പഠിച്ചതും മൂന്നുമുതൽ അഞ്ചുവരെയുള്ള പ്രായത്തിൽ ആശാൻപള്ളിയിൽ നിന്നാണ്. മലയാള മാസങ്ങളുടെ ആദ്യദിനത്തിൽ ആശാൻ ഭാഗവതം വായിക്കും അന്ന് ആശാട്ടി പാൽപ്പായസം ഉണ്ടാക്കും കുട്ടികളായ എല്ലാവർക്കും പാത്രത്തിൽനിന്നും പായസം സ്പൂണിൽ കോരി വായിൽ ഒഴിച്ചുതരും. അങ്ങനെതന്നെ മറ്റുവിശേഷ ദിവസങ്ങളിലും. വീട്ടുമുറ്റത്തെ വലിയ ഒരു പ്ലാവിൻ ചുവട്ടിലെ തണലിലായിരുന്നു എല്ലാവരേയും നിലത്തിരുത്തി അക്ഷരങ്ങൾ എഴുതിച്ചിരുന്നത്. അടുത്തുള്ള ചെമ്പരത്തി മരത്തിലെ ചെറുകമ്പുകളാണ് പഠിക്കാത്തവർക്കുള്ള ശിക്ഷയ്ക്കുള്ള വടി.



(ആശാൻപള്ളിയിൽ ആദ്യമായി പോയതിന്റെ ഓർമ്മയ്ക്കാണ് പിൽക്കാലത്ത് ***ഗ്രാമഭംഗിയിൽ* (കവിതാ സമാഹാരം) നിലത്തെഴുത്ത്** എന്ന കവിത എഴുതിയത്. ആ കവിത 2013ൽ ദുബായിലെ കാഴ്ചകൾ കണ്ട് കുടുംബവുമായി തിരുവനന്തപുരത്തേക്ക് മടങ്ങുമ്പോൾ എയർഅറേബ്യ വിമാനത്തിൽ ചൊല്ലുന്നതിനുള്ള അപൂർവ്വ സാഹചര്യവും അപ്പുണ്ണിക്കുണ്ടായി, ഓർമ്മയ്ക്കായി ഒരു മെമന്റോയും അവർ നൽകി!).

ആശാൻ പള്ളിക്കൂടത്തിലെ അക്ഷരാഭ്യാസം കഴിഞ്ഞാൽ സമീപത്തുള്ള എൽ.പി.സ്കൂളിൽ കുട്ടികളെ ചേർക്കുന്ന സമ്പ്രദായത്തിൽ അപ്പുണ്ണിക്ക് നറുക്കുവീണത് കൊട്ടാരം എൽ.പി.സ്കൂൾ ആണ്. ഗവ.ലോവർ പ്രൈമറി സ്കൂൾ എന്നാണ് അതിന്റെ മുഴുവൻ പേര്. പാണ്ഡവർകാവ് ദേവീക്ഷേത്രത്തിനും വില്ലേജ് ആഫീസിനും തെക്കുവശമാണ് ആ സരസ്വതി ആലയം. ഇത് കൂടാതെ അപ്പുണ്ണിയുടെ ഗ്രാമത്തിൽ കുരുംബകര സ്കൂൾ, മുതുകുളം സംസ്കൃതം സ്കൂൾ, മുതുകുളം സമാജം ഹൈസ്കൂൾ, എസ്.എൻ.എം.യു.പി.സ്കൂൾ, വാരണപ്പള്ളി കുമാരനാശാൻ സ്മാരക യു.പി.സ്കൂൾ, എസ്.എൻ.വി.യു.പി.എസ്.കൊല്ലകൽ എന്നിവ കൂടിയുണ്ട്. ഒന്നുമുതൽ നാലാം ക്ലാസുവരെയുള്ള വിദ്യാഭ്യാസമാണ് കൊട്ടാരം സ്കൂളിൽ ഉള്ളത്.

അപ്പനാണ് അപ്പുണ്ണിയെ സ്കൂളിൽ കൊണ്ടുപോയി ചേർത്തത്. ജൂൺ മാസത്തിലെ ആദ്യ ബുധനാഴ്ച, ഇടവപ്പാതി നിറച്ചളന്ന് നിരന്നുപെയ്യുന്ന ദിനത്തിൽ പുത്തൻ പുസ്തകം, പുത്തൻ സ്ലേറ്റ്, പുത്തനുടുപ്പ് എല്ലാമായി അപ്പന്റെ കാലൻ കുടയുടെ കീഴിൽ കൂനിക്കൂടി സ്കൂളിലേക്ക് നടന്നത് ഇന്നും അപ്പുണ്ണിയുടെ ഓർമ്മകളിൽ സ്പഷ്ടം. ഒന്നാംസാറായ(ഹെഡ്മാസ്റ്റർ) പണിക്കര് സാർ അപ്പുണ്ണിയുടെ വ്യക്തിവിവരങ്ങൾ ചോദിച്ചറിഞ്ഞ് രജിസ്റ്ററുകളിൽ എഴുതിച്ചേർത്തു. ഹെഡ്മാസ്റ്ററുടെ മുറിയോട് ചേർന്നുള്ള പടിഞ്ഞാറുവശത്തെ വലിയ ഓടിട്ട കെട്ടിടത്തിലാണ് അപ്പുണ്ണിയുടെ ഒന്നാംക്ലാസ്. നിരവധി കുട്ടികളുള്ള ഒന്നാം ക്ലാസ്സിലേക്ക് അപ്പുണ്ണിയെ വിട്ടിട്ട് നാലാം ക്ലാസ്സിൽ അതേ സ്കൂളിൽ പഠിക്കുന്ന അനിയൻ ചേട്ടനോട് വിവരം പറഞ്ഞശേഷം അപ്പൻ തിരികെ പോയി.

സ്കൂൾ മണി(കൈമണി)അടിച്ചു. ജഗദമ്മ ടീച്ചർ, അപ്പുണ്ണിയുടെ ആദ്യ അദ്ധ്യാപിക ക്ലാസ്സിൽ ഉണ്ടായിരുന്നു. രണ്ടാം മണിയടിച്ചപ്പോൾ സാർ എല്ലാവരേയും എഴുന്നേൽപ്പിച്ച് നിർത്തി.

സ്കൂൾ തിണ്ണയ്ക്ക് പ്രാർത്ഥനാഗാനം ഉയർന്നു..

"ദൈവമേ! കൈതൊഴാം കേൾക്കുമാറാകണം
പാവമാമെന്നെ നീ കാക്കുമാറാകണം
എന്നുള്ളിൽ ഭക്തിയുണ്ടാകുമാറാകണം
നിന്നെ ഞാനെന്നുമേ കാണുമാറാകണം." (പന്തളം കേരളവർമ്മ)

മലയാളം പഠിപ്പിക്കുന്ന ജഗദമ്മ ടീച്ചർ വന്നുചേർന്നിട്ടുള്ള ഓരോരുത്തരുടേയും പേര് ചോദിച്ചു.

www.malankaralibrary.com
ആദ്യമായി സ്കൂളിൽ വന്ന ഭയത്തിൽ കുറച്ചുപേർ ഏങ്ങലടിച്ചു കരയുന്നു, ചിലർ കൊണ്ടുവന്നവർക്കൊപ്പം തിരികെപ്പോകാൻ ക്ലാസ്സിൽനിന്നും കാറിക്കൊണ്ട് ഇറങ്ങിഓടി. ഓടിയവരുടെ പിറകെ ചില അദ്ധ്യാപകർ ഓടിപ്പോയി പിടിച്ചുകൊണ്ടുവന്ന് തിരികെയിരുത്തി. ആകെ ബഹളമയമായ അന്തരീക്ഷത്തിലാണ് അപ്പുണ്ണിയുടെ ആദ്യ സ്കൂൾദിനം ആരംഭിച്ചത്.

കനകാംബികയമ്മ ടീച്ചർ, സംഭവൻസാർ, നാരായണൻസാർ, രാഘവൻപിള്ളസാർ എന്നിങ്ങനെയുള്ള സാറൻമാരാണ് അപ്പുണ്ണിയെ നാലാംക്ലാസ്സ് വരെയുള്ള കൊട്ടാരം സ്കൂളിൽ പഠിപ്പിച്ചത്.

സ്കൂൾ പുരയിടത്തിന്റെ നടുക്കായുള്ള ഓലഷെഡ്ഡിലായിരുന്നു ഉച്ച ഭക്ഷണത്തിനുള്ള ഉപ്പുമാവ് പാചകം ചെയ്തിരുന്നത്. ആദ്യകാലത്ത് പാചകക്കാരൻ ഒരു ചെട്ടിയാർ ചേട്ടനായിരുന്നു. അപ്പുണ്ണിയുടെ രണ്ടാംക്ലാസ്സുമുതൽ ജാനകിയമ്മയാണ് പാചകം ചെയ്യുന്നത്. മൂന്നും നാലും ക്ലാസ്സുകൾ നടത്തുന്നതിന് തെക്കുവശത്ത് വലിയ ഒരു ഓലഷെഡ്സ് ഉണ്ട്. രണ്ട് ഡിവിഷനുകൾ വീതം ഓരോക്ലാസും വേർതിരിച്ച് നടത്താൻ തക്കവണ്ണമായിരുന്നു ക്ലാസ്സുകളുടെയും ക്ലാസ്മുറികളുടെയും സ്കൂളിലെ ക്രമീകരണങ്ങൾ.

മൂന്നാം ക്ലാസ്സിൽ ആയപ്പോൾ സ്കൂളിലേക്ക് പോകാൻ ഒരുകൂട്ടം കൂട്ടുകാരെ അപ്പുണ്ണിക്ക് കിട്ടി. ശിവപ്രസാദ്, രാജീവൻ, ഉണ്ണിപ്പിള്ള, സജീവൻ, വർഗീസ്.. ഇങ്ങനെയുള്ള കൂട്ടുകാർ അടുത്തടുത്തുള്ള ഭവനങ്ങളിൽനിന്നും ഇറങ്ങി ഒൻപതുമണി കഴിയുമ്പോൾ വീടിന്റെ തെക്കേവശത്തുള്ള മൺപാതയിലെത്തി (ഗ്രാവൽറോഡ്) ഒന്നിച്ചുചോദിക്കും:

''പോയോ..?''

വിളികേൾക്കുന്ന നിമിഷംതന്നെ അപ്പുണ്ണി പുസ്തകമെടുത്ത് ഇറങ്ങിച്ചെല്ലും, റോഡിന്റെ വലതുവശംചേർന്ന് ഒന്നിച്ചുനടക്കും രണ്ട് വീടുകൾക്കുശേഷമുള്ള മലപ്പുറത്ത് വീടിന്റെ വടക്കുവശം അയ്യാസ്വാമിയുടെ വീടിന്നരുകിൽ റോഡിൽ പടർന്നുകിടക്കുന്ന ഒരുതരം മഞ്ഞപ്പൂക്കളിൽനിന്നും ഒരെണ്ണം പറിച്ച് അപ്പുണ്ണി പതിവായി വായിലിട്ട് ചവയ്ക്കും. നല്ല എരിവ് രുചിയുള്ള അതും നുണഞ്ഞ് തട്ടാര് ജംങ്ഷനാകുമ്പോൾ വളരെ സൂക്ഷിച്ച് റോഡ് മുറിച്ചുകടന്ന് പടിഞ്ഞാറേക്ക്. കാഞ്ഞിരംപറമ്പിലെ ഗിരീഷിനെ സംഘത്തിൽ ചേർക്കും. തുടർന്ന് നടന്നുനടന്ന് വഴിയമ്പലത്തിന്റെ അടുത്തെത്തുമ്പോൾ (ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ) കുലകുലയായി കായിച്ച് നിൽക്കുന്ന കോയിക്കലെ പറങ്കിമാവിന്റെ മണ്ടയ്ക്ക് കട്ടയെടുത്ത് എറിയും. ''വേണ്ടടാ..! വേണ്ടടാ..!'' എന്ന് കൂട്ടുകാർ തടുത്താലും അപ്പുണ്ണി എറിയും. അച്ഛനും വീട്ടുകാർക്കും വിളിച്ചുകൊണ്ട് ഉടമസ്ഥർ ഓടിവരും അതുംകേട്ട് പിന്നെയൊരു കൂട്ടയോട്ടമാണ്. ഉത്തമക്കുറുപ്പ് ചേട്ടന്റെ കടയുടെ മുൻവശത്തുനിന്നും തെക്കോട്ട് വയൽവരമ്പാണ്. വരമ്പിന്റെ ഇരുവശങ്ങളിലും വിരിഞ്ഞ് കുടമായി നിൽക്കുന്ന നെല്ലിന്റെ ഓല കെട്ടി പോക്കറ്റിലിടും (സാറിന്റെ തല്ല് കൊള്ളാതിരിക്കാൻ. ആരോ വിരുതന്മാർ പറഞ്ഞുണ്ടാക്കിയ സൂത്രം). നേരേ സ്കൂളിലേക്ക്. വരമ്പിന്റെ വശങ്ങളിലെ സർവ്വ നെൽച്ചെടിയുടേയും തലപ്പ് ഓരോരുത്തർ കെട്ടിയിടാൻ തുടങ്ങിയതോടെ വയലുടമ ഒന്നാംസാറിനോട് (ഹെഡ്മാസ്റ്റർ) പരാതിപറഞ്ഞു. ദിവസവും കൂടാറുള്ള അസംബ്ലിയിൽ പണിക്കര് സാർ കർശന താക്കീത് നടത്തിയതിനാൽ പിന്നീടെന്തായാലും നെല്ല് തലക്കെട്ട് ആവർത്തിച്ചില്ല.

പണിക്കര് സാർ സൈക്കിളിലാണ് സ്കൂളിലേക്ക് വരുന്നത്. സൈക്കിളിന്റെ പിറകിൽ ഒരു കറുത്ത ബാഗ്, നല്ല വെളുത്ത ശരീരം, കറുത്ത കട്ടിക്കണ്ണട, വെളുത്ത് വടിപോലെതേച്ച ജുബാ, സുമുഖനായ വ്യക്തി, തക്ക വ്യക്തിത്വം. അപ്പുണ്ണിക്ക് ഒന്നാംസാറിനെ വളരെ പേടിയും ബഹുമാനവും ഇഷ്ടവും ആണ്. സ്കൂളും പരിസരവും സാർ വിദ്യർത്ഥികളെക്കൊണ്ട് കരിയിലപെറുക്കിച്ച് വൃത്തിയായി സൂക്ഷിക്കും.

വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കൂട്ടായ്മയുടെ ആകത്തുകയാണ് സ്കൂളിൽ മുഴങ്ങുന്ന ചേങ്കില, അതിന്നായി ഓരോവിദ്യാർത്ഥിയും പത്ത് പൈസാവീതം സംഭരിച്ചു. അന്നുവരെ ഒരു ചെറു കൈമണിയായിരുന്നു(കുടമണി) സ്കൂളിൽ ഉപയോഗിച്ചിരുന്നത്.

''സ്കൂളിൽ ആകാശവാണി വാർത്തകൾ ശ്രവിക്കുന്നതിന്നായി ഒരു റേഡിയോ വേണം, അത് എങ്ങനെ..? നമ്മൾക്കത് അടുത്ത മാതാപിതാക്കളുടെ യോഗത്തിൽ അവതരിപ്പിക്കാം.'' പണിക്കര് സാറിന്റെ അസംബ്ലിയിലെ സ്വരം.

അടുത്ത ദിവസം തന്നെ ആ സന്തോഷവാർത്ത അദ്ദേഹം കുട്ടികളെ അറിയിച്ചു. ''നമ്മുടെ സ്കൂളിലെ അരുൺ ശ്രീകുമാർ അദ്ദേഹത്തിന്റെ അച്ഛനോട് പറഞ്ഞ് സ്കൂളിലേക്ക് ഒരു റേഡിയോ വാങ്ങിത്തന്നിരിക്കുന്നു..'' കുട്ടികളുടെ കയ്യടി വാനോളം മുഴങ്ങി. അരുൺ അപ്പുണ്ണിയുടെ താഴത്തെ ക്ലാസ്സിൽ പഠിക്കുന്ന പ്രിയ കൂട്ടുകാരനാണ്, അരുണിന്റെ അമ്മ മുതുകുളം രാഘവൻപിള്ളയുടെ അനന്തിരവളാണ്.

സേവനവാരത്തിന് (ഒക്ടോബർ രണ്ടുമുതൽ ഒരാഴ്ച) വിദ്യാർത്ഥികളെക്കൊണ്ട് ചെടികൾ നട്ട് സ്കൂൾ വഴിത്താരകൾ ഒന്നാംസാർ പൂങ്കാവനമാക്കും. അവസാന സേവനവാര ദിനത്തിൽ എല്ലാവർക്കും ഉപ്പുമാവിന് പകരം പായസം വിളമ്പും. അതിനുള്ള അരിയും സാധനങ്ങളും കുട്ടികളുടെ വീട്ടിൽനിന്നും സംഘടിപ്പിക്കും. പടർന്നുപന്തലിച്ച് നിൽക്കുന്ന രണ്ട് പ്ലാവുകൾ കൊട്ടാരം സ്കൂളിനെ ശീതളഛായയിൽ നിർത്തുന്നു. ഇവയുടെ തണലിലാണ് അപ്പുണ്ണിയും കൂട്ടരും സമയം കിട്ടുമ്പോൾ ഓടിക്കളിക്കുന്നത്.

അനിൽകുമാർ, സന്തോഷ്കുമാർ, രാജു, സുധീഷ്, ഷാജി, ബാലകൃഷ്ണൻ(നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ അവൻ കടന്നുപോയി), പുഷ്പരാജ്, അശോക്കുമാർ, രാധാകൃഷ്ണപിള്ള, ഹരിക്കുട്ടൻ, സന്തോഷ് പി.ടി., ഗംഗാകുമാരി, ശ്രീരഞ്ജിനി, ശ്രീലത, ഉഷശ്രീ, രാധാമണി, മിനി, രമ, ഗിരിജ, ഗീത, സുജാത, സൂസമ്മ,

www.malankaralibrary.com
റെയ്ച്ചൽ ഇങ്ങനെ പോകുന്നു അപ്പുണ്ണിയുടെ സ്കൂൾ കൂട്ടുകാർ, കൂട്ടുകാരികൾ. (വായിക്കാൻ കൊടുത്ത ഒരു കഥപ്പുസ്തകത്തിലെ അപ്പുണ്ണി എന്ന കഥാപാത്രത്തിന്റെ പേര് ഈയുള്ളവന് കല്പിച്ചനുഗ്രഹിച്ചത് അപ്പന്റെ സഹോദരന്റെ പുത്രി വടക്കേത്തറയിലെ സൂസമ്മയാണന്നുള്ളത് ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ.)

അന്ന് രണ്ടാം ക്ലാസ്സിലെ ഓണപ്പരീക്ഷയുടെ മലയാളം പേപ്പർ കിട്ടുന്ന ദിവസം, അത് അപ്പുണ്ണിക്ക് മറക്കാവതല്ല. മലയാളം പരീക്ഷയിലെ ഒരുചോദ്യം ഇതായിരുന്നു. കേരളത്തിലെ രണ്ട് നെല്ലറകൾ ഏതെല്ലാം..? അപ്പുണ്ണി ചോദ്യം മനസ്സിലാക്കിയിടത്തോളം നെല്ല് വാരിയിടുന്ന അറകളേതെന്ന് വ്യംഗ്യാർത്ഥം..?. അക്ഷരത്തെറ്റു കൂടാതെ അപ്പുണ്ണി കൃത്യമായിട്ട് ഉത്തരമെഴുതി. പത്തായവും ചെമ്പുകലവും(അപ്പുണ്ണിയുടെ വീട്ടിൽ ഇതുകൂടാതെ ചാക്കിലും അരക്കുട്ടകളിലും നെല്ല് വാരിയിടാറുണ്ട്). രണ്ടെണ്ണം എഴുതിയാൽ മതിയെന്ന് ചോദ്യത്തിലുള്ളതിനാൽ അപ്പുണ്ണി ഉത്തരം രണ്ടിലൊതുക്കി.

പിറ്റേന്ന് കടലാസുകളിലെ ഉത്തരങ്ങൾ നാരായണൻ സാർ ക്ലാസ്സിൽ ഉറക്കെവായിച്ചു:''കലം, കുടം, ചാക്ക്, പത്തായം,..'' അപ്പുണ്ണി അഭിമാനത്തോടെ തലയുയർത്തി നിന്നു. ഉത്തരം ശരിയല്ലേ..?

നാരേണൻ സാർ കൂട്ടിച്ചേർത്തു, ''എടാ പൂത്തക്കോടൻമാരേ., കേരളത്തിലെ നെല്ലറകൾ കുട്ടനാടും പാലക്കാടും അല്ലേടാ..?''

ശരി ഉത്തരം എഴുതിയത് ഒരേ ഒരാൾ ശ്രീരഞ്ജിനി(രണ്ടാം ക്ലാസ്സിൽത്തന്നെ രഞ്ജിനി ടി.സി. വാങ്ങിപ്പോയി!!).

ജാനകിയമ്മ പാചകം ചെയ്യുന്ന ഉപ്പുമാവാണ് അപ്പുണ്ണിയുടെ ഉച്ചഭക്ഷണം, ഇത് കൂടുതൽ രുചിയോടെ ഭക്ഷിക്കുന്നതിന് വീട്ടിൽനിന്നും പഞ്ചസാര പേപ്പറിൽ പൊതിഞ്ഞ് കൊണ്ടുവരും. ഉപ്പുമാവ് വിളമ്പിത്തരുന്നതിനുള്ള വട്ടയില ചുരുട്ടി പുസ്തകങ്ങൾക്കിടയിൽ കരുതിയിരിക്കും. പഠിക്കാനുള്ള പുസ്തകങ്ങൾ എടുക്കാൻ മറന്നാലും ഇതുരണ്ടും തലേദിവസം തന്നെ അപ്പുണ്ണി തയ്യാറാക്കിവയ്ക്കും,''അന്നം മുടങ്ങാൻ പാടില്ലല്ലോ!.''. ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ ശാരീരിക വളർച്ച(മാനസിക വളർച്ചയല്ല!)കൂടുതലുള്ള വരായിരുന്നു ഉപ്പുമാവ് വിളമ്പിയിരുന്നത്. ആയതിനാൽ ഉപ്പുമാവ് കൂടുതൽ ലഭിക്കുന്നതിന് അപ്പുണ്ണി ഇങ്ങനുള്ളവരോട് കൂടുതൽ സ്നേഹം കാണിച്ചു എന്നുള്ളത് സത്യമാണ് (കേട്ടെഴുത്ത് കാണിച്ചുതന്ന കൂട്ടുകാർ സദയം ക്ഷമിക്കുക.).

സവിശേഷതകളുള്ള സിനിമകൾക്ക് വിദ്യാർത്ഥികളെ അടുത്തുള്ള കൊട്ടകയായ ഗോപാലകൃഷ്ണയിലേക്ക് സ്കൂളിൽനിന്നും കൊണ്ടുപോകാറുണ്ട്. അങ്ങനെ അപ്പുണ്ണിയും ഒരിക്കൽ ഒരു സിനിമ കണ്ടു,ഏണിപ്പടികൾ (തകഴിയുടെ കഥ, സംവിധാനം തോപ്പിൽ ഭാസി, (16 ചിത്രങ്ങൾ അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്)). ഗ്രാമക്ഷേത്രമായ പാണ്ഡവർകാവ് ദേവീ ക്ഷേത്രത്തിലെ ഉത്സവത്തിന് നടത്തുന്ന ഓട്ടൻതുള്ളൽ കാണാൻ നാരായണൻ സാർ കുട്ടികളെ വരിവരിയായി നടത്തിക്കൊണ്ടുപോകും(എലിയുടേയും വലയിൽ കുടുങ്ങിയ പൂച്ചയുടേയും കഥ പറയുന്ന കവിതാപാഠം ഓട്ടൻതുള്ളൽ മട്ടിലായിരുന്നു). സങ്കലനപ്പട്ടികയും ഗുണനപ്പട്ടികയും ഒറ്റശ്വാസത്തിൽ ചൊല്ലാനും സാർ പഠിപ്പിക്കും. പഠിക്കാത്തവരെ മേശയ്ക്കരുകിൽ നിർത്തി ചൊല്ലിച്ച് തുടയിൽ പിച്ചും. പിച്ചുകൊള്ളുന്നവർ സൈക്കിൾ ചവിട്ടുംവണ്ണം മുകളിലേക്കും താഴേക്കും കാലുകളിളക്കും. നാരായണൻ സാറിന്റെ സൈക്കിൾ ചവിട്ടിക്കൽ പേടിച്ചാണ് അപ്പുണ്ണി പട്ടികകൾ ഒറ്റശ്വാസത്തിൽ ഒന്നുമുതൽ പത്തുവരെ ചൊല്ലാൻ പഠിച്ചത്, സാറിന് നന്ദി. സാറിന്റെ പിച്ച് പേടിച്ച് സ്കൂൾജീവിതം തന്നെ ഉപേക്ഷിച്ച ലത, ഹരിദാസ് എന്നീ സഹപാഠികളെ അപ്പുണ്ണി ഇപ്പോഴും ഓർക്കുന്നു.

കണക്ക് പഠിക്കാൻ തുടങ്ങിയ നാൾ മുതൽക്കേ അപ്പുണ്ണിക്ക് കണക്ക് ആകെ കൺഫ്യൂഷനാ. എത്ര കണ്ട് മനസ്സറിഞ്ഞ് എഞ്ചുവടി പഠിച്ചാലും സാറ് ഇടയ്ക്കിട്ട് ചോദിക്കും ''അയ്യാറ് എത്ര..?'' ചോദിക്കുമ്പോഴേ അപ്പുണ്ണിയുടെ മനസ്സിൽ ആദ്യംവരുന്നത് അപ്പൻ കൃഷിക്ക് ഉപയോഗിക്കുന്ന ''അയ്യറെട്ട്'' എന്ന നൽവിത്തിന്റെ പേരാ.. ഇതെങ്ങാനം ഉത്തരമായി പറയാനൊക്കുമോ! ഉത്തരം പറയാൻ അഞ്ചിന്റെ ഗുണനപ്പട്ടിക ആദ്യം തൊട്ട് മനസ്സിൽ ചൊല്ലിവന്ന് മറുപടി പറയുമ്പോഴേക്കും അടുത്ത ചോദ്യം ദാണ്ട്. ''ഇരുന്നാലെത്ര..?'' ഇരുന്നാലെന്താകാൻ..? ക്ഷീണം മാറും അത്രതന്നെ. പക്ഷേ ഉത്തരത്തിന്റെ കൂടെ അപ്പുണ്ണിയുടെ മനസ്സിൽ മറ്റൊരു ചോദ്യം തികട്ടിവരും. ''ഇരുന്നാലെട്ടാണെങ്കിൽ നിന്നാലെത്ര..?''. കണക്കുകൂട്ടി കണക്കുകൂട്ടി കൈവിരലുകൾ മടക്കിയും നിവർത്തിയും അപ്പുണ്ണി ഒരുപരുവം ആകുമ്പോൾ കാലുകളിലെ വിരലുകൾ കടമെടുക്കും. കയ്യിലും കാലിലും വിരലുകൾ തികയാതെ വരുമ്പോൾ ഓരോ കയ്യിലും പത്തുവിരലുകൾ വീതം ഉണ്ടായിരുന്നെങ്കിൽ എന്ന് ചിലപ്പോൾ അപ്പുണ്ണി ആഗ്രഹിക്കാറുണ്ട്.

കൂട്ടാനും ഗുണിക്കാനുമുള്ള പട്ടിക ഒരുവിധത്തിൽ ഒപ്പിച്ചുവരുമ്പോൾ ദാ വരുന്നു വഴിക്കണക്ക്. ആയിരം രൂപയ്ക്ക് രാഘവൻ കാളയെ വാങ്ങി ആയിരത്തഞ്ഞൂറിന് വിറ്റാൽ കാളക്കച്ചവടത്തിൽ രാഘവന്റെ ലാഭമെത്ര?. കുഴപ്പിക്കുന്ന ചോദ്യം. സാറിന്റെ വഴി അനുസരിച്ച് വിറ്റവിലയിൽ നിന്ന് വാങ്ങിയ വില കുറച്ചാൽ ലാഭമായി. അതായത് അഞ്ഞൂറ് രൂപ ലാഭം. അപ്പുണ്ണിക്ക് ഉടനെ സംശയമാകും കാളയെ വാങ്ങിയപ്പോൾ കുഞ്ഞൂഞ്ഞ് ചേട്ടനെ പോലുള്ളവർക്ക് കൂലികൊടുക്കുന്നതും കാളയ്ക്ക് ആഹാരം കൊടുത്തതും ഏതുകണക്കിൽ വരും? കാളയുടെ ചാണകവില ഈ ചെലവിൽ കണക്കാക്കുമായിരിക്കും!

വയസ്സ് ഏഴായിരിക്കെ(രണ്ടാം ക്ലാസ്സിൽ), മലയാളത്തിന്റേതും കണക്കിന്റേതുമായി രണ്ട് പുസ്തകങ്ങളും ഒരു സ്ലേറ്റും അപ്പുണ്ണിക്കുണ്ട്. മലയാളം പുസ്തകത്തിൽ കൂട്ടുകാരൻ ഈരയിൽതെക്കേതിലെ അനിൽകുമാർ മാനംകാണാതേകിയ ഒരു മയിൽപ്പീലിത്തുണ്ടും അപ്പുണ്ണി സൂക്ഷിച്ചിട്ടുണ്ട്(മാനം കാണാതെ മയിൽപ്പീലി പുസ്തകത്താളിൽ സൂക്ഷിച്ചാൽ പീലിപെറ്റു കൂടുതൽ എണ്ണം ആകുമെന്നാണ് അവൻ പറഞ്ഞത്).

www.malankaralibrary.com
സ്കൂളിൽ പോകാൻ ഒരു മഞ്ഞ പ്ലാസ്റ്റിക്ക് സഞ്ചി അപ്പൻ ഇക്കൊല്ലം അപ്പുണ്ണിക്കായി വാങ്ങി. പുതിയ സ്ലേറ്റ് പൊട്ടാതെ സ്കൂളിൽ കൊണ്ടുപോകുന്നതിനും, പുസ്തകങ്ങൾ കീറാതെ സൂക്ഷിക്കുന്നതിനും, സ്ലേറ്റ് പെൻസിൽ സൂക്ഷിക്കുന്നതിനും, സ്ലേറ്റ് തുടയ്ക്കുന്ന വെറ്റമഷിത്തണ്ട് വയ്ക്കുന്നതിനും അപ്പുണ്ണിയുടെ സഹായി ഈ സഞ്ചിയാണ്. മറ്റുകൂട്ടുകാർക്ക് ഉള്ളതും അപ്പുണ്ണിക്ക് ഇല്ലാത്തതുമായത് ഒന്നേയുള്ളൂ ഒരു കുട. കുടയില്ലാത്ത തിനാൽ മഴയുള്ള ദിവസങ്ങളിൽ കുടയുള്ളകൂട്ടുകാരെ ആശ്രയിച്ചാണ് അപ്പുണ്ണി സ്കൂളിൽ പോവുകയും വരുകയും ചെയ്യുന്നത്.

കുടയുള്ള കൂട്ടുകാർ ഇല്ലാതിരുന്ന ഒരു ഇടവപ്പാതി മഴ ദിവസം. മഴക്കാറാൽ ദിക്കുകൾ ഇരുണ്ടുമൂടി തുടങ്ങി(മഴദിവസം സ്കൂൾ നേരത്തേവിടും). സ്കൂൾ വിട്ടു. ദൂരെയെങ്ങുനിന്നോ ഇരമ്പിയെത്തുന്ന മഴ യുടെസ്വരം അപ്പുണ്ണി കേട്ടു. മഴ വീഴുംമുന്നേ വീട്ടിലെത്താൻ പുസ്തകം ഉടുപ്പിനുള്ളിൽ തിരുകി, വീട്ടിലേ ക്കോടി.

വെള്ളം കയറിയ പാടവരമ്പുകൾ, കുറുപ്പുചേട്ടന്റെ കട, ആലിന്റെ ചുവട്, വഴിയമ്പലം, തട്ടാരുമുക്ക്.. ആർത്തലച്ച് വന്ന മഴ അപ്പുണ്ണിയെ നനച്ചു. കടത്തിണ്ണയിലെങ്ങും കയറി നിൽക്കാതെ അപ്പുണ്ണി വീട് ലക്ഷ്യ മാക്കി ഓടി. ഇറയത്ത് കയറി തോർത്തെടുത്ത് തോർത്തി. പുസ്തകം അടുപ്പരികിൽ വച്ച് നനവുണക്കി.

''അപ്പുണ്ണിക്ക് കുടയില്ലേടാ..?''

ചോദ്യകർത്താവിനെ അപ്പുണ്ണി ദയനീയമായി നോക്കി. ചേച്ചിയുടെ ഭർത്താവ്!

''ഇല്ല..!''

പിറ്റേന്ന് അപ്പുണ്ണിക്കൊരു പുതിയ കുടകിട്ടി. പുത്തൻ സെഞ്ചുറിക്കുട.

കുടയ്ക്ക് പ്രായംചെന്ന് തുണി കീറിയപ്പോഴും, കമ്പി ദ്രവിച്ച് ഒടിഞ്ഞപ്പോഴും കുടയുടെ ശിഷ്ടം കൺമറയാതെ അപ്പുണ്ണി വർഷങ്ങളോളം സൂക്ഷിച്ചുവച്ചു, ആദ്യകുടയുടെ ഓർമ്മയ്ക്കായി ●

## 2 മാങ്ങാണ്ടി അപ്പം

''അപ്പുണ്ണി.., എടാ അപ്പുണ്ണിയേ.., ഇവൻ എവിടെ പോയിക്കിടക്കുവാ...?''

''അപ്പുണ്ണിയേ..'' ലിസിചേച്ചിയുടെ നീട്ടിയുള്ള വിളികേട്ട് അപ്പുണ്ണി ''എന്തോ..'' മറുപടി പറഞ്ഞ് ഓടിച്ചെന്നു.

''നീ എവിടെയായിരുന്നു..?''

''ഞാൻ നമ്മുടെ കിഴക്കേ പറമ്പിലെ നാട്ടുമാവിന്റെ ചോട്ടിൽ നിന്ന് കഴിഞ്ഞകാറ്റത്ത് കൊഴിഞ്ഞുവീണ പഴുത്ത മാമ്പഴങ്ങൾ പെറുക്കികൂട്ടി വെയ്ക്കുകയായിരുന്നു, എന്താ ചേച്ചി വിളിച്ചത്..?''

''അപ്പുറത്ത് കൂട്ടിയിട്ടിരിക്കുന്ന മാങ്ങാണ്ടികൾ തല്ലിപ്പി ളർക്കാൻ നീ കൂടെ വാ..''

''ഇപ്പോൾ വരാം ചേച്ചി..'', അപ്പുണ്ണി താൻ മാവിൻചുവ ട്ടിൽ പെറുക്കികൂട്ടിയ മാമ്പഴങ്ങൾ കൊണ്ടുവരാൻ ചെറു കുട്ട യുമായി മാവിൻ ചുവട്ടിലേക്കോടി, തിരികെയെത്തി. ചേച്ചി ക്കൊപ്പം അപ്പുണ്ണിയും നടന്നു, പുരയുടെ വടക്കുപടിഞ്ഞാറേ മൂലയ്ക്ക് കൂട്ടിയിട്ടിരിക്കുന്ന മാങ്ങാണ്ടികൾ തടിയിൽ വച്ച് വെട്ടു കത്തികൊണ്ട് വെട്ടിപ്പിളർന്ന് പരിപ്പുകൾ മുറത്തിലിട്ടു.



''നീ ഈ മാങ്ങാണ്ടിത്തോടുകൾ അടുക്കളചായ്പ്പിലെ അടുപ്പിൻകരയിൽ കൊണ്ടിട്. നാളെ പയ്യിന് പുളിയരി തിളപ്പി ക്കുമ്പോൾ കത്തിക്കാം.''

ചേച്ചി പറഞ്ഞതുപോലെ അപ്പുണ്ണി മാങ്ങാണ്ടിത്തോടു കൾ ചായ്പിലെ അടുപ്പിൻകരയിൽ കൂട്ടിയിട്ടു.

''നീ നമ്മുടെ കടയിൽ ചെന്ന് കരിപ്പോട്ടി വന്ന ഒഴിഞ്ഞ പനയോല വട്ടി ഉണ്ടെങ്കിൽ എടുത്തുകൊണ്ടു വാ..''

അപ്പച്ചൻ മുതുകുളം 731 മായിക്കൽ സൊസൈറ്റിയിലെ ആദ്യ സെക്രട്ടറി ആയിരുന്നു. പെൻഷൻ(പെൻഷൻ എന്നത് ആലങ്കാരികം മാത്രം, 1973ൽ പെൻഷൻ കൊടുക്കുന്നത് തുടങ്ങിയിട്ടില്ല, അന്ത്യം വരെയും (2006) അപ്പച്ചന് പെൻഷൻ ഒരു പ്രതീക്ഷയായിരുന്നു.)ആയശേഷം തുടങ്ങിയതാണ് കട. വയൽ, പശുകൃഷികൾക്കൊപ്പം വീടിനോട് ചേർന്ന് ഒരു പലചരക്ക് കട. അപ്പന്റെ കടയിൽ കമ്പോളത്തിൽനിന്നും കരി പ്പട്ടി വാങ്ങുമ്പോൾ പനയോല വട്ടിയിലാണ് തൂക്കി വാങ്ങുന്നത്. കടയിൽ കൊണ്ടുവന്ന് കരിപ്പട്ടി കളിമൺ ഭര ണിയിലാക്കി സൂക്ഷിച്ചടച്ചുവയ്ക്കും(വട്ടിയിലിരുന്നാൽ കരിപ്പോട്ടി അലിഞ്ഞുപോകും). അങ്ങനെ ഒഴിയുന്ന

www.malankaralibrary.com

വട്ടിയാണ് ചേച്ചി മാങ്ങാണ്ടിപ്പരിപ്പ് നിറയ്ക്കാൻ എടുത്തുകൊണ്ടുവരാൻ അപ്പുണ്ണിയോട് പറഞ്ഞത്. കടയിൽനിന്നും കിട്ടിയ വട്ടിയുമായി അപ്പുണ്ണി ചേച്ചിയുടെ അടുക്കലെത്തി. രണ്ടുപേരുംകൂടി വട്ടിയിൽ മാങ്ങാണ്ടിപ്പരിപ്പ് വാരിയിട്ട് ഭംഗിയായി ഇഴക്കയറുകൊണ്ട് മുറുകെ വരിഞ്ഞുകെട്ടി. വടക്കേപറമ്പിന്റെ കിഴക്കേമൂലയ്ക്കുള്ള തോടിനോട് ചേർന്നുള്ള കുളത്തിലേക്ക് ചാഞ്ഞുകിടക്കുന്ന തൈമാവിന്റെ താഴത്തെ കമ്പിൽ ഒരു തുമ്പ് കെട്ടിയശ്ശേഷം വട്ടിക്കെട്ട് കുളത്തിലേക്ക് ഇട്ടു.

''എന്തിനാ ചേച്ചി മാങ്ങാണ്ടിപ്പരിപ്പ് വെള്ളത്തിൽ മുക്കിവയ്ക്കുന്നത്..?''

''എടാ മണ്ടച്ചാരേ!., അതിന്റെ കട്ടിറങ്ങി കുതിരണം. എട്ടാം ദിനം നമുക്കിത് തിരിച്ചെടുത്ത് അപ്പം ചുട്ട് തിന്നാനുള്ളതാ. കട്ട് വിഷമാണ് അത് ഉള്ളിൽ ചെന്നാൽ പ്രശ്നമാ. കട്ട് പോകുന്നതിനാണ് വെള്ളത്തിൽ മുക്കിവയ്ക്കുന്നത്; വാ.. നമുക്ക് തിരികെ പോകാം.. നമ്മളെ കണ്ടില്ലെങ്കിൽ അമ്മ തിരക്കും.'' അപ്പുണ്ണിയുടെ കൈക്കുപിടിച്ച് ചേച്ചി വേഗം വീട്ടിലേക്കും തുടർന്ന് അവിടെനിന്നും ഒരുകൂന ഇട്ടുനാറിയ തുണികളുമായി അലക്കുകല്ലിന്റെരുകിലേക്കും നടന്നു. അപ്പുണ്ണി തന്റെ പതിവ് കളിസ്ഥലമായ കിഴക്കുവശത്തെ മാവിൻചുവട്ടിലേക്ക് നടന്നു. പിന്നീടുള്ള ഏഴ് ദിവസങ്ങളിലും വട്ടിയിൽ കെട്ടി വെള്ളത്തിൽ താഴ്ത്തിയിട്ടിരിക്കുന്ന സാധനം അവിടെതന്നെയുണ്ടോ എന്നുപോയി കയറുവലിച്ച് അപ്പുണ്ണി ഇടയ്ക്കിടയ്ക്ക് ആരും കാണാതെ നോക്കിക്കൊണ്ടേയിരുന്നു.

എട്ടാം ദിവസം ചേച്ചിയും അപ്പുണ്ണിയും മാവിൽ കെട്ടിയിട്ടിരുന്ന വട്ടി കയറുവലിച്ച് കരയ്ക്കടുപ്പിച്ചു. അല്പനേരം വെള്ളം വാർന്നു പോകുന്നതിന് അത് കരയ്ക്ക് കയറ്റിവച്ചു.

രണ്ടുപേരുംകൂടി കെട്ടുതാങ്ങി വീട്ടിൽ കൊണ്ടുവന്ന് അഴിച്ചു. പരിപ്പ് നന്നായി കഴുകി വാരിവച്ചു. രാവിലെ വെള്ളത്തിലിട്ട് കുതിർത്ത് വെള്ളുകൊട്ടയിൽ വെള്ളം തോരാൻ വച്ചിരുന്ന പച്ചരി അപ്പുണ്ണി ശ്രദ്ധിച്ചിരുന്നു. അരിക്കൊപ്പം മാങ്ങാണ്ടിപ്പരിപ്പിട്ടിടിച്ച് ഇടഞ്ഞെടുത്താകണം അപ്പമുണ്ടാക്കുന്നത്, അപ്പുണ്ണിക്കറിയില്ല.

മഴയത്ത് വെള്ളംനിറഞ്ഞ് മുറ്റത്തുകിടന്നിരുന്ന ഉരൽ, ചേച്ചി മറിച്ചിട്ട് വെള്ളം കളഞ്ഞ് നല്ല വെള്ളമൊഴിച്ച് കഴുകി വൃത്തിയാക്കി പഴയതുപോലെ നിവർത്തിനിർത്തി. അരി കഴുകിയത് ഉരലിലിട്ട് ചേച്ചി ഉലക്കയ്ക്ക് ഇടിച്ച് കൂട്ടിയപ്പോൾ കുറേച്ചേ മാങ്ങാണ്ടി പരിപ്പും അപ്പുണ്ണി ഇട്ടുകൊടുത്തു. രണ്ടുംകൂടി നന്നായിടിച്ച് പൊടിയാക്കി വലിയ കണ്ണുള്ള ഇടപ്പയ്ക്ക് ഇടഞ്ഞ് എടുത്തു. പാവം ചേച്ചി വിയർത്തൊഴുകി, ഭഗീരഥ പ്രയത്നം!. അരിയും മാങ്ങാണ്ടിപ്പരിപ്പും ഇടിച്ചുകഴിഞ്ഞു. അപ്പുണ്ണി പാളകൊണ്ട് ഉരലടച്ചു, ചേച്ചി ഉലക്കപ്പൂൺ കഴുകി ചായ്പ്പിലെ കയറുകളിൽ തൂക്കിയിട്ടു.

''വാ... നമുക്ക് അയ്യാക്കുട്ടിസ്വാമിയുടെ വീടിന്റെ വടക്കേപ്പുറത്ത് നിൽക്കുന്ന വയനമരത്തിൽനിന്ന് കുറെ ഇലകൾ പറിച്ചുകൊണ്ടുവരാം.''

ചേച്ചിക്കൊപ്പം ചെറുതോട്ടിയുമായി അപ്പുണ്ണിയും നടന്നു.

''എവിടെ പോകുവാ..?''

കയ്യിൽ തോട്ടിയുമായി നടന്നുനീങ്ങുന്ന അപ്പുണ്ണിയേയും പെങ്ങളേയും കണ്ടിട്ട് പടീറ്റതിലെ കൊച്ചമ്മമാർ(അപ്പന്റെ അനിയന്മാരുടെ ഭാര്യമാർ) ചോദിച്ചു. അപ്പുണ്ണി ഈ ചോദ്യം പ്രതീക്ഷിച്ചതായിരുന്നു. അപ്പുണ്ണി എവിടെ പോയാലും ഇരുവരും ചോദിക്കും ''എവിടെ പോകുവാടാ...?''ഇത് ഗ്രാമത്തിന്റെ ഒരു രീതിയാണെന്നും സ്നേഹംകൊണ്ട് ചോദിക്കുകയാണെന്നും അപ്പുണ്ണിക്കറിയാം.

''ഞങ്ങൾ വയനയില പറിക്കുവാൻ പോകുവാ..'' ചേച്ചി മറുപടിയായി.

അയ്യാസ്വാമിയുടെ പറമ്പിൽ കേറി തോട്ടികൊണ്ട് വയനമരത്തിന്റെ കമ്പുചായ്ച്ച് ആവശ്യത്തിന് ഇലകൾ ഇരുവരും പറിച്ചെടുത്തു. വീട്ടിലേക്ക് തിരികെ വന്ന് ഈർക്കിൽ കുത്തി വയനയിലകൾ കുമ്പിളുകളാക്കിവച്ചു.

പിറ്റേന്ന് അതിരാവിലെ തന്നെ ചേച്ചിക്കൊപ്പം അപ്പുണ്ണിയും എഴുന്നേറ്റു. ചേച്ചി മുറ്റമടിച്ച് പാത്രങ്ങൾ കഴുകി. അമ്മ കറവക്കാരൻ കൃഷ്ണൻചേട്ടൻ(കിഴക്ക് പാൽ സൊസൈറ്റിയുടെ അടുത്തുള്ള തലമുടി നീട്ടി വളർത്തിയ ചേട്ടൻ) വരാതിരുന്നതിനാൽ പശുവിനെ കറന്ന് ചായയിട്ടു. ഈ നേരംകൊണ്ട് ഉമ്മറപ്പടിക്ക് മുകളിൽ കെട്ടിയിട്ടിരിക്കുന്ന ഉമിക്കരി കുടുക്കയിൽനിന്നും കാൽ എത്തിക്കുത്തി ഒരുനുള്ള് ഉമിക്കരിയെടുത്ത് ഇടത്തെ കൈവെള്ളയിൽ ഇട്ടു. വലത് തള്ളവിരലും ചൂണ്ടുവിരലും ഉപയോഗിച്ച് കരി ഞെരടിപ്പൊടിച്ചു(അമ്മ അല്പം ഉപ്പും കുരുമുളകുപൊടിയും ചേർത്ത് ഒരു മിശ്രിതക്കൂട്ടായാണ് ഉമിക്കരി കുടുക്കയിലിട്ട് ഉമ്മറത്ത് കെട്ടിത്തൂക്കിയിട്ടിരിക്കുന്നത്). തിണ്ണയ്ക്കുവച്ചിരുന്ന കിണ്ടിയിലെ വെള്ളത്തിൽ വായ് കുപ്ലിച്ച് കഴുകി വൃത്തിയാക്കി. അടുക്കളയിൽ അപ്പുണ്ണിക്കായി അമ്മ ഒഴിച്ചടച്ചുവച്ചിരുന്ന സ്റ്റീൽ ടംബ്ലറിലെ ചായ എടുത്തുകുടിച്ചു.

കഴിഞ്ഞദിവസം കുമ്പിൾകുത്തി വച്ചിരുന്ന വയനയിലയ്ക്കുള്ളിലേക്ക് അമ്മ മാങ്ങാണ്ടി മാവ് നിറച്ചു. തേങ്ങ ചുരണ്ടിയതും ചക്കപ്പഴം അരിഞ്ഞതും കരിപ്പട്ടിയുമായി കൂട്ടിക്കുഴച്ചത് വാരിനിറച്ച് മാവുകൊണ്ടു തന്നെ കുമ്പിളടച്ചു. അപ്പുണ്ണിയും ഉഷാറായി!, പാതകമുകളിലെ മുക്കല്ലടുപ്പിൽ വച്ചിരുന്ന ഇഡ്ഡലിക്കുട്ടകത്തിന്റെ താഴത്തെ കെടാറായ തീ പ്ലാസ്റ്റിക്ക് കുഴലുപയോഗിച്ച് ഊതിക്കത്തിച്ചു. കുമ്പിളിൽ നിറച്ച അപ്പം പുഴുങ്ങി എടുക്കുന്നതിന് അമ്മ ഇഡ്ഡലിത്തട്ടിൽ അടുക്കിവച്ച് കുട്ടകം അടച്ചു.

കുറേനേരം അപ്പുണ്ണി അടുക്കളയിലും പരിസരങ്ങളിലും മണംപിടിച്ച് കറങ്ങിനടന്നു, എന്തിനും ഒരു പരിധിയില്ലേ..?

''വെന്തുകാണുമോ അമ്മേ..?''

''ഇവനെ കൊണ്ട് തോറ്റല്ലോ ദൈവമേ.!, എടീ നീ ഇവനെ വിളിച്ചുകൊണ്ടു പോ..''

ശല്ല്യം സഹിക്കാനാകാതെ അമ്മ അപ്പുണ്ണിയെ അടുക്കളയിൽനിന്നും ഇറക്കിവിട്ടു. അടുക്കളയിൽനിന്നും

www.malankaralibrary.com

അമ്മയോട് പിണങ്ങിയിറങ്ങിയ അപ്പുണ്ണി പുരയ്ക്കൊരു ചുറ്റ് പൂർത്തിയാക്കി വീണ്ടും വന്ന് അടുക്കളക്കതകിന് മറഞ്ഞുനിന്ന് അമ്മയോടു ചോദിച്ചു:

"വെന്തുകാണുമായിരിക്കും അല്ലേ..?." ●

# 3 ഗ്രാമഭംഗി

അപ്പുണ്ണിയുടെ വീട്ടിൽനിന്നും ഏതാനും കാതം കിഴക്കോട്ടുനടന്നാൽ മുപ്പൂകൃഷി നടത്തുന്ന വിശാലമായ ചക്കുളങ്ങര പാടം കാണാം, തറവാട് വീടായ ചക്കുളങ്ങര മുതൽ വടക്ക് - കിഴക്ക് ഭാഗത്തായി ഏക്കറുകളോളം പരന്നുകിടക്കുന്ന പാടം. തട്ടാരുമുക്ക്-രാമപുരം ഹൈസ്കൂൾ റോഡ് വയലിനെ രണ്ടായിഭാഗിച്ച് കടന്നുപോകുന്നു. പാടത്തിന്റെ വടക്കേയറ്റം കല്ലുംമൂട്-രാമപുരം ലോവർ പ്രൈമറി സ്കൂൾ റോഡും, തെക്കേയറ്റം ഹൈസ്കൂൾ-മാളികയ്ക്കൽ റോഡും അതിർവരമ്പുകളായി കിടക്കുന്നു. വിരിഞ്ഞു വിശാലമായികിടക്കുന്ന പാടത്തിന്റെ ഒരറ്റത്തുനിന്ന് ചിങ്ങത്തിലോ മകരമാസത്തിലോ നോക്കിയാൽ മറ്റേയറ്റം വരെ തങ്കവർണ്ണങ്ങളാൽ പരിലസിക്കുന്ന വയലേല കാണാം, അങ്ങുവിദൂരെ മാനം പാടത്തിന് ചുംബനമേകി നിൽക്കുന്ന കാഴ്ചകാണാം. മന്ദമാരുത മൃദുസ്പർശനങ്ങളാൽ താളാത്മകമായി ചാഞ്ചാടുന്ന നിറകതിരുകൾ അന്തിച്ചെമ്മാനത്ത് കണ്ടാൽ വിഷുപ്പുലരിയിലെ കണിക്കൊന്നപ്പൂക്കൾ പോലും തോറ്റുപോകും.



നാലതിരുകളിലും വയലിലെ തങ്കകട്ടികൾക്ക് കാവൽനിൽക്കുന്ന ഭടന്മാരെപ്പോലെ നിറകുലകളേന്തി ചാഞ്ഞുംചരിഞ്ഞും നിൽക്കുന്ന തെങ്ങിൻതലപ്പുകൾ, കുല.. കുല.. കിങ്ങിണിത്തോടകളാട്ടി ശൃംഗാരവതികളായ് കുണുങ്ങിനിൽക്കുന്ന അടയ്ക്കാമരങ്ങൾ, തങ്ങളിൽ തങ്ങളിൽ മത്സരിച്ച് കായ്ച്ച് കർഷക കരവിരുതിന്റെ പുണ്യംപേറി നിൽക്കുന്ന പലതരം വാഴക്കൂട്ടങ്ങൾ. പേരിനുപോലും പാഴ്ഭൂമിയില്ലാത്ത കരഭൂമികൾ. ഓരോ പുരയിടത്തിലും കരകൃഷിക്കും കാലികളെ കുളിപ്പിക്കുന്നതിനും പുരമേയുന്നതിനുള്ള ഓല കുതുക്കുന്നതിനും വസ്ത്രം കഴുകുന്നതിനും നീന്തിക്കുളിക്കുന്നതിനുമായി പ്രത്യേകം കുളങ്ങൾ. (കുളങ്ങളുടെ ധാരാളിത്തം കൊണ്ടാവാം മുതുകുളം എന്നപേര് ഈ സ്ഥലത്തിന് വന്നത്..!?) ചെറുചേമ്പിൻ വാരങ്ങൾ, കപ്പത്തറകൾ, ചേന, കാച്ചിൽ, നനകിഴങ്ങ് അങ്ങനെ കുബേരന്റെ കൃഷിസ്ഥലങ്ങളിൽ പോലും കണികാണാൻ സാധിക്കാത്തത്ര നടുധാന്യങ്ങൾ. പച്ചക്കറി വർഗ്ഗങ്ങൾക്ക് പുറമെ വിവിധ രോഗങ്ങൾക്ക് മരുന്നുകളായ സസ്യജാലങ്ങൾ, ജന്തുവർഗ്ഗങ്ങൾ, പക്ഷികൾ, മത്സ്യകൂട്ടങ്ങൾ എല്ലാം ഓണാട്ടുകരഭാഗമായ (ഓടനാട്, ഓണമൂട്ടുകര) മുതുകുളത്തിന്റെ സമ്പൽസമൃദ്ധമായ കാഴ്ചകളാണ്.

പാടത്തിന്റെ അതിരുകളിലെ തെങ്ങിൻ തലപ്പുകളിൽ സന്ധ്യാശോഭയിൽ ചേക്കേറുന്ന കിളികളുടെ കലപിലസ്വരം, ഇത് സമൃദ്ധിയുടെ കുരവയും കുഴൽവിളിയുമാണ്. നെല്ല് ഈന്ന് പാകമാകുന്ന സമയത്താണ് എങ്ങുനിന്നോ തൂക്കണാംകുരുവികൾ(ആറ്റക്കിളികൾ) കൂട്ടമായെത്തുന്നത്. പാടത്തിന്റെ അതിർത്തികളിലെ തെങ്ങുകളുടെ മേലെത്തെങ്ങോല തലപ്പുകളിൽ തന്റെ കുഞ്ഞുങ്ങൾക്ക് താരാട്ടാടി കിടക്കാൻ പാകത്തിൽ കുരുവികൾ കൂടുകൾ നെയ്ത് തുടങ്ങും. പിന്നെ വിശ്രമമില്ലാത്ത പണിത്തിരക്ക്. നെല്ലോലയുടെയും തെങ്ങോലയുടെയും നാരുകളാണ് കൂടുകളുടെ പ്രധാന നിർമ്മാണസാമിഗ്രി. ഒരു ഓലയിൽത്തന്നെ നാലുമഞ്ചും ഒരുമുറി, ഇരുമുറി വീടുകൾ കണ്ണടച്ചു തുറക്കുംമുമ്പേ ഇവർ ഉണ്ടാക്കും. കൊയ്ത്തുകഴിയുന്ന ആഴ്ചയിൽതന്നെ ഇവ പറ്റം പറ്റമായി പറക്കമുറ്റിയ കുഞ്ഞുങ്ങൾക്കൊപ്പം അടുത്ത കൊയ്ത്തിന് തിരികെയെത്താമെന്നുള്ള ശുഭപ്രതീക്ഷയിൽ പറന്നകലുന്നു. കാലംകഴിയുമ്പോൾ തെങ്ങോലകൾക്കൊപ്പം അടർന്നുവീഴുന്ന തൊട്ടിലാടുന്ന സൗകുമാര്യത്തോടെ കെട്ടിനിർത്തിയ തൂക്കണാം കുരുവിക്കൂടുകൾ അപ്പുണ്ണിക്ക് മായാകാഴ്ചകളാണ് സമ്മാനിച്ചിട്ടുള്ളത്. ചക്കുളങ്ങരപ്പാടം തുടങ്ങി കളപ്പാട്ട് കിഴക്കേപ്പാടം, പനച്ചൂർപ്പാടം, ഒതളപ്പുഴപ്പാടം ഇങ്ങനെ നോക്കെത്താത്ത ദൂരത്തോളം വെട്ടിക്കുളങ്ങര ക്ഷേത്രത്തിന്റെ തെക്കുവശംവരെ വീക്ഷണകോണിൽ വിശാലമായി

www.malankaralibrary.com
കിടക്കുന്ന പാടങ്ങൾ ഒന്നിനോടൊന്നുചേർന്ന് അതിവിദൂരതയിൽ ആകാശവുമായി ലയിക്കുന്നു. മാന്നാർ, കുട്ടനാട്, കരിപ്പുഴ, പള്ളിപ്പാട് എന്നീ ഭാഗങ്ങളിൽനിന്നും കൊയ്ത്തുകാർ (പുലയത്തൊഴിലാളികൾ) കൊയ്ത്തുകാലത്ത് മുതുകുളത്തെ മുണ്ടകപ്പാടങ്ങളുൾപ്പെടെ കൊയ്തുകൂട്ടാനെത്തും. കൊയ്ത്തുപണികൾ തീരുംവരെ പരിസരത്തെ പുരയിടങ്ങളിൽ പന്ത (കൊട്ടിൽ) കെട്ടി താമസിക്കും. ആഹാരവും താമസസൗകര്യങ്ങളും കൃഷിക്കാരൊന്നിച്ച് തരപ്പെടുത്തും. ചിങ്ങംമുതൽ മകരംവരെ ഞാറ് പറിച്ചുനട്ടുള്ള നെൽകൃഷി, മകര കൊയ്ത്തിനു ശേഷം 75 ദിവസം ഇടവിളയായ എള്ളുകൃഷി (മകരം പത്തുമുതൽ 75 ദിവസം), മീനമാസത്തിൽ അടുത്ത നെൽകൃഷി(കട്ടതല്ലി കൊഴുവ് പിടിച്ച് നെൽവിത്ത് കൈകൊണ്ട് ഞൊറിഞ്ഞിട്ടുള്ള കൃഷിരീതി). അങ്ങനെ വർഷത്തിൽ രണ്ടുനെല്ലും ഒരെള്ളും കൃഷി ചെയ്തിരുന്ന മുപ്പൂ കൃഷിസ്ഥലങ്ങളാണ് ഓണാട്ടുകരയുടെ വയലേലകൾ.

കറുത്തകുഞ്ഞു മൂപ്പൻ(എല്ലാ പണിയുടെയും തലയാൾ) അപ്പുണ്ണി കാണുന്ന നാൾമുതൽ ഒരേ രൂപമാണ്. നെഞ്ചത്ത് ആറ് പായ്ക്ക് മസിൽ, കാരിരുമ്പ് കടഞ്ഞെടുത്ത കറുത്ത ശരീരം, ഒത്താൾപ്പൊക്കം. പുരയിടങ്ങൾ കിളച്ച് കൂനകൂട്ടുമ്പോഴും തെങ്ങിന് തടമെടുക്കുമ്പോഴും അദ്ദേഹത്തിന്റെ കയ്യിലെ മസിലുകൾ ഓടിക്കളിക്കുന്നത് അപ്പുണ്ണി നോക്കിനിൽക്കും. പല്ലില്ലാത്ത മോണകാട്ടി മൂപ്പൻ ചിരിക്കുന്നതും ചവയ്ക്കുന്നതും അപ്പുണ്ണിക്ക് കൗതുകമാണ്. വീടിന്റെ മുന്നിലെ പ്ലാവിൽ ഓണക്കാലമാകുമ്പോൾ ഊഞ്ഞലുകെട്ടുന്നതും മടലുവെട്ടി പടിയാക്കിത്തരുന്നതും കുഞ്ഞുമൂപ്പനാണ്. അപ്പന്റെ അടുത്ത സഹായിയാണദ്ദേഹം. അപ്പന്റെ മുമ്പിൽ ഭവ്യതയോടെ നിൽക്കുന്ന മൂപ്പനും സ്നേഹത്തോടെ കൃഷിക്കാര്യങ്ങൾ സംസാരിക്കുന്ന അപ്പനും അപ്പുണ്ണിക്ക് മുൻപിൽ എപ്പോഴുമുണ്ട്. നല്ലിനം വിത്ത് ലഭിക്കുന്നതിന് ഇരുവരും പുഞ്ചകൃഷിയുള്ള വടക്കൻ സ്ഥലങ്ങൾ സന്ദർശിച്ച് ജയ, ജ്യോതി, അതിക്കിര, മുണ്ടകൻ തുടങ്ങിയ കൃഷിയോഗ്യമായ വിത്തിനങ്ങൾ ശേഖരിക്കും. വൈകുന്നേരങ്ങളിൽ അന്ന് സന്ദർശിച്ച സ്ഥലങ്ങളേയും വിത്തുഗുണങ്ങളേയും സംബന്ധിച്ച് ഒന്നിച്ചിരുന്ന് സംസാരിക്കും. പുരയിടങ്ങളിൽ നടുന്നതിന് നടുധാന്യങ്ങളായ കാച്ചിൽ, ചേമ്പ്, ചേന ആദിയായവ ചെട്ടികുളങ്ങര കുംഭഭരണി ദിവസം സമീപഭവനങ്ങളിലെ സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും ഒപ്പം നടന്നുപോയ് വാങ്ങിക്കൊണ്ടുവരും. പ്രകൃതിയും ഭൂമിയും വിളവെടുപ്പ് നാൾകളിൽ നല്ല ഫലങ്ങൾ കനിഞ്ഞുനൽകും. □മണ്ണിനാരോടും വിരോധമില്ല!□എന്ന് അപ്പനും അമ്മയും വിളവെടുപ്പുനാളിൽ ആരോടെന്നില്ലാതെ പറയുന്നത് അപ്പുണ്ണി പലപ്പോഴും കേട്ടിട്ടുണ്ട്. കർക്കിടകം പകുതിയോടെ മൂപ്പൻ വീടിനടുത്തുള്ള പാക്കുതറയിൽ പാകാനുള്ള വിത്തളന്ന് ചണച്ചാക്കിൽ കെട്ടും (ചിങ്ങ/കന്നിക്കൊയ്ത്തിന് ശേഷം പാടത്ത് പറിച്ചുനടാൻ). രണ്ടുദിനം നേരത്തോടുനേരം കുളത്തിൽ താത്ത് നീരുകൊള്ളിച്ച് ചാക്ക് കരയ്ക്ക് കേറ്റിവച്ച് ഭാരംവയ്ക്കും. രണ്ട് ദിവസത്തിനുള്ളിൽ വിത്ത് മണ്ടപൊട്ടി ചാക്കിലിരുന്ന് മുളയ്ക്കും. അപ്പോഴേക്കും കൊച്ചുവേലായുധൻ സ്വാമി പാക്കുതറ തന്റെ കാളകളെക്കൊണ്ട് നന്നായി ഉഴുതുമറിക്കും, പല്ലിട്ട് ചപ്പുകളെല്ലാം മാറ്റി തറ വൃത്തിയാക്കും. മുളച്ച വിത്ത് നേരവും കാലവും പഞ്ചാംഗത്തിൽ നോക്കി വൃത്തിയുള്ള തിണ്ണയ്ക്ക് കിഴക്കോട്ട് നിന്ന് ചാക്കിൽനിന്നും കുടഞ്ഞിടും, മുകളിൽനിന്നും രണ്ടുകൈ വിത്ത് ഭഗവാന് തൂശനിലയിൽ കാഴ്ചയാക്കും. ഒരാഴ്ചക്കാലം പാക്കുതറയിൽ കോഴി, കാക്ക, അണ്ണാൻ, പ്രാവ്. എന്നിവയിറങ്ങാതെ നോക്കണ്ട ചുമതല അപ്പുണ്ണിക്കാണ്. ഇടവപ്പാതി മഴയുടെ കാലംതെറ്റിയുള്ള പെയ്ത്തുവെള്ളം പാക്കുതറയിൽ അധികമായാൽ അത് വിത്തുവേരിളകാതെ കോരിക്കളയേണ്ട ചുമതലയും അപ്പുണ്ണിക്കാണ്. ചില നാളുകളിൽ അപ്പുണ്ണിക്ക് കൂട്ടായി അനന്തിരവൻ (രണ്ടാമത്തെ ചേച്ചിയുടെ മൂത്തമകൻ) രാജുവും ഒപ്പം കൂടും. വിത്ത് വിതയ്ക്കുന്ന നാളിൽ ഭഗവാന് കൽപ്പിച്ചുവയ്ക്കുന്ന നെൽവിത്ത് വൈകുന്നേരം ഉരലിലിട്ട് ഇടിച്ച് കരിപ്പട്ടിയുടെ കൂടെ പലഹാരമാക്കി അമ്മ മാറ്റുമ്പോൾ അപ്പുണ്ണിയുടെ ഉണ്ണിവയർ പെരുവയറാകും.

ചിങ്ങക്കൊയ്ത്ത് കഴിയുന്ന കാലത്ത് പറ്റം പറ്റമായി (ഒരു പറ്റം ഏകദേശം 250 മുതൽ 500 താറാവുകൾ വരെ കാണും) താറാവുകളെ തെളിച്ച് താറാവ് കർഷകർ ദൂരെ നാട്ടിൽനിന്നും (പള്ളിപ്പാട്,വിയപുരം) എത്തും. പാദം നനയാൻ വെള്ളമുള്ള കണ്ടങ്ങളിൽ ഉതിർന്ന് വീണുകിടക്കുന്ന നെൽമണികൾ കൊത്തിപ്പെറുക്കുന്നതിനാണ് പ്രധാനമായും ഇവയെത്തുന്നത്. പാടത്തിന്റെ അതിർത്തി പുരയിടങ്ങളിലാണ് താറാവുകളെ രാത്രികാലങ്ങളിൽ വലകെട്ടി പാർപ്പിക്കുന്നത്. പാടഉടമകളുടെ അനുമതിക്കായി താറാവുകർഷകർ വീടുവീടാന്തരം കയറിയിറങ്ങി സമ്മതം നേടിയെടുക്കും. മുട്ടകൾ പകരം നൽകിയാണ് താറാവുകളെ പാടത്തിറക്കുന്നത്. കൂട്ടമായി പാടത്തേക്കിറങ്ങുന്ന താറാവുകൾ നെല്ലുകൾക്കൊപ്പം ചെറുമത്സ്യങ്ങളേയും കുഴിഞ്ഞണ്ടുകളേയും നത്തക്കപോലെയുള്ള ജീവികളുടെ മുട്ടകളേയും ഭക്ഷണമാക്കും. ചില താറാവുകൾ പാടത്തുതന്നെ മുട്ടയിടും, അവ താറവുനോട്ടക്കാർ പെറുക്കിയെടുക്കും. എന്നാലും അപ്പുണ്ണിക്കും കൂട്ടർക്കും പാടങ്ങളിൽനിന്നും മുട്ടകൾ കിട്ടിയിട്ടുണ്ട്. കൊയ്ത്തുകഴിഞ്ഞുയരുന്ന **''ക്വാ.. ക്വാ..''** ശബ്ദം വിളവെടുപ്പിന് മുൻപുള്ള കിളികളുടെ ആനന്ദാരവങ്ങൾക്ക് പകരമായി പാടത്ത് പ്രതിധ്വനിക്കും.

ചിങ്ങക്കൊയ്ത്തിനുശേഷം ഞാറ് പാക്കുതറയിൽനിന്നും പറിച്ച് മടലുവെട്ടിക്കുത്തി ചേറടിച്ച് നടുന്നതിന് മുൻപായി നടുന്ന ഞാറിന്റെ തല ജലപ്പരപ്പിന് മുകളിൽ വരത്തക്കവണ്ണം അധിക വെള്ളം വറ്റിക്കണം. അന്യരുടെ കണ്ടത്തിലേക്കാണ് വരമ്പിൽ അറ താഴ്ത്തി ചക്രമിട്ട് ചവിട്ടേണ്ടത്. അതിനായി അയലത്തെ വയൽ ഉടമകളുടെ സമ്മതം നേരത്തെ വാങ്ങിയിരിക്കണം. കൃഷിക്കാര്യത്തിൽ എല്ലാവരും പരസ്പര ആശ്രിതരാണ്. കൊയ്യാനും കിളയ്ക്കാനും നടാനും വളം ചേറാനും കീടനാശിനി തളിക്കാനും എന്തിനേറെ വിത്ത് തെരഞ്ഞെടുക്കുന്നതിനും വരെ പരസ്പര സഹകരണവും കൂട്ടായ ചിന്തയും ആവശ്യമാണ്. മഴയ്ക്കായി ആഗ്രഹിക്കുന്നതും മഴപെയ്യാതിരിക്കുന്നതിന് പ്രാർത്ഥിക്കുന്നതും കൃഷിയിലെ കൂട്ടായ മനോഭാവമാണ്. അത് ഓണാട്ടുക

www.malankaralibrary.com
രയുടെ ഒരു സവിശേഷതകൂടിയാണ്.

ചക്രം ചവിട്ടാൻ മുൻദിവസം വയൽവരമ്പിൽ അറതാഴ്ത്തണം. ചക്രം സൗകര്യപൂർവ്വം ചവിട്ടിക്കറക്കുന്നതിന്നായി കാലുകൾ നാട്ടി ഇരിപ്പുപടി ശരിയാക്കണം. വെള്ളം തിരികെ കയറാതെ മട വീഴാതെ അതിർവരമ്പുകൾ ബലപ്പെടുത്തണം. പിറ്റേന്ന് അതിരാവിലെതന്നെ ചക്രം (6 കാലുള്ളതോ, 8 കാലുള്ളതോ) അറയിലുറപ്പിച്ച് കുഞ്ഞ് മൂപ്പൻ ചക്രംചവട്ട് തുടങ്ങും. വെള്ളം പറ്റുന്നതിനനുസരിച്ച് കൊച്ചുവേലായുധൻസ്വാമി തന്റെ കാളകളെക്കൊണ്ട് കണ്ടം പൂട്ടി കലപ്പയിട്ട് വയൽ വൃത്തിയാക്കും. വെള്ളപ്പറ്റിൽ തെളിഞ്ഞുവരുന്ന ചേറ്റുമീനുകളെ പിടിക്കാൻ കോരുവലയുമായി അനിയൻചേട്ടനൊപ്പം അപ്പുണ്ണിയും പുലർച്ചയിൽ പാടത്തെത്തും.

ഞാറ് ചേറടിച്ച് നടുന്നതും, കളപറിക്കലും, വളംചേറലും കച്ചിയറത്തുകെട്ടിയുള്ള മകരകൊയ്ത്തും 75 ദിവസത്തെ എള്ളുകൃഷിയും കട്ടതല്ലി പാടംവൃത്തിയാക്കി കൊഴുപിടിച്ച് വിത്തിടുന്ന മീനം-മേട കൃഷിയും അങ്ങനെ പാടങ്ങളിലേയും പുരയിടങ്ങളിലേയും എല്ലാകൃഷിക്കും അപ്പനൊപ്പം മൂപ്പനും കൂട്ടുണ്ടാകും. പത്തുമണിക്ക് പാടത്തെ പണി പകുതിയാക്കി എത്തുമ്പോൾ അമ്മ വലിയപാത്രത്തിൽ കഞ്ഞിയും അസ്ത്രവും (പറമ്പിലെ നടുധാന്യങ്ങൾ കണ്ടിച്ചിട്ട് വേവിച്ചുണ്ടാക്കുന്ന കൂട്ടാൻ) മീൻചാറും തിണ്ണയ്ക്കിരുത്തി നൽകും. മൂപ്പൻ കഴിക്കുന്നത് കണ്ടുനിൽക്കുന്ന അപ്പുണ്ണിക്കും അമ്മ പാത്രത്തിൽ കഞ്ഞിയും കറിയും വിളമ്പും.

അപ്പുണ്ണിയും അപ്പനൊപ്പം പാടത്ത് നെല്ലിനും എള്ളിനും ഇടകിളയ്ക്കാൻ പോകാറുണ്ട് ചിങ്ങത്തിലെ ഞാറ് പറിച്ചുനടീൽ ഒഴിച്ചുള്ള കാലങ്ങളിൽ ഇടകിളച്ചെങ്കിൽ മാത്രമേ കളകളായ പുള്ളപ്പനും വേളയും കൃഷിക്കിടയിൽനിന്നും ഒഴിഞ്ഞ് പോവുകയുള്ളൂ. രാവിലെ 6 മണിക്ക് ചായകുടി കഴിഞ്ഞ് അപ്പുണ്ണിയും അനിയൻചേട്ടനും അപ്പനൊപ്പം പാടത്തേക്ക് പോകും. പ്രായത്തിനും ആരോഗ്യത്തിനും നിരക്കുന്ന ഇടീൽതൂമ്പ അപ്പുണ്ണിക്കും ഉണ്ട്. രണ്ടുമൂന്ന് നിരകൾ എട്ടുമണിക്ക് മുൻപായി മൂന്നുപേരും കൂടിച്ചേർന്ന് കിളച്ചടുപ്പിക്കും. അപ്പുണ്ണിയും ചേട്ടനും സ്കൂളിൽ പോകാൻ തയ്യാറാകാൻ വീട്ടിലേക്ക് തിരിച്ചാലും അപ്പൻ വെയിൽ മൂക്കുംവരെയും ജോലിതുടരും. കൊയ്ത്തുവേളകളിൽ കച്ചിയും കറ്റയും പണിയാളരുടെ തലയിലേറ്റാൻ അപ്പുണ്ണിയും പാടത്തുപോകും. പാടത്തെ പണിക്കാർക്ക് വെള്ളവും, കഞ്ഞിയും, കറിയും പാത്രത്തിലാക്കി കുട്ടയിൽ ചുമന്ന് കുഞ്ഞുപെങ്ങൾക്കൊപ്പം അപ്പുണ്ണിയും യാത്രയാകും. വാശിയിലും വീറിലും പെണ്ണാളുകൾ (കുഞ്ഞിയമ്മ, ഗൗരിയമ്മ, ചെല്ലമ്മ, ജാനകിയമ്മ, വാസന്തിയമ്മ, കുഞ്ഞിക്കാമൂപ്പത്തി, രോഹിണി, ശാരദ..) അതിവേഗം നിരപിടിച്ച് നെല്ല് കൊയ്തുകൂട്ടി കറ്റയാക്കുന്ന കാഴ്ചയും കറ്റക്കെട്ട് തലയിലേറ്റി നടന്നകലുന്ന ആണാളുകളുടെ കാഴ്ചയും. കൊയ്ത്തുകഴിഞ്ഞ പാടത്ത് പാറിനടക്കുന്ന പറവകൾ, ഒഴിഞ്ഞപാടത്ത് പട്ടം പറത്താനെത്തുന്ന കുട്ടികൾ, കറവപ്പശുക്കൾക്കൊപ്പം മേയാനെത്തുന്ന കന്നുകുട്ടികളുടെ ചാടിത്തിമിർക്കൽ. ഇവയെല്ലാം എത്ര രമണീയങ്ങളാണ്.

മുറ്റത്ത് പ്രത്യേകംപ്രത്യേകം അടുക്കിവച്ചിരിക്കുന്ന കറ്റക്കൂട്ടങ്ങൾ രണ്ട് ദിവസങ്ങൾക്കുള്ളിൽ രാത്രിയും പകലുമായ് നിന്ന് മെതിച്ച് പൊലിയളന്ന് പതംവാങ്ങി പണിയാളുകൾ പോകും. നെല്ലുണക്കി കാറ്റിൽതൂറ്റി പതിരുകളഞ്ഞ് പത്തായത്തിൽ ഇടുന്നതുവരെയും കച്ചിയുണക്കി തുറുവിടുന്നതുവരെയും തോരാതുള്ള പണിത്തിരക്കാണ് അപ്പുണ്ണിക്ക് പിന്നീട്.

മുറ്റത്ത് മണ്ണിലുതിർന്ന് വീണുകിടക്കുന്ന നെൽമണികൾ മണ്ണിനൊപ്പം ചേച്ചിയും അമ്മയും ചൂലുകൊണ്ട് തൂത്തുകൂട്ടും. മണ്ണരിപ്പ ഉപയോഗിച്ച് നെൻമണി വേർതിരിച്ചെടുക്കുന്ന ചുമതല അപ്പുണ്ണിക്കുള്ളതാണ്. പുത്തൻനെല്ല് കുട്ടകത്തിൽ പുഴുങ്ങി ചിക്കുപായിലുണക്കി തട്ടാരുമുക്കിലുള്ള **ശശികലാ ഓയിൽമില്ലി**ൽ കൊണ്ടുപോയി കുത്തിക്കൊണ്ടുവന്നാൽ അമ്മ തവിട് പാറ്റിമാറ്റും. കണ്ണരിയും നുറുക്കരിയും ഇഡ്ഡലിക്കുട്ടകത്തിൽ വച്ച് ഉണ്ട ചീകിയിട്ട് പുഴുങ്ങിയെടുക്കും. വൈകിട്ട് ചായയ്ക്കൊപ്പം ഇത് അവരവർക്കുള്ള പാത്രത്തിൽ വിളമ്പും (ഓരോരുത്തർക്കും ഇരിക്കാൻ അവരവരുടെ പ്രത്യേകം കുരണ്ടികളും കഴിക്കാൻ അവരവരുടെ പ്രത്യേകം പാത്രങ്ങളുമുണ്ട്). ഇത് കഴിക്കുമ്പോൾ അദ്ധ്വാനഭാരം മറക്കും ശരീരം ഉന്മേഷമാകും അതുപോരെ?.

''**മുക്കിച്ചുവന്നുപണിതെങ്കിലും**

**നക്കാനൊരല്പവും കിട്ടിയില്ല**'' എന്നുള്ള നാട്ടുപരിഭവം അപ്പുണ്ണിക്ക് ഉണ്ടായില്ല എന്ന് സാരം.

തുമ്പപ്പൂ പോലെയുള്ള എള്ളിൻപൂക്കൾ നിരന്നുള്ള പാടക്കാഴ്ച അവർണ്ണനീയമാണ് (സൂര്യ, സോമ എന്നിവയാണ് പ്രധാന വിത്തിനങ്ങൾ). പാകമായിവരുന്ന കത്തിരികൾ കൊത്തിപ്പറക്കാനെത്തുന്ന തത്തക്കിളികളെ ഓടിക്കാൻ അപ്പുണ്ണി പാടത്തേക്ക് പടക്കവുമായി പോകും. ആളോളം പൊക്കത്തിലായുള്ള എള്ളുകൾക്കിടയിലൂടെ അപ്പുണ്ണിയും കൂട്ടുകാരും പാത്തിരിപ്പുകളിച്ച് സമയം പോക്കും. പാകമായ എള്ളുചെടി(70-75 ദിവസം)പറിച്ച് കെട്ടുകളാക്കി രണ്ടുമൂന്ന് ദിവസം വീട്ടിൽ കത്തിരി മുകളിലേക്കാക്കി വച്ചേക്കും. അഴുകിയ എള്ളിന്നിലകൾ വേഗമുതിരും. ഇല കളഞ്ഞ എള്ളുചെടിയുടെ വേരുവെട്ടിയും അല്ലാതെയും തഴപ്പായിൽ (ചിക്കുപായ്) നിരത്തി ഉണക്കും. ഉണങ്ങിയ എള്ളിൻകത്തിരി മണ്ടപൊട്ടി എള്ള് പായിലുതിർന്നുവീഴും. ഉതിരാത്തവ വടികൊണ്ട് തല്ലിയുതിർക്കും. പാറ്റിയെടുക്കുന്ന എള്ള് മില്ലിലെ ചക്കിൽ കരിപ്പട്ടികൂടി ചേർത്ത് ആട്ടിയെടുത്ത് എള്ളെണ്ണ എടുക്കും. കുറച്ചെള്ള് അമ്മ വീട്ടിൽതന്നെ ഉരലിലിട്ട് കരിപ്പട്ടിക്കൊപ്പം ഇടിച്ചെടുത്ത് ഉരുളപിടിച്ച് കഴിക്കാൻ തരും. കൃഷി സമൃദ്ധിക്കായ് അദ്ധ്വാനിച്ച കൈകളിലെ തഴമ്പിന്റെ നൊമ്പരം ഉരുളപിടിച്ച് ആഹാരം കഴിക്കുമ്പോൾ അലിഞ്ഞലിഞ്ഞ് ഇല്ലാതാകും.

ഗ്രാമക്കൂട്ടായ്മകൾ എവിടെ നടന്നാലും എങ്ങനെ നടത്തിയാലും അടുത്തടുത്ത ഭവനങ്ങളിലെ സ്ത്രീജനങ്ങൾ ഒന്നിച്ചുകൂടിയിരുന്നാൽ അതാണ് ശരിക്കും കൂട്ടായ്മ. അപ്പുണ്ണിയുടെ വീടിന്റെ തെക്കേപ്പുറം വീട്ടുവഴി പൊതുവഴിയുമായി സന്ധിക്കുന്നിടത്ത് എല്ലാ സന്ധ്യയ്ക്കും ഒരു കൂട്ടായ്മയുണ്ടാകും. മഴ ദിനങ്ങൾ മാത്രമായിരുന്നു കൂട്ടായ്മയുടെ ഒഴിവുദിനം. അമ്മയും തെക്കേലെ ഗൗരിയമ്മയും ചെല്ലമ്മയും ജാനകിയമ്മയും ശേഷം

www.malankaralibrary.com

പരിവാരങ്ങളും കൂടിച്ചേരുന്നതായിരുന്നു അത്. അഞ്ചിൽ കുറയാത്ത അംഗങ്ങൾ മിക്ക സന്ധ്യായോഗങ്ങളിലും കാണും. സന്ധ്യയ്ക്കുള്ള കുടുംബ പ്രാർത്ഥനയ്ക്ക് ശേഷം (പ്രാർത്ഥന നിർബന്ധമാണ്, ഇല്ലെങ്കിൽ അത്താഴമില്ല.) കുട്ടികളായ ഞങ്ങൾ അന്നത്തെ പാഠ്യഭാഗങ്ങൾ ഉറക്കെ വായിച്ചുപഠിക്കുന്ന ഏഴുമണി മുതൽ എട്ടുമണിവരെയുള്ള നേരത്താണ് യോഗം. അന്നേദിവസം പ്രദേശത്ത് നടന്ന (മുതുകുളം ഗ്രാമത്തിൽ നടന്നത് എന്നാകും കൂടുതൽ ശരി) എല്ലാ വിശേഷങ്ങളുടേയും ചർച്ചയും വിശദീകരണവും അവിടെക്കാണും. എന്തെല്ലാം വാർത്തകൾ!, എന്തെല്ലാം വിശേഷങ്ങൾ!. പുസ്തകം വായിച്ചെന്നുവരുത്തി പലപ്പോഴും അപ്പുണ്ണി യോഗത്തിൽ കേഴ്‌വിക്കാരനായി പങ്കെടുക്കാറുണ്ട്. പക്ഷേ! കേൾക്കേണ്ടഭാഗം വരുമ്പോഴായിരിക്കും അമ്മയുടെ ചോദ്യം:

''നിനക്ക് പഠിക്കാനൊന്നുമില്ലേടാ..?, പോയി പഠിക്കെടാ..''

വിശേഷങ്ങളുടെ ഏറ്റത്തള്ളലിൽ രസംപിടിച്ച് വരുമ്പോഴായിരിക്കും ഈ രസം കൊല്ലി ചോദ്യവും ഉത്തരവും. അധികം വെട്ടവുംവെളിച്ചവും ഒന്നും അപ്പുണ്ണിയുടെ കുട്ടിക്കാലത്ത് വീട്ടിലും പരിസരത്തും ഇല്ലാതിരുന്നതിനാൽ(1977–78 കാലത്ത് അപ്പനുൾപ്പെടെ ഏഴുപേർ മിനിമം ഗ്യാരണ്ടിയിൽ ഓപ്പിട്ടുകൊടുത്തതിനാലാണ് തട്ടാരുമുക്കിന് കിഴക്കോട്ട് കരണ്ട് കണക്ഷൻ കിട്ടിയത്. ഭിത്തിയിൽ തടി റീപ്പയടിച്ച് വയറിങ്ങ് നടത്തിയത് ബോർഡിന്റെ ഉദ്യോഗസ്ഥരാണ്. വൈകുന്നേരം സ്കൂളിൽനിന്നും അപ്പുണ്ണി വന്നപ്പോൾ അപ്പച്ചൻ ഭിത്തിയിലെ സ്വിച്ച് താഴോട്ടാക്കി ബൾബ് തെളിച്ചുകാണിച്ചു.) രസച്ചരട് എന്തെന്നറിയാൻ അപ്പുണ്ണി പാത്തുംപതുങ്ങിയും അവിടെത്തന്നെ കറങ്ങിനടക്കും. ഇതൊക്കെതന്നെ ഒരു പഠിത്തം അല്ലേ..?, ഇതൊന്നും വർത്തമാനപത്രങ്ങളിൽ വായിക്കാനൊക്കുന്നതല്ലല്ലോ!.

ആരൊക്കെ ആരുടെകൂടെ ഇടിയിട്ടു, ആർക്ക് കൂടുതൽ കൊണ്ടു, അതിർത്തി തർക്കം, കോഴിക്കഥകൾ, പോലീസ്റ്റേഷൻ കഥകൾ, ഒളിച്ചോട്ടം, മോഷണം, ഉത്സവസംഭവങ്ങൾ, അവിഹിതം.. അങ്ങനെ നാട്ടിൻപുറത്തെ ഒന്നൊഴിയാതെയുള്ള എല്ലാ ''സംഗതികളും..!'' സന്ധ്യയോടെ തെക്കേപ്പുറത്തെത്തും. ഉപ്പും എരിവും പുളിയും മധുരവും കൂട്ടിക്കലർത്തിയുള്ള ഇങ്ങനെയുള്ള ചർച്ചകൾ നാട്ടിൻപുറത്തെ നന്മതന്നെയല്ലേ?.

അയലത്തെ അടുക്കളയിലേക്ക് ഒരു മുറിത്തൊണ്ടിൽ അടുപ്പിൽ നിന്നും ചാരം പറക്കുന്ന തീക്കനലുകൾ കെട്ടുപോകാതെ അപ്പുണ്ണിയുടെ അമ്മ കൊടുത്തുവിടുന്നതും ചില വീടുകളിൽ മാത്രം ഉള്ള കിണറുകളിൽ നിന്നും കുടിവെള്ളം പാളകൊണ്ടോ തൊട്ടികൊണ്ടോ കോരി കുടങ്ങളിലാക്കി എളിയിലും തലയിലും വച്ച് ചുമന്നുകൊണ്ട് പോകുന്ന കാഴ്ചകൾ എല്ലാം സാങ്കൽപ്പിക സംഭവമെന്ന് വരും തലമുറയ്ക്ക് തോന്നാവുന്നതേയുള്ളൂ. പക്ഷേ അതൊരു യാഥാർത്ഥ്യം മാത്രം.

അയലത്തെ അതിരുകൾ കെട്ടിയടച്ചവയല്ലാത്തതിനാൽ പുരയിടങ്ങളിൽക്കൂടിയും പുരയുടെ പിന്നിൽക്കൂടിയും മുന്നിൽക്കൂടിയും നടപ്പാതകൾ (വഴിത്താരകൾ) അവിടവിടെയായി ദൃശ്യമാണ്. പാടത്തേക്കും ചന്തയിലേക്കും ക്ഷേത്രങ്ങളിലേക്കും പള്ളിക്കൂടങ്ങളിലേക്കും നീണ്ടുപോകുന്ന സഞ്ചാരപാതകൾ നിലവിലുള്ളതിനാൽ അതുവഴി കടന്നുപോകുമ്പോൾ വീട്ടുകാരുടെ വിശ്ശേഷങ്ങൾ അന്വേഷിച്ചാണ് അയൽക്കാർ പോകുന്നത്. ചില വീട്ടുകാർ ''ആരാ പറമ്പുവഴി പോകുന്നത്..?'' എന്നുള്ള അരസികസ്വരത്തിൽ ചോദിച്ചെന്നിരിക്കും. ''അറിയാത്തവരാണേ..''എന്ന മറുപടി നൽകി അപ്പുണ്ണിയും കൂട്ടരും പലപ്പോഴും നടപ്പാതകൾ വഴി ഓടിപ്പോകാറുണ്ട്. തെറിവിളി പേടിച്ച് ചില അയൽക്കാരുടെ വഴികൾ മനപൂർവ്വം ഒഴിവാക്കുകയും ചെയ്യും.

മാങ്ങയോ, ചക്കയോ, മുരിങ്ങിക്കയോ, കുമ്പളങ്ങയോ, കാച്ചിലോ, ചേനയോ മറ്റ് കിഴങ്ങ് വർഗ്ഗങ്ങളോ വിളവെടുക്കുന്ന സന്ദർഭങ്ങളിൽ പരിസര ഭവനങ്ങളിലും ഒരു വിഹിതം കൊടുക്കുക എന്നത് ഒരു നാട്ടുനടപ്പാണ്. ക്രിസ്തുമസ്സ്, ഈസ്റ്റർ വിശ്ശേഷ ദിവസങ്ങളിൽ പാചകം ചെയ്യുന്ന പായസം ഉൾപ്പെടെയുള്ള പ്രത്യേക വിഭവങ്ങൾ ചെറിയ പാത്രങ്ങളിലാക്കി അയൽ ഭവനങ്ങളിൽ എത്തിക്കുന്നതും നാട്ടിൻപുറത്തെ ശീലവും ജീവിതചര്യയും ആണ്. തേങ്ങാപൊതിക്കുന്ന പാര മുതൽ ഇഡലിക്കുട്ടകം, ദോശക്കല്ല്, അരക്കൊട്ട, പറ, ചങ്ങഴി (ക്ഷേത്രങ്ങളിലെ പറ വരുന്ന സമയത്ത്) ഇങ്ങനെയുള്ള വീട്ടുപകരണങ്ങളും അയൽപ്പക്കത്തുനിന്നും കടം കൊള്ളുന്നതും സാധാരണമാണ്.

കാക്കകൾ വഴി മുന്നറിയിപ്പ് നൽകാതെ അസമയത്ത് അതിഥികളാരേലും വീട്ടിലേക്ക് കടന്നുവന്നാൽ ഭക്ഷണസാധനങ്ങൾ അയൽപക്കത്തെ വീടുകളിൽനിന്നും ചോദിച്ച് വാങ്ങുന്നതോ, വിളമ്പിക്കൊണ്ട് പോകുന്നതോ അപൂർവ്വമെങ്കിലും ഒരു നാട്ടുനടപ്പാണ്.

സുദൃഢങ്ങളായ കൈമാറ്റ, നടപ്പാത ബന്ധങ്ങൾക്കിടയിലും ചില പൊട്ടലും ചീറ്റലും ഇടയ്ക്കുണ്ടാകുന്നത് അയലത്തെ കോഴികൾ ചികഞ്ഞ് നടുധാന്യങ്ങളുടെ ചുവടിളക്കുമ്പോഴും പശു കെട്ടഴിഞ്ഞ് തെങ്ങിൻതയ്യുടെയും കപ്പയുടെയും വാഴയുടെയും മണ്ട നശിപ്പിക്കുമ്പോഴും കൈതകൾകൊണ്ടും കൊന്നകൊണ്ടും കടലാവണക്ക് കമ്പുകൊണ്ടും തീർത്തിട്ടുള്ള അതിർത്തിവേലി അഴിച്ച് കെട്ടുമ്പോൾ ഉണ്ടാകുന്ന തമ്മിൽ തർക്കങ്ങൾ കൊണ്ടും മാത്രമാണ്. എന്നാലും മാനത്ത് മഴക്കാറ് വരുമ്പോൾ ഉണക്കാനിട്ടിരിക്കുന്ന നെല്ല് വാരിക്കൂട്ടാനും കച്ചി കൂനകൂട്ടാനും എള്ള് പാറ്റിയെടുക്കാനും കച്ചിത്തുറു ഇടുന്നതിനും പുര കെട്ടുന്നതിനുള്ള ഓല മെടയുന്നതിനും പുരകെട്ടുകല്യാണത്തിനും കിണർ ഇറക്കുന്നതിനും എന്തിനേറെ വിവാഹമായാലും നിശ്ചയമായാലും മറ്റ് വിശേഷ അവസരങ്ങൾ ആയാലും അയലത്തുകരുടെ ഒത്തൊരുമയും സഹകരണവും എടുത്തുപറയേണ്ടതാണ്. ഇതിന് വലിപ്പച്ചെറുപ്പമോ പ്രായവ്യത്യാസമോ ഇനവ്യത്യാസമോ സമ്പത്തിന്റെ ഏറ്റക്കുറച്ചിലോ തടസ്സമല്ല.

അപ്പുണ്ണിയെ സംബന്ധിച്ചിടത്തോളം അയൽപക്കത്തെ സുദൃഢ ബന്ധങ്ങൾക്കിടയ്ക്കിടെയുണ്ടാകുന്ന

www.malankaralibrary.com

ചില വിള്ളലുകൾ വളരെ രസകരമാണ്. അയലത്തെ വീടിന്റെ ഉള്ളിന്റെയുള്ളിൽ നടന്ന, നടക്കുന്ന ചില കൈമാറ്റ രഹസ്യ സംഭവങ്ങൾ എതിരാളികൾ ഉറക്കെ വിളിച്ച് പറയുന്ന ഈ പ്രക്രീയ (അന്തഃപുര വാർത്തകൾ) ഉച്ചപ്പടം കണ്ടാലുണ്ടാകുന്ന തൃപ്തി അപ്പുണ്ണിയിൽ ജനിപ്പിക്കുന്നു എന്നത് ഒരു വസ്തുതയാണ്. നാട്ടിൻപുറം നന്മകളാൽ സമൃദ്ധം തന്നെ!!.

വൃശ്ചികം ഒന്നുമുതൽ മേടം പത്തുവരെ ഇടമുറിയാതെ കേരളത്തിൽ ഉത്സവകാലമാണ്. കെട്ടുകാഴ്ചകൾ, കൊയ്ത്തുമെതി, ഇടകൃഷിയായ എള്ള് തുടർന്ന് ചിങ്ങകൊയ്ത്തിനായുള്ള വിത്തിടീൽ. അത്തംപത്തിന് പൊന്നോണം പോലെ വിഷു പത്തിനാണ് പത്താമുദയം. കല്പവൃക്ഷമായ തെങ്ങുനടുന്നത് പത്താമുദയത്തിനാണ്. ''ആദ്യം പ്ലാവ് മദ്ധ്യം തെങ്ങ് അന്ത്യം അടയ്ക്ക'' എന്നാണ് അപ്പന്റെ വിത്ത് പ്രമാണം(പ്ലാവിന്റെ കുരു നടുന്നതിന് പ്രായം കുറഞ്ഞവയിൽ നിന്ന്, മദ്ധ്യ പ്രായമുള്ള തെങ്ങിൽനിന്നും കിളിർപ്പ് തേങ്ങ, പ്രായംചെന്ന കമുകിൽനിന്നും പാകുന്നതിനുള്ള അടയ്ക്ക). ''വിത്തുഗുണം പത്തുഗുണം''എന്നല്ലേ ചൊല്ല്!. അതുപോലെ തള്ളവാഴയുടെ മാണത്തിൽ നിന്നും പോങ്ങുന്ന വാഴ കുലയ്ക്കുന്നത് നേരെ വിപരീത ദിശയിലായിരിക്കും. അതുകൊണ്ട് വാഴ വയ്ക്കുമ്പോൾ ശ്രദ്ധിച്ചാൽ കുല വന്ന് വാഴ ചായുന്ന ഭാഗം നേരത്തെ അറിയാനൊക്കും എന്ന സാരം അപ്പന്റെ കണ്ടുപിടുത്തമാണ്.

വിഷുദിനത്തിലെ പ്രധാനഘടകം കണികാണലും കൈനീട്ടവും/കൈനേട്ടവുമാണ്. മാങ്ങയും ചക്കയും നാളികേരവും വെള്ളരിക്കയും വാൽക്കണ്ണാടിയും കസവും തങ്കവും കണിക്കൊന്നപ്പൂക്കളും ഒരുക്കി ഈശ്വരനെ കണികണ്ട് ആണ്ടുമുഴുവൻ കുബേരസൗഭാഗ്യം ഉണ്ടാകാൻ കൈനീട്ടം സ്വീകരിക്കുന്നതാണ് വിഷുക്കൈനീട്ടം. വിഷുമുതലുള്ള ഒരു വർഷത്തെ ഫലം പഞ്ചാംഗത്തിൽ കൊടുത്തിട്ടുണ്ടാകും. നല്ല പ്രകൃതിദൃശ്യങ്ങൾ, ഫലമുള്ള കല്പവൃക്ഷങ്ങൾ, തുളസി പോലെയുള്ള ഉത്തമസസ്യങ്ങൾ, കുഞ്ഞുങ്ങൾ ഇവയെല്ലാം ശുഭദർശനമായി കരുതുന്നവരുണ്ട്. വിഷുക്കാഴ്ചകളെല്ലാം സ്വർണ്ണമയങ്ങളാണ്. വിളഞ്ഞനെല്ല്, കണിവെള്ളരി, പഴുത്തമാങ്ങ, കണിക്കൊന്നപ്പൂക്കൾ...

മീനത്തിലെ അവസാനനാളാണ് മേടത്തിലേക്കുള്ള സംക്രമണത്തിൽ മണ്ണുംമനസ്സും ഒരുങ്ങുന്ന വിഷുദിനം. സ്വർണ്ണം വിരിച്ച് പരന്നുകിടക്കുന്ന കൊന്നയിതളുകൾ. അയലത്തെ പറമ്പുകൾക്കൊന്നും ഉടമസ്ഥാവകാശമില്ല. എവിടെയും കയറാം, ഏതു മരത്തേലും എറിയാം. പരാതിയും പരിഭവവും ആർക്കുമില്ല. കൊന്നമരത്തിൽ ആദ്യ ചുവടുവയ്ക്കുമ്പോൾ തന്നെ സ്വാഗതമോതി മരം തങ്കമഴ പെയ്യിക്കും. അടുത്ത കൃഷിക്കായുള്ള തയ്യാറെടുപ്പിന് ഗ്രാമവും പാടവും തയ്യാറെടുക്കുമ്പോൾ സമൃദ്ധിയുടെ ഗാനമായ ''വിത്തും കൈകോട്ടും'' പാടിക്കൊണ്ട് വിഷുപ്പക്ഷി അടുത്ത മരത്തിൽ ഇരിക്കുന്നുണ്ടാവും.

ഓണം പോലെയുള്ള വിശ്ശേഷദിവസങ്ങളിൽ അപ്പൻ കടയിൽനിന്നും സാധനങ്ങൾ മൂപ്പന് കുട്ടനിറയെ നൽകും. അതുപോലെ വീട്ടിലെ വിശ്ശേഷദിവസത്തിൽ മൂപ്പനും വാഴക്കുലയും മറ്റും കൊണ്ടുവരും. അങ്ങനെ വളരെ സ്നേഹോഷ്മളമായ ബന്ധമാണ് ഇരുവരും നിലനിർത്തിയിരുന്നത്. ഒരിക്കൽ മറ്റാർക്കോ തേങ്ങായിടുന്നതിനിടയിൽ കാൽതെറ്റി താഴെവീണ് അപ്പുണ്ണിയുടെ പ്രിയ മൂപ്പൻ കിടപ്പിലായി. നിത്യച്ചെലവിനുള്ള സാധനങ്ങൾ ഇടയ്ക്കിടയ്ക്ക് അപ്പൻ പെണ്ണാൾക്കാരുടെ കയ്യിൽ കൊടുത്തുവിടാറുണ്ടായിരുന്നു.

ഇന്ന് ആത്മാർത്ഥ ബന്ധങ്ങളറ്റുപോയി. കൃഷിപ്പണിക്കാൾക്കാരെ കിട്ടാതായി, പാർട്ടി പറയുന്ന സമയത്തുമാത്രമെ ഉടമയായാലും പണിക്കാരായാലും പണിക്കിറങ്ങാവൂ എന്ന ശാസനയുണ്ടായി!. വയൽമദ്ധ്യത്തിൽ ഒരു കൊടിമരം നാട്ടപ്പെട്ടു. കൊടിപൊക്കാനും താക്കാനും ഒരാളെയും പാർട്ടി നിയമിച്ചു. കൃഷിപ്പണിക്കിണങ്ങാത്ത കൂലിപ്രശ്നങ്ങളായി. കൃഷിവേലകൾ വൻനഷ്ടത്തിൽ കലാശിച്ചു. വയലേലകളിൽ വേലയെടുത്ത് വിശപ്പുമാറ്റിയിരുന്ന നല്ലകാലം എന്നത്തേയ്ക്കുമായി അവസാനിച്ചു/അവസാനിപ്പിച്ചു!.

വയൽമണ്ണ് ദണ്ണുകണക്കിന് വിറ്റ്/വാങ്ങി കൃഷിഭൂമി ചിറപിടിച്ചു, ചിറകളിൽ തെങ്ങിൻ തൈകൾ നട്ടു, മണിമാളികകൾ പൊങ്ങി. കൂരകളാകാത്തവ പഴയ പ്രതാപകാലത്തിന്റെ രക്തസാക്ഷികളായി തരിശുനിലങ്ങളായി കിടക്കുന്നു. വയലേലകളും, വയൽവേലകളും നെല്ലും നെൽകൃഷിയും നെൽപ്പാടങ്ങളും എന്നേക്കുമായി മറഞ്ഞകന്നു. ഒരിക്കലും തിരിച്ചുവരാത്തവണ്ണം വയൽക്കിളികൾ പറന്നകന്നു.

വയലേലകളുടെയും കരഭൂമിയുടെയും ഗ്രാമത്തിന്റെ തണ്ണെയും നെഞ്ച് കീറിമുറിച്ചുകൊണ്ട് നാടിന് നാശമായി പി.ഐ.പി.(പമ്പാ ഇറിഗേഷൻ പ്രോജക്ട്)കനാലുകൾ നിർമ്മിക്കപ്പെട്ടു. തമിഴ്നാട്ടുകാരായ സഹോദരങ്ങൾക്ക് ഈ തീരഭൂവിൽ എത്തപ്പെടുന്നതിന് ലഭിച്ച സുവർണ്ണാവസരമാണ് കനാൽ നിർമ്മാണക്കാലം. കനാൽ നിർമ്മിതിക്ക് ശേഷം അവരിൽ പലരും ഇവിടെ കുടുംബംകൂടി സ്ഥിരതാമസമാക്കി. നാട്ടിൽ മേസ്തരിപ്പണിക്ക് ആളില്ലാതിരുന്നതിനാൽ തമിഴ്നാട്ടിൽ നിന്നും വന്നവർക്ക് നല്ലജോലി ലഭിച്ചു. അവർ നാട്ടുകാരായ ചെറുപ്പക്കാരെ കൂടെനിർത്തി തൊഴിലഭ്യസിപ്പിച്ചു. അങ്ങനെ തൊഴിലന്വേഷിച്ച് നാടുവിടേണ്ടിയിരുന്ന കുറെ യുവാക്കൾക്ക് പുത്തൻ തൊഴിൽമേഖല നാട്ടിൽത്തന്നെ തുറന്നുകിട്ടി... നാടിന്റെ മാറുകീറിക്കൊണ്ട് കിടക്കുന്ന കനാലുകളുടെ വശങ്ങളിലും ആൾക്കാർ താമസമാക്കി. കനാലുകളുടെ വരവ് നാടിനെ കാനാൻദേശമാക്കും!! എന്നാണ് പറഞ്ഞിരുന്നതെങ്കിൽ ഇന്നത് അപ്പുണ്ണിയുടെ നാടിന്റെ നാശകോടാലിയായി തീർന്നിരിക്കുന്നു, വാസുകിയെന്നപ്പോലെ നാടിനെ ചുറ്റിക്കിടക്കുന്ന കോടികളുടെ കനാൽ!. ദീർഘനാളത്തെ കാത്തിരിപ്പിൽ രണ്ടോ മൂന്നോ തവണയാണ് ഈ നാശകനാലിൽക്കൂടി വെള്ളമെത്തിയത്. കിഴക്കില്ലാത്ത വെള്ളം പടിഞ്ഞാറ് എവിടെനിന്നും എത്താൻ..?

വാസുകിയുടെ കാളകൂടം കഴിപ്പാൻ കൈലാസനാഥൻ വന്നതുപോലെ തീരദേശഭൂവിന് നാശമായി ശയിക്കുന്ന കനാലിൽനിന്നും മോചനമേകാൻ (കനാലുകൾ റോഡുകളാക്കാൻ) എന്നേലും ഒരു രക്ഷകൻ

www.malankaralibrary.com

വരുമോ..?

ശുഭപ്രതീക്ഷയോടെ നാട്ടുകാർക്കൊപ്പം അപ്പുണ്ണിയും കാത്തിരിക്കുന്നു ●

# 4 കൂട്ടുകാർ

ആറുമണിക്കുതന്നെ അപ്പുണ്ണി കണ്ണുതിരുമ്മി എഴുന്നേറ്റു. ഉമ്മറപ്പടിക്ക് മുകളിൽ കെട്ടിയിട്ടിരിക്കുന്ന ഉമിക്കരി കുടുക്കയിൽ കരി തീർന്നതിനാൽ മുറ്റത്തുനിൽക്കുന്ന മാവിൽനിന്നും കൊഴിഞ്ഞുവീണ് കിടന്നിരുന്ന ഒരു പഴുത്ത മാവില എടുത്ത് രണ്ടായി കീറിച്ചുരുട്ടി പല്ലുതേക്കാൻ തീരുമാനിച്ച് മുറ്റത്തേക്കിറങ്ങി.

അപ്പുണ്ണി മാവിലകൊണ്ട് പല്ലുതേക്കാനൊരുങ്ങതുകണ്ട് അമ്മ പാടിപ്പറഞ്ഞു:

''പഴുത്തമാവിന്റിലകൊണ്ട് തേച്ചാൽ

പുഴുത്തപല്ലും നവരത്നമാകും.., എന്നാടാ കവിവാക്യം.''

പുരയുടെ തെക്കുവശത്തേക്ക് നടന്ന് അശോകമരത്തിന് ചുറ്റും കഴിഞ്ഞദിവസം നട്ട പലനിറത്തിലെ കണ്ണാടിച്ചെടിയുടെ സൗന്ദര്യം ആസ്വദിച്ച് അവിടെനിന്ന് അപ്പുണ്ണി പല്ലുതേച്ചു. രണ്ടുദിവസം മുമ്പ് വെട്ടിയിട്ട തെങ്ങിന്റെ മണ്ടയിലെ കൂമ്പും ചങ്കും ചൂഴ്ന്നെടുത്ത കുഴിയിലേക്ക് നീട്ടി പൊക്കിപ്പെടുത്തു (മണ്ണിൽ ഭൂപടം വരയ്ക്കുന്നത് ഇന്നത്തേക്ക് ഒഴിവാക്കി). വെട്ടിയിട്ടിരിക്കുന്ന ഓലയുടെ ഒരു ഈർക്കിലെടുത്ത് രണ്ടായികീറി നാക്കുവടിച്ചു. വീടിന്റെ മുൻപിലെ കിണറിന്റെ കരയിൽ വച്ചിരുന്ന കുടത്തിൽനിന്നും വെള്ളമെടുത്ത് വായ്കഴുകി, കവിളിൽക്കൊണ്ട വെള്ളം കിഴക്കോട്ട് നോക്കി ''ഭൂ..''എന്ന് ആഞ്ഞുതുപ്പി. മഴവില്ല് കാണത്തക്കവണ്ണം തുപ്പിയെങ്കിലും സൂര്യശോഭ അത്രയ്ക്കില്ലാതിരുന്നതിനാൽ പരിശ്രമം പാഴായി. കയ്യും വായും മുഖവും നന്നായ് കഴുകി. അയയിൽനിന്ന് തോർത്തെടുത്ത് മുഖംതുടച്ചു. വയറ്റിലൊന്നും ഇല്ലാഞ്ഞിട്ടാകണം നിക്കർ പിണങ്ങുന്നത്. താഴേയ്ക്ക് ഊർന്നിറങ്ങുന്ന നിക്കർ മുകളിലേയ്ക്ക് കയറ്റിയിട്ട് അടുക്കളയിലേക്ക് ചെന്നു. ചായ അടുപ്പിൻകരയിൽ വെള്ള മഗ്ഗ് പാത്രത്തിൽ അടച്ചുവച്ചിട്ടുണ്ട്. ഭിത്തിഅലമാരയിൽനിന്നും ഒരു ടംബ്ലർ എടുത്ത് അതിലേക്ക് അല്പം പകർന്ന് അപ്പുണ്ണി ചായ കുടിച്ചു. അമ്മ രാവിലെ അഞ്ചരയ്ക്കെഴുന്നേൽക്കും കായംകുളത്തുനിന്നും ആലപ്പുഴയ്ക്ക് പോകുന്ന ട്രാൻസ്പോർട്ട് ബസ് തട്ടാരുമുക്കിനെത്തുമ്പോൾ 5.30 ആയിരിക്കും. ബസിന്റെ ശബ്ദംകേട്ടാണ് അമ്മ എഴുന്നേൽക്കുന്നത്. പിന്നെ തൊഴുത്തിലെ പശുവിന് കാടി, കറവക്കാരൻ കൃഷ്ണൻചേട്ടന് പശുവിനെ കറക്കാൻ പാത്രം എല്ലാം തയ്യാറാക്കിവച്ചിട്ട് അടുപ്പിലെ ചാരംവാരി പുരയിടത്തിലെ തെങ്ങിന് ചുറ്റും കൊണ്ടിടും. പിന്നോട്ട് നടന്ന് പുരയുടെ ഇറമ്പടുപ്പിച്ച് ചൂലുകൊണ്ട് മുറ്റമടിക്കും. മുൻദിവസം കരുതിവയ്ക്കുന്ന പൊത്താനുപയോഗിച്ച് അടുപ്പിലൂതിയൂതിക്കത്തിച്ച് ചായ തിളപ്പിക്കും. ഇതെല്ലാം അപ്പുണ്ണി അമ്മയ്ക്കൊപ്പം എഴുന്നേറ്റ ഒരു ദിവസം കണ്ടതാണ്. ചായകുടിച്ച് അപ്പുണ്ണി കിഴക്കുവശത്തേയ്ക്കിറങ്ങി. ഇന്ന് ശനിയാഴ്ചയായതുകൊണ്ട് സ്കൂളിൽ പോകണ്ട, അതുകൊണ്ട് ടൈംടേബിൾ അനുസരിച്ച് പുസ്തകം ചുമക്കണ്ട. വീടിന്റെ കിഴക്ക് വലതുവശത്ത് ഒരു നെല്ല് പാക്കുതറയുണ്ട്. അതിലേക്ക് ചാഞ്ഞുകിടക്കുന്ന ചുണ്ടൻമാവിന്റെ കമ്പിൽ കയറിയിരുന്ന് ആനകളിക്കുന്നതാണ് അപ്പുണ്ണിയുടെ ഏറ്റവുംവലിയ വിനോദം. അപ്പുണ്ണിയുടെ ഭാരംതാങ്ങാൻ കഴിയുന്നതിനാൽ എത്ര ആഞ്ഞുകുലുക്കിയാലും മാങ്കമ്പ് ഒടിയുകില്ല. ചില ഒഴിവുദിവസങ്ങളിൽ ഈമാവിന്റെ താഴെ ഓലപ്പുരയുണ്ടാക്കി കളിക്കും. പഞ്ചസാര മണലുകൊണ്ട് മെത്തതീർത്തിരിക്കുന്ന ഈ ഭാഗത്തിരുന്നാണ് അപ്പുണ്ണി കൂട്ടുകാർ സജിക്കും ജോയിക്കും ഒപ്പം കളിക്കുന്നത്. അമ്മവിളിച്ചാൽ കേൾക്കുകയും അമ്മയ്ക്ക് അപ്പുണ്ണിയെ കാണുകയും ചെയ്യാം. പറമ്പിന്റെ കിഴക്കേയതിർത്തി ചേർന്നൊഴുകുന്ന തോട്ടിൽനിന്നും വർഷാവർഷം കോരിയെടുക്കുന്ന മണലിടുന്നതുകൊണ്ടാണ് ഈഭാഗത്ത് ഇത്രയും പഞ്ചസാരമണലുള്ളത്.



അപ്പുണ്ണി ചുണ്ടൻമാവിന്റെ ചാഞ്ഞചില്ലയിൽ കയറിയിരുന്ന് ഉറക്കെ പാടിത്തുടങ്ങി. ''**സ്വർണ്ണ വൃന്ദാവന ഹേമന്തമെ.., നിന്റെ പേരുകേട്ടാൽ സ്വർഗ്ഗം നാണിക്കും..**'', ഇത് ഒരുതരം അടയാളം കൊടുക്കലാണ്. പാട്ടുകേട്ട്

www.malankaralibrary.com
വേണം കൂട്ടുകാരെത്താൻ. പാട്ടിന് പ്രയോജനമുണ്ടായി. പുരയിടത്തിന് കിഴക്ക് തെക്കേമൂലയ്ക്കുള്ള വീട്ടിൽനിന്നും സജിയിറങ്ങിവന്നു. തന്റെ സ്വരം കേൾക്കാൻ നിൽക്കുകയായിരുന്നു എന്നമട്ടിലാണ് അവൻ വന്നത്.

സജിക്ക് അപ്പുണ്ണിയേക്കാൾ ഒരുവയസ്സിന് ഇളപ്പമുണ്ട്. അപ്പുണ്ണി നാലിലും സജി മൂന്നാം ക്ലാസ്സിലുമായി കൊട്ടാരം സ്ക്കൂളിൽ പഠിക്കുന്നു. വരുംവർഷം അപ്പുണ്ണി സ്കൂൾ മാറും കാരണം അവിടെ നാലുവരയെ ക്ലാസ്സുകൾ ഉള്ളൂ. അപ്പുണ്ണിയുടെ അപ്പന് നെൽകൃഷിയും വീട്ടിൽ കടയുമുണ്ട്. നേരത്തെ മായിക്കൽ 731 സൊസൈറ്റിയിൽ സെക്രട്ടറിയായിരുന്നു(ആ സ്ഥാപനത്തിലെ ആദ്യ ക്ലാർക്ക്). ഒരിക്കൽ അപ്പുണ്ണി അപ്പന്റെ ഓഫീസിൽ ചേട്ടനൊപ്പം സൈക്കിളിന്റെ പിറകിലിരുന്ന് പോയിരുന്നു. രണ്ടുനില ഓഫീസിൽനിന്നും കെട്ടിടത്തിന്റെ പിറകിലേക്ക് നോക്കിയ അപ്പുണ്ണിക്ക് തല കറങ്ങിപ്പോയി!. എന്തുതാഴ്ചയാണ്..?. തിരികെ പോരുമ്പോൾ ഓഫീസിലെ സഹായി ഗോപിസാർ അപ്പുണ്ണിയുടെ കയ്യിൽ മിഠായി വാങ്ങാൻ പത്തുരൂപ പിടിച്ചേൽപ്പിക്കുകയും ചെയ്തു.

സജിയുടെ അച്ഛന് മീൻകച്ചവടവും കൂടാതെ കടകളിൽ സോഡ നിറച്ചുകൊടുക്കുന്ന സ്ഥാപനവും ഉണ്ട്. കഥകൾ മെനയുന്നതിനും പറയുന്നതിനും മിടുക്കനാണ് സജി. എല്ലാദിവസവും അവൻ ഓരോരോ കഥകൾ അപ്പുണ്ണിയോട് പറയും. വഴിവക്കിൽ കാണുന്ന പുല്ലുകളും ആകാശത്തിലെ പറവകളും നാട്ടിലുംകാട്ടിലും ജീവിക്കുന്ന മൃഗങ്ങളും എല്ലാമെല്ലാം കഥകളിൽ കഥാപാത്രങ്ങളാകും. കഥയുടെ മൂർദ്ധന്യാവസ്ഥകളിൽ ചില ദിവസങ്ങളിൽ സജീവന്റെ അച്ഛൻ ''**സജീവോ...**''എന്ന് നീട്ടിയുറക്കെ വിളിക്കും അത് കേൾക്കേണ്ടതാമസം കളിയും കഥയും ചിരിയും നിർത്തി വീട്ടിലേയ്ക്ക് സജീവൻ ജീവനുംകൊണ്ട് ഓടും. അന്നും സജി അപ്പുണ്ണിക്ക് കഴിഞ്ഞദിവസം മുതുകുളം ഗോപാലകൃഷ്ണയിൽ സുരേന്ദ്രൻ ചേട്ടനൊപ്പം പോയിക്കണ്ട സിനിമയുടെ ഉശിരൻ രംഗങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു.

''സജീവോ.., സജീവോ..'', സജീവന്റെ അച്ഛൻ അവനെ വിളിക്കുന്നു.

''എടാ നിന്നെ വിളിക്കുന്നു..''

കഥയുടെ പാരമ്യത്തിലായിരുന്ന സജി അച്ഛന്റെ ആദ്യവിളി കേട്ടില്ല.

''എന്തോ..'' മറുപടി ഉറക്കെ പറഞ്ഞ് സജീവൻ വീട്ടിലേയ്ക്കോടി.

''അയ്യോ അമ്മേ.!'' സജിയുടെ ഉച്ചത്തിലുള്ള ശബ്ദം അപ്പുണ്ണി കേട്ടു. വിളികേട്ട് വേഗം ചെല്ലാത്തതിന് അച്ഛൻ അവനെ തല്ലിയതാകാം, അതായിരിക്കാം അവൻ നിലവിളിച്ചത്. അപ്പുണ്ണി രാവിലത്തെ ആഹാരംകഴിക്കുന്നതിനായി അടുക്കളയിലേക്ക് കയറിപ്പോയി. രണ്ടാഴ്ച പ്രായമായ 9 കോഴിക്കുഞ്ഞുങ്ങൾ മുറ്റത്ത് നിന്നതിൽ ഒരെണ്ണത്തെ കള്ളറാഞ്ചി എടുത്തുകൊണ്ടുപോയപ്പോൾ കല്ലെറിഞ്ഞുരക്ഷിച്ച സംഭവം അമ്മ പടീറ്റതിലെ ശാരദ അയ്യാരോട് പറഞ്ഞുകൊണ്ട് വഴിയരുകിൽ നിൽക്കുന്നു, ''ഒൻപതും ഫലത്തേകിട്ടിയാൽ പള്ളിയിൽ ഗീവർഗ്ഗീസ് സഹദായ്ക്ക് ഒരു കോഴിയെ നേർച്ചകൊടുക്കാ''മെന്ന് കഥകൾക്കൊപ്പം അമ്മ പറയുന്നു. കള്ളൻ റാഞ്ചിയ കോഴിക്കുഞ്ഞിനെ മഞ്ഞൾ പുരട്ടി അടുക്കളയിൽ വച്ചിരിക്കുന്നു. കള്ളന്റെ കാൽനഖം ചിറകിലെ പെട്ടൊള്ളു അപ്പോഴേയ്ക്കും രക്ഷിച്ചു. കോഴിക്കുഞ്ഞിനെ ഓട്ടു കിണ്ണത്തിന്റെ അടിയിലിട്ടശ്ശേഷം അമ്മ താളാത്മകമായി കിണ്ണത്തിൽ കമ്പുകൊണ്ട് തട്ടി. ചത്തുപോകുമെന്ന് കരുതിയ കോഴിക്കുഞ്ഞ് ''കിയോ.. കിയോ..'' പറഞ്ഞ് എഴുന്നേറ്റുനടക്കുന്നു. താളത്തിന് മൃതസഞ്ജീവനിയുടെ ഫലം നൽകാൻ കഴിയുമെന്ന് അന്ന് അപ്പുണ്ണിക്ക് ബോധ്യമായി. ശബ്ദാലങ്കാരം ജീവൻ രക്ഷാമാർഗ്ഗമാണന്ന് കാരണവൻമാർ മുൻപേ തെളിയിച്ചു!.

ആഹാരം കഴിച്ചശേഷം അപ്പുണ്ണി വീണ്ടും മാവിൻചുവട്ടിലേക്ക് ചെന്ന് ഒറ്റയ്ക്കുകളിക്കാനാരംഭിച്ചു. കുറേ നേരത്തിനുശേഷം പഴയതുപോലെ സജി തിരികെവന്ന് അപ്പുണ്ണിക്കൊപ്പം കൂടി. അവൻ ഇപ്പോഴേ അച്ഛനെ ജോലിയിൽ സഹായിക്കുന്നുണ്ട്. അച്ഛൻ വീട്ടിലെ മെഷ്യനിൽ നിറയ്ക്കുന്ന സോഡാകൾ ചെറിയ കാരിയറിലാക്കി ജംങ്ഷനിലെ കുഞ്ഞപ്പിച്ചായന്റെയും ജോയിച്ചായന്റെയും ഗോപാലൻ സ്വാമിയുടെയും പോലീസിന്റെയും കടകളിൽ കൊണ്ടുക്കൊടുക്കും. ഇങ്ങനെ സോഡാ കടകളിൽ കൊണ്ടു ക്കൊടുക്കുമ്പോൾ കാണുകയും കേൾക്കുകയും ചെയ്യുന്ന കഥകളാണ് സജിയുടെ സംസാരത്തിലെ പ്രധാനവിഷയങ്ങൾ. രാമപുരത്ത് ചന്തയിലെ കടകളിലും സജി സോഡ കൊണ്ടുക്കൊടുക്കും. അവിടെ അടുത്തുള്ള **സുനിത** കൊട്ടകയിലെ സിനിമാപേരുകളും കഥാപാത്രങ്ങളും തീയറ്ററിനുള്ളിൽ നടക്കുന്ന സിനിമയുടെ ഡയലോഗുകളും ഗേറ്റിനുമുൻപിൽ തൂക്കിയിട്ടിരിക്കുന്ന സിനിമ സ്ലൈഡുകളും വിവരങ്ങളും എല്ലാം സജി വന്ന് അപ്പുണ്ണിയോട് പറയും.

''എന്തിനാടാ നീ കാറിയത്..?, അച്ഛൻ നിന്നെ തല്ലിയോ..?'' സജി വന്നപ്പോൾത്തന്നെ നിലവിളിയുടെകാരണം അപ്പുണ്ണി അവനോട് തിരക്കി.

''അച്ഛൻ അടിച്ചതല്ല, ഓടിപ്പോയവഴിയിൽ ഒരു ചേര കിടന്നിരുന്നു, അതിന്റെ മണ്ടയ്ക്ക് ചവിട്ടിയപ്പോൾ അതെന്റെ കാലിൽചുറ്റി. ആയത്തിൽ കുടഞ്ഞ് ഞാനതിനെ ദൂരെയെറിഞ്ഞു. പേടിച്ചുനിലവിളിച്ച ശബ്ദമാണ് കേട്ടത്..''

അപ്പുണ്ണിക്ക് ചേരയേയും പാമ്പിനേയും പേടിയാണ്. പറമ്പുകളിലും കുറ്റിക്കാടുകളിലും വയലുകളിലും പോകുമ്പോൾ ചേരയെ കണ്ടിട്ടുണ്ട്. പക്ഷേ ചവിട്ടിയിട്ടുമില്ല, കാലിൽ ചുറ്റിയിട്ടുമില്ല. അല്പനേരം അപ്പുണ്ണിക്കൊപ്പം കളിച്ചശ്ശേഷം സജി വീട്ടിലേക്ക് തിരികെപ്പോയി•

..... ....

www.malankaralibrary.com

**വീ**ടിന്റെ പടീറ്റതിലെ വാമദേവൻ സാറിന്റെ മകൻ ജോയിയും അപ്പുണ്ണിയുടെ കൂട്ടുകാരനാണ്. സജിയുടെ അതേ പ്രായം. അപ്പുണ്ണിക്ക് പൂമ്പാറ്റ കഥപുസ്തകവും അമർച്ചിത്രകഥകളും വായിക്കാൻ കൊടുക്കുന്നത് ജോയിയാണ്. പകരം അപ്പുണ്ണിക്ക് ലഭിക്കുന്ന കുട്ടികളുടെ ദീപിക, അമ്പിളി അമ്മാവൻ ഇങ്ങനെയുള്ള പുസ്തകങ്ങൾ ജോയിക്കും കൊടുക്കും. പുരാണകഥകളും സ്വാതന്ത്ര്യസമര ചരിത്രങ്ങളും എല്ലാം അപ്പുണ്ണിക്ക് അതിയായ് താത്പ്പര്യമുള്ള വിഷയങ്ങളാണ്. കയ്യിൽക്കിട്ടുന്ന ഏതു പുസ്തകവും അപ്പുണ്ണി വായിക്കും.

മീന മാസക്കാലം, ചക്കുളങ്ങര വയലിൽ ഇടവിളകൃഷിയായി എള്ള് വിതക്കുന്നകാലം. ഈക്കാലത്താണ് പട്ടം പറത്താൻ നാട്ടിലെ കുട്ടികളെല്ലാം പാടത്തെത്തുക. അപ്പുണ്ണിയും കെട്ടി ഒരു പട്ടം, വാലു നീട്ടമുള്ള ഒരെണ്ണം. കൂട്ടുകാരൻ ജോയി സംഘടിപ്പിച്ചു ഒരുണ്ടനൂല്. രണ്ടുപേരും കൂടി ഒരുദിനം വൈകുന്നേരം പാടത്ത് പട്ടം പറത്തി. പട്ടം മേൽക്കാറ്റ് പിടിച്ച് കെട്ടുപൊട്ടിച്ച് എങ്ങോട്ടോ പാറിപ്പോയി. പക്ഷേ വയലിൽക്കൂടി ഓടിക്കളിക്കുമ്പോൾ ജോയിയുടെ കാലിൽ ചാണകം പുരണ്ടു. അഴുക്കോടുകൂടി വീട്ടിൽചെല്ലുന്നത് ഒഴിവാക്കാൻ അടുത്തുള്ള ചാലിലേക്ക് ഇറങ്ങിയ കൂട്ടുകാരൻ ചാലിന്റെ അഗാധങ്ങളിലേക്ക് ആഴ്ന്നാഴ്ന്ന് പോകുന്നു..!. അപ്പുണ്ണി ഉടനെതന്നെ നിലത്ത് കമഴ്ന്നുകിടന്ന് കൈനീട്ടിപ്പിടിച്ച് കൂട്ടുകാരനെ രക്ഷപ്പെടുത്തി.

വെള്ളത്തിന്റെ ശാന്തതയോട് കളിക്കരുതെന്ന് അപ്പുണ്ണിക്കന്ന് ബോദ്ധ്യമായി. വെള്ളത്തിലേക്ക് ആഴ്ന്നാഴ്ന്ന് പോകുന്ന പ്രിയകൂട്ടുകാരന്റെ രൂപം അപ്പുണ്ണി പലപ്പോഴും ഞെട്ടലോടെ ഓർക്കാറുണ്ട്. വർഷാവർഷം തേകി വൃത്തിയാക്കാറുള്ള ചാലിന്റെ തേക്കൊട്ട(വെള്ളം തേകിക്കളയുന്നതിന് വേണ്ടിയുള്ള പാത്രം)വീഴുന്ന ഭാഗത്താണ് കൂട്ടുകാരനന്ന് കാൽ കഴുകാനിറങ്ങിയത്..! ●

ഒരു വേനലവധിക്കാലം. പടീറ്റതിലെ ജ്യോതിച്ചേട്ടൻ മകരജ്യോതിസ്സ്പോലെ മനോഹരമായ ഒരു നാടകം എഴുതിയുണ്ടാക്കി. പുരാണ ഇതിഹാസങ്ങളുടെ ചുവട് പിടിച്ചുള്ള ചൂടൻകഥ, ''**ജയിക്കാനായ് ജനിച്ചവർ**''. രാജാക്കൻമാരും സേവകരും സൈനികരും നാരദരും നിരക്കുന്ന വമ്പൻ തിരക്കഥ. നിരവധി ദിവസത്തെ തയ്യാറെടുപ്പോടെ വീടിന്റെ തെക്കുവശത്തെ അശോകമരത്തണലിൽ സ്റ്റേജുകെട്ടി സെറ്റിട്ടു. അയൽക്കാരുൾപ്പെടെയുള്ള പ്രേക്ഷകർ മുറ്റത്തിരുന്ന് നാടകം ആസ്വദിച്ചു. അരങ്ങിലും അണിയറയിലും അപ്പുണ്ണി, അനിയൻ ചേട്ടൻ, ജോയി, ജ്യോതിച്ചേട്ടൻ, സ്റ്റീഫൻചേട്ടൻ, സജീവൻ.. അങ്ങനെ പോകുന്നു നീണ്ട താരനിര.

പൂമ്പാറ്റയിലും കുട്ടികളുടെ ദീപികയിലും പ്രസിദ്ധീകരിക്കുന്ന പദപ്രശ്ന മത്സരത്തിൽ പങ്കെടുക്കുന്നത് അപ്പുണ്ണിക്ക് ഒരു ഹരമാണ്(സമ്മാനം കിട്ടിയില്ലെങ്കിലും പ്രശ്നമില്ല). അതിനി കുത്തുകൾ യോജിപ്പിച്ച് ചിത്രം പൂർത്തിയാക്കുന്നതോ, മോട്ടു മുയലിന് ക്യാരറ്റ് തിന്നാൻ വഴി കണ്ടുപിടിച്ച് കൊടുക്കുന്നതോ ആയിക്കോട്ടെ, മോട്ടുവിന്റെ വഴി കണ്ടുപിടിച്ചിട്ടേ ബാക്കി കാര്യമുള്ളൂ. വഴിമുട്ടിയവർക്ക് വഴി കണ്ടുപിടിച്ച് നൽകേണ്ടത് ഉത്തമ പൗരന്റെ കടമയല്ലേ?.

അപ്പുണ്ണിയുടെ പദപ്രശ്നത്തിലെ താത്പര്യം ആരോ അറിഞ്ഞിട്ടാണോ ആവോ! ഒരുദിനത്തിലെ പത്രത്തിന്റെ കൂടെ പ്രത്യേക കത്ത് രൂപത്തിൽ ഒരു സംഖ്യാപ്രശ്നം. തെക്കോട്ട് കൂട്ടിയാലും വടക്കോട്ട് കൂട്ടിയാലും കിഴക്കോട്ടായായലും പടിഞ്ഞാട്ടായാലും ഒരേ സംഖ്യവരണം. പ്രശ്നത്തിനൊപ്പം ജയിക്കുന്നവർക്ക് സമ്മാനപ്പെരുമഴ, ഉദാഹരണവും കൂടെ കാണിച്ചിട്ടുണ്ട്!!

നമ്മളിതെത്ര കണ്ടിരിക്കുന്നു!. ഭാരത തലസ്ഥാനമാണ് അഡ്രസ്സിൽ കാണുന്നത്. ഒരുരൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച് അന്നുതന്നെ കൂട്ടുകാർ ആരും കാണാതെ, ആരോടും പറയാതെ പ്രശ്നം പരിഹരിച്ച് കമ്പനിക്ക് തിരിച്ചയച്ചു.

ആഴ്ച ഒന്ന് കഴിഞ്ഞപ്പോൾ ദാ മറുപടി. റേഡിയോ നിങ്ങൾക്ക് സമ്മാനമായി അടിച്ചിരിക്കുന്നു. ആയതിനാൽ സമ്മാനം ഇവിടെനിന്നും അയക്കാനുള്ള ചെലവ് രൂപ നൂറ് മണിയോർഡർ രൂപത്തിൽ എത്രയും പെട്ടെന്ന് അയച്ചുതരുക. ഒരാഴ്ചത്തെ സമയ പരിധി.

കാശിന്റെ കളി അപ്പുണ്ണിക്ക് വശമില്ലാത്തതിനാൽ ആ കളി അവിടെ നിന്നു.

അടുത്ത ആഴ്ചയിൽ പടീറ്റതിലെ ജോയിക്ക് ഒരു പാഴ്സൽ കിട്ടി!. രഹസ്യമായി അദ്ദേഹവും പ്രശ്നം പരിഹരിച്ച് വിട്ടിരുന്നത്രേ!. പോസ്റ്റോഫീസ് ചെലവുകാശും അയച്ചു.

കിട്ടിയതോ ഒരു റേഡിയോ കവറും അതിനുള്ളിൽ കുറെ വൈക്കോലും(കച്ചി). അപ്പുണ്ണിയുടെ സുനന്ദിനി പയ്യിന് പടീറ്റതിൽനിന്നും കച്ചി കിട്ടിയപ്പോഴാണ് പ്രശ്ന രഹസ്യം പരസ്യമായത്.

അപ്പുണ്ണിയുടെ പയ്യിന് ദൽഹിയിലെ കച്ചി തിന്നാനുള്ള യോഗം തടുക്കാൻ ആർക്കേലും സാധിക്കുമോ?.

സംഭവം തീർന്നില്ല. മൂട്ടയെ കൊല്ലുന്നതിനുള്ള യന്ത്രം കിഴക്കേതിലെ സജീവന് ലഭിച്ചു. ഭംഗിയായി പൊതിഞ്ഞ പെട്ടിയിൽ രണ്ട് തരക്കേടില്ലാത്ത ദൽഹി കല്ലുകൾ(കോട്ടകൾ പണിഞ്ഞതിന്റെ ബാക്കി മുഗളന്മാർ ഉപേക്ഷിച്ചതാകാം!). ദോഷം പറയരുതല്ലോ യന്ത്രം പ്രവർത്തിപ്പിക്കുന്നതിനുള്ള രീതി വിശദീകരിക്കുന്ന കുറിപ്പ് പെട്ടിയിലുണ്ടായിരുന്നു. ''മൂട്ടയെ പിടിച്ച് പരന്ന കല്ലിൽ വയ്ക്കുക. മറ്റേ കല്ലുകൊണ്ട് ഇടിച്ചുകൊല്ലുക. ഇടിക്കുമ്പോൾ കയ്യിൽ കല്ല് തട്ടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക!'' (സുരക്ഷാ കാര്യവും വിശദീകരിച്ചിരിക്കുന്നു. ഏതോ ഐ.എസ്.ഒ. സർട്ടിഫൈഡ് കമ്പനി ആകാനെ തരമുള്ളൂ!!).

കൂടുതൽ കൂട്ടുകാർക്ക് ഇനിയും കൂടുതൽ സമ്മാനങ്ങൾ ലഭിക്കട്ടെ! എന്നുള്ള പ്രാർത്ഥന ഉള്ളതിനാൽ അപ്പുണ്ണി കൂട്ടുകാരുടെ സമ്മാന വിവരങ്ങൾ ആരോടും പറഞ്ഞില്ല. നമ്മളായിട്ട് എന്തിനാ ആരുടെയെങ്കിലും സമ്മാനം തടയുന്നത്!, വല്ല കമ്പനിക്കാരുടെയും കഞ്ഞികുടി മുട്ടിക്കുന്നത്!.

അപ്പുണ്ണിയുടെ സ്കൂൾ വിദ്യാഭ്യാസക്കാലത്തുതന്നെ പ്രിയ കളിക്കൂട്ടുകാരൻ ജോയി മാതാപിതാക്കൾക്കൊപ്പം പേരാത്ത് മുക്കിനേക്ക് താമസംമാറി ●

www.malankaralibrary.com

# 5 കുട്ടപ്പച്ചേട്ടൻ

ദിവസവും രാവിലെ ഒൻപതുമണിക്ക് അമ്മ കറി വയ്ക്കുന്ന മൺചട്ടി അല്പം വെള്ളംനനച്ച് വീടിന്റെ കിഴക്കുവശത്തെ കാളത്തിണ്ണയ്ക്ക് കൊണ്ടുവയ്ക്കും. കായലിലെ കരിമീനും കളിയോടനും കോലായും മൊരലും പരലും പള്ളത്തിയും കുട്ടയിലാക്കി തലയിലേറ്റി വരുന്ന പടിഞ്ഞാറുകാരൻ കുട്ടപ്പൻ ചേട്ടന്റെ വിളിക്കായുള്ള കാത്തിരിപ്പാണ് പിന്നീട്. പടിഞ്ഞാറെ മലപ്പുറത്ത് വടക്കേത്തറ വളവ് തിരിഞ്ഞ് ചേട്ടൻ വരുമ്പോഴേക്കും ആ വിളിയുടെ ഇമ്പം കാതിൽ കേൾക്കും.

''ഓ... മീനേയ്.. മീനേയ്..''

അധികം പൊക്കവും വണ്ണവുമില്ലാത്ത ഇരുണ്ട നിറമുള്ള 60 വയസ്സോളമുള്ള കുട്ടപ്പൻ ചേട്ടൻ മീൻകുട്ടയുമായി വീട്ടുമുറ്റത്തേക്ക് കയറിവരും. കുട്ട അമ്മയുംകൂടി താങ്ങിയാണ് താഴെയിറക്കുന്നതും ശേഷം തലയിലേറ്റുന്നതും. മീൻവെള്ളം തലയിലാകാതിരിക്കാൻ കുട്ടയുടെ അടിയിൽ പാള തുന്നിച്ചേർത്തിട്ടുണ്ട്. മീൻ വാരി നിരത്താനുള്ള ഒരുപലകയും കുട്ടയിൽ കരുതിയിരിക്കും. ചെറിയ വിലപേശൽ നടത്തിയാണ് അമ്മ ചേട്ടനിൽനിന്നും മീൻ വാങ്ങുന്നത്. പതിനൊന്നുമണി ആകുമ്പോഴേക്കും കിഴക്കുനിന്നും കാലിക്കുട്ടയുമായി ചേട്ടൻ തിരികെവരുന്ന സമയത്താണ് മീനിന്റെ വില വീട്ടിൽനിന്നും വാങ്ങുന്നത്. തേങ്ങായും തൊണ്ടും മീനിന്റെ വില കണക്കാക്കി ചിലപ്പോൾ അമ്മ കൊടുത്തുവിടും. ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും മത്സ്യക്കുട്ടയും തലയിലേറ്റി വീടുവീടാന്തരം കയറിയിറങ്ങുന്ന ചേട്ടൻ തിരികെപ്പോകുന്ന സമയത്ത് ചിലദിവസങ്ങളിൽ തിണ്ണയ്ക്കിരുത്തി അമ്മ ചൂടുകഞ്ഞിയും കറിയും വിളമ്പിക്കൊടുക്കും. നിറഞ്ഞ വയറും നനുത്ത മനസ്സുമായി ചേട്ടൻ നടന്നകലും. നാട്ടിലെ സാധുകുടുംബങ്ങളിൽ മിക്കതും മത്സ്യക്കച്ചവട വരുമാനം കൊണ്ടാണ് കുടുംബം പുലർത്തുന്നത്, സ്ത്രീജനങ്ങൾ തൊണ്ടുതല്ലി കയറുപിരിച്ച് വരുമാനം കണ്ടെത്തും (അപ്പുണ്ണിയുടെ വീട്ടിൽനിന്നും ഒന്നരകിലോമീറ്റർ പടിഞ്ഞാറാണ് കായംകുളം കായൽ. അരമണിക്കൂർ കടത്തിറങ്ങി അല്പം നടന്നാൽ അറബിക്കടലായി). കുട്ടയിലാക്കിയ മത്സ്യങ്ങളുമായി ഓരോരുത്തർ രാവിലെതന്നെ വന്നുതുടങ്ങും. വിൽപ്പനക്കാരുടെ വിളി



കേൾക്കുംമ്പോഴേ അമ്മ ആളിനെ തിരിച്ചറിഞ്ഞ് അവരുടെ ഗുണവും ദോഷവും പറയും. തെക്കേലെ പുരുഷൻചേട്ടനും കുട്ടപ്പൻചേട്ടനും ഇങ്ങനെ വീട്ടിൽ മത്സ്യങ്ങളുമായ് വരുന്നവരാണ്. പുരുഷൻചേട്ടൻ സർവ്വസമയവും പല്ലുഞെറുമ്മിക്കൊണ്ടേ നടക്കൂ. കടലയ്ക്കാ കൊറിക്കുംവണ്ണമുള്ള പല്ല് ഞെറുമ്മൽ കേട്ടാൽ അപ്പുണ്ണിയുടെ പല്ലുപുളിക്കും.

വൈകുന്നേരംവരെയും വിറ്റിട്ടും അധികംവരുന്ന കടൽമത്സ്യങ്ങൾ പുരുഷൻചേട്ടന്റെ സഹധർമ്മിണി ഗൗരിയമ്മ കീറി അഴുക്കുകളഞ്ഞ് ഉപ്പിട്ട് ഉണക്കും. കടൽവറുതിക്കാലങ്ങളിൽ ഉണക്കിവയ്ക്കുന്ന മത്സ്യങ്ങളാണ് അന്നത്തിന് തുണയാകുന്നത്.

രണ്ടുമാസത്തിലധികം കുട്ടപ്പൻചേട്ടൻ മത്സ്യവുമായി എത്താതിരുന്നപ്പോൾ അപ്പൻ അദ്ദേഹത്തിന്റെ കായൽ കരയിലെ വീട്ടിലേക്ക് പോയി. പനിയും കിടുകിടുപ്പും മറ്റ് ശാരീരിക അസ്വാസ്ഥ്യങ്ങളും കൊണ്ട് കിടപ്പിലായ ചേട്ടന് സാമ്പത്തികസഹായവും കൊടുത്താണ് അപ്പൻ തിരികെവന്നത്..

നേരിന്റെയും നെറിയുടെയും വിശ്വസ്ഥതയുടെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കാലങ്ങളിൽ ജീവിച്ച് കടന്നുപോകുന്നതിന് പൂർവ്വീകർക്ക് സാധിച്ചു, ഇന്നോ..? ●

www.malankaralibrary.com

# 6 ഓണം പൊന്നോണം

‘‘തെക്കെ പറമ്പിൽ തേങ്ങയിടാൻ മൂപ്പൻ വന്നു, നീ ചെന്ന് തെങ്ങാ പെറുക്കികൂട്ടിയാൽ മൂപ്പൻ ഊഞ്ഞാലിട്ടുതരും..’’വെയിലത്തിട്ട കൊപ്ര ആട്ടിക്കാൻ അരിഞ്ഞുകൊണ്ടിരുന്ന ലിസിചേച്ചി അപ്പുണ്ണിയോട് പറഞ്ഞു. നാലാംക്ലാസ് ഓണപ്പരീക്ഷ കഴിഞ്ഞിട്ടും അത്തമുദിച്ച് മൂന്നുനാൾ കഴിഞ്ഞിട്ടും ഊഞ്ഞാലിടാത്തതിലുള്ള പരിഭവത്തിൽ പ്രതിഷേധഭാവത്തിൽ പുരയുടെ പടിഞ്ഞാറെ തിണ്ണയ്ക്കിരുന്ന അപ്പുണ്ണിയെ നോക്കി ചേച്ചിയുടെ സ്നേഹവാക്ക്.

ഓ.. ഈ വാക്കും പഴയ ചാക്കും ഒരുപോലാ.., ഓണം പിറക്കുന്ന മുന്നേ ഊഞ്ഞാലിടീച്ച് തരാമെന്ന് വാക്കുപറഞ്ഞിരുന്ന ആളാ ഒരുവിലയുമില്ല. പിന്നെ ചേച്ചിയല്ലെ, സ്നേഹത്തോടെ പറഞ്ഞതല്ലെ അനുസരിച്ചു നോക്കാം. പോയാൽ അല്പമദ്ധ്വാനം വന്നാലോ? ഓണത്തിനാടാൻ ഊഞ്ഞാൽ!!.

മൂപ്പൻ സ്കൂൾ അവധി ദിവസങ്ങളിൽ തേങ്ങയിടാൻ വന്നാൽ പെറുക്കികൂട്ടാൻ അപ്പുണ്ണിയാണ് സഹായി. ഒരു കരിക്കാണ് കൂലി. ‘‘ക്ഷീണം മാറ്റാൻ അത്യുത്തമം, മാക്രി പെടുക്കാത്ത വെള്ളം’’ ഇങ്ങനെ കരിക്കിന്റെ ഔഷധമൂല്ല്യങ്ങളോരോന്നു പറഞ്ഞാണ് മൂപ്പൻ കരിക്കിന്റെ മണ്ടവെട്ടി അപ്പുണ്ണിക്ക് കുടിക്കാനെടുക്കുന്നത്.



പിണക്കംമാറ്റിവച്ച് അപ്പുണ്ണി തെക്കേപറമ്പിലേക്ക് നടന്നു. മൂപ്പൻ ഓരോരോ തെങ്ങിലും മാറിമാറി കേറിത്തുടങ്ങിയിരിക്കുന്നു. മൂന്ന് തെങ്ങുകളുടെ ചുവട്ടിൽതേങ്ങാ വെട്ടിയിട്ടത് കിടപ്പുണ്ട്, ഉടനെ ചെന്നെടുക്കാൻ പോയില്ല. എപ്പഴാ അടുത്ത തേങ്ങ വീഴുന്നതെന്നറിയില്ല. ചിലപ്പോൾ ചിലത് തെറിച്ചുവരും. ‘‘തെങ്ങിൽനിന്നും ആൾ നിലത്തിറങ്ങിയശേഷമേ തേങ്ങപെറുക്കാൻ പോകാവൂ..’’, അപ്പൻ അപ്പുണ്ണിയോട് പറഞ്ഞിട്ടുള്ളത് ഓർമ്മയുള്ളതിനാൽ നേരെ തെങ്ങിൻ ചുവട്ടിലേക്ക് പോയില്ല.

‘‘പധോം.. പധോം.. പധോം..’’ മൂപ്പൻ മൂന്നു കുല തേങ്ങകൾ വെട്ടിയിട്ട് താഴെയിറങ്ങി. ഇറങ്ങിയപാടേ വലിയ വരയൻ നിക്കറിനു മേലെയുടുത്തിരുന്ന തോർത്തുരിഞ്ഞ് ശരീരം മുഴുവൻ തൂത്തുവൃത്തിയാക്കി. കടിയനുറുമ്പ് കുലകളുടെയും കൊതുമ്പിന്റെയും ഇടയിൽനിന്ന് വീണ് ദേഹംമുഴുവൻ കടിച്ചിരിക്കുന്നു. മൂപ്പൻ എറുമ്പിനെ തൂത്ത് അടുത്ത തെങ്ങിൽ കയറാൻപോയ തക്കത്തിന് അപ്പുണ്ണി വെട്ടിയിട്ട തേങ്ങാമുഴുവൻ പെറുക്കി ഒരിടത്ത് കൂട്ടി. ഓരൊ പുരയിടത്തിലേയും തെങ്ങുകളിൽ മാറിമാറി കേറി മൂപ്പൻ തേങ്ങായിട്ടുതീർത്തു. ഒപ്പം നിന്ന് അപ്പുണ്ണിയും തന്റെ പണിയൊതുക്കി.

‘‘എനിക്കൊരു ഊഞ്ഞാലിട്ടു തരാമോ..?’’

‘‘കയറെടുത്ത് തരാമെങ്കിൽ കെട്ടിത്തരാം..’’

അപ്പന്റെ സമ്മതത്തോടെ കടയിൽനിന്നും അപ്പുണ്ണി നീളമുള്ള പൊച്ചം(കയർ)എടുത്ത് മൂപ്പന്റെ കയ്യിൽ കൊടുത്തു. മൂപ്പൻ കയറുമായി പുരമുന്നിലെ പ്ലാവിൽ കയറി രണ്ടറ്റവും മരക്കൊമ്പിൽ കെട്ടി, താഴെയിറങ്ങി തെങ്ങോലയുടെ കവളംമടൽ ചുവടുവെട്ടി പടിയാക്കി കയറിൽ ഉറപ്പിച്ചുവച്ചു. ഊഞ്ഞാൽ തയ്യാർ.

‘‘വയറുനിറച്ചാടിക്കോ കേട്ടോ..’’ മൂപ്പൻ നടന്നുനീങ്ങി.

അപ്പുണ്ണിയുടെ പരിഭവമെല്ലാം മാറി, ഇനി കരിക്ക് കിട്ടിയില്ലെങ്കിലും വേണ്ടില്ല. പാൽപ്പായസം കുടിച്ചിട്ട് പാല് പ്രത്യേകം കുടിക്കണോ..? ഇനി ഓണം കഴിയുംവരെ അപ്പുണ്ണിക്കും കൂട്ടർക്കും രാപകൽ ഭേദമെന്യേ ആട്ടക്കാലമാണ്, ചില്ലാട്ടക്കാലമാണ്. കൂടുതൽ ആയത്തിൽ.., കൂടുതൽ ഉയരത്തിൽ.

‘‘ആർപ്പോ.. ഇർറോ..’’

പ്ലാവിന്റെ കുലുക്കവും അപ്പുണ്ണിയുടെ വായ്ത്താരിയും കേട്ട് സജി, ജോയി, സന്തോഷ്, തുളസി, ശ്യാമള, സതി, സുശീല, പ്രീത, ഉണ്ണി, സാലമ്മ, പ്രഭാകരൻ, ശാന്തൻ.. അങ്ങനെ ഓരോരുത്തരായി എത്തിത്തുടങ്ങി. ഊഴം മാറിമാറി ഓരോരുത്തർ ആടാൻതുടങ്ങി, അപ്പുണ്ണിക്കതിൽ സന്തോഷമേയുള്ളൂ. കൂട്ടുകാരില്ലാതെ ഒറ്റയ്ക്കിരുന്ന് ആടുന്നതിന് സുഖമില്ല. പിന്നിൽനിന്ന് തള്ളിത്തരുവാൻ ആളുവേണ്ടേ..?, മുട്ടുണ്ടയിടാൻ ആളുവേണ്ടേ..?, കഥപറയാൻ ആളുവേണ്ടേ..?, അപ്പുണ്ണി പറയുന്ന കഥകേൾക്കാൻ ആളുവേണ്ടേ..?

‘‘കൂട്ടർതൻ മിണ്ടാട്ടമില്ലാതെ എങ്ങനെ

www.malankaralibrary.com
ഊഞ്ഞാലിലോണത്തിൻ പൂവിളികൾ..?''

രണ്ടുദിവസം ആടിതിമിർത്തപ്പോഴേക്കും ഒറ്റയ്ക്ക് ആയത്തിലെങ്ങനെ ആടാനാകുമെന്ന് അപ്പുണ്ണി കണ്ടുപിടിച്ചു, ആർക്കമിഡീസിനെ പോലെ ''യുറേക്കാ.,യുറേക്കാ..'' എന്നാർത്തുവിളിച്ചോടിയില്ല എന്നുമാത്രം. ഊഞ്ഞാൽപ്പടിയിൽ വലത് കൈകൊണ്ടും ഇടത്തേകയറിൽ ഇടത് കൈകൊണ്ടും പിടിച്ച് ഓടിച്ചാടി ആയ ത്തിൽ പടിയിലേക്ക് ചാടിക്കേറുക. ഊഞ്ഞാലിനൊപ്പം അല്പം ഓടണമെന്ന് മാത്രം. ചാട്ടം തെറ്റിയാൽ ഓണാ ഘോഷം ഊഞ്ഞാൽചുവട്ടിൽ തീരും..! (നെഞ്ചടിച്ച് നിലത്ത് വീഴുമെന്ന് സാരം. അപ്പുണ്ണിയുടെ അമ്മയുടെ ഭാഷയിൽ ''പെണറങ്ങാ പൊട്ടും'')

''കീ..കീ..കീ..'', ചേച്ചി മുറ്റത്ത് തേങ്ങാ ഉണക്കാനിട്ടത് തിന്നാൻവന്ന കാക്കയെ ഓടിക്കുന്ന ശബ്ദം. ചത്ത കാക്കയുടെ ചിറക് പായിൽവച്ചിട്ടും യാതൊരു പ്രയോജനവുമില്ല. എന്തൊരുശല്ല്യം..?.

അരിഞ്ഞിട്ടതേങ്ങ നാലുദിനം വെയില് കൊള്ളിച്ചിട്ടുവേണം ആട്ടാൻ ചേട്ടനൊപ്പം മുക്കിനുള്ള ബാലൻപിള്ളച്ചേട്ടന്റെ മില്ലിൽ പോകേണ്ടത്, ആ വെളിച്ചെണ്ണ തെളിച്ചുറ്റിവേണം ഉത്രാടത്തിനുപ്പേരി വറക്കാൻ.

തെക്കേപ്പുറത്തെ റോഡിൽ ഒരു വെളുത്ത അംബാസിഡർ കാർ വന്നുനിന്നു. തെക്കേലെ ചെല്ലമ്മ യുടെ ഭർത്താവ് ബാബു, പത്താൻകോട്ടുനിന്നും വരുന്നുണ്ടന്ന് അമ്മ രാവിലെ പറയുന്നത് കേട്ടിരുന്നു. അപ്പു ണ്ണിയുടെ സന്തോഷം ഇരട്ടിച്ചു, കഴിഞ്ഞവർഷവും അദ്ദേഹം ഗ്രഫിൽനിന്നും ഓണത്തിന് നാട്ടിലുണ്ടായിരുന്നു, ദിവസവും പടക്കം പൊട്ടിക്കും, പൂത്തിരി കത്തിക്കും, വീട്ടിൽ സ്ത്രീജനങ്ങളുടെ തിരുവാതിരനടത്തും. എന്നു വേണ്ട ഓണക്കളികളുടെ ഓളമാണ് വെള്ള അംബാസിഡർ കാറിൽ ഗ്രഫിൽനിന്നും (കായങ്കുളം, മുതുകുളം, കീരിക്കാട്-കാമുകി-എന്നിവിടങ്ങളിൽ നിന്നും ഗ്രഫിൽ ഒരുപാട് ആൾക്കാർ ജോലിചെയ്യുന്നുണ്ട്) തെക്കേപ്പു റത്ത് വന്നിറങ്ങിയിരിക്കുന്നത്. ''**ഓണമായാലൊരു ഓളം വേണ്ടേ..?.**''

ഇന്ന് ഉത്രാടം, ഓരോ വീടിന്റെയും മുൻപിലും മാവേലിയെ (മനസ്സിൽ വേലിയരുത്) സ്വീകരിക്കാൻ ചെറുദീപങ്ങൾ തെളിക്കുന്നു. എണ്ണനിറച്ച് തിരി തെളിക്കുന്നതിനുള്ള ചിമിഴ് തരപ്പെടുത്താൻ പരിസരവാസിക ളെല്ലാം അപ്പുണ്ണിയുടെ വീട്ടിലെത്തും. തെക്കേ പറമ്പരുകിൽ നിൽക്കുന്ന വലിയ മരോട്ടിമരത്തിൽ കയറി മൂത്ത മരോട്ടിക്കാ പറിച്ച് വെട്ടുകത്തിയാൽ രണ്ടായി പിളർക്കും. കുരുവും മാംസളഭാഗങ്ങളും നീക്കം ചെയ്യും(മരോട്ടിക്കുരു കൃമികീടങ്ങളുടെ ശത്രുവായതിനാൽ തെങ്ങിന്റെ മണ്ടയിലും മറ്റും ചതച്ചിടാറുണ്ട്). തോടിലാണ് എണ്ണനിറച്ച് ഓണവിളക്ക് തെളിക്കുന്നത്. വിളക്കുവയ്ക്കാൻ വാഴപ്പോളയിൽ ഈർക്കിൽ വളച്ചുകുത്തിയോ, ഓലമടൽ ഒരുക്കിക്കുത്തിയോ തയ്യാറാക്കും.

സന്ധ്യയായി, ദിക്കുകളെ പ്രകമ്പനംകൊള്ളിച്ച് ഇടതടവില്ലാതെ പടക്കം പൊട്ടാൻതുടങ്ങി. അടുക്കള യിൽ അമ്മയും ചേച്ചിയും അച്ചമ്മയും രാവിലെ മുതൽ തിരക്കിലാണ്. ചേട്ടനും ചേച്ചിയും അരി ഇടിക്കുന്നു, ഇടയുന്നു, കുഴയ്ക്കുന്നു, ഞെക്കുന്നു, കലക്കുന്നു, മുക്കുന്നു.. അങ്ങനെ ആകെത്തിരക്ക്. കുഴലപ്പം, അച്ചപ്പം, ചീപ്പപ്പം, കളിയടയ്ക്ക, കപ്പ, കാച്ചിൽ, വാഴക്കാ ഉപ്പേരികൾ. പക്കാവട, മുറുക്ക്, മധുരസേവ, ഡയമൻ.. അങ്ങ നെയെല്ലാം വറുത്ത് വലിയ ബ്രിട്ടാണിയ പാട്ടകളിലാക്കി കുലുക്കിക്കൊള്ളിച്ച് നിറച്ച് കാറ്റുകേറാതെ മുറുക്കി അടച്ചുവയ്ക്കുന്നു. ഇനി ദിവസവും വൈകുന്നേരത്തെ ചായയ്ക്കൊപ്പം പത്തായത്തിന് മേലെയിരിക്കുന്ന ഉപ്പേരിപ്പാട്ട വെട്ടുകത്തികൊണ്ട് തുറക്കും. പാട്ട മുന്നോട്ട് ചായ്ച്ച് വാരിയെടുക്കും. ഉപ്പേരിപ്പാട്ടയനങ്ങുന്ന ശബ്ദം കേൾക്കേണ്ടതാമസം ഫുൾ ബെറ്റാലിയൻ പത്തായത്തിനു ചുറ്റും ഹാജർ. അമ്മ കൈനിറച്ച് ഓരോരു ത്തർക്കും വാരി വീതിക്കും. പിന്നെ തമ്മിൽ തമ്മിൽ എണ്ണം പറച്ചിൽ, ആർക്കാണ് കൂടുതൽ കിട്ടിയത്..?. ഉപ്പേ രിയിൽ വറുത്തിട്ടിരിക്കുന്ന കളിയടയ്ക്ക കിട്ടിയ ഭാഗ്യവാനാരാണ്..?, ശേഷം മരച്ചോട്ടിലെ ഊഞ്ഞാലിലേക്ക് ഒറ്റയോട്ടമാണ്. പോക്കറ്റിലിട്ടിരിക്കുന്ന ഉപ്പേരികൾ ആടിക്കൊണ്ട് കൊറിക്കാൻ.

തെക്കേപ്പുറത്ത് സ്ത്രീജനങ്ങൾ തിരുവാതിരയ്ക്ക് മുൻപായുള്ള വായ്ക്കുരവയിട്ട് ആൾക്കാരെ കൂട്ടു ന്നു, താളാത്മകമായ കൈത്താളം.

''**ഈഴവർ ജാതി കുമാരനാശാൻ..**
**കുളിയും കുറിയും കഴിഞ്ഞൊരാശാൻ..**''

താളം മുറുകുന്നു. ശേഷം കൈമെയ് മറന്നുള്ള ചുവടുവയ്പ് മാത്രം. രാവിലെ കാറിൽ വന്നിറങ്ങിയ ബാബുച്ചേട്ടൻ കുഞ്ഞൻപിള്ളയുടെ പടക്ക കടയിൽനിന്നും വാങ്ങിവന്ന ഒരുകെട്ട് പടക്കവും കത്തിച്ച വിളക്കു മായി അപ്പുണ്ണിയുടെ വീടിന്റെ വാതിൽക്കൽതന്നെ ഇരിപ്പുറപ്പിച്ചു. ഇനി പടക്കം തീരുംവരെ പൊട്ടീരുതുടരും. ഓലപ്പടക്കം, കമ്പിത്തിരി, അമിട്ട്, കുരവപ്പൂ, എലിവാണം.. പടക്കയിനങ്ങൾ നീണ്ടുനീണ്ടു പോകുന്നു. ഇന്ന് വാങ്ങിയത് ഇന്നത്തേയ്ക്ക്, നാളത്തെക്കാര്യം നാളെ നോക്കാം. ഒരുമാസത്തെ ഓണാഘോഷത്തിനാണ് അദ്ദേഹം അവധിക്കെത്തിയിരിക്കുന്നത്.

''**സാരാ സാരാ മന്ദിരത്തിൽ സാരനെന്നൊരു വീരൻ**
**വീരനെന്നയെന്റെ ഭാര്യ, സുന്ദരി ദമയന്തി**..''സ്ത്രീജനങ്ങൾ മുറ്റത്ത് അരങ്ങുതകർക്കുന്നു.

..... ..... .....

''അയ്യോ..!. ഓടിവായോ..! എന്റെ മോനേ.., അയ്യോ..!''
നിലവിളിയും നെഞ്ചത്തിടിയും കേട്ടാണ് അപ്പുണ്ണിയും ചേട്ടനും ചേച്ചിയും അമ്മയും മറ്റയൽക്കാരും

www.malankaralibrary.com

പലഭാഗത്തുനിന്നും തെക്കേപ്പുറത്തേക്ക് ഓടിച്ചെന്നത്.

''എന്താ.. എന്തുപറ്റി..?''

മകൻ സന്തോഷിനെയും പൊക്കിയെടുത്ത് ഗൗരിയമ്മ അപ്പുണ്ണിയുടെ വീട്ടുമുറ്റത്തെ കിണറ്റിൻ കരയിലേക്ക് ഓടിയടുക്കുന്നു. കോരിവച്ചിരുന്ന ചരുവത്തിലെ വെള്ളത്തിൽ സന്തോഷിന്റെ തലമുക്കുന്നു, നിവർത്തുന്നു.

''എനിക്ക് കുഴപ്പമൊന്നും ഇല്ല..'' സന്തോഷിന്റെ ശബ്ദം.., ഹാവൂ..!''

പൊട്ടാതെ കിടന്നിരുന്ന പടക്കം എല്ലാംകൂടി പൊളിച്ചെടുത്ത് ഒരുപേപ്പറിലാക്കി. കുനിഞ്ഞിരുന്ന് തീപ്പെട്ടിയുരച്ചു, കത്തിയില്ല, ഊതിക്കത്തിച്ചു..! പടക്കമരുന്നിന് തീകത്തി, പുക മൂക്കിലും വായിലും അണ്ണാക്കിലും ഇരച്ചുകയറി, സന്തോഷ് മലർന്നടിച്ച് റോഡിൽ. ആ വർഷത്തിലെ ഓണത്തിന്റെ പ്രധാന ഐറ്റമായിരുന്നു സന്തോഷിന്റെ വെടി മരുന്നൂത്ത് പ്രയോഗം.

**''ഒന്നാനാം കുഴിക്കുളത്തിൽ തണ്ടേൽ നിന്നൊരു താമര**
**ആപ്പൂവ് പറിപ്പതിന്നായ് ഞാനുമെന്റെ തോഴിമാരും..''**

താളത്തിൽ ചുറ്റുംനിന്ന് ഓണക്കളികളാടുന്ന അയലത്തുകാരുടെ ചുവടുകൾ അപ്പുണ്ണിയുടെ ഓണ ഓർമ്മകളെ ഇന്നും തുയിലുണർത്തുന്നു. നൂറ് നൂറ് ആഘോഷങ്ങൾ വേറെവന്നാലും അപ്പുണ്ണിക്ക് ഓണാഘോഷങ്ങൾ ഒന്നും മറക്കാവതല്ല, അത്രയ്ക്കാണ് അപ്പുണ്ണിയുടെ ഓണക്കാലത്തെ ഓർമ്മകൾ! ●

# 7 മഴ മഴ പെരുമഴ

കന്നിവറുതിക്ക് ശേഷം മാനം കാർമേഘങ്ങൾക്ക് സ്വാഗതമോതാൻ താലമെടുത്ത് തയ്യാറായപ്പോൾ ചെറിയചെറിയ കുടുക്കം കിഴക്കെവിടൊക്കയോ കേട്ടുതുടങ്ങി. മലയാളനാടിന് പ്രകൃതി വരമായേകിയ രണ്ട് മഴക്കാലങ്ങളിൽ രണ്ടാമത്തെ മഴക്കാലമായ തുലാവർഷത്തെ (ഒക്ടോബർ-നവംബർ മാസങ്ങളിൽ ബംഗാൾ ഉൾക്കടലിൽ രൂപംകൊള്ളുന്നത്) സ്വീകരിക്കാൻ പ്രകൃതി ഒരുങ്ങിക്കഴിഞ്ഞു. (ഇടവം പകുതിക്ക് തെക്കുപടിഞ്ഞാറെ മാനത്ത് രൂപംകൊണ്ട് പെയ്യുന്ന മഴയാണ് ഇടവപ്പാതി. മെയ് അവസാനം വേനൽച്ചൂട് കൂടി ഭൂമധ്യരേഖയ്ക്ക് തെക്ക് ഇന്ത്യൻ മഹാസമുദ്രത്തിൽ നിന്ന് നീരാവി ഉയർന്ന് കാർമേഘങ്ങൾ രൂപംകൊള്ളും. അതിനിടെ ഇന്ത്യൻ മഹാസമുദ്രവും കടന്ന് ഒരു തണുത്തകാറ്റ് കേരളക്കരയിലെത്തും. ഇതാണ് തെക്കുപടിഞ്ഞാറൻ മൺസൂൺകാറ്റ്. കടൽ കടന്നെത്തുന്ന ഈ തണുത്തകാറ്റിനെ സഹ്യപർവ്വതം തടഞ്ഞുനിർത്തും. ഈ കാറ്റിന്റെ വരവോടെ മഴമേഘങ്ങൾ തണുത്തുറഞ്ഞ് കാലവർഷം തുടങ്ങും ഇതുതന്നെയാണ് മൺസൂൺ).



കൃഷിക്ക് മഴവെള്ളം പ്രയോജനമാകത്തക്ക വണ്ണം തെങ്ങുകളുടെ ചുവടുകളിൽ തടമെടുത്ത് ചാണകവും ചാരവും ഉപ്പും കക്കായും ഇട്ട് കർഷകർ മഴക്കാലത്തെ വരവേൽക്കാൻ തയ്യാറായി. തണുത്തകാറ്റ് പൈലറ്റ് വാഹനമെന്നവണ്ണം കടന്നുവന്നു. കൊഴിഞ്ഞകലാൻ തയ്യാറായി നിന്നിരുന്ന പഴുത്തിലകൾ മറ്റൊരുമഴയായി മരങ്ങളിൽ നിന്നും പെയ്തിറങ്ങി. പെയ്ത്തിന് പ്രകൃതിയുടെ കൂഴൽവിളിപോലെ പക്ഷിമൃഗാദികൾ കൂടണയാൻ കരഞ്ഞുവിളിച്ചു. വൻമഴയ്ക്ക് മുൻപെ പാക്കുതറകളിൽനിന്നും പറിച്ചുനടപ്പെട്ട ഞാറുകൾ വയലുകളിൽ വേരിറക്കി മഴമേഘങ്ങൾ വരുന്നതുംകാത്ത് തലയുയർത്തിനിന്നു. ഇടവപ്പാതി മഴവെള്ളപ്പാച്ചിലിൽ കുഴിക്കുളങ്ങളിലും ചാലുകളിലും ഇറങ്ങി വാർപ്പിട്ടു ( മീൻ കുഞ്ഞുങ്ങൾ) നിൽക്കുന്ന വരാൽക്കൂട്ടങ്ങൾ മഴയ്ക്കായി പ്രാർത്ഥിക്കുന്നുണ്ടായിരിക്കണം. എവിടെ നിന്നോ അർത്തിരച്ചുവരുന്ന പെരുമഴ ദാ.. എത്തിപ്പോയ്.

മഴ.. മഴ.. മഴ.. തുലാമഴ.. തുലാവർഷം.

മാനം കീറിമുറിച്ച് മിന്നൽപ്പിണരുകൾ, ദിക്കുകൾ നടുങ്ങുമാറ് ഇടി, പ്രകൃതിയുടെ താണ്ഡവം.. ആദ്യ

www.malankaralibrary.com

തുലാമഴ.

"നിറച്ചളക്കും തറവാട്ടിലെ ലോഭമില്ലാപ്രമാണിപോൽ
നിന്നുപെയ്യുന്നു നീരദം കാട്ടിലും വയൽമേട്ടിലും."

കനൽക്കട്ടയിൽ വെള്ളം വീണാലെന്നപോലെയുള്ള അവസ്ഥ. അന്തരീക്ഷത്തിൽ പൊടി മണം തിങ്ങുന്നു. മലയാളക്കരയാകെ രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ മഴ ആടിത്തിമിർത്തു തുടങ്ങുന്നു. കിണറുകളിലും കുളങ്ങളിലും വയലുകളിലും എല്ലാം തുലാവർഷ മഴവെള്ളം. ആദ്യ മഴയ്ക്കുശേഷം പെയ്യുന്ന മഴയിൽ മണ്ണിന്റെ ഉള്ളിലെ അറകളിൽ നിന്നും ഈയലുകൾ ഉയരുകയായി. മുന്നിൽ കാണുന്ന ദീപപ്രകാശത്തിലേക്ക് അവ കൂട്ടം കൂട്ടമായി ചിറകടിച്ചടുക്കും, തട്ടിത്തടഞ്ഞ് വീഴുന്നവ വീണ്ടും പറന്നുയരാൻ ശ്രമിക്കും. രൂക്ഷ ഗന്ധത്തോടെ മുറിക്കുള്ളിലെ വിളക്കുവെട്ടത്തിലേക്ക് ജനൽ കടന്നെത്തുന്നവയെ ചരുവത്തിൽ വെള്ളംവച്ച് അപ്പുണ്ണി വീഴ്ത്തും. കാക്കയും കാക്കത്തമ്പുരാട്ടി പക്ഷികളും ആകാശത്തിലൂടെയും, തവളയും ഗൗളിയും എട്ടുകാലിയും അവയുടെ മാർഗ്ഗത്തിലൂടെയും ഈയലുകളെ കീഴ്പ്പെടുത്തി അകത്താക്കും. ഇത്രയും ഈയൽക്കൂട്ടങ്ങൾ ഈ ചെറുകുഴിയിൽ എങ്ങനെ കൂടുകൂട്ടിയിരിക്കുന്നു!, പലപ്പോഴും അപ്പുണ്ണി അത്ഭുതം കൂറിയിട്ടുണ്ട്. പൊങ്ങിപ്പറക്കുന്ന ഈയൽകൂട്ടങ്ങളുടെ ശരീരനിറം നോക്കി അമ്മ മഴയുടെ കാഠിന്യത്തെക്കുറിച്ച് അപ്പുണ്ണിയോട് പറഞ്ഞിട്ടുണ്ട്. ഈയൽ ശരീരം കറുത്തതെങ്കിൽ കഠിനമഴയും വെളുത്തതെങ്കിൽ മഴശമിക്കുമെന്നും. പ്രകൃതിയും പ്രകൃതിയുടെ പഠനങ്ങളും എത്ര സുന്ദരം.

മഴക്കാലം അപ്പുണ്ണിക്ക് പ്രിയപ്പെട്ട കാലമാണ്. മഴയത്ത് കളിക്കാം, ഒഴുക്കുവെള്ളത്തിൽ കളിവള്ളങ്ങൾ ഉണ്ടാക്കിവിടാം, അതിനായി പഠിക്കുന്ന ബുക്കിന്റെ പേജുകളാണെങ്കിൽ കൂടി അപ്പുണ്ണിക്കതൊരു പ്രശ്നമേയല്ല. പായ്ക്കപ്പൽ, സാദാ കപ്പൽ, കത്തിക്കപ്പൽ.. കപ്പലുകളുടെ രൂപത്തിനും എണ്ണത്തിനും പരിമിതിയില്ലല്ലോ. വാഴത്തടകൾ കൂട്ടിക്കെട്ടി കമ്പടിച്ചുറപ്പിച്ച് വീടിന്റെ കിഴക്ക്-വടക്കുവശത്തുള്ള കണ്ടത്തിലൂടെ തുഴഞ്ഞുനീങ്ങാം(ഈ ഗണത്തിൽ കുറെ അടി അനന്തിരവൻ രാജുവിന് അപ്പന്റെ കയ്യിൽ നിന്നും അപ്പുണ്ണി വാങ്ങി കൊടുത്തിട്ടുണ്ട്). കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ഒരു കാലുകൊണ്ട് വെള്ളം ചവിട്ടി തെറിപ്പിച്ച് മറുകാലുകൊണ്ട് തട്ടി പടക്കം കേൾപ്പിക്കാം. നിരന്നൊഴുകുന്ന പാടത്ത് കൂട്ടുകാർക്കൊപ്പം ജലനിരപ്പിലൂടെ ഓട്ടക്കഷണം തെറ്റിച്ചെറിഞ്ഞ് മത്സരിക്കാം. അങ്ങനെ എത്രയോ രസാവഹങ്ങളായ കലാപരിപാടികൾ.

പുരയുടെ ഇറയത്ത് ഒന്നായ് വീഴുന്ന വെള്ളത്തൂമ്പിൽ കുളിക്കാൻ അപ്പുണ്ണിക്ക് അതിയായ മോഹമാണ്. ആദ്യമഴയിൽ പുരമുകളിലെ അഴുക്കും അശുദ്ധിയും നീങ്ങും, തുടർന്ന് പെയ്യുന്ന മഴയിൽ അപ്പുണ്ണി വസ്ത്രമില്ലാതെ എണ്ണപുരട്ടിയ ശരീരവുമായി മുറ്റത്തൂടെ വീടിന് ചുറ്റും ഓടിനടക്കും. ശരീരത്തെ ചൂടുകുരുക്കൾ പോകാൻ നല്ലതാണന്നും ശരീരം തണുക്കുമെന്നും അമ്മ പറഞ്ഞിട്ടുണ്ട്. പ്രകൃതിയുടെ ഷവർബാത്തിൽ സൗജന്യമായി അപ്പുണ്ണി കുളിക്കും ഒപ്പം അനിയൻ ചേട്ടനും. കെട്ടിനിൽക്കുന്ന മുറ്റത്തെ പെയ്ത്ത് വെള്ളത്തിൽ പാമ്പുകൾ പത്തിവിടർത്തിയാടുംപോലെ വിരകൾ ആടിനിൽക്കും. അവയും കുളിക്കുകയായിരിക്കും. പ്രകൃതിയുടെ കലപ്പകളായ ഇവരല്ലേ കർഷകരുടെ ഉറ്റമിത്രങ്ങൾ...?. കണ്ടങ്ങളിലെ വളക്കൂറുള്ള അടിമണ്ണ് മേൽമണ്ണുകളാക്കി ഞാഞ്ഞൂലുകൾ ചെളിക്കട്ടകൾ നെൽക്കുറ്റികളിൽ രൂപപ്പെടുത്തും ഇവയാണ് കുരിച്ചിലുകൾ. ഉണക്കുകാലത്ത് ഈ കുരിച്ചിലുകൾ തല്ലിപ്പൊട്ടിച്ച് നിലങ്ങളിൽ തന്നെ നിരത്തുകയോ അല്ലങ്കിൽ പുരയിടങ്ങളിലെ നടുധാന്യങ്ങളുടെ (ചേമ്പ്, ചേന, കിഴങ്ങ്) ചുവട്ടിൽ കൂട്ടിവയ്ക്കുകയോ ചെയ്യും. വൈകുന്നേരങ്ങളിൽ കട്ടതല്ലികൂട്ടിയ കച്ചികുറ്റികൾ തീയിട്ട് നശിപ്പിക്കുന്നത് അപ്പുണ്ണിക്കും കൂട്ടുകാർക്കും ഓണത്തിനുള്ള ഊഞ്ഞാലാട്ടംപോലെ രസാവഹമാണ്. മുതിർന്നവരുടെ നിയന്ത്രണമില്ലാതെ, കൃഷിയൊഴിഞ്ഞു നിരപ്പായി കിടക്കുന്ന വിശാലമായ പാടത്ത് ഓടിക്കളിക്കാം (മീനം-മേടം മാസത്തിൽ നടത്തുന്ന ഇടവിളകൃഷിയായ എള്ളുകൃഷിക്ക് ശേഷമാണ് ഈ കട്ടതല്ലലും വൈകുന്നേരങ്ങളിലെ തീയിടീലും). മുതുകുളം ഗോപാലകൃഷ്ണാ ടാക്കീസിലെ "**ശരണമയ്യപ്പാ.. സ്വാമി ശരണമയ്യപ്പാ.. ശബരിഗിരിനാഥാ.. സ്വാമി ശരണമയ്യപ്പാ..**" എന്ന പാട്ടാണ് കളിക്കൂട്ടുകാരുടെ നിറുത്തൽ സൈറൺ.

തുലാവർഷ പെയ്ത്തുവെള്ളത്തിൽ ഇറങ്ങിവരുന്ന മത്സ്യങ്ങളെ പിടിക്കുന്നതിന് ഊത്തപിടുത്തം എന്നാണ് ഓണാട്ടുകരയിൽ പറയുന്നത്. തോടുകളിലും പാടവരമ്പുകളിലും ഒഴുക്ക് തടഞ്ഞ് നീളമുള്ള ഈർക്കിലുകളും മുളംതണ്ടുകളും ചേർത്തുണ്ടാക്കുന്ന കൂടുകൾ, വീശുവലകളുടെ രൂപംമാറ്റി തയ്യാറാക്കുന്ന മടവലകൾ, വീശിയെറിയുന്ന വലകൾ, തുലാപെയ്ത്തിൽ ചാടിമറിയുന്ന വരാൽ മത്സ്യങ്ങളെപിടിക്കുന്ന ചാട്ടങ്ങൾ (ഒഴുക്കിനെതിരെ, നിയതമായി തോടടച്ച് വലിയ ഓല മൊത്തമായി മെടഞ്ഞ് തയ്യാറാക്കുന്ന വല്ലങ്ങൾ, ഇവയ്ക്കുള്ളിൽ തെങ്ങിന്റെ ക്ലാഞ്ഞിലുകളും കാച്ചിൽ വള്ളികളും ഇടും, വല്ലത്തിൽ ചാടിവീഴുന്ന മത്സ്യങ്ങൾ തിരികെച്ചാടാതിരിക്കാൻ) ഇവയെല്ലാം ഓണാട്ടുകരയുടെ മത്സ്യബന്ധന ഉപാധികളാണ്.

ചക്കുളങ്ങരപാടത്ത് തുടങ്ങി പടിഞ്ഞാറ് മുണ്ടകപ്പാടം വരെ നീളുന്ന തോടാണ് അപ്പുണ്ണിയുടെ വീട് നിൽക്കുന്ന വസ്തുവിന്റെ കിഴക്കേ അതിർത്തി. പാടത്തുനിന്നും ഒഴുക്കിനൊത്ത് വരുന്ന മണൽ തോടിന്റെ അടിത്തട്ടിൽ പഞ്ചസാരനിറമുള്ള മണലിന്റെ നിക്ഷേപമാക്കും(മണൽത്തിട്ട), ആയതിനാൽ അല്പംപോലും അശുദ്ധിതോന്നാത്ത തോട്. അപ്പുണ്ണി കന്നിനെ കുളിപ്പിക്കുന്നതും, കൂട്ടുകാർക്കൊപ്പം നീന്തിത്തുടിക്കുന്നതും, പയ്യിനുള്ള പുല്ല് ഉലച്ച് കഴുകുന്നതും, വാഴത്തടകൾ മുളംതണ്ടുകൾ അടിച്ചുകോർത്ത് ചങ്ങാടം ഉണ്ടാക്കി തുഴയുന്നതും, ചേച്ചിക്കൊപ്പം തുണി ഉലച്ചുകഴുകുന്നതും എല്ലാം ഈ തോട്ടിലാണ്. "**ഒഴുക്കുവെള്ളത്തിൽ അഴുക്കില്ലന്നല്ലേ**"ചൊല്ല്..?.

മഴക്കാലത്ത് അപ്പുണ്ണിയെ കിഴക്കേ തോടിൻകരയിൽ തപ്പിയാൽമതി. വല്ല്യപ്പച്ചൻ (അമ്മയുടെ

www.malankaralibrary.com

അപ്പൻ)അപ്പുണ്ണിക്ക് നൽകിയ പ്ലാസ്റ്റിക്ക് തൊപ്പിയും വച്ച് തോടിന്റെ കരയിലും തോട്ടിലുമായി ആഴ്ചI–ളോളം അപ്പുണ്ണി മീൻപിടിക്കാൻ വലയുമായി നിൽക്കും. കുത്തിമറിച്ച് കലങ്ങിവരുന്ന തോട്ടിലെ വെള്ളവും മത്സ്യങ്ങളും പലപ്പോഴും അപ്പുണ്ണിയുടെ സ്വപ്നങ്ങളിലെ മുഖ്യ കഥാപാത്രങ്ങളാണ്.

ഇടിവെട്ടി തീ ആകാശത്തുനിന്നും താഴേയ്ക്കിറങ്ങിവരുന്നത് അപ്പുണ്ണി തോട്ടിലെ വെള്ളത്തിൽ നിന്ന് ഒറ്റയ്ക്ക് കണ്ടത് നടുക്കത്തോടെ ഓർക്കുന്നു. ഇടവപ്പാതി മഴയ്ക്ക് ശേഷമുള്ള വെള്ളപ്പറ്റിന് കിഴക്കേപാടത്തു നിന്നും ചെകിളകുത്തി ഇറങ്ങിവന്ന ചേറ്റു മത്സ്യങ്ങളെ രാത്രിയിൽ തോട്ടിൽ ചെറു കസേരയിട്ടിരുന്ന് വിളക്കുവെട്ടത്തിൽ അപ്പുണ്ണിയും മന്ദിരത്തിലെ വർഗ്ഗീസ് ചേട്ടനും അനിയൻ ചേട്ടനും കൊച്ചു ചേച്ചിയും കൂടി വെളുക്കുവോളം പെറുക്കിയെടുത്തിട്ടുണ്ട്. കുഴിക്കുളത്തിൽ ഇറങ്ങിക്കിടക്കുന്ന മത്സ്യങ്ങളെ ചൂണ്ടയിൽ കുടുക്കി പിടിക്കുന്നത് അപ്പുണ്ണിയുടെയും കൂട്ടരുടെയും നേരമ്പോക്കായിരുന്നു. പാടത്ത് നെല്ലിന് മരുന്നടിക്കുന്ന സന്ദർഭങ്ങളിൽ ചത്തുപൊങ്ങി ഒഴുകിവരുന്ന മത്സ്യക്കൂട്ടങ്ങളും മയങ്ങിവരുന്നവയെ പിടിച്ച് കുളങ്ങളിൽ നിക്ഷേപിക്കുന്നതും എല്ലാം അപ്പുണ്ണിയുടെ മഴക്കാല ഓർമ്മകളാണ്.

ഇടവപ്പാതി മഴക്കാലത്ത് കുളങ്ങളിലും കുഴികളിലും കുണ്ടുകളിലും ചാലുകളിലും കയറിക്കിടന്നിരുന്ന മത്സ്യക്കൂട്ടങ്ങൾ വളർച്ചയെത്തിയ തങ്ങളുടെ കുഞ്ഞുങ്ങൾക്കൊപ്പം തുലാമഴയിൽ നിരന്നൊഴുകുന്ന പാടത്തേയ്ക്ക് ഇറങ്ങി നെൽത്തലപ്പുകളിലിരിക്കുന്ന പുഴുക്കളേയും പുൽച്ചാടികളേയും വെള്ളം തെറിപ്പിച്ച് വായിലാക്കുന്നതും നീർക്കോലികളുടെ പിടിയിൽനിന്നും ജലപ്പരപ്പിലൂടെ ഓടിച്ചാടിമറയുന്ന ചെറുതവളകളും, ഓടിയിട്ടും രക്ഷയില്ലാതെ നീർക്കോലിയുടെ വായിൽപ്പെട്ടുകരയുന്ന തവളകളും പാടവരമ്പിൽ അനേകം മുട്ടകളുമായി കല്ലുകളിലും പുല്ലുകളിലും ഇരിക്കുന്ന നത്തയ്ക്കകളും അടുത്ത കണ്ടത്തിലേക്ക് ചാടിക്കടക്കാൻ തക്കംപാർത്ത് നിൽക്കുന്ന മത്സ്യക്കൂട്ടങ്ങളും ഉറക്കംനടിച്ച് മണിക്കുറുകളോളം ഒറ്റക്കാലിൽ നിന്ന് ചെറുമത്സ്യങ്ങളെ കൊക്കിലാക്കുന്ന കൊറ്റിക്കൂട്ടങ്ങളും ചാലുകളിലും മറ്റ് ജലാശയങ്ങളിലും ഊളിയിട്ട് വയറുനിറയ്ക്കുന്ന കരിമുണ്ടികളും കൊയ്ത്തുപാടങ്ങൾ ലക്ഷ്യമാക്കി ആകാശത്തിലൂടെ കാർമേഘങ്ങൾക്കൊപ്പം വില്ലുകുലച്ച പോലെ വരിവരിയായി പറന്നകലുന്ന എരണ്ടകളും അങ്ങനെ എല്ലാം അപ്പുണ്ണിയുടെ മഴക്കാലകാഴ്ചകളിലെ മായാസ്മരണകളാണ് ●

# 8 മദ്ധ്യവേനൽ

1947 ആഗസ്റ്റ് 15ന് ബ്രട്ടീഷ് ഭരണത്തിൽനിന്നും ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി എന്നാണ് അപ്പുണ്ണി സ്കൂളിൽനിന്നും മുതിർന്നവരിൽനിന്നും വായനയിൽക്കൂടിയും മനസ്സിലാക്കിയിട്ടുള്ളത്. എന്നാൽ അപ്പുണ്ണിക്ക് സ്വാതന്ത്ര്യം കിട്ടുന്നത് എല്ലാവർഷവും മാർച്ച് 31ന് മദ്ധ്യവേനലവധിക്കാണ് അതും രണ്ട് മാസത്തേക്ക്. അപ്പുണ്ണിക്കിനി ഇഷ്ടംപോലെ കളിക്കാം, ഉറങ്ങാം, ഓടാം, ചാടാം, മരംകയറാം. എല്ലാം തരം പോലെ. വേനലവധിയായാൽ അപ്പുണ്ണിയുടെ ആദ്യപണി കിഴക്കേ തറയിലേക്ക് ചാഞ്ഞുകിടക്കുന്ന തത്തച്ചുണ്ടൻ മാവിന്റെ കൊമ്പിന്റെ താഴെ ഓലക്കുടിൽ കെട്ടുകയെന്നുള്ളതാണ്. നാല് തൂണുകൾ നാട്ടി വശങ്ങൾ ഓലയാൽ മറച്ച് ഒരു കൊച്ചോലക്കുടിൽ. അതിനുള്ളിൽ കൂട്ടുകാർക്കൊപ്പം മണ്ണപ്പം ചുടും. അടുപ്പുകൂട്ടി ചോറും കറിയും വെയ്ക്കും. മൂന്ന് ചെറുകാലുകൾ നാട്ടി അതിന് മുകളിൽ കണ്ണൻചിരട്ട വച്ച് താഴേയ്ക്ക് കൈതച്ചക്ക ഓല ചരിച്ചുവച്ച് ചിരട്ടയിൽ മണ്ണ് വാരിനിറച്ച് അരിമില്ലുണ്ടാക്കി കളിക്കും, ഇങ്ങനെയുള്ള കളികളിൽ അപ്പുണ്ണിയുടെ സഹായികൾ തെക്കേലെ കുഞ്ഞിക്കുട്ടി അമ്മയുടെ മകൻ പ്രഭാകരനും മന്ദിരത്തിലെ സാലമ്മയും പിന്നെ സജിയുമാണ്.



ഇക്കൊല്ലം കുടിലിലെ കളി മതിയാക്കി അപ്പുണ്ണി നെല്ല് പാകി കിളിർപ്പിക്കുന്ന തറയിലെ മേൽമണ്ണ് ചെറു തൂമ്പയ്ക്ക് നീക്കിയിട്ട് അതിന് താഴെയുള്ള ചെളി വെട്ടിയെടുത്ത് മൺകൂര നിർമ്മിക്കാൻ തീരുമാനിച്ചു. അപ്പുണ്ണിക്കൊപ്പം അനിയൻ ചേട്ടനും കൂടി. തറയിലെ ചെളി കുത്തി കൈകൊണ്ട് കുഴച്ച് കട്ട രൂപത്തിലാക്കി ഒന്നിനോടൊന്ന് ചേർത്ത് കിഴക്ക് വശത്തെ കാപ്പി മരത്തിന്റെ തണലിൽ രണ്ടടി വീതിയിൽ രണ്ടടി പൊക്കത്തിൽ ഒരു ചെറു മൺകൂര. രണ്ടാഴ്ച കൊണ്ട് കൂര കെട്ടിപ്പൊക്കി വെയിലുകൊണ്ട് ചെളിക്കൂര ഉണങ്ങി ബലവത്തായി. കമ്പും ചുള്ളിയും കൂട്ടി കെട്ടി മുകൾവശം ചെളിതേച്ച് കൂര വാർത്തു. മാസങ്ങൾ കഴിഞ്ഞിട്ടും മുതിർന്നവർ കൂരമേലെ ചാടി തിമിർത്തിട്ടും

www.malankaralibrary.com

മൺകൂര തകർന്നില്ല, പെട്ടിപ്പൊളിഞ്ഞില്ല, ചെളിപ്പുര ബലമായിത്തന്നെ നിന്നു. അപ്പുണ്ണിയുടെ നല്ല തീരുമാനങ്ങളെന്നപോലെ.

പഠനമുള്ള ദിവസങ്ങളിൽ അപ്പുണ്ണിയും ചേട്ടനും കുഞ്ഞുപെങ്ങളും സ്കൂളിൽ നിന്നും വന്നാൽ മിക്ക ദിവസങ്ങളിലും കപ്പയോ, കാച്ചിലോ, കിഴങ്ങോ, ചേനയോ, ചേമ്പോ ചായയ്ക്കൊപ്പം കാണും. ഇത് അരിഞ്ഞുതയ്യാറാക്കുന്നത് അച്ചമ്മയാണ്(അപ്പന്റെ അമ്മ). ഉച്ചയൂണിന് ശേഷമുള്ള ചെറു മയക്കമുണർന്ന് അച്ചമ്മ നടുധാന്യങ്ങൾ ചുരണ്ടി വൃത്തിയാക്കാൻ അവ കൂട്ടിയിട്ടിരിക്കുന്ന കിഴക്ക് ഭാഗത്തെ തെങ്ങിൻ ചുവട്ടിലേക്ക് നീങ്ങും; ശേഷം നീണ്ടനേരമെടുത്ത് എല്ലാം ചുരണ്ടി വൃത്തിയാക്കി കഴുകി കലത്തിലാക്കി അമ്മയ്ക്ക് കൈമാറും. പുഴുക്കുകൾ തൊട്ടുകൂട്ടി കഴിക്കാൻ മത്തിത്തല കൊണ്ടയോടുകൂടി വേവിച്ചത് കാണും അല്ലങ്കിൽ ഉള്ളിയും പുളിയും ഉപ്പും കാന്താരിമുളകും അടപ്പലകേൽ(ചോറ് വാർക്കുന്നതിന് തടികൊണ്ട് പ്രത്യേകം തയ്യാറാക്കിയ അടപ്പ്) വച്ച് ഉപ്പുചിരട്ടയ്ക്ക് തിരുമ്മി ശരിയാക്കി എടുക്കുന്നതോ കാണും. ഇത് കഴിച്ചുകൊണ്ടു വേണം ചേട്ടനും ചേച്ചിക്കും അയലത്തെ കൂട്ടർക്കുമൊപ്പം തൊഴുത്ത് നിറഞ്ഞുനിൽക്കുന്ന സുനന്ദിനിപ്പയ്യിന് പുല്ല് പറിക്കാൻ പോകേണ്ടത്. ദിനംതോറുമുള്ള വേലയാണിത്. പയ്യിന്റെ വയറിന് മദ്ധ്യവേനലവധി ഇല്ലല്ലോ!. ആഹാരത്തിന് ഇല്ലായ്മയുണ്ടായാലും പയ്യിനുള്ള പുല്ലിന് കുറവുണ്ടാകാൻ അമ്മ സമ്മതിക്കില്ല.

മദ്ധ്യവേനൽ അവധിക്കാലമാഘോഷിക്കാൻ അപ്പുണ്ണി അമ്മ വീടായ ചൂളത്തെരുവിലേക്കും അപ്പന്റെ സോദരങ്ങൾ താമസിക്കുന്ന ചുനക്കരയിലേക്കും ചിലകാലങ്ങളിൽ പോകാറുണ്ട്. പുത്തൻ കാഴ്ചകളും പുത്തൻ പുസ്തകങ്ങളും അവിടെയും അപ്പുണ്ണിക്ക് കൂട്ടുണ്ടാകും.

മാർച്ച്, ഏപ്രൽ, മെയ് മാസങ്ങളിൽ കിഴക്കുവശത്തെ പാക്കുതറയിൽ(നെല്ലുവിത്ത് പാകുന്ന സ്ഥലം) അപ്പുണ്ണിയും അനിയൻ ചേട്ടനും ചീരകൃഷി നടത്തും. നല്ല പട്ടുചീരകൾ. കിളച്ച് വാരംകോരി വരിവരിയായി നട്ട് നല്ല വിളവാക്കും. വടക്കേമൂലയ്ക്കുള്ള കുഴിക്കുളത്തിലെ വെള്ളംകോരി കൃഷികൾ നനയ്ക്കും. വീട്ടിലെ ആവശ്യങ്ങൾക്ക് ശേഷമുള്ളവ ഓരോപിടി വീതം പറിച്ച് നാട്ടുകാർക്ക് വിറ്റ് കാശാക്കും. അപ്പുണ്ണിയുടെയും ചേട്ടന്റെയും ആദ്യ വരുമാനമാർഗ്ഗം ഇങ്ങനെ ലഭിച്ചിരുന്ന രൂപയാണ്. ചീരകൃഷിക്കൊപ്പം ചേമ്പ്, പടവലം, പാവൽ, പയർ, വെള്ളരി, കുമ്പളം, മത്തൻ കൃഷികളും കൂടാതെ തറക്കപ്പയും ഇടും. ദിവസവും വൈകുന്നേരങ്ങളിൽ ഒരുമണിക്കൂർ കൃഷി പരിപാലനത്തിനായി ഇരുവരും വിനിയോഗിക്കും.

രാത്രികാലങ്ങളിൽ തറക്കപ്പ മാന്താനെത്തുന്ന എലിയെ പേടിപ്പിച്ചോടിക്കുന്നതിന് കവുങ്ങിന്റെ പാളയുടെ അള്ളൂരി (പാളയുടെ ഉള്ളിലെ തൊലി)മൺകലത്തിന്റെ മുഖത്തുകെട്ടി കൈതത്തഴ കലത്തിൽ കെട്ടി വെള്ളംതൊട്ട് വലിക്കും അപ്പോൾ ഉണ്ടാകുന്ന ''ഭൂം.. ഭൂം..'' ശബ്ദംകേട്ട് എലികൾ ഓടിയൊളിക്കും. കപ്പത്തറയുടെ നടുക്ക് തൂണുനാട്ടി പാട്ടകെട്ടിയിടും വള്ളിയുടെ മറ്റേയറ്റം കിടപ്പ് മുറിയിലേക്കും. രാത്രിയിൽ ഈ പാട്ടയെ മുറിയിൽ കിടന്ന് ആട്ടും(മിക്കവാറും വള്ളിയറ്റം അപ്പുണ്ണിയുടെ കാലിലാകും കെട്ടുക.) പാട്ടയിലെ കല്ലുകൾ കിലുങ്ങുമ്പോൾ എലികൾ ഓടും. ചീരത്തൈകളുടെ മണ്ടവെട്ടി നശിപ്പിക്കുന്ന ചീവീടുകളെ രാത്രിയിൽ വിളക്കുവെട്ടത്തിൽ കുഴിയിൽ വെള്ളം നിറച്ച് പുറത്തുചാടിച്ച് കൊല്ലും. രാത്രി കാലങ്ങളിൽ കരിയില കത്തിച്ച് ആഴികൂട്ടും. തീ കണ്ട് ചീവീടുകൾ ചാടിച്ചാകും, കരിയിലച്ചാരം ഗോമൂത്രത്തോടൊപ്പം കൃഷിക്ക് ഉപയോഗിക്കുകയും ചെയ്യാം.

അടുത്തുള്ള നെല്ല് കണ്ടത്തിൽ വിതറിയ ചെറുപയർ കിളിർത്ത് വളർന്ന് നിരക്കും. പയർ പൂക്കളിലെ തേൻനുകരാൻ നാടായ നാട്ടിൽനിന്നും പല നിറ, തര പൂമ്പാറ്റകൾ അപ്പുണ്ണിയുടെ കണ്ടത്തിൽ സർവ്വനേരവും പാറിപ്പറക്കും. വിശാലമായി കിടക്കുന്ന തറയുടെ ഒരു ഭാഗം മാത്രമെ അപ്പുണ്ണിയും ചേട്ടനും കൃഷിക്കായി ഉപയോഗിക്കാറുള്ളൂ. ചില കാലങ്ങളിൽ നടുക്കേപ്പുരയിലെ തമ്പിയച്ചായനും കൃഷിചെയ്യാനെത്തും. അങ്ങനെ അപ്പുണ്ണിയുടെ കൃഷിക്ക് വളം അച്ചായന്റെ വക സൗജന്യമായി ലഭിക്കും.

മദ്ധ്യവേനലവധി തീരുന്നതോടെ അപ്പുണ്ണിയുടെ സ്വാതന്ത്ര്യവും ഇല്ലാതാകും. വീണ്ടും കേട്ടെഴുത്തിന്റെയും കൂട്ടലിന്റെയും കുറയ്ക്കലിന്റെയും ഗുണിക്കലിന്റെയും ഹരിക്കലിന്റെയും വഴിക്കണക്കുകളുടേയും ലോകമായ സ്കൂളിലേക്ക് അപ്പുണ്ണി യാത്രയാകും ●

# 9 ആശുപത്രിയിൽ

കുളിരും കിടുകിടുപ്പുമായി അപ്പുണ്ണി കിടപ്പിലായി. രണ്ടുദിവസം അപ്പുണ്ണി കിടക്കയിൽതന്നെ ചുരുണ്ടുകൂടി കിടന്നു. ഇടയ്ക്കിടെ കിടുങ്ങും ചിലപ്പോൾ ചൂടുകൊണ്ട് തൊണ്ട വേദനിക്കും. നെഞ്ച് പറിഞ്ഞുള്ള ചുമ. ആകെ കുഴപ്പം.

പനിയുടെ പ്രശ്നങ്ങൾ പോകട്ട്, ഇതിന്റിടയ്ക്ക് അടുത്ത വീട്ടിലെ ആരെങ്കിലും കിടക്കയുടെ അടുത്തുവരും എന്നിട്ട് ചില കുത്തുകൾ പറയും. ''രണ്ട് മൂക്കിലും ഉണ്ടോടാ പനി..?, ഇത് സ്കൂളിൽ പോകാതിരിക്കാനുള്ള കള്ളപ്പനിയാ..''

എഴുന്നേൽക്കാൻ പറ്റിയിരുന്നേൽ ഇവർക്കിട്ട് രണ്ട് ചാമ്പ് ചാമ്പായിരുന്നു എന്ന് അപ്പുണ്ണിക്ക് തോന്നി

www.malankaralibrary.com

പ്പോകുന്ന അവസ്ഥ. ഇങ്ങനെ വന്നപ്പോൾ അപ്പുണ്ണിക്ക് ആകെ ആശ്വാസം. രോഗംവന്ന് ചുരുണ്ടുകിടക്കുന്ന വല്യച്ചൻമാരുടെ അടുക്കൽ പോയിനിന്നുള്ള ബന്ധുക്കളുടെ സംസാരം ഓർക്കുമ്പോഴാ. സാധുക്കളുടെ കിടപ്പ് പലയിടത്തും പലവീട്ടിലും അപ്പുണ്ണി കണ്ടിട്ടുണ്ട്.

അനങ്ങാൻ പോലുമാകാതെ കട്ടിലിൽ കിടക്കുന്ന വല്യച്ചന്റെ അടുത്തുനിന്ന് വന്നാൾ തന്റെ കഴിവുള്ള സ്വരത്തിൽ ചോദിക്കും ''മനസ്സിലായോ അമ്മാവാ...'' കേഴ്‌വിക്കുറവുള്ള അമ്മാവൻ പകുതിയടഞ്ഞ കണ്ണ് ചെറുങ്ങനെ തുറന്ന് ഒന്നുനോക്കും.. അടയ്ക്കും. (ഇനിയെന്തോന്ന് അറിയാൻ, മനസ്സിലാക്കാൻ!?) അടുത്തു നന്ന വല്യച്ചന്റെ മരുമകൾ അമ്മാവന്റെ ചെവിക്കീഴിലേക്ക് വായടുപ്പിച്ചുവച്ച് കതിന പൊട്ടിക്കുന്നപോലെ ചോദ്യം ആവർത്തിക്കും.

''മനസ്സിലായോ അച്ചരാ....''

ഒച്ച കേട്ട് ഞെട്ടി അല്പം മുമ്പ് താനെ അടഞ്ഞകണ്ണ് വല്ല്യച്ചൻ തുറക്കും കൂടെ പല്ലില്ലാത്ത വായും.( കേട്ട ശബ്ദത്തിൽ ഇവയൊക്കെ തുറന്നില്ലെങ്കിലേ അത്ഭുതമുള്ളു.) പ്രകമ്പനത്തിൽ കെട്ടിടമാടുന്നവണ്ണം വല്ല്യച്ചന്റെ തല ആടും. (മനസ്സിലായി!, അമ്മാവന്റെ ചെവിക്കല്ലിന്റെ കാര്യത്തിൽ ഏകദേശ തീരുമാനവും ആയി.!)

അമ്മാവന്റെ ആട്ടിയ തല യഥാസ്ഥാനത്ത് ഉറയ്ക്കും മുമ്പേ അടുത്ത ചോദ്യം ദാ വരുന്നു.

''എന്നാൽ പറ ആരാ...''

പെട്ടുപോയത് തന്നെ..!! (കണ്ടുനിന്ന അപ്പുണ്ണിയുടെ ഗദ്ഗദം.)

ആരോഗ്യകാലത്ത് സിംഹം ആയിരുന്ന വല്ല്യച്ചൻ ''പോയിനെടാ പട്ടികളേ...'' എന്ന് പറയാൻ വായ് തുറന്ന് ''പോ..'' എന്നസ്വരം പുറപ്പെടുവിക്കുമ്പോഴേക്കും മരുമകൾ ചാടി ബാക്കി പൂരിപ്പിക്കും

''പൊറമുറ്റത്തെ റപ്പായി.., എന്നാ പറഞ്ഞത്... ഹൊ.. ഓർമ്മയുണ്ട്.''

''ഒന്ന് സ്വസ്ഥമായി കിടക്കാനും സമ്മതിക്കില്ലല്ലോടാ.., അപ്പുണ്ണീ.. നീ ഇതുങ്ങളെ ഏതേലും നരകത്തിൽ കൊണ്ടുപോയി കുഴിച്ചുമൂട്..'' എന്ന് വല്യച്ചൻ മനസ്സിൽ പറയുന്നത് അപ്പുണ്ണിക്ക് വ്യക്തമായി കേൾക്കാം.

ശല്യങ്ങൾക്ക് കാല് നൂത്ത് ഒന്നുകൊടുക്കാൻ വല്ല്യച്ചൻ കാലനക്കുമ്പോഴേക്ക് ദാ അടുത്തത്

''കാല് പെരുത്തതാകും.. ഒന്ന് തടവിക്കൊട്..'' വന്നവന്റെ ആശ്വാസവാക്ക്.

''പെരുക്കുന്നടാ.. കാല് മാത്രമല്ല.. സർവ്വത്ര പെരുക്കുന്നുണ്ട്..'' അമ്മാവന്റെ ചുണ്ട് അനങ്ങുന്നത് അപ്പുണ്ണി ശ്രദ്ധിച്ചു.

വന്നവർ വല്ല്യച്ചന്റെ കയ്യിൽ വച്ചുകൊടുത്ത രൂപയുടെ നിറം വല്യച്ചൻ കാണുംമുമ്പേ മരുമകൾ കൈവശപ്പെടുത്തി പറയും. ''ഒരു കാര്യവും പഴയതുപോലെ ഓർമ്മയില്ല..!''

''ഡാ... ചുമയ്ക്കാൻ വയ്യെങ്കിൽ ചുമയ്ക്കണ്ടടാ.., മഴയത്ത് മാക്രി കരയുമ്പോലാ അവന്റെ ചുമ'' അപ്പുണ്ണിയുടെ ''പറോ... പറോ..'' എന്നുള്ള ചുമ കേട്ട് അടുത്തുനിന്ന കൊച്ചു ചേച്ചിയുടെ ദൈന്യത!

അപ്പുണ്ണിയുടെ വീട്ടിൽ ചുനക്കരയിൽ നിന്നും വിരുന്നു വന്നിരിക്കുന്ന സാറാമ്മ മാവിക്കൊപ്പം (അപ്പന്റെ ഏറ്റവും ഇളയ പെങ്ങൾ) മുതുകുളത്തെ സർക്കാർ ആശുപത്രിയിൽ പോകാൻ തയ്യാറായപ്പോൾ കൊച്ചു ചേച്ചി ഉറക്കെ പറഞ്ഞു, ''അപ്പുണ്ണീ.., ആശുപത്രിയിൽ ചെന്നാൽ നിനക്ക് ഇൻജക്ഷൻ ഉറപ്പാ.., പനിമാറണമെങ്കിൽ അത് എടുക്കണം..''

''ഇല്ല ഞാൻ ഡോക്ടറോട് പറയും, എനിക്ക് ഇൻജക്ഷൻ വേണ്ട, ഗുളിക തന്നാൽ മതിയെന്ന്, ഇൻജക്ഷന് ഞാൻ സമ്മതിക്കില്ല.''

''ശരി.., ശരി.. നീ വേഗംചെല്ല്, ദാ മാവി വിളിക്കുന്നു..'' അപ്പുണ്ണി മാവിയുടെകൂടെ ആശുപത്രിയിലേക്ക് യാത്രയായി. വീട്ടിൽനിന്നും ഇരുപത് മിനിട്ട് പടിഞ്ഞാറോട്ട് നടന്നാൽ സർക്കാർ ആശുപത്രിയാകും.

റോഡിലെ കാഴ്ചകൾ കണ്ടും സ്കൂളിലെ കൂട്ടുകാരുടെ വിശേഷങ്ങൾ പറഞ്ഞും ഇരുവരും തട്ടാര് ജംങ്ഷൻ കഴിഞ്ഞ് ബാലൻ പിള്ള ചേട്ടന്റെ അരിമില്ലിൽ ആട്ടാനും കുത്താനും നിൽക്കുന്ന കേശവപിള്ളചേട്ടന്റെ വീടിനടുത്തെത്തി. സമീപത്തുള്ള ആലക്കോട്ട് പടീറ്റതിലെ പരമേശ്വരൻ ആശാരി അച്ഛന്റെ പണിപ്പുര കഴിഞ്ഞു, പഞ്ചായത്ത് ആഫീസ് കഴിഞ്ഞു, വഴിയമ്പലം കഴിഞ്ഞു, ആലിന്റെചുവട്ടിലെ പിള്ളച്ചേട്ടന്റെ കടയുടെ അടുത്തെത്തി.

''മാവി.., തിരികെ വരുമ്പോൾ മിഠായി വാങ്ങിത്തരണം..'' ചായക്കടയിലെ മിഠായിഭരണി ചൂണ്ടിക്കാട്ടി അപ്പുണ്ണി പറഞ്ഞു:

''ശരി വാങ്ങിത്തരാം നീ വേഗം നടക്ക്..''

അല്പം മുൻപോട്ട് മാറി ഉത്തമക്കുറുപ്പ് ചേട്ടന്റെ കടയായപ്പോഴും അപ്പുണ്ണി തന്റെ ആവശ്യം ആവർത്തിച്ചു, ശരിയെന്നുള്ള മറുപടിയും കിട്ടി. ഊർന്നുപോകുന്ന നിക്കർ കേറ്റിയിട്ട് അപ്പുണ്ണി മാവിക്കൊപ്പം നടന്നു.

ആശുപത്രിപ്പടിക്കൽ കുറച്ച് ആൾക്കാരുണ്ട്.

''ഒന്നാമൻ വന്നിട്ടില്ല, രണ്ടാമനേയുള്ളു.'' കൂടിനിന്നവരിലാരോ പറഞ്ഞു.

കിഴക്കുവശത്തെ തിണ്ണയ്ക്ക് ചെന്ന് അവിടെ മേശയിട്ടിരുന്ന ആളിന്റടുക്കൽ പേരും വയസ്സും വീട്ടുപേരും പറഞ്ഞ് മാവി ചീട്ട് എഴുതിച്ചുവാങ്ങിയിട്ട് ഡോക്ടറിരിക്കുന്ന മുറിയുടെ അകത്തുകയറി മേശപ്പുറത്ത് വച്ചിരിക്കുന്ന എല്ലാചീട്ടുകളുടേയും അടിയിൽ കൊണ്ടുവച്ചു. ഡോക്ടറുടെ മുറിയുടെ വാതിലിനുമുന്നിൽ അൽപനേരം കാത്തുനിന്നു.

www.malankaralibrary.com

''അപ്പുണ്ണീ..'' അകത്തുനിന്നും പേര് വിളിച്ചു.

അപ്പുണ്ണിയും മാവിയും ഡോക്ടറുടെ മുറിയിലേക്ക് കയറി. അപ്പുണ്ണി സ്റ്റൂളിലിരുന്നു. ഡോക്ടർ നെഞ്ചത്തും പുറത്തും ഉപകരണം വച്ച് പരിശോധിച്ചു. നാക്കുനീട്ടി, കൺപോളകൾ തുറന്നുനോക്കി, ചെവിയിലേക്ക് ടോർച്ചടിച്ച് നോക്കി.

''എനിക്ക് സൂചികുത്ത് വേണ്ട..'' അപ്പുണ്ണി ഡോക്ടറോട് പ്രത്യേകം പറഞ്ഞു.

''ശരി..'' ഡോക്ടറിന്റെ മറുപടി. തുടർന്ന് അദ്ദേഹം എന്തൊക്കയോ അപ്പുണ്ണിയുടെ ചീട്ടിലെഴുതി.



മരുന്ന് തരുന്നസ്ഥലത്ത് പോയി കുറെ ഗുളികകളും മേശമുകളിലെ വലിയകുപ്പിയിൽ നിന്നും കുറേ കുടിക്കാനുള്ള മരുന്നും മാവി വാങ്ങി, മരുന്ന് കൊടുക്കുന്നആൾ മാവിയോട് എന്തോ പറഞ്ഞു.

''വാ..., നമുക്ക് അപ്പുറത്തുപോയി ഗ്രേസിയെ കാണാം..'' മാവി പറഞ്ഞു. ഗ്രേസി, നേഴ്സ് അമ്മച്ചിയാണ്, അപ്പുണ്ണിയുടെ ബന്ധു. വീട്ടിൽ വന്നിട്ടുള്ളതിനാൽ പരിചയമുണ്ട്.

''എനിക്ക് സൂചികുത്തണ്ട, ഞാൻ വരില്ല..''

''സൂചി വയ്ക്കാനല്ലടാ, നീ കൂടെ വാ..''

അപ്പുണ്ണി മാവിക്കൊപ്പം നടന്നു, അശുപത്രിയുടെ വടക്കുവശത്തെ പ്രത്യേകക്കെട്ടിടത്തിലാണ് അച്ചുകുത്ത് മുറി. മുറിയുടെ വാതിലിൽ ആൾക്കാർ നിരനിരയായി നിൽക്കുന്നു. വെളിയിൽ ഒരു മൂലയ്ക്കായി ചെറിയകുപ്പികളുടെ ഒരു കൂമ്പാരം, ഇതെല്ലാം സൂചിവച്ചൊഴിഞ്ഞ കുപ്പികളാണ്, അപ്പുണ്ണിക്ക് പേടിതുടങ്ങി. അച്ചുകുത്തുന്ന മുറിയിൽ സ്റ്റൗവിന് മുകളിലെ പാത്രത്തിൽ സൂചികൾ തിളച്ചുമറിയുന്നു. അതിൽനിന്നും ഓരോ സൂചിയെടുത്ത് വരുന്നവർക്ക് ഗ്രേസിയമ്മച്ചി കൂൾകൂളായി കുത്തിവയ്ക്കുന്നു. അപ്പുണ്ണിയുടെ ഭയം വർദ്ധിച്ചു.

''എന്താ അമ്മാമ്മേ വന്നത്..'', നേഴ്സമ്മച്ചി മാവിയെ കണ്ടപ്പോൾ ചോദിച്ചു.

''ദേ ഇവനേയും കൊണ്ട് വന്നതാ, പനി.., കുത്തിവയ്പ്പുണ്ട്, ഇവന് പേടിയാ..''

''കൊലച്ചതിയായിപ്പോയല്ലോ, ഈശ്വരാ..!!'', അപ്പുണ്ണിയുടെ ഉള്ളുകാളി.

ഇനി എന്ത് ചെയ്യും. ഓടാനും വയ്യാ, ഓടാതിരിക്കാനും വയ്യാ. ഏങ്ങലടിച്ച് കരയുന്ന അപ്പുണ്ണിയോട് മാവി ആശ്വാസവാക്കുകൾ പറഞ്ഞു.

''നിനക്ക് ഞാൻ മിഠായി വാങ്ങിത്തരാം കരച്ചില് നിർത്ത്..''

രണ്ടുപേരുടെ സഹായത്തോടെ അപ്പുണ്ണിയെ മാവി പിടിച്ചുനിർത്തി. അറവുമാടിനെ കൊല്ലാൻ വലിച്ചുകൊണ്ട് പോകുമ്പോൾ ബ്രേക്കിട്ട് നിൽക്കുന്നപോലെ അപ്പുണ്ണി ഇടയ്ക്കിടയ്ക്ക് ബലംപിടിച്ച് നിന്നു. എങ്കിലും ആ ദ്രോഹിസഹായികൾ ഇൻജക്ഷൻ തിണ്ണയിലേക്ക് അപ്പുണ്ണിയെ കയറ്റിനിർത്തി. തലയറക്കും മുമ്പേ കന്നിന്റെമുഖത്ത് വെള്ളംതളിക്കുന്നവണ്ണം ഇടത്തെകയ്യുടെ മുകളിൽ ഗ്രേസിയമ്മച്ചി പഞ്ഞികൊണ്ട് തൂത്തു, അപ്പുണ്ണിയുടെ നോട്ടം തെക്കോട്ട്. വടക്കുനിന്നും ഇടംകൈക്ക് നേഴ്സമ്മച്ചി തിളച്ചപാത്രത്തിൽ നിന്നും വലിയൊരു സൂചിയെടുത്ത് ഇൻജക്ഷൻ എടുത്തു.., സൂചി വലിച്ചൂരി പഞ്ഞികൊണ്ട് തുടച്ചു.

''ഇത്രയുമേയുള്ളൂ കേട്ടോ, പൊയ്ക്കോ.. വേഗം പനിമാറും..''

മാവി, അമ്മച്ചിയോട് യാത്രപറഞ്ഞ് കരഞ്ഞുകലങ്ങിയ മുഖവുമായി നിൽക്കുന്ന അപ്പുണ്ണിയുടെ കൈക്കുപിടിച്ച് തിരികെ നടന്നു. നടന്നുനടന്ന് കുറുപ്പ് ചേട്ടന്റെ കട കടന്നു, ആലിന്റെ ചുവട്ടിലെ പിള്ളച്ചേട്ടന്റെ കടയും കഴിഞ്ഞു. മാവി, അപ്പുണ്ണിക്ക് വാഗ്ദാനം ചെയ്ത മിഠായി വാങ്ങിത്തന്നില്ല. മാവിയുടെ വാഗ്ദാനമിഠായി അപ്പുണ്ണിക്ക് ഇന്നും കടമായിട്ട് നിൽക്കുന്നു ●

## 10 ഉത്സവം

ധനു-മകരത്തോടെ ഫലവൃക്ഷങ്ങൾ പൂക്കുകയായി, അത് പ്രകൃതിയുടെ സ്വഭാവം മാത്രം. ഇക്കൊല്ലവും രണ്ട് പറങ്കാവിലും നിറകുല പൂത്തിട്ടുണ്ട്. അനുവാചകർ മനസ്സിലാക്കാൻ, അപ്പുണ്ണിയുടെ പറങ്കാവിൽ നിറകുല പൂത്തൂ എന്നല്ല ഇവിടെ പറയുന്നത്. പരിസര വീടുകളിലെ പറമ്പുകളിൽ നിന്നും അപ്പുണ്ണിയുടെ പറമ്പിലേക്ക് ചാഞ്ഞുകിടക്കുന്ന പറങ്കാവുകൾ ഇലയറിയാതെ പൂത്തു എന്നാണ്.

ഒരുമാസംകൊണ്ട് പൂക്കൾ മൂത്ത് ഫലം പഴുത്ത് താഴെവീഴാൻ തുടങ്ങും. രാത്രികാലങ്ങളിൽ വാവലു

www.malankaralibrary.com

കൾ ചപ്പിയിടുന്നവ അതിരാവിലേതന്നെ അപ്പുണ്ണിയും കൂട്ടരും പെറുക്കികൂട്ടും. ഉടയോർ വെറും കാഴ്ചക്കാർ. സ്കൂളൊഴിവുള്ള ദിവസങ്ങളിൽ തലയ്ക്ക് കൊഴുവ് (എറിയുന്ന കമ്പ്)കൊള്ളാതെ ശ്രദ്ധിക്കുക എന്നത് മാത്രമാണ് ഉടമസ്ഥർ ചെയ്യേണ്ടത്. ബാക്കിയെല്ലാം അപ്പുണ്ണിയും കൂട്ടരും ചെയ്തുകൊള്ളും. ചില വർഷങ്ങളിൽ മൂത്തുപഴുത്ത പറങ്ങാണ്ടിയും മാങ്ങയും ഉടമസ്ഥർ മൊത്തമായി ആർക്കെങ്കിലും കണ്ണിൽചോരയില്ലാതെ വിൽക്കും. വിലയ്ക്ക് വാങ്ങിയവർ മരത്തിൽകയറി മരക്കൊമ്പ് ഓരോന്നോരോന്നായി കുലുക്കുമ്പോൾ ആദ്യം വീഴുന്നത് അപ്പുണ്ണിയും കൂട്ടരും എറിഞ്ഞ് മരത്തിൽ തങ്ങിപ്പോയ കൊഴുവുകളാണ്. ഒരാഴ്ചത്തെ തീയെരിപ്പിനുള്ള വിറക് ഉടമസ്ഥരായ വീട്ടുകാർക്ക് ഇങ്ങനെ ലഭിക്കും. വിറകുവില വൃക്ഷഫലത്തിന്റെ വിലയായി കണക്കാക്കിയാൽ മൊത്തം ലാഭം!.

മകരം പിറന്നാൽ ഓണാട്ടുകരയുടെ ഉത്സവകാലം പിറന്നു എന്നർത്ഥം. പൊന്നുവിളയുന്ന ഓണാട്ടുകരയുടെ മണ്ണിൽ വിയർപ്പൊഴുക്കി കൃഷിചെയ്ത ഗ്രാമീണരുടെ കൊയ്ത്തുത്സവ കാലമാണിത്. മകരക്കൊയ്ത്ത് കഴിഞ്ഞുള്ള ഇടവേള കണക്കാക്കിയാണ് പഴമക്കാർ ഓണാട്ടുകരയിലെ ഉത്സവകാലം തീരുമാനിച്ചിരിക്കുന്നത്. എന്തും വിളയുന്ന മണ്ണ് എന്നതാണ് ഇവിടുത്തെ സവിശേഷത. രണ്ട് പൂവ് നെൽകൃഷി കഴിഞ്ഞാൽ പിന്നെ ഒരു എള്ള് എന്നതാണ് ഓണാട്ടുകരയുടെ ക്രമം. നെൽകൃഷിയിൽ എന്തെങ്കിലും നഷ്ടമുണ്ടായാൽ എള്ളിലൂടെ നികത്താം എന്നതാണ് ഇതിന്റെ സാമ്പത്തിക വശം. എള്ളില്ലെങ്കിൽ പയറോ ഉഴുന്നോ മുതിരയോ പഞ്ഞിപ്പുല്ലോ കൃഷിയാകാം. പയറിട്ട പാടത്ത് പാതിവളം എന്നാണ് പഴമൊഴി.

മകരക്കൊയ്ത്ത് കഴിഞ്ഞുകിടക്കുന്ന പാടങ്ങൾ. പത്തായം നിറയെ നെല്ല്. കൊയ്തെടുത്തതിന്റെ ഒരു ഭാഗം ഗ്രാമദേവതയ്ക്ക് സമർപ്പിക്കണം എന്നാണ് വിശ്വാസം. ദേവി കരക്കാരെ കാണാനിറങ്ങുന്നു. വീടുകളിലെത്തി അനുഗ്രഹിക്കുന്നു. ഗ്രാമീണർ തങ്ങൾ കൊയ്തെടുത്ത നെല്ലിന്റെ ഒരു ഭാഗം പറയിൽ നിറച്ച് സമർപ്പിക്കുന്നു. നെൽപ്പറയും അൻപൊലിയുമാണ് ഓണാട്ടുകരയിലെ ഉത്സവകാലത്തെ പ്രധാനകാഴ്ച. കെട്ടുകാളകളും കെട്ടുകുതിരകളുമാണ് ഉത്സവക്കാലത്തിന്റെ ആവേശം വാനോളം ഉയർത്തുന്നത്. കെട്ടുകാളയിലെ കാള കൃഷിയുമായി ബന്ധപ്പെട്ടതാണ്. കൊയ്ത്തുകഴിഞ്ഞ് കിട്ടുന്ന കച്ചിയാണ് കാളകെട്ടിനും കുതിരകെട്ടിനും പ്രധാനമായും ഉപയോഗിക്കുന്നത്. മരച്ചട്ടവും കയറും കപ്പിയും ഉപയോഗിച്ച് വരിഞ്ഞുകെട്ടി ആകാശത്തോളം പൊക്കത്തിൽ നിർമ്മിക്കുന്ന കെട്ടുകാഴ്ചകളിൽ വെള്ളത്തുണിയും ചുവന്ന പട്ടും ചുറ്റുന്നു. (ഇരുമ്പാണി ഒരിടത്തും ഉപയോഗിക്കാത്ത പ്രത്യേക ചെയ്വന)മനോഹരമായി ചിത്രപ്പണിചെയ്ത തല പിടിപ്പിക്കുന്നത് അവസാനഘട്ടത്തിലാണ്. കെട്ടുകാഴ്ചകൾ ഒരുക്കുമ്പോൾ ആ കരക്കാരുടെ ഉച്ചഭക്ഷണം പോലും ഒരുമിച്ചാണ്. കാളമൂട്ടിൽ കഞ്ഞിയും കുതിരമൂട്ടിൽ കഞ്ഞിയും അസ്ത്രവും മുതിരയുമൊക്കെ തനത് വിഭവങ്ങളാണ്.

കുംഭമാസത്തിലെ പൂയം നക്ഷത്രത്തിലാണ് ഗ്രാമക്ഷേത്രമായ പാണ്ഡവർകാവിലെ ഉത്സവക്കൊടിയേറ്റ് (വനവാസക്കാലത്ത് പാണ്ഡവരുടെ മാതാവായ കുന്തീദേവിയാൽ സ്ഥാപിക്കപ്പെട്ട അന്നപൂർണ്ണേശ്വരീ വിഗ്രഹമാണ് മുതുകുളം മേജർ പാണ്ഡവർകാവ് ദേവീക്ഷേത്രത്തിലെ ആരാധനാമൂർത്തി). അപ്പുണ്ണിയും കൂട്ടരും കൂട്ടിവച്ച പറങ്ങാണ്ടിയും പാക്കും അടുത്ത ചന്തയായ കരീലക്കുളങ്ങരയിൽ കൊണ്ടുപോയി വിറ്റ് കാശാക്കും, ഇങ്ങനെ വിറ്റുകിട്ടുന്ന പൈസകൊണ്ടാണ് ഉത്സവം ആഘോഷിക്കുന്നത്. പൂയത്തിന് കൊടിയേറിയാൽ(കൊടിയേറുന്ന വിശേഷസമയത്താണ് നടുധാന്യങ്ങൾ നടുന്നത്) നാലാം ദിവസം മുതൽ അഞ്ച് കരകളിലെ ഉത്സവ ആഘോഷങ്ങൾ. ദിവസവും ഉരുളിച്ച, ആറാട്ട്, ഓട്ടൻതുള്ളൽ, വേലകളി, നേർച്ചകമ്പം, സേവ, നാടകം, ബാലെ തുടങ്ങി നിരവധി പരിപാടികൾ. ക്ഷേത്രപരിസരപറമ്പുകളിൽ വളക്കടകൾ, ചായക്കടകൾ, ഓടക്കുഴൽ, ഊത്ത്, ബലൂൺ കച്ചവടക്കാർ, ഐസ് വിൽക്കുന്നവർ, സംസാരിക്കുന്ന അമേരിക്കൻ പാവ, വളയമേറ് അങ്ങനെ നിരവധി മറ്റ് സംഘങ്ങൾ.



ആറാം ഉത്സവമാണ് പൊന്നശ്ശേരി മുന്നില ഉത്സവം, അന്നാണ് അപ്പുണ്ണി താമസിക്കുന്ന കരയിലെ ഉത്സവം. അന്ന് അപ്പുണ്ണിയും പരിവാരങ്ങളും തീർച്ചയായും അമ്പലത്തിൽ പോകും. കരകളിൽ ഓലമടലെടുക്കാനും മരം മറിച്ചിട്ട് വലിച്ച് മാറ്റുന്നതിനുമായിട്ട് എത്തുന്ന ആനകളുടെ പുറകെ നടന്ന് കാഴ്ചകൾ കാണുന്നതും സ്കൂളിൽ പിറ്റേന്ന് പൊടിപ്പും തൊങ്ങലും ചേർത്ത് ആനക്കഥകൾ പറയുന്നതും അപ്പുണ്ണിക്ക് ഹരമാണ്.

ഇന്ന് പത്താം ഉത്സവം. അഞ്ച് കരകളിൽ നിന്നും കൊന്നത്തെങ്ങിന്റത്ര തലയെടുപ്പുള്ള അഞ്ച് കെട്ടുകുതിരകൾ, കാടാശ്ശേരി മുന്നിലവക തേര്, ഹനുമാൻ, ഭീമൻ..(അപ്പുണ്ണിയുടെ ഒന്നാം ക്ലാസ്സ് മുതലുള്ള കൂട്ടുകാരൻ ''ഇലഞ്ഞിക്കൽ തറയിലെ'' രാധാകൃഷ്ണപിള്ളയുടെ അപ്പൂപ്പനാണ് കാടാശ്ശേരി മുന്നിലയിലെ കലാരൂപങ്ങൾ തയ്യാറാക്കുന്നത്.) വൈകുന്നേരം നാലുമണിയോടുകൂടി ജനസമുദ്രമായി

www.malankaralibrary.com

മാറുന്ന റോഡുകളും, അമ്പലപ്പറമ്പുകളും കാഴ്ചക്കണ്ടങ്ങളും. ക്ഷേത്രപരിസരത്തെ വളക്കടകളിൽനിന്നും അവശ്യംവേണ്ട വളകൾ ചേച്ചിയും കൂട്ടരും വാങ്ങി. കയ്യിൽ കെട്ടാൻ വാച്ചും അപ്പൂപ്പാ.. അമ്മൂമ്മ.. ശബ്ദം കേൾപ്പിക്കുന്ന ബലൂണും മത്സ്യത്തിന്റെ രൂപമുള്ള ഒരു ഊത്തും അപ്പുണ്ണിക്കായി വാങ്ങി (പറങ്ങാണ്ടി വിറ്റു കിട്ടിയ പൈസയിലെ അപ്പുണ്ണിയുടെ വിഹിതം). ആൾത്തിരക്കിന് മുൻപെ എല്ലാവരും സുരക്ഷിത സ്ഥലങ്ങളിൽ ഒഴിഞ്ഞുനിന്ന് ഉത്സവക്കാഴ്ചകൾ കണ്ടുതുടങ്ങി.

പത്താമുത്സവത്തിന്റെ തിരക്കിനിടയിൽ മാല പൊട്ടിക്കുന്നവർ, പോക്കറ്റടിക്കാർ, ലഹരിയടിച്ചെത്തുന്നവർ, മറ്റ് അക്രമങ്ങൾ നടത്തുന്നവരെ നിരീക്ഷിച്ച് പോലീസുകാർ ചുറ്റുപാടും. ഉത്തമക്കുറുപ്പ് ചേട്ടന്റെ കടയുടെ മുൻവശത്തെ കണ്ടത്തിലാണ് രണ്ട് മുന്നില കൂട്ടരുടെ കുതിരകളെയിറക്കുന്നത്. അതിനായി റോഡിൽനിന്നും കണ്ടത്തിലേക്ക് പാറചരിച്ചടുക്കി സിമന്റിട്ടിട്ടുണ്ട്. ബാക്കിയുള്ള കുതിരകൾ ക്ഷേത്രത്തിന്റെ കിഴക്കു-വടക്ക് വശത്തെ കണ്ടത്തിലും.

കരക്കാർ കൊണ്ടുവന്നിരിക്കുന്ന കാഴ്ചകൾ നേരിൽകാണാൻ അന്നപൂർണ്ണേശ്വരീദേവി ആനപ്പുറത്ത് എഴുന്നുള്ളുകയായി, കരക്കാരുടെ കാഴ്ചവസ്തുക്കൾ കണ്ട് കരക്കാരെ അനുഗ്രഹിച്ച് അമ്മ മടങ്ങുന്നു.

അക്കൊല്ലത്തെ ഉത്സവത്തിനും അന്ന് പാതിരാത്രിയോടെ കൊടിയിറങ്ങുംമ്പോൾ അടുത്ത കൊല്ലത്തെ ഉത്സവത്തിന് വാങ്ങേണ്ട സാധനങ്ങളുടെ ലിസ്റ്റ് മനസ്സിൽ കുറിച്ചിടുകയായിരിക്കും അപ്പുണ്ണി ●

# 11 പ്രിയപൂർവ്വം അച്ചമ്മയ്ക്ക്

അപ്പന്റമ്മയ്ക്ക് വയസ്സ് എൺപത് കഴിഞ്ഞു. ചുക്കിച്ചുളുങ്ങിയ വെളുത്ത ശരീരം. സ്വർണ്ണനിറ കടുക്കൻ(ഭാരമുള്ള കമ്മൽ, ഉപയോഗിക്കുന്നതിനാൽ കാത് കണക്കിലധികം ഞാന്നുകിടക്കുന്നു), ടൊയിൻനൂലിൽ കോർത്ത മിന്ന്. ഇവ രണ്ടുമാണ് വല്ല്യമ്മച്ചിയുടെ ആഭരണം. പാൽ ഉപയോഗിക്കാത്തതിനാൽ രണ്ടുനേരവും കട്ടൻചായ കുടിക്കുന്നു, പല്ല് കൊഴിഞ്ഞമോണയിൽ വെപ്പുപല്ല് കൊണ്ട് അഡ്ജസ്റ്റ് ചെയ്തിരിക്കുന്നു, തലമുടി കുറവായതിനാൽ സ്ഥിരമായി തിരുപ്പൻ ഉപയോഗിക്കുന്നു, വൃത്തിയുടെ ആൾരൂപം. കോഴിയിറച്ചി ഒഴികെയാതൊരു ഇറച്ചിയും ഉപയോഗിക്കില്ല, മറ്റ് ഇറച്ചി വീട്ടിൽ പാചകം ചെയ്താൽ ആഹാരം പോലും അന്നത്തേക്ക് അമ്മച്ചി ഉപേക്ഷിക്കും. വെറ്റയും പാക്കും ചേർന്നുള്ള മുറുക്കാൻ അച്ചമ്മയുടെ വീക്ക്നസ് ആണ്. പാക്ക് ചെറിയ കൽക്കുഴവികൊണ്ട് ഇടിച്ചാണ് വായിലാക്കുന്നത്. പുകയില അരിയുന്നതിനും പുറം ചൊറിയുന്നതിനും ഒരു ചുണ്ടൻ കത്തി(ചുവട് ഭാഗം ഒടിഞ്ഞ അരിവാളിന്റെ ചുണ്ട്) എപ്പോഴും കയ്യിൽക്കാണും.



അപ്പുണ്ണിയുടേയും അനിയൻ ചേട്ടന്റേയും കുഞ്ഞുപെങ്ങളുടേയും ഏറ്റവും വലിയ കൂട്ടാളിയാണ് അച്ചമ്മ (വല്ല്യമ്മച്ചി). തമ്മിൽത്തല്ലിന്റെ ശല്ല്യം സഹിക്കാതെ തല്ലാൻ വരുന്ന അമ്മയെ കൊച്ചു മക്കൾക്കായി തടുക്കുന്നതും വഴക്കുപറഞ്ഞ് തിരികെ വിടുന്നതും വല്ല്യമ്മച്ചിയാണ്. അച്ചമ്മ കിടക്കുന്ന മുറിയിലാണ് മൂവരും കിടന്നുറങ്ങുന്നത്. അച്ചമ്മ കയറുകട്ടിലിൽ കിടക്കും ത്രയങ്ങൾ തറയിൽ പായ് വിരിച്ചിട്ട് കിടക്കും. മുണ്ടും ചട്ടയും അടുക്കിവയ്ക്കാനുള്ള ഒരു ഇരുമ്പ് പെട്ടിയാണ് അച്ചമ്മയുടെ ഖജനാവ്. രാത്രിയുടെ നിശബ്ദ യാമങ്ങളിൽ ഉയർത്തുന്ന കഠിന, കഠോര കൂർക്കം വലിയാണ് അച്ചമ്മയിൽ അപ്പുണ്ണി കാണുന്ന ഒരേ ഒരു കുറവ്. ഉച്ച മയക്കത്തിലാഴുന്ന അച്ചമ്മയെ അവധി ദിവസങ്ങളിൽ കയറുകട്ടിലിന്നടിയിൽ കേറി അപ്പുണ്ണിയും അനിയൻ ചേട്ടനും കൂടി പുറംകൊണ്ട് പൊക്കും. ഞെട്ടിയുണരുന്ന അച്ചമ്മ ഇത് കൊച്ചുമക്കളുടെ പണിയാണണ്ണുറപ്പിച്ച് അപ്പനെ ഉച്ചത്തിൽ വിളിക്കും..

''എടാ.. ഓടി വാടാ... ദാണ്ടെടാ... പൊക്കുന്നെടാ...''

ചിരിച്ചുകൊണ്ട് കട്ടിൽ ചുവട്ടിൽനിന്നും ഇറങ്ങുന്ന അപ്പുണ്ണി അച്ചമ്മയുടെ അമ്മിഞ്ഞയ്ക്ക് പിടിച്ചിട്ട് ചോദിക്കും ''ഇതെന്താ ഇങ്ങനെ..?''

www.malankaralibrary.com

"ഓടടാ... നിന്റെ അമ്മയോട് പോയി ചോദിക്ക്.."

വാത്സല്ല്യപൂർവ്വം അച്ചമ്മ പുറം ചൊറിയുന്ന കൊച്ചുപിച്ചാത്തി തിരയുന്ന നേരംകൊണ്ട് അപ്പുണ്ണി ഓടിയൊളിക്കും.

അച്ചമ്മ ദിവസവും രാവിലെയും രാത്രിയിലും മക്കൾക്കും കൊച്ചുമക്കൾക്കും വേണ്ടി പ്രാർത്ഥിക്കും. പ്രാർത്ഥനയ്ക്കിടയിലെ പ്രധാന വാചകമിതാണ് "ദൈവപുത്രാ നീ പത്രോസിന്റെ മുകളിൽ പള്ളിപണിഞ്ഞതു പോലെ എന്റെമേലും പള്ളി പണിയണേ.."

താളിതേച്ചുള്ള കുളി, വാഴയില കീറിയുള്ള ശരീരം തേയ്ക്കൽ, ആടലോടകം, താമരയില, കരിനൊച്ചിയില എന്നിവ അരച്ച് അപ്പമുണ്ടാക്കി കഴിക്കൽ. എല്ലാം അച്ചമ്മയുടെ ഭക്ഷണമെനുവാണ്. പനി വന്നാൽ പടിഞ്ഞാറെ സർക്കാർ ആശുപത്രിയിലേക്ക് പതുക്കെ നടക്കും അവിടെയുള്ള ഗ്രേസി മകളെ(നേഴ്സ്) കൊണ്ട് ഒരു തൂശി(ഇംജക്ഷൻ) എടുക്കും അതോടുകൂടി അച്ചമ്മയുടെ എല്ലാ അസുഖങ്ങളും പമ്പകടക്കും.

അന്ന് ഉച്ച പന്ത്രണ്ടുമണിയോടടുത്തു. കുളിക്കാനായി കുളക്കരയിലേക്ക് ചെന്ന കാഴ്ച മങ്ങിത്തുടങ്ങിയ അച്ചമ്മയുടെ ഉച്ചത്തിലുള്ള നിലവിളി എല്ലാവരും കേട്ടു.

"എടാ... ഓടി വാടാ... ദാ കുളത്തിൽ താറാവിറങ്ങിയെടാ.. ഓടി വാ.."

അപ്പൻ കടയിൽനിന്നും ഇറങ്ങി ഓടിച്ചെന്നു.

വില്ല്യംസ് ചേട്ടൻ പഠനമുറിയിൽനിന്നും ഇറങ്ങിയോടി.

അപ്പുണ്ണിയും തയ്ച്ചുകൊണ്ടിരുന്ന അക്കപ്പെങ്ങളും ഓടിച്ചെന്നു.

അമ്മയും കുഞ്ഞുപെങ്ങളും അടുക്കളയിൽനിന്നും ഇറങ്ങിയോടിച്ചെന്നു.

ആമ്പലും മുള്ളൻപായലും നിറഞ്ഞുകിടക്കുന്ന കുളത്തിലേക്ക് അപ്പനെടുത്തുചാടി..!. കയ്യിൽ അക്കപ്പെങ്ങളുടെ ഇളയ മകൻ സാജുക്കുഞ്ഞുമായി കരയ്ക്കുകയറി. ചേട്ടൻ കുഞ്ഞിനെ തലയിൽവച്ച് കറക്കി കുടിച്ചവെള്ളം ഛർദ്ദിപ്പിച്ചു.

കിഴക്കേപ്പാടത്ത് നിന്നും തലയിൽ തേക്കുന്ന എണ്ണകാച്ചാനുള്ള കയ്യോന്നി, കുളക്കരയിൽ രാവിലെ കുഴിച്ചുവച്ചത് കുഞ്ഞ് കണ്ടിരുന്നു. ആരും കാണാതെ കുളത്തിന്റെ കരയിലെത്തിയ അവൻ കുളത്തിലേക്ക് വീണനേരത്താണ് അച്ചമ്മ കുളക്കടവിലെത്തിയത്..!.

വഴികളായ വഴികളും പറമ്പായ പറമ്പുകളും പിറ്റേന്നുതന്നെ അപ്പുണ്ണിയും അനിയൻ ചേട്ടനും ചേർന്ന് വേലികെട്ടിയടച്ചു.

അച്ചമ്മ തന്റെ പ്രായക്കണ്ണുകൾകൊണ്ട് കണ്ട് അന്ന് നിലവിളിച്ചതിനാൽ അപ്പുണ്ണിക്ക് കൂടെക്കൂട്ടാനും കളിക്കാനും അനന്തിരവനായ അവനെ കിട്ടി. വെള്ളത്തിൽ നിന്ന് കിട്ടിയവൻ എന്നുള്ള കാരണത്താൽ "**മോശ**"എന്നവിളിപേര് എല്ലാവരുംകൂടി അവനിട്ടു.

കേരളീയരുടെ സ്വന്തം ദേശീയോൽസവമായ ഒരു ബന്ത് ദിനത്തിൽ അച്ചമ്മ ഈ ലോകത്തോട് വിട പറഞ്ഞു..!.

"കാലങ്ങളൊക്കയും പോയ്മറഞ്ഞു
കാലാന്തരത്തിൻ കയ്പ്പറിഞ്ഞു.
നേരുന്നൊരായിരമശ്രുപൂക്കൾ
പൂജ്യപിതൃക്കളെ ഓർത്തിടുമ്പോൾ." ●

## 12. അൻപൊലി ഉത്സവം

മീന ഭരണിക്കാണ് കുടുംബക്ഷേത്രമായ ഈരയിൽ ഭദ്രകാളി ക്ഷേത്രത്തിലെ കൊടിപ്പത്ത്. ഉത്സവത്തിനും ഏകദേശം ഒരുമാസം മുന്നേ പറയെടുപ്പ് കഴിഞ്ഞിരിക്കും. തലയിൽ ബിംബവും വലം കയ്യിൽ മണികിലുങ്ങുന്ന വാളും മറുകയ്യിൽ ശൂലവുമായി വെളിച്ചപ്പാട് വരുന്നത് ഭക്തർ ഭയഭക്തി ബഹുമാനത്തോടെ കണ്ട് തൊഴുതുനിൽക്കും. പാണ്ഡവർകാവ് ദേവീ ക്ഷേത്രത്തിലെ ഉത്സവദിവസം ദൂരദിക്കുകളിലെ പറയെടുത്തശ്ശേഷം ഈരയിൽ ഭഗവതിയുടെ ക്ഷേത്രത്തിലേക്കുള്ള തിരികെവരവ് ഭക്തർക്ക് വലിയ അനുഭവമാണ് (ബിംബം എടുത്തിരിക്കുന്നത് ദാമോദരൻ വെളിച്ചപ്പാട് ആണെങ്കിൽ ഏറ്റം നന്ന്). മേളക്കാർ, കൊമ്പ്, കുട, പീഠം.. അങ്ങനെ എല്ലാവരും കൂട്ടയോട്ടത്തിലാണ് എത്തുന്നത്. തട്ടാരുമുക്കിന് വന്ന് നാലുദിക്കിലേക്കും വാളുവീശി വെളിച്ചപ്പാട് ഉറഞ്ഞുതുള്ളി കറങ്ങി ജനക്കൂട്ടത്തിലേക്ക് ഓടിക്കയറും. ഭക്തർ വായ്കുരവകളോടും "ആർപ്പോ.." വിളികളോടും കൂടി ഉത്സവപ്രതീതി ജംങ്ഷനിൽ ജനിപ്പിക്കും. തുടർന്ന് പടിഞ്ഞാറെ ദിക്കിനെ നോക്കി അനുഗ്രഹിച്ചുനിൽക്കുന്ന വെളിച്ചപ്പാട് കൊട്ട്, കുട, കുഴൽ, കതിനക്കാർക്കൊപ്പം ഒറ്റയോട്ടമാണ്. ഇത് ഒരു മായാക്കാഴ്ച്ചയാണ്.

ചക്കുളങ്ങര വയലിൽ ഈരയിൽ ഭഗവതിക്ക് അൻപൊലികൊടുക്കുന്ന ചടങ്ങ് നടക്കുന്നകാലം, കൃഷി

www.malankaralibrary.com

സമൃദ്ധിക്കായി ഭക്തരായുള്ള കർഷകരും നാട്ടുകാരും ഒന്നുചേർന്ന് വയലിൽ നടത്തുന്ന ഉത്സവമാണ് വയൽ അൻപൊലി. അൻപൊലിരാത്രിയിലെ ട്യൂബിന്റെ വെട്ടം വയലിനെ കുളിർപ്പിക്കും. വളക്കടകൾ, ബലൂൺ കച്ചവടക്കാർ, ചായ, പലഹാരക്കടകൾ എല്ലാം വയലുകളിൽ പുതിയലോകം തീർക്കും. ഈരയിൽ ഭഗവതിയെ തട്ടാരുമുക്കിൽ നിന്നും ഭക്തരുടെ താലപ്പൊലിയോടും മറ്റ് ആചാര ചടങ്ങുകളോടുംകൂടി സ്വീകരിച്ച് ഉത്സവ സ്ഥലത്തേക്ക് ആനയിക്കും, ശേഷം സേവയും തുടർന്ന് നാടകമോ, ബാലയോ, ഗാനമേളയോ, മിമിക്രിയോ നടത്തിപ്പുകാർ തയ്യാറാക്കിയിരിക്കും.



ഒരിടത്ത് ഒരു ആൾക്കൂട്ടം അപ്പുണ്ണിയും കൂട്ടുകാരൻ സജിയും അങ്ങോട്ടേക്ക് നടന്നു. ഒരു മേശയ്ക്ക് ചുറ്റും ആൾക്കൂട്ടം. നന്നായ് ചുറ്റിവച്ച ചരടിൽ കാണികളിൽ ഒരാൾ വടികൊണ്ട് കുത്തുന്നു. കുത്തുന്നത് ചരടിന്റെ ഉള്ളിലാണങ്കിൽ കുത്തുന്ന ആളിന് പണം കിട്ടും അല്ലെങ്കിൽ കമ്പനിക്ക്. ജനക്കൂട്ടത്തിനിടയിലെ കമ്പനി ആൾ കുത്തിയാൽ ചരടിന്റകത്ത്. കാണികൾ കമ്പ് കുത്തിയാൽ കുത്ത് പുറത്ത്..?!

തെക്കുനിന്നും രാജപ്പൻ ആടിയാടിവരുന്നു രചനാകൂൾബാറിലെ കള്ളുകുടിച്ച് കൂളായുള്ള വരവാണ് (അതോ ഹോട്ടായോ..?). കുത്താൾക്കൂട്ടത്തിൽ രാജപ്പനും ഹാജർ.

''ഒരുകുത്തിന് ഒരു രൂപ, ആർക്കും കുത്താം..''

കുത്തുകാരന്റെ കുഴൽവിളി രാജപ്പന് കൊണ്ടു. രാജപ്പനും കുത്തി, ഫലം ശൂന്യം. അഞ്ച് തുടർക്കുത്തുകളിലും ഫലം കമ്പനിക്ക്. വാശിമൂത്ത് രാജപ്പൻ വീണ്ടും കുത്തി. ഫലം തഥൈവ..!! പിന്നെ നടന്നത് കണ്ണും മണ്ണും കയ്യും കാലും ചേർന്നുള്ള കൂട്ടയിടിയാണ്.

പണംവച്ച് നേരത്തെ കുത്തിയവരും, കുത്താൻ നിന്നവരും, കുത്ത് കണ്ടുനിന്നവരും എല്ലാവരും ചേർന്ന് കുത്തുകമ്പനിയെ നാടുകടത്തി (പാടം കടത്തി!). ഇടിയുടെ പാരമ്യത്തിൽ ആരോ പൂഴിക്കടകനും (മണ്ണ് വാരിയിട്ടുള്ള ഇടി) പ്രയോഗിച്ചു.

ആ വർഷത്തെ വയലുത്സവക്കാഴ്ചകളിലെ പ്രധാന ഐറ്റമായിരുന്നു പൂഴിക്കടകൻ അടക്കമുള്ള ആ കൂട്ടയിടി. ഇടിയുടെ കലാശക്കൊട്ടും കണ്ട് അപ്പുണ്ണി കൂട്ടുകാരൻ സജിക്കൊപ്പം അടുത്ത ഉത്സവ കാഴ്ചസ്ഥലത്തേക്ക് നടന്നു ●

# 13 ഓർമ്മയിലൊരു ബുക്ക് ക്ലബ്

പുത്തൻ പുസ്തകങ്ങളുടെ ചൂടാർന്നഗന്ധമാണ് അപ്പുണ്ണിയുടെ ആദ്യ പുസ്തകാസ്വാദനം. അയലത്തെ മുതിർന്ന കുട്ടികളുടെ പുസ്തകങ്ങൾ പകുതിവിലയ്ക്ക് വാങ്ങിയാണ് പുതുവർഷങ്ങളിൽ പാഠപുസ്തകങ്ങളായി ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ ചുടു മണമുതിരുന്ന പുസ്തകങ്ങൾ അപ്പുണ്ണിയുടെ കൈകളിൽ എത്തിയിരുന്നത് വളരെ വിരളമായാണ്. ഈശ്വരൻമാരെപ്പോലെ ആദ്യവും അന്തവും ഇല്ലാതെ പകുതിവിലയ്ക്ക് കിട്ടുന്ന പഴയപുസ്തകങ്ങളിൽ പാഠങ്ങൾ എഴുതിച്ചേർക്കുക എന്നതാണ് ആദ്യകടമ്പ.

ഇമ്പമാർന്ന പദ്യപാഠങ്ങൾ ആവർത്തിച്ച് വായിച്ച് ഹൃദിസ്ഥമാക്കിയതിനാൽ ചുടു ചാമ്പൽ കണക്കെ അവ അപ്പുണ്ണിയുടെ മനസ്സിൽ എക്കാലവും നിലനിൽക്കുന്നു. കലാവിലാസിനി വായനശാലപോലെയുള്ള ഗ്രന്ഥപ്പുരകളിൽ കുട്ടികൾക്ക് ഉപയോഗിക്കത്തക്ക നിലവാരമുള്ള ചിത്രകഥാപുസ്തകങ്ങൾ ലഭ്യമല്ലായിരുന്നു. മലയാളമനോരമ പത്രത്താളുകളിൽ അച്ചടിച്ചു വന്നിരുന്ന അതിമാനുഷരും ഉദ്വോഗജനയിതാക്കളുമായ ഫാന്റം, മാൻഡ്രേക്ക് തുടങ്ങിയ ചിത്രകഥാപരമ്പരകളാണ് അപ്പുണ്ണിയെ കഥാഗതിയിലേക്ക് ആകർഷിച്ചത്. ഇംഗ്ലീഷിലുള്ള സംസാരഭാഷയും അടിക്കുറിപ്പായുള്ള വിശദമായ തർജ്ജിമയും ഉണ്ടായിരുന്ന മാൻഡ്രേക്ക് രണ്ട് ഭാഷകളേയും മനസ്സിലാക്കുന്നതിന് അപ്പുണ്ണിയെ ഒരു പരിധിവരെ സഹായിച്ചു.

മനോരമ ആഴ്ചപ്പതിപ്പുകളിലെ ബോബനും മോളിയും വായനയെ പ്രോത്സാഹിപ്പിച്ച മറ്റൊരു സംഗതി

www.malankaralibrary.com

യാണ്. അപ്പുണ്ണിയെ വായനയുടെ രസാവഹമായ കാലത്തേക്ക് കൈപിടിച്ചുയർത്തിയത് കൊച്ചിയിലെ ജ്യൂസ്ട്രീട്ടിൽ നിന്നും വന്നിരുന്ന പൈകോ പ്രസിദ്ധീകരണങ്ങളായ പൂമ്പാറ്റയും പൂമ്പാറ്റ അമർചിത്രകഥകളും ആണ്. ഭാരതത്തിന്റെ പുരാണങ്ങളിലേക്ക്, ചരിത്രങ്ങളിലേക്ക് വെളിച്ചം വീശുന്ന പുസ്തകങ്ങളായിരുന്നു അവ. പൂമ്പാറ്റ അമർച്ചിത്രകഥ പ്രസിദ്ധീകരണത്തിലെ ഒന്നാം പുസ്തകമായ ആനന്ദമഠം മുതൽ 200ൽ അധികം തുടർചിത്രകഥകളുടെ ഒരു ശ്രേണിതന്നെ അപ്പുണ്ണിയുടെ ഗ്രന്ഥപ്പുരയിൽ ഉണ്ടായിരുന്നു. (തൊഴിൽ സംബന്ധമായ വ്യഗ്രതകളിൽ മുഴുകിയതോടെ അവയുടെ സൂക്ഷിപ്പ് താറുമാറായി. തുടർന്ന് അവയെല്ലാം നഷ്ടപ്പെട്ടു... നഷ്ടക്കണക്കിന്റെ തുലാസിൽ ഇന്നും മനസ്സിൽ മായാതെ ഉയർന്നുനിൽക്കുന്നത് ഈ പുസ്തകങ്ങളുടെ നഷ്ടതകൾ തന്നെയാണ്).



വായനയുടെ ഋതുക്കളിൽ വസന്തകാലമെന്ന് അപ്പുണ്ണിയുടെ മനസ്സിലുള്ളത് പത്താംക്ലാസ്സ് വരെയുള്ള കാലമാണ്. തുടർന്നുള്ള ഏതാനും വർഷങ്ങൾ പഠനവിഷയങ്ങളിൽ മാത്രം ഒതുങ്ങി. ഡിഗ്രിതലത്തിലെ രണ്ടാം വർഷത്തോടുകൂടി ഗ്രാമത്തിലെ കലാവിലാസിനി വായനശാലയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുതുടങ്ങി. വായനശാലാ കണക്കുകളും മറ്റു റിക്കാർഡുകളും തയ്യാറാക്കുന്നതിന് പ്രതിഫലമായി അപ്പുണ്ണിക്കും അടുത്ത സഹായികൾക്കും ലഭിച്ചിരുന്നത് തട്ടാരുമുക്കിലെ അനിയനച്ചായന്റെ രഞ്ജിനിഹോട്ടലിൽ നിന്നുള്ള വെട്ടുകേക്കുകളായിരുന്നു. വിശപ്പിന്റെ വിളിക്ക് ചൂടുകേക്കുകളും വിജ്ഞാനദാഹശമനത്തിന് വായനശാലയിലെ പുസ്തകങ്ങളും അപ്പുണ്ണിയെ ഏറെ സഹായിച്ചു എന്നുള്ളത് സത്യംതന്നെ.

വളരെ നാളായുള്ള അപ്പുണ്ണിയുടെ ആഗ്രഹമാണ് ഒരു ക്ലബ് തുടങ്ങണമെന്ന്. വായനയേയും കായികശേഷിയേയും പ്രോത്സാഹിപ്പിക്കുന്ന ഒരു ക്ലബ്. അതിനൊരു പേരു വേണ്ടേ.? വേണം. പേരിട്ടു **ബാലപഞ്ചമി റീഡിംങ് & സ്പോർട്ട്സ് ക്ലബ്**.. ആസ്ഥാനം അപ്പുണ്ണിയുടെ വീട് തന്നെ. ഒരാഴ്ചകൊണ്ട് ഇരുപതിലധികം അംഗങ്ങൾ. പോരേ..? മതി. പരസ്യം ചെയ്യേണ്ടേ...? വേണം.

ബാനർ സ്വയം തയ്യാറാക്കി തെക്കെ പുരയിടത്തിലെ തെങ്ങിൽ അനന്തിരവൻമാരായ രാജുവിന്റെയും സാജുവിന്റെയും സഹായത്തോടെ കെട്ടി. നോട്ടീസ് കാനകേൽ വീടിന്റെ തെക്കുവശത്തുള്ള ദേവി പ്രിന്റേഴ്സിൽ പ്രിന്റുചെയ്ത് നാടായ നാട് മുഴുവൻ വിതരണം ചെയ്തു. കുറെയേറെ അവിടവിടായി ഒട്ടിച്ചുവച്ചു. ഒട്ടിച്ചവ എതിരാളികൾ കീറിയെറിഞ്ഞു..!. പിന്നോക്കം പോയില്ല, വീണ്ടും ഒട്ടിച്ചു. ക്ലബ് പ്രവർത്തനങ്ങൾ ശക്തമായി മുൻപോട്ട് പോയപ്പോൾ നോട്ടീസ് കീറിയെറിഞ്ഞവരും ക്ലബ് അംഗങ്ങളായി. അംഗത്വമായി, മാസവരിയായി, പുസ്തകങ്ങളായി. പൈകോയുടെ പൂമ്പാറ്റ ദ്വൈവാരിക നടത്തിയ കയ്യെഴുത്ത് മാസികാ മത്സരത്തിൽ അപ്പുണ്ണിക്കും കൂട്ടർക്കും സമ്മാനം. പോരേ പൂരം.

സ്പോർട്ട്സ് ക്ലബിൽ ക്രിക്കറ്റിന് പ്രാധാന്യം നൽകി. അടുത്തുള്ള ക്ലബുകളുമായി മത്സരങ്ങളായി. പങ്കെടുത്ത മത്സരങ്ങളിലെല്ലാം ബാലപഞ്ചമി ക്ലബ് സമ്മാനം നേടി. രാജൂ മാത്യ, സാജൂ മാത്യ, എബ്രഹാം എം.പി, റജി വർഗ്ഗീസ്, സജീവൻ, രാജീവൻ ബി, ശിവപ്രസാദ്, ശാന്തകുമാർ, സന്തോഷ് കുമാർ, ബിജു ഗോപാൽ, റജി, എഡ്വേർഡ് ബഞ്ചമിൻ, സുനിൽകുമാർ, അനി കൃഷ്ണൻ, ഉണ്ണി, ശിവമണി, ശിവകുമാർ, ബിജു വാസുദേവൻ, മണിക്കുട്ടൻ, മധുസൂദനൻ പിള്ള, പ്രശാന്ത് എസ് പിള്ള, സുഭാഷ്, ജവഹർ, അനിയൻ, വേണു, കൊച്ചുമോൻ, സുധി ഭാസ്കർ, ബിജു.വി.എൻ,. നീണ്ടുപോകുന്നു കൂടെ കളിച്ചവരുടെയും മത്സരത്തിൽ പങ്കെടുത്തവരുടെയും പേരുകൾ.

കലാവിലാസിനി വായനശാലയിൽ അപ്പുണ്ണിക്കൊപ്പം കൂട്ടുകാരും ചേർന്ന് പ്രവർത്തിക്കാൻ തയ്യാറായി●

## 14 വിശപ്പും അപ്പവും

മാർച്ച് (കുംഭം-മീനം)മാസം., അപ്പുണ്ണിക്ക് വയറ് പെരുക്കുന്ന കാലമാണ്. വിശപ്പ് തീർക്കാൻ ചക്കപ്പഴം, മാമ്പഴം, ആഞ്ഞിലിച്ചക്ക, വറുത്ത ആഞ്ഞിലിക്കുരു. ദാഹം തീർക്കാൻ പറങ്കിപ്പഴം..

കിഴക്കെ പുരയിടത്തിന്റെ അരിക് ചേർന്നൊഴുകുന്ന ചക്കുളങ്ങരവയൽ-മുണ്ടകപ്പാട തോടിനോട് ചേർന്ന് വലിയൊരു നാട്ടുമാവ്. നിറയെ മൂത്തുപഴുത്ത മാമ്പഴങ്ങൾ. വൻമഴയ്ക്ക് മുൻപായി പൈലറ്റ് വാഹനമായെ

www.malankaralibrary.com
ത്തുന്ന ശക്തമായ കാറ്റത്ത് ഇന വ്യത്യാസം കൂടാതെ മരങ്ങൾ നന്നായുലയും.

**"ഇക്കാറ്റും കാറ്റല്ല തെങ്കാറ്റും കാറ്റല്ല..**
**മാവേലി തുറുവേലെ കാറ്റേ ഓടിവാ.."** അപ്പുണ്ണി നീട്ടിപ്പാടും. പാട്ടുകേട്ട് മൂളിക്കുതിച്ചെത്തുന്ന കാറ്റിൽപ്പെട്ടുലയുന്ന മാവിൽനിന്നും പഴുത്ത മാമ്പഴങ്ങൾ പെയ്തുതുടങ്ങുകയായി. ഒപ്പം കൈകളഞ്ഞ് എറിഞ്ഞ് തങ്ങിപ്പോയ കൊഴുവുകളും (കമ്പുകൾ). പരിസരത്തുള്ള കൂട്ടുകാരും മാവിൻചുവട്ടിലേക്ക് ഓടിയെത്തും. വിശപ്പിന് പരിധിയില്ലല്ലോ (പച്ചമാങ്ങയും ഉപ്പും മുളകും കൂട്ടിയരിഞ്ഞ് വയറ്റിലേക്ക് തള്ളി ഇതിനോടകം ഓരോ വയറും കിറിക്കിടക്കുകയല്ലേ..?).



വൈകുന്നേരങ്ങളിൽ പിടിച്ചാൽ പിടിമുറ്റാത്ത മാവിൻ ചുവട്ടിൽ അപ്പുണ്ണിയും കുഞ്ഞുപെങ്ങളും അനിയൻചേട്ടനും മുകളിൽ തങ്ങളെ വെല്ലുവിളിച്ച് തൂങ്ങിയാടുന്ന പഴുത്ത മാമ്പഴങ്ങളിലേക്ക് നോക്കിനിന്ന് വെള്ളമിറക്കുന്ന സമയത്താകും തെക്കേതിലെ അച്ചൻകുഞ്ഞ് ചേട്ടന്റെ വരവ്. പിന്നീട് മൂവരും ചേർന്ന് കുഞ്ഞുചേട്ടന്റെ കാല് തിരുമ്മി കെഞ്ചും. "ഒന്നു കേറി മരം ഉലുത്തൂ.., കേറിപ്പറിക്കൂ.. പ്ലീസ്...!"

ശല്ല്യം സഹിക്കാനാകാതെ കുഞ്ഞുചേട്ടായി പതുക്കെ മരം കയറും. പകുതി കയറിയ ചേട്ടായി നീറുകടി കൊണ്ട് വിട്ടതിലും വേഗത്തിൽ താഴെവരുന്ന റോക്കറ്റുപോലെ കയറിയതിലും വേഗത്തിൽ തിരികെയെത്തും."ഛെടാ..!, ഇതെന്തൊരു കൂത്ത്..?, കാലുതിരുമ്മിയത് വെറുതേയാകുമോ ഈശ്വരാ..?"

അടുക്കള അടുപ്പിൽനിന്ന് ദിവസവും വാരി വെയ്ക്കുന്ന പുളിച്ചാരം കുഞ്ഞുചേട്ടായിയുടെ ദേഹമാസകലം മൂവരുംകൂടി വാരി പൂശി. ബാക്കിയുള്ളത് ശല്ല്യത്തിനായി വരുന്ന നീറുകളുടെ മുഖത്ത് പൂശാൻ (ക്ലോറോഫോമിന്/ടിയർഗ്യാസിന് പകരം) ചേട്ടായിയുടെ എളിയിൽ കവറിലാക്കി കെട്ടിയിട്ടു. ശൂന്യാകാശ യാത്രയ്ക്ക് തയ്യാറായ ശാസ്ത്രജ്ഞനെപ്പോലെ അച്ചൻകുഞ്ഞ് ചേട്ടായി തയ്യാറായി.. (അടുത്ത ലോഞ്ചിങ്ങിന് തയ്യാറാക്കി കൗണ്ടൗൺ തുടങ്ങി.) എതിർത്തുവരുന്ന നീറുകളുടെ കണ്ണിൽ വെണ്ണീർ പൂശി ചേട്ടായി മേലോട്ട്. ശാഖകളോരോന്നും കുലുക്കി. മാമ്പഴങ്ങൾ ഞെടുപ്പുവിട്ട് താഴോട്ട്. കയ്യെത്തുന്നവ പറിച്ച് ചേട്ടായി മടിയിൽ താത്തു (ചന്ദ്രനിൽ ഇറങ്ങിയവർ കല്ലും മണ്ണും ശേഖരിച്ചതുപോലെ).

ചില്ലകളുടെ ശക്തമായ കുലുക്കം നീറിൻ പെട്ടികളെ ആടിയുലച്ചു..!! വർദ്ധിത വീര്യത്തോടെ അവ അവയവ വ്യത്യാസം കൂടാതെ നാനാദിക്കിൽ നിന്നും ചേട്ടായിയെ ആക്രമിച്ച് കീഴ്പ്പെടുത്തി. കിട്ടിയവയും(മാങ്ങായും കടിയും)കൊണ്ട് ചേട്ടായി റോക്കറ്റിലും വേഗത്തിൽ താഴെ ലാന്റ് ചെയ്തു.

സെയ്ഫ് ലാന്റിങ്ങ്!.

വയറ് നിറഞ്ഞുകഴിഞ്ഞാൽ പിന്നെ അൽപം കളിയാകാം അത് ആശാൻ പന്തുകളിയാവാം, പോലീസും കള്ളനുമാകാം, കണ്ണുപൊത്തി സാധനങ്ങൾ ഒളിപ്പിച്ചത് കണ്ടെത്തലാകാം, വയർ പതിവിലും കൂടുതൽ നിറഞ്ഞാൽ അത് ദഹിക്കുന്നതിന് കല്ല് അകത്തുവച്ച് മെടഞ്ഞുണ്ടാക്കിയ ഓലപ്പന്തുകൊണ്ട് എറിഞ്ഞ് കളിയാകാം(പാസുപന്ത്). അങ്ങനെ എന്തെല്ലാം കളികൾ..

കളിക്കാരെ കൂട്ടാൻ അപ്പുണ്ണി അടുത്തവീടിന്റെ വേലിയരികിൽ ചെന്നപ്പോൾ ദാ കേൾക്കുന്നു അവന്റെ അച്ഛന്റെ ഉഗ്രശാസനം!

"കളിക്കാനും ഒളിക്കാനും ഒന്നും നീ പോകണ്ട.."

കൂട്ടുകാരൻ അവന്റെ അമ്മവഴി ഒരു കരുനീക്കം നടത്തും. അലിവുള്ള അമ്മമനസ്സ് ഇപ്രകാരം മൊഴിയും

"അവൻ പോയി കളിച്ചോട്ട്... നിങ്ങളും കുറെ കളിച്ചതല്ലേ..?"

വേലിക്ക് മറഞ്ഞുനിന്ന അപ്പുണ്ണിക്ക് കൂട്ടുകാരന്റെ അമ്മ പറഞ്ഞത് എല്ലാം മനസ്സിലായില്ലെങ്കിലും ഏതാണ്ടൊക്കെ മനസ്സിലായി.

എവറസ്റ്റ് കീഴടക്കിയ മട്ടിൽ കൂട്ടുകാരൻ വീട്ടിൽനിന്നും ഇറങ്ങിവരും.

ഈർക്കിൽ കളിക്കാൻ തയ്യാറാകുന്ന ടീം. നാലിഞ്ച് നീളമുള്ള പതിനഞ്ചോളം ഈർക്കിലുകൾ തറയിലേക്ക് വൃത്തത്തിന് വെളിയിൽ പോകാതെ ഇരുകൈകൊണ്ടും തിരുമ്മി കറക്കിയെറിയുന്നു. അതിലൊരെണ്ണം ആദ്യമെടുക്കണം അതാണ് "ആശാൻ ഈർക്കിൽ". ഇനി ഇതുകൊണ്ട് മറ്റോരോന്നും തോണ്ടിയെടുക്കണം. തോണ്ടുമ്പോൾ മറ്റൊന്നും അനങ്ങരുത്. അനങ്ങാതിരിക്കാൻ തോണ്ടുന്നവൻ ശ്രദ്ധിക്കുന്നതിലും പതിന്മടങ്ങ് ശ്രദ്ധയിലായിരിക്കും അനങ്ങിയോയെന്ന് മറ്റുള്ളവരുടെ ശ്രദ്ധ, ശ്വാസം വിടാതെയുള്ള കളി!.

www.malankaralibrary.com

അടുത്ത കളി സാറ്റ്. കണ്ടുപിടിക്കാൻ ഒളിച്ചിരിക്കണം. മുഖംപൊത്തി എണ്ണുന്നവൻ വിരലകറ്റി നോക്കിയാൽ വീണ്ടുമെണ്ണിക്കും. എണ്ണിത്തീർത്തവൻ കതകിന്റെ പുറകിലും കട്ടിലിന്നടിയിലും തെറുത്തുവച്ച പായുടെ അകത്തുവരെയും തപ്പൽ നടത്തും. ഒളിക്കുന്നവർ എത്തേണ്ടിടത്ത് എത്തിപ്പറയും ''സാറ്റ്''.

പെൺകൂട്ടർ കല്ലുകൊത്ത് കളിക്കുമ്പോൾ ആൺകൂട്ടർ വട്ട് കളിക്കും(ഗോട്ടി കളി). ഒന്നരമീറ്റർ അകലത്തിൽ മണ്ണിൽ മൂന്ന് ചെറുകുഴികൾ. വലത്തെ ചൂണ്ടുവിരലിന്റെ അഗ്രത്ത് കല്ലുവട്ട് വച്ച് മറ്റെ കയ്യുടെ ചൂണ്ടുവിരലും തള്ളവിരലും ഉപയോഗിച്ച് ശത്രുവിന്റെ വട്ട് ഒറ്റക്കണ്ണുകൊണ്ട് നോക്കി ഒറ്റയടി. അപ്പുണ്ണി ഇത് ചെയ്താൽ മറ്റവന്റെ ഏഴയലത്തുപോലുമെത്തില്ല. എന്നാൽ ചില വീരന്മാർ പത്തടി ദൂരത്തുനിന്നാലും മറ്റവന്റേത് അടിച്ചു തെറിപ്പിക്കുന്നത് അസൂയയോടെ അപ്പുണ്ണി നോക്കിനിന്നിട്ടുണ്ട്. വട്ടുകളിയിൽ ജയിച്ചവൻ എതിരാളിക്ക് ''ട്രോഫി'' അങ്ങോട്ട് കൊടുക്കുന്നരീതിയാണ് ഉള്ളത്. തോറ്റവന്റെ കയ്യുടെ കൊണ്ടയ്ക്ക് നല്ലിനം വട്ടുകൊണ്ട് ''കിടുക്കോ.. കിടുക്കോ..'' എന്ന് എണ്ണംപറഞ്ഞ് കൊള്ളിച്ചാണത് നൽകുന്നത്. ഇതിനായി കളിയിൽ തോറ്റവൻ ജയിച്ചവന് വട്ടുകൊണ്ട് അടിക്കാൻ പാകത്തിന് വിരലുകൾ മടക്കി, കുഴിയുടെ കരയിൽ കയ്യ് മുട്ടിച്ച് വയ്ക്കണം. രഹസ്യധാരണയിൽ ചിലർ ശക്തികുറച്ചടിക്കും. ചിലർ പൂർവ്വവൈരാഗ്യം അടിച്ചുതീർക്കും. സ്കൂളിൽ പിൻബഞ്ചിലിരിക്കുന്നവന്റെ നിക്കറിന്റെ പോക്കറ്റ് പതിവിലും ഞാന്ന് കാൽമുട്ടുവരെ തൂങ്ങുന്നെങ്കിൽ അവൻ ഇന്ന് വട്ടുകളിക്ക് തയ്യാറായി വന്നിരിക്കുകയാണന്ന് മനസ്സിലാക്കാം(മിക്കവാറും ദിവസം അവരുടെ പോക്കറ്റ് ഞാന്നു തന്നെയാ...). വീട്ടിൽവച്ച് നടക്കുന്ന വട്ടുകളിയിൽ അപ്പുണ്ണി തോറ്റാൽ അടി തുടങ്ങുംമുമ്പേ എന്തോ.. എന്ന് നീട്ടി വിളികേട്ട് ''ദാ അമ്മ വിളിക്കുന്നു..''എന്നമട്ടിൽ വീട്ടിലേക്ക് പായും. ഏതായാലും അപ്പുണ്ണി തോറ്റാൽ ഇനി ആരുമിവിടെ കളിക്കണ്ട എന്ന രീതിയിൽ അപ്പോൾത്തന്നെ ഗോട്ടിക്കുഴിയിൽ പെടുത്തുവയ്ക്കും.

കൂടെ കളിക്കാൻ ആരുമില്ലെങ്കിലും ഒറ്റയ്ക്ക് കളിക്കാൻ അപ്പുണ്ണിയുടെ തലമണ്ടയിൽ കളികൾ ധാരാളം. വീടിന്റെ തെക്കുവശത്തെ റോഡിൽനിന്നും പലർക്കും ചെറിയചെറിയ കടലാസ് പൊതികൾ ലഭിക്കുന്നത് അപ്പുണ്ണി കാണാറുണ്ട്. നിരീക്ഷിച്ചാൽ അതി വിദഗ്ദ്ധമായാണ് ഭാഗ്യവാൻമാരും ഭാഗ്യവതികളും ഇത് കൈക്കലാക്കുന്നത്. ഭാഗ്യം കൈക്കുള്ളിലായാൽ പിന്നൊരു വെപ്രാളമാണ്. ഇടംവലം നോക്കാതെ നേരെ വീട്ടിലേക്ക് വച്ചുപിടിക്കും (ഒരു ഒന്നൊന്നൊര നടത്തം). നടന്നുപോകുന്ന കൂട്ടത്തിൽ കയ്യിലെ ഭാഗ്യത്തിൽ ഒന്ന് ഞെക്കി നോക്കും. നന്നായി ഞെങ്ങുന്നകാരണം ''അടിച്ചൂ മോനെ..'' എന്ന മനോഗതിയാണ് പൊതി കിട്ടിയവരുടെ ഉള്ളിന്റെയുള്ളിൽ നുരഞ്ഞുപൊന്തുന്നത്.

അടുത്ത പത്തുമിനിട്ടിനുള്ളിൽ പൊതികിട്ടിയവരുടെ പുരമുന്നിൽ ഒരു ആരവം കേൾക്കാം. നാട്ടുഭാഷ ഇത്ര മനോഹരമാണോ എന്ന് നാട്ടുകാർ പോലും അതിശയിച്ചുപോകുന്ന കൊലവിളി!. വളിച്ച വായിൽ വിളിച്ചുപറയുന്ന ലോക്കൽ തെറി കേട്ട് കാരണമറിയാൻ അയലത്തുകാർ ആരേലും അങ്ങോട്ട് ചെന്നാൽ ഉടനെ നേരത്തെ നടത്തിയ കൊലവിളി ഒന്നുംകൂടി റിവൈൻഡ് ചെയ്ത് പറയും.

''ഇത് മൂന്നാംതവണയാ ഏതോ വൃത്തികെട്ടവൻ ആൾക്കാരെ പറ്റിക്കാൻ ചാണകം പൊതിഞ്ഞ് വഴി നീളെ ഇടുന്നത്''(മൂന്നു തവണയായി ആവശ്യത്തിലധികം ചാണകം വീട്ടിലെത്തിയതിൽ സന്തോഷിക്കുകയല്ലേ ഭാഗ്യവതി ചെയ്യേണ്ടതെന്ന് അപ്പുണ്ണി അപ്പോൾ ചിന്തിക്കാറുണ്ട്..!).

റോഡിൽ പൊതികണ്ടാൽ ആത്യാർത്തിയോടെ ഭാഗ്യവതികളും ഭാഗ്യവാന്മാരും ദൂരെനിന്നേ മനസ്സിൽ മായാലോകം തീർത്ത് പാഞ്ഞടുക്കും. ശേഷം ചിലർ പൊതിക്കുചുറ്റും ഒരു തിരുവാതിര പൂർത്തിയാക്കും മറ്റുചിലർ പൂവൻ പിടക്കോഴിയെ കാണുമ്പോൾ കാണിക്കുന്ന വട്ടം ചുറ്റൽ നടത്തും വേറെ ചിലർ ഇരയെ കണ്ട് ചുറ്റിപ്പറന്നെത്തുന്ന പരുന്തിനെപ്പോലെ വരുന്ന വരവിൽ പൊതി റാഞ്ചിക്കൊണ്ട് അങ്ങനേ പോകും. ജനൽപാളികൾക്കിടയിലൂടെ അപ്പുണ്ണി ഈ കാഴ്ചകൾ കണ്ടുരസിക്കാറുണ്ട്. ആർക്കെങ്കിലുമൊക്കെ സമ്മാനം അടിക്കുന്നതിന് നമ്മളെന്തിന് ദുഃഖിക്കണം?. അന്യരുടെ സന്തോഷത്തിൽ അയലത്തുകാരും സന്തോഷിക്കണ്ടേ..?.

അതെല്ലാം അവിടെ നിൽക്കട്ട്. ഇന്ന് പഴുത്തമാങ്ങാ കുറെയേറെ അകത്താക്കിയതല്ലേ..? അതുകൊണ്ട് മറ്റൊരു കളിയാകാം. മറ്റാരും പെട്ടെന്ന് കളിക്കാത്ത കളി.

അതെന്തു കളി ? ആരും കളിക്കാത്ത കളി..?

''ബാ.. പടീറ്റതിലേക്ക് പോകാം..''

''ശരി..''

ഒരു പാത്രത്തിൽ കുറേ വെള്ളം കൊണ്ടുവന്നു. അപ്പുണ്ണിയും കൊച്ചുപെണ്ണുങ്ങളും ജോയിയും ജ്യോതിച്ചേട്ടനും സുഷമചേച്ചിയും അനിയൻ ചേട്ടനും സജീവനും പാത്രത്തിനുചുറ്റും വട്ടത്തിലിരുന്നു. പൊട്ടിയ ബക്കറ്റിന്റെ ശേഷിപ്പായി കിട്ടിയ പ്ലാസ്റ്റിക് കഷണം മെഴുകുതിരി തീയിൽ കാട്ടി കത്തിച്ച് ഓരോരുത്തരായി വെള്ളത്തിലേക്ക് ഉരുക്കിയൊഴിച്ച് അപ്പം ചുടണം അതാണ് കളി., ''ശൂ... കളി.''

ഒറ്റത്തുനിന്നും ഓരോരുത്തരായി പ്ലാസിറ്റിക് കത്തിച്ച് വെള്ളത്തിലൊഴിച്ച് അപ്പം ചുട്ടു തുടങ്ങി...

അപ്പുണ്ണിയും ചുട്ടു പ്ളാസ്റ്റിക് അപ്പം.

അടുത്ത ഊഴം അനിയൻ ചേട്ടന്.

പ്ലാസ്റ്റിക് കത്തിച്ച് വെള്ളപ്പാത്രത്തിലെത്തും മുമ്പേ പ്ലാസ്റ്റിക്കുരുകി വീണു. വീണതോ ചേട്ടായിയുടെ തുടയിലേക്ക്. ''ശൂ..!..'' എന്ന് കാലിൽനിന്നും ''അയ്യോ..!'' എന്ന് ചേട്ടായിയുടെ വായിൽനിന്നും ശബ്ദം വന്നു..

വേദനയാൽ ചേട്ടൻ തുടയിൽ അമർത്തി തിരുമ്മി. കാലിലെ തൊലിയും പ്ലാസ്റ്റിക്കും സമം കയ്യിൽ. അപ്പുണ്ണിയുടെ അനിയൻചേട്ടന്റെ തുടയിൽ അന്ന് ശൂ.. ചുട്ടപാട് ഇന്നും വട്ടത്തിൽകാണാം ●

www.malankaralibrary.com

# 15 കൊച്ചുകൊച്ചു സന്തോഷങ്ങൾ

സ്കൂൾ തുറക്കുന്നതിന് മുൻപുതന്നെ അപ്പുണ്ണി പുസ്തകങ്ങൾ, ബുക്കുകൾ എല്ലാം പൊതിഞ്ഞ് വൃത്തിയാക്കും. ഞായറാഴ്ച പത്രങ്ങളിൽ വിശേഷാൽ വരുന്ന സപ്ലിമെന്റുകളാണ് പുസ്തകം പൊതിയാൻ ഉപയോഗിക്കുന്നത്. ഈവർഷം നാലുവരെ പഠിച്ച കൊട്ടാരം സ്കൂളിനോടും സൈക്കിളേറിവരുന്ന ഒന്നാം സാറിനോടും സങ്കലന പട്ടികയും ഗുണനപട്ടികയും ഒറ്റശ്വാസത്തിൽ ചൊല്ലിക്കുകയും എലിയുടെയും പൂച്ച യുടെയും കവിത പഠിപ്പിക്കുകയും സമീപത്തുള്ള പാണ്ഡവർകാവ് ക്ഷേത്രത്തിൽ ഓട്ടംതുള്ളൽ കാണി ക്കാൻ കൊണ്ടുപോവുകയും ചെയ്തിട്ടുള്ള നാരായണൻ സാറിനോടും ആരണ്യത്തിൽ അഗ്നിയാൽ വലയം ചെയ്യപ്പെട്ട ജരിതപ്പക്ഷിയുടെ കവിതപഠിപ്പിച്ച രാഘവൻപിള്ള സാറിനോടും ഒന്നും ഒന്നും രണ്ട് പഠിപ്പിച്ച കന കാമ്പിയമ്മ സാറിനോടും അമ്മ, ആൽ, തറ, പറ, പന പഠിപ്പിച്ച ജഗദമ്മ സാറിനോടും അപ്പുണ്ണി യാത്ര പറയു ന്നു. ഇനി എസ്.എൻ.എം.യൂ.പി. സ്കൂളിൽ.

അപ്പനൊപ്പം കൊട്ടാരം സ്കൂളിൽനിന്നും ടി.സി. വാങ്ങി അപ്പുണ്ണി പുതിയ സ്കൂളിലെത്തി. ഭഗ വത്ഗീതയും കരത്തിലേന്തി ചിരിക്കുന്ന മുഖവുമായി വടികുത്തി നടന്നുനീങ്ങുന്ന മഹാത്മാഗാന്ധിയുടെ പ്രതിമ മുന്നിൽ മുറ്റത്ത്. പുതിയ അദ്ധ്യാപകർ, പുതിയ അന്തരീക്ഷം. പൂഴിമണ്ണ് നിറഞ്ഞ സ്കൂൾ പരിസരം. ഓഫീസ് മുറിയുടെ മുമ്പിൽ പടർന്നുപന്തലിച്ച് നിൽക്കുന്ന ഒരു മാവ്. മാവിന്റെ തണലിലൂടെ നേരേ ഹെഡ്മാസ്റ്ററുടെ മുറിയിലേക്ക്.

വെളുത്ത ശരീരം, സുമുഖൻ, സുന്ദരൻ, സ്വർണ്ണപ്പല്ല്, കണ്ണട ഇതാണ് കാടാലിൽ മണിസാർ (ശ്രീ.സുബ്ര ഹ്മണ്യ അയ്യർ) ഇവിടുത്തെ ഒന്നാംസാർ. ഭവ്യതയോടെ അപ്പനും അപ്പുണ്ണിയും ''നമസ്തേ..'' പറഞ്ഞ് ഓഫീസിലേക്ക് കയറി. അപ്പൻ ഹെഡ്മാസ്റ്ററുമായും പീയുൺ ജോലിയിലുള്ള തട്ടാരുപറമ്പിലെ ഗോപാലൻ അച്ഛനുമായും കുശലാന്വേഷണങ്ങൾ നടത്തി. അഡ്മിഷൻ പൂർത്തിയായിക്കഴിഞ്ഞപ്പോൾ ഖദർധാരിയായ തമ്പിസാർ ഓഫീസ്മുറിയുടെ പിന്നിലുള്ള പുസ്തക വിതരണപ്പുരയിൽനിന്നും അഞ്ചാം ക്ലാസ്സിലെ മലയാളം പാഠാവലി പുത്തനൊരെണ്ണം എടുത്തുകൊണ്ടുവന്ന് സൗജന്യമായി അപ്പുണ്ണിയുടെ കയ്യിൽവച്ചു. ''നന്നായി പഠിക്കണം, മിടുക്കനാകണം, നന്നായിവരും..'' അപ്പുണ്ണിയെ തമ്പിസാർ അനുഗ്രഹിച്ചു.

അപ്പുണ്ണിയുടെ കൈക്കുപിടിച്ച് അപ്പൻ തന്റെ കയ്യിലിരുന്ന വളഞ്ഞപിടിയുള്ള വലിയ കാലൻകുട നിവർത്തിപ്പിടിച്ച് ചെറുതോടിന്റെ അരികിൽക്കൂടി പ്രധാന റോഡിൽക്കയറി വേഗം വീട്ടിലേക്ക് നടന്നു. അപ്പുണ്ണി അഞ്ചാം ക്ലാസ്സിലായി. വീട്ടിലെത്തിയപാടെ അപ്പുണ്ണി തനിക്ക് കിട്ടിയ പുത്തൻ മലയാളപുസ്തകം മൂക്കിനോട് അടുപ്പിച്ചുപിടിച്ചു ഒന്ന് വിടർത്തി.

''ഹായ്...! നല്ല പുതുപുത്തൻ മണം..''

കിടപ്പുമുറിയിലെ അലമാരയിലെ താഴത്തെ തട്ടിൽ (മുകളിലെ ഒന്നും രണ്ടും തട്ടുകൾ ലിസി ചേച്ചിക്കും അനിയൻ ചേട്ടനും ഉള്ളതാണ്) പുത്തൻപുസ്തകം അപ്പുണ്ണി കൊണ്ടുവച്ചു. പുസ്തകം പൊതിയാൻ എന്തു ണ്ട്..?. ടാറിട്ട പ്രധാന റോഡിൽക്കൂടി പോയപ്പോൾ അപ്പുണ്ണി നാലിടത്ത് സിനിമാപോസ്റ്റർ ചാക്കുപിടിപ്പിച്ച ഫ്ര യിമിൽ ഈർക്കിൽകോർത്ത് ചാരിവച്ചിരിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ട്. ഹൈസ്കൂൾ ജംങ്ഷനിലെ വിജയാഹോട്ട ലിന് മുൻപിൽ(കരീലക്കുളങ്ങര അമ്പിളി), തട്ടാരുമുക്കിലെ ജോയിച്ചായന്റെ പീടികയുടെ പടിയിൽ(നങ്ങ്യാർകു ളങ്ങര അർച്ചന), ഗോപാലൻ ചേട്ടന്റെ മുറുക്കാൻ കടയുടെ തട്ടികക്കാലിന് മുൻപിൽ(ഹരിപ്പാട് സുരേഷ്), ശിവൻപിള്ളചേട്ടന്റ ചായക്കടയുടെ മുൻപിൽ(മുതുകുളം ഗോപാലകൃഷ്ണ) ഇവയിലേതെങ്കിലും ഒരു പോസ്റ്റർ കിട്ടിയിരുന്നെങ്കിൽ ഇപ്രാവശ്യത്തെ നാലഞ്ച് പുസ്തകങ്ങൾ പൊതിയാൻ സാധിച്ചേനെ. പക്ഷേ പോസ്റ്റർ കിട്ടാനെന്ത് മാർഗ്ഗം..?.

നാളെ രാവിലെ പാല് കൊണ്ടുക്കൊടുക്കാൻ നേരം ശിവൻപിള്ളചേട്ടനോട് ചോദിക്കാം, ചേട്ടൻ തരാ തിരിക്കില്ല. ഒരെണ്ണം കിട്ടിയാൽ കിട്ടട്ടെ. പോയാലൊരുവാക്ക് കിട്ടിയാലോ...?

പിറ്റേന്ന് രാവിലെ ചേട്ടനൊപ്പം അപ്പുണ്ണി പാലുമായി ശിവൻപിള്ള ചേട്ടന്റെ കടയിലെത്തി. എപ്പോഴും ചിരിക്കുന്ന മുഖവുമായി അപ്പുണ്ണിയെ നോക്കുന്ന കൃശഗാത്രനായ ശിവൻപിള്ള ചേട്ടൻ. മൂക്കിപ്പൊടിക്കുപ്പി മടിയിൽ നിന്നെടുത്ത് ഇടം കയ്യുടെ ചൂണ്ടുവിരലും തള്ളവിരലും ഉപയോഗിച്ച് കുപ്പി തുറന്ന് വലത്തെ ചൂണ്ടു വിരലാൽ''ടക്.. ടക്..'' ശബ്ദത്തോടെ ഇടം കയ്യിലേക്ക് കുറെ മൂക്കിപ്പൊടി തട്ടിയിട്ട് ചോദ്യഭാവേന അപ്പു ണ്ണിയെ നോക്കി.

''നീ ധൈര്യത്തോടെ ചോദിക്കടാ..'' സംശയിച്ചുനിന്ന അപ്പുണ്ണിയോട് അനിയൻ ചേട്ടൻ പറഞ്ഞു.

സർവ്വ ധൈര്യവും സംഭരിച്ച് അപ്പുണ്ണി സിനിമ പോസ്റ്റർ ചോദിച്ചു.

''പോസ്റ്ററുകളെല്ലാം ഓരോരുത്തർ ചോദിച്ചു വച്ചിരിക്കുവാ എങ്കിലും അപ്പുണ്ണി.., നീ ചോദിച്ചതല്ലേ

www.malankaralibrary.com

ഈ ഒരെണ്ണം തരാം പക്ഷേ ഇന്ന് തരാൻ പറ്റില്ല, സിനിമാ മാറുന്ന വെള്ളിയാഴ്ച പുതിയ പോസ്റ്ററുമായി സുതൻ വരും (ചുരുണ്ട തലമുടി നീട്ടി വളർത്തിയ, എപ്പോഴും തമാശകലർന്ന സംഭാഷണങ്ങൾ അപ്പുണ്ണിയോട് നടത്തുന്ന, വിശ്ശേഷ ദിവസങ്ങളിൽ മയിലാട്ടവും ഓണത്തിന് കടുവാ വേഷവും ചെണ്ടയുമായി വീടുവീടാന്തരം കയറിയിറങ്ങുന്ന സുതൻ ചേട്ടനെ അപ്പുണ്ണിക്കറിയാം) അപ്പോളെടുത്ത് വച്ചേക്കാം, ഇന്ന് തിങ്കൾ അല്ലാ ആയുള്ളൂ.., അടുത്ത ശനിയാഴ്ച തരാം കേട്ടോ..''

''ആഷീ..!, ആഷീ..!'', ചേട്ടൻ ആഞ്ഞ് വലിച്ചുകേറ്റിയ മൂക്കിപ്പൊടി സർവ്വശക്തിയോടെ പുറത്തേക്ക്. ഉടുത്തിരുന്ന കൈലിത്തുമ്പിൽ മുഖശുദ്ധി വരുത്തി തട്ടികത്താഴെ ചായയ്ക്കായിരിക്കുന്നവർക്ക് ചായ കൊടുക്കാൻ ചേട്ടൻ പോയി.




അടുത്ത വെള്ളിയാഴ്ച ലഭിക്കുന്ന സിനിമാപോസ്റ്ററിലേക്ക് അപ്പുണ്ണി നോക്കി, **മായാവി**. നസ്സീറിന്റെയും ഉമ്മറിന്റെയും ചിത്രങ്ങൾ, കൂടെ ആരുടെയൊക്കയോ പടങ്ങൾ, മുതുകുളം ഗോപാലകൃഷ്ണയുടെ സിനിമാപോസ്റ്റർ.

വീട്ടിൽനിന്നും ഒന്നരകിലോമീറ്ററിനുള്ളിലുള്ള സിനിമാ കൊട്ടകയാണ് ''**ഗോപാലകൃഷണ**''. ഉമ്മർമുക്കിനും കല്ലുമ്മൂടിനുമിടയിൽ ട്രാൻസ്ഫോമറിന് തെക്കുവശം പ്രധാനറോഡിന് പടിഞ്ഞാറുവശമായാണ് നിൽക്കുന്നത്. വൈകിട്ട് 5.30 തിന് ''ശരണമയ്യപ്പാ സ്വാമി..ശരണമയ്യപ്പാ..'' ഭക്തിഗാനത്തിൽ തുടങ്ങി,''കണ്ണാ.. ആലിലക്കണ്ണാ..'' കൂടാതെ ''മേം ഷായത് തോ നഹി..'' തുടങ്ങിയ ഹിന്ദിഗാനങ്ങൾ ഉൾപ്പെടെ പാട്ടുകളുടെ പാലാഴി തീർക്കുന്ന ഗോപാലകൃഷ്ണ ടാക്കീസ്.

അപ്പുണ്ണിയും ചേട്ടനും ഒഴിഞ്ഞ പാൽപ്പാത്രവുമായി തിരികെ നടന്നു.

''നാളെ ഞാൻ സിനിമാപോസ്റ്റർവാങ്ങി ബുക്ക് പൊതിയുമല്ലോ..'' അപ്പുണ്ണി തന്റെ കളിക്കൂട്ടുകാരായ സജിയോടും ജോയിയോടും പറഞ്ഞു.

''ഒരെണ്ണം ഞങ്ങൾക്കും വാങ്ങിത്തരണേ.'' അവരും അപ്പുണ്ണിയെ ശട്ടംകെട്ടി.

''നോക്കട്ടെ..'' അല്പം ഗമയിൽത്തന്നെ അവർക്ക് മറുപടി നൽകി.

വേഗം നേരം വെളുക്കണേ.. എന്ന പ്രാർത്ഥനയോടെ അപ്പുണ്ണി കിടന്നു. കോഴികൂവിയാലും കാക്ക ''ക്രാ.. ക്രേ..'' എത്ര കരഞ്ഞാലും തിരിഞ്ഞും മറിഞ്ഞും കിടന്ന് സമയം പോക്കുന്ന അപ്പുണ്ണി ശനിയാഴ്ച അതിരാവിലെ തന്നെ ചാടിയെഴുന്നേറ്റു. അമ്മ അളന്നുവച്ച പാലുമായി ചേട്ടനൊപ്പം ജംങ്ഷനിലെ കടയിലേക്ക് വേഗം നടന്നു. പാൽ ഒഴിച്ചുകൊടുത്ത ശേഷം പിള്ളചേട്ടനോട് അപ്പുണ്ണി പോസ്റ്റർ ചോദിച്ചു.

''അയ്യോ! എന്റപ്പുണ്ണി പോസ്റ്റർ ഇന്ന് തരാൻ പറ്റില്ല, പടം മാറിയിട്ടില്ല..''

പോസ്റ്റർ വച്ചിരിക്കുന്ന സ്ഥലത്തെ ബോർഡിലേക്ക് അപ്പുണ്ണി നോക്കി. മായാവി വിജയകരമായ രണ്ടാം വാരത്തിലേക്ക് എന്ന് ഒരുപേപ്പറിൽ എഴുതിവച്ചിരിക്കുന്നു **2–ാംവാരം** എന്നകുറിപ്പ് തന്നെ തുറിച്ചുനോക്കുന്നതായി അപ്പുണ്ണിക്ക് തോന്നി.

നിറകണ്ണുകളോടെ നിൽക്കുന്ന അപ്പുണ്ണിയെ ചേട്ടൻ ആശ്വസിപ്പിച്ചു,

''അടുത്തയാഴ്ച ആകട്ടടാ ഞാൻ വാങ്ങിത്തരാം..''

എങ്കിലും ഇത് വലിയ ചെയ്ത്തായിപ്പോയെന്റെ മായാവി!, കൂട്ടുകാരോട് ഇന്ന് ഞാനെന്തുപറയും. അപ്പുണ്ണി ചേട്ടനൊപ്പം വീട്ടിലേക്ക് തലകുനിച്ച് നടന്നു ●

# 16 വിശപ്പ്

മണ്ടപോയ തെങ്ങിന്റെ തിരുനെറ്റിയിൽ ഒരു പൊത്തും അതിലൊരു കിളിക്കുഞ്ഞും ഉണ്ടെങ്കിൽ അവിടെ സന്തോഷിന്റെ കൈ എത്തിയിരിക്കും. സന്താനങ്ങളിൽ മൂന്നാമനും □ആകക്കെട്ടു□മായ അവനോട് ഗൗരി അമ്മയ്ക്ക് സ്നേഹവും വാത്സല്യവും അല്പം കൂടുതലാണ്. പക്ഷി സ്നേഹിയായിരുന്ന സാലിം അലിയുടെ മുതുകുളം പതിപ്പാണ് അപ്പുണ്ണിയുടെ വലങ്കൈയായ തെക്കേതിലെ സന്തോഷ്.

അണ്ണാനും തത്തയും പ്രാവും പരുന്തും മൈനയും അങ്ങനെ എല്ലാം സന്തോഷിന്റെ വളർത്തു ജീവികളാണ്. തേനീച്ചകളെ കൂൾ കൂളായി അവൻ കൈകാര്യം ചെയ്യും, സ്വന്തം മുഖം അവയുടെ കുത്തുകൊണ്ട് വീർത്തിരുന്നാലും തേനെടുക്കൽ അഭംഗുരം തുടരും. മരം കയറ്റത്തിലുള്ള അവന്റെ പ്രാവീണ്യം അപ്പുണ്ണി

www.malankaralibrary.com
ആഞ്ഞിലിക്കാ കയറി പറിച്ച് തിന്നുന്നതിനുമായി പലപ്പോഴും ചൂഷണം ചെയ്യാറുണ്ട്. അപ്പുണ്ണി വീടിന്റെ തെക്കേയറ്റത്തെ മുറിയിലെ മേശ മുന്നിൽ കസേരയിട്ടിരുന്ന് രാത്രിയുടെ ആദ്യയാമങ്ങളിൽ പഠിക്കുമ്പോൾ സമീപത്തെ തിണ്ണയിൽ സന്ധ്യാഭോജനവും കഴിഞ്ഞ് വയറ് പെരുപ്പിച്ച് വന്നുകിടക്കുന്ന **ജബാറി**ന്റെ കിടപ്പ് അപ്പുണ്ണിക്ക് രാക്കൂട്ടാണ്.

സന്തോഷപൂർവ്വം പണികൊടുക്കുക എന്നുള്ളത് അവന്റെ പേരിൽത്തന്നെ ഒളിഞ്ഞുകിടക്കുന്ന സംഗതിയാണ്. ഇപ്രാവശ്യം പണിയൊത്തത് അനുജൻ കൃഷ്ണകുമാറിനാണ്. കിഴക്കേ തോടിന്റെ കുറുകേയുള്ള വീതികുറഞ്ഞ കനാൽ പാലത്തിന്റെ മുകളിലായിരുന്നു മത്സരം. ''കണ്ണടച്ച് പാലം കടക്കണം സമ്മതിച്ചോ..?'' നിർദോഷിയായ കൃഷ്ണൻ സമ്മതിച്ചു. ''എന്നാൽ ഇതാ ഞാൻ ആദ്യം കടക്കാം..'' ഇത്ര പറഞ്ഞ് സന്തോഷ് കണ്ണടച്ച് നൂൽപ്പാലത്തിലൂടെ നടന്നു. അടുത്ത ഊഴം കൃഷ്ണകുമാറിനാണ്. അവനും കണ്ണടച്ച് നടന്നു പക്ഷേ! അപ്പുറം എത്തിയില്ല. പടിഞ്ഞാറെ സർക്കാർ ആശുപത്രിയിൽ ഉടനെ എത്തിച്ചു. കണ്ണടച്ച് നടന്നവൻ നേരെ തോട്ടിലേക്ക്!, കൈക്കുഴ തെറ്റി. ഭാഗ്യത്തിന് അത്രയുമെ സംഭവിച്ചുള്ളൂ. അപ്പുണ്ണിയുടെ അടുക്കളയിൽ കുല പഴുപ്പിക്കാൻ കയറിൽ കെട്ടി തൂക്കിയിട്ടിരിക്കുന്നതുപോലെ കഴുത്തിൽ കെട്ടിയ ചരടിൽ കയ്യുമായി സന്തോഷിനൊപ്പം പിറ്റേന്ന് കൃഷണകുമാറിനെ കണ്ടപ്പോൾ സംഭവം തിരക്കിയ അപ്പുണ്ണിയോട് പതിവ് രീതിയിൽ ജബാർ പറഞ്ഞു. ''ഞാൻ കണ്ണ് തുറന്നുവച്ചാണ് പാലം കടന്നത്. പിന്നിൽ നിന്ന ഇവൻ അത് കണ്ടില്ല. എന്നെ പിൻതുടർന്ന ഇവൻ ശരിക്കും കണ്ണടച്ച് നടന്നു. നേരെ തോട്ടിലേക്ക്. ഇവൻ ശരിക്കും കണ്ണടയ്ക്കുമെന്ന് ഞാൻ കരുതിയില്ല..''

സന്തോഷിന് ഹൈസ്കൂളിൽ പഠിക്കുമ്പോൾ അല്പം കോൺഗ്രസ് രാഷ്ട്രീയം ഉണ്ടായിരുന്നതിനാൽ എന്തിനും ഏതിനും പോരുന്ന അവനായിരുന്നു സമരദിനത്തിലെ കോൺഗ്രസ് പതാക വാഹകൻ. അന്നൊരു സമരദിനം. കുട്ടികളുടെ ജാഥ മുതുകുളം ഹൈസ്കൂളിൽ നിന്നും തുടങ്ങി തട്ടാരുമുക്ക് കടന്ന് കല്ലുമൂട്ടിലെ സംസ്കൃതം സ്കൂളിലെ പഠിപ്പ് മുടക്കുന്നതിനായി നീങ്ങുന്നു. എതിരേവന്ന ആന വണ്ടിയിലെ പോ..പോ.. യുടെ ബ്ലാഡറിൽ ചിലർ ചാടിപ്പിടിച്ച് സുഖത്തോടെ ഞെക്കി ''പോ.. പോ..'' ശബ്ദം കേൾപ്പിക്കുന്നു. ബസിന്റെ വശങ്ങളിൽ താളത്തിൽ അടിക്കുന്നു. അങ്ങനെ സർവ്വ ആഡംബരങ്ങളോടും കൂടി ജാഥ മന്നോട്ട് നയിക്കുമ്പോഴും പതാകവാഹകൻ പാതയുടെ പരിസരം സൂക്ഷമമായി വീക്ഷിച്ചാണ് ഓരോ ചുവടും മുമ്പോട്ട് വയ്ക്കുന്നത്.

അന്ന് അതുതന്നെ സംഭവിച്ചു. ''വരാനുള്ളത് വഴിയിൽ തങ്ങില്ലല്ലോ!.'' മകന്റെ പതാക പിടിച്ചുള്ള ഗംഭീര വരവ് ഗൗരിയമ്മ ദൂരെനിന്നും കണ്ടു. പക്ഷേ തന്നെ തല്ലാൻ പത്തലുമായി വശംചേർന്ന് പതുങ്ങി നിൽക്കുന്ന ഗൗരിയമ്മയെ നമ്മുടെ യുവനേതാവ് നേരത്തേ കണ്ടു. മുഷ്ടി ചുരുട്ടി ആകാശവിതാനത്തിൽ ആവേശത്തോടെ ''ജയ്.. ജയ്..'' വിളിച്ച് പിന്നാലെ വരുന്ന പ്രിയ അണികളെ വകഞ്ഞുമാറ്റി കൊടിയുമായി കഥാപാത്രം തിരിഞ്ഞോടി. ഒപ്പം കഥയറിയാതെ പാവം അണികളും.

ഭാവിയുടെ വാഗ്ദാനമായ നേതാവ് തന്നെക്കൊണ്ട് ആകും വിധത്തിലുള്ള കൈ, മെയ് സഹായം നാട്ടുകാരായ ആർക്കു വേണമെങ്കിലും ചെയ്യും. മലയാള മാസത്തിലെ ആദ്യദിനം സുപ്രഭാത ദർശനത്തിന് അവനെ ജന്മനാൾ പെരുമയിൽ(ഒറ്റ പൂരാടം) പലരും നേരത്തെ വന്ന് ഗൗരിയമ്മയോട് ബുക്ക് ചെയ്യും. ഒന്നാം തീയ്യതിയിലെ കണി അത്ര മോശം ആകരുതല്ലോ!.

നാട്ടിൻപുറത്തെ അന്നവിശേഷങ്ങളിൽ ഹോട്ടൽ വിഭവങ്ങൾ എടുത്ത് പറയേണ്ടതാണ്. ചെയ്വന മഹിമകൊണ്ടും രസക്കൂട്ടുകളുടെ പ്രത്യേകതകൊണ്ടും ഏതൊരു ദേശത്തും നല്ല ആഹാരശാലകളിൽ കീർത്തി പരത്തുന്ന പ്രത്യേക വിഭവങ്ങൾ ഉണ്ടാവുക സ്വാഭാവികം. അങ്ങനെയുള്ളവയുടെ കൂട്ടത്തിൽ മുതുകുളത്തെ ശിവൻപിള്ള ചേട്ടന്റെ ദോശയും വിജയാഹോട്ടലിലെ ഏത്തക്കാപ്പവും രഞ്ജിനി ഹോട്ടലിലെ പൊറോട്ടയിറച്ചിയും രാമപുരത്ത് ജംങ്ഷനിൽ സുനിതാ തീയറ്ററിന്റെ മുന്നിലുള്ള കൃഷ്ണൻനായർ ചേട്ടന്റെ കടയിലെ വടയും പഴംപൊരിയും എടുത്തുപറയേണ്ടതാണ്. വായ്ക്ക് രുചിയുള്ള ഭക്ഷണങ്ങൾ വീട്ടിൽ അമ്മ ഉണ്ടാക്കുമെങ്കിലും വല്ലപ്പോഴും ഒരു അവസരം കിട്ടിയാൽ അപ്പുണ്ണി കഴിക്കാനാഗ്രഹിക്കുന്ന വിഭവങ്ങളും അവ ഉത്പാദിപ്പിക്കുന്ന കേന്ദ്രങ്ങളും ഇവിടെ കുറിച്ചെന്നുമാത്രം.

കഴിഞ്ഞദിവസം റേഷൻകടയിൽ പോയിട്ട് തിരികെ വരുമ്പോൾ നടുക്കേപ്പുരയിലെ അനിയനച്ചായന്റെ രഞ്ജിനി കടയിലെ അലമാരിയിൽ ചുട്ടടുക്കി വച്ചിരിക്കുന്ന പപ്പടബോളിയും വെട്ടുകേക്കും മധുരസേവയും അപ്പുണ്ണിയുടെ വായിൽ കപ്പലോടിച്ചിരുന്നു. ഗണപതിക്കല്ല്യാണം എന്നപോലെ നാളെയാകട്ടെ എന്ന ആശ്വാസവാക്കിൽ ആഗ്രഹത്തെ അടിച്ചമർത്തി.

ഉത്സവകാലമായ മകരം കുംഭം മീനം മാസങ്ങളിൽ പറങ്ങാണ്ടിയും ചീരയും വിറ്റുകിട്ടുന്ന കാശിന് കടയിൽനിന്നും പലഹാരങ്ങൾ വാങ്ങി കഴിക്കാറുണ്ടങ്കിലും എന്നും അവയുടെ കാലമല്ലല്ലോ, കാശുള്ളകാലത്ത് മാത്രമല്ലല്ലോ വിശപ്പ്. പൈസായ്ക്ക് ഞെരുക്കമുണ്ടാകുന്ന സന്ദർഭങ്ങളിൽ അപ്പുണ്ണി ആശ്രയിക്കുന്നത് പറമ്പിൽ നിൽക്കുന്ന അടയ്ക്കാമരങ്ങളെയാണ്. അവ കയ്യയച്ച് കായ്ഫലങ്ങളേകി അപ്പുണ്ണിയെ സഹായിക്കും. കിഴക്കേപ്പുറത്തെ തോടിന്റെ ഈടിക്ക് നിൽക്കുന്ന അടയ്ക്കാമരത്തിൽനിന്നും അഞ്ച് പഴുത്തപാക്കുകൾ കിട്ടി. ജംങ്ഷനിലെ ഗോപാലൻചേട്ടന്റെ മാടക്കടയിൽ കൊണ്ടുക്കൊടുത്താൽ വിലകിട്ടും. പാക്കുകളഞ്ചും ഭദ്രമായി വള്ളിനിക്കറിന്റെ പോക്കറ്റിലിട്ടു. അമ്മ തിരക്കും മുൻപേ പോയി തിരികെവരണം. സമ്മതം ചോദിച്ചാൽ വിടില്ല. തെക്കേപ്പുറത്തെ ഗ്രാവൽ റോഡിലൂടെ വലതുവശംചേർന്ന് അപ്പുണ്ണി വേഗം നടന്നു.

''പൊട്ടക്കുളത്തിൽ പുളകൻ ഫണീന്ദ്രൻ,  
കാട്ടാളരിൽ കാപ്പിരി കാമദേവൻ,

www.malankaralibrary.com

തട്ടിൻപുറത്താകു മൃഗാധിരാജൻ
കട്ടക്കയം ക്രൈസ്തവ കാളിദാസൻ.''

വീടിന്റ പടിഞ്ഞാറെ വളവ് തിരിഞ്ഞപ്പോൾ മാസ്റ്റർ ട്യൂട്ടോറിയലിലെ മലയാളം പഠിപ്പിക്കുന്ന രാമപുരം തങ്കപ്പൻ സാറിന്റെ ശബ്ദം ഉച്ചത്തിൽ കേൾക്കുന്നു. അപ്പുണ്ണിയുടെ വീടിന്റെ തെക്കുവശത്തുകൂടി സൈക്കിളിലാണ് സാറ് രാമപുരത്തുനിന്നും വരുന്നത്. ചെമന്ന് കലങ്ങിയ കണ്ണുകളോടു കൂടിയ സാറിനെ വളരെക്കാലം മുതൽക്കേ അപ്പുണ്ണിക്കറിയാം. ''കടൽത്തറകളിൽ ഭൂകമ്പ ബാധയുണ്ടാകുമ്പോൾ രൂപംകൊള്ളുന്ന വൻ തിരമാലകളെ സുനാമിയെന്നു പറയാം'', ശ്രീവിലാസത്തിലെ കേശവപിള്ള സാറിന്റെ ശബ്ദമാണത് (നാടകനടനായ അക്ബർ ശങ്കരപ്പിള്ളയുടെ മകൻ), സി.വി.സാർ (മുതുകുളം രാഘവൻപിള്ളയുടെ സഹോദരൻ), ഏവൂർ എൻ.രാമക്കുറുപ്പ്, വിജയൻ, ഉണ്ണിത്താൻ, കുറുപ്പ് (ചരിത്രം), ശിവരാമൻ, പരമേശ്വരൻ, പ്രഭാകരക്കുറുപ്പ്, ദാമോദരൻ, പത്മനാഭൻ, അനിൽ കുമാർ, മധു ഇങ്ങനെ പ്രഗത്ഭരും പ്രതിഭാശാലികളുമായ ഒരുകൂട്ടം അദ്ധ്യാപകർ നടത്തുന്ന ട്യൂഷൻസെന്ററാണ് മാസ്റ്റർ. അദ്ധ്യാപകരുടെ സ്വരങ്ങൾ ഉച്ചത്തിലായതിനാൽ പഠിക്കേണ്ടവർ പഠിപ്പിക്കുന്ന പാഠഭാഗം തുറന്നുവച്ച് പരിസര ഭവനങ്ങളിലെ തിണ്ണയ്ക്ക് ഇരുന്നാൽ മതിയാകും. ഭാഷാവിഷയങ്ങൾ ഒഴിച്ചുള്ളവർ പഠിപ്പിക്കുന്നത് പുസ്തകം നോക്കാതെയാണ്. വർഷങ്ങളായുള്ള പ്രവർത്തിപരിചയം അവരെ അത്തരത്തിൽ ആക്കി(**Master A Great Name in Tutorials**,ഇതാണ് മാസ്റ്ററിന്റെ തലക്കെട്ട് വാചകം), പത്താംക്ലാസ്സിലെ റിസൾട്ട് പ്രസിദ്ധീകരിക്കുന്നത് ഒരു ദിവസത്തെ വർത്തമാനപ്പത്രത്തിന്റെ വലിപ്പത്തിലാണ്, അത്രയ്ക്കുണ്ട് അവിടെ പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണം. മാസ്റ്റർ കൂടാതെ ഹൈസ്കൂൾ ജംങ്ഷനിൽ കന്നേലെ ബാബുസാറിന്റെ നേതൃത്വത്തിൽ **കൈരളി** എന്നൊരു ട്യൂഷൻ സ്ഥാപനം കൂടി അടുത്തുണ്ട്.

മാസ്റ്റർ ട്യൂട്ടോറിയലിന്റെ വളവ് തിരിഞ്ഞാൽ അയ്യാസ്വാമിയുടെ വീടായി. ആ വീടിന്റെ കിഴക്കേ മൂലയ്ക്ക് റോഡിൽ നയനാനന്ദകരമായ ഒരു കാഴ്ചയുണ്ട്. റോഡിന്റെ വടക്കുവശം അരി തിളയ്ക്കുന്നപോലെ വെള്ളവും മണലും പൊങ്ങിവരും. പരിസരത്ത് എവിടയോ കെട്ടിനിൽക്കുന്ന വെള്ളം കുഴൽവഴിയോ ഓടവഴിയോ മണ്ണിനടിയിൽക്കൂടി വന്ന് തെള്ളിനിറഞ്ഞ് പൊങ്ങുന്നതായിരിക്കാം. പക്ഷേ പൈപ്പോ, ഓടയോ പ്രകടമായി കാൺമാനില്ല. ആ വെള്ളം സ്വാമിയുടെ വീടിന്റെ മുൻപിൽക്കൂടി പടിഞ്ഞാറോട്ട് ഒഴുകി ജംങ്ഷനിലെ ഓടയിലേക്ക് പോവുകയാണ്. ഒഴുക്ക് വെള്ളത്തിൽ മത്സ്യങ്ങളുണ്ടോ എന്ന് നോക്കി നോക്കി അപ്പുണ്ണി മുൻപോട്ട് നടന്നു. അയ്യാസ്വാമിയുടെ വീട്ടിലാണ് കലാവിലാസിനി വായനശാല ഇപ്പോൾ പ്രവർത്തിക്കുന്നത്, (നാടകങ്ങളും ബാലയും മറ്റും നാടിന്റെ വിവിധ ഭാഗങ്ങളിൽ നല്ലരീതിയിൽ നടത്തിക്കൊണ്ടിരുന്ന കലാവിലാസിനി നടനസഭയുടെ നടത്തിപ്പുകാരായിരുന്ന മുതുകുളം രാഘവൻ പിള്ളയുടെയും, അക്ബർ ശങ്കരപ്പിള്ളയുടെയും, അനാർക്കലി വാസുദേവിന്റെയും, മുതുകുളം എൻ.കെ.ആചാരിയുടെയും, കാർത്തികേയൻ നായരുടെയും നേതൃത്ത്വത്തിൽ 1967ൽ രൂപംകൊണ്ട വായനശാലയാണ് കലാവിലാസിനി വായനശാല.) നേരത്തെ ഇത് തട്ടാരുമുക്കിലെ പൂയപ്പള്ളി കെട്ടിടത്തിലും പിന്നീട് കല്ലുമൂട്ടിലെ സോഡാ കച്ചവടമുള്ള കൃഷ്ണൻകുട്ടി ചേട്ടന്റെ കടമുറിയിലും(1977) കുറച്ചുനാൾ ഹൈസ്കൂൾ ജംങ്ഷന് കിഴക്കുള്ള വീനസ് തീയറ്റേഴ്സിന്റെ ഒരുകെട്ടിടത്തിലുമായിരുന്നു പ്രവർത്തിച്ചിരുന്നത്. ഈ സ്ഥലങ്ങളിലെല്ലാം അപ്പുണ്ണി ചേട്ടനൊപ്പം പോയി പുസ്തകം എടുത്തിട്ടുണ്ട്. അപ്പുണ്ണി വായനശാലയിലേക്ക് കയറി. വായനശാലയിൽ റേഡിയോ, മൈക്ക്, ആമ്പ്ലിഫയർ (ഇതുപയോഗിച്ച് റേഡിയോ വാർത്തകൾ ഉറക്കെ കേൾപ്പിക്കാറുണ്ട്), മൃദംഗം, ഹാർമോണിയം എല്ലാമുണ്ട്. സ്വാമിയുടെ വീടിന്റെ വരാന്തയിൽ ഇട്ടിരിക്കുന്ന ബഞ്ചിൽ മലയാള മനോരമ, മാതൃഭൂമി പത്രങ്ങൾ നിരന്നുകിടപ്പുണ്ട്. പത്രത്താളുകൾ മറിച്ചുനോക്കി അപ്പുണ്ണി പുറത്തേക്കിറങ്ങി. പുരയുടെ മൂലയ്ക്കുള്ള പപ്പടം ഇടിക്കുന്ന കല്ലിൽ ഒരു പാള വിശറിയുമായി അയ്യാസ്വാമിയിരിപ്പുണ്ട്.

തോളിൽനിന്ന് ഊർന്നിറങ്ങിയ നിക്കറിന്റെ വള്ളി കയറ്റിയിട്ട് വായനശാലയിൽനിന്നും അപ്പുണ്ണി റോഡിലേക്കിറങ്ങി. റോഡിന്റിരുവശങ്ങളിലും വലിയവലിയ തടികൾ ഇറക്കിയിട്ടിരിക്കുന്നു, ബാലൻപിള്ളചേട്ടന്റെ തടിയറപ്പ് മില്ലിലെ തടികളാണ്. മില്ലിന്റെ വടക്കുവശത്തിരുന്ന് തെക്കേലെ ശശിച്ചേട്ടൻ അറപ്പുവാൾ രാകുന്നു, പൂത്തിരി കത്തുംപോലുള്ള തീപ്പൊരി കണ്ട് അപ്പുണ്ണി ഒരുനിമിഷം തടിമില്ലിന്റെ സമീപം നിന്നു. ജംങ്ഷനിലെ മോഴൂർ പുരയിടത്തിൽ പ്രവർത്തിക്കുന്ന ശശികലാ ഓയിൽ മില്ലിൽനിന്നും തേങ്ങയാട്ടുന്ന ചക്ക് കറങ്ങുന്ന താളാത്മകമായസ്വരം അപ്പുണ്ണി കേട്ടു. മില്ലിലെ മേശയ്ക്ക് പിൻപിലായി ബാലൻപിള്ളചേട്ടനിരിക്കുന്നു.

''അല്പം തേങ്ങാപ്പിണ്ണാക്ക് തരുമോ ചേട്ടാ..?''

''അകത്തുപോയി വാങ്ങിക്കോ, കേശവപിള്ളചേട്ടൻ അകത്തുണ്ട്..''

ചക്കിൽ തേങ്ങാ ആട്ടുന്ന വടക്കുവശത്തെ തട്ടിൻമുകളിലേക്ക് വിരൽചൂണ്ടി ചേട്ടൻപറഞ്ഞു. അപ്പുണ്ണി കേശവപിള്ളചേട്ടൻ നിൽക്കുന്ന സ്ഥലത്തുചെന്ന് കൈനീട്ടി. ആട്ടുചക്കിൽ നിന്നും നല്ലചൂടുള്ള ഒരു കഷണം തേങ്ങാപ്പിണ്ണാക്ക് ചേട്ടൻ അപ്പുണ്ണിയുടെകയ്യിൽ വച്ചു. അതും കടിച്ചുതിന്ന് അപ്പുണ്ണി വടക്കെ ഗോപാലൻചേട്ടന്റെ മാടക്കടയിലേക്ക് വേഗം നടന്നു.

കട മുന്നിലെ തട്ടികയിൽ കെട്ടിയിട്ടിരിക്കുന്ന കത്തുന്ന കയറിൽനിന്നും ചുണ്ടിൽ വച്ച ബീഡി ആഞ്ഞ് വലിച്ച് കത്തിച്ചുകൊണ്ട് കേശവൻ ചെട്ടൻ കടയ്ക്ക് മുന്നിൽ നിൽക്കുന്നു. ഇവിടെ കയറിൽ തീ കത്തിച്ച് ഇട്ടിരിക്കുന്നപോലെ ചില കടകളിലെ തട്ടിൽ ഗ്ലാസ്സ് മൂടിയുള്ള ചെറു വിളക്കും കണ്ടിച്ചിട്ട സിഗരട്ട് കൂടിന്റെ കഷണങ്ങളും കാണും. സിഗരറ്റോ ബീഡിയോ വാങ്ങി ചുണ്ടിൽ നിർത്തി ഒരു കഷണം വെട്ടുകവറെടുത്ത് വിളക്കിൽ കാട്ടി തീപിടിപ്പിച്ച് വലിക്കാൻ ചുണ്ടിൽ വച്ചത് കത്തിച്ച് ആഞ്ഞുവലിക്കും(തീപ്പെട്ടി ചെലവേറിയതും അപൂർവ്വവും ആണ്)

www.malankaralibrary.com

സൈക്കിൾ വാടകയ്ക്ക് കൊടുത്തതിന്റെ കൂലിവാങ്ങി പെട്ടിയിലിട്ട്, ഗോപാലൻചേട്ടൻ അപ്പുണ്ണിയെ നോക്കി, ''എന്താ അപ്പുണ്ണി..?''

''ഇത് എടുത്തിട്ട് പൈസാവേണം..''

നിക്കറിന്റെ പോക്കറ്റിൽനിന്നും പാക്കുകളെടുത്ത് മുന്നിലെ തടിത്തട്ടിൽ നിരത്തിവച്ചിരിക്കുന്ന മിഠായി ഭരണിയുടെ മുകളിൽവച്ച് അപ്പുണ്ണി പറഞ്ഞു.

പാക്കുകളെല്ലാം നാരങ്ങാ മുറിക്കുന്ന ചെറുകത്തി ഉപയോഗിച്ച് ചേട്ടൻ രണ്ടായി വെട്ടിമുറിക്കുന്ന സമയത്ത് അപ്പുണ്ണി തെക്കുവശത്തെ ശിവൻപിള്ളചേട്ടന്റെ ചായക്കടയിലേക്ക് നോക്കി. കടയുടെ മുന്നിലെ ചായ അടിക്കുന്ന സ്ഥലത്ത് ചായമട്ട് മലപോലെ കൂടിക്കിടക്കുന്നു. ചായയ്ക്കായി തിളച്ചുമറിയുന്ന വെള്ളവും പാലും കോരി ഒഴിക്കുന്ന വലിയ തവി തൂങ്ങിചത്തതുപോലെ കമ്പിക്കൊളുത്തിൽ തൂങ്ങിയാടുന്നു. രാവിലെചുട്ട ദോശയിലേതാനും കണ്ണാടി അലമാരയിലിരിക്കുന്നു. ചേട്ടനെ അവിടെയെങ്ങും കാണുന്നില്ല, രാധാമണിചേച്ചി പടിഞ്ഞാറ് വശത്തുള്ള ചായ്പ്പിനുള്ളിൽ, ഉച്ചക്കലത്തേക്കുള്ള ഊണ് ശരിയാക്കുന്ന തിരക്കിലാകണം.. തേങ്ങാതിരുമ്മിയപ്പോൾ കഴന്നുവീണ തേങ്ങാക്കഷണം അരകല്ലിൽവച്ച് കുഴവിക്ക് ആഞ്ഞിടിച്ച് ചതയ്ക്കുന്ന ശബ്ദം. അമ്മ തന്നുവിടുന്ന പാൽ ഈ ചായക്കടയിലാണ് അപ്പുണ്ണി ദിവസവും രാവിലെ കൊണ്ടുക്കൊടുക്കുന്നത്. മാസാമാസം ചേട്ടൻ പൈസാ തരും, തീരാതുള്ള പൈസായ്ക്ക് അപ്പുണ്ണിയും അനിയൻ ചേട്ടനും ദോശതിന്ന് കണക്കുതീർക്കും. ഗോപാലൻ ചേട്ടന്റെ കടയുടെ വടക്കുവശത്താണ് എലിക്കാവിലെ രാജുച്ചായന്റെ പലചരക്കുകട. കട തുറന്ന് കിടപ്പുണ്ടെങ്കിലും പരിസരത്തെങ്ങും ആരുമില്ല, അതിനപ്പുറം ഒരാഴ്ചയായി സൈക്കിൾ യജ്ഞം നടന്നുക്കൊണ്ടിരുക്കുന്ന കല്ലിക്കോയിപ്പള്ളിലെ കണ്ടം.

''നാരങ്ങായ്ക്കൊക്കെ ഇപ്പോൾ എന്താവില..?''

ഗോപാലൻചേട്ടൻ മുറിനാരങ്ങാ കൈകൊണ്ട് പിഴിഞ്ഞ് സർബത്ത് തയ്യാറാക്കുന്നു, സോഡായൊഴിച്ച് ഒരു സ്പൂൺ ഗ്ലാസിലിട്ട് താളാത്മകമായി അടിച്ച് മുകളിൽ പൊങ്ങിയ നാരങ്ങഅല്ലികളും കുരുവും സ്പൂൺ കൊണ്ട് കോരിക്കളഞ്ഞ് സർബത്ത് ചോദിച്ചവർക്ക് കൊടുത്ത് സംസാരിക്കുന്നു. വട്ടുസോഡാ പൊക്കിപ്പിടിച്ച് വലംകൈവിരലുപയോഗിച്ച് ചേട്ടൻ പൊട്ടിച്ചപ്പോൾ കേട്ട ''ഡിഷ്യൂ...'' ശബ്ദമാണ് അപ്പുണ്ണിയെ പരിസര നിരീക്ഷണത്തിൽനിന്നും ഉണർത്തിയത്.

''പാക്ക് കുറച്ചും കൂടി പരുവമാകാനുണ്ടായിരുന്നു..''

''ങും.! ദാ.. ഇത് പിടിച്ചോ..'' പാക്കിന്റെവിലയായി 75 പൈസാ കിട്ടിയത് അപ്പുണ്ണി നിക്കറിന്റെ പോക്കറ്റിലിട്ട് നേരേ രഞ്ജിനി ഹോട്ടലിന്റെ തിണ്ണയ്ക്ക് കയറി.

''എന്താടാ വന്നത്..?''

ചോദ്യകർത്താവ് മന്ദിരത്തിലെ തോമാ അപ്പച്ചനാണ്. എഴുപത് വയസ്സിനുമേൽ പ്രായം, അധികം പൊക്കവും വണ്ണവും ഇല്ലാത്ത വെളുത്ത ശരീരമുള്ള അപ്പച്ചൻ. രാമപുരം കത്തോലിക്കാപ്പള്ളിയിലെ ട്രസ്റ്റി, അപ്പുണ്ണിയുടെ സണ്ടേസ്കൂൾ അദ്ധ്യാപകൻ. അപ്പച്ചനാണ് രഞ്ജിനി ഹോട്ടലിലെ കാഷ്യർ.



''എനിക്ക് രണ്ട് വെട്ടുകേക്ക് വേണം, അത് വാങ്ങാനാണ് വന്നത്..''

''ഡോ.., ഇവന് രണ്ട് കേക്കെടുത്ത് കൊടുക്ക്..''

കിഴക്കെ അടുക്കളയിലേക്ക് നോക്കി ഇത്ര പറഞ്ഞിട്ട് അപ്പച്ചൻ മടിയിൽ തിരുകിയിരുന്ന പൊടിക്കുപ്പി എടുത്ത് ഇടത്തെ കൈവെള്ളയിൽ പൊടികുടഞ്ഞിട്ട് വലത് ചൂണ്ടുവിരലും തള്ളവിരലും ഉപയോഗിച്ച് ഒരു നുള്ള് പൊടി മൂക്കിലേക്ക് ആഞ്ഞുവലിച്ചുകേറ്റി.

''**ആപ്പൂ..**, **ആപ്പൂ..**'' തന്റെ മാസ്റ്റർപീസ് ശബ്ദത്തിൽ അപ്പച്ചൻ ആഞ്ഞുതുമ്മി. ഉടുത്തിരുന്ന കാവിക്കൈലി തുമ്പുകൊണ്ട് മുഖം തുടച്ചു.

ഹോട്ടലിന്റെ അടുക്കളയിൽ ചായ അടിച്ചുകൊണ്ടിരുന്ന മുതലാളി അലമാരയിൽ നിന്നും രണ്ട് വെട്ടുകേക്ക് പൊതിഞ്ഞ് അപ്പുണ്ണിയുടെ കയ്യിൽവച്ചു. വിലയായി 50 പൈസാ അപ്പച്ചനെ ഏൽപ്പിച്ച് അപ്പുണ്ണി രഞ്ജിനി ഹോട്ടലിന്റെ പടിയിറങ്ങി, വീട്ടിലേക്ക് വേഗം നടന്നു.

കിഴക്കോട്ടുള്ളയാത്രയിൽ എതിർദിശയിൽനിന്നും തട്ടാരുതെക്കേലെ രാമചന്ദ്രൻപിള്ള ചേട്ടൻ ദേ സൈക്കിളിൽ വരുന്നു (എസ്.എം.ഐ.ടി.സി. പ്രിൻസിപ്പൽ).

''പിള്ളേച്ചാ.. എവിടെപോകുവാ..?''

അപ്പുണ്ണി ഏതുസമയവും ചേട്ടനെ കാണുമ്പോൾ ഇതുതന്നെ ചോദിക്കും. ചോദിക്കുന്നത് അപ്പുണ്ണിക്ക് ഒരു സുഖമാണ്. അപ്പുണ്ണി ചോദിച്ചില്ലങ്കിൽ പിള്ളച്ചേട്ടൻ

www.malankaralibrary.com

അപ്പുണ്ണിയോട് തിരിച്ചുചോദിക്കും.

''പിള്ളേച്ചാ.. എവിടെപോകുവാ..?''

''ഇതാ ഇവിടം വരെ..'', മറുപടിനൽകി പിള്ളസാർ സൈക്കിൾചവിട്ടി കടന്നുപോയി. വീടിന്റെ തെക്കുവശത്തെ ചെറിയ തിണ്ണയ്ക്ക് അപ്പുണ്ണി താൻ ഭദ്രമായി കൊണ്ടുവന്ന കേക്കുപൊതി വച്ചു.

ഭയങ്കര ദാഹം..!, പരവേശം..!, തേങ്ങപ്പിണ്ണാക്ക് തൊണ്ടയ്ക്കിരിക്കുന്നു. അടുക്കളയുടെ വടക്കുവശത്തെ കല്ലൂടിന്റെ (ആട്ടുകല്ലും അരകല്ലും ഇട്ടിരിക്കുന്ന അടുക്കളയുടെ ചെറിയ സഹായപ്പുര) വാതിൽവഴി അടുക്കളയിൽ കയറി അലമാരയിൽ നിന്നും ഗ്ലാസ്സെടുത്ത് മൺകലത്തിൽനിന്നും ഒരു ഗ്ലാസ് വേള്ളം എടുത്ത് കുടിച്ചു. ഒരു ഗ്ലാസ് വെള്ളം കൂടി എടുത്ത് തെക്കേപ്പുറത്തെ തിണ്ണയിലേക്ക് തിരികെ നടന്നു. ഒരുനിമിഷം സ്തബ്ദനായി അപ്പുണ്ണി അവിടെ നിന്നുപോയി!.

തന്റെ കേക്കുപൊതി കാണുന്നില്ല. ചുറ്റും നോക്കി, ആരെയും കാൺമാനില്ല, ആരെങ്കിലും അടിച്ചുമാറ്റിയതാണോ,.?.

ഹേയ്..! ആരുവരാൻ..!. ചേട്ടൻമാരാരും ഇവിടില്ലല്ലോ. ഇനി അടുക്കളയിൽ വെള്ളം കുടിക്കാൻ പോയപ്പോൾ കൂടെ കൊണ്ടുപോയി അവിടെ മറന്നുവച്ചോ..?

അടുക്കളയിലേക്ക് അപ്പുണ്ണി ഓടിച്ചെന്നു നോക്കി... ശെ..! എന്തു കഷ്ടമായിത് വല്ല ചാത്തൻ സേവയുമാണോ..? എന്റെ കേക്കെവിടെ..?.

''കീ.. കീ..'', ശബ്ദം കേട്ട ഭാഗത്തേക്ക് അപ്പുണ്ണി നോക്കി. തെക്കേലെ സന്തോഷിന്റെ പരുന്തിന്റെ കാലിൽ ഒരുപൊതി, തന്റെ കേക്കുപൊതി. തെങ്ങിന്റെ ഓലമുകളിലിരുന്ന് പരുന്ത് കടലാസുപൊതി കൊത്തിക്കീറുന്നു കടിച്ചുവലിക്കുന്നു.

ദേക്ഷ്യം!, സങ്കടം! എല്ലാം ഇരച്ചുവന്നു. പക്ഷേ!, എന്തുചെയ്യാം..?

സ്വയം ആശ്വസിച്ചു..!

തന്നേക്കാൾ വിശപ്പ് അതിനുകാണും. തിന്നട്ടെ, തിന്നട്ടെ, വയറുനിറച്ചും തിന്നട്ടെ, കൊതിതീരെ തിന്നട്ടെ. ഇന്നത്തെ അതിനുള്ളാഹാരം എന്റെ ചെലവിലാകട്ടെ.

എന്നാലും.! ●

## 17 ചന്തക്കാഴ്ചകൾ

സമയം നാല് മണിയോടടുത്തു, ഗോപാലനച്ഛൻ ഓഫീസ് മുറിയുടെ വാതിലിൽ കെട്ടിയിട്ടിരിക്കുന്ന ഇരുമ്പിന്റെ നീണ്ട കഷണത്തിൽ ഒരു തവണ മുട്ടി. □ജന ഗണ മന..□, ദേശീയഗാനത്തിന്റെ വരികൾ ഏതാനും പെൺകുട്ടികൾ ചേർന്നാലപിച്ചു. ഗാനം തീർന്നതോടെ രണ്ടുതവണകൂടി ചേട്ടൻ തന്റെ ചുറ്റിക ആയത്തിൽ ഇരുമ്പുകഷണത്തിൽ പ്രയോഗിച്ചു. ക്ലാസ്സ് മുറികളിൽനിന്നും കുട്ടികൾ ആഹ്ലാദാരവങ്ങളോടെ പൂഴി മുറ്റത്തേക്കോടിയിറങ്ങി(മിക്കവാറും ആദ്യ ചുറ്റിക പ്രയോഗത്തിൽത്തന്നെ പകുതിക്കുട്ടികൾ മുറ്റത്തെത്തും). അപ്പുണ്ണി പഠിക്കുന്നത് എസ്.എൻ.എം.യൂ.പി. സ്കൂളിൽ ഏഴാം ക്ലാസ്സിൽ. ഈ വർഷംകൂടി ഈ സ്കൂളിൽ പഠിച്ചാൽ മതി അടുത്തവർഷം ഹൈസ്കൂളിൽ ചേരും.

കൂടെ പഠിക്കുന്ന സുനിഷ്, ബിനു, രാധാകൃഷ്ണപിള്ള, വേണു എന്നിവരൊപ്പമാണ് അപ്പുണ്ണി വീട്ടിലേക്ക് മടങ്ങുന്നത്. വഴിയുടെ വിവിധ ഭാഗങ്ങളിൽ കൂട്ടുകാർ ഓരോരുത്തരായി അവരവരുടെ വഴിക്ക് പിരിയും. അവസാനം അപ്പുണ്ണി മാത്രമാകും. സ്കൂളിൽനിന്നും പടിഞ്ഞാറോട്ടിറങ്ങി പ്രധാനപാത വഴി ജംങ്ഷനിലെത്തിയാണ് സാധാരണ അപ്പുണ്ണി തിരികെ വീട്ടിലെത്തുന്നത്. വേഗം വീട്ടിലെത്തുന്നതിനുള്ള കുറുക്കുവഴിയും അപ്പുണ്ണിക്കറിയാം. സ്കൂളിൽനിന്നും കിഴക്കോട്ടിറങ്ങി പാണന്റയ്യം വഴി മോഴൂർ പറമ്പിൽക്കൂടി കുട്ടിയമ്മയുടെ പുളിച്ചുവട്ടിലെ വഴിത്താരയിലൂടെ വീട്ടിലെത്താം, പക്ഷേ അങ്ങനെ പോകുമ്പോൾ മുട്ടത്തേഴുത്ത് കാവിന്റെ അടുത്തുകൂടി വേണം പോകാൻ, ഒറ്റയ്ക്ക് അതുവഴി പോകാനുള്ള പേടികാരണം വളരെ അപൂർവ്വമായെ അതുവഴി അപ്പുണ്ണി പോകൂ. പ്രധാനപാതയിലൂടെ നടന്ന് അപ്പുണ്ണി വീട്ടിലെത്തി. റബ്ബറിട്ട് തോളിൽ താങ്ങിയിരുന്ന പുസ്തകക്കെട്ട് തടി അലമാരയിലെ സ്വന്തംതട്ടിൽ വച്ചു. അടുക്കളയിലേക്ക് കയറി. അമ്മ ഗ്ലാസ്സിൽ ഒഴിച്ച് അടച്ചുവച്ചിരുന്ന ചായയെടുത്തുകുടിച്ചു. കതക് തുറക്കുന്നതും പാത്രം അനങ്ങുന്നതുമായ ശബ്ദം അമ്മ കേട്ടതുകൊണ്ടായിരിക്കണം, ''എടാ അപ്പുണ്ണി.., ചായ കുടിച്ചിട്ട് വേഗം മുക്കുംകടയിൽ പോയി മീൻ വാങ്ങിക്കൊണ്ട് വാ. പൈസാ വരാന്തയിലെ ബഞ്ചിന്റെ പുറത്തുണ്ട്, കുടയും എടുത്തോ..''

വടക്കേ പറമ്പിൽനിന്ന് പശുവിന് പുല്ല് ചെത്തുന്ന അമ്മയുടെ ഒറ്റശ്വാസസ്വരം.

അപ്പുണ്ണി ബഞ്ചിൽനിന്നും മീനിനുള്ള ഒരു രൂപയെടുത്തു. ഭദ്രമായി അത് പോക്കറ്റിൽ നിക്ഷേപിച്ചു. അടുക്കളയുടെ വടക്കേപ്പുറത്തെ വേലിക്കമ്പിൽ കഴുകി കമഴ്ത്തിയിട്ടിരുന്ന പ്ലാസ്റ്റിക്ക് കൂട് മടക്കി കയ്യിൽപ്പിടിച്ചു.

www.malankaralibrary.com
മഴയ്ക്ക് സാദ്ധ്യതയില്ലന്ന് സ്വയം തീർച്ചയാക്കി കുടയെടുത്തില്ല.

''അമ്മേ ഞാൻ പോവാ..'', അപ്പുണ്ണി നീട്ടി പറഞ്ഞു.

''ഒരു വശത്തുകൂടി പോകണേ..'' അമ്മയുടെ എതിർശബ്ദം.

തെക്കേപ്പുറത്തെ റോഡിലിറങ്ങി. പ്രധാനറോഡുവഴി പോയാൽ ചന്തയിലെത്താൻ രണ്ട് കിലോമീറ്റർ കിഴക്കോട്ട് റോഡിനൊപ്പം വളഞ്ഞുവളഞ്ഞ് നടക്കണം. ആദ്യ വളവിലുള്ള പാലത്തിന്റെ കിഴക്കേയരികിൽനിന്നും താഴേക്കിറങ്ങി മുട്ടത്തേഴുത്ത് പുരയിടം മൂക്കുംപൊത്തി കുറുകെ നടന്നു.(□**സണ്ടാസ് നഗർ**□, എന്നാണ് ഈ പുരയിടത്തിന്റെ പേര്. നാട്ടുകാരുടെയെല്ലാം പ്രഭാതകർമ്മം നിർവ്വഹിക്കാൻ പാകത്തിൽ കാടുപിടിച്ച് കിടക്കുന്ന ഈ പുരയിടത്തിന് വടക്കേയിന്ത്യ കറങ്ങിയ ആരോ വിരുതർ നൽകിയ ഹിന്ദിപ്പേര്) മുക്കും കടയിൽ പോകുംമ്പോൾ പലപ്പോഴും കൂടെ വരാറുള്ള ശിവപ്രസാദിന്റെ വീടിന്റെ വടക്കുവശത്ത് നിന്ന് അവനെ വിളിച്ചു.

''എടാ ദാസേ.., ചന്തയ്ക്ക് പോകാൻ നീ വരുന്നോ..?'', അപ്പുണ്ണിക്കൊപ്പം ഒരേ സ്കൂളിൽ പഠിക്കുന്ന ഒന്നാംക്ലാസ് മുതലുള്ള കൂട്ടുകാരനാണ് ശിവപ്രസാദെന്ന ദാസ്. ഇപ്പോഴവൻ വേറേ ഡിവിഷനിലാണ്. അപ്പുണ്ണിയുടെ ശബ്ദംകേട്ട് ദാസിന്റമ്മയിറങ്ങി വന്നു.

''അവിടെ നിൽക്ക് അപ്പുണ്ണി.. അവനും വരുന്നൂ..''

ദാസ് ചായയും ലഘുഭക്ഷണവും കഴിച്ചിറങ്ങിവന്നു. രണ്ടുപേരും വടക്കേചക്കുളങ്ങര വീടിന്റെ തെക്കേപ്പുറത്ത് ചെന്ന് കിഴക്കോട്ടുനടന്ന് വലിയ കണിക്കൊന്ന മരത്തിന്റെ അരികിൽക്കൂടി വീണ്ടും കിഴക്കോട്ട്. അപ്പുണ്ണി തിരിഞ്ഞുനോക്കി. വടക്കേചക്കുളങ്ങരയിൽ ഒരു കുറുങ്കാലി, ചെമപ്പ് പെൺപട്ടിയുണ്ട് □**ബിസി**□. നാടകനടനായ കാർത്തികേയൻനായരുടെ സഹചാരി. അദ്ദേഹം പ്രാഥമിക കർമ്മങ്ങൾക്കുവേണ്ടി വടക്കെ പുരയിടത്തിൽ പോകുമ്പോഴും ബിസി അദ്ദേഹത്തിന്റെ കൂടെക്കാണും കൂടാതെ അദ്ദേഹത്തിന്റെ കയ്യിൽ ഒരു റേഡിയോയും. വീടിന്റെ തെക്കുപടിഞ്ഞാറെ മൂലക്കുള്ള പ്ലാവിന്റെ ചുവട്ടിൽ ഒരു ചാരുകസേരയിലാണ് നാടകനടൻ റേഡിയോ പാട്ടുകേട്ട് സാധാരണ നീണ്ടുനിവർന്ന് കിടക്കുന്നത്. വീടിന്റെ തെക്കുവശത്തായി വിവിധ നിറത്തിലുള്ള ഇലച്ചെടികളും ഒരു വലിയ ചെമ്പരത്തിയും. എല്ലാം അദ്ദേഹത്തിന്റെ കൺമണികൾ. മകൻ മഹാദേവൻപിള്ള യേശുദാസിന്റെ സ്വരത്തിൽ നന്നായി പാട്ടുപാടും. കഴിഞ്ഞവർഷത്തെ പാണ്ഡവർകാവിലെ ഉത്സവത്തിന് തട്ടാരുമുക്കിനൊരുക്കിയ സ്റ്റേജിൽ ചേട്ടന്റെയും പാട്ടുകാരി സുമ ചേച്ചിയുടേയും ഗാനമേളയുണ്ടായിരുന്നത് അപ്പുണ്ണിക്ക് ഓർമ്മവന്നു.

''ഇല്ല. ബിസിപ്പട്ടിയെ കാണുന്നില്ല. സമാധാനമായി, അല്ലങ്കിൽ പിന്നാലെ കുരച്ചച്ചോടി വന്നേനെ..''. അപ്പുണ്ണിയും ദാസും നടന്ന് പാടത്തിന്റെ പടിഞ്ഞാറെ അരികിലെത്തി. ഇനി ഏകദേശം പത്തുമിനിട്ട് വയൽവരമ്പിലൂടെ നടക്കണം. വിശാലമായ ചക്കുളങ്ങരപാടം. ഇത് മീനമാസമായതിനാൽ ഇടവിളയായ എള്ളുകൃഷിയുടെ കാലം. വടക്കെ ചാലിന്റെ തെക്കെയിറമ്പിലൂടെ(പാടത്ത് രണ്ട് ചാലുകളുണ്ട് തെക്കെ ചാലും വടക്കെ ചാലും. തെക്കെ ചാലിലെ വെള്ളം ആൾക്കാർ കുളിക്കാനും പശുവിനെയും കാളയേയും കുളിപ്പിക്കാനും ഉപയോഗിക്കുന്നു, ഉപയോഗശൂന്യമായ വടക്കേചാൽ ആഫ്രിക്കൻ പായൽ മൂടിക്കിടക്കുന്നു). രണ്ടുപേരുംകൂടി കിഴക്കോട്ട് വച്ചുപിടിച്ചു. കുമ്പളത്തുതറ തെക്കേപ്പുറത്തെത്തിയാൽ റോഡിൽ കയറാം. പിന്നീട് വളവുംതിരിവും അധികമില്ലാതെ മൺപാത കിഴക്കോട്ട് രാമപുരം ഹൈസ്കൂൾവരെ നെരേ കിടക്കുകയാണ്. ഗ്രാവൽ റോഡിൽക്കൂടി പത്തുമിനിട്ട് നടന്നപ്പോൾ ദേശീയപാത 47ന് അരികിലുള്ള രാമപുരം പുത്തൻചന്തയിലെത്തി.

എന്തല്ലാം കച്ചവട സാധനങ്ങൾ..!!

ചമ്പൻ, ചക്ക, മരച്ചീനി, ഉണക്കകപ്പ, ഉണക്കമീൻ, മൺകലം, മൺകുടം, വിറക്, മാങ്ങ. മീൻ വിൽപ്പനക്കാർ ഉച്ചത്തിലലറി വിളിക്കുന്നു, എട്ടോ പത്തോ ആൾക്കാർ ചന്തയ്ക്കിരുപുറവുമിരുന്ന് വിവിധ തരത്തിലുള്ള മീൻ വിൽക്കുകയാണ്. ആകെത്തിരക്ക്.

''50 കാശെട്, 50 കാശെട്..''

''ഓഹോയ്.., വാരി വിൽക്കുന്നു..''

''കറി കയ്യേൽ മണക്കും.. വാരി കൊടുക്കുന്നു.. ഓ... ഹോ.''

''എടാ അത് കഴിഞ്ഞാഴ്ചത്തെയല്ലേ.., വാരി തെങ്ങിനിടടാ..''

പരസ്പര പാരപ്രയോഗങ്ങൾ., പിന്നെ ഒരു കൂവലും ബഹളവും, പതിവ് സ്ത്രീകളോട് അല്പം ശൃംഗാരം. മത്തി, അയില, ചെങ്കലവ, നെത്തോലി, ചൂട, കുറിച്ചി.. ഇങ്ങനെ നിരവധി മത്സ്യങ്ങൾ, ഓരോ പങ്കിനും 50 കാശ്(പൈസാ). അപ്പുണ്ണിക്ക് ആകെ സംശയം, എന്തു വാങ്ങണം?. എന്തു വാങ്ങിയാലും അമ്മ ചോദിക്കും, ''ഇതേ ഉണ്ടായിരുന്നുള്ളോടാ...?''

എന്തായാലും എന്തും വരട്ടെന്നുകരുതി ഒരു രൂപയ്ക്ക് രണ്ടുപങ്ക് മത്തി വാങ്ങി, ദാസും അതുതന്നെ വാങ്ങി. പെട്ടെന്ന് ചന്തയുടെ കിഴക്കുതെക്ക് ഭാഗത്തുനിന്ന് ചെണ്ടയടി മേളം. ഒപ്പം ചാട്ടയടിയുടെ മാറ്റൊലി. അപ്പുണ്ണിയും കൂട്ടുകാരനും ശബ്ദംകേട്ട ഭാഗത്തേക്ക് ചെന്നു. ഒരു കമ്പി രണ്ട് തൂണുകളിലായി കെട്ടി തൂണുകൾ ഉയർത്തുന്നു. ഭാര്യയും ഭർത്താവും മകളും ഒരു കൈക്കുഞ്ഞും ഉൾപ്പെടുന്ന സർക്കസ് കുടുംബം. കൂടാതെ കഴുത്തിൽ ചരട് കെട്ടിയ ഒരു കുട്ടിക്കുരങ്ങനും. ഭാര്യയാണ് ചെണ്ടകൊട്ടുന്നത്. ഭർത്താവ് ഇരുമ്പുകാലുകൾ നാട്ടി കമ്പി മുകളിലുയർത്തുന്നു. തൂണ് വലിഞ്ഞുനിൽക്കുന്നതിന് ഇരുവശത്തും സ്റ്റേകൾ അടിച്ചുതാക്കുന്നു. ചെണ്ടയടി ഉച്ചസ്ഥായിയിലായി. പത്തുവയസ്സ് പ്രായം തോന്നുന്ന പെൺകുട്ടി വലിച്ച് കെട്ടിയിരിക്കുന്ന കമ്പിയിൽ വലിഞ്ഞുകയറി. അച്ഛൻ നീളമുള്ള ഒരു വടിയെടുത്ത് പെൺകുട്ടിയുടെ കയ്യിൽക്കൊടുത്തു. ഒന്ന് രണ്ട് ചുവടുകൾ കമ്പിയിൽക്കൂടി മുൻപോട്ടുവച്ച് പെൺകുട്ടി കെട്ടിന്റെ ബലം പരിശോധിച്ച് പിന്നോട്ടുമാറി. അപ്പൻ

www.malankaralibrary.com

ചാട്ടയെടുത്ത് വായുവിൽ ചുഴറ്റിയടിച്ചു. അമ്മയുടെ ചെണ്ടയടിക്കൊപ്പം കയ്യിൽ വടിയുമായി പെൺകുട്ടി മുൻപോട്ട് നടന്നു. ചരടിൽ കെട്ടിയിരുന്ന കുരങ്ങനെ അപ്പനഴിച്ചു. ഒരു ചാട്ടയടി നടത്തിയപ്പോൾ കുരങ്ങൻ രണ്ട് പ്രവശ്യം തല കുത്തിമറിഞ്ഞു. അടുത്ത ചാട്ടയടിക്ക് പിന്നോക്കം രണ്ട് പ്രാവശ്യം. ചന്തയിൽ വന്നവരും വഴിപോക്കരും എല്ലാവരും ചേർന്ന് സർക്കസുകാർക്ക് ചുറ്റും വലിയൊരു ജനക്കൂട്ടം. മുകളിലെ കമ്പിയിൽക്കൂടി മറ്റേയറ്റംവരെ നീണ്ടവടി പിടിച്ചുനടന്ന പെൺകുട്ടി പിന്നോക്കം നടന്ന് പഴയരീതിയിൽ താഴെയിറങ്ങി നിലത്ത് തലകുത്തിമറിഞ്ഞ് നിന്നു. അപ്പൻ നീളമുള്ള ഒരു മുളവടി കയ്യിലെടുത്തു അതിന്റെ മുകളറ്റത്തേക്ക് പെൺകുട്ടി അനായാസം കയറി. തുടർന്ന് അദ്ദേഹം മുളവടി കൈവെള്ളയിലും നെറ്റിയിലും നെഞ്ചത്തും വച്ച് കാണികളുടെ കയ്യടി വാങ്ങുമ്പോൾ മുളയുടെ അഗ്രത്തായിരുന്ന പെൺകുട്ടി പലവേലകൾ വായുവിൽ ചെയ്യുകയായിരുന്നു. ഉടനെതന്നെ ഏതോഭാഷയിൽ അപ്പൻ സംസാരിച്ചതിൻ പ്രകാരം മുളമുകളിലായിരുന്ന കുട്ടി നിലത്തേക്ക് ചാടി.



"അയ്യോ..!!" നിലവിളി പല കണ്ഠങ്ങളിൽനിന്നുമുയർന്നു.

എന്നാൽ താഴേക്ക് ചാടിയകുട്ടി അച്ഛന്റെ ഇരുകരങ്ങളിലാണ് പതിച്ചത്. മുളവടി ഇതേസമയം അമ്മ കൈക്കലാക്കികഴിഞ്ഞിരുന്നു. എല്ലാം ഒറ്റ നിമിഷത്തിനുള്ളിൽ. ചരടിൽ കെട്ടിയിരുന്ന കുരങ്ങൻ ഒരു പാത്രവുമായി കാണികളെ സന്ദർശിച്ചു. കൂടിനിന്നവരെ കൂടാതെ അടുത്തുള്ള കടക്കാരും നാണയത്തുട്ടുകൾ പാത്രത്തിലേക്കിട്ടുകൊടുത്തു. അങ്ങനെ അന്നത്തെ ചന്തവരവ് അപ്പുണ്ണിക്കും കൂട്ടുകാരനും ഒരിക്കലും മറക്കാനാകാത്ത ദൃശ്യവിരുന്നേകി.

ദാസിന്റെ അച്ഛനു വേണ്ടി ഇനി അല്പം കുഴമ്പും എണ്ണയും വാങ്ങണം. ചന്തയ്ക്ക് തെക്കുപുറമുള്ള കുഞ്ഞികൃഷ്ണൻ വൈദ്യന്റെ കടയിൽക്കയറി. കുഴമ്പുവാങ്ങി. സമീപത്തെ മനോഹരൻ ചേട്ടന്റെ കടയിൽ ധാരാളം കഥാപുസ്തകങ്ങൾ തൂക്കിയിട്ടിരിക്കുന്നു. പൂമ്പാറ്റ, പൂമ്പാറ്റ അമർച്ചിത്രകഥ, ബാലരമ, കുട്ടികളുടെ ദീപിക, അമ്പിളി അമ്മാവൻ, മലയാള മനോരമ, മനോരാജ്യം ആഴ്ചപ്പതിപ്പുകൾ. പൈകോയുടെ പൂമ്പാറ്റയും അമർച്ചിത്രകഥയും അപ്പുണ്ണിക്ക് ജീവനുതുല്ല്യം ഇഷ്ടമാണ്. (അമർച്ചിത്രകഥയുടെ ഒന്നുമുതൽ ഇന്നുവരെ ഇറങ്ങിയിട്ടുള്ള എല്ലാ പുസ്തകങ്ങളും അപ്പുണ്ണി പൊന്നുപോലെ സൂക്ഷിച്ചുവച്ചിട്ടുണ്ട്). പൂമ്പാറ്റയിലെ കപീഷ് കുരങ്ങനും കൂട്ടുകാരായ പിന്റു-മാൻ, ബബൂച്ച-കരടി, ബന്ദില-ആന, പാഞ്ച-പരുന്ത്, ദൊപ്പയ്യ-വേട്ടക്കാരൻ, ഇള-ദൊപ്പയ്യയുടെ മകൾ, സിഗാൾ-കുറുക്കൻ, പീലു-കടുവ തുടങ്ങി എല്ലാവരും അപ്പുണ്ണിയുടെ കൂട്ടുകാരാണ്. **അത്ഭുത വാനരൻമാർ**(കെ. വി.രാമനാഥൻ), പൂമ്പാറ്റയിലെ ഇഷ്ടമുള്ള ചെറുനോവലാണ്. കുഴമ്പിന്റെ ബാക്കിയായി ലഭിച്ച തുകയിൽനിന്നും ദാസ് ആ മാസത്തെ പൂമ്പാറ്റ വാങ്ങി. നേരം സന്ധ്യയായിത്തുടങ്ങി. **സുനിത** കൊട്ടകയിലെ റിക്കാഡിട്ടു.

"പ്രാർത്ഥന കേൾക്കണമെ, കർത്താവേ എൻ യാചന നൽകണമെ.."

തിടുക്കത്തിൽ രണ്ടുപേരും പടിഞ്ഞാറേക്ക് നടന്നു. ഇടയ്ക്കോടി. വയൽ വേഗംകടന്നു. ദാസ് വഴി മദ്ധ്യേ അവന്റെ വീട്ടിൽക്കയറി. അപ്പുണ്ണിയും വീട്ടിലെത്തി. സഞ്ചിയിലെ മീൻ പടിഞ്ഞാറെ തിണ്ണയ്ക്ക് കമഴ്ത്തിവച്ചിരുന്ന ചട്ടിയിൽ കുടഞ്ഞിട്ടു. അല്പം വെള്ളം കലത്തിൽനിന്നുമെടുത്ത് ചട്ടിയിലൊഴിച്ചു. മറ്റൊരു ചട്ടികൊണ്ട് മീനടച്ച് അടുക്കളയിൽ വച്ചു. മുറ്റത്തുള്ള കിണറ്റിൽനിന്നും കപ്പിയിലിട്ടിരിക്കുന്ന കയറുവലിച്ച് വെള്ളം കോരി കയ്യും കാലും മുഖവും ഒപ്പം മീൻകവറും കഴുകി. പഴയതുപോലെ കവർ വേലിയിൽ കൂർത്തുനിൽക്കുന്ന കമ്പിൽ വെള്ളം തോരത്തക്കവണ്ണം തലകീഴായി തൂക്കി.

വീടിന്നരികിലുള്ള കണ്ടത്തിൽ പയർ പറിച്ചുകൊണ്ടുനിന്ന അമ്മ പതിവുരീതിയിൽ അന്നും ചോദിച്ചു..

"എന്താടാ മീൻ..?"

"മത്തി.."

"ചന്തയിൽ മത്തി മാത്രമേ ഉണ്ടായിരുന്നുള്ളോടാ..?" ●

www.malankaralibrary.com


''ക്രിസ്തുമസ്സ് ദിവസം വേഗമാകണേ..'' എന്നാണ് അപ്പുണ്ണിയുടെ ആഗ്രഹം. സാധാരണ കഴിക്കാറുള്ള പച്ചക്കറി, ചെറുമത്സ്യ ആഹാരങ്ങൾക്കുമേൽ കോഴിയിറച്ചി ചേർന്നുള്ള വിഭവസമൃദ്ധമായ കാപ്പി, സദ്യ, ക്രിസ്മസ് കേക്ക്. എല്ലാം അപ്പുണ്ണിയുടെ വായിൽ കപ്പലോടിക്കും. ക്രിസ്മസ് പരീക്ഷ കഴിഞ്ഞുള്ള ദിവസംതന്നെ നക്ഷത്രം ഉണ്ടാക്കുന്നതിന് ഓലമടലിന്റെ പുറംഭാഗം കട്ടിയിൽ കണ്ടിച്ചെടുത്തു. ആറുമൂലകൾ വരത്തക്ക വണ്ണം നക്ഷത്രമുണ്ടാക്കണം. സമീപ ഭവനങ്ങളിൽ തെളിക്കുന്നതിലും ഭംഗിയായി തന്റെ നക്ഷത്രം പ്രകാശിക്കണമെന്നാണ് അപ്പുണ്ണിയുടെ ആഗ്രഹവും പ്രാർത്ഥനയും. നക്ഷത്രമുണ്ടാക്കുന്നതിന് പടീറ്റതിലെ ജോയിയും കിഴക്കതിലെ സജിയും അപ്പുണ്ണിക്കൊപ്പം കൂടി. ചരടുകൊണ്ട് കമ്പിന്റെ മൂലകൾ വരിഞ്ഞ് നക്ഷത്രത്തിന്റെ രണ്ടുവശവും കൂട്ടിക്കെട്ടി അകത്ത് ആവശ്യത്തിന് വിടവ് ലഭിക്കത്തക്കവണ്ണം കുറുകെ മൂന്നുനാല് വശങ്ങളിൽ ചെറുകമ്പുകൾ ഉറപ്പിച്ചു. നക്ഷത്രരൂപം തയ്യാറായി. പകുതിപ്പണി തീർന്നു. ഇനിയുള്ളത് കയ്യിലില്ലാത്ത കാശിന്റെ കാര്യമാണ്. തങ്കപ്പൻ മുതലാളിയുടെ കടയിൽപോയി വർണ്ണക്കടലാസ് വാങ്ങണം. ഒരു പേപ്പറിന് പത്തുപൈസ ആകും. ഏതു വർണ്ണത്തിലുള്ള കടലാസ് വേണമെന്ന് നമുക്ക് തീരുമാനിക്കാം. പക്ഷേ! കാശ് വേണ്ടെ..?.

അപ്പുണ്ണി തന്റെ മൺകുടുക്ക വീണ്ടുംവീണ്ടും കീഴ്മേലാക്കി കുലുക്കി, നിരാശതന്നെ. എന്തുചെയ്യാൻ?, നിക്ഷേപിച്ചാലല്ലാ പിൻവലിക്കാൻ പറ്റൂ. കുടുക്കയിലെ പ്രതീക്ഷ അസ്ഥാനത്തായി. അമ്മയോട് കാശുചോദിക്കാൻ പേടി. ഇനി പറമ്പിലേക്കിറങ്ങി അടക്കാമരച്ചുവടുകൾ തപ്പുകതന്നെ. ആഗ്രഹമല്ലേ, ഉണ്ണിയേശുവിന്റെ ജനനത്തിരുന്നാളല്ലേ കനിയാതിരിക്കില്ല. കിഴക്കേ പറമ്പിലെ കുളിക്കുളത്തിന്റെ വടക്കുവശം നിൽക്കുന്ന കമുകിന്റെ ചുവട്ടിൽനിന്നും അഞ്ച് പഴുത്ത പാക്കുകൾ അപ്പുണ്ണിക്ക് കിട്ടി. അവ ഭദ്രമായി നിക്കറിന്റെ പോക്കറ്റിൽ നിക്ഷേപിച്ചു. ഇനിയുമുണ്ട് കടമ്പകൾ. അമ്മയുടെ അനുവാദം ഉണ്ടെങ്കിലെ റോഡിൽ പോകാൻ പറ്റൂ. വീടിന്റെ പടി കടക്കുന്നതിന് അമ്മയുടെ അനുവാദം അപ്പുണ്ണിക്ക് കൂടിയേതീരൂ. നേരെ അടുക്കള ഭാഗത്തേക്ക് അപ്പുണ്ണി നടന്നു.

അടുക്കളയുടെ വടക്കുവശത്തെ മുരിങ്ങയിൽ വന്നിരുന്ന് അടുക്കള നോക്കി വിരുന്നുവിളിക്കുന്ന(കാക്ക ഒരു പ്രത്യേക ശബ്ദത്തിൽ കരയുന്നത്) കാക്കയെനോക്കി അമ്മ ആരോടെന്നില്ലാതെ പറയുന്നു:

''വിരുന്നുകാരാരോ വരാനുണ്ട്. വടക്കുനിന്നാ..''

''അമ്മയ്ക്കെങ്ങനറിയാം വടക്കുനിന്നാണന്ന്..?'', അമ്മയുടെ സംസാരം കേട്ട അപ്പുണ്ണി ചോദിച്ചു.

''അതോ.., അതൊരു രഹസ്യമാ.. നീ.. ആരോടും പറയരുത്. വാല് എങ്ങോട്ടാണോ അവിടെനിന്നാ ആളുവരുന്നത്..''

''അമ്മേ, ഞാൻ റോഡിൽ പോയി കളർ കടലാസ് വാങ്ങി ഇപ്പം വരാം.., വശം ചേർന്ന് നടക്കാം..□. സുരക്ഷിത കരാറിലൊപ്പിട്ട് അപ്പുണ്ണി അയയിൽനിന്നും ഉടുപ്പെടുത്തിട്ട് തെക്കുവശത്തെ ഗ്രാവൽറോഡ് വഴി തട്ടാരുമുക്കിനെത്തി. രഞ്ജിനി ഹോട്ടലിലെ പൊറോട്ടയുടേയും ഇറച്ചിയുടേയും മണം മൂക്കിലടിച്ചുകയറുന്നു. ഒരു തരത്തിൽ അപ്പുണ്ണി തന്റെ നാവിനെ നിയന്ത്രിച്ചു!.

''ഹയ്യടാ...! ഇതാരാടാ ഈ ഇരിക്കുന്നത്..?''

''മുതുകുളത്ത് ഇങ്ങനെയും ഒരാളോ..?''

ഹോട്ടലിന്റെ വടക്കുവശത്തെ തിണ്ണയ്ക്കിട്ടിരിക്കുന്ന ചെറുബെഞ്ചിൽ പെരും വയറോടുകൂടി വലിയൊരു മനുഷ്യൻ..!! തന്റെ കയ്രണ്ടും ചെറുബെഞ്ചിൽ താങ്ങി വടക്കോട്ടുനോക്കി ഭിത്തിയിൽ ചാരിയിരിക്കുന്നു. പിൻതിരിഞ്ഞ് നോക്കിനോക്കി അപ്പുണ്ണി നേരെ ചെന്നത് ഹോട്ടൽ ഉടമയായ അനിയനച്ചായന്റെ മുന്നിൽ. അച്ചായൻ അപ്പുണ്ണിയെ തടഞ്ഞുനിർത്തി.

''അപ്പുണ്ണി, നിനക്കറിയാമോ ആ ബഞ്ചിലിരിക്കുന്ന ആളിനെ..?''

നിഷേധഭാവത്തിൽ അപ്പുണ്ണി തലയാട്ടി.

''ആ മനുഷ്യനാണ് വലിയവലിയ നാടകങ്ങളിൽ(കലാനിലയം ഉൾപ്പെടെ)അഭിനയിക്കുന്ന മുതുകുളം എൻ.കെ.ആചാരി, ദാ ആ കാണുന്ന വീട്ടിലെയാണ് അദ്ദേഹം. ജംങ്ഷനിൽ റോഡിന്റെ പടിഞ്ഞാറുവശത്ത് മൂലയ്ക്കുള്ള വീട് ചൂണ്ടിക്കാട്ടി അച്ചായൻ പറഞ്ഞു. ഈ തട്ടാരുടെ വീട് ഇവിടെ ആയതിനാലാണ് ഈ ജംങ്ഷന് തട്ടാരുമുക്ക് എന്ന പേരുവന്നത്..''

''നീ എവിടെ പോകുന്നു..?''

''ഞാൻ നക്ഷത്രം ഒട്ടിക്കാൻ പേപ്പറിന് തങ്കപ്പൻ മുതലാളിയുടെ കടയിൽ പോകുന്നു..''

''സൂക്ഷിച്ച് വശം ചേർന്നുവേണം പോകാൻ. കേട്ടോ..''

''ശരി...''

ഹോട്ടലിന്റെ മുന്നിൽ പടർന്നുപന്തലിച്ച് നിൽക്കുന്ന മൂന്ന് ബദാം മരങ്ങളുടെ തണലിലാണ് തട്ടാരുമുക്ക്. അപ്പുണ്ണി നിലത്തുകിടന്ന ബദാമിന്റെ ഒരു മുഴുത്ത പഴുത്തില കയ്യിലെടുത്ത് കറക്കിക്കൊണ്ട് ഹോട്ടലിന്റെ മുന്നിലൂടെ പതുക്കെ നടന്നു. സൈക്കിളുകളും ഉന്തുവണ്ടികളും കാളവണ്ടികളും ഇടയ്ക്കിടയ്ക്ക് ലൈൻബസുകളും കടന്നുപോകുന്ന ഹരിപ്പാട്-കായംകുളം റോഡിന്റെ കിഴക്കുവശം ചേർന്ന് അപ്പുണ്ണി നടന്നു. രാജൻപിള്ള ചേട്ടന്റെ റേഡിയോ റിപ്പയറിംങ് കട(രാജാസ് ഇലക്ട്രോണിക്സ്)യിൽനിന്നും ഹിന്ദിപ്പാട്ട് ഉയരുന്നു, ''ഹം തും

www.malankaralibrary.com

ഏക് കമരേ മേം..''അപ്പുണ്ണി അറിയുന്ന അപ്പുണ്ണിയെ അറിയുന്ന രണ്ട് മൂന്നുപേർ കടയുടെ മുന്നിലെ ബഞ്ചിലിരുന്നു മോട്ടോർ വൈൻഡ് ചെയ്യുന്നു, റേഡിയോ റിപ്പയർ ചെയ്യുന്ന രാജൻചേട്ടൻ ഇടയ്ക്കിടയ്ക്ക് ഇവർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്. കടയുടെ മുന്നിലിരുന്ന് മോട്ടോർ വൈൻഡ് ചയ്യുന്ന ഒരാൾ തെക്കേലെ തങ്കച്ചായനാണ്(കൊന്നക്കോൽപോലുള്ള അദ്ദേഹം ക്രിസ്തുമസ്സിന് വീട്ടിൽ നക്ഷത്രങ്ങൾ തൂക്കുക മാത്രമല്ല ചില ഞൊടുക്കുവേലകളും കാണിച്ചുവെയ്ക്കും; ലൈറ്റിന്റെ ചൂടുകൊണ്ടു കറങ്ങുന്ന രൂപങ്ങൾ, ഓടിയോടി കത്തുന്ന മാല ബൾബുകൾ, കയ്യുംകാലും പൊക്കിച്ചാടുന്ന ജോക്കർ...). **മുഛേ കുഛ് കഹനാഹേ.. മുഛേ ഭി കുഛ് കഹനാഹേ..** അപ്പുണ്ണി ഹിന്ദിപ്പാട്ടിന്റെ താളം ആസ്വദിച്ച് തെക്കോട്ടു വീണ്ടും നടന്നു.

കിളിമുക്ക് പാലം. രണ്ട് വശത്തുനിന്നും വാഹനങ്ങൾ വരുന്നില്ലെന്നു തീർച്ചയാക്കി അപ്പുണ്ണി പാലം കടന്നു. റോഡിന്റെ അരികിൽ കിഴക്കുവശത്ത് ഒരു ബാർബർഷോപ്പ്. പരിസരത്തുള്ള മറ്റ് ബാർബർ ഷോപ്പുകളെ അപേക്ഷിച്ച് കറങ്ങുന്ന കസേരയുള്ള ഒരേയൊരു ബാർബർ ഷോപ്പാണിത് എന്നത് അപ്പുണ്ണിക്കറിയാം. ഇവിടെ തന്റെ മുടി വെട്ടിയാൽ മതിയെന്ന് അപ്പനോട് പലപ്പോഴും പറഞ്ഞിട്ടുണ്ട് (വീട്ടിൽ വന്ന് തലമുടി വെട്ടുന്ന കൊല്ലക്കാരൻ എന്ന അപ്പുപ്പനാണ് അപ്പുണ്ണിയുടെയും ചേട്ടന്റെയും അപ്പന്റെയും മുടി വെട്ടുന്നത്. അദ്ദേഹം തെക്കെ തിണ്ണയ്ക്ക് അപ്പുണ്ണിയെ ചമ്രംപിടഞ്ഞ് കുനിച്ചിരുത്തി പതുക്കെ വെട്ടും. കത്തി ബെൽറ്റുപോലുള്ള തോലിൽ ഉരസി മൂർച്ചകൂട്ടി വശങ്ങൾ വടിക്കും. തല കുനിച്ചിരുന്ന് അപ്പുണ്ണിയുടെ പിടലി വേദനിക്കാറുണ്ട്). വീണ്ടും തെക്കോട്ട് പത്തുചുവട് വച്ചപ്പോൾ ഒരു നെല്ലുകുത്ത് മില്ല്. അപ്പുണ്ണിക്കറിയാവുന്ന മുതുകുളത്തെ രണ്ട് അരിമില്ലുകളിൽ ഒന്നാണിത്. മറ്റൊരെണ്ണം ജംങ്ഷനിലെ □ശശികല ഓയിൽ മില്ലാണ്□. ഇത് കുട്ടപ്പപ്പണിക്കർ ചേട്ടന്റെ മില്ലാണന്ന് മുതിർന്നവർ പറഞ്ഞ് അപ്പുണ്ണിക്കറിയാം. ധാരാളം നിറ ചാക്കുകൾ മില്ലിന്റകത്ത് കൂട്ടിയിട്ടിരിക്കുന്നു. മറ്റൊരു വശത്ത് ചക്കിൽ എള്ളോ തേങ്ങായോ ആട്ടുന്ന യന്ത്രത്തിന്റെ താളാത്മകമായ സ്വരം, അടുത്ത ഊഴത്തിനായി ചാക്കിൽനിന്നും നെല്ല് ചരിച്ച് പാട്ടയിലിടുന്ന ഒരാൾ അരി അള്ളറി നടുത്ത് നിൽക്കുന്നു. ''എന്ത് തിരക്കാണിവിടെ..!!'' മുതുകുളത്തിന്റെ മണ്ണിൽ വിളയുന്ന ധാന്യശേഖരം ആട്ടുകയും കുത്തുകയും ചെയ്യുന്ന മില്ലിന്റെ അടുത്തുകൂടി പോകുമ്പോഴെ എന്തൊരു സുഗന്ധം, എന്തൊരു നിറവ്. മില്ലിന്റെ തെക്കുവശത്ത്, രണ്ട് ഉന്തുവണ്ടികൾ (കൈ വണ്ടികൾ) ഇട്ടിരിക്കുന്നു. **വാടകയ്ക്ക് കൊടുക്കപ്പെടും** എന്ന ബോർഡും തൂക്കിയിട്ടിട്ടുണ്ട്. കഴിഞ്ഞദിവസം ഇതിലൊന്നാകാം ബാലൻപിള്ളചേട്ടന്റെ അറപ്പുമില്ലിൽ തടികൊണ്ടുപോകുന്നതിന് ആലക്കോട്ട് വടക്കേലെ രാമൻകുട്ടിച്ചേട്ടനും രാമകൃഷ്ണനും കൂടി വീട്ടിലേക്ക് വലിച്ച് കൊണ്ടുവന്നതെന്ന് അപ്പുണ്ണി ഊഹിച്ചു.

ഏതാനും വാര കഴിഞ്ഞപ്പോൾ അപ്പുണ്ണി തങ്കപ്പൻ മുതലാളിയുടെ കട കണ്ടു. മുതലാളി കടയുടെ മുന്നിലെ തട്ടിൽ അർദ്ധനഗ്നനായി (വെള്ളയുടുപ്പ് കടയുടെ നിരപ്പലകയുടെ ആണിയിൽ തൂക്കിയിട്ടിരിക്കുന്നു.) ചമ്രംപിടഞ്ഞിരുന്ന് വെട്ടിയിട്ട ബീഡിയിലയുള്ള ചെറിയമുറം മടിയിൽവച്ച് ബീഡി തെറുക്കുകയാണ്. മുറത്തിലെ ബീഡിയില വിരലുകളാൽ പ്രത്യേക രീതിയിൽ ചുരുട്ടി ചുക്കനിറച്ച് ഒരുവശം തള്ളവിരലിലെ നഖംകൊണ്ട് അകത്തേക്ക് തള്ളിവയ്ക്കുന്നു. ചിലപ്പോൾ കയ്യിലെ കത്രികയുടെ മുനയും നഖത്തിന് പകരം ഉപയോഗിക്കുന്നു. തുടർന്ന് നൂലുകൊണ്ട് ചുറ്റിയൊരുകെട്ടും ഒരു കറക്കും ബീഡി തയ്യാർ. ബീഡി തെറുക്കുന്നതിനൊപ്പം തലയും ഉടുപ്പില്ലാത്ത ശരീരവും താളത്തിൽ ചലിക്കുന്നു. തന്റെ ജോലി തുടർന്നുകൊണ്ട് മുതലാളി തലയുയർത്തി ചോദ്യഭാവേന അപ്പുണ്ണിയെ നോക്കി.

''നക്ഷത്രം ഒട്ടിക്കാൻ വർണ്ണക്കടലാസ് വേണം..''

''ഏതു നിറമാ അച്ചായന് വേണ്ടത്..?''

അപ്പനെ അറിയുന്നതിനാലാകാം മുതലാളി അപ്പുണ്ണിയെ അച്ചായനെന്ന് വിളിച്ചത്..!!

''നീലയും ചുമലയും, പക്ഷേ എന്റെ കയ്യിൽ കാശില്ല. അഞ്ച് പാക്കുകളേയുള്ളൂ..''

''അതിനെന്താ.., പാക്കുകൾ ഇങ്ങുതാ..''

അപ്പുണ്ണി വള്ളിനിക്കറിന്റെ പോക്കറ്റിൽനിന്നും പാക്കുകൾ എടുത്ത് തട്ടിൻമുകളിൽ വച്ചു. മുതലാളി അതിൽ ഒരെണ്ണം എടുത്ത് പാക്കുവെട്ടിക്കിടയിൽ വച്ച് ഒറ്റ അമർത്ത്. പാക്ക് മുറിഞ്ഞ് രണ്ട് കഷണങ്ങളായി പുറംതോടിൽ തൂങ്ങിക്കിടന്നു. നെഞ്ചിടിപ്പോടെ അപ്പുണ്ണി അത് നോക്കിനിന്നു ''ദൈവമേ, നല്ലതായിരിക്കണേ..''


''നല്ല പാക്കാണ് കുഴപ്പമില്ല..''

''ഹാവൂ..! ആശ്വാസമായി.'' പതിനഞ്ച് പൈസാവച്ച് 75 പൈസ ആകെവില.

നാല് വർണ്ണക്കടലാസുകൾ എടുത്ത് ഉരുട്ടി പൊതിഞ്ഞ് മുതലാളി തരുന്നനേരം അപ്പുണ്ണി പരിസരം നിരീക്ഷിച്ചു. ''**വിജയാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ്**''ബോർഡുള്ള ഒരു ടൈപ്പ് റൈറ്റിങ് സ്ഥാപനം തെക്കുവശത്ത്. ഇംഗ്ലീഷിൽ ഉറക്കെ നിറുത്തിനിറുത്തി കസേരയിലിരിക്കുന്ന മുതിർന്നയാൾ വായിക്കുന്നു. മുൻപിലെ ബഞ്ചിലിരിക്കുന്ന രണ്ട് ചേച്ചിമാരും ഒരു ചേട്ടനും കേൾക്കുന്നതിനനുസരിച്ച് ബുക്കിൽ കുത്തിക്കുറിക്കുന്നു. അകത്തേക്കുമാറി രണ്ടുപേർ ടൈപ്പ് മിഷ്യനിൽ എന്തോ അടിക്കുന്നു. അതിലൊരാൾ തെക്കേലെ കാർത്ത്യായനി അമ്മയുടെ മൂത്തമകൻ സദാനന്ദൻ ചേട്ടനാണ്. റോഡിന്റെ എതിർവശത്ത് കുട്ടൻപിള്ള ചേട്ടന്റെ ചായക്കട. ഒന്നുരണ്ടുപേർ മുൻപിലെ ബഞ്ചിൽ ചായകുടിച്ചിരിക്കുന്നു. തങ്കപ്പൻ മുതലാളിയുടെ കടയുടെ വടക്കുവശം **ആവണക്കുളം** പ്രസ്സിന്റെ ഒരു ബോർഡ്. മുറിക്കകത്തുനിന്നും മെഷ്യൻ ചവിട്ടി അടിക്കുന്ന''കട..കട..കട..''ശബ്ദം. അതിനും വടക്കുവശം ഒരു കട നിരപ്പലകകളിലെ കമ്പിയിൽ താഴിട്ട് പൂട്ടിയനിലയിൽ അടഞ്ഞുകിട

www.malankaralibrary.com
ക്കുന്നു.

മുതലാളി വർണ്ണക്കടലാസുകൾക്കൊപ്പം ഫ്രീയായി കൊടുത്ത ഇഞ്ചിമിഠായിയും നുണഞ്ഞ് വീട്ടിലേക്ക് തിരികെനടന്ന അപ്പുണ്ണി വീട്ടിൽ കയറിയ ഉടൻ അധികംകിട്ടിയ 10 പൈസ തന്റെ മൺകുടുക്കയിൽ സ്ഥിരനിക്ഷേപമാക്കി. കെട്ടിനിറുത്തിയ നക്ഷത്രരൂപത്തിന്റെ കമ്പുകളിൽ പശതേച്ച് അപ്പുണ്ണി വർണ്ണക്കടലാസുകൾ ഓരോവശത്തും പതുക്കെ ഒട്ടിച്ചു. ഒരുവശം മൊത്തം ചെമപ്പ് മറുവശം നീല. ചരിവ് ഭാഗങ്ങളിൽ രണ്ടുകളറുകളും ഇടകലർത്തി. കാറ്റുകയറുന്നതിനും മുകളിൽക്കൂടി ഉള്ളിൽ കത്തിച്ചുവയ്ക്കുന്ന മെഴുകുതിരിയുടെ പുകപോകുന്നതിനും സൗകര്യത്തോടെ നക്ഷത്രം തയ്യാർ. പഴയ പ്ലാസ്റ്റിക്ക് ചരടുപയോഗിച്ച് നക്ഷത്രം കയറ്റുകയുമിറക്കുകയും ചെയ്യുന്ന വിധത്തിൽ കിഴക്കുവശത്തെ പശുത്തൊഴുത്തിന് മുന്നിലെ പേര മരത്തിൽ തൂക്കിയിട്ടു. ഇനി വൈകിട്ട് മെഴുകുതിരി കത്തിച്ച് പാട്ടയിലുറപ്പിച്ച് നക്ഷത്രത്തിനുള്ളിൽ ഇറക്കിവയ്ക്കണം. കരോൾ പാർട്ടികൾ ഇന്നുരാത്രിയിൽ വരും. അധികംവന്ന വർണ്ണക്കടലാസുകൾ തോരണങ്ങളാക്കി പേരമരത്തിൽ ഒട്ടിച്ചുവച്ചു.



''കൊള്ളാം ഭംഗിയായി.., എങ്ങനെയെങ്കിലും സന്ധ്യയായാൽ മതിയായിരുന്നു..''

സന്ധ്യയായി. കരോൾ സംഘങ്ങൾ വന്നു. സംഘത്തിൽ ഉണ്ടായിരുന്ന ക്രിസ്മസ് ഫാദർ അപ്പുണ്ണിക്ക് മിഠായിയും ബലൂണും നൽകി. പിറ്റേന്ന് പകൽ തീരുന്ന മുൻപുതന്നെ അപ്പുണ്ണിയുടെ ബലൂൺ പക്ഷേ പൊട്ടിപ്പോയി!.

ഇന്ന് ക്രിസ്മസ് ദിനം.

രാവിലെ അടുക്കളയിൽ അമ്മയും ചേച്ചിയും തിരക്കിലാണ്. അപ്പവും കോഴിക്കറിയും തയ്യാറാക്കുന്നു. അനിയൻ ചേട്ടനും അപ്പുണ്ണിയുംകൂടി കഴിഞ്ഞ സന്ധ്യയ്ക്ക് കോഴിക്കൂട്ടിൽ നിന്ന് കുട്ടക്കീഴിൽ പിടിച്ചിട്ടിരുന്ന കൂവാത്ത പൂവനെ കശാപ്പുചെയ്ത് പൂടപറിച്ച് ഉപ്പിട്ട് തേച്ചുകഴുകി വൃത്തിയാക്കി കണ്ടിച്ച് കഷണങ്ങളാക്കി കൊടുത്തിരുന്നു.

അപ്പുണ്ണി അടുക്കളയിൽ കുറേ കറങ്ങിനടന്നു, മുറ്റത്തേക്കിറങ്ങി കളിച്ചു. കാതോർത്തിരുന്ന അമ്മയുടെ വിളിയെത്തി.

''അപ്പുണ്ണി..''

''എന്തോ..''

വിളികേട്ട് അടുക്കളയിലേക്ക് ഓടിക്കയറിയ അപ്പുണ്ണിയുടെ കയ്യിൽ ഒരുകപ്പിൽ കുറേ ഇറച്ചിയും ഒരുപാത്രത്തിൽ കുറേ അപ്പവും കൊടുത്തശ്ശേഷം അമ്മ പറഞ്ഞു:

''നീ ഇതുകൊണ്ട് കെഴിക്കേൽ സജിയുടെ വീട്ടിൽ കൊടുത്തിട്ടു വാ.., അവരും ആഘോഷിക്കട്ട്..''

പറഞ്ഞതുപോലെ ചെയ്ത് തിരികെവന്ന അപ്പുണ്ണിയോട് അമ്മ വീണ്ടുംപറഞ്ഞു:

''നീ ഇത് പടീറ്റതിലെ ജോയിയുടെ വീട്ടിൽ കൊടുക്ക്..''

അവിടെയും അപ്പുണ്ണി, അപ്പവും കോഴിക്കറിയും കൊണ്ടുപോയി കൊടുത്തു. തിരികെവന്ന അപ്പുണ്ണിയോട് കൈകഴുകി വരാൻ അമ്മപറഞ്ഞു. അപ്പുണ്ണി തിണ്ണയ്ക്ക് വച്ചിരുന്ന കിണ്ടിയിലെ അല്പം വെള്ളമെടുത്ത് കൈകഴുകിയെന്നുവരുത്തി അടുക്കളയിൽ കുരണ്ടിയിട്ടിരുന്നു. ലിസി ചേച്ചിയും അനിയൻ ചേട്ടനും നേരത്തെ സ്ഥാനംപിടിച്ച് കഴിഞ്ഞിരുന്നു അപ്പച്ചൻ തിണ്ണയ്ക്ക് ബഞ്ചിലിരുന്നു. അമ്മ അപ്പുണ്ണിക്കരികിലും.

ക്രിസ്മസ്ദിന കാപ്പി കുടിച്ച് കഴിഞ്ഞപ്പോൾ അപ്പുണ്ണിക്ക് നന്നായ് വയർ നിറഞ്ഞു, ഒപ്പം അപ്പുണ്ണിയുടെ അയലത്തെ കൂട്ടുകാർക്കും.

ഇന്ന് സന്ധ്യയ്ക്ക് കല്ലുമൂട് സംസ്കൃതം സ്കൂളിൽ സുവിശേഷയോഗം സംഘടിപ്പിച്ചിട്ടുള്ളതിനാൽ അമ്മയ്ക്കും അനിയൻചേട്ടനും ഒപ്പം യോഗത്തിൽ പങ്കെടുക്കാൻ പോകണം. മാർത്തോമാസഭ വിശ്വാസിയായിരുന്ന അമ്മയ്ക്ക് സുവിശേഷ യോഗത്തിലൊക്കെ വളരെ താത്പര്യമാണ്(അപ്പച്ചൻ ആദ്യകാലങ്ങളിൽ മുതുകുളം മാർത്തോമാ പള്ളിയിൽ സണ്ടേക്ലാസിൽ പഠിപ്പിച്ചിരുന്നു.). കല്ലുമൂട്ടിലെ സംസ്കൃതം സ്കൂളിലോ തട്ടാരുമുക്കിലെ അരിമില്ലിന് കിഴക്കുവശത്തെ മോഴൂർ പുരയിടത്തിലോ ഇടയ്ക്കിടയ്ക്ക് ചേപ്പാട്ടെ **പ്രത്യാശാദീപം** ഡാനിയൽ സാറിന്റെ നേതൃത്വത്തിൽ യോഗം നടത്താറുണ്ട്. ജർമ്മനിയിൽ നിന്നും എത്തുന്ന ഹാരീ ഗ്രീൻവുഡ് സായ്‌വും അദ്ദേഹത്തിന്റെ കുടുംബാഗങ്ങളും ഇംഗ്ലീഷിൽ സുവിശേഷ പ്രസംഗങ്ങൾ നടത്തുമ്പോൾ ഡാനിയൽ സാറ് അത് മലയാളത്തിൽ തർജ്ജിമചെയ്യും. വന്നുകൂടിയ ഭക്തജനങ്ങൾ ഇടയ്ക്കിടയ്ക്ക് **സീയോൻ ഗീതങ്ങൾ** ആലപിക്കുമ്പോൾ ഹാരിസായ്‌വ് തന്റെ ഗഞ്ചിറയിൽ ഒരു പ്രത്യേക രീതിയിൽ തള്ളവിരൽ ചലിപ്പിച്ച് താളമിടും. പാട്ട് മലയാളത്തിലായാലും സായ്‌വിന്റെ താളത്തിന് കോട്ടമൊന്നും ഉണ്ടാകുകയില്ല.

സുവിശ്ശേഷ പ്രസംഗത്തിന്റെ അവസാന പാദത്തിൽ എന്തെങ്കിലും വിഷയങ്ങളെ അധികരിച്ച് ചലച്ചിത്ര പ്രദർശനവും ഉണ്ടാകും. അത് വിശ്വാസസംബന്ധമോ, പാരിസ്ഥിതിപരമോ, സാമൂഹികപരമോ ആകാം.

www.malankaralibrary.com
സ്നാപകയോഹന്നാൻ, സാധുസുന്ദർസിംങ്, മുറുക്കാന്റെയും സിഗരറ്റിന്റെയും ദൂക്ഷ്യവശങ്ങൾ ഇങ്ങനെയെല്ലാം ചിത്രപ്രദർശനത്തിലെ വിഷയങ്ങളാണ്.

ഹാരിസായിവ് സുവിശ്ശേഷപ്രസംഗത്തിലെ രോഗശുശ്രൂഷാഭാഗത്ത് വിശ്വാസികൾ എഴുന്നേൽക്കാൻ പറയുമ്പോഴും രക്ഷിക്കപ്പെട്ടവർ എഴുന്നേൽക്കാൻ പറയുമ്പോഴും രോഗം ഭേദമാകേണ്ടവർ, ഭേദമായവർ ഇങ്ങനെ വിവിധ ശ്രേണിയിൽപ്പെട്ടവർ എഴുന്നേൽക്കാൻ പറയുമ്പോഴും അപ്പുണ്ണിയും അനിയൻചേട്ടനും എഴുന്നേറ്റുനിൽക്കും അപ്പുണ്ണി പലപ്പോഴും പകുതി ഉറക്കത്തിലായാലും തൂക്കത്തിലായാലും എഴുന്നേൽക്കാൻ പറയുമ്പോൾ ചേട്ടൻ കൈകൊണ്ട് തോണ്ടും. സ്വിച്ചിട്ടമാതിരി സ്പ്രിങ്ങാക്ഷനിൽ അപ്പുണ്ണി ചാടിയെഴുന്നേൽക്കും. എഴുന്നേറ്റില്ലെങ്കിൽ വീട്ടിലെത്തുമ്പോൾ അമ്മ കൈകാര്യംചെയ്യും. അമ്മയുടെ കൈകാര്യത്തിലും നന്നല്ലെ ഒന്നെഴുന്നേറ്റ് നിൽക്കുന്നത്?. ഉറക്കവുംമാറും അമ്മയുടെ സ്നേഹവുംകൂടും. മറിച്ചാണ് സംഭവിക്കുന്നതെങ്കിൽ അമ്മ അത്താഴം വിളമ്പുമ്പോഴും ശകാരം തുടരും.

പുത്തനുടുപ്പും നിക്കറും(അത് അസ്വാഭാവികം) ഏതെങ്കിലും വിധത്തിൽ അപ്പുണ്ണിക്ക് തരപ്പെട്ടാൽ ഞായറാഴ്ച പള്ളിയിലായിരിക്കും അതിന്റെ ഇനാഗുറേഷൻ!. മറ്റുദിവസങ്ങളിലെ ടൈംടേബിളിൽനിന്നും വ്യത്യസ്തമായി സണ്ടേസ്കൂളിലെ പഠനവിഷയമാണ് ശനിയാഴ്ച വൈകിട്ടത്തെ അപ്പുണ്ണിയുടെ പാഠ്യവിഷയം. ഇതിന് മാറ്റമുണ്ടായാൽ വിവരമറിയും!. ഭക്തിവിട്ടുള്ള ഒരുകളിക്കും അമ്മ തയ്യാറല്ല.

സംസ്കൃതം സ്കൂളിലെ കൺവൻഷന് ശേഷം അപ്പുണ്ണിയും അമ്മയും അനിയൻ ചേട്ടനും തിരികെ വീട്ടിലെത്തിയപ്പോൾ കൂത്താട്ടുകുളത്തുനിന്നും അക്കപ്പെങ്ങളും അപ്പുഅളിയനും മക്കൾ രാജുവും സാജുവും വീട്ടിൽ വന്നിരിപ്പുണ്ടായിരുന്നു. ക്രിസ്മസ്സിനോടനുബന്ധിച്ച് അവർ മുതുകുളത്ത് വരുന്നുണ്ടെന്ന് കത്തുമുഖേന(ടെലഫോൺ ഇല്ല) അറിയിച്ചിരുന്നു. അളിയന്റെ അവധിക്കനുസരിച്ച് എത്തുമെന്ന് മാത്രമേ എഴുതിയിരുന്നുള്ളു.

''എടാ.. അപ്പുണ്ണി, രാവിലെ കാക്ക വിരുന്നുവിളിച്ചപ്പോഴെ ഞാൻ പറഞ്ഞില്ലെ.. വടക്കുനിന്നും ആളുവരുമെന്ന്. ഇപ്പഴെങ്ങനുണ്ട്?.'' അമ്മ രാവിലത്തെ സംഭവം ഓർമ്മിപ്പിക്കുന്നു.

മറുപടി പറയാതെ അപ്പുണ്ണി ഓർത്തു. ശരിയാണല്ലോ..!

മിലിറ്ററി അളിയൻ വരുമ്പോൾ എല്ലാവർക്കും ഒന്ന് **മിനുങ്ങാനുള്ള** വകകൂടെ ബാഗിൽ പ്രതീക്ഷിക്കാം. ഇക്കാര്യത്തിൽ മിലിറ്ററിക്കാരുടെ കരുതൽ മറ്റാർക്കെങ്കിലും ഉണ്ടോ..?. പ്രതീക്ഷയ്ക്ക് കോട്ടംതട്ടാതെ ബാഗിലെ സാധനം അളിയൻ മേശപ്പുറത്ത് വച്ചു.

കൊണ്ടുവന്നിരിക്കുന്ന **ജിൻ**, കുടിക്കുന്നവരുടെ കപ്പാസിറ്റി അനുസരിച്ച് കൃത്യമായ അളവിലെടുത്ത് ഗ്ലാസ്സ് പൊക്കി ഒന്നുംകൂടി നോക്കി വെള്ളം ചേർത്ത് അളിയൻതന്നെ വിതരണം ചെയ്തു. ഒപ്പം കൂടെ കൊണ്ടുവന്ന ഇടിച്ചുകൂട്ടി വറുത്ത ഉണക്ക പോത്തിറച്ചിയും.

മുൻ കാലങ്ങളിലെന്നവണ്ണം വെള്ളത്തിൽ പാലൊഴിക്കുന്ന പോലെ ഗ്ലാസ്സിലൊഴിച്ച ജിന്നിന്റെ നാലിരട്ടി വെള്ളവും ചേർത്ത് അളിയൻ അപ്പുണ്ണിയുടെ നേർക്ക് **ജിന്നുംവെള്ള** ഗ്ലാസ്സ് നീട്ടി പറഞ്ഞു :

''ഇന്നാടാ ഇത് അങ്ങോട്ട് പിടിപ്പീര്. സബ് ഠീക്ക് ഹോ ജായേഗാ.., എല്ലാം ശരിയാകും..''

എലി പൂന്നെല്ല് കണ്ടമാതിരി. സന്തോഷത്തിൽ അപ്പുണ്ണി രണ്ടുകൈകൊണ്ടും ഗ്ലാസ്സേറ്റുവാങ്ങി. ഒറ്റവലി **ഗ്ലക്ക്**..!!, ശേഷം മനസ്സിൽ പറഞ്ഞു : ''എല്ലാം വേഗം ശരിയാകട്ട്..''

പാലുംവെള്ളം കുടിക്കുന്നപോലെ **ജിന്നുംവെള്ളം** കുടിച്ച് ചിറിയുംതുടച്ച് അപ്പുണ്ണി നേരെ പായിലേക്ക്.

ഇപ്രാവശ്യം ജിന്നിനൊപ്പം ഒരു സ്പെഷ്യൽ സാധനം കൂടി അളിയൻ ബാഗിൽ കരുതിയിരുന്നു. ഒരു പാട്ടുപെട്ടി. രണ്ട് ബാറ്ററിയുടെ ഒരു **മർഫി** റേഡിയോ.

അപ്പുണ്ണി റേഡിയോ കണ്ടിട്ടുണ്ടെങ്കിലും ഇന്നുവരെ ഓപ്പറേറ്റ് ചെയ്തിട്ടില്ല. പടീറ്റതിലെ കൂട്ടുകാരൻ ജോയിയുടെ വീട്ടിൽ റേഡിയോ ഉണ്ട്. അതിൽ വാർത്തകൾ കേൾക്കാൻ വല്ലപ്പോഴുമൊക്കെ അപ്പനും ചേട്ടനുമൊപ്പം അപ്പുണ്ണിയും പോകാറുണ്ട്. വിശ്ശേഷിച്ചും നിയമസഭാ, ലോക്സഭാ ഇലക്ഷൻ സമയത്ത്.

അങ്ങനെ അപ്പുണ്ണിയുടെ വീട്ടിലും റേഡിയോ വന്നു. വൈകുന്നേരം 6.15നുള്ള പ്രാദേശിക വാർത്തയാകുമ്പോൾ അപ്പുണ്ണി റേഡിയോ എടുത്ത് കിഴക്കെ തിണ്ണയ്ക്ക് കൊണ്ടുവച്ച് ഓണാക്കും. വഴിയെ പോകുന്നവരും അയൽക്കാരും വാർത്തകേൾക്കാൻ റേഡിയോയ്ക്ക് ചുറ്റുംകൂടും. നിശ്ശബ്ദരായ് നിന്ന് അവർ വാർത്തയും ചലച്ചിത്രഗാനങ്ങളും കേൾക്കും. ശേഷം വന്നപോലെ തിരിച്ചുപോകും. 7.25നുള്ള ഡൽഹി വാർത്തയ്ക്ക് മുമ്പുള്ള **കമ്പോള വില നിലവാരം** കേൾക്കാൻ പടീറ്റതിലെ ഉപ്പാപ്പന്മാർ(അപ്പന്റെ അനുജന്മാർ, കൊച്ചുപാപ്പിയും കുഞ്ഞൂട്ടിയും)രണ്ടുപേരും കുളികഴിഞ്ഞെത്തും. കുരുമുളകിന്റെയും ചമ്പന്റെയും കച്ചവടമുള്ള അവർക്ക് കമ്പോള വില നിലവാരം താത്പര്യവിഷയമാണ്. കമ്പോള വില നിലവാരത്തിനും വാർത്തകൾക്കും ശേഷം ചേട്ടാനുജന്മാർ മൂവരും സാധനങ്ങളുടെ വിലക്കയറ്റം, കച്ചവടലാഭം, നഷ്ടം, ബന്ധുജനങ്ങളുടെ വിശ്ശേഷങ്ങൾ എന്നിവയെക്കുറിച്ച് സംസാരിക്കും. കുറെ കലിപ്പീരും നേരമ്പോക്കുകളും പുട്ടുണ്ടാക്കുമ്പോൾ അമ്മ തേങ്ങായിടുന്നപോലെ അവർ കൂടെക്കൂടെ ചേർത്ത് വിഷയം പൊലിപ്പിച്ച് സംസാരിക്കുന്നത് അപ്പുണ്ണിയും കേട്ടിരിക്കും.

ഞായറാഴ്ച രാത്രി എട്ടുമണിക്കുള്ള **കണ്ടതും കേട്ടതും** കേൾക്കുക എന്നത് അമ്മയുടെ അതിപ്രധാനമായ സംഗതിയാണ്. ഇതൊക്കെ കേൾക്കുമ്പോഴും അപ്പുണ്ണിയിലുണ്ടായ ബലമായ സംശയം അങ്ങ് വിദൂരതയിലെ റേഡിയോ നിലയത്തിൽ നടക്കുന്ന പരിപാടികൾ എങ്ങനെ ഇത്ര ചെറിയ സാധനത്തിലൂടെ ഇവിടെ കേൾക്കുന്നു എന്നുള്ളതാണ്.

www.malankaralibrary.com

പൊന്നുപോലെ അപ്പു അളിയൻ കൊണ്ടുവന്ന മർഫി റേഡിയോ ഒന്ന് അഴിച്ചുനോക്കണമെന്ന ആഗ്രഹം പലപ്പോഴും അപ്പുണ്ണിയുടെ മനസ്സിൽ ഉദിച്ചിട്ടുണ്ട്. എന്നാൽ അഴിച്ചാൽ ലഭിക്കാവുന്ന കഠിന ദണ്ഡനം ഓർത്ത് അങ്ങനെയുള്ള ആഗ്രഹത്തെ ഉള്ളിലൊതുക്കി. എന്നാലും അകത്തെന്തന്നറിയാൻ പാട്ടുപെട്ടിക്കകത്തേക്ക് അപ്പന്റെ മൂന്നുബാറ്ററി ടോർച്ചടിച്ച് അപ്പുണ്ണി ഇടയ്ക്കിടെ പരിശോധിച്ച് സ്വയം ചോദിക്കും:

''എന്തവാടാ ഇതിന്റകത്ത്..?''

അപ്പന്റെ ടോർച്ചിന്റെ ബാറ്ററി വേഗംവേഗം തീർന്നിരുന്നെങ്കിലും തെളിവില്ലാത്തതിനാൽ ആ വകയിലുള്ള പാരിതോഷികം അപ്പുണ്ണിക്ക് കിട്ടിയില്ലെന്നുമാത്രം ●

# 19 പാളയിൽനിന്നും ടയർ വഴി സൈക്കിളിലേക്ക്

വാഹനത്തിൽ യാത്ര ചെയ്യണമെന്ന് അപ്പുണ്ണിക്ക് ആഗ്രഹം തോന്നുമ്പോൾ തോട്ടിറമ്പിൽ നിൽക്കുന്ന അടയ്ക്കാമര ചോട്ടിലേക്ക് നടക്കും. വീണുകിടക്കുന്ന പാള(തണുങ്ങ്) ഒരെണ്ണം കൈക്കലാക്കും; നേരെ മുറ്റത്തേക്ക്. ഡ്രൈവർമാരായി(വലിയൻമാരായി) അനിയൻ ചേട്ടനും കൊച്ചുചേച്ചിയും തയ്യാറായി കഴിയുമ്പോഴാണ് പാളവണ്ടിക്കായുള്ള അപ്പുണ്ണിയുടെ തിരച്ചിൽ.

അപ്പുണ്ണി ചമ്രംപിടഞ്ഞ് പാളത്തണ്ടിൽ മുറുകെപ്പിടിച്ച് ആനപ്പുറത്തിരിക്കുന്ന ഗമയിലും ഗരിമയിലും പാളയിലിരിക്കും. വീടിന്റെ മുറ്റത്തെ വെള്ളമണലിൽ പാളവണ്ടി പാളം വരച്ച് നീങ്ങും. കായംകുളം, കൊല്ലം, തിരുവനന്തപുരം വഴി കന്യാകുമാരിയിലേക്ക്. ജംഗ്ഷനുകൾ ഒരോന്നും പിന്നോക്കം പാഞ്ഞു കഴിയുമ്പോഴേക്കും പാളയുടെ ചുവട് കീറിക്കഴിഞ്ഞ് നിക്കറിന്റെ കീഴിലേക്ക് മണ്ണുകയറി നിറയാൻ തുടങ്ങും. പാളവണ്ടിയിലെ സുഖം തലയ്ക്കുപിടിച്ചു വരുമ്പോഴാകും ''**നിന്നെ ഇത്രനേരം വലിച്ചില്ലേ..?, ഇനി നീ വലി..**'' എന്ന മാറ്റവലിക്കരാർ അടിസ്ഥാനത്തിൽ ചേട്ടൻ കയറിയിരിക്കുന്നത്. അപ്പുണ്ണി ന്യായം ബോധ്യപ്പെട്ട് ചേട്ടനെ ഇരുത്തി വലിക്കും, അങ്ങനെ അപ്പുണ്ണിയും വലിയനാകും.

കാലത്തിനനുസരിച്ച് കോലവും മാറണ്ടേ..? അപ്പുണ്ണി പ്രായത്തിനനുസരിച്ച് വണ്ടിയും മാറും. അടുത്തവണ്ടി വലിയ വെള്ളയ്ക്ക മോന്ത തുരന്നുണ്ടാക്കി വളഞ്ഞകമ്പുകടത്തി ഉരുട്ടിനടക്കുന്ന **തൊണ്ണാൻ വണ്ടി** യാണ്.

കട്ടതേഞ്ഞ് പഞ്ചറായ സൈക്കിളിലെ മാറ്റപ്പെടുന്ന ടയറാണ് അടുത്തവാഹനം. തല്ലുകൊണ്ടോടുന്ന ടയറിന്റെ ബ്രേക്ക് തല്ലുന്ന വടിതന്നെ. വളഞ്ഞുപുളഞ്ഞ് മുന്നോക്കം പായുന്ന ടയറുവണ്ടി അപ്പുണ്ണിക്ക് പാൽ കടയിൽ കൊണ്ടുക്കൊടുക്കാൻ സഹായിക്കുന്ന പാലുവണ്ടിയും കഞ്ഞി പാടത്ത് കൊണ്ടുക്കൊടുക്കുന്ന കഞ്ഞിവണ്ടിയും ആകും. അതിവേഗത്തിൽ അനിയന്ത്രിതമായി തട്ടിപ്പായിക്കുന്ന മറ്റു വണ്ടികളും പരിസരങ്ങളിൽ ഉള്ളതിനാൽ വൈകുന്നേരത്തിനുള്ളിൽ ഒരിടിക്കുള്ള കോള് റോഡിൽ ഉണ്ടാകാനുള്ള സാധ്യതകൾ ധാരാളമാണ്. ഇടിയിൽ ജയിച്ചവന്റെ ടയർ അന്നുരാത്രി കിഴക്കേപ്പുറത്തെ തോടുവഴി പടിഞ്ഞാറെ മുണ്ടകപ്പാടത്തേക്ക് നീന്തുന്നതും സാധാരണമാണ്!.

ഇട്ട് തേഞ്ഞതോ, വള്ളിപൊട്ടി ഉപയോഗശൂന്യമായതോ ആയ റബർചെരുപ്പ് വട്ടത്തിൽ വെട്ടിയെടുത്ത് ഒരു ചെറുകുഴലിന്റെ അപ്പുറവുമിപ്പുറവും വരത്തക്കവണ്ണം കമ്പിയോ ബലമുള്ള അലകോ സെൻട്രൽ ആക്സിലായി ഘടിപ്പിച്ച് നീണ്ടകമ്പിന്റെ അഗ്രത്ത് കെട്ടിയുറപ്പിച്ച് മുന്നോട്ട് പായിക്കുന്നതാണ് അടുത്ത വാഹനം, **ഉരുട്ടുവണ്ടി.**

പ്രായവും കാലവും മുന്നോട്ട് പായുമ്പോൾ വാഹനവും മാറണ്ടേ..?

അപ്പുണ്ണിക്ക് എങ്ങനെയെങ്കിലും സൈക്കിൾ പഠിക്കണം. വട്ടത്തിൽ ചവിട്ടിയാൽ നീളത്തിൽ പായുന്ന ഈ വണ്ടി അപ്പുണ്ണിക്ക് ഹരമാണ്. തിണ്ണയ്ക്ക് സ്റ്റാൻഡിൽ വച്ചിരിക്കുന്ന അപ്പന്റെ സൈക്കിൾ പെടൽ കൈകൊണ്ട് ആഞ്ഞുകറക്കും. ഒപ്പം കറങ്ങുന്ന പിന്നിലെ ടയറിന്റെ കീഴിൽ മണ്ണ് കൂട്ടിവയ്ക്കും. കൂട്ടിവച്ച മണ്ണ് വീലിന്റെ കറക്കത്തിൽ പൂത്തിരിപോലെ പിന്നോട്ട് പായുന്നത് എന്തു രസമാണ്..!!.

രാത്രിയിൽ വഴിവിളക്കാകേണ്ട സൈക്കിൾ ഡയനോമ ടയറിനോട് ചേർത്തുനിർത്തി വേഗത്തിൽ കറക്കും. ഡയനോമ ബൾബ് ഫ്യൂസാക്കി സൈക്കിൾ ഉടമയുടെ കയ്ക്ക് മേടിക്കും വരേയോ., വീട്ടിലാരെങ്കിലും ചെവിക്കുപിടിച്ച് കറക്കും വരേയോ അപ്പുണ്ണിയുടെ കറക്കിക്കളി തുടരും. സൈക്കിളിൽ ചന്തയിൽ പോകുന്നതും, സ്കൂളുകളുടെയും സഹപാഠികളുടെയും മുന്നിൽക്കൂടി വെട്ടിത്തിരിച്ച് വേഗം യാത്രയാകുന്നതും കുട്ടുകാരുടെ കൂടെ സൈക്കിളിൽ ഇടറോഡുകളിലും മറ്റും ചുറ്റിത്തിരിഞ്ഞ് കറങ്ങുന്നതും അങ്ങനെ എല്ലാമെല്ലാം അപ്പുണ്ണിക്ക് ഒരു സ്വപ്നമാണ്. പഠിക്കാൻ പാകത്തിൽ അര സൈക്കിളും മുക്കാലി സൈക്കിളും വാടകയ്ക്ക് വേലായുധൻ ചേട്ടന്റെയും ഗോപാലൻ ചേട്ടന്റെയും ജോയിച്ചായന്റെയും പോലീസിന്റെയും കടകളിൽ കിട്ടു

www.malankaralibrary.com

മെങ്കിലും സൈക്കിൾകൂലി കൊടുക്കാനില്ലാത്തതിനാൽ അപ്പുണ്ണി അങ്ങനെയുള്ള ആഗ്രഹങ്ങളെ ഉള്ളിൽ വളരുവാൻ അനുവദിച്ചില്ല.

സൈക്കിൾ ചവിട്ടാനുള്ള ആശ ഉള്ളിൽ കത്തിജ്വലിച്ച് നിൽക്കുന്ന ഒരു മദ്ധ്യവേനലവധിക്കാലം

''നിനക്ക് സൈക്കിൾ പഠിക്കണോ..?'' ചെറിയാൻ ചേട്ടൻ ചോദിച്ചു..

വിശന്നിരിക്കുന്നവന്റെ മുമ്പിൽ പ്രഥമൻ വിളമ്പിയാലുള്ള അവസ്ഥ.

''പഠിക്കണം പക്ഷേ പഠിപ്പിക്കാനാരുമില്ല..'' അപ്പുണ്ണി പറഞ്ഞു

''ഞാൻ പഠിപ്പിക്കാം വാ.., കേറ്..''

വീടിന്റെ ഇടനാഴിയിലിരിക്കുന്ന(രണ്ട് പുരകൾ തമ്മിൽ ചേരുന്ന സ്ഥലം) അപ്പന്റെ സൈക്കിളിൽ അപ്പുണ്ണിയെ കയറ്റി, ചേട്ടൻ പിറകിൽനിന്ന് സൈക്കിളിൽ പിടിച്ചു. വലിയ സൈക്കിളിന്റെ സീറ്റിൽ ഇരിക്കാനൊക്കാതെ മിഷ്യന് മുകളിൽനിന്ന് അപ്പുണ്ണി സൈക്കിൾ വളരെദൂരം ചവിട്ടി. കിഴക്ക് കലുങ്ക്, മുതലാളിയുടെ വീട്, പുളി നിൽക്കുന്ന കുട്ടിയമ്മയുടെ വീട്, പടിഞ്ഞാറോട്ട് ജംങ്ഷൻ വരെ.

''ഇന്ന് ക്ഷീണിച്ചു ഇനി നാളെ ചവിട്ടാം..'' ചേട്ടൻ പറഞ്ഞു.

''ശരി..'' മൂളി അപ്പുണ്ണി പശുവിന് പുല്ല് പറിക്കാൻപോയി.

പുല്ല് പറിച്ചിട്ട് പറമ്പിന്റെ കിഴക്കുവശത്തുള്ള കുളത്തിൽ പോയ്ക്കുളിച്ചു. കുളികഴിഞ്ഞ് കൂട്ടുകാരൻ സജിയുമായി അന്നത്തെ സൈക്കിൾ ചവിട്ടിന്റെ വീരകഥകൾ പറഞ്ഞു.

''നോക്കിക്കോ നിന്നേക്കാൾ മുമ്പേ ഞാൻ സൈക്കിൾ പഠിക്കും..'' അപ്പുണ്ണി കൂട്ടുകാരനോട് പറഞ്ഞു.

''ശരി കാണാം..'' കൂട്ടുകാരന്റെ മറുപടി.

സന്ധ്യപ്രാർത്ഥന കഴിഞ്ഞു. ആഹാരം കഴിഞ്ഞു. നാളത്തെ സൈക്കിൾ ചവിട്ടിന്റെ മധുരസ്വപ്നങ്ങൾ നുണഞ്ഞ് അപ്പുണ്ണി ഉറങ്ങി. പിറ്റേന്ന് വൈകിട്ട് നാലുമണിക്ക് മീനത്തേലെ വേലായുധൻ ചേട്ടന്റെ മുക്കാലി സൈക്കിളുമായി ചെറിയാൻ ചേട്ടനെത്തി. കഴിഞ്ഞ ദിവസത്തെപ്പോലെ റോഡിൽക്കൂടി കിഴക്കോട്ടും പടിഞ്ഞാറോട്ടും ചവിട്ടി. ചേട്ടൻ സൈക്കിളിന്റെ കാരിയറിൽ പിടിച്ചുകൊണ്ട് പിന്നാലെ. ഇടയ്ക്കിടക്ക് പിന്നിൽനിന്നുള്ള പിടി വിടുന്നുമുണ്ട്. വേലായുധൻ ചേട്ടന്റെ സൈക്കിളിനുള്ള ആകെക്കുഴപ്പം ചെയിൻ ഇടയ്ക്കിടെ കക്കുന്നു എന്നുള്ളതാണ്. ചെയിൻ ശരിയാക്കലാണ് പകുതിസമയത്തെ പരിപാടി. അന്നത്തെ സൈക്കിൾ യജ്ഞത്തിന്റെ സമയം കഴിഞ്ഞു.



''നാളെ ഗോപാലസ്വാമിയുടെ ചെറിയ സൈക്കിളെടുത്ത് പഠിക്കാം. അതാണ് ഇതിനേക്കാൾ നല്ലത്(ഒരു മണിക്കൂറിന് 10 പൈസ). വേലായുധൻ ചേട്ടൻ വാച്ചിൽ നോക്കിയിരിക്കും അല്പം താമസിച്ചാൽ അധികം പൈസ വാങ്ങുകയും ചെയ്യും..''

പിറ്റേന്ന് വൈകിട്ട് ഗോപാലൻചേട്ടന്റെ സൈക്കിളിൽ പഠനം തുടങ്ങി.

''എടാ ഓടിയോടി ഞാൻ മടുത്തു..'' ഇത്ര പറഞ്ഞ് ചെറിയാൻ ചേട്ടൻ പിന്നിലെ കാരിയറിൽ കാലുകൾ ഇരുപുറവും ഇട്ട് കയറിയിരുന്നതും അപ്പുണ്ണി തിരിഞ്ഞുനോക്കിയതും ഒന്നിച്ച്..!!

ദാ കിടക്കുന്നു സൈക്കിളും ആശാനും ശിഷ്യനുംകൂടി പുറത്തുപുറത്ത്. സൈക്കിളിന്റെ ഹാൻഡിൽ തിരിഞ്ഞു, പെഡലൊടിഞ്ഞു, അപ്പുണ്ണിയുടെ കാലിലേയും കയ്യിലേയും കുറച്ച് പെയിന്റുപോയി.

വീണെങ്കിലും ശരി, ഒരാഴ്ചകൊണ്ട് അപ്പുണ്ണി തന്റെ സൈക്കിൾ പഠനം വിജയകരമായി പൂർത്തിയാക്കി ●

www.malankaralibrary.com


''എടാ അപ്പുണ്ണി നീ കൂടി എന്റെകൂടെ വാ.. നമുക്കൊന്നിച്ച് ആടിനേയും കൊണ്ടുപോകാം..''

രാവിലെ രാമകൃഷ്ണൻ ചേട്ടന്റെ വീട്ടിൽ കിങ്ങിണിയെ കൊണ്ടുപോകുന്നതിനുള്ള തയ്യാറെടുപ്പിലായിരുന്ന അനിയൻചേട്ടൻ അപ്പുണ്ണിയെ കൂട്ടിനുവിളിക്കുകയാണ്. ശനിയാഴ്ചയായതിനാൽ ഇരുവർക്കും ഇന്ന് സ്കൂളില്ല. കഴിഞ്ഞ രണ്ട് ദിവസമായി കിങ്ങിണി നിർത്താതെ കരച്ചിലാണ്. തടയ്ക്കിളകിയ അവളെ തടിപ്പിക്കാൻ പാടത്തിനക്കരെയുള്ള രാമകൃഷ്ണൻ ചേട്ടന്റെ വീട്ടിൽ പോകണം.

കിടക്കുംമുൻപേ പലകയിൽ താളംപിടിക്കുന്ന, പച്ചിലത്തൂപ്പ് കെട്ടിയാൽ ഞെടുപ്പ് മാത്രം കടിച്ചുതിന്ന് ഇല താഴെക്കളയുന്ന വെളുവെളുത്ത സുന്ദരിയായ കിങ്ങിണി (താടിയിൽനിന്നും താഴോട്ട് രണ്ട് ആടകൾ ഞാത്തായിട്ടുള്ളതിനാലാണ് അവൾക്കീ പേര് വന്നത്). അമ്മയുടെ അരുമയായ ആട് കിങ്ങിണി.

''എടാ.., ചെറിയൊരു പ്ലാവിലത്തൂപ്പൊടിച്ച് കയ്യിൽവച്ചോ, അത് കാണിച്ച് മുൻപോട്ട് കൊണ്ടുപോയാൽ മതി..'' അമ്മയുടെ നിർദ്ദേശം.

ചേട്ടൻ അടുക്കള വടക്കുവശത്തെ ചായ്പ്പിൽനിന്നും കിങ്ങിണിയെ അഴിക്കുന്ന നേരംകൊണ്ട് അപ്പുണ്ണി കിഴക്കുവശത്തെ വരിക്കപ്ലാവിൽ കയറി ഒരു കമ്പൊടിച്ച് കയ്യിൽവച്ചു. ഇരുവരും (മൂവരും) തെക്കുവശത്തെ ഗ്രാവൽ റോഡിൽക്കൂടി കിഴക്കോട്ട് നടന്നു. കിങ്ങിണി പ്രതിക്ഷേധിച്ച് ബ്രേക്കുപിടിച്ച് നിലവിളിച്ച് നിൽക്കുമ്പോൾ അപ്പുണ്ണി കയ്യിൽ കരുതിയിട്ടുള്ള തൂപ്പുകൊണ്ട് അടിക്കാനോങ്ങും. അടികൊള്ളും മുന്നേ കിങ്ങിണി നടക്കും.



ചക്കുളങ്ങരപാടത്തിന്റെ നടുക്കൂടെയുള്ള ചെങ്കല്ല്റോഡ്, വളവുകൾ തിരിഞ്ഞ് നൂന്ന് വളവുകളായി വീണ്ടും നീണ്ടുനീണ്ട് പോകുന്നു. റോഡിലെ വളവുകൾക്കൊപ്പം അപ്പുണ്ണിയും ചേട്ടനും കിങ്ങിണിയേയും തെളിച്ച് നടന്നു. കിഴക്ക് വലിയവളവ് നൂന്നപ്പോൾ രാമകൃഷ്ണൻ ചേട്ടന്റെ വീട് ദൂരെക്കണ്ടു. വലിയ പ്ലാസ്റ്റിക്ക് കയറിൽ തെങ്ങിൻചുവട്ടിൽ കെട്ടിയിരിക്കുകയാണ് കൃഷ്ണൻ ചേട്ടന്റെ ആണാടിനെ. ഒറ്റനോട്ടത്തിൽ ആദ്യം ശ്രദ്ധയിൽപ്പെട്ടത് അവന്റെ നീണ്ട താടിരോമങ്ങളാണ് (ബുദ്ധി ജീവികളുടെ താടി കണക്കെ), കുന്തംപോലെ നിൽക്കുന്ന കൂർത്ത രണ്ട് കൊമ്പുകൾ, ദേഹമാകെ വെളുത്തുനീണ്ട രോമം, തുടയുടെ പിൻപിൽ രോമം കൂടുതൽ വളർന്നുനിൽക്കുന്നു. അന്തരീക്ഷമാകെ വല്ലാത്ത രൂക്ഷഗന്ധം.

''ഇതെന്താ ഇങ്ങനെ നാറ്റം, ഇതിനെ കുളിപ്പിക്കാറില്ലേ..?'' അപ്പുണ്ണിക്ക് സംശയം.

''അതങ്ങനെ ആയിരിക്കുമെടാ..'' ചേട്ടന്റെ മറുപടി.

നീണ്ട താടിരോമം കനപ്പിച്ച്, മൂക്ക് ചുളുക്കിച്ച്, അവൻ കിങ്ങിണിയെ രൂക്ഷമായി നോക്കുന്നു. ഇണയോട് തോന്നേണ്ട ശൃംഗാരഭാവം തീരെയില്ലാത്ത രൂക്ഷനോട്ടം. പിൻകാലാൽ മണ്ണുമാന്തി മറിക്കുന്നു, മുക്കലും മൂളലും മുറുകുന്നു.

കിങ്ങിണിയുടെ കയർ അനിയൻചേട്ടൻ രാമകൃഷ്ണൻ ചേട്ടന് കൊടുത്തു.

''നിങ്ങൾ അങ്ങോട്ട് മാറി നിൽക്ക്..''

''ബേ.. ബേ..'', ഉച്ചത്തിലുള്ള കാറൽ, മുക്കൽ, മൂളൽ.

''കഴിഞ്ഞു..''

നിക്കറിന്റെ പോക്കറ്റിൽനിന്നും അനിയൻചേട്ടൻ രണ്ടുരൂപ എടുത്ത് കൃഷ്ണൻചേട്ടന് കൊടുത്തു.

''നമുക്ക് പാടംവഴി പോകാം.. എന്താ..?'' ചേട്ടൻ ചോദിച്ചു.

''പോകാം..'' അപ്പുണ്ണിയുടെ മറുപടി പെട്ടെന്നായിരുന്നു.

രാമകൃഷ്ണൻ ചേട്ടന്റെ വീടിറങ്ങി സ്വൽപ്പംകൂടി വടക്കോട്ട് നടന്ന് ചെറു കലിങ്കിന്റെ വടക്കുവശത്തുകൂടി താഴേയ്ക്കിറങ്ങി. വലിയ നടവരമ്പിൽക്കൂടി ഇരുവരും കിങ്ങിണിയേയും തെളിച്ച് പടിഞ്ഞാറേക്ക് നടന്നു.

''എവിടെപ്പോയി ചേട്ടാ..?'' എതിരേ വന്ന പരമുച്ചേട്ടനെ കണ്ട് അനിയൻചേട്ടൻ ചോദിച്ചു. കഴിഞ്ഞ ഒരാഴ്ചക്കാലം പരമുച്ചേട്ടൻ വീട്ടിൽ ഉണ്ടായിരുന്നു. തെക്കേപ്പറമ്പിൽ നിന്നിരുന്ന കൂഴപ്ലാവ് വെട്ടിയത് മുറ്റ

www.malankaralibrary.com
ത്തിട്ട് പലകയറത്തപ്പോൾ പരമുച്ചേട്ടനായിരുന്നു തട്ടിന്റെ താഴയിരുന്ന് അറക്കവാൾ പിടിച്ചത്.

''മലപ്പുറത്ത് എലിവില്ല് (എലിക്കെണി) വയ്ക്കാൻ പോയിട്ട് വരുന്ന വഴിയാ. നിങ്ങളെവിടെ പോയി..?, രാമകൃഷ്ണന്റങ്ങു പോയോ..?.''

''ങാ..'' അപ്പുണ്ണി മൂളി ശരിവച്ചു. പരമുച്ചേട്ടൻ കിഴക്കോട്ട് വേഗം നടന്നകന്നു.

നാട്ടിൽ എലിവില്ല് വച്ച് തുരപ്പനെലിയെ പിടിക്കുന്നത് മൂന്ന് വിരുതന്മാരാണ്. പരമുച്ചേട്ടൻ, കേശവൻചേട്ടൻ, പാറയമ്മാവൻ. കഴിഞ്ഞ രണ്ടാഴ്ച മുന്നേ പരമുച്ചേട്ടൻ കുഴലുവച്ച് രണ്ട് തുരപ്പൻമാരെ വടക്കേകപ്പത്തറയിൽനിന്നും പിടിച്ചത് അപ്പുണ്ണി കണ്ടിരുന്നു. വലിയ കുട്ടിക്കുറാ പൗഡർ ടിന്നിന്റെ ചുവടിളക്കി മാറ്റും. പൗഡർ കുടഞ്ഞിടുന്ന ഭാഗത്ത് ദ്വാരമുണ്ടാക്കി അതിൽക്കൂടി വഴങ്ങി വളയുന്ന ഒതളക്കമ്പ് കേറ്റി ഓലവഴുക കെട്ടി ടിന്നുമായി ബലവത്താക്കി എലിത്തീറ്റയും(ചീനി/കിഴങ്ങ്)കോർത്ത് നിർത്തും. നൂൽക്കമ്പി ടിന്നിനുള്ളിൽ കുരുക്കിട്ട് വഴുകയ്ക്കൊപ്പം ചേർത്ത് കുഴലിനകത്ത് കുരുക്കായി നിർത്തും. തുരപ്പനെലിയുടെ വരവ് കണക്കാക്കി വങ്കിൽ വയ്ക്കുന്ന കുഴൽ, പുറമേ മണ്ണിട്ട് മൂടം. തീറ്റയ്ക്കൊപ്പം വഴുകകൂടി കടിക്കുന്ന എലി വഴുകവള്ളി പൊട്ടി കമ്പ് നിവർന്ന് നൂൽക്കമ്പിയിൽ ശരീരം മുറുകിക്കിടക്കും.

അപ്പുണ്ണിക്ക് അറിവുള്ള ഈ എലിക്കെണിയെപ്പറ്റി പ്രിയ കവി ശ്രീ. എൻ. കുമാരനാശാനും വർണ്ണിച്ചിട്ടുണ്ട്

''**ചീനിക്കെണിക്കൂട്ടിൽ ചെന്നുകുടുങ്ങിയുൾ**
**ദീനതതേടുമെലികണക്കെ**'' (ദുരവസ്ഥ).

''നീ പതുക്കെ നടക്കടാ..''

അനിയൻചേട്ടന് നടക്കാൻ തീരെവയ്യ!. കാലിന്റെ തുടയുടെ ഒരുവശം മൊത്തം ഉരഞ്ഞ് വെളുത്തിരിക്കുകയാണ്, കഴിഞ്ഞ രണ്ടുദിവസം മുമ്പ് അപ്പുണ്ണിക്കൊപ്പം കിഴക്ക് മീനത്തേൽ പറമ്പിന്റെ കിഴക്കേയറ്റത്ത് തെക്കോട്ട് ചാഞ്ഞുകിടക്കുന്ന തൈത്തെങ്ങിൽ ഇരുവരും ഓടിക്കയറി കളിച്ചതാണ്. അപ്പുണ്ണി ചാഞ്ഞതെങ്ങിൽ പതുക്കെ ഓടിക്കയറി പിന്നൊട്ടിറങ്ങി. ചേട്ടൻ ഒളിമ്പിക്സ് രീതിയിൽ കൂടുതൽ ഉയരത്തിൽ, കൂടുതൽ ശക്തിയിൽ ഓടിച്ചാടി ഒറ്റക്കേറ്റം.

ദാ കിടക്കുന്നു., കാലിന്റെ ഒരുവശം മൊത്തം തെങ്ങിന്റെ പട്ടയ്ക്കിരിക്കുന്നു. കാല് തെറ്റിപ്പോയി..!

തൊലിപോയ തുടക്കാലും വച്ചാണ് കിങ്ങിണിയെ തടുപ്പിക്കാൻ ഇത്രദൂരം നടന്നത്.

പതുക്കെ.. പതുക്കെ.. നടന്നും നിന്നും മൂവരും വീട്ടിലെത്തി.

ചേട്ടൻ കിങ്ങിണിയെ ചായ്പ്പിൽ കെട്ടി.

''ങുഹും..'', ഇപ്പോഴും മുട്ടാടിന്റെ വാട മൂക്കിൽ നിൽക്കുന്നു.

അപ്പുണ്ണി മൂക്ക് ആഞ്ഞുചീറ്റി, മുറ്റത്തെ കിണറ്റിൻകരയിലേക്ക് വേഗം നടന്നു ●

# ൨। ചില ഗ്രാമക്കാഴ്ചകൾ

''അപ്പുണ്ണി.. എടാ അപ്പുണ്ണി.., ഇവൻ എവിടെ പോയി കിടക്കുവാ..?''

തിരക്കിയ ഉടനെ തന്നെ കാണാഞ്ഞതിലുള്ള പരാതി പറഞ്ഞുനിന്ന അമ്മയുടെ മുന്നിൽ അപ്പുണ്ണി മാവിൻചുവട്ടിലെ കളിനിർത്തി ഓടിയെത്തി.

''എന്നേ വിളിച്ചോ..?''

''നിനക്ക് വെട്ടത്തുമുക്കിന് പോയി ഒരുകിലോ ഇറച്ചി വാങ്ങിവരാമോ..?, മണിയന്റെ പച്ചക്കറിക്കടയിൽനിന്നും കുറച്ച് തക്കാളിയും വാങ്ങണം, പോസ്റ്റോഫീസിലും കയറണം. അപ്പുറത്ത് അപ്പന്റെ സൈക്കിളിരിപ്പുണ്ട്, അതേൽ പോയി വാ.. പൈസയും സഞ്ചിയും ഇന്നാ..''

സൈക്കിളിൽ സാധനം വാങ്ങിവരാൻ പറഞ്ഞതിനാൽ അപ്പുണ്ണിക്ക് അതിയായ സന്തോഷം തോന്നി. അയയിൽനിന്നും വേറേ ഉടുപ്പും നിക്കറും എടുത്തിട്ട് തലമുടി ചീകിയെന്നുവരുത്തി അപ്പുണ്ണി വേഗം തയ്യാറായി. തുണിസഞ്ചിക്കുള്ളിൽ പൈസായിട്ട് മടക്കി സൈക്കിളിന്റെ കാരിയറിൽ ഭദ്രമായി വച്ചു. ചെറിയൊരു മൂളിപ്പാട്ടോടെ സ്റ്റാൻഡിൽനിന്നും സൈക്കിളിറക്കി തെക്കേ ഗ്രാവൽ റോഡിലേക്ക് അപ്പുണ്ണി ഇറങ്ങി. സൈക്കിൾ ചവിട്ടാൻ പഠിച്ചതോടുകൂടി കിഴക്കെ ചന്തയിൽ മീൻ മേടിക്കാൻ പോകുന്നതും കടകളിൽ സാധനം വാങ്ങാൻ പോകുന്നതും എല്ലാം അപ്പന്റെ സൈക്കിളിലാണ്. ഇറച്ചിക്കടയിലെത്താൻ തട്ടാരുമുക്ക്, ഹൈസ്കൂൾ ജംങ്ഷൻ വഴി വെട്ടത്തുമുക്കിന് വടക്കുവശം വരെ പോകണം. അപ്പന്റെ വലിയ സൈക്കിൾ ആയതിനാൽ സീറ്റിലിരുന്ന് ചവിട്ടുമ്പോൾ ഒരുവശത്തെ പെഡൽ മുകളിൽ വരുമ്പോൾ മറുകാല് പെഡലിലെത്തില്ല. അപ്പുണ്ണിയുടെ കാലുകൾക്ക് അത്രയ്ക്കുള്ള നീട്ടമേയുള്ളൂ.

റോഡിലേക്കിറങ്ങിയ അപ്പുണ്ണി കേട്ടത് കൂവലും ബഹളവും അലർച്ചയും. രാവിലെതന്നെ അയലത്തെ അച്ഛൻമാരും ചേട്ടന്മാരും തെക്കേപ്പുറത്തെ കുഞ്ഞപ്പിച്ചായന്റെ പുരയിടത്തിൽ ചീട്ടുകളിക്കാൻ കൂടിയിരിക്കുകയാണ്.

www.malankaralibrary.com

''ഇത്ര രാവിലെതന്നെ പണി തുടങ്ങിയോ!'', കളിക്കൂട്ടത്തെ അപ്പുണ്ണിയൊന്നുനോക്കി. വടക്കേലെ ശിവ രാമൻ ചേട്ടൻ, തെക്കേലെ പുരുഷൻ ചേട്ടൻ, മൈക്ക് രാജൻ ചേട്ടൻ, നാണുച്ചേട്ടൻ(പാറയമ്മാവൻ), ഗ്രഫ് ബാബുച്ചേട്ടൻ, സഹദേവൻ, സുരേന്ദ്രൻ, ജനാർദ്ദനൻ, മനോഹരൻ, നെൽസൺ ഇങ്ങനെ എല്ലാവരും കൂടി (ഗുലാം പരിശ്) ചീട്ടുകളിക്കുന്നു. ആറുപേർ മൂന്നുവീതം രണ്ട് തണ്ടിതിരിഞ്ഞിരുന്നാണ് കളിക്കുന്നത്. കൈകി ട്ടാത്തവർ കളിക്കുന്നവർ ഒഴിയുന്ന മുറയ്ക്കായി കാത്തിരിക്കുന്നു. കളി കാണുന്നതിനായി നികത്തിലെ വേണു ചേട്ടന്റെ അച്ഛൻ കൃഷ്ണപ്പണിക്കരച്ഛൻ, ജയദേവൻ...

ഇരുണ്ട നിറം, അധികം പൊക്കമില്ല, വെള്ളയുടുപ്പിന് മേലെ ഒരു വെളുത്ത തോർത്ത് മേൽമുണ്ടായി തോളത്ത് ഇട്ടിരിക്കുന്നു. ഇതാണ് കൂട്ടത്തിൽ പ്രായംചെന്ന അപ്പുണ്ണിയുടെ പ്രിയപ്പെട്ട, നാട്ടുകാരുടെ പാറയ മ്മാവൻ. കളിക്കിടെ ചേട്ടൻ നേരംപോക്കായി തന്റെ വലത്തുകൈ തിരിച്ചാണ് ചീട്ട് കളത്തിലിടുന്നത്. (ഒരു തരം കറക്കി ഇടീൽ) ശേഷം ഒരു കമന്റും

''കാണട്ടടാ.., കളി കാണട്ട്..''

കുണുക്കുവച്ച് വശംകെട്ടിരിക്കുന്നവരോട് എതിർ കക്ഷികൾ ശവത്തിൽകുത്തിപ്പറയും ''എന്താ ഇവി ടൊരു നാറ്റം..?,ചെവിയിൽ കിടക്കുന്നത് അളിയാൻ തുടങ്ങിയെന്നാ തോന്നുന്നത്..''

തരത്തിന് തരംപോലെ സ്വന്തം കൈക്കാർ ചീട്ട് ഇറക്കിയില്ലെങ്കിൽ കളിയിലെ കേമൻ പറയും:

''തുറുപ്പുചീട്ട് കയ്യിൽവച്ചിട്ട് തഴഞ്ഞൊടാ മരമേ..?''

ഒരാളുടെ കാതിൽക്കിടന്നത് ഊരി എതിർടീമിലെ ആൾക്ക് കൊടുക്കുന്നതിന് **കൊച്ചിനെ കൊടുപ്പ്** എന്നത്രേ പറയുന്നത്. ശേഷം കളിയാക്കലിന്റെ ശൈലി മാറും. ഊരിക്കൊടുത്ത ആൾ പറയും:

''ടാ.. സമയത്തിന് കൊച്ചിനെ തൂറിക്കണെ, കുളിപ്പിക്കണെ.''

ഇങ്ങനെയുള്ള ശൈലി ഒരിക്കലും **കൈകാര്യത്തിലേക്ക്** പോകാതെ മുതിർന്നവർ ശ്രദ്ധിച്ചിരുന്നു. ഓരോ കളിക്കുശേഷവും തോറ്റ ടീമിലെ മേലാൾ ക്ലാസ്സെടുക്കും. ''നീ അതിനുപകരം മറ്റേത് ഇറക്കിയിരുന്നെ ങ്കിൽ.., അതുകൊണ്ട് ഇതിനെ വെട്ടിയിരുന്നെങ്കിൽ കളിമാറിയേനെ..''എന്നിങ്ങനെ.

''ഏഴാം കൂലി, തനി, ഗുലാൻ, തുറുപ്പ്, കളി കോട്, തഴയൽ, തള്ളൽ'' എന്നിങ്ങനെയുള്ള വാക്കുക ളെല്ലാം ചീട്ടുകളിയിലെ ഭാഷാപദങ്ങളാണ്. സമയവും സാഹചര്യവും ഒത്തുവന്നാൽ അപ്പുണ്ണി ചീട്ടുകളി സംഘത്തിന്റെ പുറകിൽ പോയിനിന്ന് കളികണ്ട് ആസ്വദിക്കാറുണ്ട്.

ചീട്ടുകളിക്കാരുടെ സംഘത്തെ കടന്ന് അപ്പുണ്ണി വലിയ സൈക്കിളിൽ തൊത്തിക്കയറി ഒരുപരുവ ത്തിന് തട്ടാരുമുക്കിന് എത്തിയപ്പോൾ ദാ നിൽക്കുന്നു മുതുകുളത്തിന് മായാ കാഴ്ചകളേകുന്ന ബ്ലോക്കിലെ ഉദ്യോഗസ്ഥനായ തട്ടാരുതെക്കേലെ രാധാകൃഷ്ണപിള്ള ചേട്ടൻ. ചേട്ടൻ അപ്പുണ്ണിയെ കണ്ടാൽ പിന്നെ വിടില്ല. പഠനം, വീട്ടുവിശ്ശേഷം എന്നുവേണ്ട എല്ലാകാര്യങ്ങളും അറിയണം., എല്ലാത്തിനും മറുപടി പറഞ്ഞേതീരൂ. പിള്ളച്ചേട്ടന് ഒരു മോപ്പഡുണ്ട് അത് ഒരു വേട്ടാവളിയനെപ്പോലെ മുരണ്ട്.. മുരണ്ട്.. റോഡിലൂടെ പോകു മ്പോൾ അപ്പുണ്ണി റോഡിലിറങ്ങി നോക്കാറുണ്ട്. പലപ്പോഴും പിള്ളച്ചേട്ടൻ മോപ്പഡ് ടാങ്കിൽ പെട്രോൾ ഇല്ലാ ത്തതിനാൽ സൈക്കിൾ പോലെ പെഡൽ ചവിട്ടിക്കറക്കി യാത്രചെയ്യുന്നതും അപ്പുണ്ണി കണ്ടിട്ടുണ്ട്. ഇന്നി പ്പോൾ അപ്പുണ്ണിയെ ചേട്ടൻ വിടുന്ന ലക്ഷണമില്ല.

''എടാ.. നീ.. എവിടെ പോകുന്നു..?''

''കടയിൽ പോകുന്നു ചേട്ടാ..'' അപ്പുണ്ണി മറുപടി പറഞ്ഞു.

''നീ സൈക്കിളിൽ നിന്നിറങ്ങ്..'' അപ്പുണ്ണി സൈക്കിളിൽ നിന്നിറങ്ങി.

''നിനക്ക് ഞാൻ ചെയ്യുന്നപോലെ ചെയ്യാമോ..?''

''ശ്ശെടാ..! ഇത് എന്തൊരു കുരിശ്, വളരെ കഷ്ടമായല്ലോ, എന്താ കാണിക്കേണ്ടത്..?'' ദേഷ്യം പ്രകടി പ്പിക്കാതെ അപ്പുണ്ണി ചോദിച്ചു.

''ദാ.. ഇങ്ങനെ, ഒറ്റക്കാലിൽ നിൽക്കുക, ഇനി പൊക്കിയ കാൽ നിവർത്തി മുൻപോട്ട് പിടിച്ച് മറ്റേക്കാൽ മടക്കി ഇരിക്കണം, കൈ നിലത്ത് കുത്തരുത്, വീണ്ടും ദാ ഇതുപോലെ എങ്ങും തൊടാതെ എഴുന്നേൽക്ക ണം, കാണിക്കാമോ..?''

''എനിക്കിപ്പോൾ നേരമില്ല ചേട്ടാ.., വേറൊരു ദിവസം ചേട്ടനേക്കാളും നല്ലപോലെ ഞാൻ കാണിക്കാം, ഇപ്പോൾ പോകട്ടെ..''

''ശരി എങ്കിൽ നീ പോ..''

''ഹാവൂ..!'' അപ്പുണ്ണി വേഗം സൈക്കിൾ ചവിട്ടിവിട്ട് അവിടെനിന്നും രക്ഷപ്പെട്ടു.

തട്ടാരുമുക്ക് കഴിഞ്ഞ് തെക്കേപാലം കയറുന്നതിന് മുൻപാണ് മണിയൻചേട്ടന്റെ പച്ചക്കറിക്കട. അവിടെ നല്ല തിരക്ക്. തിരികെ വരുമ്പോൾ പച്ചക്കറി വാങ്ങാം, ഇതുവഴിയാണല്ലോ തിരികെ വരുന്നത്. സൈക്കിൾ വാട കയ്ക്ക് കൊടുക്കുന്ന വേലായുധൻ ചേട്ടന്റെ കടയും കടന്ന് അപ്പുണ്ണി തെക്കോട്ട് ചവിട്ടി. ഹൈസ്കൂൾ ജംങ്ഷന് പടിഞ്ഞാറുവശത്തെ രവി മുതലാളിയുടെ കടയിൽ 50 പൈസാകൊടുത്ത് 5 പൈസായുടെ രണ്ട് മിഠായി വാങ്ങി. മുതലാളി ബാക്കിതരാതെ തന്റെ അല്പം നരച്ച നീണ്ട താടി തടവി കണ്ണാടിയുടെ മുകളിലൂടെ ചെറു പുഞ്ചിരിയോടെ അപ്പുണ്ണിയെ നോക്കിപ്പറഞ്ഞു:

''പൈസാ ഇനിയുമുണ്ട്., ഇനിയുമുണ്ട് ബാക്കി..''

www.malankaralibrary.com

''ഇനിയൊന്നും വേണ്ടാ മുതലാളി.., ബാക്കി തന്നാൽ മതി..''

20 പൈസായുടെ രണ്ട് ചെമ്പുതുട്ടുകൾ മുതലാളി അപ്പുണ്ണിക്ക് തിരികെ നൽകി. **വിജയാഹോട്ടലി**ന്റെ മുന്നിലെ നങ്ങ്യാർകുളങ്ങര അർച്ചനയിലെ സിനിമ പോസ്റ്ററിലേക്ക് അപ്പുണ്ണി കണ്ണോടിച്ചു. ജയൻ ഒരു ആനയുടെ കൊമ്പിൽ തൂങ്ങിയാടുന്ന ചിത്രം. ഹോട്ടലിന്റെ മുന്നിലൂടെ റോഡ് കുറുകെക്കടന്ന് സൈക്കിളിൽ തൊത്തിക്കയറി അപ്പുണ്ണി വീണ്ടും തെക്കോട്ട് സൈക്കിൾ ചവിട്ടി.

ഹൈസ്കൂൾ ജംങ്ഷൻ കഴിഞ്ഞ് തെക്ക് കിഴക്കുവശത്തെ ഒഴിഞ്ഞുകിടക്കുന്ന വലിയ പറമ്പിന്റെ തെക്കേയറ്റത്തുകൂടി അപ്പുണ്ണി പോസ്റ്റാഫീസിലേക്ക് കയറി. ഓടിട്ട പഴയൊരു വീടാണ് മുതുകുളം തെക്ക് പോസ്റ്റോഫീസ്(മുതുകുളം പഞ്ചായത്തിലെ മറ്റൊരു പോസ്റ്റാഫിസ് പടിഞ്ഞാറെ ചന്തയ്ക്ക് സമീപം ഉണ്ട്.). കെട്ടിടത്തിന്റെ മുൻപിലായി രണ്ട് ചെന്തെങ്ങുകൾ നിറകുലകളുമായി നിൽക്കുന്നു. അപ്പുണ്ണി സൈക്കിൾ പൊക്കംകുറഞ്ഞ ഗൗളിത്തെങ്ങിന്റെ ചുവട്ടിൽ ചാരിവച്ച് തിണ്ണയിലേക്ക് കയറി. ഒരു രൂപയുടെ സ്റ്റാമ്പ് കവറിൽ ഒട്ടിച്ചുവേണം കവർ പെട്ടിയിലിടേണ്ടതെന്ന് അമ്മ പ്രത്യേകം പറഞ്ഞിരുന്നു. പ്രധാനവാതിലിന് വടക്കുവശത്തെ തുറന്നുകിടക്കുന്ന ജനലരികിലേക്ക് അപ്പുണ്ണി നടന്നു. ജനാലയ്ക്കലെ മേശയ്ക്ക് മുന്നിലുള്ള കസേരയിൽ ആരുമില്ല. ദൂരെമാറി ഒരു ചേച്ചി ടക്.. ടക്.. ടിക്.. ടിക്.. ശബ്ദത്തിൽ വലതുകൈവച്ച് ഒരു മെഷ്യനിൽ മുന്നിലെ കടലാസിൽ നോക്കിയടിക്കുന്നു, പ്രത്യേക ഈണത്തിലുള്ള ശബ്ദം. അകത്തേക്കുള്ള വാതിൽപ്പടിക്ക് മുകളിലായി ചെമന്ന അക്ഷരത്തിൽ ഹിന്ദിയിൽ ഒരു ബോർഡ്. അപ്പുണ്ണി തപ്പി തപ്പി ബോർഡ് വായിച്ചു **അന്തർ ആനാ മനാഹെ** എന്താണാവോ ഈ അന്തർ ആനാ മനാ..? ആർക്കറിയാം(ആനയുമായി ബന്ധമുള്ള എന്തോ ആകാം..!). വടക്കുവശത്തെ ചെറുമുറിയിൽനിന്നും എന്തോ ഇടിച്ചുപൊട്ടിക്കുന്ന ശബ്ദം കേൾക്കുന്നു. അപ്പുണ്ണി അങ്ങോട്ടുചെന്ന് ജനാലയ്ക്കലൂടെ അകത്തേക്ക് നോക്കി.

വീട്ടിൽ കത്ത് കൊണ്ടുത്തരുന്ന സുന്ദരൻ താടിയുള്ള രാമചന്ദ്രൻ സാർ നിരത്തിവച്ചിട്ടുള്ള കത്തുകളിൽ വടിപോലെയുള്ള സീലുകൊണ്ട് ആഞ്ഞാഞ്ഞിടിക്കുന്നു. അടുത്തുള്ള വൃത്തത്തിലുള്ള പാത്രത്തിലും ഇടയ്ക്കിടയ്ക്ക് ഇടിക്കുന്നുണ്ട്. ഈ ചേട്ടനോടാണ് അനിയൻ ചേട്ടൻ ''പഴയ മണിയോർഡർ വല്ലതും ഉണ്ടോ..?'' എന്ന് ചോദിക്കുന്നത്. ഇടി തുടരവെ രാമചന്ദ്രൻ സാർ അപ്പുണ്ണിയെ നോക്കി.

''എന്താ അപ്പുണ്ണിയേ..?''


അപ്പുണ്ണിയെ അറിയുന്ന അപ്പുണ്ണിക്കറിയാവുന്ന രണ്ടുപേർ ഇവിടുണ്ട്. ഒന്ന് മുന്നിൽകാണുന്ന രാമചന്ദ്രൻ സാർ മറ്റൊരാൾ സൈക്കിളിൽ പ്രത്യേകരീതിയിൽ നീട്ടിച്ചവിട്ടി മണിമുഴക്കിവരുന്ന ആശാരി ചേട്ടൻ, അദ്ദേഹമാണ് ടെലഗ്രാമുകളും മറ്റും വീടുകളിൽ എത്തിക്കുന്നത്. ആശാരിച്ചേട്ടന്റെ വരവ് ഭയത്തോടുകൂടിയാണ് വീട്ടുകാർ കാണുന്നത്. പരിസര ഭവനങ്ങളിലെ ആൾക്കാർ കാര്യമറിയാൻ കാതുകൂർപ്പിച്ച് പുരമുന്നിലെ വേലിതള്ളി തലനീട്ടി നിൽക്കും. കൂട്ടനിലവിളിയും ആനന്ദാശ്രുക്കളും ചേട്ടന്റെ ഭവനസന്ദർശനത്തിന്റെ അനന്തരഫലങ്ങളാണ്.

''ഒരുരൂപയുടെ സ്റ്റാമ്പ് വേണം..'' അപ്പുണ്ണി രാമചന്ദ്രൻ സാറിനോട് പറഞ്ഞു.

തന്റെ ജോലിനിർത്തി മുന്നിലെ മുറിയിലേക്ക് വന്ന സാർ കാശുവാങ്ങി അപ്പുണ്ണിക്ക് നേരെ അൻപത് പൈസായുടെ രണ്ട് സ്റ്റാമ്പുകൾ നീട്ടി. കയ്യിൽ കിട്ടിയ സ്റ്റാമ്പുകളുടെ പിറകിൽ ഒന്നുനക്കി മയപ്പെടുത്തി അപ്പുണ്ണി കവറിന്റെ മുകളിൽ അവ നിരത്തി ഒട്ടിച്ചു. കെട്ടിടത്തിന്റെ തെക്കുപടിഞ്ഞാറെ മൂലയ്ക്ക് ആണിയടിച്ച് തൂക്കിയിട്ടിരിക്കുന്ന എഴുത്തുപെട്ടിയിൽ കൈകടത്തി കത്തിട്ടു. ശേഷം വലം കൈകൊണ്ട് പെട്ടിയിൽ ഒന്ന് തട്ടി.

അപ്പുണ്ണി പതിവായി പറയുന്നത് അന്നും പറഞ്ഞു : ''വേഗം പോകണം കേട്ടോ..!''

തിണ്ണയിറങ്ങി തെങ്ങിന്റെ ചുവട്ടിൽ ചാരി വച്ചിരുന്ന സൈക്കിളെടുത്ത് പടിഞ്ഞാറെ പ്രധാനപാതയിലേക്കിറങ്ങിയ അപ്പുണ്ണിയുടെ മുമ്പിൽ ദാ നിൽക്കുന്നു തട്ടാരുമുക്ക് ചേലിപ്പള്ളിയിലെ കുഞ്ഞുമോനച്ചായൻ(അച്ചായൻ ഒരു പെന്തിക്കോസ്തുസഭ വിശ്വാസിയാണ്. അച്ചായന്റെ അപ്പൻ ഫിലിപ്പ് സാർ ഹരിപ്പാട് ഭൂപണയ ബാങ്കിന്റെ ആദ്യ പ്രസിഡന്റായിരുന്നു. കുഞ്ഞുമോനച്ചായന്റെ രണ്ട് സഹോദരങ്ങളെക്കൂടി അപ്പുണ്ണിക്ക് അറിയാം അനിയനച്ചായനും അച്ചപ്പനച്ചായനും)



''അപ്പുണ്ണിയെന്താടാ ഇവിടെ..?''

''കത്തിടാൻ വന്നതാച്ചായാ.., അച്ചായൻ അമേരിക്കയ്ക്ക് പോകുന്ന കാര്യം എന്തായി..?'' അപ്പുണ്ണി അച്ചായനോട് തിരികെ ചോദിച്ചു.

''എടാ.. മോനേ.. അപ്പുണ്ണി, മുതുകുളത്തുനിന്നും സ്വർഗ്ഗത്തേക്കും അമേരിക്കയിൽ

www.malankaralibrary.com

നിന്നും സ്വർഗ്ഗേത്തേക്കും ഉള്ള ദൂരം ഒന്നാടാ പിന്നെന്തിനാ അമേരിക്കയിൽ പോയിക്കിടന്ന് ചാകുന്നത്..!!''

പിന്നൊന്നും പറയാൻ നിൽക്കാതെ അപ്പുണ്ണി തെക്കോട്ട് വീണ്ടും ചവിട്ടി. കരുണാമുറ്റം ശിവ ക്ഷേത്ര മുക്ക് കഴിഞ്ഞ് ചെറിയ കലുങ്കിന്റെ തെക്കുവശത്തെ പാടത്തിന്റരികിലെ വീടിന്റെ മുൻപിൽ ഒരാൾ സൈക്കിളിൽ പിടിച്ച് വശക്കേടായി നിൽക്കുന്നു. കുറച്ചുപേർ ദൂരെനിന്ന് സൈക്കിളിൽ പിടിച്ചുനിൽക്കുന്ന ആളിനെ നിരീക്ഷിക്കുന്നുണ്ട്. ങാ...!, രാവിലെ അടിച്ചുവീലായി അദ്ദേഹം നിൽക്കുകയാണ്.

''ഇതെന്താ ഇങ്ങനെ.?''

അപ്പുണ്ണി സൈക്കിളിന്റെ ബ്രേക്കുപിടിച്ച് സീറ്റിൽനിന്നും ഇറങ്ങി ഇടതുകാലുകുത്തി നിന്നു. ഇവിടംവരെ ആയപ്പോഴേക്കും ടിയാനകത്താക്കിയ സാധനം മൂത്തു, ഇനി സൈക്കിൾ ചവിട്ടാൻ വയ്യ!. ഒരുകണക്കിന് ഇറങ്ങി റോഡിന്റെ വശത്തായി നിൽക്കുകയാണ്. ആര് ആരുടെ ബാലൻസിൽ നിൽക്കുന്നുവെന്ന് അറിയില്ല.! ഒന്നുകിൽ സൈക്കിളിന്റെ ബാലൻസിൽ അദ്ദേഹം അല്ലങ്കിൽ മറിച്ചും. ഉടുത്തിരിക്കുന്ന ഡബിൾമുണ്ടിന്റെ മടക്ക്, കുത്തഴിഞ്ഞ് താഴേയ്ക്ക് വീണുകിടക്കുന്നു. മേൽമുണ്ട് ഏതുസമയത്തും ഇളകാൻ സാദ്ധ്യതയുണ്ട്. അതിനുമുൻപ് ഡബിൾമുണ്ട് മടക്കിക്കുത്തണം. സൈക്കിൾ സ്റ്റാൻഡിൽ വയ്ക്കാൻ സാധിക്കുന്നില്ല, സാധിച്ചിരുന്നെങ്കിൽ സ്വന്തം സ്റ്റാൻഡിൽ എപ്പോഴെ പോയേനെ. ഒരു പരുവത്തിൽ അടുത്ത കറണ്ടുപോസ്റ്റിൽ സൈക്കിൾ ചാരി. ഒരുപ്രശ്നം തീർന്നു. ഇനിയാണ് കടുത്തപ്രശ്നം താഴെപ്പോയ ഡബിൾമുണ്ടിന്റെ അറ്റം നിലം പറ്റിക്കിടക്കുകയാണ്. കുനിഞ്ഞ് അതെടുക്കാൻ തുനിഞ്ഞാൽ പള്ളിയുറക്കം ഇവിടെത്തന്നെ. വീണാൽ വീണതുതന്നെ.

''ഷാപ്പുകാരനോടുള്ള വാശിക്ക് കുടിച്ചതാണ്..'' കണ്ടുനിൽക്കുന്നവരുടെ കമന്റ്. മുണ്ടിന്റെ ഒരറ്റം കിട്ടി, എന്നാൽ ഡബിൾമുണ്ടിന്റെ ഒരുപാളിയുടെ അറ്റമെ കിട്ടിയുള്ളൂ, മറ്റേപാളി താഴെത്തന്നെ. ഇനി അതെടുക്കാൻ കുനിഞ്ഞാൽ കയ്യിൽ കിട്ടിയത് താഴെപ്പോകും.

''അവിടെ വെയ്യാനേ.., ഇങ്ങോട്ട് പിടിയാനേ..'' കണ്ടുനിൽക്കുന്നവർ ആനയെ എന്നപോലെ കുടിയനെ മുണ്ടുടുപ്പിക്കുകയാണ്. അവർക്കെന്തറിയാം, **നായ് പെടുന്നപാട് വടിയറിയുമോ..?**

ഇപ്രാവശ്യം കുനിഞ്ഞ് താഴേന്ന് എല്ലാംകൂടി ചേർത്തുവാരി.

പക്ഷേ..!!

കുനിഞ്ഞകൂട്ടത്തിൽ മുകളിൽനിന്നും എല്ലാംകൂടി താഴേയ്ക്ക്!. ഷർട്ടിന്റെ മാത്രം ബലത്തിൽ കുടിയൻ നീണ്ടുനിവർന്ന് നിന്നു. അപ്പുണ്ണി പിന്നവിടെ നിന്നില്ല, വടശ്ശേരി പുരയിടത്തിലെ ഇറച്ചിക്കടയെ ലക്ഷ്യമാക്കി ആഞ്ഞുചവിട്ടി ●

## 22 ഒരു ദുരന്തം

''എടാ മോനേ അപ്പുണ്ണിയേ.., നിന്നെ പോലീസുകാരൻ വിളിക്കുന്നു.., നീ ഒന്നവിടംവരെ വരണം..'', പുത്തൻപുരയിലെ ഓമനച്ചേച്ചി അപ്പുണ്ണിയെ കൂട്ടിക്കൊണ്ടുപോകാൻ വന്നതാണ്. അന്നുനടന്ന സംഭവത്തെക്കുറിച്ച് അപ്പുണ്ണിയോട് ചോദിച്ചുമനസ്സിലാക്കാനാണ് അയാൾ വന്നിരിക്കുന്നത്.

''പേടിക്കണ്ടടാ.., കാര്യം പറഞ്ഞാൽ മാത്രം മതി..''

''എടാ നീ ഓമനയുടെകൂടെ ഒന്നവിടംവരെ ചെല്ല്..'', കൊച്ചുചേച്ചിയുടെ വക്കാലത്ത്.

. . . .  . . . .  . . . .

അന്നൊരു ക്രിസ്തുമസ്സ് കാലം, ഡിസംബർ 21 ചൊവ്വാഴ്ച.

അപ്പുണ്ണിയും തെക്കേതിലെ അനിയനും പിറ്റേദിവസം കരോളിന് കൊണ്ടിറങ്ങേണ്ട കുരിശും നക്ഷത്രങ്ങളും തോരണത്തൂപ്പും രാമപുരം ഇടവകപ്പള്ളിയിൽ തയ്യാറാക്കി. ഉച്ചയ്ക്ക് ഒരുമണിയോടെ ഇരുവരും വീട്ടിലേക്ക് തിരികെനടന്നു. അപ്പുണ്ണിക്ക് പ്രായം പന്ത്രണ്ട്, അനിയന് പത്ത്. കല്ലേലി ജംങ്ഷന് പടിഞ്ഞാറ് ചീപ്പ് കലുങ്കിൽനിന്നും വടക്കോട്ട് തിരിഞ്ഞ് വെങ്ങാലിക്കാവിന്റെ പടിഞ്ഞാറുവശം നടവരമ്പിൽക്കൂടി അപ്പുണ്ണി മുൻപായും അനിയൻ പിൻപായും നടന്നുനടന്ന് കതിർ നിറഞ്ഞു കുനിഞ്ഞു കിടക്കുന്ന പാടംതാണ്ടി രാമകൃഷ്ണൻ ചേട്ടന്റെ വീടിന് തെക്കുവശം വരെ എത്തിച്ചേർന്നു. വീട്ടിലെത്താൻ ഇനി പത്തുമിനിട്ട് നടത്തം ഗ്രാവൽ റോഡിൽക്കൂടിയുണ്ട്..

''വേഗം നടക്കടാ.. എനിക്കു വിശക്കുന്നു..'' അപ്പുണ്ണി പറഞ്ഞു.

പാടം കടന്നപോലെ അപ്പുണ്ണി മുൻപിലും അനിയൻ പിൻപിലുമായി റോഡിന്റെ വലതുവശംചേർന്ന് പടിഞ്ഞാറോട്ടിരുവരും നടന്നു. റോഡ് സൈഡിലെ ആദ്യവീട് ശിവരാമപ്പണിക്കന്റെയാണ്. അദ്ദേഹത്തിന്റെ കിടാവ് കയറഴിഞ്ഞ് പടിഞ്ഞാറുനിന്ന് കിഴക്കോട്ട് ഓടിവരുന്നു. അപ്പുണ്ണി പശുക്കുട്ടിയെ കടന്ന് മുന്നോട്ട്, പിന്നാലെ നടന്നിരുന്ന അനിയൻ കിടാവിന്റെ പിറകെ ''ശൂ.. ശൂ..''പറഞ്ഞ് റോഡ് മുറിച്ചുകടക്കേണ്ട താമസം, പടിഞ്ഞാറുനിന്നും അതിവേഗം ലോഡ് സൈക്കിളിൽവന്ന മീൻ കച്ചവടക്കാരൻ യൂനുസുകുഞ്ഞും കൂട്ടുകാ

www.malankaralibrary.com
രനും അനിയനെ ഇടിച്ച് തെറിപ്പിച്ചുകൊണ്ട് നിലത്തുവീണു.

"അയ്യോ..!!" നിലവിളിച്ചുകൊണ്ട് ശിവരാമപ്പണിക്കരും കുടുംബവും പരിസരവാസികളും ചുറ്റുംകൂടി. റോഡിൽ കിടന്നിരുന്ന അനിയനെ പതുക്കെ പൊക്കി എഴുന്നേൽപ്പിച്ചു. അവന് നിൽക്കാനാകുന്നില്ല, വേദന കൊണ്ട് പുളയുന്നു. എന്തുചെയ്യണമെന്നറിയാതെ അപ്പുണ്ണി പരിഭ്രമിച്ചുനിന്നു. വെള്ളം കൊണ്ടുവന്ന് അനിയന്റെ കാലിൽ ഒരാൾ തടകി, തിരുമ്മി. യൂനിസ്സിന്റെ ലോഡ് സൈക്കിളിൽത്തന്നെ അനിയനെ ഇരുത്തി അവന്റെ വീട്ടിൽ കൊണ്ടുവന്നു. അപ്പുണ്ണി നടന്നും ഓടിയും പിന്നാലെ കൂടി.

ദീർഘനാളത്തെ ആശുപത്രിവാസം അനിയന് വേണ്ടിവന്നു. കാലിലെ മാംസം ഉടഞ്ഞത് പഴുത്തു. പ്രഥമ ചികിത്സ ഫലപ്രദമായിരുന്നില്ല. ആശുപത്രിയിലെ നിരന്തരമായ ഓപ്പറേഷനുകൾ. ഒരുകാലിലെ തുടയിലെ മാംസവും തൊലിയും മറ്റേക്കാലിൽ വച്ചുപിടിപ്പിച്ചു.

കേസായി, കോടതിയായി. നിർദ്ധനനായ അനിയനുവേണ്ടി വിദ്യാർത്ഥികൾ ഫണ്ട് സ്വരൂപിച്ചു.. നിരന്തരമായ ചികിത്സകൾ. കേസിനാവശ്യമായ സാക്ഷിമൊഴിക്കാണ് ഇപ്പോൾ അപ്പുണ്ണിയെ തിരക്കി പോലീസുകാരൻ വന്നിരിക്കുന്നത്.

അപ്പുണ്ണിയുടെ കൈക്കുപിടിച്ച് ഓമനചേച്ചി അനിയന്റെ വീട്ടിലേക്ക് നടന്നു.

പട്ടിയെ കുളിപ്പിക്കാൻ കൊണ്ടുപോകുമ്പോൾ ബ്രേക്കിട്ട് പിന്നോക്കം നിൽക്കുംപോലെ അപ്പുണ്ണി ഒന്നുരണ്ടിടത്ത് നിന്നു.

"പോലീസിന്റടുത്തേക്ക് ഞാനില്ല, എനിക്ക് പേടിയാ.."

"നീ ചെല്ലടാ അപ്പുണ്ണി.. ചെന്ന് കാര്യം പറ.. ഞാനും വരാം.." മന്ദിരത്തിലെ ഉണ്ണി അപ്പച്ചനാണ്, അപ്പുണ്ണി ഒറ്റയ്ക്ക് സൈക്കിൾ ചവിട്ടി പഠിക്കുമ്പോൾ കലുങ്കിൽനിന്നും സൈക്കിൾ ഉൾപ്പെടെ താഴെ തോട്ടിലേക്ക് വീഴാൻ പോയപ്പോൾ ഓടിവന്ന് പിടിച്ച് രക്ഷിച്ചത് ഉണ്ണി അപ്പച്ചനാണ്. ബീഡിമുറം തിണ്ണയ്ക്കുവച്ച് അപ്പുണ്ണിയുടെ കൈക്കുപിടിച്ച് ഉണ്ണിഅപ്പച്ചനും അപ്പുണ്ണിക്കൊപ്പം കൂടി.

മൂന്നുപേരുംകൂടി അനിയന്റെ വീട്ടിലെത്തി. മുറ്റത്ത് മുണ്ട് മടക്കിക്കുത്തി ഒരു പോലീസുകാരൻ കസേരയിലിരിക്കുന്നു. കയ്യിൽ ലാത്തിയില്ല, തലയിൽ കൂമ്പൻ തൊപ്പിയില്ല, ഇട്ടിരിക്കുന്നത് വടിപോലെ പൊങ്ങി നിൽക്കുന്ന നിക്കറല്ല, കാലിൽ പട്ടിയിട്ടിട്ടില്ല. അപ്പുണ്ണി കണ്ണുതിരുമ്മി ഒന്നുംകൂടി നോക്കി ഇതൊന്നുമില്ലാതെ പോലീസോ..? സൂക്ഷിച്ചുനോക്കി കപ്പടാമീശയൊരെണ്ണം മുഖത്തുണ്ട്, കുടവയറും, തേമ്പിയകാലും..!?.

"എന്താ അപ്പുണ്ണി സുഖമാണോ..?, എത്രാം ക്ലാസിലാ പഠിക്കുന്നത്..?, ഏത് സ്കൂളിൽ..?, അപ്പന്റെ പേരെന്ത്..?, അമ്മയുടെ പേരെന്ത്..?, വീട്ടുപേരെന്ത്..?" പോലീസുകാരൻ ചോദിച്ചുകൊണ്ടേയിരുന്നു.

അപ്പുണ്ണിക്കും പോലീസുകാരനും ചുറ്റും ആൾക്കാർ കൂടിക്കൊണ്ടേയിരുന്നു, വലിയൊരു പൊതുയോഗത്തിനുള്ള ആൾക്കൂട്ടമായി അത് മാറി.

"അന്ന് എന്താണ് സംഭവിച്ചത്..?, നിങ്ങൾ റോഡിന് ഏത് വശംചേർന്നു വന്നു..?" ഏമാൻ ചോദ്യം തുടർന്നുകൊണ്ടേയിരുന്നു. ആൾക്കാരുടെ കൂട്ടം, പോലീസുകാരന്റെ ചോദ്യം എല്ലാംകൂടി അപ്പുണ്ണിയുടെ സമനില തെറ്റിച്ചു. അപ്പുണ്ണി കരയാൻ തുടങ്ങി.

പോലീസുകാരൻ ആശ്വസിപ്പിച്ചു, "കരയേണ്ട.. മിടുക്കനാണ് കേട്ടോ.."

അപ്പുണ്ണിയോടുള്ള ചോദ്യ പരിപാടികൾ മതിയാക്കി ഏമാൻ സൈക്കിളിൽ തിരികെപ്പോയി, അപ്പുണ്ണി വീട്ടിലേക്കും.

നീണ്ട ഇടവേളയ്ക്കുശേഷം അനിയൻ ആശുപത്രിയിൽനിന്നും വന്നു. അവന്റെ കാല് ഹയ്യോ..! കഷ്ടം..! ആകെ കീറലും തുന്നലും. മാസങ്ങൾ വീണ്ടും കടന്നുപോയി. അപ്പുണ്ണി നാളെ ഹരിപ്പാട് കോടതിയിൽ സാക്ഷിപറയാൻ പോകുന്നു, കേസ് ഒത്തുതീർപ്പായത്രേ.!

പിറ്റേന്ന് എട്ടുമണിക്കുള്ള കെ.സി.ടി. വണ്ടിയിൽ അനിയനും അപ്പുണ്ണിയും അനിയന്റപ്പൻ കുഞ്ഞപ്പിച്ചായനും ഹരിപ്പാട് കോടതിയിലേക്ക്. വക്കീലാഫീസിൽ ചെന്ന് വക്കീലിനെകണ്ടു, ഒരു ഒതളക്കണ്ണൻ..!. അദ്ദേഹം കോടതിയിലെ ചോദ്യങ്ങളും ഉത്തരങ്ങളും എല്ലാം രണ്ടുപേരെയും അദ്ദേഹത്തിന്റെ ഓഫീസിലിരുത്തി പഠിപ്പിച്ചു.

കോടതി തുടങ്ങി. അപ്പുണ്ണിയുടെ പേര് ആരോ ഒരാൾ വിളിച്ചു.

"അപ്പുണ്ണി ഹാജരുണ്ടോ..? ഹാജരുണ്ടോ..?"

"ഹാജരുണ്ടേ.." കുഞ്ഞപ്പിച്ചായൻ വിളിച്ചുപറഞ്ഞു.

അപ്പുണ്ണി സാക്ഷിക്കൂട്ടിലേക്ക്..



www.malankaralibrary.com
കൂടിന്നുള്ളിൽ അപ്പുണ്ണിയുടെ തല മുകളിൽ കാൺമാനില്ല, എങ്കിലും അപ്പുണ്ണി കൂട്ടിൽനിന്ന് ചുറ്റുംനോക്കി. ഒരു ഗാന്ധിഫോട്ടോ ഭിത്തിയിൽ, കറുത്ത കോട്ടിട്ട കുറേയേറെ ആൾക്കാർ ചുറ്റും ഒരാൾ വല തുവശത്ത് മുകളിൽ (മേൽക്കട്ടിപ്പുറത്ത്) കയറിയിരുന്ന് എന്തൊക്കെയോ കുത്തിക്കുറിക്കുന്നു.

''ഇതിൽ തൊട്ട് സത്യം ചെയ്യ്..''

ഒരാൾ ബൈബിളിന് മുകളിൽ അപ്പുണ്ണിയുടെ കൈകൾവച്ച് സത്യംചെയ്യിച്ചു.

''കോടതി മുൻപാകെ സത്യം മാത്രമെ പറയൂ..''

വക്കീൽ നേരത്തെ പറഞ്ഞ് തന്നതുപോലെ അപ്പുണ്ണി എല്ലാം പറഞ്ഞു.

അപ്പുണ്ണിയുടെ സാക്ഷിമൊഴിയെടുത്തു കഴിഞ്ഞു.

പക്ഷേ..! നിറമിഴികളോടെയാണ് അനിയൻ കോടതിക്കൂടിനുള്ളിൽ നിന്നത്. ഗദ്ഗതകണ്ഠനായാണ് അവൻ സംസാരിച്ചത്. നഷ്ടപ്പെട്ടത് അവന് മാത്രമല്ലോ..?

ശേഷം അപ്പുണ്ണിയേയുംകൊണ്ട് അച്ചായൻ കോടതി ഓഫീസിലേക്ക്. ഒരു രജിസ്റ്ററിൽ ഒപ്പിട്ടു.

ഏഴ് രൂപ...

സാക്ഷിപ്പടിയാണെന്ന് അച്ചായൻ പറഞ്ഞു. അപ്പുണ്ണി ആ പൈസാ അച്ചായനെത്തന്നെ തിരികെയേൽപ്പിച്ചു. കോടതി നടപടികൾ പൂർത്തിയാക്കി മൂവരും തിരികെ യാത്രയായി.

അനിയന്റെ പാദമുകൾ മുതൽ മറയാത്ത മുറിപ്പാടുകൾ അവശേഷിക്കുന്നു. അന്നത്തെ ക്രിസ്മസ്ദിന സ്മരണകൾ എന്നെങ്കിലും അപ്പുണ്ണിക്ക് മറക്കുവാനാകുമോ..?

ഒരിക്കലുമില്ല..! ●

# 23 ഗുരുദക്ഷിണ

അപ്പുണ്ണിയുടെ ഹൈസ്കൂൾ പഠനത്തിന് എസ്.എൻ.എം. സ്കൂളിൽനിന്ന് ടി.സി. വാങ്ങി അപ്പനൊപ്പം മുതുകുളം ഹൈസ്കൂളിലെത്തി. മാധവൻപിള്ള സാറാണ് ഹെഡ്മാസ്റ്റർ. കൊച്ചുചേച്ചി പഠിത്തം കഴിഞ്ഞുപോയ ഒഴിവിൽ അനിയൻചേട്ടൻ ഈ സ്കൂളിൽ വന്നു. അനിയൻചേട്ടൻ ഹൈസ്കൂൾ വിട്ട ഒഴിവിലാണ് അപ്പുണ്ണി വന്നിരിക്കുന്നത് (എല്ലാവർക്കും മൂന്നുമൂന്നു വയസ്സിന്റെ വ്യത്യാസം..!!). സ്കൂൾരേഖകൾ ശരിയാക്കി അപ്പുണ്ണിയും അപ്പനും വീട്ടിലേക്ക് തിരിച്ചു. എട്ട്, ഒൻപത്, പത്ത് ക്ലാസ്സുകൾക്ക് സ്കൂൾപഠനം മാത്രം മതിയാകാത്തതിനാൽ അപ്പുണ്ണിയെ വീടിന്റടുത്തുള്ള മാസ്റ്റർ ട്യൂഷൻ സെന്ററിലും അപ്പൻ കൊണ്ടുചെന്നാക്കി. സ്കൂൾ ദിവസങ്ങളിൽ രാവിലെ എട്ടുമുതൽ ഒൻപതുവരെയും വൈകിട്ട് നാലുമുതൽ അഞ്ചുവരെയും കൂടാതെ ശനിയും ഞായറും സ്കൂൾ സമരമൊ, സർക്കാർ അവധി ദിവസങ്ങളൊ ആണെങ്കിൽ അന്നും പ്രത്യേകം ക്ലാസ്സുകൾ ഇവിടെ കാണും. അപ്പുണ്ണി പഠിക്കുമ്പോൾ മാസ്റ്റർ നടുക്കേപ്പുര കുടുംബസ്ഥലത്തിന്റെ വടക്കുകിഴക്കെ മൂലയ്ക്ക് മൂന്ന് ഓലഷെഡുകളിലായിരുന്നു. മുതുകുളം സമാജം സ്കൂളിലേയും സംസ്കൃതം സ്കൂളിലേയും കൂടാതെ കാർത്തികപ്പള്ളി, ചേപ്പാട് ഹൈസ്കൂളുകളിലേയും ഒട്ടേറെ വിദ്യാർത്ഥികൾ ട്യൂഷൻ മഹിമകൊണ്ട് മാസ്റ്ററിലാണ് വന്നിരുന്നത്. സമർത്ഥരും ആത്മാർത്ഥതയുള്ളവരുമായ ഒരുകൂട്ടം അദ്ധ്യാപകരുടെ കേന്ദ്രമാണ് മാസ്റ്റർ.

ഹൈസ്കൂളിൽ ചേർന്ന് പഠനം തുടങ്ങിയപ്പോഴെ ഒരുകാര്യം അപ്പുണ്ണിക്ക് ബോധ്യമായി, പഠിപ്പിക്കുന്ന ഒരു സാറൻമാരുടേയും ശരിപ്പേരുകൾ വിദ്യാർത്ഥികൾക്ക് അറിയില്ല. തിരുവനന്തപുരത്ത് അച്ചൻപട്ടത്തിന് പഠിക്കാൻപോയ അനിയൻചേട്ടൻ ഇടയ്ക്ക് വീട്ടിൽ വരുമ്പോഴും ടി.ടി.സി.ക്ക് മൈലപ്രയിൽ പഠിക്കുന്ന ചേച്ചി വരുമ്പോഴും അപ്പുണ്ണിയോട് ചോദിക്കും ആരാടാ നിന്റെ ക്ലാസ് ടീച്ചർ..?, ഇന്നയിന്ന വിഷയം പഠിപ്പിക്കുന്നത് ആരാണ്..?. അദ്ധ്യാപകരുടെ ശരിപ്പേര് അറിയാതെ പരുങ്ങുന്ന അപ്പുണ്ണിയോട് ചേട്ടനും ചേച്ചിയും പിന്നെ ഇരട്ടപ്പേരുകളാണ് ചോദിക്കുന്നത്.

''മരപ്പട്ടിയാണോ..?, മരപ്പാവയാണോ..?'' എന്തെല്ലാം പേരുകൾ!!

ഗുരുജനങ്ങൾക്ക് വിദ്യാർത്ഥികൾ നൽകുന്ന ഗുരുദക്ഷിണയാണ് ഇരട്ടപ്പേരുകൾ!!. അപ്പുണ്ണിയുടെ ''**നിഗമന സിദ്ധാന്തം**'' അനുസരിച്ച് അദ്ധ്യാപകരുടെ നടത്തം, പെരുമാറ്റം, പഠിപ്പിക്കുമ്പോൾ സ്ഥിരം പ്രയോഗിക്കുന്ന പദം, സ്ഥലപ്പേര്, ആകാരം, വീട്ടുപേര് ഇവയെല്ലാം ഇരട്ടപ്പേരുകൾക്ക് കാരണമാകാറുണ്ട്. അപ്പുണ്ണിയുടെ സ്കൂൾ ജീവിതത്തിൽ ഇരട്ടപ്പേരുകളിലൂടെ തിരിച്ചറിയപ്പെട്ട ധാരാളം അദ്ധ്യാപകർ ഉണ്ടായിരുന്നു.

ചക്കക്കള്ളൻ, കൊക്കുണ്ടി വല്ല്യച്ചൻ, പതകിരി, മേൽക്കുറി, വെള്ളെലി, കാളാഞ്ചി, തിക്കുറിശ്ശി, ബംമ്പിൾ, മരണവെപ്രാളം, പച്ചമാങ്ങ, മുറിയൻ, ആസൂണാസ്, ഭ്രൂണം, മരപ്പാവ, സൂർദാസ്(മരപ്പട്ടി), ക്വസ്റ്റ്യൻതൂറി, സത്യൻ, കാമരാജ്, കശേരു, ഒണക്കക്കമ്പ്, മരപ്പാവ, കൃഷ്ണപ്പരുന്ത്, നീള്, ഗട്ടറിൽച്ചാടി, അച്ചങ്ങാ, ഗെളിവർ, കാള, താടി, കരയാമ, ചട്ടി, ഗണം, ഷോട്ടാ, ബഡാ, പയ്യൻ..(ഉൾപ്പെടാത്തവർ ഖേദിക്കരുതേ..!!) ഇങ്ങനെ പോകുന്നു ദക്ഷിണ മാഹാത്മ്യങ്ങൾ.

അപ്പുണ്ണി മുതുകുളം ഹൈസ്കൂളിൽ പഠിക്കുമ്പോൾ പ്രധാനാദ്ധ്യാപകൻ സി.മാധവൻപിള്ള സാർ ആയിരുന്നു എന്ന് നേരത്തെ പറഞ്ഞിരുന്നല്ലോ. അദ്ദേഹം നിരവധി പുസ്തകങ്ങളുടെ രചയിതാവ് കൂടിയാണ്.

www.malankaralibrary.com

1984ൽ ഇന്ദിരാഗാന്ധി തന്റെ സംരക്ഷകരുടെ വെടിയേറ്റ് വീരചരമമടഞ്ഞു എന്ന ദുഃഖവാർത്ത ഉച്ചയ്ക്ക് 12.30ന് റേഡിയോയിൽ കേട്ടിട്ട് സാർ വളരെ വിഷമത്തോടുകൂടി അപ്പുണ്ണിയുടെ ക്ലാസ്സിൽ വന്നറിയിച്ചത് ഇപ്പോഴും ചെവിയിൽ മുഴങ്ങുന്നു. അപ്പുണ്ണിയുടെ ഇംഗ്ലീഷ് അദ്ധ്യാപകൻ കൂടിയായിരുന്നു ശ്രീ. മാധവൻപിള്ള സാർ.

അദ്ധ്യാപകർക്ക് വിദ്യാർത്ഥികളുടെ വീട്ടുകാരുമായും ആത്മബന്ധം ഉണ്ടായിരുന്നതിനാൽ അതിന്റെ ഊറ്റം ശിഷ്യൻമാരുടെ ചന്തിക്ക് ഊക്കൻ അടികളായി രൂപമെടുക്കാറുണ്ടായിരുന്നു. കണക്കിന് അപ്പുണ്ണിക്ക് എണ്ണിച്ചുട്ട അപ്പം പോലെയായിരുന്നു മാർക്ക് കിട്ടിയിരുന്നത്. കണക്ക് വിഷയത്തിന് ക്ലാസ്സിൽ ഒന്നാം സ്ഥാന ത്താകണമെന്നുള്ള വീട്ടുകാരുടെയും അദ്ധ്യാപകരുടെയും ആഗ്രഹം അപ്പുണ്ണി ശിരസ്സാ വഹിച്ചിരുന്നെങ്കിലും പേപ്പറിൽ അത് കാണാറില്ലാത്തതിനാൽ തുഗ്ലക്കിന്റെ രീതിയിൽ അപ്പുണ്ണി ചിലപ്പോഴൊക്കെ ക്ലാസ്സിൽ ഫസ്റ്റ് കരസ്ഥമാക്കിയിരുന്നു. ചില പിൻതിരിപ്പൻ മൂരാച്ചിമാരായ കൂട്ടുകാർ അപ്പുണ്ണിക്ക് ക്ലാസ്സിൽ ഒന്നാംസ്ഥാനം കിട്ടിയ വാർത്ത ചൂടാറുന്ന മുന്നേ വീട്ടിൽ എത്തിക്കുകയും ചെയ്തിരുന്നു.

ക്ലാസ്സിൽ പഠിക്കാൻ മിടുക്കും സാമർത്ഥ്യവും കാണിക്കുന്ന കുട്ടികളെ പ്രത്യേക പരിഗണന നൽകി ക്ലാസ്സിലെ മോണിട്ടറാക്കുന്ന ഒരു സമ്പ്രദായം അപ്പുണ്ണി പഠിക്കുമ്പോൾ ഉണ്ട്. ശമ്പളമില്ലാത്ത ഇവരുടെ ഉദ്യോഗത്തിൽ ചൂരൽ കൊണ്ടുക്കൊടുക്കുക, ചോക്കെടുത്ത് കൊടുക്കുക, ബോർഡ് തുടച്ച് വൃത്തിയാക്കു ക, പഠിപ്പിക്കാൻ പുസ്തകം കൊടുക്കുക, അദ്ധ്യാപകർ ക്ലാസ്സിലില്ലാത്തപ്പോൾ സംസാരിക്കുന്നവരുടെ പേര് എഴുതിവയ്ക്കുക. എന്നിവയാണ്. അപ്പുണ്ണിയുടെ ക്ലാസ്സിൽ മോണിട്ടറായി പല ആൾക്കാരാണ് വരുന്നത്. കാരണം പേരെഴുതി വയ്ക്കുന്നവർക്ക് കിട്ടുന്ന മുതലും പലിശയും ചേർത്തുള്ള കൈപ്രയോഗം സ്കൂൾ വിട്ട തിന് ശേഷം മൊത്തമായും ചില്ലറയായും കുടിശിക കൂടാതെ ലഭിക്കുന്നതിനാൽ ലഭിച്ചവർ ലഭിച്ചവർ അധി കാരം വച്ചൊഴിഞ്ഞ് പോകും. പിൻ ബഞ്ചിലിരിക്കുന്നവരുടെ (ക്ലാസ്സ് മൂപ്പൻമാർ) പേര് എഴുതിയാൽ മോണി ട്ടർമാർ രണ്ടുദിവസം എഴുന്നേൽക്കില്ല. എഴുന്നേറ്റിട്ട് വേണ്ടേ പെടുക്കാൻ.

അപ്പുണ്ണിയും ഒന്നുരണ്ട് തവണ മോണിട്ടറായിട്ടുണ്ട്. അപ്പുണ്ണി പേരെഴുതാൻ നിന്നാൽ ക്ലാസ്സിൽ സംസാ രിച്ചവരാരും കാണില്ല. അതുകൊണ്ട് അപ്പുണ്ണിയെ മോണിട്ടറാക്കുന്നതിനായിരുന്നു മൂപ്പൻമാർക്ക് താത്പര്യം (അപ്പുണ്ണിക്കും ജീവനിൽ ഭയമില്ലേ..?). ചില അവന്മാർ മോണിട്ടർ ആയാൽ ''ഗ്രഹണി പിടിച്ച പിള്ളേർ ചക്കക്കൂ ട്ടാൻ കണ്ടതുപോലാ!'' ആരേലും ചുണ്ടനക്കിയാൽ ഉടനെ പേപ്പറിൽ പേരെഴുതും. അങ്ങനെ ഒരു ദിവസം അപ്പുണ്ണിയുടെ ചുണ്ടനങ്ങിയെന്ന കാരണത്താൽ അപ്പുണ്ണിയുടെ പേരും മോണിട്ടറെഴുതി. ''ഇന്ന് എല്ലാവരേയും ശരിയാക്കിത്തരാം..'' എന്നുള്ള മനോഭാവത്തോടെ നീണ്ട ലിസ്റ്റുമായി സാറിനെ കാത്തിരുന്ന മോണിട്ടർ സാറെ ത്തിയപ്പോൾ നീണ്ട ലിസ്റ്റ് കയ്യിൽ കൊടുത്തു. സാർ ലിസ്റ്റിലൊന്ന് കണ്ണോടിച്ചു. കയ്യിലിരുന്ന വടികൊണ്ട് മോണിട്ടറുടെ നിക്കർ വലിച്ചുപിടിച്ച് (മുണ്ടുടുക്കാൻ പ്രായം ആയിട്ടില്ലാത്തതിനാൽ അത് പൊക്കിയില്ല) രണ്ടെണ്ണം പാസ്സാക്കി. എന്നിട്ടൊരു അനൗൺസ്മെന്റും ''വിരോധം തീർക്കുന്നത് എല്ലാവരുടേയും പേര് എഴുതിയിട്ടാ ണോടാ..''. അടിയും കൊണ്ട് നിലവിളിച്ച് നമ്മുടെ മോണിട്ടർ അപ്പുണ്ണിയുടെ തൊട്ടപ്പുറത്ത് വന്ന് തലകുനിച്ചി രുന്നു. ചിലർ വല്ല്യകാര്യത്തിൽ പേരെഴുതിവയ്ക്കും പക്ഷേ! സാർ ക്ലാസ്സിൽ വരില്ല. എഴുതിയവൻ ശശിയാ കും.

ഏതായാലും പഠനകാലത്തും പിന്നീടും അപ്പുണ്ണി തന്റെ ഗുരുക്കൻമാരുമായി വളരെ ഊഷ്മളമായ ബന്ധമാണ് പുലർത്തിയിരുന്നത്. എസ്.എസ്.എൽ.സി റിസൾട്ട് വരുന്ന ദിവസം മാസ്റ്റർ ട്യൂട്ടോറിയലിൽ ചിലർക്ക് ഉത്സവദിനവും മറ്റ് ചിലർക്ക് മരണദിനവും ആണ്. പരിസര പ്രദേശങ്ങളിൽ റിസൾട്ട് അറിയുന്നതിന് മുമ്പേ ഇവിടെനിന്നും അദ്ധ്യാപകർ തിരുവനന്തപുരത്ത് പോയി റിസൾട്ട് ഷീറ്റ് കൈകൊണ്ട് എഴുതിക്കൊണ്ടുവരും.

ഈ കഥ നടക്കുന്ന വർഷം വിജയൻ സാറും ശിവരാമൻ സാറും തിരുവനന്തപുരത്തുനിന്നും അന്നേദിവസം രാവിലെതന്നെ എൻഫീൽഡ് ബുള്ളറ്റിൽ എത്തി. പരിസര സ്കൂളുകളിൽ പത്താംക്ലാസ് പഠിച്ച് പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥി വിദ്യാർത്ഥിനികൾ നേരിട്ടും ദൂതൻമാർ വഴിയും തങ്ങളുടെ നമ്പരുകൾ പരിശോധി പ്പിച്ച് ഫലമറിയാനെത്തി. ജയിക്കാനെഴുതിയ വർ, തോൽക്കുമെന്ന് ഉറപ്പുണ്ടായിരുന്നവർ, ജയിച്ചിട്ടും വലിയ കാര്യമില്ലെന്ന മട്ടിലുള്ളവർ. അങ്ങനെ നാടിന്റെ നാനാ ഭാഗത്തുനിന്നും ജയിക്കാനും തോൽക്കാനുമായി മാസ്റ്റർ ട്യൂട്ടോറിയലിലേക്ക്.



അവനും തന്റെ നമ്പരുമായി മാസ്റ്റ റിന്റെ പടിവാതിൽക്കലെത്തി. കായംകുളം ഹോബി തീയറ്ററിൽ ഉച്ചപ്പടം കാണുന്നതിന് ടിക്കറ്റ് കൗണ്ടറിൽ ക്യൂ നിൽക്കുന്ന ലാഘവ ത്തോടെ(മുഖം കാണിക്കാതെ) തന്റെ പേരും നമ്പരുമെഴുതിയ കുറിപ്പടി കണക്ക് അദ്ധ്യാപ കനായ പരമേശ്വരൻസാറിന് നൽകി. ഒന്ന്.. രണ്ട്.. മൂന്ന്.. പ്രാവശ്യം. ലിസ്റ്റിൽ പേരില്ല. ടിക്കറ്റ് കൗണ്ടറിൽ ഇരിക്കുന്ന ആൾ ടിക്കറ്റെടു

www.malankaralibrary.com
ക്കുന്ന ആളിന്റെ മുഖം കാണാൻ(പ്രായമായോ എന്ന് അറിയാൻ!)തല ഉയർത്തി നോക്കുംവണ്ണം നമ്പർ കൊടുത്ത ആളിനെ സാർ സൂക്ഷിച്ച് നോക്കി. ''നമ്പരില്ലല്ലോടാ, എന്തുപറ്റി..?, സാരമില്ല, ഒന്നുംകൂടി എഴുത്, അടുത്തയാഴ്ച തോറ്റവർക്കുള്ള ക്ലാസ് തുടങ്ങും..'' നമ്പർ കുറിപ്പടി മേശവലിപ്പിലേക്കിട്ട് സാർ പറഞ്ഞു.

സമാനമനസ്കരായ മഹാൻമാരുടെയും മഹതികളുടെയും ഒപ്പം അവനും അടുത്താഴ്ച ട്യൂഷൻ ക്ലാസ്സിലിരുന്നു. സർട്ടിഫിക്കറ്റ് വിതരണദിവസം തോറ്റസർട്ടിഫിക്കറ്റും വാങ്ങി ട്യൂഷൻസെന്ററിൽ അവൻ തിരികെയെത്തി. കൂടുതൽ മാനക്കേട് തോന്നാതിരിക്കാൻ സർട്ടിഫിക്കറ്റ് ബുക്ക് തുറന്നുനോക്കിയില്ല, മനസ്സിലാകാത്തതോ പോകട്ടെ, എന്തിനുനോക്കാൻ..? നോക്കിയിട്ടും കാര്യമില്ലല്ലോ..?. തോറ്റ സർട്ടിഫിക്കറ്റ് മാസ്റ്ററിലെ സാറിന് സമർപ്പിച്ച് അവൻ തിരിഞ്ഞുനടന്നു.

''എടാ.., നീ (1073511) ജയിച്ചിട്ടുണ്ടല്ലോ...!, 210 മാർക്ക് ഇതിലുണ്ടല്ലോ..?''

''ഹേയ്.. എവിടെ..?!, അന്ന് സാറല്ലേ നമ്പർ നോക്കി തോറ്റന്ന് പറഞ്ഞത്..?''

തോറ്റവരുടെ നമ്പരുകൾ വാങ്ങിയിട്ടിരുന്ന മേശവലിപ്പിൽനിന്നും അവന്റെ പേരും നമ്പരിന് സമാനവുമായ കടലാസ് തുണ്ടവും സാർ എടുത്തു, 1037511. ''ശരിക്കും നമ്പർപോലും നിനക്ക് എഴുതാനറിയില്ലേ..?''

ഉള്ളുമുഴുവൻ ജയിച്ചതിലുള്ള സന്തോഷമായിരുന്നതിനാൽ സാർ പറഞ്ഞതൊന്നും അവൻ കേട്ടില്ല.

''മരിച്ചെന്നുകരുതി അടിയന്തിരം നടത്തിയവർ തിരിച്ചുവരുന്നു പിന്നാണോ തോറ്റ താൻ. ഒന്നു പോ.. സാറേ..!!''

അപ്പുണ്ണിയുടെ പത്താംതരത്തിന്റെ വർഷാവസാന പരീക്ഷയ്ക്ക് ഇനി ഒരുമാസം മാത്രം. എല്ലാ വിദ്യാർത്ഥി-വിദ്യാർത്ഥിനികളും പാഠ്യഭാഗങ്ങൾ രണ്ടാമതും മൂന്നാമതും വായിച്ചും എഴുതിയും എഴുതിയവ വീണ്ടുംവായിച്ചും വായിച്ചവ വീണ്ടുമെഴുതിയും അങ്ങനെ തകൃതിയായ പഠനം.

സ്കൂളിലെ പരീക്ഷയ്ക്ക് മുൻപുള്ള ട്യൂഷൻ സെന്റർ മാസ്റ്ററിലെ മോഡൽപരീക്ഷ. അവിടെയും നന്നായി പരീക്ഷ എഴുതണം വീട്ടുകാരെ നേരിട്ടറിയുന്ന അദ്ധ്യാപകർ പേപ്പറിലെ വിശ്ലേഷണങ്ങൾ വീട്ടുകാരെ അറിയിക്കും. അങ്ങനെ പത്താംതരത്തിന് ഗവൺമെന്റ് നടത്തുന്ന പരീക്ഷയെ എപ്രകാരം നേരിടുന്നോ അതേ തന്ത്രങ്ങളും കുതന്ത്രങ്ങളും മോഡൽ പരീക്ഷയ്ക്കും വിദ്യാർത്ഥികൾ നടപ്പിലാക്കും.

ഓരോ പരീക്ഷയും കഴിഞ്ഞ് ആശ്വാസനിശ്വാസങ്ങൾ ഉയർന്നുതുടങ്ങി. ചരിത്രം പരീക്ഷ നടക്കുന്നു. വിദ്യാർത്ഥിനികളുടെ ഇടയിലൊരു അനക്കം ചരിത്രം കുറുപ്പുസാർ ഒളികണ്ണിട്ട് നോക്കി ഒരുകൂട്ടുകാരിയെ പൊക്കി.

''കയ്യിലുള്ള കടലാസ് തരൂ..''എഴുതിയ ഉത്തരക്കടലാസ് കൊടുത്തു.

''അതല്ല മറ്റേ കടലാസ്..'' വിറയലോടെ കൂട്ടുകാരി കടലാസ് കൊടുത്തു.

സാർ കടലാസിൽ സൂക്ഷിച്ചുനോക്കി. ''കൊള്ളാം നല്ല കുട്ടി,. പരീക്ഷയെങ്കിൽ ഇങ്ങനെ വേണം..''

ഡാപ്പ് എഴുതി ശീലിക്കുന്നതിനും വേണ്ടേ ഒരു മോഡൽ പരീക്ഷ..?! ●

## 24 പരീക്ഷ

ഒരുവർഷത്തെ പഠനത്തിന്റെ മാറ്റ് കണ്ടെത്തുന്നതിനുള്ള പരീക്ഷയാണ് ആണ്ടുപരീക്ഷ. ആനകളിൽ ഗജരാജനെന്നും പാമ്പുകളിൽ രാജവെമ്പാലയെന്നും പറയുംപോലെ, പത്താംക്ലാസ് പരീക്ഷയെന്നാൽ പരീക്ഷകളിൽ പരീക്ഷയാണ്. പരീക്ഷാച്ചൂടുവന്നാൽ തലവിങ്ങും കൊടും ചൂടുകൊണ്ട് തലമുടി കൊഴിയും. രാത്രിയിൽ പോലും ഉറക്കം വരില്ല. പഠനം തന്നെ പഠനം. മാന്യ വായനക്കാർ തെറ്റിധരിക്കരുത്!!. ഇതൊന്നും അപ്പുണ്ണിക്കല്ല പഠിപ്പിസ്റ്റുകൾക്ക്. എത്രപഠിച്ചാലും അപ്പുണ്ണിയുടെ തലയിൽ ഒട്ടും കേറാത്തത് കണക്കാണ് (ങേ..!, അപ്പോൾ ബാക്കിയുള്ളതൊക്കെ നല്ല കേറ്റമാണ്..!). കണക്ക് കണ്ടുപിടിച്ചവനെ കയ്യിൽക്കിട്ടിയാൽ എങ്ങനെ കൈകാര്യം ചെയ്യണമെന്നുവരെ അപ്പുണ്ണി കണക്കുക്ലാസ്സിൽ പലപ്പോഴും തീരുമാനിച്ചുറപ്പിച്ചതാണ്, പിന്നെ ആകെ ആശ്വാസം കിട്ടുന്നത് പിൻബഞ്ചിലേക്ക് തലതിരിച്ച് നോക്കുമ്പോഴാ.. ആഹാ..! എന്തോരു ശാന്തത, എന്തൊരു ഏകാഗ്രത.., എന്തൊരു ചിരി.., എന്തൊരു കളി.. ഞങ്ങളീലോകത്തിലേയല്ല എന്ന രീതിയിലാണ് ബാൽക്കണിയിലിരിക്കുന്ന അപ്പുണ്ണിയുടെ ചില കൂട്ടുകാർ, സാറായി സാറിന്റെ പാടായി. അപ്പുണ്ണിക്കത് പറ്റില്ലല്ലോ..?, മറുപടി പറയേണ്ടത് പലരോടല്ലേ?.

ഒഴിയാബാധ കൊണ്ടേ പോകൂ എന്നവണ്ണം ആണ്ടുപരീക്ഷ ദിനം വന്നെത്തി. കാലിൽ കോച്ചലും തലയിൽ ചൂടും നെഞ്ചിൽ അരിയിടിയും. പരീക്ഷാഹാളിൽ ചോദ്യപേപ്പർ കിട്ടുന്ന മുൻപുള്ള ബെല്ല് മുനിസിപ്പാലിറ്റിയുടെ സയറന് സമാനമാണ്, പണി തുടങ്ങാനുള്ള ശംഖുവിളി. ചോദ്യപേപ്പർ വിതരണം ചെയ്യുന്ന അദ്ധ്യാപകനോട് എന്തൊരു വിനയം, എന്തൊരു ബഹുമാനം. എഴുന്നേറ്റുനിന്ന് രണ്ടുകയ്യും നീട്ടി ചോദ്യപേപ്പർ ഭവ്യതയോടെ വാങ്ങി ഒരു ഇരിപ്പുണ്ട്. ഈശ്വരാ..!(ദൈവപ്പാതിയെങ്കിലും കിട്ടണേ..!).

ചോദ്യപേപ്പർ വിതരണത്തിന് ശേഷം സൂപ്പർവൈസറുടെ ഒരു അനൗൺസ്മെന്റ് ഹാളിൽ മുഴങ്ങും അത് അവിടമാകെ പ്രതിധ്വനിക്കും ''വല്ല തുണ്ടോ, തുണ്ടമോ ഉണ്ടെങ്കിൽ..!?''

www.malankaralibrary.com

ചോദ്യപേപ്പർ വായന ഒരു ഒന്നൊന്നര വായനയാ. കണ്ണ് പിടിക്കില്ല, ചെവി ചൂളം പാടും. ഇങ്ങനൊക്കെ പുസ്തകത്തിലുണ്ടോ..?. അതോക്കെ പോകട്ടെ ഏറ്റവും ആധി പരത്തുന്നത്, ഏത് ചോദ്യം..?, എന്തുത്തരം..? എന്ന രീതിയിൽ അപ്പുണ്ണി കണ്ണുതെള്ളിയിരിക്കുമ്പോൾ ചില അവൻമാരുടെ ആക്രാന്തം പിടിച്ചുള്ള എഴുത്ത് കാണുമ്പോൾ താഴേന്നൊരു പെരുപ്പാണ്. നമ്മൾ ആദ്യ ചോദ്യം വായിച്ചു തീരുന്ന മുമ്പേ അവൻ അഡീഷണൽ ഷീറ്റിന് കൈനീട്ടി നിൽക്കുന്നുണ്ടാകും.

ശരി.., എന്നാൽ പിന്നെ വരുന്നിടത്തുവച്ചു കാണാം. ''**അന്തംവിട്ടവനെന്തും ചെയ്യും**'' എന്നവണ്ണം വാരി വലിച്ച് പിന്നീട് ഒറ്റയെഴുത്താണ്, എഴുത്തോടെഴുത്ത്.. അരിയെത്ര..? പയറഞ്ഞാഴി. പേപ്പർ നോക്കുന്ന സാറ് കണ്ണുതെള്ളി ചാകണം, വായിച്ച് വയറുനിറഞ്ഞ് പേപ്പറുനോട്ടം നിർത്തണം. ജീവശാസ്ത്രത്തിൽ ഊർജ്ജതന്ത്രം, രസതന്ത്രത്തിൽ ഭൂമിശാസ്ത്രം. അഡീഷണൽ ഷീറ്റ് പടപടാന്ന് വാങ്ങുന്ന അപ്പുണ്ണിയെ നോക്കി പഠിപ്പിസ്റ്റ് കണ്ണുമിഴിക്കും. ഹിസ്റ്ററിയെങ്കിൽ ങേ..ഹെ.!. അപ്പുണ്ണിയോട് കളി നടക്കില്ല. ഭരണപരിഷ്കാരങ്ങൾ എമ്പടി കിടക്കുകയല്ലേ..? ഷേർഷായുടെ ഭരണപരിഷ്കാരം, അശോകന്റെ, അക്ബറുടെ അങ്ങനെ ആരുടെയെല്ലാം..? ഒറ്റചോദ്യം എല്ലാം മാറിമറിയും എന്നപോലെ അക്ബറുടെ ഭരണപരിഷ്കാരങ്ങൾ എന്തെല്ലാം..? എന്ന ചോദ്യം വന്നാൽ ഓടവെട്ടി വെള്ളമൊഴുക്കി, മരം നട്ട് തണലാക്കി, ചെമ്പുനാണയം മാറ്റി വെള്ളിയാക്കി.. ഇതൊക്കെയല്ലേ പരിഷ്കാരങ്ങൾ..? വടക്കൻ വീരഗാഥയിലെ ചന്തുവിന്റെ പ്രശസ്ത ഡയലോഗുപോലെ ഇരുമ്പാണി മാറ്റി മുളയാണി വച്ചവൻ ചന്തു, ഇനിയുമേറെ പരിഷ്കാരങ്ങളെഴുതാൻ അപ്പുണ്ണിയുടെ ജീവിതം ബാക്കി.



ആഗ്യഭാഷയുടെ പ്രാധാന്യം പരീക്ഷയെഴുത്തിലും ഒട്ടും കുറവല്ല..!, കഥകളികഴിഞ്ഞാൽ മുദ്രകൾക്ക് ഇത്ര പ്രാധാന്യമുള്ളത് മറ്റെവിടെയാണ്..?. എത്രാം ചോദ്യം, ഏതുത്തരം, എന്തുത്തരം.. എല്ലാം കൈമുദ്രകളിൽ ലളിതം. കണ്ണുകൾ കൊണ്ട്, മുഖം കൊണ്ട് ഗോഷ്ടി കാണിച്ച് വിട്ടുപോയവ പൂരിപ്പിക്കാം. സാറ് പെട്ടെന്ന് തിരിഞ്ഞാൽ ഏകാഗ്രമായ കൊടും തപസ്സിൽ ലയിച്ചിരിക്കുന്ന മുനികുമാരൻ. ''ഞാനൊന്നും അറിഞ്ഞില്ലേ രാമനാരായണ..!.''

അപ്പുണ്ണിയുടെ ക്ലാസ്സിൽ ബാൽക്കണിയിലിരുന്ന് പഠിച്ചവൻ പരീക്ഷയ്ക്ക് ജനാലയ്ക്കലിരുന്നാൽ അവന്റെ പ്രകൃതി ആസ്വാദനമാണ് ശ്രദ്ധേയം. ജനിച്ചപ്പോഴേ അന്ധനായിരുന്നവന് കാഴ്ചകിട്ടിയ അവസ്ഥ!.

ചില പഠിപ്പിസ്റ്റുകൾ പോർഷനിൽ ഇല്ലാത്തതും സിലബസ്സിൽ ഔട്ടായതും ചൂണ്ടിക്കാണിച്ച് അദ്ധ്യാപകനെ ഇംപ്രസ്സ് ചെയ്യുമ്പോഴേക്കും അപ്പുണ്ണി ക്ലീൻ ക്ലീനായി അതിന്റേയും ഉത്തരങ്ങൾ എഴുതി കഴിഞ്ഞിരിക്കും. അല്ലെങ്കിൽത്തന്നെ ഏതു ചോദ്യത്തിനും ഉത്തരം എഴുതാനല്ലേ അപ്പുണ്ണി പരീക്ഷയ്ക്ക് പോയിരിക്കുന്നത്, പിന്നെന്ത് ഔട്ട് ഓഫ് സിലബസ്..?.

അപ്പുണ്ണിയുടെ എസ്.എസ്.എൽ.സി. പരീക്ഷ ട്രയിൻ പോലെ മലയാളം ഒന്ന്-രണ്ട്, ഹിന്ദി, ഇംഗ്ലീഷ് ഒന്ന്-രണ്ട്, ചരിത്രം, ഭൂമിശാസ്ത്രം, ഊർജ്ജതന്ത്രം, രസതന്ത്രം പിന്നെ തെളിയിക്കാനും കണ്ടുപിടിക്കാനും വേണ്ടി സിഗ്മ, സീക്ക്, കോട്ട്, ടാൻ എന്നുവേണ്ട ഈ അണ്ഡകടാഹത്തിലെ സർവ്വ സമവാക്യങ്ങളും ചോദിച്ചുകൊണ്ട് കണക്ക് ഒന്ന്-രണ്ട് പരീക്ഷകൾ എല്ലാം വന്നുകേറി.

''വരുമോരോ പിശാചുക്കൾ വരുംപോലെ പോയിടും..'' എന്ന അപ്പുണ്ണിയുടെ ആപ്തവാക്യംപോലെ എസ്.എസ്.എൽ.സി. പരീക്ഷാവിഷയങ്ങൾ ഒന്നിനുപുറകെ ഒന്നായി ചൂളംവിളിച്ച് കടന്നുപോയി.

ഒരാഴ്ച കഴിഞ്ഞില്ല അതിനുമുന്നേ കാണുന്നവർക്കെല്ലാം അടുത്തചോദ്യം : ''ക്ലാസ്സ് കിട്ടുമോ..?.''

അപ്പുണ്ണിയെ കാര്യമായി അറിയുന്നവർ മനസ്സറിഞ്ഞ് ചോദിച്ചു : ''ജയിക്കുമോടാ..?''

''എന്റെ പൊന്നുചേട്ടാ.., ചേച്ചി.. ഒരു സ്വസ്ഥത താ.. ദാ.. പേപ്പറിലായതേയുള്ളൂ..''

രണ്ടുമാസത്തെ ആകാംക്ഷ, കാത്തിരുപ്പ്.

സെക്കന്റ് ക്ലാസ് മാർക്കോടെ അപ്പുണ്ണി സ്കൂൾഫൈനൽ പരീക്ഷയെ മലർത്തിയടിച്ചു. എങ്കിലും കണക്ക് പരീക്ഷയുടെ വിജയരഹസ്യം ഇന്നും അപ്പുണ്ണിക്ക് അജ്ഞാതം(ദൈവപകുതി ആണോ..? ആവോ..!) ●

www.malankaralibrary.com

# 25 മിലിറ്ററിയിൽ

പട്ടാളക്കാരുടെ ഉണ്ടയില്ലാവെടി കേട്ടുകേട്ടാണോ, അതോ ധീരരായ ജവാൻമാരുടെ ചരിത്രകഥകൾ വായിച്ചിട്ടാണോ, എന്തോ അപ്പുണ്ണിക്കും ചെറുപ്പത്തിലെതന്നെ ഇന്ത്യൻ മിലിറ്ററിയിൽ ചേരണമെന്നും ഭാരതത്തിന്റെ സ്വാതന്ത്ര്യം നിലനിർത്തുന്നതിനായി ശത്രുക്കളോട് പൊരുതണമെന്നും കലശലായ ആഗ്രഹമുണ്ടായി. സ്കൂൾ ജീവിതത്തിനുശേഷം ആഗ്രഹം മൂർച്ഛിച്ചു.

10-ാം ക്ലാസ്സ് സെക്കൻഡ് ക്ലാസ്സിൽ കഴിഞ്ഞതോടെ പട്ടാളത്തിൽ ചേരുന്നതിനുള്ള ഇഷ്ടത്തിന് ചിറകുവച്ചു. ഒരേ ആഗ്രഹമുള്ളവർ ഒന്നിക്കേണ്ടതല്ലേ..? അതുതന്നെ ഇവിടെയും സംഭവിച്ചു. അപ്പുണ്ണിയുടെ അതേ പ്രായവും ആകാരവടിവും ഒത്തിണങ്ങിയ ഒരാളെ ചേർത്തുകിട്ടി. കൂട്ടുകാരൻ വടശ്ശേരിൽ ജയപകാശ്.

തിരുവനന്തപുരം പാങ്ങോട്ട് കേന്ദ്രത്തിൽവച്ച് ആളെ എടുക്കുന്നു, പത്രവാർത്ത... ഒരുജോടി വസ്ത്രവും സ്കൂൾ സർട്ടിഫിക്കറ്റും എടുത്ത് കൂട്ടുകാരനൊപ്പം തിരുവനന്തപുരത്തേക്ക്. കയ്യിലുണ്ടായിരുന്ന നീക്കിബാക്കി പണം വണ്ടിക്കൂലിക്കും മറ്റ് വഴിച്ചെലവുകൾക്കും സഹായിയായി.

നാളെ രാവിലെ പത്തിനാണ് റിക്രൂട്ട്മെന്റ്. ഇന്ത്യൻ മിലിറ്ററിയിൽ അംഗമാകുന്നതും ശത്രുരാജ്യത്തെ പട്ടാളക്കാരെ കീഴടക്കുന്നതും പട്ടാളവേഷത്തിൽ പട്ടാളവണ്ടിയിൽ വീട്ടിലിറങ്ങുന്നതും സ്വപ്നംകണ്ട് ആ രാത്രി കൂട്ടുകാരന്റെ തിരുവനന്തപുരത്തെ ബന്ധുവീട്ടിൽ താമസിച്ചു. ചോരകുടിക്കാൻ പാഞ്ഞടുക്കുന്ന കൊതുകുകളുടെ മൂളൽ മിലിറ്ററിബാന്റിന്റെ ബ്യൂഗിൾ വിളിയാണന്ന്കരുതി രാത്രി തള്ളിനീക്കി. കമാൻഡോ ഓപ്പറേഷനിൽ മതിലുകൾ ചാടിക്കടക്കുന്നത് മുന്നിൽക്കണ്ട് തൊഴിച്ചത് ഭിത്തിയിൽ!. കാലിന്റെ നൊമ്പരം സ്വപ്നങ്ങൾക്ക് വിരാമമിട്ടു.

പിറ്റേന്ന് എട്ടുമണിക്കുതന്നെ കുളിച്ചൊരുങ്ങി പുതിയ അടിവസ്ത്രവും ധരിച്ച് പാങ്ങോട്ടേക്ക് വണ്ടി കയറാൻ ബസ് സ്റ്റോപ്പിലേക്ക് നടന്നു. പോകുന്നവഴിക്ക് അടുത്ത ചായക്കടയിൽനിന്നും രണ്ട് ഏത്തക്കാ വീതം കഴിച്ചു (തൂക്കം കൂടട്ടെ..!) കൂടെ ഓരോചായയും. സർക്കാർ ആനവണ്ടിയിൽ പാങ്ങോട്ടേക്ക്. അവിടെ...!!, യുവജന സമുദ്രം. മല്ലൻമാർ, അമാലൻമാർ, ഗോലിയാത്തുമാർ, ഘടോൽക്കചൻമാർ അങ്ങനെ വിവിധ ശ്രേണിയിൽപ്പെട്ട യുവരക്തങ്ങൾക്കുനടുവിൽ. സിംഹക്കൂട്ടിലകപ്പെട്ട ദാവീദിനെപ്പോലെ അപ്പുണ്ണിയും കൂട്ടുകാരനും. എല്ലാവരും നിക്കർമാത്രം ധരിച്ച് വരിവരിയായി നിൽക്കുന്നു, അവർക്കൊപ്പം അപ്പുണ്ണിയും കൂട്ടുകാരനും കൂടി.

റിക്രൂട്ടിങ് ഓഫീസർ സ്കൂൾ സർട്ടിഫിക്കറ്റിലെ മാർക്കടിസ്ഥാനത്തിൽ യുവാക്കളെ തരംതിരിച്ച പ്രകാരം അപ്പുണ്ണിക്ക് അകത്തേക്കും കൂട്ടുകാരന് പുറത്തേക്കുമുള്ള വഴികൾ തുറന്നു.

അപ്പുണ്ണി അടുത്ത വരിയിൽ പ്രതീക്ഷകളോടെ നിന്നു. ദേഹപരിശോധന ആരംഭിച്ചു.



പൊക്കം ഓക്കെ.., ഇനി നെഞ്ചളവ്. കുറേ കസർത്തുകൾ വീട്ടിൽ ചെയ്യാറുണ്ടായിരുന്നതിനാൽ അല്പം ആത്മവിശ്വാസം ഉണ്ടായിരുന്നെങ്കിലും നെഞ്ചുവിരിച്ചപ്പോൾ പഴയതിലും കുറവ്. വീണ്ടും ശ്രമിച്ചു. അതും ഓക്കെ. അടുത്തത് മെഡിക്കൽ ചെക്കപ്പ്, പത്തുപേരെ വീതം നിരത്തിനിർത്തി. ബുക്കിൽ നോക്കി അക്കങ്ങളും അക്ഷരങ്ങളും വായിക്കണം. അപ്പുണ്ണിയുടെ വലതുവശംവരെ എല്ലാവരും ഓക്കെ. അപ്പുണ്ണിക്ക് ബുക്കിൽ നോക്കിയിട്ട് അക്കവുമില്ല അക്ഷരവുമില്ല. കുറേ കുത്തുകൾ മാത്രം.

"യേ ദേഖേ പഠോ..."

നോക്കി വായിക്കാനാണ് പറയുന്നത്, അത് മനസ്സിലായി പക്ഷേ..!! ബുക്കിലെന്താണന്ന് അപ്പുണ്ണിക്ക് മനസ്സിലാകുന്നില്ല, വായിക്കാൻ പറ്റിയാലല്ലാ പറയാൻ പറ്റൂ.

"ഐ കാണ്ട് റീഡ്.." ഒരു തരത്തിൽ പറഞ്ഞൊപ്പിച്ചു.

അപ്പുണ്ണി അതോടുകൂടി സ്വയം തീർച്ചയാക്കി തനിക്ക് അപൂർവ്വങ്ങളിലപൂർവ്വമായുള്ള **കളർ ബ്ലൈൻഡ്** (വർണാന്ധത) രോഗമുണ്ടെന്ന്.

"യൂ ആർ അൺഫിറ്റ്..!" ഓഫീസർ അലറി.

www.malankaralibrary.com

സാരമില്ല അതുകൊണ്ട് ചത്തുപോകത്തില്ലല്ലോ..?, അപ്പുണ്ണി സ്വയമാശ്വസിച്ചു. ഇന്ത്യൻ മിലിറ്ററിക്ക് അപ്പുണ്ണിയുടെ സേവനം വേണ്ടെങ്കിൽ അതുപറഞ്ഞാൽ പോരെ.. എന്തിനാ വിരട്ടുന്നത്, അലറാതെ പറഞ്ഞു കൂടെ..?

വസ്ത്രങ്ങൾ യഥാസ്ഥാനങ്ങളിൽ റീഫിറ്റ്ചെയ്ത് ക്യാമ്പിന് വെളിയിലേക്ക്. ഇനി നിന്നിട്ട് കാര്യമില്ല. വീട്ടിലേക്ക് പോകാം, രണ്ടുമണി കഴിഞ്ഞു. അടുത്തുള്ള "**ദരിദ്രവിലാസം**"ഹോട്ടലിലേക്ക് രണ്ടുപേരും തങ്ങ ളുടെ ഭാണ്ഡക്കെട്ടുകളുമായി നടന്നു. പക്ഷേ ആളുതള്ള് കഴിഞ്ഞ് അവിടെ നേരമില്ല. വിശപ്പ് പിന്നെയും സഹിക്കാം. ചോദ്യവും പറച്ചിലുമാണ് പറ്റാത്തത്.

"എന്താ അൺഫിറ്റായോ..?, എന്താ കാരണം..?"

മറുപടി പറഞ്ഞുപറഞ്ഞ് ഒരു പരുവമായി. സമീപത്ത് കണ്ട മാടക്കടയിൽനിന്ന് രണ്ടുപേരും ഓരോ സർബത്തും രണ്ട് ചെറുപഴങ്ങളും കഴിച്ചു. ബസുകയറി നേരേ തമ്പാനൂർ റയിൽവെ സ്റ്റേഷനിലേക്ക്, ലോക്കൽ ട്രയിനിന് ഇനിയും സമയമുണ്ട്. സമയം പോകാൻ എന്താവഴി..?

മ്യൂസിയം കാണാം ഇവിടംവരെ വന്നതല്ലെ, വന്നത് മുതലാക്കണ്ടേ..?

അപ്പുണ്ണിയും കൂട്ടുകാരനും മ്യൂസിയം കണ്ടു. മറ്റുകാഴ്ചകളൊക്കെക്കണ്ട് സമയം പോയതറിഞ്ഞില്ല. ചായകുടിച്ചു ഒപ്പം രണ്ട് തുളവടകളും രണ്ട് പാളയൻകോടൻ പഴങ്ങളും കഴിച്ചു. വീണ്ടും റയിൽവെ സ്റ്റേഷനി ലേക്ക്. അടുത്ത ട്രയിനിന് അരമണിക്കൂർ താമസം, സമയം 5.45 കഴിഞ്ഞു. തിരുവനന്തപുരം തമ്പാനൂർ സ്റ്റേഷ നിൽനിന്നും തീവണ്ടി നിലവിളിച്ച് നീങ്ങിത്തുടങ്ങി. നീണ്ട കാത്തിരിപ്പിനൊടുവിൽ ലോക്കൽ കമ്പാർട്ടു മെന്റിൽനിന്നും കായങ്കുളം സ്റ്റേഷനിൽ അപ്പുണ്ണിയും കൂട്ടുകാരനുമിറങ്ങി. സമയം രാത്രി 8.45. മുതുകുളം ഭാഗ ത്തേക്കുള്ള ബസ് ഇനിയും നാളെരാവിലെ അഞ്ചുമണിക്ക് മാത്രം. അതുവരെ എന്തുചെയ്യാം..?

"നമുക്കൊരു സിനിമയ്ക്ക് പോകാം..?" ട്രയിനിൽവച്ച് കൂട്ടുകാരായി ഒപ്പംകൂടിയ രണ്ടുപേരും (മധുവും രാജുവും) കൂടി നിർദ്ദേശിച്ചപ്പോൾ അപ്പുണ്ണിക്കും കൂട്ടുകാരനും എതിർക്കാനായില്ല, അവരും മിലിറ്ററി റിക്രൂട്ട്മെന്റിന് മുതുകുളത്തുനിന്നും വന്നവരാണ്. ബാലചന്ദ്രമേനോന്റെ **എന്റെ അമ്മു നിന്റെ തുളസി അവ രുടെ ചക്കി**, സിനിമാ ലക്ഷമി കൊട്ടകയിൽ കയറി കണ്ടു (കുറേ കണ്ടു. കുറെ ഉറങ്ങി.) സിനിമാ കഴിഞ്ഞ പ്പോൾ സമയം 12.30.

"ഇനിയെന്താ പരിപാടി, അല്പം ഉറങ്ങണ്ടേ..? പക്ഷേ എവിടെ..?"

"കായംകുളത്ത് ഈ രാത്രി എവിടെ ചെലവഴിക്കും..?"

"അതിനാണോ പ്രയാസം, കോൺഗ്രസ്സിന്റെ പാർട്ടി ഓഫീസല്ലേ ഒഴിഞ്ഞുകിടക്കുന്നത്, അവിടെത്തന്നെ."മധുവിന്റെ വാക്കുകൾ പെട്ടെന്നായിരുന്നു

"പക്ഷേ, അത് അടച്ചിട്ടിരിക്കുകയല്ലേ..?" അപ്പുണ്ണിക്ക് സംശയം.

"അതിനല്ലേ മുന്നിൽ തിണ്ണ ഉണ്ടാക്കിയിട്ടിരിക്കുന്നത്. അവിടെ കിടക്കാം.. വാ.." അപ്പുണ്ണിയും പരിവാ രങ്ങളും പാർട്ടി ഓഫീസിലേക്ക് മാർച്ചുചെയ്തു. ശബരിമല അയ്യപ്പൻമാർ വിരിവെച്ച് കിടക്കുംപോലെ തുണിയും സർട്ടിഫിക്കറ്റുമടങ്ങിയ ബാഗ് തലയിണയാക്കി കോൺഗ്രസ് പാർട്ടിആഫീസിന്റെ മുൻപിലെ തിണ്ണയ്ക്ക് നാലുപേരും കിടന്നു.

"രാവിലെ എഴുന്നേൽക്കുമ്പോൾ ഒട്ടികൾ കൂടെക്കാണും സൂക്ഷിക്കണേ..!" രാജു തമാശ പൊട്ടിച്ചു. നല്ല ക്ഷീണം കൊണ്ടും സമയം തെറ്റിയുള്ള ആഹാരംകൊണ്ടും കിടന്നകിടപ്പിൽ എല്ലാവരുമുറങ്ങി. കൊതു കിന്റെ കുത്തോ, ചീവീടിന്റെ ഒച്ചയോ പിറ്റേന്ന് രാവിലെ 4.30 വരെ ഉറക്കത്തിന് ശല്ല്യമായില്ല, സുഖശയനം, സുഖനിദ്ര.

കോൺഗ്രസ് പർട്ടിയിലെ അംഗങ്ങൾക്ക്, എന്തിന് ഭാരവാഹികൾക്കുപോലും സാധിക്കാത്ത പാർട്ടി ഓഫീസിലെ ഉറക്കം അപ്പുണ്ണിയുടെ മറവിക്ക് മായ്ക്കാനാകാത്തതായി. ഇന്ത്യൻ മിലിറ്ററിയിൽ ചേരാനായില്ലെ ങ്കിലും കായംകുളത്തെ കോൺഗ്രസ്സുകാരുടെ പാർട്ടി ഓഫീസിൽ ഒരുരാത്രി സ്വസ്ഥമായി ഉറങ്ങാനായില്ലേ..? ●

# 26 എന്റെ നാട്ടിലൂടെ

ഗ്രാമം കൺകുളിർക്കെ കാണുന്നത് മനസ്സിനാനന്ദം, ശരീരത്തിനാരോഗ്യം, ആയുസ്സിന് നീട്ടം. ദൂരെ തിരുവനന്തപുരം പട്ടണത്തിൽനിന്നും മുതുകുളം ഗ്രാമഭംഗി ആസ്വദിക്കാൻ കൂടെ പഠിക്കുന്ന മൂന്നുകൂട്ടുകാർ അനിയൻ ചേട്ടനൊപ്പം വീട്ടിലെത്തി. വിഭവസമൃദ്ധമായ ഉച്ചസദ്യയ്ക്കുശേഷം നാടുകാണാൻ പോകുവാൻ ഒന്നായി തീരുമാനിച്ചു. മുറ്റത്തുകിടന്ന മാരുതി 800 വെള്ളമൊഴിച്ച് അഴുക്കുകുതുത്ത് കഴുകി കുട്ടപ്പനാക്കി. സാരഥിയുടെ കസേരയിൽ അനിയൻ ചേട്ടൻ. തിരുവനന്തപുരത്തെ രണ്ട് കൂട്ടുകാർക്കൊപ്പം അപ്പുണ്ണിയും അനന്തിരവന്മാരായ രാജുവും സാജുവും പിന്നിൽക്കയറി. ആരോഗ്യപൂർണ്ണരായ മെലിഞ്ഞവർക്ക് അധിക സ്ഥലം വേണ്ടല്ലോ. മുന്നിൽ ഇടതുവശത്ത് ബൈജുവിശ്വനാഥ് എന്ന തലസ്ഥാന കൂട്ടുകാരനും. മാരുതിക്കാറിൽ

www.malankaralibrary.com
കൊള്ളേണ്ടതിലധികം യാത്രികർ..!, എങ്കിലും കൊണ്ടിരുന്നു, കൊള്ളിച്ചു എന്നുപറയുന്നതാകും കൂടുതൽ ശരി.

''കണ്ടുകണ്ട് യാത്രയാകാം..''

വീടിന്റെ തെക്കേപ്പുറത്തുകൂടി രാമപുരത്തേക്കുപോകുന്ന ഗ്രാവൽ റോഡിലേക്ക് മാരുതിയിറങ്ങി, കിഴക്കോട്ട് പാലം കഴിഞ്ഞുള്ള വളവുകൾ തിരിഞ്ഞ് ചക്കുളങ്ങര പാടത്തിന്റെ ചിങ്ങക്കാഴ്ച കാണാൻ വണ്ടി പാതയരുകിൽ നിറുത്തി എല്ലാവരുമിറങ്ങി.

എളിമ സമാനമായി കുമ്പിട്ടുനിൽക്കുന്ന, സായന്തനത്തിന്റെ വരവോതി തഴുകിയൊഴുകുന്ന ഇളംകാറ്റിൽ തമ്മിൽത്തമ്മിൽ കഥകൾ പറയുന്ന, നെല്ലിൻ കതിർക്കുലകൾ. അങ്ങുവടക്ക് അനന്തവിഹായസ്സിൽ ലയിക്കുന്ന വിശാലമായ കൊയ്യാൻ പാകമായപാടശേഖരം. ഈ കാഴ്ചതന്നെ ഹൃദയ-നയനാനന്ദകരമല്ലേ?. പാടത്തിന്റെ അതിർപ്പുരയിടങ്ങളിലെ കൊന്നത്തെങ്ങുകളിൽ ആ ദിനത്തിലെ അന്തിക്കൊയ്ത്തിന് തയ്യാറെടുക്കുന്ന തൂക്കണാംകുരുവികളുടെ കൂട്ടാരവം. പാതവക്കിലെ കറണ്ട് കമ്പികളിൽ ഇരയെടുത്തശ്ശേഷം വിശ്രമിക്കുന്ന കാക്കത്തമ്പുരാട്ടികളുടെയും ഓലേഞ്ഞാലി പക്ഷികളുടെയും കുശലം പറച്ചിൽ. പാടത്തിന്റെ പടിഞ്ഞാറെ ഇറമ്പിലുള്ള **നികത്തിൽ** വീടിന്റെ മച്ചിൻപുറത്ത് കൂടുകൂട്ടിക്കഴിയുന്ന പ്രാവുകളുടെ കൂട്ടപ്പറക്കൽ. ഒന്നുരണ്ട് ചുറ്റിപ്പറക്കൽ ഇവ ഇടയ്ക്കിടെ പാടത്താകമാനം നടത്തും. അതിർത്തിയിലെ പട്ടാളക്കാരുടെ നിതാന്തജാഗ്രത സൂചിപ്പിക്കുന്ന ഇത്തരം റോന്തുചുറ്റലിനിടെ ഇവ കൂട്ടമായി അപ്പുണ്ണിയുടെ പുരമുകളിലും പലപ്പോഴും എത്താറുണ്ട്. കാഷ്ഠിച്ച് വൃത്തികേടാക്കുമെന്നുള്ള കാരണത്താൽ അവയെ അമ്മ''ടൂർ.. ടൂർ..'' എന്ന ശബ്ദം കേൾപ്പിച്ച് ഓടിക്കും. പാടക്കാഴ്ച്ചകളും കാളകളെ കുളിപ്പിച്ചുകൊണ്ട് പഞ്ചായത്തുചാലിൽ നിന്നിരുന്ന കൊച്ചുവേലായുധൻ സ്വാമിയുടെ ഏതാനും ചിത്രങ്ങളും ബൈജുച്ചേട്ടൻ തന്റെ നിശ്ചല ക്യാമറയിൽ പകർത്തി.

''എവിടാ എല്ലാരുംകൂടെ..?''

അപ്രതീക്ഷിതമായുള്ള ചോദ്യത്തിന്റെ ഉടമ മറ്റാരുമായിരുന്നില്ല ആലക്കോട്ട് തെക്കേതിലെ ചന്ദ്രിക ചേച്ചി.

''ചേച്ചി എവിടെ പോകുവാ..?'' അപ്പുണ്ണി തിരികെ ചോദിച്ചു.

''കുടുംബവീട്ടിൽവരെ പോകുവാ. കണ്ടം വഴി വടക്കോട്ട് പോയി പടിഞ്ഞാറേക്ക് നടന്നാൽ വീട്ടിലെത്താമല്ലോ. ലക്ഷമണൻ ചേട്ടനെ ഒന്നുകാണണം. ഒരു പ്രോഗ്രാമിന്റെ കാര്യം സംസാരിക്കാനാ.''

ചേച്ചി പാടവരമ്പിൽക്കൂടി വടക്കോട്ട് നടന്നകന്നു.

ആരെന്നുള്ള സംശയത്തിൽ നിൽക്കുന്ന ബൈജുച്ചേട്ടനോട് അനിയൻ ചേട്ടൻ പറഞ്ഞു:

''കലാരംഗത്ത് പ്രവർത്തിക്കുന്നവരാണ് ആലക്കോട്ട് തെക്കേലെ കുടുംബത്തിലെ മൂന്നാലുപേർ. വേലഞ്ചിറ, **ആനന്ദ നൃത്തകലാനിലയ**ത്തിന്റെ ഉൾപ്പെടെ നിരവധി ബാലെകളിലും നൃത്ത നാടകങ്ങളിലും അഭിനയിക്കുന്നവരാണ് ഗോമതി ചേച്ചിയും ചന്ദിക ചേച്ചിയും. മുതുകുളം എസ്.എൻ.എം.യു.പി.സ്കൂളിൽ വച്ച് നടത്തിയ **നളചരിതം ബാലെ** ഏറെ മനോഹരമായിരുന്നു. ഞങ്ങളെല്ലാവരും പോയിക്കണ്ടിരുന്നു. ഗാനഭൂഷണം മുതുകുളം ശശികുമാർ, തിരുവമ്പാടി സുമ, ആലപ്പി സോമനാഥ്, സുകുമാര ഭാഗവതർ(നാടക സംഗീത സംവിധായകൻ) എന്നിവരൊക്കെ ഇവരുടെ ബാലെ ഗ്രൂപ്പുമായി സഹകരിക്കുന്ന ഗായകരാണ്.'' ചേട്ടൻ പറഞ്ഞുനിർത്തി.

''യാത്ര തുടരാം..''

കിഴക്കോട്ട് മരുതി യാത്രതുടർന്നു. മുതുകുളം-പത്തിയൂർ അതിർത്തി പങ്കിടുന്ന കുമ്പളത്തുതറ കുടുംബവീടിന്റെ എതിർ ദിശയിലുള്ള മൺപാതയിലൂടെ തെക്കോട്ട്. കല്ലേലി ജംങ്ഷനിൽ നിന്നും പടിഞ്ഞാറേക്ക്. അനന്തിരവൻ രാജുവിന്റെ അനൗൺസ്മെന്റ് ''ദാ.. ആ.. കലുങ്കിന് തെക്കുവശത്തുകാണുന്ന വീടാണ് **ശ്രീവിലാസം,** മഹാനായ നാടകനടൻ മുതുകുളം അക്ബർ ശങ്കരപ്പിള്ളയുടേത്..''

''ഞങ്ങളുടെ നാടിന്റെ ഈ നടൻ അക്ബറിന്റെ വേഷമിട്ടാൽ സാക്ഷാൽ അക്ബർപോലും മാറിപ്പോകുമായിരുന്നു. 14-ാമത് മലയാള ചിത്രമായ **കേരളകേസരി**(1951)യിൽ അഭിനയിച്ച ആളാണ് നമ്മുടെ നടനകേസരി.., അനിയൻ ചേട്ടൻ കൂട്ടിച്ചേർത്തു. ഇത്ര പറഞ്ഞപ്പോഴേക്കും മാരുതി-800 ഹൈസ്കൂൾ ജംങ്ഷനിലെത്തി.

''ഇവിടെനിന്നും വടക്കോട്ട് തിരിഞ്ഞ് ഇടത്തോട്ട് പോയാൽ മലയാള സിനിമയുടെ ആദ്യ ശബ്ദചിത്രമായ **ബാലന്റെ**യും ആദ്യമലയാള സൂപ്പർ ഹിറ്റ് ചലത്ച്ചിത്രമായ **ജീവിതനൗക**യുടെയും ഒപ്പം അനവധി മലയാള ചിത്രങ്ങളുടേയും തിരക്കഥാകൃത്തും ഗാനരചയിതാവുമായ മുതുകുളം രാഘവൻപിള്ളയുടെ വീടായ **മറ്റത്തുതറയിൽ** എത്താം..''രാജു പറഞ്ഞുനിർത്തി.

മാരുതി ഹൈസ്കൂൾ ജംങ്ഷനിൽനിന്നും തെക്കോട്ട് മങ്ങാട്ട് മുക്കിലെത്തി. കരുണാമുറ്റം ശിവക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്തുള്ള ഇടവഴി എടുത്തയുടനെ തന്നെ അപ്പുണ്ണി പറഞ്ഞു: ''ദാ ഇവിടെ ഇടതുവശത്തുകാണുന്ന ആദ്യവീടാണ് **മങ്ങാട്ട്** ആർട്ടിസ്റ്റ് കുമാറിന്റെ(പൈലി സാർ)വീട്. നാടകങ്ങൾക്കുള്ള കർട്ടണുകളും സെറ്റുകളും മറ്റും അദ്ദഹമാണ് വരച്ച് തയ്യാറാക്കിയിരുന്നത്. ഈ ജംങ്ഷന്റെ പേര് **മങ്ങാട്ടുമുക്ക്** എന്നുവന്നത് ഈ കുടുംബപ്പേര് കാരണമാണ്.''

വാഹനം പുളിയറേത്തുമുക്ക് കഴിഞ്ഞ് വീണ്ടും പടിഞ്ഞാട്ട് യാത്രതുടർന്നു. ''ഇടതുവശത്ത് കാണുന്ന മാർത്തോമാ പള്ളി സ്ഥാപിതമായിട്ട് നൂറ് വർഷത്തോളമായിട്ടുണ്ട്. ഇവിടെനിന്നും പടിഞ്ഞാറേക്ക്

www.malankaralibrary.com

വീണ്ടുംപോയാൽ കനകക്കുന്ന് കായൽത്തീരത്തെത്താം. നമുക്ക് വടക്കോട്ട് പോകാം. ദാ.. ആ കാണുന്ന മുതുകുളത്തെ ഓർത്തഡോക്സ് പള്ളിയുടെ വടക്കുവശത്തുകൂടിയുള്ള ഇടവഴി ചെന്നുചേരുന്നത് **തട്ടയ്ക്കാട്ടുശ്ശേരിൽ** എന്ന കുടുംബമുറ്റത്താണ്, അതാണ് നിരവധി കവിതകളുടെ രചയിതാവായ കവയിത്രി മുതുകുളം പാർവ്വതിയമ്മ സാറിന്റെ തറവാട്. ഭഗവദ്ഗീത മലയാളത്തിലേക്ക് ലളിത കോമള പദാവലിയിൽ തർജ്ജമ ചെയ്തത് പാർവ്വതിയമ്മ സാർ ആണ്. കുമാരനാശാന്റെ പ്രിയ ശിഷ്യയായിരുന്നു കവയിത്രി. അൽപം മുൻപോട്ട് ചെന്ന് വലത്തുതിരിഞ്ഞ് ഇടത്തേക്കുപോയാൽ സാറിന്റെ സ്വന്തംവീട് കാണാം ഇഞ്ചയ്ക്കൽ-സാഹിതീ സദനം..''അനിയൻ ചേട്ടൻ പറഞ്ഞുനിർത്തി.

മാരുതി നേരേ വടക്കോട്ട്. തട്ടാരുമുക്ക്-വെട്ടത്തുകടവ് റോഡിൽക്കയറി പടിഞ്ഞാറ് വെട്ടത്തുകടവിലേക്ക്. കായൽതീരത്തെ തൊണ്ടഴുകുന്ന മണമുള്ള കാറ്റേറ്റ് എല്ലാവരും കായലോരത്ത് അല്പമിരുന്നു. അടുത്തുകൂടിയ കടത്തുവള്ളക്കാരൻ വാസുച്ചേട്ടൻ തൊണ്ടഴുക്കുന്ന രീതിയും കയറുപിരിക്കുന്ന വിദ്യയും സന്ദർശകർക്ക് പറഞ്ഞുകൊടുത്തു. കായൽകാണാനെത്തിയവർക്ക് കായൽയാത്ര എത്ര ആനന്ദകരമായിരിക്കും!.

"''വാ.. നമുക്ക് ശാസ്താപറമ്പിൽ പോയി അനിയനെ കാണാം. അദ്ദേഹം വീട്ടിലുണ്ടെങ്കിൽ സഹായിക്കാതിരിക്കില്ല. സാധിച്ചാൽ ഒരു കായൽ യാത്രയാകാം...'' അപ്പുണ്ണി പറഞ്ഞത് അനിയൻ ചേട്ടനും ഇഷ്ടമായി.

ശാസ്താപറമ്പിൽ തറവാട് മുറ്റത്തേക്ക് മാരുതി കയറി. തേടിയവള്ളി കാലിൽ ചുറ്റിയ കണക്കെ, ലൗബേഡ്സിന് തീറ്റ കൊടുത്തുകൊണ്ട് അനിയൻ ദാ മുറ്റത്തുനിൽക്കുന്നു. കൂടെ അപ്പുണ്ണിയുടെ പ്രിയ സുഹൃത്തുക്കളായ ജവഹറും സനൽകുമാറും.


''ഇവർ അനിയൻ ചേട്ടന്റെ തിരുവനന്തപുരം കൂട്ടുകാരാണ്, നമ്മുടെ നാട് കാണാനെത്തിയവർ. കായലിൽക്കൂടി ഇവർക്ക് ഒരു സവാരിക്ക് സൗകര്യം സാധിക്കുമോ..?''

അപ്പുണ്ണിയുടെ ആവശ്യം മനസ്സിലാക്കി വള്ളം തിരക്കി കായൽകടവിലേക്ക് പോയ അനിയൻ സന്തോഷത്തോടെ തിരികെയെത്തി.

''വാ.. വള്ളം റെഡിയാണ്. നമുക്ക് ഒന്നിച്ചുപോകാം..''

വന്നവരും നിന്നവരും എല്ലാവരും വഞ്ചിയിൽ കയറി. ബണ്ടും പരിസരവും ഒന്ന് ചുറ്റിയടിച്ചു. തിരികെ തീരത്തേക്ക്. നൂറിന്റെ ഒരു താൾ വഞ്ചിക്കാരന്. അദ്ദേഹവും തൃപ്തനായി.

അനിയന് നന്ദിയേകി ജവഹറിനോടും സനലിനോടും യാത്രപറഞ്ഞ് സംഘം ശാസ്താപറമ്പിൽ തറവാട്ടിൽ നിന്നുമിറങ്ങി. കയർ സൊസൈറ്റിയുടെ കിഴക്കുവശത്തെ മൺപാതയിലൂടെ വടക്ക് ചൂളത്തെരുവ് ലക്ഷ്യമാക്കി അനിയൻ ചേട്ടൻ മാരുതി ചവിട്ടിവിട്ടു.



കായൽതീരത്തെ ചൂളത്തെരുവ് ചന്ത കാലങ്ങളോളം പഴക്കമുള്ള പ്രമുഖ കായലോര കച്ചവടസ്ഥലങ്ങളിൽ ഒന്നാണ് (സമീപത്തുള്ള മറ്റൊരു പ്രമുഖ കായലോര കച്ചവടസ്ഥലം കാർത്തികപ്പള്ളി ചന്തയാണ്). അന്തിച്ചെമ്മാനത്തിൽ കായലോളങ്ങളിൽ തെന്നി നീങ്ങുന്ന എതാനും വള്ളങ്ങൾ, കായൽമണ്ണ് വള്ളത്തിൽനിന്നും തോണ്ടി കരയ്ക്കിടുന്ന കരിമാടിക്കുട്ടന്മാർ, അക്കരേയ്ക്ക്(ആറാട്ടുപുഴ തീരത്തേക്ക്)യാത്രയാകാൻ തയ്യാറെടുക്കുന്ന കടത്തുവള്ളം, അക്കരെ നിന്നും കടത്തുകാരെത്തിയ കടത്തുവള്ളം, മുണ്ടകപ്പാടത്ത് അറത്തുകെട്ടിയ കച്ചി ദൂരേയ്ക്ക് കൊണ്ടുപോകാൻ അട്ടിഅടുക്കി കെട്ടി നിർത്തിയിരിക്കുന്ന വലിയ വള്ളങ്ങൾ, വിൽപ്പനയ്ക്കായി മൺചട്ടിയും കലവും ദുരെ ദിക്കിൽ നിന്നും കടവിലെത്തിച്ച് കാത്തുകിടക്കുന്ന കേവ് വള്ളങ്ങൾ, ഏക്കറുകൾ പുല്ലുകേറിക്കിടക്കുന്ന ബണ്ടിൽനിന്നും ചെത്തിയെടുത്ത പുല്ല് (കാലിത്തീറ്റ) കെട്ടുകളാക്കി വിൽക്കാൻ തയ്യാറെടുക്കുന്ന പെണ്ണാളുകൾ.

രാത്രികാലങ്ങളിൽ കായലിൽനിന്നും പിടിക്കുന്ന ഞണ്ടും കരിമീനും കളിയോടനും കോലയും കോരയും എല്ലാം അതിരാവിലെ ഇവിടെ കൊണ്ടുവന്ന് (പിടിച്ചവർ) ലേലം വിളിച്ച് നാട്ടുകാർക്ക് വിൽക്കാനെത്തും. അവയിൽ കുറെയേറെ സമീപപ്രദേശങ്ങളിലെ ആവശ്യക്കാർ ലേല

www.malankaralibrary.com
ത്തിൽപിടിക്കും. ശേഷിച്ചവ തലച്ചുമടായി വീടുവീടാന്തരം കയറിയിറങ്ങി വിൽക്കുന്നവർ മൊത്തം വില പറഞ്ഞെടുക്കും.

കായംകുളം കായലിന്റെ തീരക്കരയായി അറിയപ്പെടുന്ന ചൂളത്തെരുവ് ഭാഗംവരെ മുതുകളം പഞ്ചായത്തിന്റെ അതിർത്തി അല്ലെങ്കിലും എല്ലാം മുതുകുളമെന്നാണ് സംസാരഭാഷയിൽ. ആറാട്ടുപുഴ പഞ്ചായത്തിന്റെ ഒരുഭാഗം കായലിന്റെ കിഴക്കേത്തീരത്തുണ്ട്. കായൽക്കാറ്റേറ്റും കായൽക്കഥകൾ കേട്ടും ഏറെ നേരം ചൂളത്തെരുവ് തീരഭൂവിൽ സംഘം ചെലവഴിച്ചു. കായൽത്തിരകളോട് യാത്രപറഞ്ഞ് മാരുതി കിഴക്കോട്ട് യാത്രതുടർന്നു. സാരഥി ഗീതോപദേശമെന്നവണ്ണം തന്റെ കമന്ററി തുടർന്നു:

''വടക്കുവശത്തുകാണുന്ന വീടാണ് **ചന്ദ്രകാന്തം**, മുതുകുളം ഹൈസ്കൂളിന്റെ പ്രധാന അദ്ധ്യാപകനായ സി. മാധവൻ പിള്ള സാറിന്റെ വീട്. അദ്ദേഹമെഴുതിയ സാമൂഹികനോവലാണ് **കാറ്റു വിതച്ചവർ**. കൂടാതെ ചെറുതും വലുതുമായ അനവധി പുസ്തകങ്ങൾ സാർ എഴുതിയിട്ടുണ്ട്. ഈ വടക്കുവശത്ത് കാണുന്ന പുരയിടത്തിന്റെ നടുക്കുകാണുന്ന താണ് **ഞവരയ്ക്കൽ തറവാട്**, പി.പത്മരാജന്റെ കുടുംബവീട്. മലയാള സാഹിത്യത്തിനും സിനിമയ്ക്കും മായ്ക്കാനാകാത്ത, മറക്കാനാകാത്ത ഏടുകൾ സംഭാവനചെയ്ത അതുല്യ പ്രതിഭ ജനിച്ചുകളിച്ചുവളർന്ന സ്ഥലം..''

മാരുതി പെട്ടെന്നുനിന്നു. മുൻപേ പൊയ്ക്കൊണ്ടിരുന്ന വാഹനങ്ങളുടെ മുൻപിലുണ്ടായിരുന്ന ടെമ്പോയുടെ മുൻപിൽ ഒരു വല്ല്യമ്മ ഉറഞ്ഞുതുള്ളുന്നു.

''എന്റെ കോഴിയുടെ കാശ് ഇപ്പകിട്ടണം. തന്നിട്ട് പോയാൽമതി. ഇന്നും മുട്ടയിട്ട കോഴിയാടാ..''

വാഹനം പാതയുടെ ഇടതുവശം ചേർത്തുനിർത്തി, എല്ലാവരും ഇറങ്ങി. അയലത്തെ വീട്ടിലെ വല്ല്യമ്മയുടെ കോഴിയുടെ മുകളിൽ വണ്ടികയറി. കോഴി ചത്തു. അതിന്റെ വിലയാണ് വല്ല്യമ്മ ചോദിക്കുന്നത്. ഇരിക്കുന്നത് കോഴിയെ ഇടിച്ചിട്ട ടെമ്പോയ്ക്ക് മുന്നിൽ.

ജനക്കൂട്ടത്തിൽ നിന്നും ആരോ വിളിച്ചു പറഞ്ഞു: ''വണ്ടി ഓഫാക്കെടാ..!''

തലയ്ക്ക് കൈകൊടുത്ത് ടെമ്പോയുടെ മുന്നിൽ കുനിഞ്ഞിരുന്ന വല്ല്യമ്മ ഇടിവെട്ടേറ്റപോലെ ചാടിയെണീറ്റ് അലറിവിളിച്ചു.

''ധൈര്യമുണ്ടെങ്കിൽ എന്റെ നെഞ്ചത്തൂടെ വണ്ടി ഓഫാക്കെടാ..! ഞാഹാ..! അത്രയ്ക്കായോ..?''

ചുറ്റുംകൂടിയ ജനക്കൂട്ടം ആർത്തുചിരിക്കാൻ ഒട്ടും താമസിച്ചില്ല. കൊടുക്കാനുള്ളത് കൊടുത്ത്, വാങ്ങാനുള്ളത് വാങ്ങി വഴക്കൊതുക്കി.

ഹരിപ്പാട്-കായംകുളം പാതയിലൂടെയുള്ള യാത്ര മുന്നോട്ട്. അടുത്ത ജംങ്ഷൻ മുരിങ്ങച്ചിറ.

''ഇവിടെനിന്നും പടിഞ്ഞാറേക്ക് നൂറുമീറ്റർ യാത്രയായാൽ **മീനത്തേരിൽ** തറവാട്ടിലെത്താം. ഓണാട്ടുകരയുടെ തനത് അനുഷ്ഠാനകലയായ കുത്തിയോട്ടത്തിന്റെ കുലപതി മീനത്തേരിൽ കേശവപിള്ളയുടെ തറവാടാണത്. കുത്തിയോട്ടത്തെ ചിട്ടപ്പെടുത്തുകയും **ദേവീമാഹാത്മ്യം** പാട്ടുൾപ്പെടെ അനേകം കൃതികൾ അദ്ദേഹം രചിക്കുകയും ചെയ്തിട്ടുണ്ട്. സാഹിത്യകാരൻ മുതുകുളം ഗംഗാധരൻപിള്ള സാറിന്റെ **ചിറയ്ക്കുതെക്കടത്ത്** വീട് മീനത്തേരിൽ തറവാടിന് പടിഞ്ഞാറുവശമാണ്.., ജംങ്ഷനിൽ നിന്നും കിഴക്കോട്ട് ഏതാനും ദൂരം താണ്ടിയാൽ കവിതകളും കഥകളുമുൾപ്പെടെ നിരവധി ഗ്രന്ഥങ്ങളെഴുതിയ പ്രിയ ചേപ്പാട് ഭാസ്കരൻ നായർ സാറിന്റെ വീട്ടിലെത്താം'' അപ്പുണ്ണി പറഞ്ഞുനിർത്തി.

ഇത് ഉമ്മറുമുക്ക്. ഇവിടെനിന്നും 200 മീറ്റർ പടിഞ്ഞാറേക്ക് ചെന്ന് വടക്കോട്ട് കയറുന്നത് **തംബുരു**വിലേക്കാണ്. അതാണ് മുതുകുളത്തിന്റെ പ്രിയ **മജിക്ക് അമ്മു**വിന്റെ വീട്. ചെറിയ പ്രായത്തിൽ ഫയർ എസ്കേപ്പ്, കണ്ണുകെട്ടി സ്കൂട്ടർ ഓടിക്കൽ... തുടങ്ങി നിരവധി ഐറ്റങ്ങൾ അമ്മു ചെയ്തിട്ടുണ്ട്.

കല്ലുമ്മൂട് ജംങ്ഷൻ. വലതുവശത്ത് ചിരപുരാതന സംസ്കൃതം സ്കൂൾ, ഇടതുവശത്ത് മുതുകുളം ബ്ലോക്ക് ആഫീസ്.

''ഇത് തട്ടാരുമുക്ക്. കലാനിലയം നാടക സംഘത്തിലും മറ്റും അഭിനയിച്ചിരുന്ന പ്രശസ്തനടൻ എൻ.കെ.ആചാരിയുടെ വീടാണ് പാണ്ഡവർകാവ് ദേവീ ക്ഷേത്രത്തിലേക്കുള്ള പാതയുടെ തെക്കുവശത്തെ ആദ്യ വീട്. ഈ പ്രശസ്തനടന്റെ ഓർമ്മയ്ക്കായിട്ടാണ് ഈ ജംങ്ഷന് **തട്ടാരുമുക്ക്** എന്ന പേരുവന്നത്..''

മുതുകുളം കാഴ്ചകൾ കണ്ട് വാഹനവും യാത്രികരും കിഴക്കേകണ്ടത്തിൽ അപ്പുണ്ണിയുടെ വീട്ടുമുറ്റത്ത് ക്ഷീണിതരായി നിന്നു ●

# 27 രാജപ്പൻ കഥകൾ

''എവിടയാ, മുതുകുളത്തുനിന്നും ഇലവെട്ടാൻ പോകുന്ന രാജപ്പന്റെ വീട്..?''

തെക്കേപ്പുറത്തെ റോഡിലെ പൊതുകാഴ്ചകളും ആൾക്കാരുടെ സംസാരങ്ങളും മറ്റും നിരീക്ഷിച്ച് വീടിന്റെ മുന്നിലെ കറണ്ടുപോസ്റ്റിൽ ചാരിനിന്നിരുന്ന അപ്പുണ്ണിയോട് മാന്യമായ് വസ്ത്രംധരിച്ച ഒരാൾ സൈക്കിളിൽനിന്നും ഇറങ്ങിവന്ന് വീണ്ടും തിരക്കി.

www.malankaralibrary.com
''രാജപ്പന്റെ വീടേതാ..?''

''എന്താ കാര്യം, എന്താ പ്രശ്നം..?''

രാജപ്പനെ തിരക്കിവരുന്നവർ എന്തെങ്കിലും പ്രശ്നവുമായിട്ടായിരിക്കും വരുന്നതെന്ന് അപ്പുണ്ണിക്ക് ഉറപ്പുണ്ടായിരുന്നതിനാലാണ് എന്താണ് പ്രശ്നമെന്ന് ആദ്യമേ ചോദിച്ചത്.

''പ്രശ്നമൊന്നുമില്ല, ഇന്ന് അവന്റെ പെങ്ങളുടെ കല്ല്യാണമാണെന്ന് കഴിഞ്ഞദിവസം ഇല മുറിക്കാൻ വന്നപ്പോൾ പറഞ്ഞിരുന്നു. കല്ല്യാണക്കുറിയടിക്കുന്നതിനായി 100 രൂപ എന്റെ കയ്യിൽനിന്നും നേരത്തേ കടംവാങ്ങുകയും ചെയ്തിരുന്നു, ഇലവെട്ടിയ കാശും തന്നില്ല. കല്ല്യാണം കൂടാമല്ലോ എന്ന് കരുതിയാണ് വന്നത്..''

സംഗതി മനസ്സിലായി. ഇലയും വെട്ടി, പണവും വാങ്ങി, കേടുതീർക്കാൻ കല്ല്യാണസദ്യയ്ക്ക് ക്ഷണിക്കുകയും ചെയ്തു. ''രാജപ്പന്റങ്ങ് കല്ല്യാണമൊന്നുമില്ലല്ലോ..'', രാജപ്പന്റെ വീടിനുനേരേ വിരൽചൂണ്ടി അപ്പുണ്ണി പറഞ്ഞു.

''പിന്നെ, ഇവിടംവരെ വന്ന സ്ഥിതിക്ക് അവിടെ കേറിയിട്ട് പോ.., ഇലപ്പൈസ തരാഞ്ഞകാര്യവും നൂറുരൂപ കടംവാങ്ങിയ കാര്യവും വീട്ടുകാരോട് പറയാമല്ലോ..?''

''അമ്മയുടെ അടിയന്തിരം നടത്തുന്നതിന് കഴിഞ്ഞമാസം എന്റെ കയ്യിൽനിന്നും 200 രൂപ വാങ്ങിയിരുന്നു. ആ തുക ഇനി കിട്ടുമോ എന്തോ..?''

വന്നയാൾ പറഞ്ഞ അടിയന്തിര വാർത്തകേട്ട അപ്പുണ്ണി ഞെട്ടി സ്തബ്ദനായി നിന്നു!. രാജപ്പന്റെ അമ്മയ്ക്ക് യാതൊരു കുഴപ്പവും ഇന്നുവരെ ഉണ്ടായിട്ടില്ല.

''അടിയന്തിരം നടത്തണമെങ്കിൽ ആൾ മരിക്കണ്ടേ..?, അത് ഉണ്ടായിട്ടില്ല..''

''ങേ..!''

വന്നയാൾ പിന്നെ കൂടുതൽ സംസാരിക്കാൻ നിന്നില്ല. രാജപ്പന്റെ അച്ഛനെ എന്തൊക്കെയോ ഭാഷയിൽ നന്നായി പ്രശംസിച്ചശേഷം കയ്യിൽ കിട്ടിയാൽ ചവിട്ടുന്നവണ്ണം സൈക്കിൾ ആഞ്ഞുചവിട്ടി വന്നവഴിയെ തിരികെപ്പോയി..!.

ഇന്നുവൈകിട്ട് എന്തേലും സംഭവിക്കും അത് ഉറപ്പാ!!, കിട്ടിയ കാശ് രാജപ്പൻ ബാങ്കിലിടാൻ പോകുന്നില്ല. അപ്പുണ്ണി തീർച്ചയാക്കി.

ഇടവപ്പാതി തിമിർത്തുപെയ്യുന്ന അന്ന് വൈകുന്നേരം ഇടിയും കാറ്റും മേമ്പൊടി.

''സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു..
എൻ സ്വഗൃഹം കാൺമതിന്നായ് നാലുപേരായ് താങ്ങുന്നു...!!''

നാലുപേർ വീടിന്റെ തെക്കേപ്പുറത്തെ ചെങ്കൽ റോഡിൽക്കൂടി ചാക്കിൽ എന്തോ കൊണ്ടുപോകുന്നതിന്റെ താളാത്മകമായ **ഈരടികൾ**... പുരയുടെ തെക്കേയറ്റത്തെ ജനലിൽക്കൂടി അപ്പുണ്ണി റോഡിലേക്ക് നോക്കി. ഒരു വലിയ ചാക്കിന്റെ നാലുമൂലയ്ക്ക് നാലുപേർ ചേർന്നുനിന്ന് എന്തോ പൊക്കിക്കൊണ്ട് പോകുന്നു. ചാക്കിൽ ഭാരമുള്ള എന്തോ വസ്തുവാണിട്ടിരിക്കുന്നത്. അപ്പുണ്ണി മുറിയിൽനിന്നും ഇറങ്ങി തിണ്ണയ്ക്കുനിന്ന് ദൂരേക്കുനോക്കി. ശക്തമായ മഴകാരണം ഒന്നും വ്യക്തമല്ല.



ഉമ്മറത്ത് തൂക്കിയിട്ടിരുന്ന അപ്പന്റെ വലിയ കാലൻകുടയെടുത്ത് നുവർത്തി റോഡിലേക്ക് ചെന്നു. ആരെയോ ഒരു ചണച്ചാക്കിന്റെ മുകളിലിട്ട് നാലുപേർ ചേർന്ന് പൊക്കിക്കൊണ്ട് പോകുന്നു. വേറാരെയുമല്ല മുതുകുളത്തിന്റെ മാനസപുത്രൻ രാജപ്പനെത്തന്നെ.

അപ്പുണ്ണിയുടെ പ്രഭാത ചിന്തയ്ക്ക് മാറ്റമൊന്നുമുണ്ടായില്ല. പ്രദോഷത്തിനു മുന്നേ ആൾ ചാക്കിലായി..!.

അപ്പുണ്ണിയും അമാലസംഘത്തിനൊപ്പം കൂടി. രാജപ്പനെ നാട്ടിലെല്ലാവർക്കും അറിയാം. വെള്ളമടിച്ച് ലെക്കുകെട്ടാൽ വീഴുന്നിടത്ത് കിടക്കും കിടക്കുന്നിടത്തുറങ്ങും. ഇന്നിപ്പോൾ ചക്കുളങ്ങര വീടിന്റെ തെക്കുവശത്ത് വെള്ളക്കെട്ടിൽ കിടന്നു. കിടന്നിടത്തുറങ്ങി. വെള്ളത്തിൽ കിടക്കുന്നത് എത്രനേരം കണ്ടുകൊണ്ടിരിക്കും. അടുത്തുകൂടിപോയ ആരോ നാലാളെ കൂട്ടി. അവരാണ് പല്ലക്ക് ചുമക്കുന്ന അമാലൻമാരെ പോലെ രാജപ്പനെ ചുമക്കുന്നത്. ആദ്യം തോളിൽ തൂക്കാനാണ് തുനിഞ്ഞത്. പക്ഷേ കണക്കിലധികം കനം. വെള്ളമടിച്ച് വാളുവച്ച് കിടന്നതിനാൽ എടുക്കാ

www.malankaralibrary.com
നിളുപ്പ്. ''**ഒഴുക്കുവെള്ളത്തിലഴുക്കില്ല**''ന്നല്ലേ..?. കാനയിലെ വെള്ളത്തിൽ രാജപ്പനെ നല്ല സ്റ്റൈലായി..! ഉലച്ചു കഴുകിയെടുത്തു എന്ന് സാരം. തെക്കേ രചനാ കൂൾബാറിൽ കേറിയിറങ്ങി കൂൾകൂളായുള്ള വരവാണ്. വരുന്നവഴി നടവരമ്പിൽനിന്നും കയറി റോഡിലെത്തിയപ്പോഴേക്കും നടക്കാനുള്ള കപ്പാസിറ്റി തീർന്നു. അവിടെ വീണു, വീണിടത്ത് കിടന്നു, കിടന്നിടത്തുറങ്ങി. ഫാൻ വേണ്ട, ഉറക്കഗുളിക വേണ്ട, കൊതുകുതിരി വേണ്ട, കൊതുകുവല വേണ്ട, മയക്കുവെടി വേണ്ട. സുഖ ശയനം, ഗാഢ നിദ്ര!!

രാജപ്പന്റെ ഭവനാങ്കണത്തിൽ അമാലൻമാർ പല്ലക്കിറക്കി. രാജപ്പനെ ചാക്കിൽനിന്നും ഡൗൺലോഡ് ചെയ്തശ്ശേഷം ചാക്കുമായി തിരികെപ്പോകാൻ തുടങ്ങിയ അമാലന്മാരോട് പിറകിൽനിന്നും രണ്ടുപേർ കൈകൊട്ടി വിളിച്ചിട്ടിത്ര പറഞ്ഞു: ''ചാക്ക് തിരികെ കൊടുക്കല്ലേ., അടുത്ത ഷാപ്പിൽനിന്നും മറ്റൊരാളെക്കൂടി ഒന്ന് കളക്ട് ചെയ്യാനുണ്ട് പ്ലീസ് ഒന്നുസഹായിക്കൂ!..'' ●

പിറ്റേന്ന് പ്രഭാതകൃത്യങ്ങൾക്ക് ശേഷം അപ്പുണ്ണി വെറുതെ പുരയിറമ്പിലെ മൺ കുഴികളിൽ ഇര പിടിക്കാൻ തക്കം പാർത്തിരിക്കുന്ന കുഴിയാനകളോട് ''**കുഴിയാനേ വാ.. വാ.. പാലും പഴവും ഞാനേകാം..**''എന്ന പാട്ടുംപാടി വലം ചൂണ്ടുവിരലാൽ കുഴിതോണ്ടി അവയെ ഉണക്കമണ്ണിലെടുത്തിട്ട് ഭൂപടം വരച്ചുകൊണ്ടിരിക്കുകയായിരുന്നു.

പെട്ടെന്ന് പടിഞ്ഞാറ് ദിക്കിലെവിടയോ ഭയങ്കര ബഹളം. ബഹളം എവിടെക്കേട്ടാലും ആ ദിക്കിനെ നോക്കി ഓടുകയെന്നുള്ളത് നാട്ടിൻപുറത്തെ ശീലം. ബഹളദിക്കിനെ നോക്കി ഓടി, ഓടിച്ചെന്നുനിന്നത് രാജപ്പന്റെ വീട്ടുമുറ്റത്ത്. അപ്പുണ്ണിക്കൊപ്പം അക്കപ്പെങ്ങളുടെ മക്കളായ രാജുവും സാജുവും കൂട്ടയോട്ടത്തിൽ പങ്കെടുത്തിരുന്നു.

രാജപ്പന്റെ ഭവനാങ്കണത്തിൽ രാജപ്പനും അച്ഛനുമായി മല്ലയുദ്ധം നടത്തുന്നു. ആൾക്കാർ ഗുസ്തി ഗോദായുടെ ചുറ്റും നിൽക്കുംപോലെ പറമ്പിലും റോഡിലും നിന്ന് മഹത്തായ ഗുസ്തി കണ്ട് എൻജോയ് ചെയ്യുകയാണ്. രാജപ്പന്റെ പിതാശ്രീ രാജപ്പനെ മലർത്തിയിട്ട് പള്ളയ്ക്ക് കയറിയിരുന്ന് തന്റെ രണ്ടുകയ്യും കോർത്തുപിടിച്ച് മകന്റെ നെഞ്ചാംകോട്ടയ്ക്ക് ഇടിച്ചുകൊണ്ട് പറയുന്നു: ''ഇതൊക്കെ ഒരു സാമ്പിൾ ഇടിയാടാ.. മോനേ..''

ആരും ആരെയും പിടിച്ചുമാറ്റാൻ ഗോദായിലേക്ക് കേറിച്ചെല്ലുന്നില്ല. കണ്ടുരസിച്ചാൽ പോരേ..?, കൊണ്ടുരസിക്കണോ..?. അടുത്തുള്ള കായംകുളം-ഹരിപ്പാട് പാതയിലൂടെ വാഹനങ്ങളിൽ പോകുന്നവർ വീട്ടുമുറ്റത്തെ ആൾക്കൂട്ടം കണ്ട് മുണ്ടികളെപ്പോലെ തല കഴിയുന്നത്ര പുറത്തേക്കിട്ട് ഗുസ്തികണ്ട് രസിച്ച് പോകുന്നു. ടിക്കറ്റ് വേണ്ടാല്ലോ!.

ശിവൻപിള്ളച്ചേട്ടന്റെ കടയിലും രഞ്ജിനി ഹോട്ടലിലും ദോശതിരിച്ചിട്ട് ഇരുവശവും മൊരിച്ചെടുക്കും വണ്ണം രാജപ്പന്റെ പുറത്തും നെഞ്ചത്തും അച്ഛൻ മാറിമാറി ഇടിച്ച് ശരിയാക്കിക്കൊണ്ടിരിക്കുന്നു. ഏറെനേരത്തെ കഠിനമായ കായികാധ്വാനത്തിന് ശേഷം നല്ല തടിമിടുക്കുള്ള രണ്ടുപേരും ഇടിച്ചും ഇടികൊണ്ടും വല്ലാതെ ക്ഷീണിച്ചുവലഞ്ഞു. ഇടിയുടെ ഇന്റർവെൽ സമയത്ത് കണ്ടുനിൽക്കുന്നവരുടെ ചെവി പൊട്ടിക്കുന്ന തെറി. ഇടി കഴിഞ്ഞു, തെറി കഴിഞ്ഞു. അല്പനേരം ഇരുന്ന് വിശ്രമിച്ചശ്ശേഷം ഇരുവരും രണ്ട് ദിക്കുകളെ നോക്കി യാത്രയായി. രണ്ട് ഷാപ്പുകളെ നോക്കി യാത്രയായി എന്ന് പറയുന്നതാകും കൂടുതൽ ശരി. ഞങ്ങളുടെ വഴക്കുതീർന്നു, ഇനി നിങ്ങൾക്ക് നിങ്ങളുടെ വഴി, ഞങ്ങൾക്ക് ഞങ്ങളുടെ വഴി എന്ന മട്ട്.

എന്തായാലും അപ്പുണ്ണിക്കും അനന്തിരവർക്കും കുറേ നാളത്തേക്ക് പറഞ്ഞുനടക്കാൻ കിട്ടിയ മഹത്വചനമായി രാജപ്പന്റെ അച്ഛന്റെ വാക്ക്.

''**ഇതൊക്കെ ഒരു സാമ്പിൾ ഇടിയാടാ.. മോനേ..** ●''

രാജപ്പന് വട്ടച്ചെലവിനുള്ള(പട്ടച്ചെലവ് എന്ന് തിരുത്തുന്നതാകും കൂടുതൽ ശരി.)കാശൊക്കുന്നത് പുരയിടം കിളയ്ക്കുമ്പോഴും തെങ്ങിന് തടമെടുക്കുമ്പോഴും ലഭിക്കുന്ന കൂലിയാണ്.

തുലാമഴയ്ക്ക് മുൻപായി കർഷകർ പുരയിടങ്ങൾ കിളച്ചുകൂട്ടും, തെങ്ങിന് തടമെടുക്കും, കക്കയും ചാണകവും ചാരവും വളമായി തടത്തിൽ വിതറി ചൂടലായി നിൽക്കുന്ന വൻവൃക്ഷങ്ങളുടെ ശിഖരങ്ങൾ കോതി തെങ്ങിന്റെ തടത്തിലിടും. ഇങ്ങനെയുള്ള പണികൾ ചെയ്ത് കർഷകർ ഒരുങ്ങിയ ശേഷമെ തുലാമഴ ചന്നംപിന്നം എത്തുകയുള്ളൂ; ഇതാണ് കർഷക വിശ്വാസം.

ചെറിയ ഭൂ പ്രഭുവായ അയ്യര് സ്വാമി രാജപ്പനെ ഇടയ്ക്കിടെ പുരയിടം കിളച്ചുകൂട്ടാനം വളമിടാനും വിളിക്കും. കൂടാതെ വല്ലപ്പോഴുമൊക്കെ ഇരുവരും സന്ധ്യയ്ക്ക് കൂളാകാൻ നാടൻ കൂൾബാറിലും പോകും.

കൂൾബാറിൽനിന്നും അധികം കൂളായിറങ്ങിയാൽ ഇരുവർക്കും പരസ്പരസ്നേഹം ഇരട്ടിക്കും. വെളുക്കുവോളം മാറിമാറി രണ്ട് വീടുകളിലും കൊണ്ടുവിടും. സ്വാമിയുടെ വീട്ടിൽ ചെന്നാൽ സ്വാമി ചോദിക്കും ''നീ ഒറ്റയ്ക്ക് എങ്ങനെ പോകും ഞാൻ കൊണ്ടുവിടാം..''

രാജപ്പന്റെ വീട്ടിൽ ചെന്നാൽ രാജപ്പൻ ചോദിക്കും ''മുതലാളി എങ്ങനെ ഒറ്റയ്ക്കുപോകും, ഞാൻ കൊണ്ടുവിടാം..''

തന്റെ അയ്യായെ ആരെങ്കിലും വഴക്കുപറയുന്നതോ തെറിപറയുന്നതോ രാജപ്പന് ഇഷ്ടമല്ല. അവൻ കേറി ഏൽക്കും. പിന്നെ കേറി വീക്കും. പോരെ.. പൂരം.

രാജപ്പൻ, സ്വാമിയുടെ പുരയിടം കിളച്ചുമറിച്ച് കൂനകൂട്ടുന്ന ഒരുദിവസം. കഴിഞ്ഞ ദിനത്തിലെ പട്ട

www.malankaralibrary.com
യുടെ കെട്ട് രാജപ്പനിൽ അപ്പോഴും തിളച്ചു മറിയുകയാണ്(കോട തിളച്ചു മറിയുകയല്ലേ..?). പുരയ്ക്കുള്ളിൽ സ്വാമിയുടെ ഭാര്യ രാജപ്പന്റെ എല്ലാമെല്ലാമായ സ്വാമിയോട് കയർത്ത് സംസാരിക്കുന്നു. കുടുംബപ്രശ്നത്തിന്റെ ദേക്ഷ്യത്തിൽ അയ്യരുസ്വാമി അടുക്കളയിലിരുന്ന ഒരു അലൂമിനിയം ചരുവം വെളിയിലേക്ക് എടുത്തെറിഞ്ഞു.

പിന്നെ താമസമുണ്ടായില്ല രാജപ്പൻ പണിത്തൂമ്പ മാറ്റിവച്ചിട്ട് അടുക്കളയിലേക്ക് കയറി. തന്റെ കൺകണ്ടദൈവമായ സ്വാമിയെ സഹായിക്കാനായ് അടുക്കളയിൽ വച്ചിരുന്ന തവി, ചട്ടികൾ, അടപ്പുചട്ടി, ചോറുകലം ഇങ്ങനെ കണ്ണിൽകണ്ടതെല്ലാം വടക്കോട്ട് നീട്ടിയെറിഞ്ഞു. അടുക്കള സാധനങ്ങൾ ഒന്നൊന്നായ് വെളിയിലേക്ക് പറപറന്നു.

സ്തബ്ദനായി നിന്ന അയ്യരുസ്വാമിയെ നോക്കി രാജപ്പൻ പറഞ്ഞു.

''അഹങ്കാരം ആർക്കും നന്നല്ല.. പ്രത്യേകിച്ചും സ്ത്രീകൾക്ക്.. ഹല്ല! പിന്നെ!.'' ●

രാജപ്പന് ആർക്കെങ്കിലും പണികൊടുക്കണമെന്ന് മനസ്സിൽ തോന്നിയാൽ ഏതുവിധേനയും പണികൊടുത്തിരിക്കും, അത് സ്വന്തം അച്ഛനാണെങ്കിൽ കൂടി. ജോലിക്ക് നിർത്തുന്ന അയ്യാസ്വാമിയുടെ കാര്യം പിന്നെ പറയണോ!. പണിക്കൂലിയിലുള്ള കുറവ് സ്വാമി വർധിപ്പിക്കുന്നത് രാജപ്പന്റെ പട്ടച്ചിലവിനെ ബാധിക്കുന്നു. പണിതരാം..!, രാജപ്പൻ മനസ്സിൽ കുറിച്ചു, കാത്തിരുന്നു.

അയ്യായുടെ അളിയൻ ഗൾഫിൽനിന്നും വരുന്നു. പിറ്റേന്ന് രാവിലെ 10.30നുള്ള വിമാനത്തിൽ അളിയൻ തിരുവനന്തപുരം വിമാനത്താവളത്തിലിറങ്ങും. അളിയനെ സ്വീകരിക്കാൻ പോകണം. വിവരം അയ്യാ രാജപ്പനോട് പറഞ്ഞു.

''അതിനെന്താ സ്വാമി ഞാൻ വണ്ടി ശരിയാക്കിത്തരാം...''

''ശരി..'' സ്വാമിക്ക് സന്തോഷമായി.

രാജപ്പന്റെ സംസാരത്തിലെ **ശരിയാക്കിത്തരാം**.. എന്ന വാചകം സ്വാമി ശ്രദ്ധിച്ചില്ല.

പിറ്റേന്ന് പ്രഭാതത്തിൽ കുളിച്ച് കുറിതൊട്ട് ആറുമണിക്ക് തയ്യാറായി നിന്ന സ്വാമിയുടെ മുന്നിൽ 1975 മോഡൽ നീല അംബാസിഡർ മാർക്ക്-1 വന്ന് ഇരച്ചുനിന്നു.

ഡ്രൈവറിറങ്ങി. അയ്യായ്ക്ക് വാഹനത്തിന്റെ മുന്നിലെ കതക് മലർക്കെതുറന്ന് കൊടുത്തു. കാറിന്റെ മോഡൽ കണ്ട് അമ്പരന്നെങ്കിലും മറ്റ് മാർഗ്ഗങ്ങളില്ലാതെ അയ്യായും ഭാര്യയും മകനും കാറിൽ കയറി. കാറിന്റെ കതകുകൾ ശബ്ദങ്ങളോടെ അടഞ്ഞു, അയ്യാ കാറിന്റെ ജനാലചില്ല് കറക്കി താഴ്ത്തി ജനാലയ്ക്കൽ ഇടംകൈ താങ്ങിയിരുന്നു.

''പോകുന്ന വഴി രാജപ്പനെയും കയറ്റാം. വരാമെന്നേറ്റിട്ടുണ്ട്. ഒരു വഴിക്കൂട്ടാകട്ട്..'' സ്വാമി ഡ്രൈവറോട് പറഞ്ഞു.

വഴിമദ്ധ്യേ രാജപ്പന്റെ വീടിന്റെ മുന്നിൽ മാർക്ക്-1 നിർത്തി. രാജപ്പനെ കണ്ടെങ്കിലും രാജപ്പൻ കാറിൽ കയറാൻ കൂട്ടാക്കിയില്ല. ''അയ്യാ.. പോയി വാ..''

''ശരി. നീ.. വരുന്നില്ലെങ്കിൽ വരണ്ടാ.. നമുക്ക് പോകാം..''

മൺപാതകൾ പിന്നിട്ട് കാർ തിരുവനന്തപുരം വിമാനത്താവളം ലക്ഷ്യമാക്കി നാഷണൽ ഹൈവേ 47 ലൂടെ മുന്നോട്ട്.

അധികം മുന്നേറിയില്ല. എൻജിനിൽനിന്നും കട.. കട.. ഠിം.. കിടിം..ടിടിം.. തുടങ്ങിയ ശബ്ദങ്ങൾ കേട്ടുതുടങ്ങി. വണ്ടി താനെ കുലുങ്ങി നിന്നു. ഡ്രൈവറുചേട്ടനിറങ്ങി ബോണറ്റ് പൊക്കി പെട്രോൾ കുഴൽ വലിച്ചൂരി വായിൽ വച്ച് ആഞ്ഞുവലിച്ചു. ഒരു തരത്തിൽ റീസ്റ്റാർട്ട് ചെയ്തു.

''കരട് കേറിയതാ...'' ഡ്രൈവർ ആരോടെന്നില്ലാതെ പറഞ്ഞു.

പമ്മി.. പമ്മി. അംബാസിഡർ മുന്നോട്ട്. ഓച്ചിറ കഴിഞ്ഞ് കരുനാഗപ്പള്ളിക്ക് തെക്കുവശം മാർക്ക്-1 വല്ലാത്ത ഒച്ചപ്പാടുണ്ടാക്കി ഇരച്ചു...!. നിന്നു...!.

എന്തോ കത്തുന്ന മണം. അടുത്തുള്ള മെക്കാനിക്കിനെ കാണിച്ചു. എന്തൊക്കെയോ മാറ്റി. എവിടൊക്കെയോ ഊതി...! പെട്രോൾകുഴൽ വലിച്ചൂരി ആഞ്ഞുവലിച്ച് തിരിച്ചുകുത്തി. ശകടം പതുക്കെ പതുക്കെ മുന്നോട്ട്.

''ഈ പഴയ കാറ് വാങ്ങിയത് എന്തിനാണ്..'' സ്വാമി ഡ്രൈവർ ചേട്ടനോട് തിരക്കി.

''പഴയതാണെങ്കിലും നല്ല തകിടാണ്.. മാർക്ക്-1..''

മുൻസീറ്റിൽ തെളിഞ്ഞമുഖവുമായി ഞെളിഞ്ഞിരുന്ന് യാത്രതുടങ്ങിയ സ്വാമി എൻജിനിൽ നിന്നുള്ള ചൂടുകാറ്റേറ്റ് വിയർത്തൊഴുകാൻ തുടങ്ങി. ദേഹത്ത് ചൂടുകാറ്റേറ്റ അയ്യര്സ്വാമി ചൂടാകുക സ്വാഭാവികം. തെറിയുടെ ചെറിയചെറിയ പദങ്ങൾ അധരത്തിൽനിന്നും ഉതിർന്നുതുടങ്ങി. കൊല്ലം വലിയ പ്രശ്നമില്ലാതെ കടന്നു. കൊട്ടിയം ആയപ്പോൾ വീണ്ടും വണ്ടി പമ്മാൻ തുടങ്ങി. ഡ്രൈവർ ചേട്ടൻ പെട്രോൾ കുഴൽ ഊരി.. വലിച്ചു.. തിരിച്ചുകുത്തി. താണ്ടാൻ ദൂരമിനിയും ബാക്കി.

''ഛെടാ.. ആ നായ്ക്കുണ്ടായവൻ ശരിക്കും പണി തന്നതുതന്നെ. അതുകൊണ്ടാ അവനെ വിളിച്ചപ്പോൾ കൂടെ വരാഞ്ഞത്..''

ഡ്രൈവർ ബോണറ്റ് പൊക്കാൻ പോയ തക്കത്തിന് സ്വാമി തികട്ടിവന്ന കോപം പുറത്തുവിട്ടു.

കൃത്യം 10.30ന് മാർക്ക്-1 അംബാസിഡർ കാർ വിമാനത്താവളത്തിന്റെ പാർക്കിൽ ഇരപ്പിച്ചു നിർത്തി

www.malankaralibrary.com
(സ്റ്റാർട്ട് ചെയ്യാനുള്ള എളുപ്പത്തിനെന്ന് ഡ്രൈവർ സാക്ഷ്യം..!). അതോ ഇരച്ച് നിന്നതോ..?.

വരുമെന്ന് പറഞ്ഞിരുന്ന വിമാനത്തിൽ അളിയൻ വന്നില്ല. നല്ല ശകുനം..! സ്വാമി സ്വയം പഴിച്ചു. തിരികെ പോവുകതന്നെ. അടുത്ത ചായക്കടയിൽനിന്നും ദോശയും ചായയും കഴിച്ചു, കുടിച്ചു. തിരികെ വീട്ടിലേക്ക്.

പോയതുപോലെ ഓരോ സ്ഥലങ്ങളിലും നിന്നും ഊരിയും വലിച്ചും കുത്തിയും യാത്രമുന്നോട്ട്. ക്രിസ്ത്യാനികളുടെ നല്ലവെള്ളിയാഴ്ചയിലെ (നല്ല വെള്ളി=Good Friday ) കുരിശിന്റെ വഴിയിൽ ഇത്രത്തോളം സ്ഥലങ്ങളുണ്ടോയെന്ന് സ്വാമിക്ക് സംശയം വന്നത് സ്വാഭാവികം. അവരുടെ പ്രാർത്ഥനാവഴിയിൽ ആകെ 14 സ്ഥലങ്ങളേയുള്ളന്നാണ് സ്വാമിയുടെ ധാരണ. അവിടൊക്കെ അവർ കുരിശുവരച്ച് കുമ്പിട്ട് മുന്നോട്ട് പോകുന്നത് സ്വാമി കണ്ടിട്ടുണ്ട്. എന്നതിനേക്കാൾ ഉപരി ഇവിടെ മാർക്ക്-1ന്റെ പെട്രോൾ കുഴൽ വലിച്ചൂരി, ആഞ്ഞു വലിച്ച്, തിരിച്ചുകുത്തി മുന്നോട്ട്. ഹൊ..!! ഏകദേശം മുപ്പതിടത്ത്. ആ പരിപാടി ആ സാധു ഡ്രൈവർ വളരെ ഭംഗിയായി നടത്തി.

തിരികെ ഒരു സമയത്ത് വീട്ടുമുറ്റത്തിറക്കിയ വാഹനം നോക്കി അയ്യാ സ്വാമി ഉറക്കെ പറഞ്ഞു.

''ഡ്രൈവർ സാറേ.., എൻജിൻ മോശമാണെങ്കിലും തകിട് നല്ലതാ.. വണ്ടി കളയണ്ടാ.. ഇന്നാ കാറിന്റെ കൂലി.. ഒട്ടും കുറച്ചിട്ടില്ല. കുറേ ഊരി വലിച്ച് തിരിച്ച് കുത്തിയതല്ലേ..? ആ കഴുവേറീടെ മോനെ ഞാനൊന്ന് കാണട്ട്..'' ●

പണം ചെലവായാൽ മുതലാക്കണമെന്നുള്ളത് രാജപ്പന് നിർബന്ധമാണ്. പാണ്ഡവർകാവ് ദേവീക്ഷേത്രത്തിലെ ഉത്സവത്തിരുന്നാൾ പൊടിപൊടിക്കുന്ന ആഴ്ചക്കാലം. സന്ധ്യയ്ക്ക് ക്ഷേത്രത്തിലെ ഭജന, സേവ പിന്നെ നാടകം എന്നുള്ള ക്രമത്തിലാണ് മുന്നിലാ പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്. നാടകം തുടങ്ങാൻ രാത്രി ഒരുമണിയാകും. അതുവരെ ഉറങ്ങാതിരിക്കാൻ എന്താണ് മാർഗ്ഗം..?. ഒപ്പം പട്ടയടിക്കുന്നതിന് ധാരാളം സുഹൃത്തുക്കൾ ഉള്ളതിനാൽ ഉത്സവത്തിന് പോകുന്നതിനും ധാരാളം കൂട്ടുകാർ രാജപ്പന് ചുറ്റുംകൂടും. അടുത്ത കൊട്ടകയായ ചൂളത്തെരുവ് ജയച്ചിത്രയിൽ **ഭക്തകുചേല** ഭക്തിസാന്ദ്രമായി രണ്ടാംവാരം ഓടുന്നു.

ശരി! ഭക്തകുചേലയെങ്കിൽ ഭക്തകുചേല, കൊട്ടക ഭക്തിക്ക് ശേഷമാകാം ക്ഷേത്ര ഭക്തി. തീരുമാനിച്ചുറപ്പിച്ചതുപോലെ രാജപ്പനും കൂട്ടരും ജയച്ചിത്രയിലേക്ക്. സിനിമ തുടങ്ങി. ഭക്തരെ ഇടവേളയ്ക്ക് ശേഷവും പിടിച്ചിരുത്തുന്നതിനായി അല്പം മസാലയും കൊട്ടകക്കമ്മിറ്റി ചേർത്തു(അടുത്ത ദിവസത്തേക്ക് കൂടുതൽ ഭക്തരെ ആകർഷിക്കുന്നതിനാണോ ഇത് ചെയ്യുന്നതെന്ന് അപ്പുണ്ണിക്കറിയില്ല..).

കാലക്കേടോ അതോ മസാലക്കേടോ എന്തോ, കാഴ്ചച്ചരട് പൊട്ടി!. മുന്നറിയിപ്പില്ലാതെയുള്ള പ്രദർശന തടസ്സം. കൊട്ടകയുടെ അകത്തളം തികച്ചും നിശബ്ദം!. രസംപിടിച്ചിരുന്ന രാജപ്പന്റെ നിയന്ത്രണം വിട്ടു. രാജപ്പൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: ''മുതലാളീ.. കാശ് മുതലായില്ല... ഒന്നുംകൂടെ ഇട്..''

രാജപ്പന്റെ മുട്ടാവശ്യം മനസ്സിലാക്കിയ കൊ.പ്ര.(**കൊട്ടക പ്രൊ**പ്രയിറ്റർ)ഇട്ടപ്പോൾ പകുതിക്കുവച്ച് പൊട്ടിപ്പോയ മസാലച്ചരട്(തന്റെ വിലപിടിപ്പുള്ള പ്രേക്ഷകന്റെ ആവശ്യപ്രകാരം)ഒന്നുംകൂടി കാണിച്ച് പ്രശ്നം പരിഹരിച്ചു. രാജപ്പൻ തൃപ്തൻ.., രാജപ്പന്റെ ഒപ്പമിരുന്നവർ പൂർണ്ണതൃപ്തർ.., അങ്ങനെ കൊട്ടകയാകെ സംപൂർണ്ണ സംതൃപ്തർ ●

രാഷ്ട്രീയ പ്രസംഗത്തിൽ നേതാവ് ആഹ്വാനം ചെയ്തു : ''നമ്മൾ സ്വയംപര്യാപ്തത നേടണം. നമ്മൾ നേടിയാൽ നമ്മളിലൂടെ നമ്മുടെ രാജ്യവും സ്വയംപര്യാപ്തമാകും..'' പ്രസംഗം കേട്ടിരുന്ന രാജപ്പനിൽ ഒരു മിന്നലാട്ടം.

ശരി. അങ്ങനെയെങ്കിൽ വാറ്റടിക്കുന്ന എനിക്ക് വാറ്റിയടിച്ചുകൂടെ..? ആവശ്യത്തിന് ഉപയോഗിക്കാം. ബാക്കിയുണ്ടെങ്കിൽ വരുന്നവർക്കും അൽപസ്വൽപം കൊടുത്ത് കാശാക്കാം. അപ്പോൾ അവരും പര്യാപ്തരാകും നാടും സ്വയംപര്യാപ്തമാകും. പ്രാവർത്തികമാക്കാൻ പറ്റാത്ത ചിന്തകൾ ചിന്തകളേയല്ല, സ്വന്തം തത്വം നടപ്പിലാക്കാൻ രാജപ്പൻ തീരുമാനിച്ചു. വാറ്റിൽ നേരത്തെ പേറ്റന്റ് എടുത്തവരെ അദ്ദേഹം സമീപിച്ചു. എല്ലാവരും ഇരുകൈകളും ശിരസ്സിൽവെച്ച് (അവരവരുടെ ശിരസ്സിനുപിന്നിൽ വെച്ചല്ല!!) രാജപ്പനെ അനുഗ്രഹിച്ചു. നന്നായി വരട്ടെ.. (നന്നായി വാറ്റട്ടെ..!!).

ആവശ്യംവേണ്ട അൻസാരികൾ രാജപ്പനൊപ്പിച്ചു(രാജപ്പൻ മനസ്സുവെച്ചാൽ ഒറ്റരാത്രികൊണ്ട് എന്തും ഒപ്പിക്കും.). ശർക്കര, കോട കലക്കാൻ ചരുവം, അടുപ്പ്, ഗ്യാസ്, കലം, ഫിനിഷ്ട് പ്രോഡക്ട് ശേഖരിക്കാൻ കുഴൽ(പൈപ്പ്), ഒരു കന്നാസ്, മറ്റൊരു കന്നാസ്, വേറൊരു കന്നാസ്(അകെ മൂന്ന് കന്നാസ്.). എല്ലാം തയ്യാർ. ഇനി സാധനം തയ്യാറാക്കണം. തയ്യാറായാൽ ചൂടപ്പംപോലെ വിറ്റുപോകും. അത്രയ്ക്ക് ഡിമാൻഡ്. ലാഭം കൂട്ടിയാൽ മൊത്തം ലാഭം. ''വിറ്റവിലയിൽനിന്നും വാങ്ങിയ വില കിഴിച്ചാൽ ലാഭമായി''(കണക്ക് സാറിന് നന്ദി!). സർവ്വത്ര ലാഭം.

പഞ്ചായത്ത് ചാലിറമ്പിൽ പണി തകൃതിയായി നടന്നു. □തനി സാധനം□ കിട്ടുന്നത് കിട്ടുന്നത് ആവശ്യക്കാർക്ക് കൊടുത്തു. തൃപ്തരായ ഒരു ജനസമൂഹത്തെ വാർത്തെടുക്കാൻ(വാറ്റിയെടുക്കാൻ) രാജപ്പൻ ശരിക്കും ശ്രമിച്ചു. നിന്നടിക്കാൻ (നിൽപ്പനടിക്കാൻ) വഴിപോക്കർ ചാലിറമ്പിൽ വരും. ഇരുപതുരൂപ മുതലുംലാഭവും കണക്കാക്കി രാജപ്പൻ ഗ്ലാസ്സിൽ നല്ല സൊയമ്പൻ സാധനമൊഴിക്കും. വേണ്ടവർക്ക് കട്ടവീര്യം കുറയ്ക്കാൻ നല്ല വെള്ളം, വീട്ടിലെ കിണറ്റിൽനിന്ന് കൊണ്ടുവന്നത് ഗ്ലാസ്സിലേക്ക് ഒഴിച്ചുകൊടുക്കും. കൊണ്ടു

www.malankaralibrary.com
വന്ന മിക്സ് വെള്ളം കാലിയാകുമ്പോൾ ചാലിലെ പഞ്ചായത്തുവെള്ളം ആവശ്യംപോലെ ഉപയോഗിക്കാം. പഞ്ചായത്തിന് വെള്ളക്കരം കൊടുക്കണ്ടാല്ലോ. ഗ്ലാസ്സ് ചാലിലേക്കൊന്ന് ചരിച്ചുപിടിക്കേണ്ട കാര്യമല്ലാ ഉള്ളൂ... ആകെ ശ്രദ്ധിക്കേണ്ടത് ചാലിലെ ഊപ്പയും പായലും ഗ്ലാസ്സിൽ കയറാതെ നോക്കണം. അല്ലെങ്കിൽത്തന്നെ വാറ്റിൽ എന്തോന്ന് ഊപ്പ..!

രാജപ്പന്റെ ചാലിറമ്പിലെ വാറ്റുവിൽപ്പന പരിസരത്തെ ലൈസൻസുള്ളവരുടെ വരുമാനം കുറച്ചു. അവർ നിയമപാലകരെ വിവരം അറിയിച്ചു. കാണേണ്ടവർ കാണേണ്ടപോലെ കണ്ടപ്പോൾ പാലകർ ചാലിറമ്പിൽ അന്വേഷണത്തിനെത്തി. കമ്പിക്ക് ചാലിറമ്പിൽ അവിടവിടെയായി ആഞ്ഞാഞ്ഞുകുത്തി. കുത്തുകൊണ്ട് ചാലിന്റെ മാടി ഉറച്ചത് മിച്ചം.

''ഒന്നും ഇല്ല സാറെ. വെറുതെ പറയുന്നതാ.. ഞാൻ കുടി നിർത്തി. അതുകൊണ്ട് എങ്ങും പൊകാറില്ല. അവർ എനിക്കിട്ട് പണിയുന്നതാ..'' രാജപ്പന്റെ ദീനരോദനം.

വന്നവർ വന്നപോലെ പൊയ്ക്കഴിഞ്ഞപ്പോൾ രാജപ്പൻ തന്റെ സ്ഥിരം ആൾക്കാർക്ക്(പറ്റുകാർക്ക്) സിഗ്നൽ കൊടുത്തു, ''ഇപ്പം ശരിയാക്കിത്തരാം..''

പുരയ്ക്കകത്തേക്ക് കയറിയ രാജപ്പൻ താറാവിനുള്ള തീറ്റയുമായി തിരികെയെത്തി. ഉറക്കെ വിളിച്ചു കൂവി:

''ബാ... ബാ... ബാ..., ഹൂ..യ്...''

വിദൂരതയിൽ വെള്ളത്തിൽ തെക്കുവടക്ക് കിഴക്കുപടിഞ്ഞാറ് വെറുതെ നീന്തിത്തുടിച്ചിരുന്ന താറാവുകൾ തീറ്റകണ്ട് തീരത്തെത്തി. തലയിൽ കറത്തപൂടയുള്ള ഒരെണ്ണത്തിന്റെ പിടലിക്കുപിടിച്ച് രാജപ്പനുയർത്തി. താറാവിന്റെ കാലിൽ കയറ്! കയറിന്റെ അറ്റത്ത് കുപ്പി!. കുപ്പിക്കുള്ളിൽ നല്ല സ്വയമ്പൻ വാറ്റ്. ആവശ്യത്തിന് ഒഴിച്ചെടുത്തശേഷം താറാവ് തിരികെ വെള്ളത്തിലേക്ക്. കൂടെ കാലിലെ കയറും കുപ്പിയും.

''താറാവാകുമ്പോൾ പേടിക്കണ്ട, സാധനം വെള്ളത്തിൽ തണുത്ത് കിടന്നോളും..''

ഫ്രീ സർവ്വീസ്..! •

കിട്ടുന്നകാശെല്ലാം പട്ടയ്ക്ക് കൊടുക്കാതെ വീട്ടുകാര്യങ്ങൾക്ക് ഉപയോഗിക്കട്ടെ എന്നുചിന്തിച്ച് കൂട്ടുകാരും വീട്ടുകാരും ശേഷം നാട്ടുകാരും ചേർന്ന് രാജപ്പന്റെ പട്ടാഭിഷേകം നടത്തി. തട്ടിയും തപ്പിയും തരികിടകാട്ടിയും കെട്ടിക്കൊണ്ടുവന്ന പെണ്ണിനെ രാജപ്പൻ പരിപാലിച്ചു. അധികനാൾ കഴിഞ്ഞില്ല. പട്ടക്കെട്ട് മുറുകുമ്പോൾ രാജപ്പന് കെട്ടിയ പെണ്ണിൽ ഡൗട്ട്!. അവളുടെ മേക്കിട്ട് കയറാൻ തുടങ്ങി. വാടക വീട്ടിൽനിന്ന് ഇടിയും നിലവിളിയും ഉയർന്നു.

ആഹാരത്തിനുള്ള വകകൾ കൊണ്ടുക്കൊടുക്കുന്നത് പതിവാണെങ്കിലും ''ഇന്നിവിടെ ആരൊക്കെ വന്നെടീ..'' എന്നുള്ള രീതിയിലായി കാര്യങ്ങൾ. മിണ്ടാപ്രാണി ഭാര്യ സർവ്വവും സഹിച്ചു. ചോദിക്കാനും പറയാനും ആങ്ങളമാർ ഇല്ലാത്തതിനാൽ കൊണ്ടുനിൽക്കുകയല്ലാതെ മറ്റെന്തുമാർഗ്ഗം?. നാട്ടുകാർ ഇടപെട്ടാൽ പിന്നെ പീഡനം അവരുമായിട്ടാണെന്ന് രാജപ്പൻ പറയും. ആത്മാഭിമാനം പേടിച്ച് നാട്ടുകാർക്ക് മിണ്ടാട്ടം മുട്ടി.

''വീയപുരം പുഞ്ചയിൽ ഒരാഴ്ചത്തെ പണിയുണ്ട്. നാളെ അതിരാവിലെ ഞാൻ അവിടേക്ക് പോകും. ഒരാഴ്ച കഴിഞ്ഞേ തിരികെ വരൂ...'' ഒരു ദിനം രാജപ്പൻ ഭാര്യയോട് പറഞ്ഞു.

ഇന്റെർവെല്ലില്ലാതെ ഇടിക്കുമെങ്കിലും ഭർത്താവിനോടുള്ള സ്നേഹത്തിന് ഒട്ടും കമ്മി വരുത്താത്ത ഭാര്യ ''ഇവിടുത്തെ പണിയൊക്കെ പോരെ ചേട്ടാ.., ദൂരേയ്ക്ക് പോകണ്ടാ'' എന്നുപറഞ്ഞ് തടഞ്ഞെങ്കിലും ''പോയേ പറ്റൂ..'', രാജപ്പന്റെ കടുംപിടുത്തം കാരണം അവൾ സമ്മതിച്ചു. ''ശരി ചേട്ടന്റിഷ്ടംപോലെ പോയി വാ...''

പിറ്റേന്ന് പുള്ളുറങ്ങുന്നമുമ്പേ രാജപ്പൻ കുട്ടിത്തോർത്തും മറുകൈലിയും പൊതിഞ്ഞ് കക്ഷത്തിലാക്കി യാത്രപുറപ്പെട്ടു.

ഉച്ചയോടുകൂടി വാടകവീട്ടിൽ ഉറക്കെ സംസാരം, നെഞ്ചത്തിടി, ബഹളം, കരച്ചിൽ.... നാട്ടുകാർ പുരയ്ക്കു ചുറ്റും തിങ്ങിക്കൂടി.

''എന്താ..? എന്താ..?'' അപ്പുണ്ണിക്കൊപ്പം രണ്ടാംഭാഗം കാണാനെത്തിയവർ ചോദിച്ചു.

വീയപുരത്ത് പോകാനിറങ്ങിയ രാജപ്പൻ കറങ്ങിത്തിരിഞ്ഞ് പിൻവാതിലിലൂടെ പുരയ്ക്കകത്തുള്ള തട്ടിൻപുറത്ത് കേറി. ''ഭാര്യാകാമുകനെ ഇന്ന് കയ്യോടെ പൊക്കണം!!'' രാജപ്പൻ തട്ടിൽ കമിഴ്ന്നുകിടന്നു. ബീഡിവലി ശീലമുള്ള രാജപ്പൻ തട്ടിൻപുറത്ത് കിടന്ന് ബീഡിവലിച്ചു. പുകയടിച്ചപ്പോൾ ഭാര്യ നാട്ടുകാരെ വിളിച്ചുകൂട്ടി.

''തട്ടിൻപുറത്ത് ആരോ ഒളിച്ചിരിപ്പുണ്ട്...''

ഓണത്തേങ്ങ പെറുക്കിയിടുന്ന മച്ചിൻപുറം കണക്കാക്കി നാട്ടുകാർ പാരക്കോലും കുറുവടിയും പത്തലും ശക്തിയായി പ്രയോഗിച്ചു. ഇരിക്കപ്പൊറുതിയോ.. അതോ കിടക്കപ്പൊറുതിയോ.. ഇല്ലാതെ രാജപ്പൻ തട്ടിൻപുറത്തുനിന്നും താഴെയിറങ്ങി.

വെളുക്കെ ചിരിച്ചുകൊണ്ട് നിൽക്കുന്ന രാജപ്പനെ നാട്ടുകാർ എന്തുചെയ്യാൻ?

ആരോ രാജപ്പന്റെ പിതാവിനെ വിവരം അറിയിച്ചു. അദ്ദേഹം സംഭവസ്ഥലത്ത് ഉടനെ ഹാജരായി. വന്നവഴി രാജപ്പന്റെ മോന്തനോക്കി ഒന്നുകൊടുത്തു. ശേഷം വയ്പ്പുപല്ലുള്ള വായാലെ ഇംഗ്ലീഷിൽ ഒറ്റവിളി ''എടാ.. റാസ്ക്കോലെ..'' •

www.malankaralibrary.com

രാജപ്പന്റെ മൂത്ത സഹോദരനായ രാഘവന് നല്ല അനുസരണയും തടിമിടുക്കുള്ള ഒരുജോടി കാളകളുണ്ട്. ആദിത്യഭഗവാൻ വെള്ളകീറാൻ കിഴക്ക് വരുമുമ്പേ രാഘവൻ കാളകളുമായി ചക്കുളങ്ങര പാടത്തെത്തും. തനിക്ക് പഴങ്കഞ്ഞിയും കാളകൾക്ക് കാടിയും പിണ്ണാക്കും ഏകദേശം എട്ടുമണിയാകും മുൻപേ വയലിറമ്പിൽ പത്നി കുട്ടിയമ്മ എത്തിക്കണമെന്നുള്ളത് അലിഖിതനിയമമാണ്. വീഴ്ച വരുത്താതെ കുട്ടിയമ്മ അത് പാലിക്കാറുമുണ്ട്.

കന്നിക്കൊയ്ത്ത് കഴിഞ്ഞ പാടം, ഞാറുകൾ പറിച്ചുനട്ട് അടുത്ത വിളവിറക്കുന്നതിനായി വയലുകളൊന്നൊന്നായി രാഘവൻ ഉഴുതുമറിച്ചു തുടങ്ങി. സമയം മുൻപോട്ട്. എട്ട്... ഒൻപതായി.. ഒൻപതരയായി.. രാഘവൻ കാളകളെ നിലത്തിൽത്തന്നെ ആങ്കറിട്ട് നിറുത്തി. വീട്ടിലേക്ക് നടന്നു.

കുട്ടികളുടെ സ്കൂളിൽ പോക്കും ഉണങ്ങാത്ത വിറകും കാരണം ആകെ വിഷമത്തിലായിരുന്ന കുട്ടിയമ്മ ദേഷ്യത്തിൽ രാഘവനോട് കയർത്തു. എടുത്തകൈക്ക് രാഘവൻ കുട്ടിയമ്മയെ തല്ലി. തല്ലുകൊണ്ട കുട്ടിയമ്മ "ഇനി താൻ ജീവനോടിരിക്കില്ല.."എന്ന ഉറച്ച തീരുമാനത്തിൽ പാടത്തിന്റെ നടുക്കുള്ള വടക്കേ ചാലിലേയ്ക്ക് നടന്നു. രാഘവൻ അടുത്തുനിന്ന തൈത്തെങ്ങിൽനിന്നും ഒരു തുഞ്ചാണി വെട്ടി, മുൻപേ പോകുന്ന കുട്ടിയമ്മയെ തല്ലി നടത്തി.

"നടക്കെടീ.."

കാളയെ അടിക്കുന്ന ലാഘവത്തോടെ രാഘവൻ കുട്ടിയമ്മയെ പിറകെ നടന്ന് പൊതിരെ തല്ലി. രാഘവന്റെ കൈക്കരുത്തിനെ ഭയപ്പെടുന്ന അയൽക്കാർ വാക്കുകൾകൊണ്ട് തടുക്കാൻ ശ്രമിച്ചതല്ലാതെ ശരീരംകൊണ്ട് ഇടയ്ക്ക് കയറിയില്ല. ചാലിന്റരികുവരെയും രാഘവൻ കുട്ടിയമ്മയെ തല്ലി നടത്തി. ചാലിറമ്പിലെത്തിയ കുട്ടിയമ്മ ചാലിലേക്ക് ചാടാതെ പേടിച്ചുനിന്നു.

"ഹെന്തേ... ചാടുന്നില്ലേ..?"

പേടിച്ചുവിറച്ച് നിന്ന കുട്ടിയമ്മയെ രാഘവൻ പൊക്കിയെടുത്ത് ചാലിലിട്ടു. കുറേ വെള്ളം കുടിച്ച് മുങ്ങിപ്പൊങ്ങിയ കുട്ടിയമ്മയെ രാഘവൻ തന്നെ ചാലിലിറങ്ങി കരയ്ക്ക് കയറ്റി.

"നടക്കെടീ.. വീട്ടിലേക്ക്.. മേലിൽ ഭീഷണി ഹെന്നോട് ബേണ്ടാ.." തുഞ്ചാണിക്ക് ഒന്നുംകൂടി നൽകി രാഘവൻ കുട്ടിയമ്മയെ വീട്ടിലേക്ക് തിരികെനടത്തി. രാഘവനും കുട്ടിയമ്മയും എഴുപത് വർഷക്കാലം ഒന്നിച്ചുജീവിച്ചു എന്നത് വേറെകാര്യം! ●

രാജപ്പന്റെ അമ്മാവനാണ് കൊച്ചാപ്പു. പ്രായഭേദമെന്യേ അപ്പുണ്ണിക്ക് കൂട്ടുകാരുള്ളതിനാൽ പടിഞ്ഞറെ ജംങ്ഷനിൽ പലചരക്കുകട നടത്തുന്ന കൊച്ചാപ്പുവും അപ്പുണ്ണിയുടെ സുഹൃത്താണ്. സൗഹാർദ്ദത്തിൽ സംസാരിക്കുന്നതിനൊപ്പം ആരേയും പുച്ഛത്തോടെ കാണുകയും അഭിപ്രായം പറയുകയും ചെയ്യുന്ന ചില ആൾക്കാർ നമുക്ക് ചുറ്റും കാണുമല്ലോ, അക്കൂട്ടത്തിലുള്ള ഒരാളാണ് കൊച്ചാപ്പു.

ഒരു പ്രഭാതത്തിൽ അപ്പുണ്ണി കൊച്ചാപ്പുവുമായി അപ്പുണ്ണിയുടെ വീടിന്റെ മുൻപിൽനിന്ന് നാട്ടുകാര്യങ്ങൾ സംസാരിച്ചുകൊണ്ട് നിൽക്കുന്ന അവസരം.

ദാ നടന്നുവരുന്നു ഇന്ത്യൻ മിലിട്ടറിയിൽ ജോലിനോക്കുന്ന റഫീക്ക് ചേട്ടൻ. സൗഹൃദം പുതുക്കുന്നതിനും മിലിട്ടറിയിലെ വിശേഷങ്ങൾ അറിയുന്നതിനും അപ്പുണ്ണി ചോദിച്ചു.

"എപ്പോൾ വന്നു ചേട്ടാ..?, യൂണിറ്റ് ഇപ്പോൾ എവിടെയാണ്..?, എന്നത്തേക്ക് തിരികെ പോകണം..?" അപ്പുണ്ണിയുടെ ചോദ്യനിരകൾ തുടർന്നു. ചോദ്യങ്ങൾക്ക് റഫീക്ക് ചേട്ടൻ കൃത്യമായ മറുപടിയും പറഞ്ഞു. അപ്പുണ്ണിയുടെ അവസാന ചോദ്യം: "കഴിഞ്ഞമാസം പാകിസ്ഥാനുമായി വലിയ പ്രശ്നമായിരുന്നല്ലോ, അതിർത്തിയിലേക്ക് ചേട്ടനും പോയിരുന്നോ..?"

"ഇല്ല അപ്പുണ്ണി, ഞാൻ പോയില്ല. ഞങ്ങളുടെ യൂണിറ്റ് പോകണ്ടതായ ആവശ്യം വന്നില്ല. അതിനുമുൻപേ പ്രശ്നങ്ങൾ ഒതുങ്ങി.." റഫീക്കുചേട്ടൻ നടന്നുനീങ്ങി. അദ്ദേഹം കണ്ണിൽനിന്ന് മറഞ്ഞപ്പോഴേക്കും കൊച്ചാപ്പുവിന്റെ കമന്റെത്തി.

"അവന് പോകേണ്ടി വന്നില്ലത്രേ, ഹോ.. കാര്യമായി. എടാ അപ്പുണ്ണി.., നിനക്കറിയാമോ..? ഇവനില്ലേ ഈ പഹയൻ അവൻ അവിടുത്തെ ബാന്റുമേളക്കാരനാ; മിലിട്ടറിയിലെ തമ്പേറടിക്കാരൻ.. തമ്പേറടി. **ഫൂ**..."

ദാ വരുന്നു അടുത്തത്.

സൈക്കിളിൽ വന്നയാൾ അപ്പുണ്ണിയോട് ചോദിച്ചു:

"കായംകുളം കോളേജിൽ പഠിപ്പിക്കുന്ന പ്രൊഫസർ വർഗ്ഗീസിന്റെ വീടേതാ...?"

അപ്പുണ്ണി വന്നയാൾക്ക് വീട്ടിലേക്കുള്ള വഴി പറഞ്ഞുകൊടുത്ത് അദ്ദേഹത്തെ യാത്രയാക്കി. വന്നയാൾ പടിഞ്ഞാറെ വടക്കേത്തറ വളവുതിരിഞ്ഞ് മറഞ്ഞയുടൻ കൊച്ചാപ്പുവിന്റെ കമന്റെത്തി.

"ആ.. യെന്തിരവൻ എന്താടാചോദിച്ചത്..? കോളേജ് പ്രൊഫസർ വർഗ്ഗീസിന്റെ വീടോ..? എടാ.. അവൻ അവിടുത്തെ പ്രൊഫസറല്ല. പീയൂണല്ലേ.. പീയൂൺ. **ഫൂ**..."

റോഡിൽ പുച്ഛരസം പറയുന്ന കൊച്ചാപ്പു വീട്ടിൽ ചെന്നുകയറിയാൽ ഹാസ്യരസം തുടങ്ങും.

ഒട്ടിയവയറുമായി പടി കടന്നെത്തുന്ന പിച്ചക്കാരൻ "കഞ്ഞികുടിക്കാൻ വല്ലതും തരണേ ചേട്ടാ..."എന്നുപറഞ്ഞാൽ

"പ്ലാവില വേണോ അതോ സ്പൂൺ വേണോ..?" എന്ന് പിച്ചക്കാരനോട് കൊച്ചാപ്പു തിരിച്ചുചോദി

www.malankaralibrary.com

ക്കും.

ചോദിച്ചത് തിരുത്തി പിച്ചക്കാരൻ വീണ്ടും ചോദിക്കും ''ചേട്ടാ.. കഞ്ഞികുടിക്കാൻ ചില്ലറ മതിയേ..'' ഉടനെതന്നെ കൊച്ചാപ്പു അടുത്തത് ഇറക്കും. ''എത്ര രൂപയുടെ ചില്ലറയാ വേണ്ടത് ?''

അങ്ങനെ പിച്ചക്കാരനെ പോലും കൈകാര്യം ചെയ്യുന്ന ആളാണ് നമ്മുടെ കൊച്ചാപ്പു ●

ഓണാട്ടുകരയിലെ ഉത്സവങ്ങൾക്ക് മാറ്റ് കൂട്ടുന്നത് കെട്ടുത്സവങ്ങളാണ്. ചെട്ടികുളങ്ങരയിലെ തേരും കുതിരയും ഓച്ചിറയിലും നൂറനാട് പടനിലത്തെ നന്ദികേശ രൂപ കെട്ടുത്സവങ്ങളും (പാലയുടെ തടികളാണ് ഉപയോഗിക്കുന്നത്) ഓണാട്ടുകരയുടെ പൈതൃകമാണ്. കെട്ടുത്സവങ്ങളുടെ ഗ്രാമം എന്നറിയപ്പെടുന്ന നൂറനാട്ട് നിന്നുള്ള ശില്പികളാണ് കേരളത്തിൽ കെട്ടുത്സവങ്ങൾ നടത്തുന്നതിന് മുഖ്യപങ്ക് വഹിക്കുന്നത്.

ഇന്ന് കുംഭമാസത്തിലെ ഭരണിദിനം. ഓണാട്ടുകരയുടെ തലപ്പൊക്കത്തിന്റെ ഉത്സവമായ ചെട്ടികുളങ്ങര കുംഭഭരണി പൊടിപൊടിക്കുന്നു. ഒരുങ്ങേണ്ടവർ ഒറ്റയ്ക്കും പെട്ടയ്ക്കും പ്രഭാതംതൊട്ടേ ഒരുങ്ങിത്തുടങ്ങി. തട്ടാർ ജംങ്ഷനിൽ സാധാരണ വൈകിട്ട് എട്ടുമണിക്ക് കടകളടച്ചുതുടങ്ങും. എന്നാൽ എല്ലാ കടകളും അടച്ചിട്ടും കൊച്ചാപ്പുവിന്റെ പലചരക്കുകട മാത്രം അടച്ചിട്ടില്ല. കടയുടെ മുൻപിലെ തട്ടിൻമേലെ താടിക്ക് കയ്യുംകൊടുത്ത് ചാക്കോയിരിപ്പുണ്ട് കൂടെ രാജനും(ഭീകരൻ). ജംങ്ഷനിലുള്ള രാധാകൃഷ്ണൻ ചേട്ടന്റെ **രാജ്മോഹൻ മെഡിക്കൽസ്റ്റോറി**ൽനിന്നും മരുന്ന് വാങ്ങാനെത്തിയ അപ്പുണ്ണി കൊച്ചാപ്പുവിന്റെ കടയടയ്ക്കാത്തതിന്റെ കാരണം ചാക്കോയോട് തിരക്കി.



''കടയ്ക്കുള്ളിലെ അലമാരക്കുപിന്നിൽ കട ഉടമയെ ചാരിയിരുത്തിയിട്ടുണ്ട്. കുംഭഭരണി ആഘോഷിച്ച് അടിച്ചുപെരുത്തിരിക്കുന്ന സാധനത്തെ വീട്ടിലെത്തിക്കാതെ എങ്ങനെ കടയടച്ച് നിരക്കമ്പിയിടും, ധർമ്മസങ്കടം, സഹായിച്ചേപറ്റൂ..''

അപ്പുണ്ണി സമീപത്തുള്ള ഉണ്ണിച്ചേട്ടനെ വിളിച്ച് കാര്യമുണർത്തി, അദ്ദേഹവും നല്ലപോലെ ഭരണി ഒരുങ്ങിയിരിക്കുകയാണ്(ചെട്ടികുളങ്ങര കുംഭജാർ പൗഡർ പൗഡേഡ്)എങ്കിലും വരാമെന്നേറ്റു.

''പണിയായല്ലോ..!'', പക്ഷേ ചെയ്യാതിരിക്കാൻ നിർവ്വാഹമില്ല, വീട്ടിൽ ചേച്ചിയും രണ്ടുമക്കളും കൊച്ചാപ്പുവിനെ കാത്തിരിക്കും. സാധനം വീട്ടിലെത്തിയില്ലെങ്കിൽ മഹാകഷ്ടമാകും. വീട്ടുകാർ കൊച്ചാപ്പുവിനെ എവിടെപ്പോയി അന്വേഷിക്കാൻ..?.

ഉണ്ണിയേട്ടൻ എവിടെനിന്നോ വലിയ കാരിയറുള്ള ഒരു ലോഡുസൈക്കിൾ കൊണ്ടുവന്നു. ഭീകരനും അപ്പുണ്ണിയും ചാക്കോയും കൂടി കൊച്ചാപ്പുവിനെ ഒരുവിധത്തിൽ താങ്ങിയെടുത്ത് ലോഡ്സൈക്കിളിന്റെ കാരിയറിൽ കാല് ഇരുപുറവും വരത്തക്കവണ്ണം ഇരുത്തി, സീറ്റിൽ പിടിപ്പിച്ചു. ചെട്ടികുളങ്ങര ക്ഷേത്രത്തിലേക്ക് തേര് വലിക്കുകയും തള്ളുകയും ചയ്യുന്ന ലാഘവത്തിൽ നാലുപേരും ലോഡുസൈക്കിളിലേറിയിരിക്കുന്ന കൊച്ചാപ്പുവിനെ ഉന്തി, കല്ലുമൂട്ടിലുള്ള വീട്ടുവാതിൽക്കലെത്തിച്ചു. കുംഭഭരണി രഥം അങ്ങനെ എത്തേണ്ടിടത്ത് എത്തി. പക്ഷേ! ഇനിയാണ് പ്രധാനപ്രശ്നം ആര് കതകിൽ മുട്ടും..?, മുട്ടുന്നവനെ വീട്ടുകാർ വെട്ടുകയോ തട്ടുകയോ ചെയ്തേക്കാം, ''നീയൊക്കെക്കൂടി കുടിപ്പിച്ചിട്ട് കൊണ്ടുവന്നിരിക്കുന്നു പാതിരാത്രിയിൽ..!'', എന്നുപറഞ്ഞാൽ തീരില്ലേ നമ്മുടെ അഭിമാനം..?.

പെട്ടുപോയെങ്കിലും കൊച്ചാപ്പുവിനെ അടഞ്ഞുകിടക്കുന്ന പ്രധാനവാതിലിന്റെ മുൻപിൽ ഒരുതരത്തിലിരുത്തി. ഭിത്തിയിൽ ചാരിയിരുത്തി എന്നുപറയുന്നതാകും കൂടുതൽ ശരി. അകത്തെ വെളിച്ചത്തിൽ മുഖം കാണാത്ത തരത്തിൽ കാളിങ്ബെല്ലിൽ വിരലമർത്തി അപ്പുണ്ണി ഉറക്കെപറഞ്ഞു:

''ചേച്ചിയേ., ഒരു സാധനം വെളിയിൽ വെച്ചിട്ടുണ്ടേ.., അകത്തോട്ട് എടുത്തോണെ..''

പിന്നെ ഒട്ടും താമസിച്ചില്ല, എല്ലാവരും സ്ഥലം കാലിയാക്കി..! ●

അവൾ ലൈല, കൊച്ചാപ്പുവിന്റെ മകൾ. പെൺകുട്ടി കാണാൻ സുന്ദരി, പഠനം പൂർത്തിയാക്കി അദ്ധ്യാപികയായി ഗവ.സ്കൂളിൽ ചേർന്നു. അദ്ധ്യാപനത്തിലും മിടുമിടുക്കി. വിവാഹപ്രായമായതിനാൽ ധാരാളം ആലോചനകൾ നാടിന്റെ നാനാ ഭാഗങ്ങളിൽനിന്നും വന്നുതുടങ്ങി. നാൾദോഷം, ദൃഷ്ടിദോഷം, പൊരുത്തമില്ലായ്മ ഇങ്ങനെ ഓരോരോ കാരണങ്ങളാൽ ഓരോരുത്തർ ഒഴിഞ്ഞുപോയി. പൊരുത്തമൊത്തു

www.malankaralibrary.com
പക്ഷേ പെൺകുട്ടിക്ക് ഒട്ടും ഇഷ്ടം തോന്നാത്ത പയ്യന് പെണ്ണിനെ കെട്ടിയേ തീരൂ.., കിട്ടിയേ തീരൂ. ഒരുതരം ഉടുമ്പ് പിടുത്തം. ഒരു തരത്തിലും വിട്ടൊഴിയുന്നില്ല. ആലോചന ഒഴിവാക്കാൻ അവസാനം വജ്രായുധം തന്നെ പ്രയോഗിച്ചു. കൊച്ചാപ്പുവിന്റെ അല്ലെ മകൾ..!, പയ്യന്റെ അച്ഛന് ഒരു കത്ത്.

''നിങ്ങളുടെ മകന് ആലോചിക്കുന്ന പെണ്ണിന് പരപുരുഷ ബന്ധമുണ്ട് അതുകൊണ്ടല്ലേ അവൾ ഇത്രയായിട്ടും കെട്ടാതെ നിൽക്കുന്നത്. നിങ്ങളെ എനിക്കറിയാവുന്നതുകൊണ്ടും പിന്നീട് എനിക്ക് മനഃസാക്ഷിക്കുത്ത് ഉണ്ടാകാതിരിക്കാനുമാണ് എഴുതി അറിയിക്കുന്നത് സ്നേഹപൂർവ്വം സമീപവാസി...''

ഇഷ്ടപ്പെട്ട ആളിനൊപ്പം ലൈലയുടെ വിവാഹം ആറുമാസത്തിനുള്ളിൽ ആർഭാടപൂർവ്വം നടന്നു. ''വേണമെങ്കിൽ വേല വിരൽത്തുമ്പിലും'' എന്നല്ലേ ചൊല്ല്..? ●

# 28 താനാരുവാ....?, ജെ.കെ.ജി.

സോവിയറ്റ് റഷ്യയുടെ ചാരസംഘടനയുടെ പേരല്ല ജെ.കെ.ജി. അത് കെ.ജി.ബി. എന്നാലും ആരണ്ണാ ഈ ജെ.കെ.ജി..?.

അപ്പുണ്ണിയുടെ ബികോം ഡിഗ്രി പഠനകാലത്തിന്റെ അവസാനമായ മൂന്നാംവർഷം. മുതുകുളം കോളേജ് ഓഫ് ആർട്സിൽ ഇത് അഞ്ചാം വർഷം(പ്രീഡിഗ്രിയും ഇതേസ്ഥാപനത്തിൽ ആയിരുന്നു). ഒഴിഞ്ഞുപോകുന്ന സ്ഥാപനത്തിൽനിന്ന് ഒഴിയാതെ തന്റെപേരും നിൽക്കട്ടെ എന്ന മനോഗതിയോടെ മുൻനിരയിലെ പുത്തൻബഞ്ചിൽ തന്റെയും സഹപാഠികളുടെയും പേരുകൾ അപ്പുണ്ണി തങ്കലിപികളാൽ കൊത്തിവച്ചു(പേനാകൊണ്ട് ബഞ്ചിലെഴുതി എന്നും പറയാം). കല്ലിൽ കൊത്തിയ കവിതപോലെ അപ്പുണ്ണിയുടെയും സുഹൃത്തുക്കളുടെയും പേരുകൾ മുൻബഞ്ചിൽ തിളങ്ങി. ഹൈസ്കൂൾ തലത്തിൽ മുതുകുളം ഹൈസ്കൂൾ ക്ലാസ്സിന്റെ മുകളിലെ കഴുക്കോലിൽ അപ്പുണ്ണി പണ്ടും ഇത് ചെയ്തിട്ടുണ്ട്.

അന്നും പതിവുപോലെ സൂര്യഭഗവാൻ അറബിക്കടലിൽ പള്ളികൊണ്ടു, പിറ്റേന്ന് ചക്കുളങ്ങരപാടത്തിന്റെ കിഴക്കേമൊടിക്ക് ഉണർന്നെണീറ്റു. അപ്പുണ്ണിക്കും എല്ലാം പതിവുപോലെ. അപ്പൻ വാങ്ങിത്തന്ന ഹെർക്കുലീസ് തുരുമ്പ് മോഡലിൽ ആഞ്ഞുചവിട്ടി, ഹൈസ്കൂൾ ജംങ്ഷന് തെക്കുപടിഞ്ഞാറു(കന്നേൽ വീടിന് തെക്കുപുറം)വശമുള്ള മുതുകുളം ആർട്സ് കോളജിലേക്ക്.

കൂട്ടുകക്ഷികളെല്ലാം നേരത്തെ എത്തിയിട്ടുണ്ട്. മധുസൂദനൻപിള്ള, ശ്രീകുമാർ രാമകൃഷ്ണൻ, പോലീസ് ശ്രീകുമാർ, അനന്തകൃഷ്ണൻ, പട്ടര്, പട്ടാളം ബിജു.. അപ്പുണ്ണി ചെന്നതോടെ ക്വാറം തികഞ്ഞു.

''അപ്പുണ്ണിയെ പിള്ളസാർ വിളിക്കുന്നു..'' പീയുൺ പുരുഷോത്തമൻ അറിയിച്ചു.

അപ്പുണ്ണി വന്നവഴി ഓഫീസിലേക്ക്.

''ബഞ്ചിലെഴുതിയ പേരുകൾക്കൊപ്പം ആരോ വേറെ കൂട്ടിചേർത്തിട്ടുണ്ട്, പോയി നോക്ക്..?''

ആകാംക്ഷയോടെ അപ്പുണ്ണിയെ കാത്തിരുന്ന കൂട്ടർക്കൊപ്പം ക്ലാസ്സിലേക്ക്. കഴിഞ്ഞദിവസം മലയാള ഭാഷയിൽ മനോഹരമായി എഴുതിയ സൃഷ്ടിക്കൊപ്പം ആരോ എന്തോ കൂട്ടിച്ചേർത്തെഴുതിയിരിക്കുന്നുവത്രേ, എന്താണാവോ..?.

വെളുത്ത ബെഞ്ച് ക്ലാസ്സിന്റെ ഏറ്റവും മുന്നിൽത്തന്നെ ഇട്ടിട്ടുണ്ടായിരുന്നു.

''അപ്പുണ്ണിയാരാ.. കോപ്പിലെ രാജാവോ..?, ജെ.കെ.ജി...'' ഇതാരാടാ കൂവേ.. ജെ.കെ.ജി...?.

അപ്പുണ്ണിയോട് പിള്ളസാറിന്റെ തുടർച്ചയായ ചോദ്യം ''ജെ.കെ.ജി. ജയപ്രകാശാണോ?, ജയചന്ദ്രനാണോ?, ജയകൃഷ്ണനാണോ?, സാരമില്ല ഞാൻ കണ്ടുപിടിച്ചോളാം..''

ജെ.കെ.ജി. അന്വേഷണങ്ങൾ പിള്ളസാർ പലവഴിക്ക് നടത്തി. ഭൂത ഗണങ്ങൾ പലവഴിക്ക് അന്വേഷണം നടത്തി.. ഫലം നാസ്തി!.

കിഴക്കേപ്പുറത്തുള്ള തോട്ടിലൂടെ ധാരാളം വെള്ളം പലപ്പോഴായി ഒഴുകിപ്പോയി(മാസങ്ങളനവധി കഴിഞ്ഞു, എന്ന് സാരം).

''അപ്പുണ്ണിചേട്ടാ ഒന്ന് നിന്നേ..''പിന്നിൽനിന്നുള്ള വിളികേട്ട് അപ്പുണ്ണി നിന്നു.

''അല്ലാ ഇതാര്..? ജവഹറോ..? എന്തുണ്ട് വിശേഷം..?, സുഖമാണോ..?''

''സുഖംതന്നെ ചേട്ടാ..., ഒരുപാട് നാളായി വിചാരിക്കുന്നു ഒരു വിവരം പറയണമെന്ന്.''

''എന്താ..''അപ്പുണ്ണിയുടെ ആകാംക്ഷ വർദ്ധിച്ചു.

''അന്ന് ആർട്സിലെ പേരിനൊപ്പം ബാക്കിയെഴുതി ജെ.കെ.ജി. എന്നാക്കിയത് ഞാനാണ്. പിള്ളസാർ പലരേയും ചോദ്യം ചയ്തിരുന്നു. നമ്മൾ തമ്മിലുള്ള സ്നേഹബന്ധം സാറിനറിയില്ലായിരുന്നു അതുകൊണ്ട് ഞാൻ രക്ഷപെട്ടു..!''

''എടാ കള്ളാ..''(ക്ഷമിക്കണം, ഈ കഥ എഴുതുമ്പോൾ ജവഹർ കേരളാ പോലീസിലാ!)

സംഭവബഹുലമായ അഞ്ചുവർഷങ്ങൾ അപ്പുണ്ണി മുതുകുളം കോളേജ് ഓഫ് ആർട്സിൽ വിജയകരമായി പൂർത്തിയാക്കി. അപ്പുണ്ണിക്ക് അറിവിന്റെ വഴിതെളിക്കാൻ എൽ. വേലായുധൻ പിള്ള, ശശിധരൻ പിള്ള,

www.malankaralibrary.com
രമാദേവി ടീച്ചർ, ശ്യാമള ടീച്ചർ, രാമപുരം ദാമോദരൻ ആചാരി (രാമപുരം രാധാകൃഷ്ണൻ സാറിന്റെ പിതാവ്. ആചാരിസാർ നിരവധി പുസ്തകങ്ങളുടെ രചയിതാവും അഭിനേതാവുമാണ്. **പാതകി** - സാറിന്റെ ഒരു ഹാസ്യ നാടകമാണ്. കൂടാതെ മനുഷ്യമൃഗം(നാടകം)മിശ്രവിവാഹം, തച്ചന്റെ ഭാര്യ(നോവലുകൾ)), വേണുകുമാർ, മുരളീധരൻ പിള്ള, മധുസൂദന കുറുപ്പ്, അജയകുമാർ, ശിവകുമാർ. എന്നിങ്ങനെ കുറെ ഗുരുക്കൻമാർ അവിടെ ഉണ്ടായിരുന്നു. ഒപ്പം കുറെയേറെ നല്ല കൂട്ടുകാരികളും.

സലാം.. കോളേജ് ഓഫ് ആർട്സ് ●

# 29 സഹജീവികളും ഒറ്റമൂലിയും

ടോമിയും അമ്മിണിയും അപ്പുണ്ണിയുടെ രണ്ട് സഹജീവികളാണ്.

ചെങ്ങന്നൂരിലെ ജോയി അളിയന്റെ(കൊച്ചു പെങ്ങളുടെ ഭർത്താവ്)ബന്ധുവായ മൃഗഡോക്ടറിൽ നിന്നാണ് അപ്പുണ്ണിക്ക് ടോമിയെ കിട്ടിയത്, രണ്ടുമാസം പ്രായമുള്ള നായ്ക്കുട്ടി. അന്നുമുതൽ അപ്പുണ്ണി കഴിക്കുന്നതിൽ ഒരുപങ്ക് അവനും ഉള്ളതാണ്. ചായ, ബിസ്ക്കറ്റ്, ചോറ് എന്നുവേണ്ട അപ്പുണ്ണിയുടെ വായനങ്ങിയാൽ അവൻവന്ന് മുന്നിലിരിക്കും. അവനെ കെട്ടിയിടേണ്ടകാര്യമില്ല, വീടിന്റെ പരിസരംവിട്ട് എങ്ങുംപോകില്ല. ഒന്നാം വയസ്സുമുതൽ അവന്റെ പരാക്രമങ്ങൾ തുടങ്ങി. മാളം മാന്തി എലിയെ പിടിക്കും. അവനേക്കാളും തൂക്കംവരുന്ന ഇഴജന്തുക്കളെ കടിച്ചുകുടയും. പൂച്ചകളെ ഓടിച്ച് മരത്തിൽ കയറ്റും. മരത്തിനുതാഴെ അവനും കൂനിയിരിക്കും. ഇരുന്ന് ക്ഷീണിച്ചാൽ അവിടെ കിടക്കും. ''നീ അവിടിരി, ഞാനിവിടെ കിടക്കാം, താഴെ വരാതെ സമ്മാനമുണ്ടൊ...?.'' എന്ന മാതിരി.



മുകളിലത്തെ കക്ഷി താഴെ വരുംവരെ താഴത്തെ എതിർകക്ഷി കാത്തിരിക്കും. ഒന്നാംകക്ഷി ചാടിയോടി രക്ഷപെട്ടാലും ഒരു കാര്യം ഉറപ്പിക്കാം, ആ മാർജ്ജാരവീരൻ ഇനി ജീവിതത്തിൽ ഈ ഏര്യായിൽ കയറില്ല. മാളത്തിലെവിടെങ്കിലും മൂഷികന്റെ മണമടിച്ചാൽ ദിവസങ്ങളോളം ആശാൻ മാന്തും. മാന്തിമാന്തി ഭൂമിയുടെ അകക്കാമ്പ് പുറത്തുകണ്ടാലും തന്റെ മാന്ത് തുടരും. മുഖം പുനത്തിലേക്ക് അമർത്തി ചീറ്റി വിറപ്പിക്കും. ഒഴുക്കുവെള്ളത്തിലൂടെ കയറിവരുന്ന ഉരഗങ്ങളെ കടിച്ചുകുടഞ്ഞ് മപ്പാസാക്കും. മനുഷ്യരിൽ കക്ഷിക്ക് വെറുപ്പുള്ളത് ഭിക്ഷക്കാരെയാണ്. **അമ്മാ**.., എന്നുള്ള നീട്ടിവിളി കേൾക്കുമ്പോഴെ അവൻ കുരച്ചുചാടും. ഒറ്റക്കാലിൽ നിന്നയാൾ ഇരുകാലിൽ വേഗത്തിൽ ഓടും അല്ലെങ്കിൽ ഓടിക്കും.

വീരശൂരപരാക്രമിയെ വർഷാവർഷം മുരിങ്ങച്ചിറയിലെ അവന്റെ കുടുംബ ആശുപത്രിയിൽ ഓട്ടോയിൽ കയറ്റി കൊണ്ടുപോകും. അപ്പോൾ മാത്രമാണ് തുടലിന്റെ ആവശ്യം വരുന്നത്. ചീട്ടെഴുതിച്ച് അവനെ അകത്ത് കയറ്റും. ടോമി, രണ്ടുവയസ്സ്, കറുത്തനിറം, നാടൻ പൊമേറിയൻ സങ്കരയിനം. ഹാജർ..!.

അവന്റെ ഡോക്ടർ മരുന്ന് സിറിഞ്ചിലാക്കി അടുത്തുവരുമ്പോഴെ അവന് കാര്യം മനസ്സിലാകും. കഴുത്തിലെ തുടൽ അപ്പുണ്ണി മരവുമായി ബന്ധിക്കും, പിറകിലെ ഒരുകാൽ കൈകൊണ്ട് പൊക്കിപ്പിടിക്കും. ഡോക്ടർ സൂചി അവന്റെ തുടയിലെ രോമങ്ങൾക്കിടയിലൂടെ കയറ്റി മരുന്ന് തള്ളുമ്പോൾ അവൻ തലതിരിച്ച് ദയനീയമായി അപ്പുണ്ണിയെ നോക്കും, ചെറിയൊരു ഞരക്കം.

''എന്നോടെന്തിനിത് അപ്പുണ്ണീ..?'', ദൈന്യത.

''പോകട്ടെ.., സാരമില്ല എല്ലാം നമ്മുടെ നന്മയ്ക്കല്ലെ..!'' അപ്പുണ്ണി അവന്റെ തുടയ്ക്ക് തടകും, അവൻ ഓക്കെയായി. സന്തോഷം, ഓട്ടോയിൽ തിരികെ.

പരിചയമുള്ളവരും തന്റെ വേലത്തരം ഇഷ്ടമുള്ളവരും(പ്രത്യേകിച്ചും പടീറ്റതിലെ കുഞ്ഞൂട്ടി ഉപ്പാപ്പൻ) വീട്ടിൽ വന്നാൽ അവന് കാലിൽ ചാരണം. നിൽക്കുന്നവർ കാലുകൊണ്ട് ദൂരേയ്ക്ക് തള്ളിയാൽ അവൻ കൂടുതൽ അടുക്കും. ഓടിക്കളിക്കും. ചാടിമറിഞ്ഞ് കുസൃതികാട്ടും.

www.malankaralibrary.com
ഒരുനാൾ. രാത്രി പതിനൊന്നുമണി. തെക്കേ മാടത്തിന്റെ തട്ടിൽ കിടന്നുറങ്ങിയിരുന്ന പുരുഷൻ ചേട്ടന്റെ കൈലിയിൽ ആരോ പിടിച്ച് വലിക്കുന്നു. ഉറക്കച്ചടവോടെ ചേട്ടൻ എഴുന്നേറ്റ് ടോർച്ചടിച്ചു. മുണ്ടിൻതുമ്പിൽ അവൻ കടിച്ചു വലിക്കുന്നു, മുൻപോട്ട് ഓടുന്നു. വീടിന്റെ പിൻപിലെ ഓലക്കീറിനെ ലക്ഷ്യമാക്കി കുരച്ചുചാടുന്നു, പഴയതുപോലെ തുടരുന്നു. പരിസര വിളക്കുകൾ തെളിഞ്ഞു. എല്ലാവരും വടിയെടുത്തു, പത്തലെടുത്തു. ഓലക്കീറിന്റെ അരുകിലേക്ക് അവൻ ആരെയും അടുപ്പിക്കുന്നില്ല. വലിയ ഞരക്കം, മൂളൽ, ചീറ്റൽ.

''മാറെടാ..''പറഞ്ഞ് പുരുഷൻ ചേട്ടൻ ഓലക്കീറ് വലിച്ചുമാറ്റി. അണലി ചീറ്റിച്ചാടി. ടോമി ചാടി അണലിയുടെ പിടലിക്ക് പിടിച്ചു കുടഞ്ഞു. രണ്ടുകഷണം.

പിറ്റേന്നുരാവിലെ ടോമിയുടെ മുഖം നീരുവന്ന് വീർത്തു. പള്ളിപ്പാട്ടെ ഗോപി ഡോക്ടറെ വിളിച്ചു. അദ്ദേഹം തന്റെ സഞ്ചരിക്കുന്ന ആശുപത്രിയുമായെത്തി. ചെറിയ തോതിൽ വിഷം പെട്ടിട്ടുണ്ട്. ഒരിഞ്ചക്ഷൻ. രണ്ടുദിവസം കൊണ്ട് ടൊമി ഓക്കെയായി. വീട്ടുകാർക്കും പരിസര വാസികൾക്കും പ്രിയങ്കരനായി ടോമി പന്ത്രണ്ടുവർഷം ജീവിച്ചു.

* * * * * *

വീടിന്റെ കിഴക്കേപ്പുറത്തെ തറക്കണ്ടത്തിൽ പയറ് പിച്ചിക്കൊണ്ടിരിക്കെ അമ്മയുടെ മുണ്ടിൻതുമ്പിൽ എങ്ങുനിന്നോ ഒരു കുഞ്ഞുതത്ത പറന്നുവന്നിരുന്നു. ഒഴിഞ്ഞിരുന്ന കൂട് അമ്മിണിക്ക് വീടായി, അമ്മിണി വീട്ടിലെ അംഗമായി. അപ്പുണ്ണിയുടെ ആദ്യ ഒരുപിടി ചോറ് അമ്മിണിക്കുള്ളതാണ്. കുടിക്കുന്ന ചായയിൽ അല്പം അമ്മിണിക്കുള്ളതാണ്. കുളിക്കാനുള്ള വെള്ളം പാത്രത്തിലാക്കി വയ്ക്കും, അമ്മിണി വെള്ളത്തിലിറങ്ങി ചിറകടിച്ച് കുളിക്കും. കരയ്ക്കുകയറി തൂവൽ മിനുക്കി കൂടുതൽ സുന്ദരിയാകും. വർഷം ഒന്നായപ്പോഴേക്കും അവൾ പേരുപറഞ്ഞ് ഓരോരുത്തരെ വിളിക്കാൻ തുടങ്ങി. ''എടാ.. അപ്പുണ്ണി ഇവിടെ വാ, ആഹാ... അത്രയ്ക്കായോ..'' പുഴുക്കനെല്ല് തിന്നാനെത്തുന്ന കാക്കകളെ **കീ..കീ..** പറഞ്ഞ് ഓടിക്കും. ഓരോരുത്തർക്കുവേണ്ടി പേരുപറഞ്ഞ് പ്രാർത്ഥിക്കും. പാട്ടുപാടും ഒരുപാട്ടല്ല, മൂന്നു പാട്ടുകൾ.

''തുമ്പീ...തുമ്പീ.. തുള്ളാൻ വാ..,
ചെമ്പകപ്പൂക്കൾ നുള്ളാൻ വാ..
മുറ്റത്തെ മുല്ലയിലൂഞ്ഞാലാടാൻ
തത്തപ്പെണ്ണിൻ കൊഞ്ചൽ കേൾക്കാൻ
തുമ്പീ, തുമ്പീ തുള്ളാൻ വാ..'',

''തത്തപ്പെണ്ണേ തഞ്ചത്തിൽ വാ.. പുത്തൻ പുത്തൻ മുത്തങ്ങൾ താ..,'',

''തത്തമ്മേ പെണ്ണേ തത്തപ്പെണ്ണേ.. മൈലാഞ്ചി പൂ..''.

വാക്കുകളുടെ അർത്ഥമറിയില്ലങ്കിലും അമ്മിണി എന്നും പാടും പ്രാർത്ഥിക്കും, അപ്പുണ്ണിയോ അമ്മയോ തുടക്കമിടണമെന്ന് മാത്രം. കൂടിന്റടുത്ത് ചുണ്ടടുപ്പിച്ച് ഉമ്മ ചോദിച്ചാൽ ചുംബനത്തിന്റെ ശബ്ദത്തോടുകൂടി അവൾ കണ്ണടച്ച് ഉമ്മവയ്ക്കും. നീണ്ടകാലം അപ്പുണ്ണിയുടെ കൂട്ടുകാരിയായിരുന്ന അമ്മിണിത്തത്ത ഒരുദിനം ഈ ലോകത്തോട് യാത്രപറഞ്ഞു.

''തൻനാട്ടുകാരോടും തായ്മൊഴിയോടും
എന്നേക്കുമാ പൈങ്കിളി യാത്രചൊല്ലി..!''

* * * * * *

പട്ടണത്തിലെ അവസാനവർഷ ഡിഗ്രി പരീക്ഷയും കഴിഞ്ഞ കൊച്ചുമകൾ അച്ചമ്മയെ കാണാനും ഒറ്റയ്ക്ക് താമസിക്കുന്ന അച്ചമ്മയ്ക്കൊപ്പം ഒരുമാസം താമസിക്കുന്നതിനുമായി ഗ്രാമത്തിലുള്ള അച്ഛന്റെ കുടുംബഭവനത്തിൽ എത്തി.

നോക്കെത്താത്ത ദൂരത്തോളം പരന്നുകിടക്കുന്ന വയലുകൾക്കും വലിയ റബർതോട്ടത്തിനും മദ്ധ്യേയുള്ള ഒറ്റതിരിഞ്ഞ വീട്. അച്ചമ്മയുടെ മക്കളും മരുമക്കളും കൊച്ചുമക്കളും എല്ലാം വിദേശരാജ്യങ്ങളിൽ. കഴിഞ്ഞവർഷം അച്ഛന്റെയും അമ്മയുടെയും ഒപ്പം അച്ചമ്മയെ വന്ന് കൊച്ചുമകൾ കണ്ടതാണ്, ശേഷം ഇപ്പോൾ.

അച്ചമ്മയുടെ സുഖ, ദുഃഖങ്ങളിൽ പങ്കുചേർന്നാൽ ഒരുമാസം ഒരാഴ്ചപോലെ കടന്നുപോകുമെന്ന് വന്ന ദിനംതന്നെ കൊച്ചുമകൾക്ക് ബോദ്ധ്യമായി. കൃഷിയും പരിസരം വൃത്തിയാക്കലും ആഹാരം പാചകംചെയ്യലും എല്ലാം ഒന്നിനുപിറകെ ഒന്നായി നടക്കുന്നതിനാൽ അല്പംപോലും വിശ്രമമില്ലാത്ത പകലുകൾ. അച്ചമ്മയുടെ കഥകളും സാരോപദേശങ്ങളും കേൾക്കാനിരുന്നാൽ സമയം പോകുന്നതറിയില്ല.

അച്ചമ്മ കുരണ്ടിയിട്ടിരുന്ന് കാലുകൾ നീട്ടിവച്ച് തലമുടി ചീകിക്കൊണ്ട് പറഞ്ഞുതുടങ്ങും:

''മോളേ.., തലമുടി ഉണങ്ങിയശേഷം വേണം കെട്ടിവെയ്ക്കാൻ. ഊണിൽപ്പകുതി കുളിയെന്നാണ്, അതുകൊണ്ട് ഉച്ചയ്ക്കുമുമ്പ് കുളിക്കണം. എന്നാൽ ഉണ്ടേച്ച് കുളിക്കുന്നവനെ കണ്ടാൽ കുളിക്കണമെന്നാ പ്രമാണം.'' തുടർന്ന് അടുത്തഘട്ടങ്ങളിലേക്ക് അച്ചമ്മയുടെ സംസാരം കടക്കും.

''തെക്കേതിലെ അവൻ ആ വേന്ദ്രൻ നിന്റപ്പൻ വന്നപ്പോൾ ഇങ്ങോട്ടുകേറിയതാ. അന്നവന്റെ കയ്യീന്ന് ഏതാണ്ട് പിടുങ്ങാൻ വന്നതാ. നനഞ്ഞിടം കുഴിക്കുന്നവനാ അവൻ. നേരത്തേ ഇവിടെ ഇടയ്ക്കിടയ്ക്ക് കേറിവരുമായിരുന്നു. ഒരു ദിവസം ഞാൻ പത്തുപറഞ്ഞാ വിട്ടത്. ആ നയവഞ്ചകന്റെ മകനെ അക്കരെ കൊണ്ടുപോയതല്ലേ..? എന്താ ഇങ്ങ് പോന്നത്..? ഡാംഡൂവും.. വേലയുമൊന്നും അവിടെ നടക്കില്ല. നല്ലപോലെ ജോലിചെയ്യണം. എല്ലുമുറിയെ പണിയണം എന്നാലെ പല്ലുമുറിയെ തിന്നാൻ പറ്റൂ. തുള്ളി കണ്ട് തുടച്ചെ

www.malankaralibrary.com

ങ്കിലെ തുടംകൊണ്ട് തേകാൻ പറ്റൂ. ഇതൊക്കെ പിള്ളാരെ പഠിപ്പിച്ചിട്ടെ എങ്ങോട്ടെങ്കിലും വിടാവൂ. അട്ടയ്ക്ക് കണ്ണും കുതിരയ്ക്ക് കൊമ്പും ദൈവം കൊടുക്കാത്തതിന് ചില കാരണങ്ങളുണ്ട് മോളെ. അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ കിടക്കുമോ..?, ഇല്ല. അത് അതിന് ഇഷ്ടമുള്ളിടത്തേക്കെ പോകൂ. താണ നിലത്തേ നീരോടൂ.. അവിടേ ദൈവം തുണചെയ്യൂ..!, നേട്ടത്തേക്കാൾ വേണ്ടത് സൂക്ഷമാ..''

''നാട്ടിൻപുറം നന്മകളാൽ സമൃദ്ധമെന്നത് കേൾക്കാൻ സുഖമാ, പക്ഷേ ജീവിക്കാൻ പഠിക്കണം മോളെ. ഉരയ്ക്കാൻ പലരുണ്ടേലും കഴിക്കാൻ രോഗിയേ കാണൂ. നമ്മുടെ ചുറ്റിനും മൂപ്പീന്നുമാരാ. നായ് മൂപ്പീന്ന്, നത്ത് മൂപ്പീന്ന്, ഓന്ത് മൂപ്പീന്ന്, ഒട്ട് മൂപ്പീന്ന് പിന്നെ ഒട്ടൊട്ട് മൂപ്പീന്ന്. എല്ലാം പൈസാ പിടുങ്ങാൻ വരുന്നവരാ. സൂചി കേറ്റേണ്ടിടത്ത് തൂമ്പാ കേറ്റുന്ന ഇനങ്ങളാ എല്ലാം. ആ കെഴിക്കേലെ അവനുണ്ടല്ലോ, അവൻ ആരാ സാധനം..? ചീരയരി പാണനാ. ചീരയരി അടുപ്പിലിട്ടിട്ട് ഒളക്കയ്ക്ക് വാങ്ങുന്നതാ ഇനം. പക്ഷേ! ഇവന്റെ യൊന്നും വേല എന്റടുക്കൽ നടക്കത്തില്ല. ഞാനിതെത്ര കണ്ടതാ. ആ വടക്കേലവൻ പുത്തൻ പണക്കാരൻ!, അവനാരോ ആണന്നാ അവന്റെ ഭാവം. ഇരപ്പാളി വർത്തകനായാലും അവന്റെ ഇരപ്പാളിത്തരം വിടുമോ..?. ഉമ്പക്കൻ എന്നും ഉമ്പക്കനാ. അവന്റപ്പുറത്തുള്ളവളോ, അവൾ വെള്ള ശീലയ്ക്ക് തടുക്കിടുന്നവളാ. നായ് കടലിൽ ചെന്നാലും നക്കിയല്ലാ കുടിക്കൂ..''

മക്കളെക്കുറിച്ച് ചോദിച്ചാൽ അച്ചമ്മ ഉടനെ തങ്കവളയിട്ട കൈ പൊക്കി പറയും:

''നീ ഈ വിരലുകളെല്ലാമൊന്ന് നോക്കിക്കെ. എല്ലാം ഒരുപോലാണോ..?. അല്ല. എന്നതുപോലാ മക്കളും. കാക്കക്കേട് മാറ്റി എല്ലാവരേയും വിടുന്നു. പറക്കമുറ്റിയാൽ അവരെ അവരുടെ വഴിക്കുവിടണം. ചൊല്ലി ക്കൊട്, തല്ലിക്കൊട്, തള്ളിക്കൊട് എന്നല്ലേ..? പറഞ്ഞുപറഞ്ഞ് ചിലരൊക്കെ പിത്തളയാകും ചിലരൊക്കെ ഇരുമ്പാകും ചിലരൊക്കെ തനി തങ്കമാകും ചിലരോ റോൾഡു ഗോൾഡാകും. അവസാനം പറഞ്ഞവരെ സൂക്ഷിക്കണം. വെളുക്കെ ചിരിച്ചുകാണിച്ച് നമ്മുടെ ഉള്ളത് ഊറ്റിയെടുക്കും പന്നെ തിന്നതുമില്ല, കണ്ടുമില്ല, ആവശ്യം വേണ്ടപ്പോൾ ഉതകത്തുമില്ല..'' പഴമൊഴിച്ചുരുളുകൾ അച്ചമ്മ നിവർത്തിക്കൊണ്ടേയിരുന്നു.



അച്ചമ്മയുടെ വൈകുന്നേരത്തെ ദിനചര്യകളിൽ പ്രധാനം കുഴമ്പുതേച്ചുള്ള കുളിയാണ്. പകൽക്കാലത്തെ പെടാപ്പാടുകളുടെ വേദന കുഴമ്പുപുരട്ടി കുളിക്കുന്നതോടെ ശമിക്കുമെന്നതാണ് അച്ചമ്മയുടെ ന്യായം.

അന്നും പകൽക്കാലത്തെ പണികഴിഞ്ഞ് കുഴമ്പുതേച്ചുള്ള കുളിക്ക് തയ്യാറാകവെ അച്ചമ്മ ടി.വി കണ്ടുകൊണ്ടിരുന്ന കൊച്ചുമകളെ വിളിച്ചു.

''ഡേ.. മോളേ... നീയിങ്ങോട്ട് വന്നേ..''

''എന്താ അച്ചമ്മേ.. എന്തുപറ്റി..?''

''നീ വന്ന് ഈ മരുന്ന് എന്റെ നടുവിനൊന്ന് തേച്ചുപിടിപ്പിക്ക്. കഴിഞ്ഞപ്രാവശ്യം നിന്റെ അമ്മ ഗൾഫിൽനിന്നും വന്നപ്പോൾ അലമാരിയിൽ വച്ചിട്ടുപോയതാ. ഇന്നാളിലും നടുവേദന വന്നപ്പോൾ ഇതാണ് ഞാൻ സ്വയം പുരട്ടി ചൂടുവച്ചത്. മോളിത് നന്നായി തേച്ചുപിടിപ്പിക്ക്, നല്ല മരുന്നാ, ഇന്നാ..''

കൊച്ചുമകൾ സന്തോഷത്തോടെ അച്ചമ്മ കൊടുത്ത ട്യൂബ് മരുന്ന് വാങ്ങി.

''ദൈവമേ..!, അമ്മ ഇത് കഴിഞ്ഞപ്രാവശ്യം വന്നപ്പോൾ മറന്നുവച്ചിട്ടുപോയതല്ലേ..?, ഇതിനിങ്ങനെയും ഉപയോഗമോ..?''

സംശയം തീർക്കാൻ അവൾ മരുന്ന് തിരിച്ചും മറിച്ചും നോക്കി.

പേര് വീണ്ടും വായിച്ചു. **ഫെയർ & ലൗലി** ●

www.malankaralibrary.com


# ആദ്യ ജോലി

1993 ഒക്ടോബർ 5, നാളെ അപ്പുണ്ണി മാവേലിക്കരയിലെ ഡാറ്റാ ടെക്ക് എന്ന കമ്പ്യൂട്ടർ സ്ഥാപനത്തിൽനിന്നും വിരമിക്കുന്നു. സന്ധ്യയ്ക്കുള്ള കുളിയും പ്രാർത്ഥനയും കഴിഞ്ഞ് അമ്മ വിളമ്പിയ ആഹാരവും കഴിച്ച് അപ്പുണ്ണി പുരയുടെ തെക്കെ അറ്റത്തുള്ള ആസ്പെറ്റോസ് ഷീറ്റിട്ട തന്റെ മുറിയിലെ കിടക്കയിൽ കിടന്ന് ആ പഴയ നല്ല ദിവസങ്ങൾ ഓർത്തു.

ഏകദേശം രണ്ടുവർഷമായി താൻ അവിടെ ജോലിനോക്കുന്നു. ബി.കോം.(കോ.ഓപ്പറേഷൻ)ഡിഗ്രിക്ക് ശേഷം ടൈപ്പ് റൈറ്റിങ്ങിൽ ലോവർ പരീക്ഷയും(ബാപ്പുജി കൊമേഴ്സ്യൽ ഇൻസ്റ്റിട്യൂട്ട്, കല്ലുമൂട്, മുതുകുളം.)കമ്പ്യൂട്ടറിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിഗ്രിയും എടുത്ത് പഠനകാലം പൂർത്തിയാക്കി. കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ് കൊല്ലം വി. ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ലഭിച്ചതിന്റെ രണ്ടാംദിവസം. മനോരമ പത്രത്തിൽ ഒരു പരസ്യം.

''മാവേലിക്കരയിലെ കമ്പ്യൂട്ടർ സ്ഥാപനത്തിൽ ഏതാനും ഒഴിവുകൾ..''

മുതുകുളത്തു നിന്നും മാവേലിക്കരയിലേക്ക് ബസ്സിൽ ഒന്നരമണിക്കൂർ, കായങ്കുളം, ചെട്ടികുളങ്ങര വഴി മാവേലിക്കരയിലെത്താൻ ധാരാളം ബസ്സുകളും. പത്രവുമായി അപ്പുണ്ണി പുസ്തക വായനയിലായിരുന്ന അനിയൻ ചേട്ടനെ സമീപിച്ചു. അപ്പുണ്ണിയും അനിയൻ ചേട്ടനുമായുള്ള പ്രായവ്യത്യാസം മൂന്നുവയസ്സാണ്. കൃഷിയിലും കളിയിലും മറ്റ് എല്ലാ കാര്യങ്ങളിലും അപ്പുണ്ണിയുടെ കൂട്ടാളി ചേട്ടൻ തന്നെ, അപ്പുണ്ണി ജീവിതത്തിൽ ആരെങ്കിലുമായി മൽപ്പിടുത്തവും ഇടിയും ഇട്ടിട്ടുണ്ടങ്കിൽ അത് ഈ ചേട്ടനുമായി മാത്രമാണ്. എം.എ.യ്ക്ക് ശേഷം ജേർണലിസം ഡിപ്ലോമയ്ക്ക് പഠിക്കുന്ന ചേട്ടൻ ചാരുകസേരയിൽ മലർന്നുകിടന്ന് പുസ്തകം വായിച്ചുകൊണ്ടിരിക്കവെയാണ് അപ്പുണ്ണി, നിർദ്ദേശം സ്വീകരിക്കുന്നതിനായി ചേട്ടനെ സമീപിച്ചത്.

''പത്രത്തിലൊരു പരസ്യം, ഒരു ബയോഡേറ്റ കൊടുത്താലോ..?, കിട്ടിയാൽകിട്ടി പോയാൽപോയി അത്രതന്നെ..''

പുസ്തകത്തിൽനിന്നും കണ്ണെടുത്ത് അനിയൻ ചേട്ടൻ അപ്പുണ്ണിയെ നോക്കി..!.

''എന്താടാ.. എന്താ പറഞ്ഞത്..?''

''അല്ല... പത്രത്തിലൊരു പരസ്യം, മാവേലിക്കരയിലെ ഒരു കമ്പ്യൂട്ടർ സ്ഥാപനത്തിൽ കമ്പ്യൂട്ടർ പഠിച്ചവർക്ക് ജോലി ഒഴിവുണ്ടത്രേ. ബയോഡാറ്റാ ഒന്ന് അയച്ചു കൊടുത്താലോ..?''

''ജോലി കിട്ടണമെന്നുണ്ടങ്കിൽ അപേക്ഷ അയച്ചു കാത്തിരുന്നിട്ട് കാര്യമില്ല, അപേക്ഷ തയ്യാറാക്കി സർട്ടിഫിക്കറ്റ് സഹിതം അഡ്രസ്സ് കണ്ടുപിടിച്ച് നേരിട്ട് കൊടുക്ക്. ജോലി ലഭിക്കുമോയെന്ന് അറിയുകയും ചെയ്യാം..''

ചേട്ടൻ തയ്യാറാക്കിയ ബയോഡാറ്റയും അപേക്ഷയും അപ്പുണ്ണി മുതുകുളം ഹൈസ്കൂളിന് വടക്കുവശമുള്ള രാമകൃഷ്ണൻ സാറിന്റെ ഇൻസ്റ്റിറ്റ്യൂട്ടിൽ കൊണ്ടുപോയി ടൈപ്പുചെയ്യിച്ചു.

''നാളെ രാവിലെതന്നെ മാവേലിക്കരയിൽ പോകണം, നിനക്കൊറ്റയ്ക്ക് പോകാമല്ലോ അല്ലേ..?''

''പോകാം..''

പിറ്റേന്നുരാവിലെ ഒമ്പത് മണിക്കുതന്നെ അപ്പുണ്ണി മാവേലിക്കരയിലെത്തി. മിച്ചൽ ജംങ്ഷന് കിഴക്കുവശം നടക്കാവിലുള്ള സ്ഥാപനം കണ്ടുപിടിച്ചു. രണ്ടുനില കെട്ടിടത്തിന് മുകളിൽ സ്ഥാപിച്ചിരിക്കുന്ന ബോർഡ് ഒന്നുംകൂടി വായിച്ചു ഡാറ്റാ ടെക്. അപ്പുണ്ണി രണ്ടാംനിലയിലെ റിസപ്ഷൻ കൗണ്ടറിലിരിക്കുന്ന സുന്ദരിയായ പെൺകുട്ടിയുടെ മുന്നിലേക്കുചെന്നു, അവരെ നമുക്ക് മോളിക്കുട്ടി എന്ന് തൽക്കാലം വിളിക്കാം.

''പത്രപ്പരസ്യം കണ്ട് വന്നതാണ്. ഡയറക്ടറെ ഒന്നുകാണണം..□മോളിക്കുട്ടി അകത്തേക്ക് പോയി തിരികെവന്നു. ''കയറിച്ചെല്ലൂ..'' ഡയറക്ടറായ നിസ്സാറുദ്ദീൻ സാറിന്റെ മുന്നിലേക്ക്.

''ഗുഡ് മോണിങ് സാർ..''

''ഗുഡ് മോണിങ്.., ഇരിക്കൂ..''

''താങ്ക്യൂ സർ..''

അപ്പുണ്ണി മുന്നിലെ കസേരയിലിരുന്നു. കരുതിയിരുന്ന ബയോഡാറ്റയും അപേക്ഷയും സവിനയം സമർപ്പിച്ചു. അദ്ദേഹം എല്ലാം ഒന്ന് ഓടിച്ചുനോക്കി തൃപ്തിയായി.

''അടുത്ത തിങ്കളാഴ്ച രാവിലെ വന്നോളൂ..''

''താങ്കയൂ സർ..'' നിറഞ്ഞ മനസ്സുമായി അപ്പുണ്ണി വെളിയിലേക്ക്.

മോളിക്കുട്ടിയെ നോക്കി ഒന്ന് പുഞ്ചിരിച്ചു. പടിയിറങ്ങി താഴേക്ക്. വേഗം വീട്ടിലെത്തണം. ചേട്ടനോട് വിവരം പറയണം. മിച്ചൽജംങ്ഷന് പടിഞ്ഞാറുള്ള ബസ്റ്റോപ്പ് ലാക്കാക്കി അപ്പുണ്ണി വേഗംനടന്നു.

തിങ്കളാഴ്ചതന്നെ അപ്പുണ്ണി സ്ഥാപനത്തിന്റെ ലാബ് ഇൻ ചാർജായി ജോലിക്ക് കയറി. തന്നേക്കാളും ശരീരമികവും പ്രായക്കൂടുതലുമുള്ള നിരവധി വിദ്യാർത്ഥികളുമായി അപ്പുണ്ണി തന്റെ അറിവുകൾ പങ്കുവച്ചു.

രാവിലെ 6.25ന് വെട്ടത്തുകടവ്-ചങ്ങനാശ്ശേരി, **കളത്തിൽ** ബസിൽ മാവേലിക്കരയിലേക്ക്, ഉച്ചക്ക് **മോഡേൺ ഹോട്ടൽ** അമ്മച്ചിയുടെ അടുക്കൽനിന്നും അല്പം ചോറ്, വൈകിട്ട് 5 മണിക്ക് കായംകുളം വഴി മുതുകുളത്തേക്ക്. കായംകുളത്തു നിന്നും ഏഴിനുള്ള **കറുകക്കുറ്റി** ബസിൽ തിരികെ വീടിന്റടുത്ത സ്റ്റോപ്പായ

www.malankaralibrary.com
തട്ടാരുമുക്കിലിറങ്ങും. പൂയപ്പള്ളിൽ കെട്ടിടത്തിൽ പ്രേറ്റേഴുത്തെ ഗോപകുമാരൻ പിള്ള(എം.ഡി) നടത്തുന്ന **ആവണി വീഡിയോസ് & ഓഡിയോസി**ൽ കയറി പത്തുമിനിട്ട് ചെലവഴിക്കും. അവിടെ സുഹൃത്തുക്കളായ രാജുവും(ബോസ്) പ്രസാദും(കമാന്റർ) തിക്കോയിക്കലെ ഉണ്ണിച്ചേട്ടനും രാജനും(ഭീകരൻ)കാണും. ഞായറാഴ്ച പൊതുഅവധി അപ്പുണ്ണിക്കും ബാധകം. ആകെ ശമ്പളമായ രൂപ 750/- കണക്കാക്കി ആദ്യതുക പിറ്റേമാസം രണ്ടാംതീയ്യതി അപ്പുണ്ണി കൈപ്പറ്റി. ഒരു സ്ഥാപനത്തിൽ നിന്നും അപ്പുണ്ണിക്ക് ലഭിക്കുന്ന ആദ്യശമ്പളം. മുതുകുളത്ത് തന്നെയുള്ള നിത്യാദാസ് എന്ന 6-ാംക്ലാസ് വിദ്യാർത്ഥിനിക്ക് ട്യൂഷനെടുത്ത ഇനത്തിൽ മാസാമാസം ലഭിച്ചതുകയാണ് വട്ടച്ചിലവുകൾക്ക് അപ്പുണ്ണി അതുവരെ ഉപയോഗിച്ചു പോന്നത്. ഡാറ്റാ ടെക്കിൽനിന്നും കിട്ടിയ തുകയിൽ **മോഡേൺ ഹോട്ടൽ** അമ്മച്ചിയുടെ ഉച്ചയാഹാരപ്പറ്റ് തീർത്ത് ബാക്കിതുക വരും ദിവസങ്ങളിലെ വണ്ടികൂലിക്കായി മാറ്റിവച്ചു.

ദിവസവും രാവിലെ ഏഴുമണിക്ക് കായങ്കുളത്തെ പ്രൈവറ്റ് ബസ്റ്റാൻഡിലെത്തുന്ന ബസ്സിൽ കയറി പാടുന്ന ഒരു പയ്യൻ. അവന്റെ വലതുകയ്യിൽ ഒരു ചെറിയ മഞ്ഞ ഡപ്പിയും(കായം ടിൻ?)മറുകയ്യിൽ മൂന്നിഞ്ച് നീളമുള്ള ഒരു തടിക്കഷണവും. അന്ധനായ അവൻ ഡപ്പിയും തടിക്കഷണവും വളരെ വേഗത്തിലും താളത്തിലുമടിച്ച് വളരെ മനോഹരമായി മലയാള സിനിമാഗാനങ്ങൾ കാലിളക്കാതെയുള്ള ചെറിയൊരു ആട്ടത്തോടെ ഈണത്തിൽ പാടും. വലംകയ്യാൽ തപ്പിത്തപ്പിയാണ് പലപല ബസ്സുകളിലേക്ക് അവൻ നീങ്ങുന്നത്. ബസ്സിനുള്ളിലെ പാട്ടിനുശേഷം അവൻ ചൂളമടിച്ച് മുന്നോട്ട് വരുമ്പോൾ ഓരോരുത്തരും തങ്ങളാൽ കഴിയുന്ന ചെറിയചെറിയ സംഭാവനകൾ നൽകും. ഉത്സവപിറ്റേന്നിലെ ''പുലരി തൂ.. മഞ്ഞു തുള്ളിയിൽ...'' എന്ന ഗാനം അവൻ മനോഹരമായി ആലപിക്കുന്നത് അപ്പുണ്ണി ഉള്ളം കുളിർക്കെ കേട്ട് ആസ്വദിച്ചിട്ടുണ്ട്. ആ പയ്യനാണ് പിൽക്കാലത്ത് **കായംകുളം ബാബു** എന്ന പേരിൽ അറിയപ്പെട്ടത്.

ഡാറ്റാ ടെക്കിലെ വിദ്യാർത്ഥികളുടെ എണ്ണം കൂടി, അദ്ധ്യാപകരുടെയും. കമ്പ്യൂട്ടർലാബ് നടക്കാവിൽ നിന്നും മിച്ചൽ ജംങ്ഷനിലെ കെട്ടിടത്തിലേക്ക് മാറ്റി. എങ്കിലും അപ്പുണ്ണിയുടെ ശമ്പളസ്കെയിലിന് യാതൊരു മാറ്റവും സംഭവിച്ചില്ല. അപ്പുണ്ണിക്ക് അതിൽ യാതൊരു പരിഭവവും ഉണ്ടായില്ല. കിട്ടുന്നതിൽ സംതൃപ്തനായിരുന്നു(ജോലിയല്ലേ പ്രധാനം..?). സാധാരണ ഡിപ്ലോമ കോഴ്സിന് പുറമെ ഗവ.ഒ.ലവൽ കോഴ്സുകൾ, പി.ജി.ഡി.സി, സിവിൽ ഡിപ്ലോമ പഠിച്ചവർക്കുള്ള ഓട്ടോകാഡ്. അങ്ങനെ നിരവധി വിദ്യാർത്ഥികളുടെ ലാബ് ഇൻ ചാർജായി അപ്പുണ്ണി ഔദ്യോഗിക ജീവിതം തുടർന്നു.



ചെങ്ങന്നൂർ സുരേഷ് കുമാർ, മലപ്പുറം ഹംസ, ആലപ്പുഴ പഴവീട് സുനിൽ ജി., തട്ടാരമ്പലം കൃഷ്ണകുമാർ, പാലാക്കാരി മോളിക്കുട്ടി, മാവേലിക്കര മേരി അമ്മാമ്മ.. അങ്ങനെ കുറേ അദ്ധ്യാപക സുഹൃത്തുക്കൾ. പുന്നമൂട് മുരളി, കുന്നം മനോജ്, സുനിൽ എമ്പ്രാൻ, മുട്ടം ശാന്തിലാൽ, മുട്ടം ആനക്കാട്ടിൽ കിഷോർ, കാരിച്ചാൽ മനോജ്, ചിങ്ങോലി ശ്രീകുമാർ തുടങ്ങി അനവധി വിദ്യാർത്ഥി സുഹൃത്തുക്കളേയും ലാബിലെ സഹായികളേയും അപ്പുണ്ണിക്ക് കിട്ടി.

ഓണം, ക്രിസ്മസ് തുടങ്ങിയ വിശേഷ ദിവസങ്ങളിൽ സ്ഥാപനത്തിലെ പ്രത്യേക പരിപാടികളിൽ അപ്പുണ്ണിയും ആശംസാപ്രസംഗങ്ങൾ നടത്തി. സ്ഥാപന ഉടമ നിസ്സാർസാറിന്റെ പിതാവിന്റെ ഖബറടക്കത്തിൽ പങ്കെടുക്കാൻ അപ്പുണ്ണി വിദ്യാർത്ഥികളെയും കൂട്ടി സഹഅദ്ധ്യാപകർക്കൊപ്പം മാവേലിക്കരയിൽനിന്നും പത്തനാപുരത്തേക്ക് പോയിരുന്നു, അങ്ങനെ അദ്ദേഹവുമായി കൂടുതൽ ഇടപെടുന്നതിന് സാധിച്ചു.

അപ്പുണ്ണി കമ്പ്യൂട്ടർ പഠിച്ച സ്ഥാപനത്തിൽ (കൊല്ലം വി.ഇൻസ്റ്റിട്യൂട്ട്) നടപ്പിലുണ്ടായിരുന്ന ലാബിൽ കയറുന്നതിനുള്ള കാർഡ് സിസ്റ്റം ഡാറ്റാ ടെക്കിലും നടപ്പിലാക്കി. രണ്ടുവർഷത്തെ ജോലിക്കാലം അപ്പുണ്ണിക്ക് പലവിധത്തിൽ പ്രയോജനപ്പെട്ടു. അദ്ധ്യാപനവൃത്തിയിലെ ബഹുമാനം, സന്തോഷം, ഔദ്യോഗിക ജീവിതത്തിന്റെ ഉപ്പും മധുരവും കയ്പും പുളിയും എല്ലാം അനുഭവിച്ചു.

ശമ്പളം മിച്ചമൊന്നുമില്ലാതിരുന്നിട്ടും (വണ്ടിക്കൂലിയും മോഡേൺ ഹോട്ടലിലെ അമ്മച്ചിയുടെ ആഹാരത്തുകയും കഴിഞ്ഞാൽ നൂറുരൂപ മിച്ചമായാൽ ആയി) അപ്പുണ്ണിക്ക് സന്തോഷമായിരുന്നു. ആ വർഷത്തെ

www.malankaralibrary.com
ഓണത്തിന് വാങ്ങിയ 125/- രൂപയുടെ ഉടുപ്പായിരുന്നു ഡാറ്റാ ടെക്കിൽനിന്നും ലഭിച്ച ശമ്പളത്തിന്റെ കാണത്തക്ക മിച്ചം.

വീട്ടിൽനിന്നും അപ്പുണ്ണിക്ക് മാറിയേ പറ്റൂ. വേറെ എവിടെയെങ്കിലും പോയി ജീവിതത്തിന് കൂടുതൽ അർത്ഥങ്ങൾ കണ്ടെത്തണം. നാട്ടിൽ ഇനിവയ്യ, രക്ഷപെട്ടേ പറ്റൂ.

ഇന്ത്യയുടെ തലസ്ഥാന നഗരിയിൽ താത്ക്കാലികമായി ജോലി ശരിയാക്കാമെന്ന് ഗൾഫിലുള്ള സഹോദരൻ വില്ല്യംസ് ചേട്ടന്റെ അറിയിപ്പ്. യാത്രയ്ക്കുള്ള തീയതി നിശ്ചയിച്ചു. ഡാറ്റാ ടെക്ക് സ്ഥാപനത്തിൽനിന്നും വിരമിക്കുന്നതിനുള്ള കത്ത് എം.ഡി. നിസ്സാർ സാറിനെ ഏൽപ്പിച്ചു.

അപ്പുണ്ണിക്കായുള്ള വിടുതൽയോഗം കമ്പ്യൂട്ടർ ലാബിൽവച്ച് നടത്തപ്പെട്ടു. അദ്ധ്യാപക, വിദ്യാർത്ഥി സുഹൃത്തുക്കൾ ആശംസകൾ നേർന്ന് സംസാരിച്ചു. ഡയറക്റുടെ വക ഒരു വി.ഐ.പി സ്യൂട്ട്കെയ്സ് സ്നേഹോപഹാരമായി അപ്പുണ്ണിക്ക് സമ്മാനിക്കപ്പെട്ടു.

ജീവിതത്തിലെ മായ്ക്കാനാകാത്ത, മറക്കാനാകാത്ത ഏടുകൾ സമ്മാനിച്ച അധ്യാപക, വിദ്യാർത്ഥി സുഹൃത്തുക്കൾക്ക് നന്ദി പറഞ്ഞ്, മാതൃകാജീവിതത്തിന്റെ പ്രാധാന്യം എടുത്തുപറഞ്ഞ് അപ്പുണ്ണി മറുപടി പ്രസംഗം നടത്തി.

അപ്പുണ്ണിയുടെ ആദ്യ ഔദ്യോഗിക ജീവിതത്തിന് തിരശ്ശീലവീണു. നന്ദി ഡാറ്റാ ടെക്ക്..! ●

# 3। തലസ്ഥാന നഗരിയിൽ

രണ്ടാഴ്ചമുൻപേ കൊച്ചിയിലെ കസിനോവ ഹോട്ടലിൽ പോയി അപ്പുണ്ണിയുടെ അമ്മാവന്റെ മകൻ സോമൻ ബേബിയുടെ(ബാബുച്ചായന്റെ) നിർദ്ദേശപ്രകാരം ഡൽഹിയിൽനിന്നും കൊച്ചിയിലെത്തി കസിനോവ ഹോട്ടലിൽ താമസിക്കുന്ന പത്രപ്രവർത്തകൻ ഷേനായിയുമായി നേരിൽ സംസാരിച്ചു. ''ഒക്ടോബർ 15ന് ഡൽഹിയിലെത്തണം. ജോലിക്കുള്ള കാര്യങ്ങൾ ഞാൻ ക്രമീകരിച്ചുകൊള്ളാം പോരെ..?''

''മതി സാർ..'', ആനന്ദലെബ്ദിക്കിനിയെന്തു വേണം..?

എങ്ങനെയും നാട്ടിൽനിന്നും മാറിനിന്നേ പറ്റൂ എന്നുള്ള സാഹചര്യം വന്നപ്പോഴാണ് രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാല് എന്നുള്ളമട്ടിൽ ഈ സഹായവാഗ്ദാനം അപ്പുണ്ണിക്ക് ലഭിച്ചത്.

''നീ ഡൽഹിയാകുന്ന വാഗ്ദത്ത ഭൂമിയിലേക്ക് രക്ഷപെടൂ, അവിടെ മലയാള മനോരമ ദി വീക്കിന്റെ പ്രവർത്തകൻ നിന്നെ സഹായിക്കാനുണ്ടാകും. അദ്ദേഹം എറണാകുളത്തെ കസിനോവ ഹോട്ടലിൽ അടുത്ത യാഴ്ച വരുന്നുണ്ട്, പോയി കാണുക..'' സോമൻ ചേട്ടായിയുടെ ഈ നിർദ്ദേശം സ്വീകരിച്ചാണ് അപ്പുണ്ണി എറണാകുളത്തെ കസിനോവ ഹോട്ടലിലെത്തി അദ്ദേഹത്തെ കണ്ടത്.

ജോലിചെയ്യുന്ന മാവേലിക്കര ഡേറ്റാ ടെക് സ്ഥാപനത്തിൽനിന്നും അഡ്വാൻസ് വാങ്ങി. കെ. കെ.എക്സ്പ്രസ്സിൽ ചെങ്ങന്നൂരിൽനിന്നും ഡൽഹിക്ക് യാത്ര ചെയ്യത്തക്കവണ്ണം ദൽഹിയിൽ ഇന്ത്യൻ നേവിയിൽ ജോലിചെയ്യുന്ന നടുക്കേപ്പുരയിലെ അനിയെ ടിക്കറ്റ് ബുക്കുചെയ്യാനേൽപ്പിച്ചു. ടിക്കറ്റ് ഓകെ, ചെങ്ങന്നൂരിൽനിന്നും ബോർഡിങ്ങ് പോയിന്റ്.

ഇന്ത്യയുടെ തലസ്ഥാനത്തേക്കുള്ള പ്രഥമയാത്രയ്ക്ക് അപ്പുണ്ണി തയ്യാറായി. വസ്ത്രങ്ങൾ, സർട്ടിഫിക്കറ്റുകൾ, പാസ്പോർട്ടുൾപ്പെടെ എല്ലാം റെഡി. യാത്രയ്ക്കുള്ള കരുതൽ ധനം അയ്യായിരം രൂപ അപ്പച്ചൻ അപ്പുണ്ണിയെ ഏൽപ്പിച്ചു. ആദ്യ ദൂരയാത്ര. 8-ാം തീയ്യതി മുതുകുളത്തുനിന്നും തിരുവനന്തപുരത്തേക്ക്, കൂടെ തിക്കോയിക്കലെ ഉണ്ണിച്ചേട്ടനും. തിരുവനന്തപുരത്ത് പഠിക്കുന്ന അനിയൻ ചേട്ടനെ കാണണം യാത്രപറയണം. അന്നുരാത്രി തിരുവനന്തപുരത്ത് തങ്ങി. രാത്രി മൂവരും ഒന്നിച്ചൊരു സിനിമ കണ്ടു □മാഫിയ□. പിറ്റേന്ന് പ്രഭാത ഭക്ഷണത്തിനുശേഷം തമ്പാനൂർ റയിൽവേ സ്റ്റേഷനിൽനിന്നും ഡൽഹി ലക്ഷ്യമാക്കി കുതിക്കുന്ന കെ.കെ.എക്സ്പ്രസ്സിൽ യാത്രയാരംഭിച്ചു. കൂടെവന്ന ഉണ്ണിച്ചേട്ടൻ കായംകുളത്ത് ഔട്ടറിൽ ട്രയിൻ സിഗ്നൽ കാത്തുകിടന്ന തക്കത്തിൽ ഇറങ്ങി. ''ആശംസകൾ നേരുന്നു മകനേ, പോയി ജീവിതവിജയം നേടൂ, ഒക്കുമെങ്കിലെനിക്കും ഒരു ചാൻസ് നോക്ക്, ഞാനുംവരാം..''

ട്രയിനിൽ യാത്രക്കാർ പലരുണ്ടെങ്കിലും അപ്പുണ്ണി ഇപ്പോൾ ഒറ്റയ്ക്കാണ്. ആദ്യമായി കേരളം വിട്ടുള്ള ദീർഘയാത്ര. കായംകുളവും മാവേലിക്കരയും പിന്നിട്ട് കേരളാ എക്സ്പ്രസ്സ് തീവണ്ടി കൂവിവിളിച്ച് ചെങ്ങന്നൂർ സ്റ്റേഷനിൽ നീണ്ടുനിവർന്നു നിന്നു. ചെങ്ങന്നൂരിൽനിന്നും സോദരൻ അനി കയറി. ചെങ്ങന്നൂരിലേക്ക് വിവാഹം കഴിപ്പിച്ചുവിട്ട കുഞ്ഞുപെങ്ങൾ യാത്രയാക്കാൻ സ്റ്റേഷനിലെത്തിയിരുന്നെങ്കിലും വണ്ടി നീങ്ങിയ ശേഷമാണ് തമ്മിൽ കണ്ടത്. അത്രയ്ക്ക് ആൾത്തിരക്ക്, ബഹളം. കൈകൾ വീശി കുഞ്ഞുപെങ്ങൾ അപ്പുണ്ണിയെ യാത്രയാക്കി.

''ചെന്നിട്ട് കത്തെഴുതണെ മോനേ..''

അനി തന്റെ മിലിറ്ററി സഹപ്രവർത്തകരെ അന്വേഷിച്ച് അടുത്ത കമ്പാർട്ട്മെന്റിലേക്ക് പോയി. പുറമെ അതിവേഗം പിന്നോക്കം പോകുന്ന വീടുകളും പറമ്പുകളും വൃക്ഷങ്ങളും നോക്കി അപ്പുണ്ണി തീവണ്ടിയിലെ

www.malankaralibrary.com

ജനാലസീറ്റിൽ രണ്ടുകയ്യും ഊന്നിയിരുന്നു. വല്ലാത്ത വീർപ്പുമുട്ടൽ.! കണ്ണിലും കരളിലും ഹൃത്തിലും ആർദ്രതയേറി, ഉപ്പുതുള്ളികൾ കണ്ണിൽ കനത്തു, കവിളിൽകൂടി താഴേയ്ക്ക്..!. ആരും കാണാതെ കണ്ണുതുടച്ചു.

ജനലിനരികിലെ സീറ്റിൽ സ്ഥാനംപിടിച്ച് അപ്പുണ്ണി ദൂരേയ്ക്ക് ദൂരേയ്ക്ക് നോക്കി ഇരിപ്പായി. രാത്രികൾ നീളുന്ന നീണ്ടയാത്ര. മുന്നോക്കം പായുന്ന വണ്ടി. പിന്നോക്കം പോകുന്ന നാട്, നഗരം, പുഴകൾ, സംസ്കാരങ്ങൾ, ഭാഷകൾ.. എത്രകണ്ടാലും മതിയാകാത്ത നോക്കെത്താത്തദൂരത്തോളം പരന്നുകിടക്കുന്ന പാടങ്ങൾ, പൂക്കൾ, മലകൾ, വനങ്ങൾ. അപ്പുണ്ണിക്കുള്ള പൊൻകണിക്കാഴ്ചകൾ നീണ്ട് നീണ്ടേപോയ്... ചൂളം വിളിച്ച് നെടുനീളൻ വണ്ടി വീണ്ടും മുന്നോട്ട് മുന്നോട്ട്.

വളഞ്ഞുംപുളഞ്ഞും കുന്നുകളും താഴ്വരകളും അതിവേഗം താണ്ടി ഇന്ത്യയുടെ തലസ്ഥാനം ലക്ഷ്യമാക്കി തീവണ്ടി കുതിക്കുന്നു. ഇടയ്ക്ക് അല്പം വിശ്രമം. താളാത്മകമായ യാത്ര പലപ്പോഴും അപ്പുണ്ണിയെ നിദ്രയിലേക്ക് തഴുകിവീഴ്ത്തി. അപ്പോഴും പല ജീവിതങ്ങളെ പുതിയ ലക്ഷ്യങ്ങളിലേക്ക് എത്തിക്കുന്നതിന്നായി വണ്ടി നീങ്ങിക്കൊണ്ടേയിരുന്നു. പിറന്ന്, പിച്ചവെച്ച് കളിച്ചനാട്, വിദ്യാലയങ്ങൾ, കളിക്കൂട്ടുകാർ, ആഘോഷങ്ങൾ, വേദനനിറഞ്ഞ ജീവിത സാഹചര്യങ്ങൾ എല്ലാം കൺമുന്നിലൂടെ മിന്നിമറയുന്നു, നെടുവീർപ്പുകൾ.

ചുടുവെയിലിൽ തിളങ്ങി വിദൂരതയിൽ ലയിക്കുന്ന സമാന്തര പാളങ്ങൾ. ഇതങ്ങ് അപ്പുണ്ണിക്ക് ചെന്നെത്തേണ്ട ഡൽഹിയും കഴിഞ്ഞ് നീണ്ടുനിവർന്ന് കിടക്കുന്നുണ്ടാകണം. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഇതിലേക്ക് എത്തപ്പെടുന്ന എത്രയോ ഉരുക്ക് വീഥികൾ, വേർപെട്ടുപോകുന്ന എത്രയോ വഴികൾ. നീണ്ട നാല്പത്തെട്ട് മണിക്കൂർ ട്രയിനിൽ.

''നമുക്ക് ഹരിയാനയിലെ ഫരീദാബാദിൽ ഇറങ്ങണം, ഒന്ന് ഫ്രഷ് ആയിക്കൊള്ളൂ..'' അനിയുടെ അറിയിപ്പ്.

അപ്പുണ്ണി തയ്യാർ.

പഞ്ചാബ് പ്രൊവിൻസിൽപ്പെട്ടിരുന്ന സ്ഥലമായിരുന്നു ഹരിയാന. കേന്ദ്രഭരണപ്രദേശമായ ചാണ്ഡിഗഡാണ് ഹരിയാനയുടെ തലസ്ഥാനം(പഞ്ചാബിന്റെയും). മഹാഭാരതത്തിലെ കുരുക്ഷേത്രഭൂമി, മൂന്ന് പ്രമുഖ (പാനിപ്പത്ത്) യുദ്ധങ്ങൾ നടന്നത് ഇവിടെയാണ്. ഗോതമ്പിന്റെയും അരിയുടെയും വിളഭൂമിയാണിത്. ക്ഷീര കർഷകരുടെ സ്വർഗ്ഗഭൂമിയാണിത്. കൃഷിയാണ് പ്രധാന വരുമാനമാർഗം. ഇരുചക്ര വാഹനങ്ങൾ, ട്രാക്ടറുകൾ, മാരുതി കാറുകൾ (മനേസർ യൂണിറ്റ്, 3,000 തൊഴിലാളികൾ, പ്രതിവർഷം 2,50,000 മാരുതി കാറുകൾ) എന്നിവകളുടെ നിർമ്മാണശാലകൾ ഇവിടെയുണ്ട്. കൂടാതെ നിരവധി സ്റ്റീൽ, പ്ലൈവുഡ്, ടെക്സ്റ്റൈൽ, പേപ്പർ വ്യവസായസ്ഥാപനങ്ങൾ. □പാനിപ്പത്ത് റിഫൈനറി□എന്നപേരിൽ ഒരു ഓയിൽ സംസ്കരണശാലയും ഇവിടെയുണ്ട് (തെക്കൻ ഏഷ്യയിലെ തന്നെ രണ്ടാമത്തെ വലിയ റിഫൈനറിയാണിത്). കൽക്കരിയിൽനിന്നും കറണ്ടുൽപ്പാദിപ്പിക്കുന്ന ഒരു പവ്വർസ്റ്റേഷൻ ഫരീദാബാദിലുണ്ട്, ഇതിൽനിന്നുള്ള വൈദ്യുതിയാണ് ഡൽഹിയിലേക്കും പോകുന്നത്.

വണ്ടി ഹരിയാന സംസ്ഥാനത്തിലെ ഫരീദാബാദിൽ കിതച്ചുനിന്നു. ബാഗും പെട്ടിയും കയ്യിൽത്തൂക്കി അപ്പുണ്ണി പ്ലാറ്റ്ഫോമിൽ ആദ്യ ചുവടുവച്ചു പതുക്കെ പതുക്കെ മുന്നോട്ട്. പുതിയലോകം, പുതിയ ആൾക്കാർ എല്ലാം പുതിയത്. അനിയുടെ പപ്പായുടെ പെങ്ങളുടെ ഭർത്താവ് ബേബിച്ചായൻ കാത്തുനിന്നിരുന്നു. സ്റ്റേഷന് പിന്നിലെ ഇടവഴിയിലൂടെ മൂവരും പുറത്തേക്കിറങ്ങി. അനിക്കൊപ്പം അപ്പുണ്ണി ഓട്ടോയിൽ ബല്ലവ്ഗഢിലെ ബേബിച്ചായന്റെയും ഗ്രേസിയമ്മാമ്മയുടേയും വീട്ടിലേക്ക്. ബേബിച്ചായൻ തന്റെ സ്വന്തം സൈക്കിളിൽ സാവകാശം പിന്നാലെ.

അരമണിക്കൂർ യാത്രാദൂരം. താമസിക്കുന്ന വീടിന്റെ മുന്നിലൂടെ ടാറിട്ടറോഡ്. റോഡിന്റെ ഇരുപുറവും നിരനിരയായി ഇരുനില ഫ്ളാറ്റുകൾ (ഗവൺമെന്റ് നിർമ്മിച്ച് ആവശ്യക്കാർക്ക് വിൽക്കുന്നത്). സമീപ പ്രദേശങ്ങളിലെ വിവിധ ഫാക്ടറികളിലും ഗവ.ഓഫീസുകളിലും അതിർത്തി പ്രദേശമായ രാജ്യതലസ്ഥാനം ഡൽഹിയിലും ജോലിചെയ്യുന്നവരാണ് താമസക്കാർ.

റോഡിൽ പരിസരഭവനങ്ങളിലെ കുട്ടികൾ ഒന്നുചേർന്ന് ക്രിക്കറ്റ് കളിക്കുന്നു. മുക്രയിട്ട് കുട്ടികളെ കടന്നുപോകുന്ന പന്നിക്കൂട്ടങ്ങൾ, തീറ്റയന്വേഷിച്ച് നടക്കുന്ന കന്നിൻപറ്റങ്ങൾ, യാത്രികരെ അന്വേഷിച്ച് മെല്ലെ നീങ്ങുന്ന ചവിട്ട് സൈക്കിൾറിക്ഷകൾ.

വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തപ്പെട്ടവർ. ഭാഷ, വേഷം, ഭക്ഷണം, ആചാരം എല്ലാം വ്യത്യസ്തമെങ്കിലും കുടുംബം പുലർത്താൻ, ജീവിതവിജയം നേടാൻ എല്ലാവരും ഒരുമനപ്പെട്ട് ഇവിടെ ജീവിക്കുന്നു. നാനാത്വത്തിലെ ഏകത്വമല്ലേയിത്..? ഇതല്ലേ മഹാത്മാഗാന്ധി വിഭാവനം ചെയ്ത വലിയവനെന്നോ ചെറിയവനെന്നോ ഭേദമില്ലാത്ത സമത്വസുന്ദരമായ രാമരാജ്യം..?.

13-ാം തീയ്യതി വെള്ളിയാഴ്ച, അനി ഡൽഹിയിലെ തന്റെ യൂണിറ്റിൽ റിപ്പോർട്ട് ചെയ്തശേഷം തിരികെയെത്തി. ഇനി അദ്ദേഹത്തിന് രണ്ടുനാൾ അവധിയാണ്. നാളെ കിദ്വായി നഗറിലെ ഷേനായിയെ മുന്നറിയിപ്പ് പ്രകാരം കാണാൻ പോകണം, തൊഴിൽകാര്യം സംസാരിക്കണം. അഡ്രസ്സ്ഡയറി, യാത്രാപ്പണം എല്ലാം തയ്യാറാക്കി അപ്പുണ്ണി ഇരുന്നു.

14-ാം തീയ്യതി ശനി, രാവിലെതന്നെ കുളിച്ച് തയ്യാറായി. വൺറൂം കിച്ചണിൽ ഉൾപ്പെടുന്ന അച്ചായന്റെ വീട് ചെറുതാണങ്കിലും എല്ലാത്തിനും നല്ല സൗകര്യങ്ങൾ. ഇവരുടെ മക്കൾ ബിജുവും ബിനുവും നാട്ടിൽ പഠിക്കുന്നു. അമ്മാമ്മയ്ക്കും അച്ചായനും ഫരീദാബാദിലെ സുവിശേഷ പ്രവർത്തകൻ ഡോ:ജോബിന്റെ സബീന പ്രിന്റിങ്ങ് പ്രസ്സിലാണ് ജോലി. മാസംതോറും ഇറക്കുന്ന **ടോർച്ചുവേഡ് ഫോർ ക്രൈസ്റ്റ്** എന്ന ചെറു മാഗസ്സിൻ പായ്ക്ചെയ്ത് അയയ്ക്കുക എന്നുള്ളതാണ് ഇവരുടെ ജോലി. കഠിനാധ്വാനം വേണ്ടാത്ത പണി. മാസിക

www.malankaralibrary.com
യുടെ എണ്ണമനുസരിച്ചുള്ള തുക ശമ്പളമായികിട്ടും.

ചവിട്ടി നീക്കുന്ന റിക്ഷായിൽ അപ്പുണ്ണിയും അനിയും യാത്രയായി. രണ്ട് കിലോമീറ്റർ ദൂരെയുള്ള ബല്ലവ്ഗഡ് പ്രധാന ബസ്റ്റോപ്പിലേക്ക്. ഡൽഹിക്കുള്ള ഡൽഹി ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ (ഉഠഇ) ബസ്സിൽ കയറി, നല്ല തിരക്ക്. അനി സ്ഥലപ്പേരുപറഞ്ഞ് പൈസാകൊടുത്തു. കാക്കിയിട്ട കണ്ടക്ടർ നെഞ്ചത്ത് തൂങ്ങിക്കിടക്കുന്ന തോൽസഞ്ചിയിൽ പണം നിക്ഷേപിച്ച് ടിക്കറ്റ് റാക്കിൽനിന്നും രണ്ട് ടിക്കറ്റെടുത്ത് ഒരു ചെറിയ സ്റ്റാപ്ളർ ഉപകരണം കൊണ്ട് ഹോൾ പഞ്ചുചെയ്ത് അനിക്ക് കൊടുത്തു. ബസ്സിനകത്ത് മുകളിലെ കമ്പിയിൽ പിടിച്ച് മുൻപോട്ട് കയറിനിന്ന അപ്പുണ്ണിയുടെ ശ്രദ്ധ അതിലേക്കായത് പെട്ടന്നാണ്. ഉണ്ടായിരുന്നതിൽ പകുതിജീവൻ അപ്പോഴേ പോയി..!. ഓരോ സീറ്റിന്റെ പിൻപിലും ഹിന്ദിയിലും ഇംഗ്ലീഷിലും ഇങ്ങനെ എഴുതിയിരിക്കുന്നു (പഞ്ചാബ് ഖലിസ്ഥാൻ ഭീകരരുടെ കാലമാണ്) ''സംശയകരമായ വസ്തുകണ്ടാലെടുക്കരുത്. അലറിവിളിച്ച് മുന്നറിയിപ്പ് നൽകുക. ചിലപ്പോൾ അതൊരു ബോംബായേക്കാം..''തലസ്ഥാന നഗരിയിലേക്കുള്ള സ്വാഗതകമാനമായി അപ്പുണ്ണി ആ വാക്കുകളെ കണക്കാക്കി. റോഡിൽ അവിടവിടായി പോലീസുകാരുടെ കേന്ദ്രങ്ങൾ. മണൽച്ചാക്കുകൾ അട്ടിയടുക്കിവച്ച് കയ്യിൽ വായിച്ചുകേട്ടതും പത്രത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളതുമായ എ.കെ.47 തോക്കുകളുമായ് അവർ നിൽക്കുന്നു. തലസ്ഥാന നഗരിയിലേക്കുള്ള പ്രവേശനകവാടത്തിലാണ് അപ്പുണ്ണി ഇപ്പോൾ.

സിന്ധു-ഗംഗ സമതലത്തിന്റെ ഫലഭൂയിഷ്ഠതയാൽ അനുഗ്രഹിക്കപ്പെട്ട പ്രദേശമാണ് ഡൽഹി. ആരവല്ലി പർവ്വതവും യമുനാനദിയും ഡൽഹിക്ക് പ്രകൃതിദത്തമായ സുരക്ഷയൊരുക്കുന്നു. **ദഹ്‌ലി** എന്ന പദത്തിൽ നിന്നുമാണ് ഡൽഹി രൂപപ്പെട്ടത്. **ദഹ്‌ലി** എന്നാൽ വാതിൽപ്പടി എന്നർഥം. ആരവല്ലി പർവ്വതത്തിനും യമുനാനദിക്കും ഇടയിലുള്ള ഡൽഹി കടന്നുവേണം ഫലഭൂയിഷ്ഠമായ ഗംഗാ തടത്തിലേക്ക് പ്രവേശിക്കാൻ. ഗംഗാതടത്തിലേക്കുള്ള വാതിൽപ്പടിയാണ് ഡൽഹി. ആയിരത്തിലധികം വർഷക്കാലം തലസ്ഥാനമെന്ന ഖ്യാതി നിലനിർത്തിയ ലോകത്തിലെ ചുരുക്കം സ്ഥലങ്ങളിലൊന്നാണ് ഡൽഹി.



എത്രയോ സാമ്രാജ്യങ്ങൾ!, പ്രതാപത്തിന്റെ, പ്രൗഢിയുടെ, ആഡംബരത്തിന്റെ എത്രയോ ചക്രവർത്തിമാർ!, ഭരണകർത്താക്കൾ!. പഠിച്ചതും വായിച്ചതും കേട്ടതുമായ എല്ലാ ചരിത്ര ഏടുകളും അപ്പുണ്ണിക്ക് മുമ്പിൽ തുറക്കപ്പെട്ടു. മൗര്യവംശ രാജാക്കന്മാരുടെ കാലം മുതൽക്കേ ഡൽഹി ഒരു പ്രധാന പട്ടണമായിരുന്നു. ഗുപ്തരാജാക്കൻമാരുടെ ഭരണകാലത്തെ സംബന്ധിക്കുന്ന തെളിവുകളും ഇവിടെനിന്നും ലഭിച്ചിട്ടുണ്ട്. വീരസാഹസിക കഥകളുടെ അധിപനായ രജപുത്രരാജാവ് പ്രിഥിരാജ്. അഫ്ഗാനിൽ നിന്നും കടന്നുവന്ന കൊള്ളസംഘ തലവൻ മഹമ്മദ്ഗോറി (അദ്ദേഹമാണ് സുൽത്താൻ ഭരണത്തിന് അടിത്തറ പാകിയത് 1191-1398). ഗോറി വൈസ്രോയിയായി നിയമിച്ച കുത്തബ്ദീൻ, പിൻതുടർച്ചക്കാരനായ അൽത്തമിഷ്, റസിയാസുൽത്താന, ശേഷം അടിമവംശക്കാർ. തുടർന്ന് കിൽജി വംശങ്ങൾ, തുഗ്ലക്ക് വംശം, സയ്യിദ് വംശം, ലോധി വംശം. ഇവരെല്ലാം ഡൽഹി സുൽത്താന്റെ സിംഹാസനത്തിൽ ഇരുന്നവരാണ്. ലോധി വംശക്കാരനായ ഇബ്രാഹിം ലോധിയിൽനിന്നാണ് ബാബർ ഡൽഹി കരസ്ഥമാക്കുന്നത്. ബാബറിനും അക്ബറിനും ഷാജഹാനും അങ്ങനെ മുഗളൻമാർക്ക് ശേഷം ബ്രിട്ടീഷുകാരുടെയും തുടർന്ന് സ്വാതന്ത്ര്യസമര സംഘട്ടനങ്ങളിലൂടെ സ്വതന്ത്രയായ ഭാരതാംബയുടെ തലസ്ഥാനത്തേക്കാണ് അപ്പുണ്ണി കടക്കുന്നത്.

റിങ്റോഡ് വഴി സഞ്ചരിച്ച് അപ്പുണ്ണിയും അനിയും കിദ്വായി നഗറിന് സമീപത്തുള്ള എവിടെയോ ഇറങ്ങി. കാത്തുകാത്തിരുന്ന സുദിനം. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ തലസ്ഥാനത്ത് അപ്പുണ്ണി കാലുകുത്തുന്നു. ചന്ദ്രനിൽ ആദ്യമായി കാലുകുത്തിയപ്പോൾ ചന്ദ്രചാരികൾക്കുണ്ടായ ആനന്ദാത്ഭുത സ്പർശംപോലെ അപ്പുണ്ണിയിലും അഭിമാനത്തിന്റെ തിരയിളക്കം.

''നമുക്ക് നടക്കാം..?. നടക്കാൻ വിഷമമുണ്ടോ...?'' അനിയുടെ ചോദ്യം.

''ഹേയ്, നമുക്ക് കണ്ടുകണ്ട്. ചോദിച്ചുചോദിച്ച്.. പോകാം..?''

''ശരി...''

അധികം പൊക്കമില്ലാത്ത ഒരേപോലെയുള്ള കെട്ടിടങ്ങൾ, വിശാലമായ പുൽത്തകിടികൾ. കിദ്വായി

www.malankaralibrary.com
നഗറിലെ ഷേനായിയുടെ ഫ്ളാറ്റിന്റെ നമ്പർ അന്വേഷിച്ച് കുറെ നടന്നു. അവസാനം ദാ.. കൺമുൻപിൽ..! കോളിങ്ങ് ബെല്ലിൽ അനി വിരലമർത്തി.

ഷേനായി തന്നെയാണ് കതക് തുറന്നത്. മുറിക്കുള്ളിലേക്ക് സ്വീകരിച്ചിരുത്തി. എറണാകുളത്ത് ചെന്ന് കണ്ടതും ഡെൽഹിയിലെത്തിയ കാര്യവും എല്ലാം അപ്പുണ്ണി ഷേനായിയെ ഓർമ്മിപ്പിച്ചു. ആശ്ചര്യമെന്നു പറയട്ടെ, അദ്ദേഹത്തിന്റെ നിസ്സഹായ അവസ്ഥയാണ് മറുപടിയായി കിട്ടിയത്. എന്തോ ഓർമ്മക്കുറവുള്ളവനെ പോലെയാണ് അദ്ദേഹം സംസാരിച്ചത്.

''സ്ഥിരം ജോലിവേണ്ട. താത്കാലികമായിട്ടെങ്കിലും..?''

''ഒരാഴ്ചകൂടി കഴിഞ്ഞ് വരൂ. ഞാനൽപ്പം തിരക്കിലാണ്, ഇനിവരുമ്പോൾ വിളിച്ചിട്ട് വരൂ..''

(മുങ്ങാനായിരിക്കും അപ്പുണ്ണി മനസ്സിൽ പറഞ്ഞു.)

ഷേനായിയുടെ വാക്കുകൾ കേട്ട് അപ്പുണ്ണിയും അനിയും ആ വീടിന്റെ പടിയിറങ്ങി നടന്നു. അനി ഹിന്ദിയിൽ എന്തൊക്കെയോ അദ്ദേഹത്തെ പ്രശംസിക്കുന്നുണ്ടായിരുന്നു!.

''സാരമില്ലടേ!, ഒരാഴ്ചകൂടി നമുക്ക് കാക്കാം..''

തലസ്ഥാന നഗരിയിൽക്കൂടി വി.ഐ.പി. പെട്ടിയും തൂക്കി അപ്പുണ്ണിയും വശം ചേർന്ന് ഇന്ത്യൻ നേവിയുടെ ഐഡിയും തൂക്കി അനിയും. വിശാലമായ റോഡുകൾ. ഇരുകരകളിലും വരി വരിയായി തണൽമരങ്ങൾ. മരങ്ങൾക്കപ്പുറം വലിയ ബംഗ്ലാവുകൾ. മുൻപിൽ നിറതോക്കുകളുമായി സുരക്ഷാഭടൻമാർ. വടക്കേന്ത്യയിലെ നല്ല കാലാവസ്ഥയാണ് ഒക്ടോബർ (ഒക്ടോബർ മുതൽ ജനുവരി അവസാനം വരെ അധികം തണുപ്പുണ്ടെങ്കിലും ചൂടില്ല.). സുഖശീതളഛായയിൽ ഇരുവരും നടന്നുനടന്ന് തലസ്ഥാനമദ്ധ്യേ തലയുയർത്തി നിൽക്കുന്ന ഇന്ത്യാഗേറ്റിന്റെ മുന്നിലെത്തി. വിശാലമായ പുൽത്തകിടി.

''അല്പം ഇരിക്കാം..?''

1921ൽ പഞ്ചാബ്, ഉത്തർപ്രദേശ് എന്നി പ്രൊവിൻസുകളിൽ നിന്നും വേർതിരിച്ചെടുത്തതാണ് ഡൽഹി. 1914-18 കാലങ്ങളിൽ നടന്ന ഒന്നാം ലോകമഹായുദ്ധത്തിൽ ഫ്രാൻസ്, മെസപൊട്ടോമിയ(ഇറാക്ക്), പേർഷ്യ( ഇറാൻ), ഈസ്റ്റാഫ്രിക്ക തുടങ്ങിയ യുദ്ധനിരകളിലും മൂന്നാം അഫ്ഗാൻ യുദ്ധത്തിലും മരിച്ചുവീണ ധീരൻമാരായ ഇന്ത്യൻ പട്ടാളക്കാരുടെ സ്മരണയ്ക്കായി ബ്രിട്ടീഷുകാർ പണിതുയർത്തിയതാണ് 42 മീറ്റർ ഉയരമുള്ള ഇന്ത്യാഗേറ്റ്. 1931ൽ കോണാട്ട് പ്രഭുവാണ് ശിലാസ്ഥാപനം നടത്തിയത്. ഫ്രാൻസിലെ ആർക്ക് ഡി ട്രൈഫ് മാതൃകയിൽ എഡ്വിൻ ലുട്ടിയൻസ് ഡിസൈൻ ചെയ്തതാണ് ഇത്. മരണപ്പെട്ട(90,000)പട്ടാളക്കാരുടെ പേരുകൾ ഭിത്തിയിൽ കൊത്തിവച്ചിട്ടുണ്ട്. എപ്പോഴും ഉജ്ജ്വലിച്ചുനിൽക്കുന്ന അമർജവാൻ ജ്യോതി ഇവിടുത്തെ പ്രത്യേകതയാണ്. ഇന്ത്യാഗേറ്റിന്റെ മുന്നിൽനിന്നും നോക്കിയാൽ നീണ്ടുനിവർന്ന് കിടക്കുന്ന രണ്ടുമൈൽ നീളമുള്ള റോഡ്, രാഷ്ട്രപതിഭവനിൽ ചെന്നുചേരുന്നു. റിപ്പബ്ലിക്ക് ദിനത്തിലെ പരേഡ് നടക്കുന്നത് ഇവിടെയാണ്.

1947 ആഗസ്റ്റ് 15 വരെ ബ്രിട്ടീഷ് വൈസ്രോയി മന്ദിരമായിത്തുടർന്ന പാശ്ചാത്യനിർമ്മിത സമുച്ചയമാണ് രാഷ്ട്രപതിഭവൻ. പാശ്ചാത്യ വാസ്തു വിദ്വാൻമാരായ സർ എഡ്വിൻ ലൂട്ടിൻസ്, സർ ഹെബേർട്ട് ബേക്കർ എന്നിവർ നിർമ്മാണച്ചുമതല വഹിച്ച് പണികഴിപ്പിച്ചതാണിത്. 330 ഏക്കർ വിസ്തീർണ്ണം, 340 മുറികൾ, മുഗൾ ഗാർഡൻ എന്നപേരിൽ 140 ഏക്കർ പൂന്തോട്ടം. ഇവയെല്ലാം ചേർന്നതാണ് രാഷ്ട്രപതിഭവൻ.

വൃത്താകൃതിയിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടമാണ് ഇന്ത്യൻപാർലമെന്റ് മന്ദിരം(സൻസത് ഭവൻ). 1921ൽ പ്രിൻസ് അർതർ (വിക്ടോറിയ രാജ്ഞിയുടെ 3-ാം പുത്രൻ) തറക്കല്ലിട്ടു. സർ എഡ്വിൻ ലൂട്ടിൻസ്, സർ ഹെബേർട്ട് ബേക്കർ എന്നിവർ ഡിസൈൻ ചെയ്തു. 1927ൽ വൈസ്രോയി ഇർവിൻ പ്രഭു ഉത്ഘാടനം ചെയ്തു.

വിവിധ നയതന്ത്ര പ്രതിനിധികേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലമാണ് ചാണക്യപുരി. അങ്ങനെ നിരനിരയായി പുതിയ പുതിയ കാഴ്ചകൾ അപ്പുണ്ണിയുടെ കണ്ണുകൾക്ക് വിസ്മയമേകി. സമയമേറെയായി. തലസ്ഥാനക്കാഴ്ചകൾക്ക് അവധി കൊടുത്ത് ഇരുവരും തിരികെ ഹരിയാനാ റോഡ് വെയ്സിന്റെ ബസിൽ കയറി ബല്ലബ്ഗഢിലേക്ക്.

ബേബിച്ചായനെയും ഗൾഫിലെ സഹോദരനെയും വിവരം അറിയിച്ചു. ഒരാഴ്ചയ്ക്ക് ശേഷം ഷേനായിയെ വീണ്ടും കാണുവാൻ തീരുമാനിച്ചു. ''ഒന്നുംകൂടി പോയിനോക്കാം.''

അപ്പുണ്ണിക്കായി ബേബിച്ചായൻ 350 രൂപയുടെ ഒരു മുക്കാലി സൈക്കിൾ വാങ്ങി. അച്ചായനും അമ്മാമ്മയ്ക്കും ഒപ്പം അപ്പുണ്ണിയും പ്രസ്സിൽ പോകാൻ തുടങ്ങി. ദിവസങ്ങൾ അവർക്കൊപ്പം തള്ളിനീക്കി. നാട്ടുകാരനും നാട്ടിൽ ഒരേ പള്ളിക്കാരനുമായ കളരേത്തുചിറയിൽ ജോസഫ് അച്ചായനെ പോയികണ്ടു.

''ഷേനായിയുടെ വിവരം അറിയട്ടെ ജോലി നമുക്ക് ശരിയാക്കാം..'' ആശ്വാസ വാക്കുകൾ.

പറഞ്ഞതുപോലെ ഒരാഴ്ചയ്ക്ക് ശേഷം വീണ്ടും മോനായിയെ കാണാൻ പോയി.

''ഞാൻ നിസ്സഹായനാണ് എനിക്ക് നിങ്ങളെ സഹായിക്കാനാകില്ല..'' ഷേനായി പറഞ്ഞൊഴിഞ്ഞു. ചെയ്ത ഉപകാരത്തിന് നന്ദിപറഞ്ഞ് അപ്പുണ്ണി പ്രതീക്ഷാരഹിതനായി തിരികെനടന്നു. ശേഷം, നാട്ടിലെ അപ്പുണ്ണിയുടെ കുറെ കൂട്ടുകാർക്കൊപ്പം ലക്ഷമി നഗർ (മംഗൾ ബസാർ ഇവിടുത്തെ പേരുകേട്ട ചന്തയാണ്) എന്ന സ്ഥലത്ത് താമസമാക്കി. ഡൽഹി മാടക്കടകളിൽ ലഭിക്കുന്ന മദ്യം കലർത്തിയ മൂസമ്പിജ്യൂസ് അപ്പുണ്ണി ഒരുതവണ കൂട്ടുകാർക്കൊപ്പം രുചിച്ചുനോക്കി. ഡൽഹിയുടെ പലഭാഗങ്ങൾ അപ്പുണ്ണി സഞ്ചരിച്ചു.

മുതുകുളം ശ്രീവൽസത്തിൽ ഹരികുമാർ(കൊച്ചുമോൻ), വാലിൽ അനൂപ് ചേട്ടൻ, ചെങ്ങന്നൂരിലെ കുഞ്ഞുപെങ്ങളുടെ വീടിന്റടുത്തുള്ള വർക്കിച്ചായൻ(ഡൽഹിയിൽ നിന്നും 20 ക.മീ. ദൂരെയുള്ള ഉത്തർപ്രദേശിലെ ഗൗതമബുദ്ധ ജില്ലയിൽ ഉൾപ്പെട്ട നോയിഡയിൽ). അങ്ങനെ നാട്ടുകാരായ പല ആൾക്കാരെയും

www.malankaralibrary.com
അപ്പുണ്ണി സന്ദർശിച്ചു, ഭാഷയും പഠിക്കാം സ്ഥലങ്ങളും കാണാം. വെറുതെ കൂറെ യാത്രകൾ. നെഹ്റുപ്ലയിസ്സിലെ(ഐ.ടി.സെന്റർ) ഒരു പ്ലയിസ്മെന്റ് സ്ഥാപനത്തിൽ ജോലി ലഭിക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്തു(നമ്മുടെ എംപ്ലോയ്മെന്റ് ആഫീസ് രീതിയിൽ), 50 രൂപ. തുക പോയത് മിച്ചം(തട്ടിപ്പ്!). എന്നാലും അതും ഒരു ഡൽഹി പരിചയം തന്നെയല്ലെ?.

ഒപ്പം താമസിക്കുന്ന കൂട്ടുകാരുമായി അപ്പുണ്ണിക്ക് ചേർന്നുപോകാൻ സാധിക്കാതിരുന്നതിനാൽ അവരുടെ സൗഹൃദം ഉപേക്ഷിച്ച് അപ്പുണ്ണി ഹരിയാനയിലെ ബല്ലബ്ഗഢിലേക്ക് തന്നെ തിരികെപ്പോന്നു.

സോദരൻ അനിയുമായുള്ള ദൽഹിയിലെ ഒരു ബസ്യാത്ര.. ലക്ഷ്യം ഓസ്കാസിലെ കാനറാബാങ്ക് ശാഖയിൽ ജോലിചെയ്യുന്ന മുതുകുളത്തെ വെങ്ങാലിൽ വർഗ്ഗീസ് അച്ചായനെ കാണണം (അദ്ദേഹം കോളേജ് ഓഫ് ആർട്സിലെ അപ്പുണ്ണിയുടെ ഡിഗ്രിതല അദ്ധ്യാപകനായിരുന്നു). പ്രൈവറ്റ് ബസ്സിൽ നല്ലതിരക്ക്. നാട്ടിലെ കല്ല്യാണ ബസ്സ് പോകുംപോലെ പുതിയ ഹിന്ദി പാട്ടുകളും കേട്ട് മനസ്സിൽ താളം പിടിച്ചുള്ളയാത്ര. അനി ബസ്റ്റോപ്പിൽ ഇറങ്ങി. അപ്പുണ്ണിക്കിറങ്ങാനൊത്തില്ല. വണ്ടി വിസിലുകേട്ട് മുന്നോട്ട്. അടുത്ത ബസ്റ്റോപ്പിൽ അപ്പുണ്ണി അലറി വിളിച്ചിറങ്ങുമ്പോൾ ബസ്സിന് പിന്നാലെ ഓടിത്തളർന്ന് അലച്ചുവരുന്ന അനി. അപ്പുണ്ണി കരയണോ..? അതോ ചിരിക്കണോ..?.

രണ്ടുദിവസം അനിക്കൊപ്പം അദ്ദേഹത്തിന്റെ താമസസ്ഥലത്തും പാർക്കുവാൻ അപ്പുണ്ണിക്ക് സാധിച്ചു. ഇന്ത്യൻ മിലിറ്ററിയിൽ ചേരാൻ സാധിച്ചില്ലെങ്കിലും അവരുടെ ഭക്ഷണം അപ്പുണ്ണിയും രുചിച്ചു. നാട്ടുകാരൻ ജോസഫച്ചായനെ സന്ദർശിച്ച് അപ്പുണ്ണി ജോലി സാഹചര്യങ്ങളെക്കുറിച്ച് സംസാരിച്ചു. സഹായാഭ്യർത്ഥന നടത്തി. രണ്ട് ദിവസത്തിനകം തന്നെ അപ്പുണ്ണിക്ക് അദ്ദേഹം ജോലിചെയ്യുന്ന പ്രമുഖ സ്ഥാപനമായ ജെ.സി.ബി.എസ്കോർട്ട്സിൽ താൽക്കാലിക നിയമനം തരപ്പെടുത്തി (ജെ.സി.ബി.എസ്കവേറ്റർ നിർമ്മിക്കുന്ന കമ്പനി). അന്യനാട്ടിൽ അപ്പുണ്ണിക്ക് ജോലിയായി.

രാവിലെ എട്ടുമണിക്ക് കമ്പനിയിലെത്തണം. വീട്ടിൽനിന്നും നാല് കിലോമീറ്റർ ദൂരം. ബേബിയച്ചായനും ഗ്രേസി അമ്മാമ്മയും ഉണ്ടാക്കിത്തരുന്ന ചപ്പാത്തിയും കറികളും കഴിച്ച് അപ്പുണ്ണി തന്റെ സൈക്കിളിൽ യാത്രയാകും. ഉച്ചയ്ക്ക് തുച്ഛമായ തുകയ്ക്ക് ജെ.സി.ബി. കമ്പനി ക്യാന്റീനിൽനിന്നും ചപ്പാത്തി, ചെറുപാത്രത്തിൽ ചോറ്, തൈര്, മൂലി, പച്ചമുളക്, ദാൽകറി. വൈകിട്ട് നാലിനുശേഷം ഓവർടൈം ഉണ്ടെങ്കിൽ ചായയും ലഘുഭക്ഷണവും കമ്പനിയിൽത്തന്നെ. ജോലിക്കുശേഷം സൈക്കിളിൽ തിരികെ. സുഖയാത്ര, സുഖജോലി.

ആദ്യജോലി എൻജിനീയറിങ്ങ് ഡിപ്പാർട്ട്മെന്റിൽ അനിൽകുമാർ എന്ന ഓഫീസ് സെക്രട്ടറി നാട്ടിൽപോയ ഒഴിവിൽ. അവിടെ വച്ചാണ് രസാവഹമായ ആ സംഭവം നടക്കുന്നത്. ജോലിക്ക് പോയി തുടങ്ങിയതിന്റെ രണ്ടാംദിവസം അപ്പുണ്ണിയെ നോക്കി സീനിയർ എൻജിനീയർ ഗുപ്ത ഹിന്ദിയിൽ എന്തൊക്കെയോ പറഞ്ഞു "***!..@@@@?" അപ്പുണ്ണിക്കൊന്നുമെ മനസ്സിലായില്ല, അപ്പുണ്ണി ഹിന്ദിയിൽ മറുപടി പറഞ്ഞത് അദ്ദേഹത്തിനും മനസ്സിലായിക്കാണാൻ വഴിയില്ല (അപ്പുണ്ണിക്കും...!!) കൂട്ടച്ചിരിയായി. ശബ്ദംകേട്ട് അതേ ഡിപ്പാർട്ട്മെന്റിൽ ജോലിചെയ്യുന്ന ജോസഫ് അച്ചായൻ ഇറങ്ങിവന്നു. അവസാനം തീരുമാനമായി. അപ്പുണ്ണിയോട് ഹിന്ദിയിൽ സംസാരിക്കരുത്.

അവധിക്ക് നാട്ടിൽ പോയആൾ തിരികെ വന്നപ്പോൾ അപ്പുണ്ണിക്ക് ക്വാളിറ്റി സെക്ഷനിലേക്ക് മാറ്റം. കമ്പ്യൂട്ടർ അറിവ് ഉള്ളതിനാൽ പല ഡിപ്പാർട്ട്മെന്റുകളിൽ നിന്നും അപ്പുണ്ണിയെ തിരക്കി ആൾക്കാർ വരാൻതുടങ്ങി. അപ്പുണ്ണി അവർക്കൊപ്പം പോയി അവരുടെ ആവശ്യം സാധിച്ചുകൊടുക്കും.

ക്വാളിറ്റി ഡിപ്പാർട്ട്മെന്റിലെ ഹെഡ്, പഞ്ചാബി സന്ദീപ്സിങ്ങാണ്. അദ്ദേഹത്തിന്റെ താഴെയുള്ള എൻജിനീയർ കതൂരിയ രാജസ്ഥാനിയാണ്, അദ്ദേഹമാണ് അപ്പുണ്ണിയുടെ മാനേജർ. ഒരു ദിവസം ടൈപ്പുചെയ്ത കത്തിലെ വാക്കിന്റെ സംശയം തീർക്കാൻ ഓഫീസിലിരുന്ന അസി. ഇൻജിനീയർ കൊച്ചർ എന്ന ആളിനെ സമീപിച്ചു. പക്ഷേ അദ്ദേഹം നിർദ്ദയം അപ്പുണ്ണിയെ തെറിവിളിച്ചു. മറുപടിയില്ലാത്ത വർത്തമാനം. വടക്കേന്ത്യക്കാർക്ക് കേരളക്കാർ വെറും **മദ്രാസിയാണ് മദ്രാസി**. അപ്പുണ്ണി പറയാതെ ചെവിക്കുചെവി ജോസഫ് അച്ചായൻ ഇതറിഞ്ഞു(ജോസഫ് അച്ചായൻ കമ്പനിയുടെ തൊഴിലാളി യൂണിയൻ നേതാവാണന്ന് അപ്പുണ്ണി അറിഞ്ഞിരുന്നില്ല). കൊച്ചറിന് ജോസഫ് എല്ലാരുടേയും മുന്നൽവച്ച് വേണ്ടത് കൊടുത്തു. പിറ്റേന്നുതന്നെ കൊച്ചർ വന്ന് അപ്പുണ്ണിയോട് മാപ്പുപറഞ്ഞു. സന്ദീപ്സിങ് (ഡിപ്പാർട്ട്മെന്റ് ഹെഡ്) വന്ന് അപ്പുണ്ണിയെ പരിചയപ്പെട്ടു. കതൂരിയ എൻജിനീയർ അദ്ദേഹത്തിന്റെ വീട്ടിൽ അപ്പുണ്ണിയെ കൊണ്ടുപോയി അംഗങ്ങളെ പരിചയപ്പെടുത്തി. സ്വസ്ഥം, സുഖം. ഈശ്വരകടാക്ഷം നിറഞ്ഞുതുളുമ്പിയ കാലം. **ലാൻ** (LAN- Local Area Network)**സിസ്റ്റം** വഴി ഓഫീസുകളിൽനിന്നും ഓഫീസുകളിലേക്ക് മെസ്സേജയക്കാൻ അപ്പുണ്ണി കൂട്ടുകാരെ പഠിപ്പിച്ചു. കൂട്ടുകാർക്കും സന്തോഷം. മാസങ്ങൾ മുൻപോട്ട്.

തണുപ്പുകാലം തുടങ്ങി. ദേഹത്ത് രണ്ട് സ്വെറ്ററുകൾ, തലയിൽ മഫ്ളർ. മൂടൽമഞ്ഞ് മൂടിയ റോഡുകളിലൂടെ അപ്പുണ്ണി സൈക്കിൾ ചവിട്ടി. പരസ്പരം കാണാനൊക്കാത്ത തരത്തിലുണ്ടാകുന്ന മൂടൽമഞ്ഞ് പലപ്പോഴും അപകടങ്ങൾക്ക് കാരണമാകാറുണ്ട്. അപ്പുണ്ണിയുടെ കൺമുൻപിൽതന്നെ എത്രയോ ട്രയിൻ, ബസ് അപകടങ്ങൾ.

നാളെ ശനിയാഴ്ച അപ്പുണ്ണി, അനി, അനിയുടെ(ഡൽഹിയിൽ നഴ്സിങ്ങിന് പഠിക്കുന്ന)പെങ്ങൾ ആൻസി, കൂട്ടുകാരി വിജി എന്നിവർക്കൊപ്പം ഡൽഹിയും പരിസരസ്ഥലങ്ങളും കാണാൻപോകുന്നു. ദീർഘനാളത്തെ ആഗ്രഹം.

ആഗ്രയിലേക്ക്. ബി.സി.250ൽ അശോകനാൽ ഭരിക്കപ്പെട്ടിരുന്ന ഒരു സ്ഥലമായിരുന്നു ആഗ്ര. ടൈമൂറിന്റെയും ചെങ്കിസ്ഖാന്റെയും പരമ്പരയിൽപെട്ട ബാബറിന്റെ വരവോടുകൂടിയാണ് ആഗ്രയുടെ ചരിത്രത്തിലെ

www.malankaralibrary.com
പ്രധാന കാലഘട്ടം ആരംഭിക്കുന്നത്. അങ്ങനെ നൂറ്റാണ്ടുകളിലൂടെ മുഗൾ ചക്രവർത്തിമാരാൽ രൂപപ്പെട്ട അത്ഭുത നഗരമാണ് ആഗ്ര.

1526ൽ ഒന്നാം പാനിപ്പത്ത് യുദ്ധത്തിലൂടെ ഇബ്രാഹിം ലോധിയെ തോൽപ്പിച്ച് മുഗൾ സാമ്രാജ്യം സ്ഥാപിച്ച ബാബർ, കാബൂളെന്ന ഒരു ചെറുരാജ്യം ഭരിച്ചിരുന്ന രാജാവായിരുന്നു. ആത്മധൈര്യത്തിന്റെയും അനുഭവജ്ഞാനത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും ആൾരൂപമായിരുന്നു ബാബർ. സുശക്തമായ സൈന്യവും സമർത്ഥമായ നേതൃത്ത്വവും അദ്ദേഹത്തിന്റെ വിജയങ്ങൾക്ക് ആക്കംകൂട്ടി. നാല് വർഷക്കാലം മാത്രമെ ബാബറിന് ഇന്ത്യ ഭരിക്കാനായുള്ളു. സുഖലോലുപനും മടിയനുമായാണ് പുത്രൻ ഹുമയൂണിനെ ചരിത്രകാരൻമാർ വിശേഷിപ്പിക്കുന്നത്. മുഗളന്മാരെ തോൽപ്പിക്കാൻ തക്കംപാർത്തിരുന്ന ഷേർഖാൻ (ഷേർഷ) തുടർച്ചയായ യുദ്ധങ്ങളിലൂടെ ഹുമയൂണിനെ പരാജയപ്പെടുത്തി(സൂർ രാജവംശം 1540–1555). അലഞ്ഞുതിരിഞ്ഞ് നടന്ന ഹുമയൂണിന് അമർക്കോട്ടിൽ വച്ചുണ്ടായ പുത്രനാണ് അക്ബർ. 1555ൽ, പേർഷ്യൻ ചക്രവർത്തിയുടെ അഭയാർത്ഥിത്വത്തിൽ നിന്നും തിരികെയെത്തിയ ഹുമയൂൺ ഷേർഷായുടെ പുത്രനായ സിക്കന്ദർഷായെ തോൽപ്പിച്ച് മുഗൾ ഭരണം തിരികെ കൊണ്ടുവന്നു. സഹായിയായ ബൈറാംഖാന്റെ ശിക്ഷണത്തിൽ 13-ാം വയസ്സിൽ ഭരണം ഏറ്റെടുക്കേണ്ടിവന്ന ചക്രവർത്തിയാണ് അക്ബർ. ഇന്ത്യാചരിത്രത്തിലെ സുപ്രധാന കാലഘട്ടമായിരുന്നു അക്ബറുടെ ഭരണകാലം. എല്ലാമതങ്ങളേയും അക്ബർ മാനിച്ചു. സംഗീതം, ശിൽപ്പകല, ചിത്രമെഴുത്ത് തുടങ്ങി എല്ലാകലകളേയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. മഹാനായ അക്ബർ ചക്രവർത്തി (ഷാഹെൻഷാ) 1571ൽ പണികഴിപ്പിച്ചതാണ് ഫത്തേപ്പൂർ സിക്രി. 1573 മുതൽ 1584 വരെ ഇന്ത്യയുടെ തലസ്ഥാനം ഫത്തേപ്പൂർ സിക്രി(വിജയനഗരം) ആയിരുന്നു. അക്ബറാണ് ആഗ്രകോട്ടയുടെ പണിയാരംഭിച്ചത്. മുപ്പത്തഞ്ചടി ആഴവും മുപ്പതടി വീതിയുമുള്ള കിടങ്ങ് കടന്നുവേണം ആഗ്രകോട്ടയിൽ പ്രവേശിക്കാൻ.

17 വർഷത്തെ മുംതാസ്(3-ാം ഭാര്യ)-ഷാജഹാൻ ദാമ്പത്യത്തിൽ 14 മക്കൾക്ക് മുംതാസ് ജന്മംകൊടുത്തു. പ്രസവസംബന്ധമായി മുംതാസ് മരിക്കുമ്പോൾ രണ്ട് അപേക്ഷകൾ മുംതാസ് നടത്തി. മറ്റൊരുവിവാഹം നടത്തരുതെന്നും തന്റെ ഓർമ്മയ്ക്കായി മറ്റേതൊരു സ്മാരകത്തേയും അതിജീവിക്കുന്ന ഒരുസ്മാരകം പണിയണമെന്നും. മുംതാസിന്റെ ആഗ്രഹം ഏറ്റെടുത്ത ഷാജഹാൻ ചക്രവർത്തി പണികഴിപ്പിച്ചതാണ് ലോകാത്ഭുതമായ താജ്മഹൽ. 1631 മുതൽ 1648 വരെ 2000ൽ പരം ജോലിക്കാർ വേലചെയ്താണ് താജ്മഹൽ നിർമ്മിച്ചത്. ഉസ്താദ് അഹമ്മദ് ലഹൗരിയായിരുന്നു പ്രിൻസിപ്പൽ ഡിസൈനർ. ജയ്പൂരിൽനിന്നാണ് താജിന്റെ നിർമ്മിതിക്കാവശ്യമായ മാർബിളുകൾ കൊണ്ടുവന്നത്. അന്നത്തെ പത്തുകോടി രൂപ ഇതിനായി ചെലവഴിച്ചെന്നാണ് ചരിത്രരേഖ. താജിന്റെ മറുകരയിൽ (യമുനയുടെ) തനിക്കായും ഒരു ശവകുടീരം പണിയണമെന്ന് ഷാജഹാനും ആഗ്രഹമുണ്ടായിരുന്നു. പക്ഷേ രാഷ്ട്രീയ വ്യതിയാനങ്ങൾ അദ്ദേഹത്തിന്റെ ആഗ്രഹത്തെ അസ്ഥാനത്താക്കി. ഇന്നും താജിന്റെ പിറകിൽനിന്നും നോക്കിയാൽ പൂർത്തിയാകാത്ത ആഗ്രഹത്തിന്റെ അവശിഷ്ടങ്ങൾ മറുകരയിൽ കാണാം.

11 വർഷം ആഗ്ര തലസ്ഥാനമാക്കി ഭരിച്ച ഷാജഹാൻ ആഗ്രയിലെ അസൗകര്യങ്ങളെ ഒഴിവാക്കാൻ വേണ്ടിയാണ് തന്റെ തലസ്ഥാനം പുതുതായി പണിതുയർത്തിയ ഷാജഹാനാബാദ് എന്ന ഡൽഹി രാജധാനിയിലേക്ക് മാറ്റിയത്. ചെങ്കോട്ടയുടെ പ്രധാന പ്രവേശനകവാടമാണ് ലാഹോർഗേറ്റ്. അതിന് മുകളിലായി ത്രിവർണ്ണ പതാക പാറുന്നു. ഉത്സവദിനങ്ങളിൽ താളമേളമാസ്വദിക്കാൻ ഷാജഹാൻ ചക്രവർത്തി കോട്ടയുടെ മുകളിൽ നിന്നിട്ടുണ്ട്. സോദരനെ ചാന്ദിനി ചൗക്കിലൂടെ വലിച്ചിഴച്ച് കൊണ്ടുവന്ന് കഥകഴിച്ചശേഷവും, പിതാവിനെ ആഗ്രകോട്ടയിലെ തടവുകാരനാക്കിയ ശേഷവും ചക്രവർത്തിയായ അറംഗസീബ് വിജയലഹരിയിൽ ഈ കോട്ടയുടെ മുകളിൽനിന്ന് ആഹ്ലാദിച്ചിട്ടുണ്ട്. പേർഷ്യയിൽ നിന്നെത്തിയ കൊള്ളസംഘത്തലവൻ നാദിർഷാ മുഗൾ ചക്രവർത്തിയായിരുന്ന അഹമ്മദ്ഷായുടെ കയ്യിൽനിന്നും കോഹിനൂർ ഉൾപ്പെടെ അന്തഃപ്പുരത്തിലെ വിലയേറിയ രത്നങ്ങളും വിശ്വവിഖ്യാത മയൂരസിംഹാസനവും കൊള്ളയടിച്ചിട്ട് ഈ കോട്ടമുകളിൽനിന്ന് അഹങ്കരിച്ചിട്ടുണ്ട്. മുഗൾസാമ്രാജ്യത്തിന്റെ അവസാന ചക്രവർത്തിയായിരുന്ന ബഹദൂർഷാ രണ്ടാമൻ തന്റെ വംശാധഃപതനത്തെയോർത്ത് ഈ കോട്ടമുകളിൽനിന്ന് വിലപിച്ചിട്ടുണ്ട്. ഗുലാം ഖാദിർ എന്ന അക്രമി ഷാആലം ചക്രവർത്തിയുടെ കണ്ണുകൾ കുത്തിപ്പൊട്ടിച്ച് മകനെ വെട്ടിനുറുക്കിയത് ഇവിടെയാണ്. ഈസ്റ്റിൻഡ്യാ കമ്പനിയിലെ ഒരു ഡോക്ടർക്ക് മുപ്പത്തേഴ് ഗ്രാമങ്ങൾ കരമൊഴിവായി ലഭിച്ചതും കമ്പനി വക സാധനങ്ങൾ നികുതികൂടാതെ ഇറക്കുവാനുള്ള അവകാശം അനുവദിക്കപ്പെട്ടതും ഇവിടെവച്ചാണ്. ബഹാദൂർഷാ രണ്ടാമൻ ചക്രവർത്തിയെ പ്രതിക്കൂട്ടിൽ കയറ്റിനിർത്തി ഇംഗ്ലീഷുകാർ വിസ്തരിച്ചത് ഇവിടെയാണ് (ശേഷം അദ്ദേഹത്തെ ബർമ്മയിലേക്ക് നാടുകടത്തി. ഉർദു കവിയായിരുന്ന ബഹാദൂർഷാ ഇങ്ങനെ എഴുതി □ജീവിതത്തിന്റെ പകൽ തീരാറായിരിക്കുന്നു. സന്ധ്യ പടർന്നുതുടങ്ങി ഇനി ഇരുകാലുകളും നീട്ടി ഖബർസ്ഥാനിൽ വിശ്രമിക്കാം. സഫർ, നീ എത്ര നിർഭാഗ്യവാൻ.. പിറന്ന നാട്ടിൽ ആറടി മണ്ണുപോലും ലഭിച്ചില്ലല്ലോ..!!.□). 1911ൽ ജോർജ് അഞ്ചാമൻ ഡർബാർ നടത്തിയത് ഇവിടെയാണ്. ഷാജഹാൻ ചക്രവർത്തി ചുവന്നകല്ലും മാർബിളും ഉപയോഗിച്ചുനിർമ്മിച്ച ഐക്യരാഷ്ട്ര സംഘടനയുടെ പൈതൃക പട്ടികയിലുള്ള ചെങ്കോട്ട കൊട്ടാരങ്ങൾ, പൂന്തോട്ടങ്ങൾ, മസ്ജിദ്, കവാടങ്ങൾ, കച്ചവടകേന്ദ്രങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ്.

എന്തായാലും മുഗൾ സാമ്രാജ്യം നിലനിന്നിരുന്നതിനാൽ ഇങ്ങനെ എന്തെങ്കിലുമൊക്കെയുണ്ടായി. കോടികൾ സർക്കാരിന് ടൂറിസംവഴി നേടിയെടുക്കാൻ സാധിക്കുന്നു. ആയിരക്കണക്കിന് കുടുംബങ്ങൾക്ക് വയറുപുലർത്താൻ ഉതകുന്നു.

1192ൽ ആരംഭിച്ച് ആറുവർഷം കൊണ്ട് പൂർത്തിയാക്കിയ ഗോപുരമാണ് കുത്തബ്മീനാർ. ഭിത്തിയിൽ ഖുറാൻ വചനങ്ങൾ കൊത്തിവച്ചിട്ടുണ്ട്. 379 ചവിട്ടുപടികൾ കയറിയാൽ ഗോപുരമുകളിലെത്തും(72.5 മീറ്റർ).

www.malankaralibrary.com
ഡൽഹി സാമ്രാജ്യ സ്ഥാപകൻ കുത്തബ്ദീൻ ഐബക്ക് പൃഥ്വീരാജിന്റെ 27 ക്ഷേത്രങ്ങൾ കൊള്ളയടിച്ച മുതലുകൊണ്ട് ഉണ്ടാക്കിയതാണ് കുത്തുവാൾ ഇസ്ലാം പള്ളിയും കുത്തബ്മീനാറിന്റെ ആരംഭപണിയും. അദ്ദേഹത്തിന്റെ കാലശേഷം മരുമകൻ അൽത്തമിഷാണ് കുത്തബ്മീനാറിന്റെ പണി പൂർത്തിയാക്കിയത്. 1803ൽ ഉണ്ടായ ഭൂകമ്പത്തിൽ മീനാറിന്റെ താഴികക്കുടം തകർന്നു. 1823ൽ ഇംഗ്ലീഷുകാർ നിർമ്മിച്ചുവച്ച ശിലാമകുടം ഭാരക്കൂടുതൽ കാരണം മുകളിൽ വയ്ക്കാനാകാതെ സമീപത്തെ പൂന്തോപ്പിൽ ഉപേക്ഷിച്ചു. കുത്തബ്മീനാറിന്റെ പകുതിയും ചെങ്കല്ലുകൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. കുത്തബ് മീനാറിന്റെ സമീപത്താണ് റസിയാസുൽത്താനാ പണികഴിപ്പിച്ച അൽത്തമിഷിന്റെ ശവകുടീരം. കുത്തബ്മീനാറിന്റെ പടിഞ്ഞാറുവശത്തായി അത്ഭുതകരങ്ങളായ കൊത്തുപണികളുള്ള കൽത്തൂണുകൾ കാണാം. ഇവ പൃഥ്വീരാജ് പണികഴിപ്പിച്ചിരുന്ന കരിങ്കൽക്ഷേത്രത്തിന്റെ അവശിഷ്ടങ്ങളാണ്. 1180ൽ പൃഥ്വീരാജ് നിർമ്മിച്ച ഈ ക്ഷേത്രത്തൂണുകളിലെ ഹിന്ദു ശിൽപകലയുടെ ഭംഗി മറക്കാനായി 1192ൽ കുത്തബ്ദീൻ ഐബക്ക് കൊത്തുപണികളുടെ പുറത്ത് കുമ്മായം പുരട്ടി ഖുറാൻവാക്യങ്ങൾ കൊത്തിവച്ചു. എന്നാൽ കാലപ്പഴക്കത്തിൽ അവ മായ്ക്കപ്പെട്ട് ഇന്നത്തെ അവസ്ഥയിലായി.

മെഹ്റോളിയിലെ ഇരുമ്പ് തൂൺ, ലോഹ സംസ്കരണരംഗത്തെ പുരാതന ഇന്ത്യയുടെ മികവിന്റെ ഉദാഹരണമാണ് തുരുമ്പിക്കാത്ത 7.2 മീറ്റർ ഉയരമുള്ള ഇരുമ്പുതൂൺ.

ഡൽഹിയിലെ പ്രധാന ബിസിനസ് കേന്ദ്രങ്ങളിലൊന്നാണ് കൊണ്ണാട്ട് പ്ലയ്സ്. കൊണ്ണാട്ട് പ്രഭുവിന്റെ പേരിൽ 1929ലാണ് ഇതിന്റെ നിർമ്മിതിക്ക് തുടക്കമിട്ടത്. 1933ൽ പണി പൂർത്തിയാക്കി. ഇപ്പോഴിത് രാജീവ് ചൗക്ക് എന്ന പേരിലറിയപ്പെടുന്നു. നേരത്തെ ഇവിടെ താമസിച്ചിരുന്നവരെ കരോൾബാഗ് എന്ന സ്ഥലത്തേയ്ക്കാണ് മാറ്റി പാർപ്പിച്ചത്.

26 ഏക്കർ ഭൂമിയിൽ 1986ൽ പണി പൂർത്തിയാക്കപ്പെട്ട ക്ഷേത്രമാണ് ലോട്ടസ് ടെമ്പിൾ(ബഹായി ഹൗസ് ഓഫ് വർഷിപ്പ്). ഫരിബോർസ് സബാ എന്ന ഇറാനിയൻ കാലാകാരനാണ് ഇത് ഡിസൈൻ ചെയ്തത്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ അമ്മക്ഷേത്രമായി ഇതിനെ കണക്കാക്കുന്നു. ഒരു വാദ്യവും ഇതിനുള്ളിലുപയോഗിക്കാറില്ല. ഒൻപത് വാതിലുകളുള്ള ഈ ക്ഷേത്രത്തിന്റെ പ്രധാന ഹാളിൽ 2500പേരെ ഉൾക്കൊള്ളിക്കാം. യാത്രയ്ക്ക് ശേഷം അപ്പുണ്ണിയും കൂട്ടരും തിരികെ ഹരിയാനയിലെ ബല്ലവ്ഗഡിലേക്ക്.

ചില അവധി ദിവസങ്ങളിൽ അപ്പുണ്ണി ഒറ്റയ്ക്ക് ബല്ലവ്ഗഡിന്റെ ഉൾഗ്രാമങ്ങളിലേക്ക് സൈക്കിൾ ചവിട്ടും. നോക്കെത്താത്ത ദൂരത്തോളം പരന്നുകിടക്കുന്ന കൃഷിപ്പാടങ്ങൾ. ഇങ്ങനെ തലസ്ഥാന നഗരിയായ ഡൽഹിയുടെ പരിസര സംസ്ഥാനങ്ങളായ പഞ്ചാബിലും ഹരിയാനയിലും ആയിരക്കണക്കിന് ഹെക്ടറുകൾ വരുന്ന പാടശേഖരങ്ങൾ ഉണ്ട്. നെല്ല്, ഉഴുന്ന്, കടുക്, ചോളം, ഗോതമ്പ്.. അങ്ങനെ ധാന്യങ്ങൾ വിളഞ്ഞുകിടക്കുന്ന പാടങ്ങളിലെ വിളവെടുപ്പ് കഴിഞ്ഞ് വൈക്കോൽ ആവശ്യത്തിന് ശേഖരിച്ചശേഷമുള്ളത് തീയിടും. തീയിടുമ്പോഴുണ്ടാകുന്ന പുക തണുപ്പ് കാലങ്ങളിൽ അധികമുയർന്ന് പോകാതെ ഭൂനിരപ്പിൽ തന്നെ പരന്ന് വ്യാപിച്ചുതുടങ്ങും. ഡൽഹിക്ക് മുകളിൽ ഒരു ആവരണമായി ഈ പുക മാറുന്നു. ദീപാവലി സമയത്തോടെ പടക്കം പൊട്ടിക്കലും അന്തരീക്ഷ മലിനീകരണം രൂക്ഷമാക്കുന്നു. ശക്തമായ കാറ്റില്ലാത്തതിനാൽ ഈ സ്ഥിതിവിശേഷം ആഴ്ചകളോളം നീണ്ടുനിൽക്കും. ഫാക്ടറികളിലെ പുക, കെട്ടിടനിർമ്മാണ രംഗങ്ങളിലെ മലിനീകരണം, വാഹനങ്ങളുടെ പുക.. ഇവയെല്ലാം മലിനീകരണത്തെ വർദ്ധിപ്പിക്കുന്ന സംഗതികളാണ്. മലിനവായുശ്വസനം മനുഷ്യ മൃഗാദികളുടെ ആയുസ്സ് ഓരോ വർഷവും മൂന്നു കൊല്ലം കണ്ട് ചുരുക്കുന്നു എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

സായംകാലങ്ങളിൽ പാടത്തേക്ക് അടുത്തുള്ള തോട്ടിൽനിന്നും മലിനജലം പമ്പുചെയ്യും (നാട്ടിലെ കായൽ തീരത്തെ തൊണ്ടുകുഴിയിൽനിന്നും വീശിയടിക്കുന്ന കാറ്റിന്റെ ഗന്ധം!). മലയോളം പൊക്കത്തിൽ ട്രാക്ടറുകളിൽ കൊണ്ടുവരുന്ന കച്ചിക്കെട്ടുകൾ റോഡുകളിലെ നിത്യകാഴ്ചയാണ്. അവിടവിടെയായി കാണുന്ന ചെറു ചായക്കടകൾക്ക് മുൻപിലെ പാൽപ്പാത്രത്തിൽ എരുമപ്പാൽ വെട്ടിത്തിളയ്ക്കുന്നു. ചെറുഗ്ലാസ്സിൽ അവർ ഉണ്ടാക്കിത്തരുന്ന ചായകുടിച്ചാൽ ഒരുനേരത്തെ ആഹാരം ഒഴിവാക്കാം. ചായ ചെറുഗ്ലാസ്സിൽ നിന്നും തൊട്ടെടുക്കാം. നാട്ടിലെ മീറ്റർ കണക്കാക്കി ഒഴിക്കുന്ന ചായ, ഒഴിക്കുന്നവരുടെ കൂടെ പോകില്ലേ?. കണ്ണെത്താദുരത്തോളം കൃഷിയിടങ്ങൾ. അടുത്തുകാണുന്ന വൻമരകൊമ്പുകളിലെ തുണിത്തൊട്ടിലിൽ ഊയലാടിയുറങ്ങുന്ന കൈക്കുഞ്ഞുങ്ങൾ. മരത്തണലിൽ കരിമ്പുജ്യൂസ് വിൽക്കുന്ന കർഷകർ. ജ്യൂസിനുള്ളിൽ അവർ തരുന്ന എരിവ് പൊടിയിട്ട് കുടിച്ചാൽ വിശപ്പും ക്ഷീണവും പമ്പകടക്കും. റോഡിന്റെ വശങ്ങളിൽ തണുപ്പത്ത് കൊറിക്കാൻ കപ്പലണ്ടി (മൂഫല്ലി) കൂട്ടിയിട്ടിരിക്കുന്നു, കൂമ്പാരമദ്ധ്യേ ചെറുകുടത്തിൽ നെരിപ്പോട് പുകയുന്നു. പന്നികളും കാലികളും മേഞ്ഞുനടക്കുന്ന ഇടറോഡുകൾ, കായികമായി ചവിട്ടിക്കറക്കുന്ന സൈക്കിൾ റിക്ഷകൾ.

ഇനി ഇവിടെ ഒരാഴ്ചകൂടി. അടുത്തയാത്ര അനിക്കൊപ്പം ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനമായ മുംബയിലേക്ക്. രണ്ടാഴചത്തേക്ക് ബേബിച്ചായൻ ഇവിടെനിന്നും തിരുവനന്തപുരത്തേക്ക് പോയിരിക്കുന്നു. നാളെ തിരികെവരും.

ടിക്കറ്റെടുക്കണം, ജോബ്സാറിന്റെ സബീനാ പ്രസ്സിൽനിന്നും പെറുക്കികൂട്ടിയ പുസ്തകങ്ങൾ പായ്ക്ക് ചെയ്യണം. പലരോടും നന്ദിചൊല്ലി യാത്രപറയണം. കുറഞ്ഞനാൾകൊണ്ട് കൂടുതൽനേടി. കുറഞ്ഞ സൗകര്യത്തിൽ രാജകീയസുഖം.

നന്ദി ഒരായിരം... എല്ലാവർക്കും ●

www.malankaralibrary.com

# 32 അത്ഭുത കരങ്ങളിൽ

ഭാരത രാജ്യത്തിന്റെ തലസ്ഥാനമായ ന്യൂഡൽഹിയോട് തൊട്ടുരുമ്മി കിടക്കുന്ന ഹരിയാന സംസ്ഥാനത്തിലെ ചെറുനഗരമായ ബല്ലബ്ഗഢിനോട് നാളെ അതിരാവിലെ അപ്പുണ്ണി വിടപറയുന്നു. രാവിലെ ഏഴുമണിക്കാണ് ന്യൂഡൽഹിയിൽ നിന്നും മുംബയ്ക്കുള്ള ട്രയിൻ. ആറുമാസത്തെ മറുനാടൻ ജീവിതം. എന്തെല്ലാം കാഴ്ചകൾ. എന്തെല്ലാം അറിവുകൾ. തണുപ്പുകാലത്തിന്റെ മനോഹരങ്ങളായ അനുഭവങ്ങൾ. ലോകാത്ഭുതം(താജ്മഹൽ)ഇപ്പോഴും കൺമുൻപിൽ.

സോദരൻ അനി, ആതിഥ്യമേകിയ ബേബിച്ചായൻ, ഗ്രേസിയമ്മാമ്മ, ജെ.സി.ബി.എസ്കോർട്ട്സിൽ തൊഴിൽ നേടുന്നതിന് സഹായിച്ച ജോസഫ് അച്ചായൻ അങ്ങനെ എത്രയെത്ര ദൈവകരങ്ങൾ. നന്ദി.. നന്ദി.. ഒരായിരം.

സുഖനിദ്ര. സുപ്രഭാതകിരണങ്ങൾ താഴെപ്പതിക്കും മുൻപേ യാത്ര, ഇന്ത്യയുടെ വ്യവസായ തലസ്ഥാനമായ മുംബയിലേക്ക് ദൽഹിയിൽനിന്നും ട്രയിൻ പിടിക്കണം. കൂടെ നടുക്കേപ്പുരയിലെ അനിവർഗ്ഗീസ്. ബേബിച്ചായൻ ഉണ്ടാക്കിയ ചായ കുടിച്ചു. നാലുമണിക്ക് ഓട്ടോയിൽ യാത്ര, ബല്ലവ്ഗഢിലെ ബസ്റ്റേഷനിലേക്ക്. കൂടെ മൂന്നുകെട്ട് പുസ്തകങ്ങൾ (സബീന പ്രസ്സിൽനിന്നും എടുത്തത്), രണ്ട് തുണിബാഗുകൾ, ഒരു ബ്രീഫ് കെയ്സ്. ഉത്തർപ്രദേശിലേക്കുള്ള സൂപ്പർ ഡീലക്സ് ബസ്സിൽ സീറ്റ് കിട്ടി. ഡൽഹിയിലേക്ക് ശുഭയാത്ര.

ഡൽഹി ബസ്സ്റ്റോപ്പിൽ ബസ്സ് നിന്നു. സമയം 5:10 കെട്ടുകളോരോന്നും പെറുക്കിയിറക്കി, ബസ് നീങ്ങി.

“ബ്രീഫ്കെയ്സ് എവിടെ..?”

അപ്പുണ്ണിയുടെ പാസ്പോർട്ട്, സർട്ടിഫിക്കറ്റ്സ്, പണം എല്ലാമടങ്ങിയ പെട്ടി ഉത്തർപ്രദേശിലേക്ക് യാത്രതുടരുന്ന സൂപ്പർഡീലക്സ് ബസ്സിന്റെ ഫുട്ബോഡിന്റെ സൈഡിൽ..!

പുതുപുത്തൻ ഓട്ടോ എവിടെനിന്നോ മുന്നിൽ വന്നുനിന്നു. “ക്യാഹെ.. ഭായി സാബ്..?”

യുവാവായ ഓട്ടോ ഡ്രൈവർ. അനി ഡ്രൈവറുമായി സംസാരിച്ചു.

“ചലോ.. ഹം ദോനോം ജായേഗാ..”

“അനീ.., നീ ബസ് തിരക്കി വിട്ടോ.., ഇത് ഞാൻ നോക്കിക്കോളാം..”

അനിയുമായി ഓട്ടോ ബസന്വേഷിച്ച് കുതിച്ചു.

ചാറ്റൽ മഴ. സാവകാശം പെരുമഴയിലേക്ക്. സാധനങ്ങളെല്ലാം ചുമന്ന് നൂറ് വാരയകലെയുള്ള ബസ്സ്റ്റോപ്പിലേക്ക്. അനിക്കായുള്ള കാത്തിരിപ്പ്..!, മാനസിക പിരിമുറുക്കം.

ഡൽഹിയാണ് നാടല്ല. അവർ ബസ് കണ്ടെത്തുമോ?, പെട്ടി കിട്ടുമോ?, സിഗ്നൽ തടസ്സമാകുമോ?, സ്പീഡിന് പോലീസ് പിടിക്കുമോ?. സെക്കന്റുകളും മിനിട്ടുകളും പന്തയക്കുതിരകളെ പോലെ പായുന്നു. കാറ്റ് വീശിയടിക്കുന്നു, ശരീരം ഈയലുപോലെ വിറയ്ക്കുന്നു, ചിന്തകൾ വീണ്ടും കാടുകയറുന്നു. ദൈവമേ!.



അകലെനിന്നും അരണ്ട വെളിച്ചം. അല്ല അതും അവരല്ല. കാത്തിരിപ്പിനന്ത്യമായി ദാ.!.

“കിട്ടിയോ.. മോനേ..?” പരിസരം മറന്ന് ഉറക്കെ മലയാളത്തിലുള്ള അപ്പുണ്ണിയുടെ ചോദ്യം.

അനിയുടെ വലതുകൈയുടെ പെരുവിരൽ മുകളിലേക്കുയരുന്നത് അപ്പുണ്ണി കണ്ടു.

“എന്റെ കർത്താവും എന്റെ ദൈവവുമേ..!!”

ആ ഓട്ടോയിൽത്തന്നെ യാത്രതുടർന്നു. സ്പീഡിലുള്ള യാത്ര, ബസിനെ ഓവർടേക്ക് ചെയ്തത്, ബസ് ഡ്രൈവറോട് കാര്യം പറഞ്ഞത്. അങ്ങനെ എല്ലാം അനി പറഞ്ഞുകൊണ്ടേയിരുന്നു. ഓട്ടോ ന്യൂഡൽഹി റെയിൽവേസ്റ്റേഷന്റെ വാതിലിൽ നിന്നു. ഓട്ടോക്കൂലി നൂറ്റമ്പത്.

ഇരുന്നൂറ് രൂപ ഡ്രൈവറുടെ കയ്യിൽക്കൊടുത്തു.

“യേ ലേലോ.., താങ്കയൂ ഭയ്യാ.., താങ്ക്സ് എ ലോട്ട്..”

www.malankaralibrary.com
പെട്ടികൾ തൂക്കി പ്ലാറ്റ് ഫോമിലേക്ക് നടക്കുമ്പോൾ നന്ദിയാൽ മനസ്സ് നിറയുകയായിരുന്നു. പെട്ടിയെടുത്തില്ല എന്നുടനെ തോന്നിയ ഉൾവിളിക്ക്. മുൻപിൽ വന്നുനിന്ന പുത്തൻ ഓട്ടോയ്ക്ക്, ചെറുപ്പക്കാരൻ ഡ്രൈവർക്ക്, ഹിന്ദിഭാഷ നന്നായ് കൈകാര്യം ചെയ്ത അനിക്ക്, ഈശ്വരനെ നേരിൽകണ്ട് സംസാരിച്ച അനുഭവത്തിന്.

"നന്ദി!., ഒരായിരം.."

ഇന്ത്യയുടെ തലസ്ഥാനത്തുനിന്നും സാമ്പത്തിക തലസ്ഥാനത്തേക്കുള്ള യാത്ര. പഞ്ചാബിലെ അമൃത്സറിൽനിന്നും ബോംബയിലേക്കുള്ള ട്രയിൻ. അപ്പുണ്ണിക്കൊപ്പം സ്നേഹിതൻ അനിയും. യാത്രനേരത്തെ തീരുമാനിച്ചിരുന്നതിനാൽ റിസർവേഷൻ സീറ്റ് തരപ്പെട്ടിരുന്നു. സുഖയാത്ര.

ട്രയിനിൽ കയറിയപടി അനി മാഗസീനും വായിച്ച് ജനാലയ്ക്കരികിൽ ഇരിപ്പുറപ്പിച്ചു. സഹയാത്രികരെ ശ്രദ്ധിച്ചും ദൂരക്കാഴ്ചകൾ കണ്ടും അപ്പുണ്ണി ഇരുന്നു. അപ്പുണ്ണിയുടെ എതിർവശം ബോംബയിലേക്ക് ബിസിനസ് ആവശ്യങ്ങൾക്കായി പോകുന്ന ഒരു മാർവാഡി. അപ്പുണ്ണിയുടെ വലതുവശം മാർവാഡിയുടെ കൂട്ടുകാരൻ. ഇരുവരും ഹിന്ദി സിനിമകളിൽ മിന്നിമറയുന്ന ഇന്ത്യയുടെ പ്രകൃതി ഭംഗികളെക്കുറിച്ച് ഹിന്ദിയിലും ഇംഗ്ലീഷിലും വാചാലമായി സംസാരിക്കുകയാണ്. അപ്പുണ്ണിക്കെതിർവശം ഇരിക്കുന്നയാൾ ഓരോ പോയന്റും പറഞ്ഞശ്ശേഷം അപ്പുണ്ണിക്കൊപ്പമിരിക്കുന്ന ആളിന്റെ കയ്വെള്ളയിൽ അടിക്കുന്നു. പോയന്റിന് ശേഷമുള്ള കയ്യടിക്കൽ മാർവാഡിയുടെ ഒരു ശീലമാണന്ന് അപ്പുണ്ണിക്ക് മനസ്സിലായി. ഇരുവരുടേയും സംസാരം മുറുകുന്നു ഒപ്പം കയ്യടിക്കലും.

സിനിമകളിലെ കേരളത്തിന്റെ പ്രകൃതി രമണീയതയെ വല്ലാതെ ശ്ലാഖിച്ച് സംസാരിച്ച് സംസാരിച്ച് അപ്പുണ്ണിക്കരുകിലിരുന്ന മാർവാഡിയുടെ കൂട്ടുകാരൻ പ്രാഥമികാവശ്യം നിറവേറ്റാനായി സീറ്റുവിട്ട് പോയി. എന്നാൽ എതിർകക്ഷി ഇത് ശ്രദ്ധിക്കാതെ തന്റെ സംസാരം തുടർന്നുകൊണ്ടേയിരുന്നു. അടുത്തപോയന്റ് പറഞ്ഞുനിർത്തിയ മാർവാഡി തന്റെ വലതുകയ്യുയർത്തി തെക്കുവടക്ക് നോക്കുകയാണ്.!! മാർവാഡിയുടെ ബുദ്ധിമുട്ട് മനസ്സിലാക്കിയ അപ്പുണ്ണി തന്റെ കൈവെള്ള അദ്ദേഹത്തിന്റെ നേരേ നീട്ടി. മാർവാഡി അപ്പുണ്ണിയുടെ കയ്യിൽ ആഞ്ഞടിച്ച് പോയന്റുറപ്പിച്ചു. ആ കാഴ്ച കണ്ടിരുന്ന അനി ഉറക്കെ ഉറക്കെ പൊട്ടിച്ചിരിച്ചു.

അപ്പുണ്ണിയും മാർവാഡിയും അനിയുടെ സന്തോഷത്തിൽ പങ്കുചേർന്നു ●

# 33 സാമ്പത്തിക തലസ്ഥാനത്ത്

ഭാരതത്തിന്റെ ഏകദേശ മദ്ധ്യഭാഗത്താണ് മഹാരാഷ്ട്ര ഭൂപ്രദേശം. ഉത്തരേന്ത്യയുമായും ദക്ഷിണേന്ത്യയുമായും ഒരേപോലെ ബന്ധപ്പെടുന്നതിന് ഈ അനുകൂലഘടകം മഹാരാഷ്ട്രയെ സഹായിക്കുന്നു. അത്യുഗ്രമായ ചൂടും തണുപ്പും അനുഭവപ്പെടാത്ത മിതശീതോഷ്ണ കാലാവസ്ഥയാണ് പലപ്പോഴും മഹാരാഷ്ട്രയുടേത്. ഇന്ത്യയിലെ ഒന്നാമത്തേതും ലോകത്തിലെ നാലാമത്തേതുമായ ജനനിബിഡമായ സ്ഥല(സിറ്റി)മാണ് മുംബൈ (ബോംബെ). ഏഴ് ദ്വീപുകൾ കൂടിച്ചേർന്നിട്ടുള്ളതാണ് ഇത് (മുബൈ ഐലന്റ്, മസഗോൺ, പരൽ, വർളി, മാഹിം, കൊളാബ, ചെറു കൊളാബ). 1530ൽ പോർച്ചുഗീസുകാർ ഈ ദ്വീപുകൾ കൈവശമാക്കി. 1661ൽ ഇംഗ്ലീഷ് രാജാവ് ചാൾസ് രണ്ടാമൻ പോർച്ചുഗല്ലിലെ കാതറൈൻ രാജകുമാരിയെ വിവാഹം ചെയ്തപ്പോൾ സ്ത്രീധനമായി ഈ പ്രദേശങ്ങൾ ഇംഗ്ലണ്ടിന് ലഭിച്ചു. 1782ൽ വില്ല്യം ഹോൺബിയാണ് ഏഴുദ്വീപുകൾ കോസ്വേ വഴി ബന്ധിച്ച് ഒറ്റ ദ്വീപാക്കി മാറ്റുന്നതിന് സഹായിയായത്. 1845ൽ പദ്ധതി പൂർത്തിയായി. □സൗന്ദര്യത്തിന്റെ ഉൾക്കടൽ□ എന്നർത്ഥമുള്ള ഇംഗ്ലീഷ് പദത്തിൽ നിന്നാണ് ബോംബെ എന്ന പേരുണ്ടായത്. 1996ലാണ് ബോംബയെ മുംബൈദേവിയുടെ പേരിൽ മുംബയ് എന്നാക്കി മാറ്റിയത്.

ഇന്ത്യയുടെ ധനകാര്യസ്ഥാപനങ്ങളായ റിസർവ്വ് ബാങ്ക്, ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച്, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് അങ്ങനെ ദേശീയവും അന്തർദേശീയവുമായ നിരവധിസ്ഥാപനങ്ങളുടെ പ്രധാന മന്ദിരങ്ങൾ മുംബയിലുണ്ട്. പ്രകൃതിദത്തമാണ് ഇവിടുത്തെ തുറമുഖം. ഇന്ത്യയുടെ വെസ്റ്റേൺ നേവൽ കമാന്റിന്റെ ആസ്ഥാനമാണ് മുംബൈ. പശ്ചിമഘട്ട മലനിരകളുടെ ഒരുഭാഗം നമുക്ക് മുംബയിൽ കാണാം. ഗുജറാത്ത്-മഹാരാഷ്ട്ര അതിർത്തിയിൽ തുടങ്ങി ഗോവ, കർണ്ണാടക, തമിഴ്നാട്, കേരളം സംസ്ഥാനങ്ങളിലൂടെ കന്യാകുമാരിയിൽ അവസാനിക്കുന്ന മലനിരകളാണിവ. കേരളത്തിൽ ഇതിനെ സഹ്യപർവ്വതമെന്ന് വിശേഷിപ്പിക്കുന്നു. ഈ പശ്ചിമഘട്ട മലനിരകളാണ് രാജ്യത്ത് കാലവർഷത്തിന്റെ വരവ് നിയന്ത്രിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത്. 1500 കി.മീറ്റർ നീളവും ശരാശരി 900 മീറ്റർ ഉയരവും ഉള്ള പശ്ചിമഘട്ട മലനിരഡക്കാൺപീഠഭൂമിയുടെ തെക്കുവടക്കായി അറേബ്യൻകടലിന് സമാന്തരമായി കിടക്കുന്ന മലനിരകളാണ്. നാൽപത് ശതമാനം ഇന്ത്യയുടെ ഭൂപ്രദേശവും ഈ മലനിരകളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. കേരളത്തിലെ ആലപ്പുഴ ജില്ല മാത്രമെ പശ്ചിമഘട്ട മലനിരയിൽ വരാത്തതുള്ളൂ.

അപ്പുണ്ണിയെ വഹിച്ചുള്ള ട്രയിൻ മുംബൈ ഛത്രപതി ശിവജി ടെർമിനലിൽ(സി.എസ്.ടി.) (പഴയ വിക്ടോറിയ ടെർമിനസ്, വി.ടി.) രാവിലെ ഒൻപതുമണിക്ക് യാത്ര മതിയാക്കി സ്റ്റേഷനിൽ ഒതുക്കി. ഡൽഹി ബസ്സിൽ

www.malankaralibrary.com
സംഭവിച്ചത് ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. കാർട്ടണകളും ബാഗുകളും പെട്ടിയും എണ്ണി താഴെയിറക്കി. ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനത്ത് അപ്പുണ്ണിയിറങ്ങി.

ഇന്ത്യൻ സെൻട്രൽ റയിൽവെയുടെ ആസ്ഥാനമാണ് സി.എസ്.ടി. മുഗൾ-ഇന്ത്യാ വാസ്തുവിദ്യയിൽ ഫെഡറിക് വില്ല്യം സ്റ്റീഫൻ ഡിസൈൻ ചെയ്തതാണ് ഈ ടെർമിനൽ. 1878ൽ ഇതിന്റെ പണിതുടങ്ങി. 1887ൽ പണിതീർത്തു. വിക്ടോറിയ രാജ്ഞിയുടെ സുവർണ്ണ ജൂബിലി സ്മാരകമായാണ് ഇത് പണികഴിപ്പിച്ചത്. ഇന്ത്യൻ റയിൽവേയുടെയും മുംബയ് സബർബെൻ റയിൽവേയുടെയും ട്രയിനുകളെ നിയന്ത്രിക്കുന്ന ഇന്ത്യയിലെ ഏറ്റവും ജനത്തിരക്കേറിയ റയിൽവെ സ്റ്റേഷനാണിത്. രണ്ട് ദൂരയാത്രാ പ്ലാറ്റ്ഫോമുകളും, ആറ് ലോക്കൽ ട്രയിനുകളും ഉൾപ്പെടെ ആകെ പതിനെട്ട് പ്ലാറ്റ്ഫോമുകളാണ് സി.എസ്.ടി. യിലുള്ളത്(1994).

വന്നുനിൽക്കുന്ന ഓരോ ട്രയിനിൽനിന്നും എങ്ങോട്ടേക്കോ എവിടേക്കോ ഒഴുകി മറയുന്ന ജനസമുദ്രം. ട്രയിനിൽനിന്നും ഇറങ്ങാൻ വാതിൽക്കൽ വെറുതെ നിന്നുകൊടുത്താൽ മതി ജനം കൊണ്ടുപൊയ്ക്കൊള്ളും. മണ്ണിട്ടാൽ താഴാത്തവിധത്തിലുള്ള ജനക്കൂട്ടം. എന്നാൽ നിമിഷനേരംകൊണ്ട് എല്ലാം പഴയതുപോലെ.

ഇന്ദിരാ നഗറിലേക്കാണ് അപ്പുണ്ണിക്കും അനിക്കും യാത്രയാകേണ്ടത്. അവിടെ നാട്ടിലെ രഞ്ജിനി ഹോട്ടലിലെ അനിയനച്ചായന്റെ അളിയൻമാർ താമസമുണ്ട്. അവരെ പ്രസ്സിൽനിന്നും കൊണ്ടുവന്നിരിക്കുന്ന പുസ്തകക്കെട്ടുകൾ ഏൽപ്പിക്കണം. നാട്ടിലേക്ക് അടുത്തമാസം അവർ തങ്ങളുടെ സുമോവാനിൽ യാത്രയാകുന്നുണ്ട്. പുസ്തകക്കെട്ടുകൾ അവർക്കൊപ്പം നാട്ടിലെത്തിക്കൊള്ളും.

മിതമായ രീതിയിൽ കുളി പാസ്സാക്കി. എല്ലാം മിതമായി വേണം. നാട്ടിലെപോലെ ഇറങ്ങികുളിക്കാൻ കുളങ്ങളോ, കോരിക്കുളിക്കാൻ കിണറുകളോയില്ല. പൈപ്പുവഴി ദാദാക്കളുടെ താത്പര്യസമയത്ത് ഒരു കുളിയൊക്കെയാകാം, കുളിച്ചപോലൊക്കെയാകാം അത്രതന്നെ. പിറ്റേന്ന് അനിക്കൊപ്പം ഒന്നുരണ്ടിടത്ത് പോകണം. അപ്പന്റെ അനിയന്റെ ഭാര്യ(കൊച്ചമ്മ)യും മക്കളും മുംബെയിലുണ്ട്. അവരെ പോയിക്കാണണം. അനി രണ്ടാംദിവസം തിരികെ ഡൽഹിക്ക് പോകും, അതിനുമുൻപ് മുംബൈ ഒന്നുകറങ്ങണം. ഡൽഹിയിലെ പോസ്റ്റിങ്ങിന് മുൻപ് അനി ഇവിടെയായിരുന്നതിനാൽ അദ്ദേഹത്തിന് മുംബെയുടെ ഭൂമിശാസ്ത്രം നന്നായറിയാം. ശേഷം അപ്പുണ്ണി താനെ ജില്ലയിൽപെട്ട ഭിവണ്ടിയിലേക്ക് പോകും. അവിടെ അപ്പന്റെ സഹോദരന്റെ മക്കൾ ബേബിയും സ്റ്റീഫനും ഉണ്ട്. അവർക്കൊപ്പം ഒരാഴ്ച.

പിറ്റേന്നുരാവിലെ എട്ടുമണിക്ക് യാത്രയായി. കയ്യിൽ യാത്രാപ്പണവും അഡ്രസ്സുബുക്കും മാത്രം. സബർബൻ ട്രയിൻ കയറാൻ സ്റ്റേഷനിലേക്ക്. വാതിൽക്കൽതന്നെ ടിക്കറ്റ് കൗണ്ടർ. സ്ഥലംപറഞ്ഞു. രണ്ട് ടിക്കറ്റിനുവേണ്ടി നൂറുരൂപ കൗണ്ടറിനുള്ളിലേക്ക് അപ്പുണ്ണി നീട്ടി. മുപ്പത്തിരണ്ട് രൂപ യാത്രാക്കൂലി. രണ്ട് ടിക്കറ്റുകൾക്കൊപ്പം എട്ടുരൂപ ചില്ലറ കൗണ്ടറിൽനിന്നും പുറത്തേക്കുവന്നു. അനി ഓർമ്മിപ്പിച്ചു ഇത് ഇവരുടെ സ്ഥിരം പരിപാടിയാ. ചില്ലറ കിട്ടിയതുംകൊണ്ട് ട്രയിൻ പിടിക്കാൻ യാത്രക്കാരോടും. ബാക്കി പൈസാ അവർ കീശയിലാക്കും. നമ്മളോടത് വേണ്ട!.

''ബാലൻസ് ഓർ ഭി ദേദൊ..''അനിയുടെ സ്വരം.

ഉടനെതന്നെ കൗണ്ടറിനുള്ളിൽനിന്നും 60 രൂപ വെളിയിലേക്ക് നീണ്ടുവന്നു.


''അഭി ഠീക്ക് ഹേ. ചലോ. ജായേഗാ..''

അപ്പുണ്ണിയും അനിയും പ്ലാറ്റ് ഫോം നമ്പർ തിരക്കി വേഗത്തിൽ നടന്നു. അതാ നമുക്കുള്ള ട്രയിൻ യാത്രയാകുന്നു. എല്ലാ ട്രയിനുകളും എല്ലാ സ്റ്റോപ്പിലും നിർത്തില്ല. ഇവകളിൽത്തന്നെ ലോക്കലുണ്ട് എക്സ്പ്രസ്സുണ്ട്. ട്രയിനുകളുടെ സ്റ്റോപ്പ് നോക്കിവേണം കയറാൻ. അപ്പുണ്ണി അനിക്കൊപ്പം വേഗത്തിലോടി. കംപാർട്ട്മെന്റുകൾ നീങ്ങിത്തുടങ്ങി. അനി കയറിയതിന്നൊപ്പം വേറെ രണ്ടുമൂന്നു പേരുകൂടി ചാടിക്കേറി, ഒപ്പം അപ്പുണ്ണിയും.

''യേ ലേഡീസ് കംപാർട്ട്മെന്റ് ഹേ..!'' ആരോ വിളിച്ചുപറഞ്ഞു. കൂടേ കേറിയവർ എല്ലാവരും തിരികെച്ചാടി. അപ്പോഴേയ്ക്കും ട്രയിൻ നല്ല വേഗത കൈവരിച്ചു കഴിഞ്ഞിരുന്നു(ഒരു മൂളലിന്റെ ദൈർഘ്യത്തിൽ ട്രയിൻ ഫുൾ സ്പീഡ് എടുത്തു). ''ചാടല്ലേ അനി. ഞാൻ ചാടില്ല..'' പേടിയോടെയുള്ള അപ്പുണ്ണിയുടെ സ്വരം അനി കേട്ടു. തിരിച്ചുചാടാനൊരുങ്ങിയ അനി ചാടിയില്ല.

ദാ വരുന്നു നിറതോക്കുമായി സെക്യൂരിറ്റി ഗാർഡ്. അപ്പുണ്ണിയും അനിയും വേഗത്തിൽ പായുന്ന ട്രയിനിന്റെ വാതിൽക്കൽ നിൽക്കുന്നു. ഗാർഡ് അടുത്തെത്തി.

''കിതർ ജാ..?''



www.malankaralibrary.com

''ക്യോം ഇസ്കാ അന്തർ ആയാ..?''

അനിയും അപ്പുണ്ണിയും ഗർഡിനോട് സംസാരിച്ചു.

''ഹംകോ മാലും നഹി ഥാ. യേ ലേഡീസ് കംപാർട്ട്മെന്റ് ഹെ. ദൗഡ്കേ ഇസ്കെ അന്തർ ആയാ, മാഫ് കീജിയേ..'' അനി കഴുത്തിൽ കിടന്ന നേവി ഐഡി ഗാർഡിനെ കാണിച്ചു.

''ഓകെ, ആഗേ സ്റ്റേഷൻ മേം ചേഞ്ച് കർനാ..''

''ഠീക് ഹേ സാബ്., താങ്ക് യൂ..'' അങ്ങനെ രണ്ടുപേരും ആ വലിയ പ്രശ്നത്തിൽനിന്നും തലയൂരി വാതിലിൽക്കൽ തന്നെ നിന്ന് യാത്രതുടർന്നു.

ചെറിയൊരു മൂളലോടെ സ്റ്റേഷനുകളോരോന്നും ട്രയിൻ അതിവേഗം താണ്ടുകയാണ്. എതിർദിശയിൽ മറ്റേ ട്രാക്കുകളിലൂടെ ഒന്നിനുപിറകെ മറ്റൊന്നായി അനവധി ട്രയിനുകൾ. എല്ലാ ട്രയിനും നിറഞ്ഞു തുളുമ്പി യാത്രക്കാർ. അപാരം.., അത്ഭുതം.., അനുപമം. ദൂരെനിന്നും ഒരു ട്രയിൻ വരുന്നതുകണ്ട് മറ്റൊരു ട്രാക്കിൽ നിന്നാൽ, ട്രാക്ക് മാറിവരുന്ന മറ്റൊരുവണ്ടി വന്നിടിച്ച് അപകടം പിണഞ്ഞേക്കാം. അത്രയ്ക്ക് തിരക്കാണ് മുംബൈ സബർബൻ റയിൽവേ. നാട്ടുകാരും അന്യനാട്ടുകാരും വിദേശിയരും തിങ്ങി നിറഞ്ഞുനിൽക്കുന്ന പ്രദേശമാണ് മഹാരാഷ്ട്രയുടെ തലസ്ഥാനമായ ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനം, മുംബൈ. കേവലം ബസുകളെക്കൊണ്ടുമാത്രം ഇത്രയും വലിയൊരു ജനക്കൂട്ടത്തിന്റെ യാത്രയെ സൗകര്യപ്പെടുത്താൻ സാധിക്കുകയില്ല.

1853 ഏപ്രിൽ 16ന് വൈകിട്ട് 3:35ന് ഇന്ത്യയിലെ ആദ്യത്തെ ട്രയിൻ ഓടിത്തുടങ്ങി. ബോംബെ **വിക്ടോറിയ ടെർമിനലിൽ**(വി.ടി.)നിന്നും താനെ എന്ന സ്ഥലത്തേക്ക് 34 കി.മീറ്റർ ദൂരത്തിലാണ് ആദ്യ ട്രയിൻ സഞ്ചരിച്ചത്. ബ്രട്ടീഷുകാർ ആദ്യമായി ഇന്ത്യയിൽ നിർമ്മിച്ച റയിൽവേസ്റ്റേഷനിതാണ്. ഏഷ്യയിലെതന്നെ ഏറ്റവും പുരാതനമായ റയിൽവേസ്റ്റേഷൻ എന്ന കീർത്തിയും ഇതിനുണ്ട്. മുംബയിലെ പൊതുജനങ്ങളുടെ യാത്രയ്ക്കായി മാത്രം ഉപയോഗിക്കുന്ന ലോക്കൽ ട്രയിനുകളുടെ കൂട്ടമാണ് മുംബൈ സബർബൻ റയിൽവേ. ലോകത്തിലെതന്നെ ഏറ്റവുംകൂടുതൽ അൾക്കാരുപയോഗിക്കുന്ന യാത്രാ സൗകര്യമാണിത്. അതി വിദൂരത്തുള്ളവരുടെ അരികിലണയാൻ അതിവേഗമുള്ളയാത്ര. അപ്പുണ്ണിയും അനിയും സ്റ്റേഷനിലിറങ്ങി കുറെ നടന്നു. തുടർന്ന് ബസുകയറി യാത്രതുടർന്നു. മിത്രങ്ങളെ കണ്ടു, ബന്ധുജനങ്ങളെ സന്ദർശിച്ചു. ജുഹൂ ബീച്ചിലൂടെ നടന്നു(കാഴ്ചകളേറെ കണ്ടു).

ബ്രിട്ടീഷുകാരുടെ ആധിപത്യത്തെ സൂചിപ്പിക്കുന്നതാണ് **ഗേറ്റ് വേ ഓഫ് ഇന്ത്യ**. ആദ്യകാലത്ത് ഇവിടം മത്സ്യബന്ധനം നടത്തുന്നവരുടെ ബോട്ട് അടുപ്പിക്കുന്ന ജെട്ടിയായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികളും ഇവിടെയാണ് കപ്പലിറങ്ങി ചെറു ബോട്ടുകളിൽ കരയ്ക്കണഞ്ഞിരുന്നത്. ജോർജ് അഞ്ചാമനും ക്യൂൻ മേരിയും 1911ൽ വന്നിറങ്ങിയതിന്റെ ഓർമ്മയ്ക്കായാണ് ഗേറ്റ് വേ ഓഫ് ഇന്ത്യ പണികഴിപ്പിച്ചത്. 1924ൽ പണി പൂർത്തിയാക്കി. അറബിക്കടലിന്റെ അനന്തമായ നീലപ്പരപ്പിലേക്ക് നോക്കി നിൽക്കുന്ന ഈ പ്രവേശനകവാടം മുംബയുടെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ്. ഗേറ്റ് വേ ഓഫ് ഇന്ത്യയ്ക്കടുത്താണ് ടാറ്റയുടെ പഞ്ചനക്ഷത്ര ഹോട്ടൽ **താജ്മഹൽ പാലസ്&ടവർ**. 1903ൽ ജംഷഡ്ജി ടാറ്റ പണികഴിപ്പിച്ച താജിന് 565 മുറികളുണ്ട്(ടാറ്റയെ വാട്സൺ ഹോട്ടലിൽ ഇംഗ്ലീഷ് കാരനല്ലാത്തതിനാൽ പ്രവേശിപ്പിച്ചില്ല എന്നതിന്റെ പേരിൽ പണികഴിപ്പിച്ചതാണ് ഈ ഹോട്ടൽ എന്നാണ് ഐതിഹ്യം). 1934ൽ പോർച്ചുഗീസുകാർ പണികഴിപ്പിച്ച പള്ളിയാണ് **സെന്റ് മൈക്കിൾ ചർച്ച്** (മാഹിം പള്ളി). ഇവിടുത്തെ മാതാവിന്റെ നൊവേന പ്രശസ്തമാണ്. ബുധനാഴ്ചകളിലെ നൊവേനകളിൽ ഒമ്പതെണ്ണത്തിൽ തുടർച്ചയായി പങ്കെടുത്താൽ ഉദ്ദിഷ്ടകാര്യം സാധിക്കും എന്നാണ് വിശ്വാസസാക്ഷ്യം.

പിറ്റേന്ന്, പ്രഭാതത്തിൽ തന്നെ യാത്ര തുടങ്ങുകയായി. അനിക്ക് തിരികെ ഡൽഹിക്ക് പോകണം. അപ്പുണ്ണിയെ മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകാൻ താനയിലുള്ള അപ്പന്റെ സഹോദരന്റെ മക്കളായ ബേബിയും സ്റ്റീഫനും മുംബൈ സി.എസ്.ടിയിലെത്തും.

സ്റ്റേഷനിലേക്ക്. അനിയെ യാത്രയാക്കി. അപ്പുണ്ണി സോദരർക്കൊപ്പം താനെ ജില്ലയിൽപ്പെട്ട ഭിവണ്ടിയിലേക്ക്.

താനെ ജില്ലയിലെ പടിഞ്ഞാറൻ മഹാരാഷ്ട്രയാണ് ഭിവണ്ടി. കാർഷിക, മത്സ്യ, തുണി വ്യവസായങ്ങളുമായി ബന്ധമുള്ള ഈ പ്രദേശം താനെ മുനിസിപ്പൽ കോർപ്പറേഷനിൽപ്പെട്ടതാണ്. ടെക്സ്റ്റൈൽ വ്യവസായത്തിനാണ് പ്രാധാന്യം. ഇന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ പവ്വർ ലൂമ്സ് ഉള്ള സ്ഥലമാണിത്. അപ്പുണ്ണി സഹോദരങ്ങൾക്കൊപ്പം താമസിക്കുന്നത് തനി ഗ്രാമീണ അന്തരീക്ഷമുള്ള ഒരു സ്ഥലത്താണ് (1980 ആദ്യപകുതിയിലെ കേരളത്തിലെ ഒരു ഗ്രാമത്തിന്റെ സ്ഥിതി ഓർക്കുക, പ്രഥമിക കർമ്മങ്ങൾ പുറം പുരയിടങ്ങളിൽ ചെയ്തിരുന്ന കാലം). ഈ സ്ഥലത്തുകൂടിയാണ് മുംബയിലെ കൂടിവെള്ളത്തിനായുള്ള വ്യാസമേറിയ വലിയ ഇരുമ്പ് പൈപ്പുകൾ കടന്നുപോകുന്നത്.

മൂന്നുദിവസം അപ്പുണ്ണി അവർക്കൊപ്പം താമസിച്ചു. മൂന്നാംദിവസം നാട്ടിൽനിന്നും ബേബി സഹോദരന്റെ കമ്പനിയിലേക്ക് ടെലഫോൺ.

''അപ്പുണ്ണിക്ക് ഗൾഫ് നാടായ ബഹറിനിലേക്ക് പോകുന്നതിനുള്ള വിസ തയ്യാറായി, ഉടനെ നാട്ടിലെത്തിച്ചേരണം..''

പിറ്റേന്ന് കുർള-കൊച്ചി ട്രയിനിൽ നാട്ടിലേക്ക് തിരിച്ചുപോകാൻ തീരുമാനിച്ചു. റിസർവേഷന് യാതൊരു മാർഗവുമില്ല. ട്രയിനിലെ ലോക്കലിൽ കയറി പോവുക അത്രതന്നെ. അപ്പുണ്ണിയുടെ ഡൽഹി-മുംബൈ യാത്രയുടെ അന്ത്യമായി. ഇനി നാട്ടിലേക്ക്. ശുഭയാത്ര..! ●

www.malankaralibrary.com

# 34 പ്രവാസ ലോകത്തിലേക്ക്

കുർളയിൽ നിന്നും കൊച്ചിയിലേക്ക് ലോക്കൽ കമ്പാർട്ട്മെന്റിൽ ഒരു ശുഭയാത്ര. ഒരു രാത്രി ഒരു പകൽ. പാലക്കാടിന്റെ പച്ചപ്പ് മിഴികളിലും മനസ്സിലും ഹരിതകേരളത്തിന്റെ കുളിർമ്മയുണർത്തി. ജന്മനാടിന്റെ ഊഷ്മളമായ വരവേൽപ്പ്. തോളിൽ തൂക്കിയ വലിയബാഗ്, കയ്യിൽ ബ്രീഫ്കെയ്സ്. എറണാകുളം ബസ്റ്റേഷനിൽനിന്നും രാമപുരം ഹൈസ്കൂൾ ജംങ്ഷൻവരെ കേരളത്തിന്റെ സ്വന്തം ആനവണ്ടിയിൽ. രാമപുരത്തുനിന്നും രണ്ടു കിലോമീറ്റർ പടിഞ്ഞാറേക്ക്, ഓട്ടോയിൽ വീട്ടിലെത്തി. വീട്ടിലെ കിഴക്കെ കുളത്തിൽ വിസ്തരിച്ചൊരു കുളി. അലച്ചിലിന്റെ ആലസ്യം കുളിയിൽ കുതിർന്നില്ലാതായി.

പിറ്റേന്ന് കൊച്ചിയിലെ പാസ്പോർട്ട് ഓഫീസിൽ ഡിഗ്രി സർട്ടിഫിക്കറ്റ് കാണിച്ച് പാസ്പോർട്ടിൽ ഇമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ലന്ന് അടിപ്പിച്ചു. ഏപ്രൽ 28ന് തിരുവനന്തപുരം - ബഹറിൻ ഗൾഫ് എയറിൽ ടിക്കറ്റ് ബുക്ക് ചെയ്തു. യാത്രയ്ക്കുള്ള കാര്യങ്ങൾ ഓരോന്നോരോന്നായി ക്രമീകരിച്ചു.

ഗൾഫിലുള്ള സഹോദരങ്ങൾക്ക് എന്തെങ്കിലും കൊണ്ടുപോകണ്ടേ..?, എന്തുകൊണ്ടുപോകാൻ..? വിശ്ശേഷാൽ എന്തെങ്കിലും! ഇത് ഏപ്രിൽ മാസം അല്ലേ, വലിയൊരു ചക്ക ആയാലോ..? നാട്ടിൽനിന്നും പോയവരല്ലേ, ചക്ക ഇഷ്ടപ്പെടാതിരിക്കില്ല.


ഓണത്തിന് ഊഞ്ഞാലിട്ടാടുന്ന വീടിന്റെ കിഴക്കുവശത്തെ വരിക്കപ്ലാവിൽനിന്നും മുഴുത്ത ഒരു ചക്ക തന്നെ വെട്ടിയിട്ടു, രണ്ടുമൂന്ന് ദിവസംകൊണ്ട് പരുവമാകും. ഡൽഹിയാത്രയിൽ കൂടെക്കൂട്ടിയ വലിയ ബാഗിൽ ചക്കകേറ്റിവച്ചു, മൂന്നുജോഡി തുണികൾ മറ്റൊരു കവറിനുള്ളിൽ വച്ച് ബാഗ് ഭദ്രമാക്കിയടച്ച് ചെറുതാഴിട്ട് പൂട്ടി. ചക്കബാഗ് ത്രാസിൽ തൂക്കി, പതിന്നാല് കിലോയിൽ കറങ്ങിനിന്നു. പതിനഞ്ചുകിലോവരെ കൊണ്ടുപോകാം. പാസ്പോർട്ടും ടിക്കറ്റും എയർപോർട്ടിലെ ഫീസും എല്ലാം ഉൾക്കൊള്ളാൻ ചിട്ടിപ്പിരിവുകാർ കൊണ്ടുനടക്കുന്ന ഹാൻഡ്ബാഗും കയ്യിൽക്കരുതി. എല്ലാം തയ്യാർ.

1994 ഏപ്രിൽ 28-ാം തീയ്യതി അതിരാവിലെ തിരുവനന്തപുരം എയർപോർട്ട് ലക്ഷ്യമാക്കി ഒരു വെള്ള അമ്പാസിഡർകാർ മുതുകുളത്തുനിന്നും കുതിച്ചു. അച്ചൻകുഞ്ഞ് അമ്മാച്ചൻ (അമ്മയുടെ ഇളയ സഹോദരൻ) മുന്നിലെ സീറ്റിൽ കാർ കക്ഷത്തിലാക്കി അമർത്തിപ്പിടിച്ചിരുന്ന് വഴികാട്ടി. രാവിലെ എഴുമണിക്കുതന്നെ എയർപോർട്ടിൽ അപ്പുണ്ണി ഹാജർ.

ട്രോളിയിൽ ബാഗ് എടുത്തുവച്ച് അകത്തേക്ക്. തുടർന്ന് പരിശോധനകളുടെ വേലിയേറ്റം. ബാഗ്, പാസ്പോർട്ട്, ടിക്കറ്റ്, ദേഹം. എല്ലാം ഓക്കെ. പരിശോധകൻ ബാഗിലെ ചക്കകണ്ട് ഞെട്ടിയോ ആവോ..?.

ബഹറിനിലേക്കുള്ള ഗൾഫ് എയർ വിമാനത്തിന്റെ വിളി മുഴങ്ങി. യാത്രക്കാർ വരി വരിയായി വിമാനത്തിന്നുള്ളിലേക്ക്. നാടുവിട്ട് തിരികെവന്ന അപ്പുണ്ണി ഇതാ രാജ്യം വിട്ട് അന്യദേശത്തേക്ക്. തലയ്ക്ക് മുകളിൽക്കൂടി പോകുന്ന വിമാനങ്ങളെ മുറ്റത്തുനിന്ന് കൈവീശിക്കാട്ടി യാത്രയാക്കിയിട്ടുള്ളതല്ലാതെ ഈ യാത്രാപ്പക്ഷിയെ അപ്പുണ്ണി അടുത്തുകണ്ടിട്ടില്ല. രാമായണത്തിൽ സീതാപഹരണം നടത്താൻ രാവണൻ കുബേരന്റെ പുഷ്പകവിമാനം അടിച്ചുമാറ്റിയ കഥ അപ്പുണ്ണി വായിച്ചിട്ടുണ്ട്. ഇതാ അപ്പുണ്ണിയും വായുവിൽ സഞ്ചരിക്കുന്ന മനുഷ്യന്റെ വലിയ കണ്ടുപിടുത്തം പ്രയോജനപ്പെടുത്തുന്നു.

ആകാശത്തേക്കുയർന്ന് കാറ്റിന്റെ വേഗതയിൽ, മേഘങ്ങളെ കീറിമുറിച്ച്, അറേബ്യൻകടലിന്റെ മറുകര ലക്ഷ്യമാക്കി വിമാനം എങ്ങും തൊടാതെ കുതിക്കുകയാണ്. അനന്തവിഹായസ്സിൽ ജീവിതത്തിന്റെ മറുകര തേടിയുള്ള യാത്ര. എന്തെന്തു പ്രതീക്ഷകൾ, ശുഭചിന്തകൾ, പ്രാർത്ഥനകൾ.



മസ്ക്കറ്റിൽ ചെറിയൊരിടവേള. മലകൾ നിറഞ്ഞ മസ്ക്കറ്റിന് മുകളിലൂടെ വീണ്ടുംയാത്ര. മുത്തുച്ചിപ്പികളുടെയും പവിഴത്തിന്റെയും പേളുകളുടെയും നാടായ ബഹറിനിലേക്ക്. സമയവും തീയ്യതിയും കാലങ്ങളും പറഞ്ഞുള്ള ക്യാപ്റ്റന്റെ സ്വരം വിമാനത്തിന്നുള്ളിൽ മുഴങ്ങി(ഇന്ത്യൻ സമയത്തിന് രണ്ടരമണിക്കൂർ പിന്നിലാണ് ബഹറിൻ സമയം.). അറിയിച്ച സമയത്തിന് അനുയോജ്യമായി അപ്പുണ്ണിയുടെ അടുത്ത സീറ്റുകളിലിരുന്നവർ തങ്ങളുടെ കൈവാച്ചുകൾ തിരിക്കുന്നു. അപ്പുണ്ണിക്ക് തിരിക്കാനും നോക്കാനും വാച്ചില്ലാത്തതിനാൽ തിരിക്കുന്ന കാര്യത്തിൽ യാതൊരു ടെൻഷനും ഉണ്ടായില്ല.

www.malankaralibrary.com
വിമാനത്തിൽ കയറിയപോലെ നിരനിരയായി ബഹറിൻ ഇമിഗ്രേഷൻ കൗണ്ടറിലേക്ക്. കയ്യിൽ കരുതിയിരുന്ന അഞ്ച് ബഹറിൻ ദിനാർ ഉൾപ്പെടെ കൗണ്ടറിലിരിക്കുന്ന അറബിയുടെ മുൻപിലേക്ക് പാസ്പോർട്ട്, ഒറിജിനൽ വിസ എല്ലാം അപ്പുണ്ണി നീട്ടി. മുൻപിലുള്ള കമ്പ്യൂട്ടറിൽ എന്തൊക്കെയോ കൂട്ടിക്കുറിച്ച് കിലുക്കികുത്തി അറബി അപ്പുണ്ണിയുടെ പാസ്പോർട്ടിൽ ഒറ്റയിടി!. അപ്പുണ്ണി ബഹറിൻ രാജ്യത്ത് 1994 ഏപ്രിൽ 28ന് എൻട്രിയായി.

നേരേ ലഗേജ് വരുന്ന ഭാഗത്തേക്ക് മറ്റുള്ളവർക്കൊപ്പം നടന്നു. കൺവയർ ബൽറ്റിൽ സാധനങ്ങളെല്ലാം വന്നുകഴിഞ്ഞു. ദാ.. കിടക്കുന്നു ആർക്കുംവേണ്ടാതെ, ആരുമെടുക്കാതെ അപ്പുണ്ണിയുടെ ചക്കബാഗ്. ചക്കയെടുത്താൽ ചക്കക്കള്ളനെന്നെങ്ങാനും പേരുവന്നാലോ..? പേടിച്ചാകാം ഹാവൂ! ആർക്കറിയാം. വിശാലമായ സുഖസൗകര്യങ്ങളുള്ള പുതുപുത്തൻ വിമാനത്താവളം. ചാക്കുവിരിച്ച് മേൽമൂടി സ്ഥാപിച്ചിരിക്കുന്ന തിരുവനന്തപുരം അന്താരാഷ്ട്ര(1994-വഷം) വിമാനത്താവളം എവിടെ..? മൊത്തം എയർകണ്ടീഷൻ ചെയ്തിരിക്കുന്ന ബഹറിൻ വിമാനത്താവളം എവിടെ..? തട്ടുകടയും ഫൈവ്സ്റ്റാറുംപോലെ, കുഴിയാനയും കൊമ്പനാനയും പോലെ.

ചക്കബാഗ് ട്രോളിയിൽക്കയറ്റി. പാസ്പോർട്ടും മറ്റും സൂക്ഷിക്കുന്ന ചിട്ടിക്കാരുടെ ബാഗും കയ്യിൽതൂക്കി. എയർപോർട്ടിന് വെളിയിലേക്ക്. വെളിയിൽ വില്ല്യംസ്ചേട്ടൻ, ഷൈനി ചേട്ടത്തി, റെനി അലക്സ്, ബാബുച്ചായൻ (സോമൻ ബേബി, അമ്മാവന്റെ മകൻ), ബാബു അച്ചായന്റെ കോബ്രദർ മോഹൻ ജോഷ്വ, സിനിമാ നടൻ പ്രതാപചന്ദ്രന്റെ സഹോദരി രത്നമ്മ ചേച്ചി, ഭർത്താവ് കലേശൻ നായർ. പോരെ പൂരം.

''തുണിവെട്ടിത്തയ്ക്കാനൊക്കെ അറിയുമോടാ..?'', ബാബുച്ചായന്റെ ചോദ്യം.

ചോദ്യം മനസ്സിലാകാതെ അപ്പുണ്ണി ചോദ്യകർത്താവിനെ നോക്കി..?!

(പണം കൊടുത്ത് വാങ്ങിയിരിക്കുന്ന ടെയ്ലർ വിസയിലാണ് അപ്പുണ്ണി വന്നിരിക്കുന്നത്. ''രണ്ട് വർഷത്തിനുള്ളിൽ സ്ഥിരജോലി കണ്ടെത്തി വിസ മാറണം..'', ചേട്ടത്തി വിശദീകരിച്ചു.)

''എന്താടാ ബാഗിൽ തുണിയാണോ..?'', അടുത്ത ചോദ്യം

''അല്ല. ഒരു മുഴുത്ത ചക്കയാ. രണ്ട് ദിവസത്തിനുള്ളിൽ പഴുക്കും, മിക്കവാറും വിമാനത്താവളത്തിലെ ഏറുകൊണ്ട് ഇപ്പോൾത്തന്നെ പഴുത്തുകാണും.!''

വന്നവരോട് യാത്രപറഞ്ഞ് ചേട്ടന്റെ കാറിലേക്ക്. സമയം ഉച്ചയ്ക്ക് 12.30. എന്തൊരു ചൂട്.!. കാറിന്റെ പിൻഗ്ലാസ്സ് താഴ്ത്തിയിടാൻ ശ്രമിച്ച അപ്പുണ്ണിയെ ചേട്ടൻ വിലക്കി. കാറിലെ എയർകണ്ടീഷൻ ഓണാക്കി.

''അങ്ങ് ചെല്ലുംമ്പോഴേക്കും തണുത്തേക്കും..'' ഷൈനി ചേട്ടത്തിയുടെ ആത്മഗതം അല്പമുറക്കെ ആയിപ്പോയി. അത്രയ്ക്ക് ചൂട്.

**മുഹറഖ്** എന്ന ബഹറിനിലെ രണ്ടാമത്തെ വലിയ ദ്വീപിലാണ് ബഹറിൻ അന്താരാഷ്ട്ര വിമാനത്താവളം. പണ്ട് ഇതായിരുന്നു രാജ്യ തലസ്ഥാനം. മുഹറഖിനെ തലസ്ഥാനദ്വീപായ മനാമയുമായി നാലുവരിപ്പാതയുള്ള പാലം വഴി ബന്ധിച്ചിരിക്കുന്നു. കുണ്ടും കുഴിയുമില്ലാത്ത പാതകൾ, മനുഷ്യപ്രതിമകൾ ഇല്ലാത്ത ഉദ്യാനങ്ങൾ ചുറ്റും നടപ്പാതകൾ, റോഡിന്റെ വലതുവശം ചേർന്നുള്ള ഡ്രൈവിങ്ങ്. തടസ്സമില്ലാതെ രക്തനാഡികളെപ്പോലെ പോകുന്ന പാതയിലൂടെ നിരനിരയായി വിവിധ രൂപഭംഗിയുള്ള പുതുപുത്തൻ കാറുകൾ, പിക്കപ്പ് വാഹനങ്ങൾ, വമ്പൻ ട്രക്കുകൾ. ഇത്രവലിയ തിരക്കിലും! ഹോൺ മുഴക്കാതെയുള്ള വാഹനങ്ങളുടെ ചിട്ടയായ യാത്ര. ലൈറ്റ്സിഗ്നലുകൾ കണ്ടും കാണിച്ചുമുള്ള (ഇൻഡിക്കേറ്റർ) വാഹനങ്ങൾ. വിവിധ ദിക്കുകളിൽ നിന്നും വന്ന് പാതകൾ സംഗമിക്കുന്ന ജംങ്ഷനുകളെ ബന്ധിപ്പിക്കുന്ന റൗണ്ടെബൗട്ടുകൾ, മനോഹരങ്ങളായ പുഷ്പങ്ങൾ നിരന്നുനിൽക്കുന്ന പാതയോരങ്ങൾ. വാഹനത്തിലിരുന്ന് അപ്പുണ്ണി സംശയിച്ചു **ഇതാണോ മരുഭൂമി...!?.**

33 ദ്വീപുകൾ ചേർന്നുള്ള ചെറുദ്വീപ് രാഷ്ട്രമാണ് ബഹറിൻ. പേർഷ്യൻ ഗൾഫിന്റെ പടിഞ്ഞാറൻ തീരത്ത് സ്ഥിതിചെയ്യുന്ന ഇതിന് 55 കി.മീററർ നീളവും 18 കി.മീറ്റർ വീതിയുമുണ്ട്. ഡൽമൺ നാഗരികതയിൽ ഉൾപ്പെടുന്ന രാജ്യമാണ് ബഹറിൻ. പ്രധാന തുറമുഖമാണ് മീനാസൽമാൻ. കാലാവസ്ഥയെ രണ്ട് സീസണുകളായി വിഭജിച്ചിരിക്കുന്നു. 40 ഡിഗ്രി മുതൽ 48 ഡിഗ്രി വരെ പ്രതീക്ഷിക്കുന്ന ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങൾ സമ്മർ സീസണും 10 ഡിഗ്രി മുതൽ 20 ഡിഗ്രി വരെ പ്രതീക്ഷിക്കുന്ന നവംമ്പർ മുതൽ മാർച്ച് വരെയുള്ള വിന്റർ സീസണും. □ബഹറിൻ□എന്ന വാക്കിന്റെ അർത്ഥം രണ്ട് കടലുകളെന്നാണ്. 1783 ലാണ് അൽ-ഖലീഫ കുടുംബം ബഹറിനിൽ ആധിപത്യമുറപ്പിച്ചത്. പേർഷ്യൻ ഉൾക്കടലിലെ പവിഴമെന്നാണ് ഇതറിയപ്പെടുന്നത്. അറേബ്യേൻഗൾഫ് രാജ്യങ്ങളിൽ ആദ്യമായി(1931)എണ്ണ കണ്ടെത്തിയത് ഇവിടെയാണ്. രാഷ്ട്രത്തലവൻ സുന്നി വംശജനായ രാജാവാണ്. സർക്കാർ തലവൻ പ്രധാനമന്ത്രിയും. ബഹറിൻ ദിനാറാണ് നാണയം. തലസ്ഥാന നഗരമാണ് മനാമ.

മറ്റ് ഗൾഫ് രാജ്യങ്ങളിലെപ്പോലെ എണ്ണയാണ് ബഹറിന്റെയും നട്ടെല്ല്. 60 ശതമാനം ദേശീയ വരുമാനവും ലഭിക്കുന്നത് എണ്ണ ഉത്പാദനത്തിലും ശുദ്ധീകരണത്തിലും നിന്നുമാണ്. 665 ച.കിലോമീറ്ററാണ് ബഹറിന്റെ വലിപ്പം, ഇത് സൗദിഅറേബ്യയുടെ ദമാമിലെ **കിംങ് ഫഹദ്** രാജ്യാന്തര വിമാനത്താവളത്തിന്റെ (780 ച.കി.മീ.) വലിപ്പത്തേക്കാൾ ചെറുതാണ്. പരിമിതമായ എണ്ണനിക്ഷേപമെ ഇവിടെയുള്ളൂ. ദിവസേന 40,000 വീപ്പ എണ്ണ എന്നതോതിൽ ഉത്പാദനം പരിമിതപ്പെടുത്തിയിരിക്കുന്നു. കുഴലുകൾ വഴി സൗദിഅറേബ്യയിൽ നിന്നും അസംസ്കൃത എണ്ണ എത്തുന്നു.

50 വർഷത്തേക്കുള്ള പ്രകൃതിവാതക നിക്ഷേപവും ഈ രാജ്യത്തിനുണ്ട്. ബഹറിന്റെ ഏറ്റവുംവലിയ

www.malankaralibrary.com
വ്യാപാര പങ്കാളി ഇന്ത്യയാണ്. പ്രധാന കയറ്റുമതിയും ഇന്ത്യയിലേക്കാണ്. ലോകത്തിലെ ഏറ്റവുംവലിയ അലൂമിനിയം ഉരുക്കുശാല അലൂമിനിയം ബഹറിൻ (അഘആഅ) ഇവിടെയാണ്. പ്രതിവർഷം 5,25,000 മെട്രിക്ക് ടൺ അലൂമിനിയം ഇവിടെ വേർതിരിച്ചെടുക്കുന്നു. 6,75,000 ജനങ്ങളിൽ മുന്നിലൊന്നും വിദേശികളാണ്. ഇസ്ലാം മതസ്ഥരിൽ 70% ഷിയാക്കളും 30% സുന്നികളുമാണ്. ബ്രിട്ടണിൽനിന്നും 1971 ഡിസംബർ 16നാണ് ബഹറിന് സ്വാതന്ത്ര്യം ലഭിച്ചത്.

**കിംങ് ഫഹദ് കോസ്‌വേ** : അയൽരാജ്യമായ സൗദി അറേബ്യയുമായി 25 കി.മീറ്റർ (16 മൈൽ) നീളത്തിൽ നാലുവരി പാത(23 മീറ്റർ വീതിയിൽ)നിർമ്മിച്ചിരിക്കുന്നു. 1981ൽ നിർമ്മാണം തുടങ്ങി 1986ൽ പാത തുറന്ന് പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കി. 25,000ൽ പരം വാഹനങ്ങളും 50,000ൽ കൂടുതൽ ആൾക്കാരും ദിനംപ്രതി ഈ പാത ഉപയോഗിക്കുന്നു. രണ്ട് രാജ്യങ്ങളുടേയും അതിർത്തി തിരിക്കുന്ന സ്ഥലത്ത് സർക്കാർ ഇമിഗ്രേഷൻ സ്ഥാപനങ്ങളും പള്ളികളും 65 മീറ്റർ ഉയരത്തിൽ ഭക്ഷണശാലകളും പണിതിട്ടുണ്ട്.

കേരളമക്കളുടെ പ്രതീക്ഷാകേന്ദ്രമായ അറേബ്യൻ ഗൾഫിലെ ബഹറിനിൽ അപ്പുണ്ണിയും എത്തപ്പെട്ടിരിക്കുന്നു. നേട്ടത്തിന്റെ നല്ല നാളുകൾക്ക് ചുവടേകി മുന്നോട്ട്, മുന്നോട്ട്. മുന്നോട്ട് മാത്രമാകട്ടെ കാലടികൾ ●

# 35 ഗാഢനിദ്ര


അപ്പുണ്ണി ബഹറിനിൽ എത്തിയിട്ട് രണ്ടാഴ്ചയാകുന്നു. ബഹറിനിലെ മനാമ സിറ്റിയിൽനിന്നും ദൂരത്തല്ലാതെ സൽമാനിയ മെഡിക്കൽ കോളജിന് അടുത്തുതന്നെയുള്ള സന എന്ന വലിയ കെട്ടിടത്തിലെ 107-ാം നമ്പർ ഫ്ളാറ്റിലാണ് അപ്പുണ്ണിയും ചേട്ടൻ വില്ല്യംസും ഷൈനി ചേട്ടത്തിയും കസിൻ അലക്സ് ചേട്ടനും കുടുംബവും ഒന്നിച്ച് താമസിക്കുന്നത്. തിരക്കുപിടിച്ച ജീവിതശൈലി. വൈകുന്നേരങ്ങളിൽ കുടുംബങ്ങളുടെ സംഗമം, വിവാഹ വാർഷിക ആഘോഷങ്ങൾ, ജന്മദിന കൂട്ടായ്മകൾ, മാസാവസാന വെള്ളിയാഴ്ചകളിൽ ചിട്ടിവിളി, ചീട്ടുകളി അനുബന്ധ ചീത്തവിളി. ഫ്ളാറ്റിൽ എല്ലാ സമയവും ബന്ധുക്കളുടെയും അതിബന്ധുക്കളായ സുഹൃത്തുക്കളുടേയും തിരക്ക്. ഇക്കൂട്ടത്തിൽ നിന്ന് നാട്ടുകാരായ ഏതാനും കൂട്ടുകാരെ അപ്പുണ്ണിക്കും കിട്ടി. പള്ളിപ്പാട് എം.യു.റോയ് (സഹോദരൻ എം.യു.മാത്യു ഒരു നല്ല ഗായകനാണ്), പള്ളിപ്പാട് ബിനു മാത്യു...

ഒരു സായംകാലം, അപ്പുണ്ണി ഒറ്റയ്ക്ക് ഫ്ളാറ്റിൽ. കാട്ടുകള്ളൻമാരെ പേടിച്ച്(ബന്ധുക്കൾ ക്ഷമിക്കുക!)പ്രധാനവാതിൽ പൂട്ടി. പിന്നിൽ സുരക്ഷിത ഇരുമ്പുചങ്ങലയിട്ട് വാതിൽ ബന്ധിച്ചു. തലയ്ക്കുമീതേ കറങ്ങിയടിക്കുന്ന ഫാൻ കറക്കിവിട്ടു.

ഉറക്കം.. സുഖനിദ്ര. മുംബൈ മുതൽ നാടുവരെയും നാടുമുതൽ ഇങ്ങോളം ബാക്കിയായിരുന്ന ഉറക്കം ടി.എ, ഡി.എ, അരിയേഴ്സ് എല്ലാംചേർത്ത് അപ്പുണ്ണി ഉറങ്ങിത്തീർത്തു (എല്ലൂരിയപ്പോൾ ആദമിന് ദൈവംതമ്പുരാൻ കൊടുത്ത ഗാഢനിദ്ര അനുവാചകർക്ക് ഇവിടെ അനുസ്മരിക്കാം).

എന്തോ തകരുന്ന ശബ്ദം..!.

അപ്പുണ്ണി തറയിലെ പായിൽനിന്നും ചാടിയെണീറ്റു. പ്രധാന വാതിൽക്കലേക്ക് **പൊൻമുട്ടയിടുന്ന താറാവ്** സിനിമയിലെ **കൃഷ്ണൻകുട്ടി നായരെ**പ്പോലെ ഉറക്കത്തിൽ ആടിയാടി ഓടി.



ചേട്ടനുംചേട്ടത്തിയും, അലക്സ്ചേട്ടനും കുടുംബവും ഫ്ളാറ്റിന് വെളിയിൽ സ്തബ്ദരായി നിൽക്കുന്നു. അലക്സ്ചേട്ടന്റെ കയ്യിൽ ഒരു ചെറുവാളും (നാട്ടിലെ ക്ഷേത്രമായ ഈരയിൽ ഭഗവതിയുടെ ബിംബമെടുക്കുന്ന ആൾവശമുള്ള വാളല്ല. ഇരുമ്പുകമ്പി അറത്തുമുറിക്കുന്ന അറക്കവാൾ).

എങ്ങാണ്ടൊക്കെ യാത്രപോയി തിരികെവന്ന സോദരർ മാറിമാറി കാളിംങ്ബെല്ലടിച്ചു, വാതിലിൽ മുട്ടിവിളിച്ചു, ങേഹേ..! അകത്തുനിന്നും യാതൊരനക്കവുമില്ല.

"തട്ടിപ്പോയോ ഈശ്വരാ..?." ചേട്ടൻമാരുടെയും ചേട്ടത്തിമാരുടെയും ഉള്ളുകാളി. "നാട്ടിലിനി എന്തുപറ

www.malankaralibrary.com

യും..?''. പരിസരത്തെ പബ്ലിക്ക് ബൂത്തിൽനിന്നും ടെലഫോണടിച്ച് വിളിച്ചു(മൊബൈൽ അന്ന് ആയിട്ടില്ല). ഫലം നാസ്തി..!

കതകിന്റെ ഡൂപ്ലിക്കേറ്റ് താക്കോൽ സെക്യൂരിറ്റിയുടെ കയ്യിൽനിന്നും വാങ്ങി ഒരു വിധത്തിൽ തുറന്നു. പക്ഷേ! ദാ കിടക്കുന്നു ഇരുമ്പുചങ്ങല (ഇതെന്താഡേ ബഹറിന്റെ ഖജനാവോ..?. ഇനിയെന്തു മാർഗ്ഗം..?).

അടുത്ത ഇരുമ്പുകടയിലേക്ക് അലക്സ്ചേട്ടനോടി. ഇരുമ്പറക്കവാളുമായി തിരികെയെത്തി. എഴുപത്തിയഞ്ച് ശതമാനം ചങ്ങല ഒരുതരത്തിൽ അറത്തുമാറ്റി. ശേഷം രണ്ടുകുടുംബക്കാരും ചേർന്ന് ആഞ്ഞുതള്ളി.

ചങ്ങലപൊട്ടി, കതക് ഭിത്തിയിൽച്ചെന്ന് ആഞ്ഞിടിച്ച ശബ്ദമാണ് അപ്പുണ്ണിയുടെ നിദ്രയ്ക്ക് ഭംഗമായത്.

ചേട്ടന്റെ വാളുകണ്ട് ഞെട്ടിയെങ്കിലും അപ്പുണ്ണിക്ക് ഒരുനേരം അല്ലലില്ലാതെ ഉറങ്ങാൻ സാധിച്ചു! ●

# 36 പ്രവാസിയായ അപ്പുണ്ണിയുടെ ഓണച്ചിന്തുകൾ, ആർപ്പോ.. ഇർറോ..

പ്രവാസജീവിതം നയിക്കുന്ന അപ്പുണ്ണിയുടെ ആദ്യ ഓണക്കാലമാണിത്. കഴിഞ്ഞ ഏപ്രിലിൽ പേർഷ്യൻ ഉൾക്കടലിലെ പവിഴമെന്നറിയപ്പെടുന്ന ബഹറിനിൽ അപ്പുണ്ണി വിമാനമിറങ്ങി. തുടർന്നിങ്ങോട്ട് ഓരോനിമിഷവും മനസ്സിൽ നല്ലതും തീയതുമായ ഓർമ്മകളുടെ ഓളപ്പരപ്പുകളാണ്. പ്രവാസിയായ അപ്പുണ്ണിയുടെ രണ്ടാം വീടാണ് ഇന്ന് ബഹറിൻ. അപ്പുണ്ണിയുടെ സ്വന്തം ഭാരതദേശ ഭാഗമായ വടക്കേന്ത്യയിൽ കേരളീയർ ചെന്നാൽ **മലബാറികൾ**, **മദ്രാസികൾ** എന്നപേരിൽ എത്രയോ ആക്ഷേപസ്വരങ്ങൾ. കേരളമെന്ന നാമം അവർക്കറിയുമോ എന്തോ...?. വിവിധ ദേശക്കാരെ ഉൾക്കൊള്ളുന്ന ഈ ചെറുരാജ്യം എത്ര വ്യത്യസ്തം. രാജ്യനിയമം പാലിക്കുന്ന ഏവർക്കും ഇവിടം സ്വർഗ്ഗംതന്നെ.

മൂന്നുംനാലും ചിലപ്പോൾ അതിലധികമായും നിരകൾനീളുന്ന സുന്ദരങ്ങളായ നെടുനെടുങ്കൻ രാജവീഥികൾ, പാതയോരങ്ങളിൽ നിത്യവസന്തം തീർക്കുന്ന ചെറുചെടികൾ, സംരക്ഷിക്കപ്പെട്ടിട്ടുള്ള പാതയോര തണൽമരങ്ങൾ, രാത്രിയും പകലാക്കിമാറ്റുന്ന ദീപപ്രഭ, ശബ്ദമലിനീകരണം തീരെയില്ലാത്ത വാഹനയാത്ര, പാലിക്കപ്പെടുന്ന യാത്രാനിയമങ്ങൾ, നീതി ഉറപ്പാക്കുന്ന നിയമവ്യവസ്ഥ, അവരവരുടെ ആത്മപൂജയ്ക്കുതകുന്ന ആരാധനാലയങ്ങൾ, സംഘങ്ങൾ, സംഘടനകൾ, കലാപരിപാടികൾ, രാജ്യനിയമമനുസരിച്ച് മാനവിക മൂല്ല്യങ്ങൾക്കുതകുന്ന എന്തുമാകാം, തൊഴിൽ ദാതാക്കൾക്കും, തൊഴിൽ ശാലകൾക്കും, തൊഴിലാളികൾക്കും നിയമപരിരക്ഷ, നിയമം പരിപാലിക്കുന്ന ഭരണകർത്താക്കൾ, രാജ്യനന്മയും ദേശപുരോഗതിയും കാംഷിക്കുന്ന ഭരണാധികാരികൾ! ഇത്രയും പോരേ? ഇതൊക്കെത്തന്നെയല്ലേ മാവേലിനാടിന്റെയും വിവക്ഷ?. ഈദേശത്തിന്റെ ഭരണകർത്താക്കളെ ഏതുരീതിയിൽ പ്രകീർത്തിച്ചാലൊക്കും..?.

ബഹറിനിലെ പച്ചക്കറി മാർക്കറ്റിൽ **അബ്ദുൾ അസ്സീസ് അൽ അലി** എന്ന സ്ഥാപനത്തിൽ ആഫിസ് ക്ലാർക്കായി നാലുമാസമായി അപ്പുണ്ണി ജോലിചെയ്യുന്നു. ആഫീസിലെ എയർ കണ്ടീഷന്റെ അതിശക്തമായ തണുപ്പ് (ഉടമ ഗുജറാത്തി അശോകിന് തണുപ്പ് ഇഷ്ടമാണ്) കൃശഗാത്രനായ അപ്പുണ്ണിക്ക് അസഹനീയമാകാറുണ്ട്. നാട്ടിലെ മകരമഞ്ഞുള്ള വെളുപ്പാൻകാലത്ത് തീ കാഞ്ഞിരിക്കേണ്ടുന്ന അവസ്ഥയിൽ പലപ്പോഴും താടികൾ കൂട്ടിമുട്ടി താളം കൂട്ടാറുണ്ട്. ജോലിയുടെയും ദിനാറിന്റെയും ആവശ്യം ബോദ്ധ്യമുള്ളതിനാൽ എല്ലാം സഹിച്ചേ പറ്റൂ. ഇങ്ങനെയുള്ള എ.സി. മുറിയിൽ അശോകന്റെ സഹോദരൻ ലത്തീഷ് സിഗരറ്റുകൂടി വലിച്ചാലുള്ള അവസ്ഥ അനുവാചകർ മനസ്സിലാക്കുക. പുകവലിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധ്യമുള്ള അപ്പുണ്ണി പക്ഷേ ഇവിടെ തികച്ചും കഷ്ടകാലക്കാരനായിപ്പോയി. വൈകുന്നേരം വീട്ടിൽ തിരികെച്ചെല്ലുന്ന അപ്പുണ്ണിയെ ചേട്ടത്തി(ചേട്ടന്റെ ഭാര്യ) സിഗരറ്റിന്റെ മണംമൂലം സംശയദൃഷ്ടിയോടെ പലപ്പോഴും നോക്കിയിട്ടുണ്ട്.

നാളെ ചിങ്ങമാസത്തിലെ അത്തദിനമാണ്. കുട്ടിക്കാലം മുതൽ പത്തോണദിവസങ്ങളിൽ എന്തെല്ലാം കളികൾ, വേലകൾ, ഉറക്കമില്ലാത്ത എത്ര രാത്രികൾ..? അത്തോദയം മുതൽ ഓണമാഘോഷിച്ചിരുന്ന അപ്പുണ്ണിക്ക് ഇക്കൊല്ലം തിരുവോണസദ്യ കാണുമോ എന്തോ..? ഓണാട്ടുകരയുടെ (ഓണമൂട്ടുകര – കാർത്തികപ്പള്ളി, മാവേലിക്കര, കരുനാഗപ്പള്ളി താലൂക്കുകൾ ചേർന്ന പ്രദേശം) പുത്രനായ അപ്പുണ്ണിയുടെ രക്തത്തിൽ ഓണവിശേഷങ്ങൾ തനിമയിൽ കലർന്നിട്ടുണ്ട്. മനമങ്ങും മിഴിയിങ്ങുമായി അപ്പുണ്ണി തന്റെ ഓണക്കാലസ്മൃതികളിലേക്ക്, ഗതകാല സ്മരണകളിലേക്ക് അറിയാതെ ഊളിയിട്ടുപോയി.

മലയാളവർഷത്തിന് നാന്ദികുറിക്കുന്ന ചിങ്ങമാസം. കള്ളകർക്കിടകത്തിന്റെ കാറൊഴിഞ്ഞ് മാനം തെളിയുന്നതോടെ പൊന്നിൻ ചിങ്ങമാസത്തിന്റെ പിറവികുറിച്ച് ഓണത്തുമ്പികൾ മുറ്റത്ത് പാറിക്കളിക്കുവാനെത്തുകയായി. ഓണത്തിന്റെ വരവറിയിക്കുന്ന പ്രകൃതിയുടെ ആദ്യപ്രതിഫലനമാണ് മുറ്റത്ത് ചുറ്റിപ്പറക്കുന്ന ഓണപ്പക്കികൂട്ടം. ചെമന്നചിറകുകളിൽ കറുത്തപൊട്ടുകുത്തിയ ഇവയാണ് അരചന്റെ വരവറിയിക്കുന്ന ആദ്യ പൂവി

www.malankaralibrary.com
ളിക്കാർ. ഓണപ്പൂക്കളായ തുമ്പയും, വേലിപ്പരത്തിയും, കൊങ്കിണിയും, കോളാമ്പിയും, മുക്കുറ്റിയും തൊടികളിൽ നിരക്കുന്നതോടെ ഓണക്കാലത്തിന് വായ്ക്കുരവ ഉയരുകയായ്.

ഓണത്തിന്റെ യാഥാർത്ഥവശത്തേക്ക് കടന്നുചിന്തിച്ചാൽ, അവരവർ കൃഷിചെയ്ത് പാകമാക്കിയ നെല്ല്, കപ്പ, ചേന, കാച്ചിൽ, ചേമ്പ്, നേന്ത്രക്കായ് എന്നിവയെല്ലാം വിളവെടുത്ത് ഉപയോഗിക്കുന്നതിനായി കേരളീയർ ഒന്നടങ്കം ഉത്സാഹത്തോടും ഒരുമയോടുംകൂടി നടത്തുന്ന വിളവെടുപ്പുത്സവമാണ് ഓണം. ഒരുമയുടെ കാലം സൂചിപ്പിക്കുന്നതിനായി കേരളീയർ കോർത്തിണക്കിയ നല്ല കഥയാണ് മഹാബലിത്തമ്പുരാന്റെ സന്ദർശന കഥ. ഓണവിഭവമൊരുക്കാൻ വേണ്ടിയുള്ള കായ്കനികൾ പാടത്തും പറമ്പിലും സ്വയമദ്ധ്വാനിച്ച് വിളയിക്കുകയും അത് സമൃദ്ധമായ സദ്യവട്ടമായി ഉപയോഗിക്കുകയും ചെയ്യുക എന്നതാണ് ഓണത്തിന്റെ പരമമായ അർത്ഥം. കവിയും പണ്ഡിതനുമായിരുന്ന എൻ.വി.കൃഷ്ണവാര്യരുടെ നിരീക്ഷണത്തിൽ പ്രാചീന അസീറിയായിൽ നിലനിന്നിരുന്ന ആഘോഷമാണ് ഓണം. അവിടുത്തെ ക്ഷേത്രങ്ങളായ **സിഗൂറായി**യുടെ ആകൃതിയും ഇവിടെ പൂക്കളത്തിനുനടുവിൽ വയ്ക്കുന്ന തൃക്കാക്കരയപ്പന്റെ രൂപവും ഒരുപോലെയാണ്. ഭാരതത്തിലെ പൂർവ്വികരായ അസുരന്മാർ അസീറിയക്കാരത്രേ. അസീറിയ, അസുരൻ എന്നീവാക്കുകളിലെ സാമ്യം നോക്കുക. അവർ ഭാരതത്തിലേക്ക് കുടിയേറിയവരാണ്, അവരുടെ ആഘോഷങ്ങളും അവർക്കൊപ്പം വന്നു. ചില ചരിത്രകാരന്മാർ നിരീക്ഷിക്കുന്നത് ആര്യന്മാർ ദ്രാവിഡർക്ക് മേൽ നേടിയ വിജയപ്രതീകമാണ് തലയിൽച്ചവിട്ടി പാതാളത്തിലേക്ക് പറഞ്ഞയച്ച കഥയെന്നാണ്. ദേവാസുരർ യഥാക്രമം ആര്യ-ദ്രാവിഡരാണന്നും സ്വർഗ്ഗം, ഭൂമി, പാതാളം ഉത്തര, മദ്ധ്യ, ദക്ഷിണ ഭാരത മാണന്നും, കേരളംതന്നെയാണ് പാതാളമെന്നും ചിലകൂട്ടർ. (ഇപ്പോഴത്തെ നാടിന്റെ പോക്കുകണ്ടിട്ട് കേരളം പാതാളമാണന്നുറപ്പിക്കാം) ഏതായാലും മഹാബലിയെ കാണാൻ വാമനൻ അനുവദിച്ചതിലുള്ള സന്തോഷംകൊണ്ടാകാം കേരളിയർ രണ്ടുപേരെയും ആരാധിക്കുന്നത്.

മീനം-മേടം മാസങ്ങളിൽ നെൽവയലുകളൊരുക്കി വിത്ത് മരക്കലപ്പ ഉപയോഗിച്ചിട്ട് കിളിർപ്പിക്കുന്ന കൃഷിരീതിയാണ് ഓണാട്ടുകരയിൽ പ്രചാരത്തിലിരുന്നത് (വിത്ത് പാക്കുതറകളിൽ പാകി മുളപ്പിച്ച് ഞാറ് വയലുകളിൽ പറിച്ചുനടുന്ന രീതിയാണ് ചിങ്ങകൃഷി. ചിങ്ങകൃഷിക്കും മീനംകൃഷിക്കും ഇടയ്ക്ക് എള്ളുവിതച്ച് ഫലമെടുക്കുന്നു. ഇങ്ങനെ ഓണാട്ടുകരയിൽ മുപ്പൂകൃഷിരീതിയാണ് നിലനിന്നിരുന്നത്). ഫലഭൂയിഷ്ടമായ മണ്ണിലുറങ്ങുന്ന വിത്തുണർന്ന് നാമ്പുനീട്ടി മണ്ണിൻമേലേയുള്ള കാഴ്ചകാണാൻ ഉയർന്നുവരുന്നു. കഷ്ടപ്പാടിന്റെയും അദ്ധ്വാനത്തിന്റെയും ഉപ്പുചേർന്ന് വളരുന്ന കൃഷിയിൽനിന്നും ലഭിക്കുന്ന നെല്ലാണ് പുത്തരിച്ചോറായി ഓണത്തിന് വിഭവസമൃദ്ധമായ കായ്കറികളുടെ മേമ്പടിയോടെ ഉപയോഗിച്ചിരുന്നത്. വിത മുതൽ വിളവെടുപ്പുവരെയുള്ള അദ്ധ്വാനത്തിന്റെ ആകത്തുകയാണ് ഓണക്കാലം.

ഉപ്പേരിവറക്കാനുള്ള വെളിച്ചെണ്ണ-പുരയുടെ തട്ടുമ്പുറത്ത് മാസങ്ങളുടെ ഇടവേളയിൽ സംഭരിച്ച നാളീകേരം പൊതിച്ച് പൊട്ടിച്ച് അരിഞ്ഞ് ഓണവെയിലിലുണക്കി ആട്ടി നറുവെളിച്ചെണ്ണയായ് ഭവനങ്ങളിൽ തന്നെ തയ്യാറാക്കുന്നു. ഉപ്പേരിയാക്കാനുള്ള കപ്പയും, കാച്ചിലും, ചേനയും, ചേമ്പും പറമ്പുകളിൽനിന്നും പറിച്ചെടുത്ത് ചുരണ്ടി അരിഞ്ഞെടുക്കുന്നു (ഓണത്തിനാവശ്യമായ നേന്ത്രക്കുല പരുവം കണക്കാക്കി വാഴയിൽത്തന്നെ വാഴക്കച്ചികൊണ്ട് പൊതിഞ്ഞ് സൂക്ഷിക്കും).

ഉത്രാടദിന രാത്രിയിലാണ് അടുക്കളയിൽ ഉപ്പേരിവറപ്പിന്റെ തിരക്ക്. മാവിലും, പ്ലാവിലും ഊഞ്ഞാലിട്ട് ആടിത്തിമിർക്കുന്ന കുട്ടികളുടെയും കൂട്ടുകാരുടെയും ബഹളം തൊടികളിൽ. പഴയ ഓണക്കാല കഥകളുടെ കെട്ടഴിച്ച് വെടിവട്ടം പറഞ്ഞുചിരിക്കുന്ന പ്രായമായവരുടെ തിരക്കഥകൾ മുറ്റത്ത്. അങ്ങനെ തിരുവോണത്തെ വരവേൽക്കാൻ ഉറക്കമൊഴിഞ്ഞ് സമയം തള്ളുന്ന വീട്ടുകാരുടെ, നാട്ടുകാരുടെ നല്ല രാവാണ് ഉത്രാടരാത്രി. പറമ്പിൽ വെറ്റയും പാക്കും കടംകൊണ്ട് ഊഞ്ഞാലാടുന്ന (ഇരുന്നോ, നിന്നോ (ചില്ലാട്ടം)) കുട്ടികളുടെ കലപില ശബ്ദത്താലും പടക്കങ്ങളുടെ കാതടപ്പിക്കുന്ന ഒച്ചയാലും പക്ഷികൾപോലും ഉത്രാടരാത്രിയിൽ ഉറങ്ങാറില്ല.

ആർപ്പുവിളികളോടെ തിരുവാതിര തിമിർക്കുന്ന മുറ്റങ്ങളെത്ര?, എത്താകൊമ്പത്തെ ഇല ഊഞ്ഞാലിലാടി വായ്കൊണ്ടോ, കയ്കൊണ്ടോ, കാലുകൊണ്ടോ പറിച്ചെടുക്കുന്ന കുട്ടിക്കൂട്ടങ്ങളെത്ര?, വ്യത്യസ്ത തരത്തിലുള്ള പൂക്കളിറുത്ത് വട്ടിയിലാക്കി മനോഹരങ്ങളായ പൂക്കളങ്ങൾ തീർക്കാൻ തൊടികളിലൂടെ കൂട്ടയോട്ടം നടത്തുന്ന കുട്ടികളെത്ര?.

പുലരിയിൽ പൂക്കളം തീർത്തതിനുശേഷം തൊഴുത്തിലെ പൂവാലിപ്പയ്യിന് പുല്ലുവെട്ടിക്കൊടുക്കുന്നതിൽ സാമർത്ഥ്യം കാണിക്കുന്നവർക്ക് അമ്മയുടെവക കുഴലപ്പവും കളിയടക്കയും തുടർന്ന് തലയിലും ദേഹത്തും എണ്ണതേച്ചുള്ള നിൽപ്പ്, ശേഷം തെളിനീര് നിറഞ്ഞുകിടക്കുന്ന കുളത്തിൽ ചാടിത്തിമിർത്ത് അവിടെയും ഓണക്കളികളുടെ ചാരുത. ഓട്ടക്കഷണം വെള്ളത്തിലിട്ടത് ആദ്യം മുങ്ങിയെടുക്കുന്നവർക്ക് ഉപ്പേരിരാജനായ അച്ചപ്പം സമ്മാനം. ഓണക്കോടിയണിഞ്ഞ് തറവാട്ട് വരാന്തയിൽ നിരന്നിരിക്കുന്ന കൂട്ടുകാരുടെ മുൻപിലേക്ക് തൊടിയിൽനിന്നും മുറിച്ച് തുമ്പ് ഇടത്തേക്കിട്ട തൂശനിലയിൽ ഉപ്പ്, അച്ചാർ, അവിയൽ, തോരൻ, ഓലൻ, കാളൻ, കുത്തരിച്ചോറ്, നെയ്യ്, പരിപ്പ്, പപ്പടം. നിരനിരയായി എത്തുകയായി. നെടുങ്കൻ ശബ്ദത്തിൽ വലിച്ചുകുടിക്കാൻ പ്രഥമനും പായസങ്ങളും എത്തുന്നതോടെ സദ്യവട്ടം സമാപിക്കുകയായി. ഏമ്പക്കം വിടാനുള്ള സ്ഥലംപോലും ബാക്കിയാക്കാതെ സദ്യയുണ്ടവർ പ്രായഭേദമെന്യേ തിരുവാതിര കളിക്കുന്നതിന് മാഞ്ചുവട്ടിലേക്ക്. (തൊടികളിൽ നിക്ഷേപിച്ച ഇലകളിലാണ് അടുത്ത സദ്യവട്ടം. പറമ്പിലെ മരത്തിൽ ചേക്കേറിയിരിക്കുന്ന പക്ഷികളും, മൃഗങ്ങളും അവരുടെ ഓണസദ്യ കുശാലായി നടത്തുന്നു. ചില ഇലകൾ കണ്ട് ഇലയെറിഞ്ഞവന്റെ മുഖത്തേക്ക് ശുനകർ രൂക്ഷമായി നോക്കിയെന്നിരിക്കും!.) തുമ്പിതുള്ളലും, പെണ്ണുചോദ്യവും, ആടിനെ തേടിയുള്ള പാട്ടും അങ്ങനെ നാട്ടുശീലുകളുടെ അനേകം മുദ്രകൾ ഓണാട്ടുകരയുടെ വിവിധ ഭാഗ

www.malankaralibrary.com
ങ്ങളിൽ മുഴങ്ങിയിരുന്നു.

കേരളക്കരയുടെ ഓണമൂട്ടുകരയിൽ ഇന്ന് മുപ്പൂകൃഷി പോയിട്ട് ഒരുകൃഷിയും ഇല്ല. പച്ചവിരിച്ച് പൂമെത്തയായ്, തങ്കവർണ്ണ ശോഭയിൽ ഇളംകാറ്റിലിളകിയാടി കർഷകരെയും വയൽ കിളികളെയും മാടിവിളിച്ചിരുന്ന പാടശേഖരങ്ങൾ, ഇന്ന് അവയിൽ പകുതിയിലധികവും നികത്തിക്കഴിഞ്ഞു. നികരാതുള്ളവ കുളവാഴയും കറുകയും കുറ്റിച്ചെടികളും പായലും നിറഞ്ഞ് മൂർഖൻ പാമ്പുകളുടെയും മറ്റ് ക്ഷുദ്രജീവികളുടെയും ആവാസകേന്ദ്രങ്ങളായി കിടക്കുന്നു. ചങ്കുപിളരുന്ന ഈ കാഴ്ചയ്ക്ക് കാരണമാരാണ്..? കർഷകരോ..?, തൊഴിലാളികളോ..?, അതിസമർത്ഥരായ രാഷ്ട്രീയക്കാരോ..?. തമിഴന്റെയും ആന്ധ്രക്കാരന്റെയും അദ്ധ്വാനഫലത്തിനായി നോക്കിയിരിക്കുന്ന മലയാളനാട്. അന്യരുടെ കരവിരുതിലും അദ്ധ്വാനശീലത്തിലും മലയാളി ഓണമുണ്ണും. തമിഴന്റെ തൂശനിലയില്ലെങ്കിൽ പ്ലാസ്റ്റിക്ക് ഇലകൾ കടകളിൽ ലഭിക്കും. ഉപ്പ്, പപ്പടം മുതൽ ഉപ്പേരി, പാലട വരെ പായ്ക്കറ്റുകളിൽ സുലഭം. പൂക്കളത്തിനുള്ള പൂക്കൾ പൂക്കടകളിൽ ലഭിക്കും. തുമ്പിതുള്ളലും, കടുവകളിയും, തലപ്പന്തുകളിയും അങ്ങനെ എല്ലാക്കളികളും ക്ലബുകാർ ഏറ്റെടുത്തു. അവർ ഉപ്പ് പരലുകളിൽ ചായം കലർത്തി അത്തപ്പൂക്കള മത്സരം നടത്തുന്നു.

ഇന്ന് കേരളീയരുടെ പ്രാതൽ മുതൽ അത്താഴംവരെയുള്ള ഭക്ഷ്യവസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നു. അരി, പയർ, പരിപ്പ്, പപ്പടം, കടല, പച്ചക്കറി എന്നിവയിൽ എന്തെല്ലാം മായം ചേർക്കപ്പെടുന്നു എന്നത് പടച്ച തമ്പുരാനുപോലും അറിയാത്ത കാര്യമാണ്.

ചാനലുകാർ പുത്തൻ പടങ്ങൾ നിരത്തി പരസ്യങ്ങളുടെ മേമ്പടിയോടെ ഓണസദ്യ വിളമ്പുന്നു. ഓണവിശേഷങ്ങൾ സി.ഡി.കളിലാക്കി മിമിക്രിക്കാർ ആഘോഷിക്കുന്നു. പുത്തൻ മലയാളക്കരയുടെ ഓണപ്പൂവിളി നടത്തുന്നത് തുണി, സ്വർണ്ണക്കടകളുടേയും, ഗൃഹോപകരണ വിൽപ്പന ശാലകളുടേയും പരസ്യവാഹനങ്ങളാണ്. ആർപ്പുവിളികളുടെ ആരവത്തോടെ ഊഞ്ഞാലാടിയ കാലമെവിടെ ?, കഠിനാദ്ധ്വാനികളായിരുന്ന പൂർവ്വികരുടെ കാർഷിക സമൃദ്ധിയെവിടെ?, എല്ലാം ഗതകാല സ്മരണകളായി. ഓണക്കളികളെ മഹാബലിക്കൊപ്പം പാതാളത്തിലേക്ക് വാമന ചിന്തകരായ നമ്മൾ ചവിട്ടിതാഴ്ത്തി. ഒരുമയുടെ, ഉത്സവത്തിന്റെ, സമൃദ്ധിയുടെ കാലമായിരുന്നു ഓണക്കാലം. ഇന്നത് പോയ്മറഞ്ഞു. ബിവറേജ് കോർപ്പറേഷന്റെ മുന്നിലെ ക്യൂവിലാണ് ഓണക്കാലം. മദ്യവിൽപ്പനയിലെ റിക്കാഡ് ഭൂരിപക്ഷത്തിലേക്കും, ക്രമസമാധാന പാലകരുടെ ഓണത്തല്ലിലേക്കുമായി ഓണക്കാഴ്ചകൾ ചുരുങ്ങി. ഓണത്തിന്റെ യാഥാർത്ഥ്യങ്ങൾക്ക് അന്ത്യമായി, ഒപ്പം കാലത്തിന് മായ്ക്കാനാകാതിരുന്ന ഓണവിശ്ലേഷങ്ങൾക്കും.

ഇന്ന് തിരുവോണം. മാർക്കറ്റിലുള്ള നാല് കടകളിൽ മുൻദിവസമുണ്ടായിരുന്നതും, ഇന്നെടുത്തതുമായ സാധനങ്ങളുടെ കണക്കുകൾ കമ്പ്യൂട്ടറിൽ ചേർത്ത് പുതിയ സ്റ്റോക്ക് റിപ്പോർട്ടെടുത്ത് പണിയൊതുക്കിയശേഷം തിരികെപ്പോകാം.(സാധാരണ പ്രവർത്തന സമയം രാവിലെ എട്ടുമുതൽ ഒന്നരവരെയും ബ്രേക്കിന് ശേഷം മൂന്നുമുതൽ പണി തീരുംവരെയുമാണ്).

സമയം രണ്ടുമണി. ഇനിയും രണ്ടുമണിക്കൂർ പണി ബാക്കി.

തലയ്ക്ക് വല്ലാത്തൊരു മന്ദത.!!. രാവിലെ ഏഴുമണിക്ക് നാല് ബ്രഡ് കഷണങ്ങൾ ചീസുതേച്ചത് ഷൈനി ചേട്ടത്തി ഉണ്ടാക്കിത്തന്ന ചായയ്ക്കൊപ്പം കഴിച്ചതാണ്(ബഹറിനിൽ കാലുകുത്തിയ നാൾ മുതലിന്നോളം അപ്പുണ്ണിയുടെ ബ്രേക്ക്ഫാസ്റ്റ് മെനു ഇതാണ്). ശേഷം ഒന്നും വയറ്റിൽ ചെല്ലാത്തതിന്റെ പിണക്കസൂചന ശരീരം കാട്ടിത്തുടങ്ങിയിരിക്കുന്നു. വിശന്നിരുന്നാൽ തലവേദന തുടങ്ങും.

"എനിക്കെന്തെങ്കിലും കഴിക്കണം..", അശോകിനോട് ഹിന്ദിയിൽ പറഞ്ഞു.

"ചായക്കടയിൽ പോയി എന്തെങ്കിലും കഴിക്കൂ, വേഗം തിരികെ വരണം, നാലുമണിക്ക് പണിതീർത്ത് തിരികെ പോകാം..", അശോകിന്റെ മറുപടി.

ഓഫീസ് മുറിയുടെ കോണിപ്പടി പതുക്കെയിറങ്ങി. കുറേ അകലെയുള്ള ചായക്കടയിലേക്ക് നടന്നു. കോഴിക്കോട്ടുകാർ നടത്തുന്ന സ്ഥാപനം.



"കഴിക്കാൻ എന്തെങ്കിലും കാണുമോ ചേട്ടാ..?"

"ഇന്ന് തിരുവോണമല്ലേ..?, പണിക്കാരെല്ലാം അക്കോമഡേഷനിലേക്ക് നേരത്തെ പോയി. പ്രത്യേകിച്ച് അരി ആഹാരമൊന്നുമിരിപ്പില്ല. പാക്കിസ്ഥാനികൾക്കായി തയ്യാറാക്കിയ ബിരിയാണി കുറച്ചുണ്ട്. ആകാമെങ്കിൽ എടുക്കാം..!"

"എനിക്കെന്തെങ്കിലും വേണം ചേട്ടാ, ബിരിയാണിയെങ്കിൽ അതെട്.."

പട്ടിണി കിടന്നാൽ പോലും കഴിക്കാൻ താത്പര്യമില്ലാത്ത ബിരിയാണി അങ്ങനെ അപ്പുണ്ണി തിരുവോണസദ്യയാക്കി. പാത്രത്തിൽ പകുതി

www.malankaralibrary.com
യിലധികവും ബാക്കിയായി.

''എന്താ.. ബേണ്ടേ..?''

''എനിക്ക് ബിരിയാണി ഇഷ്ടമല്ല ചേട്ടാ, പക്ഷേ ഉച്ചയ്ക്കൊന്നും കഴിച്ചില്ലെങ്കിൽ തലവേദനയാകും, തളർന്നുവീഴും അതുകൊണ്ടായതാ, ചേട്ടൻ തണുക്കാത്ത ഒരു മിരൻഡാകൂടി എനിക്ക് തരൂ..''

കയ്യിൽ കിട്ടിയ മിരൻഡാക്യാനിന്റെ ലോക്കുപൊട്ടിച്ച് അപ്പുണ്ണി പതുക്കെ കുടിച്ചുതീർത്തു.

''ഹാവൂ..! ആശ്വാസമായി..''

വായ് കഴുകി. ബിരിയാണിയുടെയും മിരൻഡാ ബോട്ടിലിന്റെയും വില കൊടുത്ത് അപ്പുണ്ണി ഇറങ്ങി നടന്നു. തിരികെ ഓഫീസിലെ ശീതീകരണിയിലേക്ക് കയറും മുമ്പേ അല്പം മുൻപോട്ടോടി, പിന്നോക്കംനടന്ന് ഒന്നുംകൂടി ഓടി. ശരീരത്തിന് ആയാസമായി, മനസ്സിനും.

''അടുത്ത ഓണത്തിന് മുൻപെങ്കിലും ഈ ജോലിയൊന്ന് മാറാൻ കഴിഞ്ഞിരുന്നെങ്കിൽ!.'' അപ്പുണ്ണി വല്ലാതെ ആഗ്രഹിച്ചുപോയി ●

# 37 ഒരു ദുര്യോഗം

കൊല്ലത്ത് കമ്പ്യൂട്ടർ ക്ലാസ്സുകൾ എടുത്തിരുന്ന സന്തോഷ് എന്ന അദ്ധ്യാപകനെ അവിചാരിതമായി ബഹറിനിലെ ഗുദേബിയ ഗാർഡനിൽവച്ച് കാണുന്നതിനിടയായി. അദ്ദേഹം ബഹറിനിലെത്തിയിട്ട് ആറുമാസമെ ആയിട്ടുള്ളൂ. അപ്പുണ്ണിയേയും മറ്റ് മൂവർ സംഘത്തേയും നന്നായി അറിയാമായിരുന്ന സന്തോഷാണ് ദാരുണ മായ ആ വാർത്ത് അപ്പുണ്ണിയെ അറിയിച്ചത്.

''നിങ്ങൾക്കൊപ്പം കൊല്ലത്ത് കമ്പ്യൂട്ടർ പഠിച്ചിരുന്ന സജയ്കുമാർ കായങ്കുളത്ത് വച്ച് ബൈക്കും ലോറിയുമായിട്ട് ഇടിച്ച് മരണപ്പെട്ടു. ഇപ്പോൾ അഞ്ചുമാസമായി. എന്റെ കയ്യിൽ പത്രവാർത്തയുടെ കട്ടി ങ്ങുണ്ട് കാട്ടിത്തരാം..''

അവിശ്വസനീയമായ ആ വാർത്തകേട്ട് അപ്പുണ്ണി ഞെട്ടി..!. സുമുഖൻ, സുന്ദരൻ, തക്കവ്യക്തിത്ത്വം ഇതൊക്കെയായിരുന്നു സജയകുമാർ എന്ന അപ്പുണ്ണിയുടെ സജയ്. ഓച്ചിറയ്ക്ക് കിഴക്ക് ഇലിപ്പക്കുളം പരവാ ഴ്ചയിൽ സ്വദേശി. പ്രീഡിഗ്രിക്ക് പരാജയപ്പെട്ടാണ് കമ്പ്യൂട്ടറിൽ ഡിപ്ലോമാകോഴ്സ് പഠിക്കാൻ കൊല്ലം വി.ഇൻസ്റ്റി റ്റ്യൂട്ടിൽ സജയ് എത്തിയത്. അച്ഛൻ ഷാർജയിൽ, അമ്മയും ഏകമകനും നാട്ടിൽ. കമ്പ്യൂട്ടറിൽ പോസ്റ്റ് ഗ്രാഡു വേറ്റ് ഡിഗ്രിക്കാണ് അപ്പുണ്ണിയും കൂട്ടുകാരൻ കോട്ടൂർ ബിമലും പഠിക്കുന്നത്. മറ്റൊരുകക്ഷി മാവേലിക്കര തട്ടാരമ്പലം സ്വദേശി വെണ്ണിയിൽ മനോജ് (തട്ടാരമ്പലം വി.എസ്.എം. ആശുപത്രി മനോജിന്റെ അമ്മാവന്റെതാ ണ്)ഡിപ്ലോമാകോഴ്സിന് പഠിക്കുന്നു. ഈ നാൽവർ കൂട്ടമാണ് കൊല്ലത്തേക്ക് ഒന്നിച്ച് ട്രയിനിൽ യാത്രയാകു ന്നത്. അപ്പുണ്ണിയും ബിമലും രാവിലെ 6.30ന് മുതുകുളത്തുനിന്നും സൈക്കിളുകളിൽ യാത്രതിരിക്കും. കഥ കൾ പറഞ്ഞും കേട്ടും നാട്ടുവർത്തമാനങ്ങൾ പറഞ്ഞും ഇരുവരും കായങ്കുളം റയിൽവേസ്റ്റേഷൻ വരെയും സൈക്കിളുകൾ ചവിട്ടും. സ്റ്റേഷന്റടുത്തുള്ള വീട്ടിലെ സൂക്ഷിപ്പുശാലയിൽ സൈക്കിൾ വെയ്ക്കും. ഉച്ചയ്ക്ക് രണ്ടുമണിക്കുശേഷമുള്ള ഏതെങ്കിലും ട്രയിനിൽ തിരികെയെത്തി വീട്ടിലേക്ക് ഇരുവരും ആഞ്ഞുചവിട്ടും. മുതുകുളത്തേക്കുള്ള എളുപ്പവഴി തേടിയുള്ള സഞ്ചാരത്തിനിടയിൽ ഒരിക്കൽ വഴിതെറ്റി കരിപ്പുഴതോട്ടിൽ ഇരുവരും മുങ്ങിത്തപ്പിയേനെ!.

മാവേലിക്കരയിൽനിന്നും മനോജും കൂട്ടരും കായങ്കുളത്തുനിന്നും അപ്പുണ്ണിയും ബിമലും ഓച്ചിറ യിൽനിന്നും സജയനും ലോക്കൽ ട്രയിനിൽ കയറും പിന്നൊരു യാത്രയാണ്. സ്റ്റേഷനുകൾ അറിഞ്ഞുള്ള യാത്ര. പെരുമൺ ദുരന്തത്തിന്(1988 ജൂലൈ 8ന്)ശേഷമുള്ള യാത്രയായതിനാൽ പെരുമൺ ഒരു ദുരന്തഭൂമി യായി എന്നും മുന്നിൽ എത്താറുണ്ട്. വെള്ളത്തിൽ മുക്കിവച്ച എലിപ്പെട്ടിയിലെ എലി കണക്കെ മരണപ്പെട്ട എത്ര മനുഷ്യജന്മങ്ങൾ. മനുഷ്യന്റെ അശ്രദ്ധകൊണ്ട് സംഭവിച്ച ദുരന്തം. പക്ഷേ പ്രകൃതി ദുരന്തമായി ചിത്രീ കരിച്ച് തൂത്ത് മായ്ച്ചുകളഞ്ഞു..!. പ്രിയ പ്രകൃതീ, നീ ക്ഷമിക്കുക!.

കൊല്ലത്തെ പ്രമുഖ ഐ.റ്റി.ഐ. സ്ഥാപനമാണ് വി.ഇൻസ്റ്റിറ്റ്യൂട്ട്. മൂന്നുമാസത്തേക്കുള്ള ട്രയിൻ പാസ്സാണ് വിദ്യാർത്ഥികളായ അപ്പുണ്ണിക്കും കൂട്ടർക്കും തരപ്പെടുക. പാസ്സുപയോഗിച്ച് സൂപ്പർ ഫാസ്റ്റ് ഒഴികെ യുള്ള ഏത് ട്രയ്നിലും യാത്രയാകാം. ആഹാരം കഴിക്കാതെയുള്ള ഉച്ചയാത്ര അപ്പുണ്ണിയെ പലപ്പോഴും ഉച്ച മയക്കത്തിലേക്ക് ആഴ്ത്താറുണ്ട്. താളാത്മകമായ ട്രയിൻ താരാട്ട് ആരെയാണ് ഉറക്കത്തിലേക്ക് തള്ളിയിടാ ത്തത്?. ഗാഢനിദ്രയിൽ ലയിക്കുന്ന അപ്പുണ്ണിയെ സജയൻ വിളിച്ചുണർത്തും.

''ഹലോ.. ഹലോ.. അപ്പുണ്ണി ഉറങ്ങുകയാണോ..?''

നിദ്രയിലെങ്കിലും ''ങും..'' മറുപടി അപ്പുണ്ണി നൽകും.

''എന്നാൽ ഉറങ്ങിക്കോ..''

പോരേ.. പൂരം. ഇടിയുണ്ടാക്കാൻ വേറെയെന്തെങ്കിലും വേണോ..?


പക്ഷേ അപ്പുണ്ണി ദേഷ്യപ്പെടാറില്ല, ദേഷ്യം വന്നാലും പ്രകടിപ്പിക്കാറുമില്ല. അവനെ അത്രയ്ക്കിഷ്ട

www.malankaralibrary.com
മായിരുന്നു. സജയനെ ഓർക്കുമ്പോൾ അപ്പുണ്ണിക്ക് വിഷമം വരാറുണ്ട്. കമ്പ്യൂട്ടർ പഠനത്തിൽ അവൻ മിടുക്കനായിരുന്നു (ചില കുട്ടികൾക്ക് ടെക്നിക്കൽ സൈഡിൽ മിടുക്ക് കൂടും). അച്ഛൻ ഗൾഫിൽനിന്നും കൊണ്ടുവരുന്ന പാന്റ് തുണികൾ അവൻ തയ്ക്കാൻ കൊടുക്കുന്നത് കൊല്ലത്തെ കെ.എൻ.കെ എന്ന സ്ഥാപനത്തിലാണ്. അപ്പുണ്ണിയേയും അവന്റെ കൂടെ കൂട്ടും. തയ്യലിലെ നൽപ്പുകണ്ട് അപ്പുണ്ണിയും തന്റെ പാന്റുകൾ അവിടെ തയ്പ്പിച്ചിട്ടുണ്ട്.

നല്ല മഴയുള്ള ഒരുദിവസം.

''കൊല്ലത്ത് പഠിക്കുന്ന നമ്മൾ ഇത്രയുംകാലമായിട്ടും ഒരുമിച്ചൊരു സിനിമപോലും കണ്ടില്ല എന്നുപറയുന്നത് മോശമല്ലേ..?'', രാവിലെ കൊല്ലത്ത് ട്രയിനിറങ്ങിയ അപ്പുണ്ണിയോടും ബിമലിനോടും സജയ് നടത്തുന്ന ആഗ്രഹ പ്രകടനം.

''ശരി സാധിച്ചു കളയാം, ബാ..''



ചങ്ങനാശ്ശേരിയിൽനിന്നും ഇതേ ട്രയിൻ കയറിവരുന്ന കമ്പ്യൂട്ടർ അദ്ധ്യാപകൻ സഹദേവൻ സാർ കൂട്ടുകാരെ കണ്ടുവോ ആവോ...?. ഏതായാലും ത്രയങ്ങൾ ചിന്നക്കടയ്ക്കടുത്തുള്ള സിനിമാ കൊട്ടകയിലേക്ക്, അപ്പുണ്ണി ജീവിതത്തിലാദ്യമായി ക്ലാസ്സ് കട്ടുചെയ്ത് കൊട്ടകയിൽ കയറി. മമ്മൂട്ടിയും മുരളിയും മുക്കുവരായ് തകർത്തഭിനയിച്ച ഭരതന്റെ **അമരം**.

പിറ്റേന്ന് പതിവുപോലെ ക്ലാസ്സിൽ കയറിയ മൂവരേയും സാർ പൊക്കിയെന്നുള്ളത് വേറെകാര്യം(മൂവരും കൊല്ലം സ്റ്റേഷനിൽ ട്രയിനിറങ്ങുന്നത് മുൻദിവസം അദ്ദേഹം കണ്ടിരുന്നു).

നാൽവരും കൂടി പലപ്പോഴും കൊല്ലത്തെ ഇന്ത്യൻ കോഫീഹൗസിൽ പോയിട്ടുണ്ട്, അവിടുത്തെ പടച്ചട്ടയും തലപ്പാവും അണിഞ്ഞ തൊഴിലാളികളെ കണ്ട് ഊറിചിരിച്ചിട്ടുണ്ട്.

ഇന്ന് മാവേലിക്കര വെണ്ണിയിൽ മനോജ് ഷാർജയിലെ അമ്മാവന്റെ ട്രാവലേജൻസിയിൽ ജോലിചെയ്യുന്നു. കോട്ടൂർ ബിമൽ സൗദിയിൽ ഒരു കമ്പനിയിൽ. ഒരിക്കലും മറഞ്ഞകലാത്ത കൂട്ടുകാരനായി സജയൻ അപ്പുണ്ണിയുടെ മനസ്സിൽ ഇപ്പോഴും ജീവിക്കുന്നു.

''ഹൃദയരഹിത മരണമേ! നീ
ഹൃത്തിൻവേദന അറിയുമോ..?'' ●

# 38 അഴകിയ രാവണൻ

ബഹറിനിൽ വില്ല്യംസ് ചേട്ടനൊപ്പം അപ്പുണ്ണി താമസിക്കുന്നു. നാലുമാസം പ്രായമുള്ള ചേട്ടന്റെ കുഞ്ഞിനെ (**അമ്മൂ**വിനെ)നോക്കുന്നതിനായി ഒരു വേലക്കാരിയെ വേണം.

വേലക്കാരികൾ വരുന്നതിന്റെ പിറ്റേന്നുമുതൽ വീട്ടിലെ ടെലഫോണിന് വിശ്രമമില്ല. ശ്ശെടാ..! ഇതെന്തൊരു കൂത്ത്..? ഒരു വേലക്കാരി, രണ്ട് വേലക്കാരി. വേലക്കാരികൾ വന്നുകേറുന്നതിന്റെ പിറ്റേന്ന് മുതൽ ടെലഫോൺ ഒച്ചതുടങ്ങും. പക്ഷേ..! കുഞ്ഞിനെ നോക്കാനും വീട്ടുകാര്യം ചെയ്യാനും ഒരു വേലക്കാരിയെ കിട്ടിയേ തീരൂ. ജി.ഡി.എൻ.(ഗൾഫ് ഡയിലി ന്യൂസ്)ൽ പരസ്യം കൊടുത്തു. ടെലഫോൺ നമ്പർ 250.. ഒരാഴ്ചത്തെ കാത്തിരിപ്പിനൊടുവിൽ മിടുക്കിയും സൽസ്വഭാവിയുമായ ബേബി ജോലിക്കെത്തി. ആഴ്ചയൊന്ന് കടന്നുപോയി.

ദാ വരുന്നു പഴയപോലെ ഫോൺ.., രാവെന്നോ പകലെന്നോ, പ്രഭാതമെന്നോ, പ്രദോഷമെന്നോ ഭേദമില്ലാതെ ടെലഫോൺ..?!, ശ്ശെടാ ഇതെന്തൊരു നാശം..?. സ്വസ്ഥമായൊന്നുറങ്ങാൻ പോലും സമ്മതിക്കുന്നില്ല. കിടന്നിട്ട് വേണ്ടേ ഉറങ്ങാൻ.?

ചേട്ടൻ രണ്ടാഴ്ചത്തേക്ക് നാട്ടിൽ പോയിരിക്കുന്നു. ചേട്ടത്തിയുടെ ബുദ്ധി പ്രവർത്തിച്ചു. ഇവനെ കസ്റ്റഡിയിൽ എടുത്തേ പറ്റൂ. എന്നാലും നമ്മുടെ നമ്പർ ഇവൻമാർ എങ്ങനെ കണ്ടുപിടിക്കുന്നു..?.

അന്നും നല്ല സമയം നോക്കി അവൻ വിളിച്ചു. ഫോണെടുക്കാതെ ജോലിക്കാരി ബേബി, ചേട്ടത്തിക്ക് ഫോൺ കൈമാറി.

www.malankaralibrary.com

''ഹലോ..'' മറുതലയ്ക്കൽ ശൃംഗാര ഭാവസ്വരങ്ങൾ., തമിഴ് ചൊവ.

''എനിക്ക് ഉന്നോട് പെരുത്ത കാതൽ.., നാളെ ഉങ്കളെ പാക്ക മുടിയുമാ..''

അപ്പുണ്ണി ആങ്ങ്യം കാട്ടിയപോലെ ചേട്ടത്തി തട്ടിവിട്ടു.

''മുടിയും.. നാളെ മുടിയും..''(നാളെ നിന്നെ ശരിക്കും മുടിച്ചുതരാമെടാ..!, അപ്പുണ്ണി മനസ്സിൽക്കുറിച്ചു). രാവണൻ വീണു.

''നാളെ രാവിലെ അടുത്തുള്ള ഹാർവ്വെസ്റ്റ് സൂപ്പർ മാർക്കറ്റിൽ ഒമ്പതുമണിക്ക് വരണം. ഞാൻ ചുമല ചുരീദാർ വേഷത്തിൽ വരും(ചേട്ടത്തി പണ്ടേ ഒരു കമ്മ്യൂണിസ്റ്റ് വിശ്വാസിയായിരിക്കും?). നീങ്ക വേഷം എപ്പടി..?''



''കറുത്ത പാന്റും വെളുത്ത ഷർട്ടും..'' (കറുത്തപാന്റും വെളുത്തഷർട്ടുമിടാൻ ഇവനാരാ സ്കൂൾ വിദ്യാർത്ഥിയോ.?).

''കൊച്ചമ്മ വറുന്ത്...!'' ചേട്ടത്തി ഫോൺ കട്ടു ചെയ്തു.

പണി ധൃതിയിൽനടന്നു.

അമ്മാവന്റെ മകൻ ബാബുച്ചായൻ(സോമൻ ബേബി) ബഹറിൻ സി.ഐ.ഡി.യിൽ അറിയിച്ചു, അപ്പുണ്ണിയുടെ മാനേജർ റോബർട്ട് സെബാസ്റ്റ്യൻ അടിയന്തിരഘട്ടത്തിൽ ഇടപെടാൻ തയ്യാറായിരുന്നു. ബഹറിൻ ഫയർഫോഴ്സിൽ ജോലിയുള്ള സണ്ണിച്ചായൻ അപ്പുണ്ണിയുടെ കൂട്ടാളിയായി.

പിറ്റേന്ന് പ്രഭാതം, അറ്റാക്കിനുള്ള സമയമടുത്തുവരുന്നു. എല്ലാവരും ശത്രുനീക്കത്തെ സസൂഷ്മം നിരീക്ഷിച്ച് സൂപ്പർ മാർക്കറ്റിന്റെ പരിധിക്കുള്ളിൽ അവിടവിടെയായി പമ്മി.

ചേട്ടത്തി ധൈര്യം സംഭരിച്ച് മാർട്ടിന് മുന്നിൽനിന്നു. സമയം 8.45, 8.50, 8.55.. ഹൃദയമിടുപ്പിനൊത്തവണ്ണം സമയം മുന്നോട്ട്. വോൾവോ സ്കൈബ്ലൂ കാർ ഹാർവെസ്റ്റ് സൂപ്പർ മാർക്കറ്റിന് മുൻപിൽ ബ്രേക്കിട്ടു. മുൻപോട്ട് നീങ്ങി വശം ചേർത്ത് പാർക്ക് ചെയ്തു.

ശ്രീലങ്കൻ യുവാവ്(രാവണൻ) കാറിൽനിന്നിറങ്ങി,(കറുത്ത പാന്റും വെളുത്ത ഷർട്ടും!), സൂപ്പർ മാർക്കറ്റിനുള്ളിലേക്ക്. രണ്ട് തണുത്ത മിരണ്ടയുമായി വെളിയിലേക്ക്.

ഒറ്റയ്ക്ക് ചുമല ചുരീദാർ വേഷത്തിൽ നിൽക്കുന്ന ചേട്ടത്തിയുടെ അടുക്കലേക്ക് രാവണൻ ചെന്നു.

''നേരത്തേ വന്നിട്ടാ..?''

പിന്നിൽനിന്നും സി.ഐ.ഡി.കൾ രാവണനെ വിലങ്ങണിയിച്ചു.

സ്റ്റേഷനിലേക്ക്.

''എങ്ങനാ നമ്പർ ശേഖരിക്കുന്നത്..?''

''വേലക്കാരികളെ ആവശ്യമുണ്ടെന്ന പരസ്യം ശ്രദ്ധിക്കും, നമ്പർ കുറിച്ചുവച്ച് ഒരാഴ്ച കാക്കും. ഒരാഴ്ചയ്ക്കുള്ളിൽ വേലക്കാരി ഈ നമ്പറിൽ വീട്ടിൽ വരില്ലേ..?.''

എങ്ങനെയുണ്ട് രാവണബുദ്ധി..? ●

# 39 ഫാമിലി പ്ലാസ

1994 ഏപ്രിൽ 28 മുതൽ ഒരുവർഷക്കാലം അഞ്ചോഅതിലധികമോ കമ്പനികളിലെ പണികൾക്കു ശേഷമാണ് അപ്പുണ്ണി ബഹറിനിലെ എക്സിബിഷൻ റോഡിനരികിലുള്ള **ഫാമിലി പ്ലാസ**യിലേക്ക് അമ്മാവന്റെ മകൻ സോമൻബേബി ചേട്ടന്റെ നിർദ്ദേശപ്രകാരം കയറിച്ചെല്ലുന്നത്.

ഫർണിഷ്ഡ് അപ്പാർട്ട്മെന്റ് ഗണത്തിലുള്ള ഈ സ്ഥാപനത്തിൽ നാൽപ്പത്തിയെട്ട് അപ്പാർട്ട്മെന്റുകളുണ്ട്. സ്ററുഡിയോ ടൈപ്പ്, വൺറും കിച്ചൻ ഇങ്ങനെ നാലുനിലകളിലായി സ്ഥാപനം ചെമന്നനിറത്തിൽ വാനത്തിൽ നോക്കിനിൽക്കുന്നു. കുവൈത്തിയായ **മുഹമ്മദ് ഖറാഫി** ഉടമയായുള്ള കെട്ടിടത്തെ ബഹറിനി, **റാഷിദ് അൽ ഗസാബ്** ലീസിന് എടുത്തിരിക്കുന്നു.

www.malankaralibrary.com

മൺറോത്തുരുത്ത് സ്വദേശി റോബർട്ട് സെബാസ്റ്റ്യനാണ് ജനറൽ മാനേജർ. അക്കൗണ്ടന്റായാണ് അപ്പുണ്ണിയുടെ നിയമനം. റിസപ്ഷനിൽ മൂന്ന് ഷിഫ്റ്റുകളിലായി മൂന്നുപേർ കണ്ണൂരുകാരൻ ഭാസ്കർ, കാസർകോട് സ്വദേശി തമ്പാൻ, റാന്നിക്കാരൻ ലെൻജു അലക്സ്. ഹൗസ് കീപ്പറായി രാജസ്ഥാനി വിജയ്പാൽ സിങ്ങ്. സർവ്വീസ് സ്റ്റാഫുകളായി അഞ്ചുപേർ (ബിജോയ് ജോസഫ്, ഹരി..) മെയിന്റനൻസ് നടത്തുന്നതിന് കണ്ണൂർകാരൻ രമേശ്.

കുവൈത്തിയിൽനിന്നും ബഹറിനി സ്ഥാപനം ലീസിനെടുത്തിരിക്കുന്നത് മൂന്നുമാസ വാടക മുൻകൂർ ചെക്കായി കൊടുക്കുന്ന കരാറിലാണ്. ബഹറിൻ ദിനാർ 14,000/- പ്രതിമാസം വച്ച് മൂന്നുമാസത്തെ അഡ്വാൻസ് തുക ബി.ഡി. 42000/-(ഒരു ദിനാർ = 85 രൂപ, 1996ലെ നിരക്ക്).

നിലയില്ലാതെ മുങ്ങുന്ന അവസ്ഥയിലാണ് കമ്പനി. തീർത്തും ടൂറിസ്റ്റുകളെ ആശ്രയിച്ച് നിൽക്കുന്ന സ്ഥാപനത്തിന്റെ വാടക കൊടുക്കാൻ ബഹറിനിലെ ആഭ്യന്തരപ്രശ്നങ്ങൾ കാരണം സാധിക്കാതായി. ബി.ഡി.42,000/- എടുത്താൽ പൊങ്ങാത്ത ഭാരമായി!.

റാഷിദ്, സ്ഥാപനത്തിൽനിന്നും കിട്ടുന്ന ദിവസവരുമാനം സ്വന്തം ആവശ്യങ്ങൾക്കായി മാറ്റാൻ തുടങ്ങിയതോടെ സ്ഥാപനത്തിന്റെ നിലനിൽപ്പ് ഒരു ചോദ്യചിഹ്നമായി. റാഷിദിന് എങ്ങനെയെങ്കിലും **ബാങ്കുറെപ്സി** ആയാൽ മതി. എന്നാൽ മാനേജരുടെയും കണക്കപ്പിള്ളയുടെയും അതി നിപുണതയാൽ സ്ഥാപനത്തിലെ തൊഴിലാളികളുടെ ശമ്പളം മുടക്കമെന്യേ ക്രമമായി കൊടുത്തുകൊണ്ടേയിരുന്നു. വർഷാവർഷം അംഗീകൃത സ്ഥാപനത്തിൽനിന്നും ലഭിച്ചിരുന്ന ഓഡിറ്റ് റിപ്പോർട്ടിൽ ബഹറിനി ഒപ്പിട്ടിരുന്നതിനാലും അത് ഔദ്യോഗിക രേഖയായി കോടതിയിൽ സമർപ്പിച്ചിരുന്നതിനാലും തൊഴിലാളികളിൽ ആർക്കുംതന്നെ ഒരു ലെക്കുകേടും ഉണ്ടായിരുന്നില്ല.

ഇതിനോടകം അപ്പുണ്ണിയുടെ ബഹറിനിൽ വന്ന കടങ്ങളെല്ലാം വീട്ടിക്കഴിഞ്ഞിരുന്നു, നാട്ടിലെ തറവാട് വീട് പുതുക്കിപ്പണിതു, വീട്ടിൽ ഉപയോഗത്തിലിരിക്കുന്ന സാധനങ്ങളുടെ വില ഉടമകൾക്ക് കൊടുത്ത് അവരുടെ ബാധ്യത ഒഴിവാക്കി. നാട്ടിലുള്ള മാതാപിതാക്കൾക്ക് മാസാമാസം ചെലവുകാശ് അയയ്ക്കുന്നു. ഫാമിലി പ്ലാസയിലേക്ക് അപ്പുണ്ണിയുടെ വിസ 1996 ഫെബ്രുവരി 14ന് ഖത്തറിലെ ദോഹയിൽ പോയിവന്ന് മാറി(ടെയിലർ വിസയിൽ ബഹറിനിൽ വന്ന അപ്പുണ്ണി നിയമപ്രകാരം കണക്കപ്പിള്ളയായി). റോബർട്ട് സാറിന്റെ ശുപാർശയിൽ ഇബ്രാഹിം എന്ന ഇൻസ്ട്രക്ടറുടെ കരുണയിൽ അപ്പുണ്ണിക്ക് ബഹറിൻ ഡ്രൈവിങ്ങ് ലൈസൻസ് ലഭിച്ചു(മൂന്നുപ്രാവശ്യം ടെസ്റ്റ് നല്ല അന്തസ്സായി അപ്പുണ്ണി തോറ്റിരുന്നു!.).

കരാർപ്രകാരം ബഹറിനി കുവൈത്തിക്ക് കൊടുത്ത ചെക്കുകൾ(മൂന്ന് ചെക്കുകൾ)ബൗൺസായി!!. അവർ കരാർ റദ്ദാക്കി, സ്റ്റാഫുകളെ നിലനിർത്തി സ്ഥാപനമേറ്റെടുത്ത് സ്വയം നടത്താൻ നടപടികൾ സ്വീകരിച്ചു. ഈജിപ്തുകാരെ നോട്ടക്കാരായി നിയമിച്ചു. വലിയ തെറ്റുകൂടാതെ അപ്പാർട്ടുമെന്റ് ബിസിനസ് മുന്നോട്ട്.

1996 ജൂലൈ ഒരുദിനം. അപ്പുണ്ണി നാട്ടിലേക്ക് ഫോൺ വിളിച്ചു!!

അനിയൻ ചേട്ടൻ ഫോണെടുത്തു.

''ഹലോ..!!''

''ഡാ.. ഞങ്ങൾ നിനക്കായി ഒരു പെണ്ണുകണ്ടു. ബി.എസ്.സി.നഴ്സിങ്ങ് കഴിഞ്ഞതാണ് കൊച്ച്. ഒരു വർഷ ബോണ്ട് മംഗലാപുരം ഫാദർ മുള്ളേഴ്സ് ആശുപത്രിയിൽ ചെയ്യുന്നു. മാവേലിക്കര മുള്ളിക്കുളങ്ങരയാണ് അപ്പന്റെ വീട്. അമ്മവീട് കോന്നി വകയാറിൽ. ഓരേ ഒരു സഹോദരൻ ഐ.ഐ.റ്റി. മദ്രാസ് വിദ്യാർത്ഥി..''

അപ്പുണ്ണിയുടെ ഉള്ളിൽ ആകാംക്ഷയുടെ തീക്കനൽ വാരിനിറയ്ക്കാൻ ഇതിൽപ്പരം വേറെയെന്ത്..?. നാട്ടിലായിരുന്ന വില്ല്യംസ് ചേട്ടൻ വന്നപ്പോൾ നീലസാരിയുടുത്ത ഒരു പെൺകുട്ടിയുടെ ഫോട്ടോ കൊണ്ടുവന്നു, അതാണ് മിനി!. അപ്പുണ്ണിക്ക് താത്പര്യമെങ്കിൽ വിളിക്കാൻ മിനിയുടെ പപ്പായുടെ ടെലഫോൺ നമ്പരും.

അപ്പുണ്ണിക്ക് പെണ്ണിന്റെ ഫോട്ടോ കാണിക്കാൻ പ്രത്യേകിച്ച് ബഹറിനിൽ ഒരേയൊരാൾ, ഫാമിലി പ്ലാസാ മാനേജർ റോബർട്ട് സെബാസ്റ്റ്യൻ സാർ.

ഫോട്ടോ കണ്ട് അദ്ദേഹം അപ്പുണ്ണിയോട് ചോദിച്ചു

''വിവാഹം കഴിക്കാറായോ..?''

അപ്പുണ്ണി മറുപടി ഒന്നും പറയാതെ ചെറുപുഞ്ചിരിയോടെ തലകുനിച്ചുനിന്നു.

''നല്ല കുട്ടിയാ..'' സാർ ഫോട്ടോ തിരികെയേൽപ്പിച്ചു.

നാട്ടിലായിരുന്ന സോമൻ ബേബി ചേട്ടനും പെൺകുട്ടിയെ കാണാൻ മാവേലിക്കരയിൽ പോയിരുന്നതിനാൽ വില്ല്യംസ് ചേട്ടൻ പറഞ്ഞതിന്റെ ബാക്കി വിവരങ്ങൾ അച്ചായനും വിശദീകരിച്ചു.

പിറ്റേന്ന് വെള്ളിയാഴ്ച, അവധി ദിനം. അപ്പുണ്ണി മിനിയുടെ പപ്പായെ വിളിച്ച് നേരിട്ടുസംസാരിച്ചു. അനുകൂല മറുപടി നൽകി. അപ്പുണ്ണിക്ക് മിനിയുടെ ടെലഫോൺനമ്പർ പിതാവ് നൽകി. തുടർന്നുള്ള അഞ്ചുമാസക്കാലം സംഭവബഹുലം.

കാർഡ്, കത്ത്, വരപ്പ്, ഫോൺ വിളി, കാസറ്റ് ടേപ്പ്.. എന്നുവേണ്ട ഒരാഴ്ചയിൽ മൂന്നുംനാലും ഇടപാടുകൾ. എക്സിബിഷൻ അവന്യുവിൽനിന്നും അദില്ല്യായിലെ പോസ്റ്റോഫിസിലേക്കുള്ള ദൂരം (ഏകദേശം രണ്ട് കിലോമീറ്റർ) അപ്പുണ്ണി ദിനവും നടന്നുതാണ്ടും(പോസ്റ്റ് പെട്ടിയിൽ ചെന്ന് കത്തുകൾ സ്വീകരിക്കുന്ന രീതിയാണ് ബഹറിനിലുള്ളത്). അവിടെനിന്നും എകദേശം രണ്ടുകിലോമീറ്റർ വീണ്ടും നടന്നുനടന്ന് സൽമാനിയായിലെ താമസസ്ഥലത്തേക്ക്. നല്ല നടപ്പ്!.(ഇത്ര നടന്നുചെന്ന് പെട്ടി പരിശോധിക്കുമ്പോൾ കത്തുകളൊന്നും കണ്ടില്ലെങ്കിലുള്ള അപ്പുണ്ണിയുടെ വിഷമം അനുവാചകർക്ക് ഊഹിക്കാവുന്നതേയുള്ളു!.)ആധുനികമാധ്യമ

www.malankaralibrary.com
ങ്ങൾ ഇല്ലാതിരുന്നതിനാൽ നാട്ടിലെത്തി നേരിൽ കാണുംവരെയും ഇരുവരും ഫോട്ടോകളാൽ മനംനിറച്ചു. മിനിയുടെ പാസ്പോർട്ട് കോപ്പി കിട്ടിയതിനാൽ അപ്പുണ്ണിയുടെ ഭാര്യാവിസയ്ക്ക് അപേക്ഷ സമർപ്പിക്കപ്പെട്ടു. വിസ രണ്ടാഴ്ചയ്ക്കുള്ളിൽ തയ്യാറായി!(ഫാമിലി പ്ലാസ ജനറൽ മാനേജർ പ്രിയ റോബർട്ട് സാറിനോടുള്ള തീരാത്ത നന്ദിയുംകടപ്പാടും ഇവിടെ കുറിക്കട്ടെ.)വിസാകോപ്പി നാട്ടിലേക്ക്.

അനിയൻ ചേട്ടനുവേണ്ടിയും ഒരു പെൺകുട്ടിയെ കണ്ടെത്തി. നിശ്ചയംകഴിഞ്ഞു. അതിന്റെ പേരും മിനി. രണ്ട് വിവാഹവും രാമപുരം കത്തോലിക്കാ പള്ളിയിൽ വച്ച് ഡിസംബർ 26ന് നടത്തുവാൻ തീരുമാന മായി. ഇരുപത് ദിവസത്തേക്ക് നിശ്ചയ-വിവാഹ കാര്യങ്ങൾക്കായി നാട്ടിൽ പോകുന്നതിന് അപ്പുണ്ണിക്ക് അനു മതി ലഭിച്ചു(തിരികെ വന്നിട്ടുവേണം ആ മാസത്തെ ശമ്പളം നൽകാൻ, ഒമ്പതിനുപോയിട്ട് മുപ്പതിന് തിരികെയെത്തണം.). വിവാഹത്തിനുള്ള തയ്യാറെടുപ്പുകൾ നാട്ടിൽ നടത്തുന്നതിനൊപ്പം അപ്പുണ്ണിയുടെ രണ്ടാം വീടായ ബഹറിനിലും കാര്യങ്ങൾ ക്രമീകരിച്ചു. സോദര-സോദരിമാർ ഉൾപ്പെടെ എല്ലാവർക്കും വസ്ത്രോപ ഹാരങ്ങൾ നൽകത്തക്കവണ്ണം കെട്ടുമുറുക്കി. വിവാഹശേഷം ചേട്ടന്റെ വീട്ടിൽനിന്നും മാറിത്താമസിക്കാൻ സൽമാനിയയിൽത്തന്നെ പെപ്സി കമ്പനിക്കടുത്ത് ഒരുമുറി ഫ്ളാറ്റ് കണ്ടെത്തി വാടകയ്ക്ക് എടുത്തു. വിവാഹ ആവശ്യങ്ങൾക്ക് ഉപകരിക്കത്തക്കവണ്ണം ഏതാനും സ്വർണ്ണ ഉരുപ്പടികൾ, കൂടെ അവൾക്കായി ഒരു ജോഡി സ്വർണ്ണ കൊലുസ്സ്, പോക്കറ്റിൽ ബാക്കിയായ തുകയ്ക്ക് **20ഗ്രാമിന്റെ ഒരു തങ്ക ബിസ്ക്കറ്റ്**!.

1996 ഡിസംബർ ഒമ്പത് രാത്രിയിൽ അപ്പുണ്ണി നാട്ടിലേക്ക് വിമാനം കയറി. പത്തിന് അതിപ്രഭാതത്തിൽ തിരുവനന്തപുരം എയർപോർട്ടിൽ ലാന്റുചെയ്തു. അനിയൻ ചേട്ടനും മൂത്ത സോദരൻ ചെറിയാൻചേട്ടനും അപ്പുണ്ണിയെ സ്വീകരിക്കാനെത്തിയിരുന്നു. പ്രഭാതഭക്ഷണം തിരുവന്തപുരം മലബാർ ഹോട്ടലിൽനിന്ന്. റോയ ലായി ഇഢലിയും ചമ്മന്തിയും ചായയും!.



നാളെ, 11-ാം തീയ്യതി അപ്പുണ്ണിയുടെ പെണ്ണ് ബാംഗ്ലൂരിൽനിന്നും വരുന്നു.

പിറ്റേന്നുച്ചയ്ക്ക് 12 മണിക്ക് ബാംഗ്ലൂരിൽനിന്നും കന്യാകുമാരിയിലേക്കുള്ള ഐലന്റ് എക്സ്പ്രസ്സിൽ മിനി മാതാപിതാക്കൾക്കൊപ്പം മാവേലിക്കര സ്റ്റേഷനിലിറങ്ങും. അഞ്ചുമാസത്തിലധികമായി കാത്തുകാത്തിരുന്ന ദിവസം, തമ്മിൽ കാണുക. സമയത്തിനും ഒരുമണിക്കൂർ നേരത്തെ സ്റ്റേഷനിലെത്തിയ അപ്പുണ്ണിയെ സ്റ്റേഷൻ മസ്റ്ററുടെ ബ്ലാക്ക്ബോർഡ് കൊഞ്ഞനംകുത്തി നിൽക്കുന്നു..!!

പന്ത്രണ്ടുമണിക്ക് എത്തേണ്ട തീവണ്ടി മൂന്നുമണിക്കൂർ ലേറ്റ്.!

അപ്പുണ്ണിയുടെ ഉള്ളിലെ തീക്കാര്യം തീവണ്ടിക്കറിയുമോ..?. നീണ്ട മൂന്നുമണിക്കൂർ പായിക്കാൻ എന്തുമാർഗ്ഗം..?, ചെങ്ങന്നൂരിലുള്ള കൊച്ചുചേച്ചിയുടെ വീട്ടിലേക്ക് വണ്ടി നൂത്തുവിട്ടു. ജോയി അളിയനും ലിസി ചേച്ചിയും മക്കളുമായി ഉച്ചയൂണ്. മൂന്നുമണിക്കൂർ പത്തുമണിക്കൂറായി നിരങ്ങിനീങ്ങി..!! ആഹാര ത്തിനുശേഷം അവിടെനിന്നും നേരെ മാവേലിക്കരയിലെ മുള്ളിക്കുളങ്ങരയിലെ കല്ലുംപുറത്തേക്ക്.

ഹാർദ്ദമായ സ്വീകരണം. നാണത്താൽ മുഖംമറച്ച് കൂനിക്കൂടിനിന്ന പെണ്ണിനെ അടുക്കളയിൽ കയറി അപ്പുണ്ണി പെണ്ണുകണ്ടു..!!.

അബ്രഹാമിന് സാറയെപോലെയും ഇസഹാക്കിന് റബേക്കയെപോലെയും അപ്പുണ്ണിക്ക് മിനി.

അപ്പുണ്ണിയുടെ വിവാഹനിശ്ചയം മാവേലിക്കര പുന്നമ്മൂട് കത്തോലിക്കാപള്ളിയിൽവച്ച് മിനിയുടെ വല്ല്യപ്പച്ചനായ സാമുവൽ തുണ്ടിലച്ചന്റെ കാർമ്മികത്വത്തിൽ നടന്നു. മുൻ തീരുമാനപ്രകാരം അപ്പുണ്ണിയു ടേയും അനിയൻ ചേട്ടന്റെയും വിവാഹം രാമപുരം കത്തോലിക്കാപള്ളിയിൽവച്ച് ഡിസംബർ 26ന് നടത്തി. പക്ഷേ രണ്ടും രണ്ടുസമയത്താണ് നടന്നത്. ഒന്നിനുപിറകെ മറ്റൊന്ന്. ആഹാരം പള്ളിപ്പരിസരത്ത് തയ്യാറാ ക്കിയ പന്തലിൽ. ഏവർക്കും ഉച്ചയൂണ്.

വിവാഹത്തിന്റെ നാലാംദിനം മുപ്പതാംതീയ്യതി അപ്പുണ്ണിയും ഭാര്യയും അനന്തവിഹായസ്സിലൂടെ രണ്ടാംവീടായ ബഹറിനിലെ വസതിയിലേക്ക്.

സ്വസ്ഥം, സുഖം, സുന്ദരം ●